

ശ്രീമഹാ
നാരായണീയം

"ഭാവപ്രകാശിക"

എന്ന ഭാഷാവ്യാഖ്യാനത്തോടു കൂടിയതു്.

വ്യാഖ്യാതാ:

വിദ്വാൻ, വി. പി. ശേഖരപിഷാരോടി.

പ്രസാധകർ:

എ. ആർ. പി. പ്രസ്സ് ആൻറ് ബുക്ക് ഡിപ്പോ,

കുന്നംകുളം.

1955

പകർപ്പവകാശം പ്രസാധകക്കു്.



പ്രസ്താവന.

—:*:—

"ആയിരം സുസംസ്കൃതശ്ലോകപുഷ്പത്താൽ ഗുരുവായുമന്ദിരേ
ശനെപ്പൂജിച്ചു് വഴിപോലെ ആയുരാരോഗ്യസൌഖ്യം നേടിയ
കവീന്ദ്രനാം ശ്രീയുതനാരായണഭട്ടപാദരാൽ" പ്രണീതമായ ശ്രീ
മന്നാരായണീയസ്തോത്രം പ്രചാരഭ്രയിഷ്ഠതയെ പ്രാപിച്ച ഒരു
ഉത്തമഗ്രന്ഥമാണെന്നു് സർവ്വവിദിതമാണല്ലൊ. പ്രൌഢാർത്ഥ
മായ ഈ കാവ്യരത്നത്തിന്നു് പല വ്യാഖ്യാനങ്ങളും പലരും
ഉണ്ടാക്കീട്ടുണ്ടു്, എങ്കിലും നിത്യപാരായണം ചെയ്യുന്നവരും
സംസ്കൃതാനഭിജ്ഞന്മാരും ആയ കേരളീയർക്കു് സംക്ഷിപ്തവും ലളി
തവുമായ രീതിയിൽ സാരാർത്ഥം മനസ്സിലാകത്തക്കവിധം ഒരു
വ്യാഖ്യാനവും ചേർത്തു് അച്ചടിച്ചാൽ കൊള്ളാമെന്നു് ഞങ്ങ
ൾക്കു് തോന്നിയ ആഗ്രഹത്തിന്റെ ഫലമാണു് ഈ പുതിയ
പ്രസിദ്ധീകരണം എന്നു് ആദ്യം പ്രസ്താവിച്ചുകൊള്ളട്ടെ.

ഭാഗവതകഥാസാരത്തെ ഇതുയും സംക്ഷിപ്തവും പ്രൌഢ
വുമായ രീതിയിൽ വർണ്ണിച്ചിട്ടുള്ള ഭക്തകവികളിൽ ഭട്ടതിരിപ്പാ
ടിലെ ഈ സ്തോത്രരത്നംതന്നെയാണു് മുന്നിട്ടുനില്ക്കുന്നതു്. ഭട്ട
തിരിപ്പാടിലെ അപ്രതിഭടമായ പാണ്ഡിത്യവും കഥാകഥന
സംക്ഷേപത്തിൽ അന്യാദൃശമായുള്ള നൈപുണ്യവും ഇതിൽ
എങ്ങും പ്രകാശിയ്ക്കുന്നുണ്ടു്. അതിഗഹനമായ ഏകാദശസ്കന്ധ
ത്തിലെ തത്വം എത്രയും സംക്ഷിപ്തമായി വർണ്ണിയ്ക്കപ്പെട്ടിട്ടു

ണ്ടു്. മൂകതിമാഗ്രത്തെ പ്രതിപാദിയ്ക്കുന്ന ഭാഗങ്ങളും പ്രത്യേകം പ്രശംസാഹ്ങ്ങളാണു്. അദ്ദേഹത്തിന്റെ കവിതയെപ്പററി ഞങ്ങളും ഇവിടെ അധികം പ്രസ്താവിയ്ക്കേണ്ടതായി ഒന്നും ഇല്ല.

ഇദ്ദേഹം എടക്കളം സ്റ്റേഷനിൽനിന്നു് കഷ്ടിച്ചു് മൂന്നു് നാഴിക തെക്കുപടിഞ്ഞാട്ടു് മാറി ചന്ദനക്കാവു് എന്ന പ്രസിദ്ധമായ ഭഗവതീക്ഷേത്രത്തിന്നു്തൊട്ടു് മേല്പത്തൂർ ഇല്ലത്തു് ജനിച്ചു. ഇദ്ദേഹം വളരെക്കാലത്തോളം ബാല്യത്തിൽ വിദ്യാഭ്യാസം ചെയ്യാതെ ജീവിതം നയിച്ചുപോന്നു് ഒടുവിൽ തൃക്കണ്ടിയൂർ ഗോവിന്ദപിഷാരോടിയെ ഗുരുവായി അംഗീകരിച്ചു. അദ്ദേഹത്തിൽനിന്നു് കാവ്യനാടകങ്ങളും ജ്യോത്സ്യവും മറ്റുശാസ്ത്രങ്ങളും പഠിച്ചു് വലിയ പണ്ഡിതനായിത്തീർന്നു. തന്റെ ഗുരുവിനുണ്ടായിരുന്ന വാതവ്യാധിയെ ആവാഹിച്ചു് താനേറ്റെടുത്തു് ഗുരുവായൂർ ക്ഷേത്രത്തിൽചെന്നു് ഗുരുവായൂരപ്പനെ ഭജിച്ചു് ആയുരാരോഗ്യസൌഖ്യം നേടിയെന്നും മറ്റുമാണു് ഭാഷാചരിത്രകാരന്മാരും ഐതിഹ്യം അടിസ്ഥാനപ്പെട്ടത്തി ഇദ്ദേഹത്തിന്റെ ജീവചരിത്രം വിവരിയ്ക്കുന്നതു്. അല്ലാതെ ജീവചരിത്രത്തിന്നു് പ്രത്യേക ലക്ഷ്യങ്ങളൊന്നും കാണപ്പെടുന്നില്ല. ഇദ്ദേഹത്തിന്റെ ജീവിതകാലം ൧൮-ാം കൊല്ലവർഷമാണെന്നും എഴത്തച്ഛന്റെ മദ്ധ്യവയസ്സിൽ ജീവിച്ചിരുന്നാളാണെന്നും പൂന്താനത്തിന്റേയും ചേലപ്പുറമ്പു് നമ്പൂതിരിയുടേയും സമകാലികനാണെന്നും കണക്കാക്കപ്പെട്ടിരിയ്ക്കുന്നു. ഇദ്ദേഹത്തിന്റെ മറ്റു് കൃതികളും പ്രക്രിയാസർവ്വസ്വം, സൂക്ഷ്മോദാഹരണം മുതലായ പ്രബന്ധരത്നങ്ങളാണു്. വ്യാകരണശാസ്ത്രത്തിൽ തനിയ്ക്കുണ്ടായിരുന്ന പാണ്ഡിത്യത്തിന്റെ ഉത്തമോദാഹരണമാണു് പ്രക്രിയാസർവ്വസ്വം എന്ന ശാസ്ത്രഗ്രന്ഥം.

അനേകം ഗുണങ്ങളാൽ അലംകൃതവും സുപ്രസിദ്ധവുമായ പ്രകൃതപുസ്തകം ഇങ്ങിനെ ചെറിയ ഒരു ഭാഷാവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതായാൽ അതു് കേരളീയർക്കു് ഉപകാരപ്രദമായിരിയ്ക്കും എന്ന വിശ്വാസത്തോടുകൂടി ഇതാ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസാധകർ.

വിഷയാനുക്രമണിക.

		പേജ്
പ്രഥമസ്കന്ധം		
ദശകം	1	1
,,	2	7
,,	3	12
ദ്വിതീയസ്കന്ധം		
ദശകം	4	16
,,	5	21
,,	6	25
,,	7	28
തൃതീയസ്കന്ധം		
ദശകം	8	33
,,	9	36
,,	10	40
,,	11	43
,,	12	46
,,	13	49
,,	14	52
,,	15	55
ചതുർത്ഥസ്കന്ധം		
ദശകം	16	59
,,	17	62
,,	18	65
,,	19	68
പഞ്ചമസ്കന്ധം		
ദശകം	20	72
,,	21	75
ഷഷ്ഠസ്കന്ധം		
ദശകം	22	79
,,	23	82
സപ്തമസ്കന്ധം		
ദശകം	24	86
,,	25	89
അഷ്ടമസ്കന്ധം		
ദശകം	26	95
,,	27	98
,,	28	101
,,	29	104
,,	30	108
,,	31	111
,,	32	114
നവമസ്കന്ധം		
ദശകം	33	118
,,	34	121
,,	35	126
,,	36	131
ദശമസ്കന്ധം		
ദശകം	37	137
,,	38	141
,,	39	144
,,	40	147
,,	41	150
,,	42	153
,,	43	156
,,	44	159
,,	45	162
,,	46	166
,,	47	168
,,	48	171

		പേജ്
ദശകം	49	174
,,	50	177
,,	51	180
,,	52	183
,,	53	186
,,	54	189
,,	55	192
,,	56	195
,,	57	198
,,	58	201
,,	59	204
,,	60	207
,,	61	210
,,	62	213
,,	63	216
,,	64	219
,,	65	222
,,	66	225
,,	67	228
,,	68	231
,,	69	233
,,	70	238
,,	71	241
,,	72	244
,,	73	248
,,	74	251
,,	75	255

		പേജ്
ദശകം	76	260
,,	77	264
,,	78	269
,,	79	272
,,	80	275
,,	81	279
,,	82	283
,,	83	286
,,	84	290
,,	85	293
,,	86	297
,,	87	303
,,	88	306
,,	89	312
,,	90	315
ഏകാദശസ്കന്ധം		
ദശകം	91	320
,,	92	325
,,	93	330
,,	94	337
,,	95	342
,,	96	347
,,	97	353
ദ്വാദശസ്കന്ധം		
ദശകം	98	359
,,	99	364
,,	100	370

—:*:—

ശ്രീമഹാ
നാരായണീയം

"ഭാവപ്രകാശിക"

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

പ്രഥമസ്കന്ധം

ദശകം 1.

ഭഗവന്മാഹാത്മ്യവർണ്ണനം.

ഓം ശ്രീകൃഷ്ണായ നമഃ

സാന്ദ്രാനന്ദാവബോധാത്മകമനുപമിതം
കാലദേശാവധിഭ്യാം
നിർമ്മുക്തം നിത്യമുക്തം നിഗമശതസഹ-
സ്രേണനിർഭാസ്യമാനം
അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരുപുരുഷാ-
ർത്ഥാത്മകം ബ്രഹ്മതത്വം
തത്താവദ്ഭാതിസാക്ഷാദ്ഗുരുപവനപുരേ
ഹന്ത! ഭാഗ്യംജനാനാം ൧

സാന്ദ്രമായ പരമാനന്ദത്തിന്റെ അനുഭവമാകുന്ന സച്ചിത്തോടുകൂടിയതായും നിസ്സീമമായും കാലദേശങ്ങളുടെ അവധികളിൽനിന്നു് വേർപെട്ടതായും നിത്യമുക്തിയെ നൽകുന്നതായും അനേകം വേദവാക്യങ്ങളാൽ പ്രകാശിയ്ക്കുന്നതായും എങ്കിലും അവ്യക്തമായും അനുഭവദശയിൽ ഉൽകൃഷ്ടമായ പുരുഷാർത്ഥത്തെ നൽകുന്ന സച്ചിത്തോടുകൂടിയതായും പരമാർത്ഥവസ്തുവായും വിജയിക്കുന്ന ബ്രഹ്മം യാതൊന്നോ അതാണു് ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാവർക്കും അക്ഷിവിഷയമായി പരിപൂർണ്ണതയിൽ ഇന്നും പ്രദ്യോതിയ്ക്കുന്നതു്. ആശ്ചര്യം! ജന

ങ്ങളുടെ ഭാഗ്യം അവർണ്ണനീയം തന്നെ. സ്ഥൂലദേഹത്തിൽ സൂക്ഷ്മരൂപമായ ആത്മാവു് വിജയിക്കുന്നു എന്ന തത്വത്തെ വിശദപ്പെടുത്തുന്ന അത്ഥവും ഇതിലുണ്ടു്.

ഏവം ദുർല്ലഭ്യവസ്തുന്യപി സുലഭതയാ ഹസ്തലബ്ധേ യദന്യ-
ത്തനുവാചാധിയാ വാ ഭജതി ജനഃ ക്ഷുദ്രതൈവാസ്യ ഹേയം
ഏതേതാവദ്വയസ്തസ്ഥിരതരമനസാവിശ്വപീഡാപഹത്യൈ
നിശ്ശ്രേഷ്ഠാത്മാനമേനം ഗുരുപവനപുരാധീശമേവാശ്രയാമഃ ൨

ഇപ്രകാരം സുദുർല്ലഭമായ വസ്തു അനായാസേന (സുലഭമാം വണ്ണം) കൈവശം കിട്ടിയിട്ടും ജനങ്ങൾ ദേഹംകൊണ്ടോ (നമസ്കാരം മുതലായവ) വാക്കുകൊണ്ടോ (സ്തോത്രങ്ങളാൽ) മനസ്സുകൊണ്ടോ (ധ്യാനത്താൽ) മറെറാന്നിനെ ഭജിക്കുന്നതു് കഷ്ടമത്രെ. ഇതു് പ്രത്യക്ഷമായ നിസ്സാരതബുദ്ധിയല്ലെങ്കിൽ മറെറന്താണു്? ഈ ഞാനാകട്ടെ നിഖിലദുഃഖങ്ങളേയും നീക്കുന്നതിന്നായി നിശ്ചലഹൃദയത്തോടുകൂടി (ഏകാഗ്രചിത്തനായി) സർവ്വാന്തര്യാമിയായ ഈ മുന്നിൽ ശോഭിയ്ക്കുന്ന ഗുരുവായൂരപ്പനെ ഭജിയ്ക്കുന്നു.

സത്യം യത്തൽ പരാഭ്യാമപരികലനതോ
നിർമ്മലംതേന താവദ്
ഭൂതൈർഭൂതേന്ദ്രിയൈസ്തേ വപുരിതി ബഹുശഃ
ശ്രൂയതേ വ്യാസവാക്യം
തൽസച്ചിത്താദ്യദച്ഛാദിതപരസുഖചിദ്-
ഗർഭനിർഭാസരൂപം
തസ്മിൻ ധന്യാ രമന്തേ ശ്രുതിമതിമധുരേ
സുഗ്രഹേ വിഗ്രഹേ തേ ൩

ലോകത്തിൽ മറെറാ യാതൊന്നിനോടും കലർപ്പില്ലാതെ നിർമ്മലമായി യാതൊന്നാണോ ശോഭിയ്ക്കുന്നതു് ആ സത്യഗുണം കൊണ്ടുണ്ടായിട്ടുള്ള പഞ്ചഭൂതങ്ങളെക്കൊണ്ടും ദശേന്ദ്രിയങ്ങളെക്കൊണ്ടും സൂക്ഷ്മമായതാണു് അങ്ങയുടെ ശരീരം എന്നു് വ്യാസമഹർഷി പല ഇടങ്ങളിലും പല പ്രകാരത്തിലും വിവരിച്ചിട്ടുള്ളതായി കേൾക്കുന്നുണ്ടു്. യാതൊന്നു് മറയ്ക്കപ്പെടാത്തതായ പര

ചിൽ സുഖാനന്ദരസം ഉള്ളിൽ അടക്കി പ്രകാശിയ്ക്കുന്ന രൂപത്തോടുകൂടി വത്തിയ്ക്കുന്നുവോ, യാതൊന്ന് കണ്ണാനന്ദത്തേയും ത്വഗാനന്ദത്തേയും നല്കുന്നതുകൊണ്ട് മനോഹരമായും എളുപ്പത്തിൽ ഗ്രഹിയ്ക്കാൻ കഴിയുന്നതായും വത്തിയ്ക്കുന്നുവോ ആ ഭവദ്വിഗ്രഹത്തിൽ സുകൃതികൾ ക്രീഡിയ്ക്കുന്നു. അല്ലെങ്കിൽ യാതൊന്നാണോ വേദങ്ങളിൽ പ്രതിപാദിയ്ക്കപ്പെടുന്നതായും മനോഹരമായും അനായാസേന ധ്യാനിയ്ക്കുവാൻ കഴിയുന്നതായും വത്തിയ്ക്കുന്നത് ആ അങ്ങയുടെ ശരീരത്തിൽ ഭാഗ്യവാന്മാർ രമിയ്ക്കുന്നു.

നിഷ്കംപേ നിത്യപൂർണ്ണേ നിരവധിപരമാ-
നന്ദപീയൂഷരൂപേ
നില്ലീനാനേകമുക്താവലിസുഭഗതമേ
നിർമ്മലബ്രഹ്മസിന്ധൌ
കല്ലോലോല്ലാസതുല്യം ഖലു വിമലതരം
സത്പമാഹസ്തദാത്മാ
കസ്മാന്നോ നിഷ്കളസ്ത്വം സകള ഇതി വച-
സ്തൽകലാസേവ ഭൂമൻ ൫

ചലനമില്ലാത്തതായി നിത്യപൂർണ്ണമായി (ഏങ്ങും എന്നും നിറഞ്ഞതായി) അനന്തമായ സച്ചിദാനന്ദാമൃതമാകുന്ന സത്രൂപത്തോടുകൂടിയതായി അന്തർല്ലീനന്മാരായ അനേകം മുക്തന്മാരുടെ സമൂഹംകൊണ്ട് അതിമനോഹരമായിരിയ്ക്കുന്ന വിശുദ്ധബ്രഹ്മമാകുന്ന സമുദ്രത്തിൽ അതിനിർമ്മലമായ സത്പഫണം അതിലെ തിരമാലകളുടെ ലീലയ്ക്ക് തുല്യമാണെന്ന് പറയുന്നവല്ലോ. എന്നാൽ ആ സത്പഫണത്തിന്റെ സത്രൂപം പ്രകാശിയ്ക്കുന്ന അങ്ങ് എന്തുകൊണ്ട് നിഷ്കളനായി ഭവിയ്ക്കുന്നില്ല? അല്ലയോ ഭഗവൻ! സകളൻ എന്ന വാക്ക് അങ്ങയുടെ കലകളിൽ മാത്രമേ ഉള്ളൂ.

നിർവ്യാപാരോപി നിഷ്കാരണമജ! ഭജസേ
യൽക്രിയാമീക്ഷണാഖ്യാം
തേനൈവോദേതി ലീനാ പ്രകൃതിരസതികൽ-
പ്പാപി കല്പാദികാലേ

തസ്യാസ്സംശുദ്ധമംശം കമപി തമതിരോ-
ധായകം സത്വരൂപം
സ ത്വം ധൃത്വാ ദധാസി സ്വമഹിമവിഭവാ-
കുണ്ഠ വൈകുണ്ഠ! രൂപം ൪

അല്ലയോ ജനനമില്ലാത്ത ഭഗവാനേ! അങ്ങ് യാതൊരു വ്യാപാരവുമില്ലാത്തവനായിരുന്നാലും കല്പപ്രാരംഭഘട്ടത്തിൽ നിഷ്കാരണമായി ഈക്ഷണാഭിധമായ ക്രിയയെ അവലംബിയ്ക്കുകയാൽ ഇല്ലാത്തതുപോലെ തോന്നാവുന്നതാണെങ്കിലും അങ്ങയിൽ നിലീനമായ പ്രകൃതി (മായ) ഉദിയ്ക്കുന്നു. മായാപ്രേരകനായ ആ അങ്ങ് ആ പ്രകൃതിയെ സംബന്ധിച്ചതും മറേറതിനേയും മറയ്ക്കാത്തതും പരിശുദ്ധവും സത്വഗുണാത്മകവുമായ ഒരു അംശത്തെ വഹിച്ച് തന്റെ മാഹാത്മ്യശക്തികൊണ്ട് എങ്ങുമേതും തടസ്ഥമില്ലാത്തതും നിത്യപ്രകാശവുമായ വൈകുണ്ഠസ്വരൂപത്തെ ധരിയ്ക്കുന്നു.

തത്തേ പ്രത്യഗ്രധാരാധരലളിതകളാ
യാവലീകേളികാരം
ലാവണ്യൈകസാരം സുകൃതിജനദൃശാം
പൂർണ്ണപുണ്യാവതാരം
ലക്ഷ്മീനിശ്ശങ്കലീലാനിലയനമമൃത-
സ്യന്ദസന്ദോഹമന്തഃ
സിഞ്ചൽസഞ്ചിന്തകാനാം വപുരനുകലയേ
മാരുതാഗാരനാഥ! ൫

അല്ലയോ ഗുരുവായൂരപ്പ! പുതിയ കാർമേഘത്തിനെപ്പോലെ മനോഹരവും കായാമ്പൂവിന്റെ വിലാസത്തെ വഹിയ്ക്കുന്നതും സൗന്ദര്യത്തിന്റെ ഏകസാരമായും സുകൃതികളുടെ കണ്ണുകൾക്ക് പരിപൂർണ്ണപുണ്യംപോലെ അവതരിച്ചിരിയ്ക്കുന്നതും ലക്ഷ്മീഭഗവതിയുടെ നിശ്ശങ്കമായ ലീലയ്ക്ക് രംഗവും ധ്യാനിയ്ക്കുന്ന ഭക്തന്മാരുടെ ഹൃദയത്തിങ്കൽ അമൃതധാരാസേചനം നല്കുന്നതായും ഇരിയ്ക്കുന്ന അങ്ങയുടെ ആ ദിവ്യവിഗ്രഹത്തെ ഞാൻ എല്ലായ്പോഴും ധ്യാനിയ്ക്കുന്നു.

കഷ്ടാ തേ സൃഷ്ടിചേഷ്ടാ ബഹുതരഭവഖേ-
ദാവഹാ ജീവഭാജാ-
മിത്യേവം പൂർവ്വമാലോചിതമജിത! മയാ
നൈവമദ്യാഭിജാനേ
നോ ചേജ്ജീവാഃ കഥം വാ മധുരതരമിദം
തവ പുംശ്ചിദ്രസാർദ്രം
നേത്രൈഃ ശ്രോത്രൈശ്ച പീത്വാ പരമരസസുധാം-
ഭോധിപൂരേ രമേരൻ ൭

അല്ലയോ അജിത! (ആരാലും ജയിക്കപ്പെടാത്തവൻ) അ ല്ലെങ്കിൽ ഹേ വിഷ്ണുഭഗവൻ! അങ്ങയുടെ സൃഷ്ടി എന്ന കർമ്മം പ്രാണികൾക്കു് വിവിധങ്ങളായ സാംസാരികക്ലേശങ്ങളെ ജനി പ്പിയ്ക്കുന്നതാണെന്നായിരുന്നു എന്നാൽ മുമ്പു് ആലോചിയ്ക്കപ്പെ ട്ടിരുന്നതു്. ഇന്നു ഞാനതിങ്ങനെയല്ല മനസ്സിലാക്കുന്നതു്. സൃഷ്ടി ചേഷ്ടയിൽ അങ്ങു് ഏർപ്പെട്ടിരുന്നില്ലെങ്കിൽ ലോകത്തിലെ ജീ വികർക്കു ചിദാനന്ദരസം കവിഞ്ഞൊഴുകുന്നതും അതിമനോഹ രവും ആയ നിന്തിരുവടിയുടെ ദിവ്യരൂപത്തെ കണ്ണുകൊണ്ടും ചെവികൊണ്ടും സസ്പൃഹം പാനംചെയ്തു് (കണ്ടും കേട്ടും) പര മരസാമൃതസമുദ്രത്തിൽ എങ്ങിനെ രമിയ്ക്കും?

നമ്രാണാം സന്നിധത്തേ സതതമപി പുരസ്തേ രനഭ്യർത്ഥിതാനാ-
പ്യർത്ഥാൻ കാമാനജസ്രം വിതരതി പരമാനന്ദ സാന്ദ്രാംഗതിശ്ച
ഇത്ഥംനിശ്ശ്രേഷ്ടലഭ്യോനിരവധികഫലഃ പാരിജാതോഹരേ!തവ
ക്ഷുദ്രം തം ശക്രവാടീദ്രുമമഭിലഷതിവ്യർത്ഥമർത്ഥിവ്രജോയം വ

അല്ലയോ ഭഗവാനേ! അങ്ങയുടെ കാല്പൽ കുമ്പിടുന്ന ഭക്ത ന്മാരുടെ മുമ്പിൽ അങ്ങു് പ്രത്യക്ഷപ്പെടുന്നു. ഒന്നും അപേക്ഷി യ്ക്കാതെതന്നെ അവർക്കു് അർത്ഥങ്ങളേയും കാമങ്ങളേയും പരമാ നന്ദപരിപൂർണ്ണമായ സൽഗതിയേയും എല്ലായ്പോഴും ദാനംചെ യ്യുന്നു. ഹേ വിഷ്ണോ! അങ്ങു് ആർക്കും ലഭിയ്ക്കപ്പെടാവുന്നതും അനന്തഫലങ്ങളുള്ളതും ആയ കല്പകവൃക്ഷമാകുന്നു. ഈ യാച കസമൂഹം എത്രയും നിസ്സാരമായ നന്ദനോദ്യാനകല്പകവൃക്ഷത്തെ വെറുതെ ആഗ്രഹിയ്ക്കുന്നു.

കാരുണ്യാൽ കാമമന്യം ദദതി ഖലു പരേ
സ്വാത്മദാസ്ഥം വിശേഷാ-
ദൈശ്വര്യാദീശതേന്യേ ജഗതി പരജനേ
സ്വാത്മനോപീശ്വരസ്ഥം
ത്വയ്യച്ചൈരാരമന്തി പ്രതിപദമധുരേ
ചേതനാഃ സ്തുതഭാഗ്യാ-
സ്ത്വം ചാത്മാരാമ ഏവേത്യതുലഗുണഗണാ-
ധാര ശൌരേ! നമസ്തേ! ൯൰

മറ്റു ദേവന്മാർ കൃപകൊണ്ടു് മോക്ഷേതരമായ ആഗ്രഹത്തെ പ്രദാനംചെയ്യുന്നു. അങ്ങാകട്ടെ പ്രത്യേകിച്ചും സ്വാത്മാവിനെത്തന്നെ ദാനംചെയ്യുന്നു. ലോകത്തിൽ മറ്റു ദേവന്മാർ അണിമാദ്യൈശ്വര്യസിദ്ധികൊണ്ടു് മറ്റുള്ളവരെപ്പറ്റിയേടത്തോളം മാത്രം ഈശന്മാരാകുന്നു. ഞങ്ങളും അങ്ങയുടെ ആത്മാവിനും ഈശനാകുന്നു. പ്രവൃദ്ധഭാഗ്യന്മാരായ ജീവികളും അടിയ്ക്കടി മനോഹരരൂപത്തോടുകൂടിയ അങ്ങയിൽ ഏറ്റവും ക്രീഡിയ്ക്കുന്നു. അങ്ങു് ആത്മാവിൽത്തന്നെ രമിയ്ക്കുന്നവനാകുന്നു. ഇങ്ങിനെ എല്ലാ ഗുണഗണങ്ങൾക്കും ആവാസമായ ശൌരേ! അങ്ങയ്ക്കു് നമസ്കാരം ഭവിയ്ക്കട്ടെ.

ഐശ്വര്യം ശങ്കരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജസ്സംഹാരി വീര്യം വിമലമപി യശോ
നിസ്പൃഹൈരപ്യഭീതം
ആംഗാസംഗാ സദാ ശ്രീരഖിലവിദസി ന
കാപി തേ സംഗവാർത്താ
തദ്വാതാഗാരവാസിൻ! മുരഹര! ഭഗവ-
ന്നുന്മൂല്യാശ്വയോസി ൧൦൰

ഭഗവൻ! അങ്ങയുടെ ഐശ്വര്യം ശിവപ്രഭൃതികളായ ഈശ്വരന്മാരെപ്പോലും നിയമനം ചെയ്യുന്നതാകുന്നു. അങ്ങയുടെ വീര്യം വിശ്വതേജസ്സിനെ ഹരിയ്ക്കുന്നവരുടെ തേജസ്സിനേയും ക്രുടെ സംഹരിയ്ക്കുന്നതത്രെ. അങ്ങയുടെ നിഷ്കളമായ കീർത്തി വീതരാഗന്മാരായ മഹാമുനികളാൽ ഗാനം ചെയ്യപ്പെട്ടതാകുന്നു.

ശ്രീഭഗവതി എപ്പോഴും അങ്ങയുടെ അംഗത്തെ ആശ്രയിച്ചിരിയ്ക്കുന്നു. അങ്ങ് സർവ്വജ്ഞനാകുന്നു. അങ്ങ് നിസ്സംഗനാണെന്നേ എങ്ങും കേൾക്കുന്നുള്ളൂ. അതുകയാൽ, ഈ ഗുരുവായൂർ ക്ഷേത്രത്തിൽ പ്രശോഭിയ്ക്കുന്ന ഹേ ഭഗവൻ! അങ്ങ് ഭഗവാൻ എന്ന ദിവ്യനാമത്തിനു് മുഖ്യാശ്രയനാകുന്നു.

ഇതി ഭട്ടനാരായണപൂജ്യപാദകൃതനാരായണീയസ്തോത്രേ

പ്രഥമദശകം.

ദശകം 2.

ഭഗവൽസ്വരൂപവിവരണവും ഭക്തോല്പത്തിവർണ്ണനവും.

സൂര്യസ്പർദ്ധികിരീടമൂർദ്ധതിലകപ്രോദ്ഭാസിഫാലാന്തരം
കാരുണ്യാകുലനേത്രമാർദ്രഹസിതോല്ലാസം സുനാസാപുടം
ഗണ്ഡോദ്യന്മകരാഭകുണ്ഡലയുഗം കണ്ഠോജ്ജ്വലൽകൌസ്തുഭം
തദ്രൂപം വനമാല്യഹാരപടലശ്രീവത്സദീപ്തം ഭജേ ൧

ശോഭകൊണ്ടു് സൂര്യഭഗവാനോടു് സ്പർദ്ധിയ്ക്കുന്ന കിരീടത്തോടും ഗോപിക്കുറികൊണ്ടു് ഏറ്റവും ശോഭിയ്ക്കുന്ന നെറ്റിത്തടത്തോടും ദയാർദ്രങ്ങളായ നേത്രങ്ങളോടും മന്ദമന്ദസ്മിതത്തിന്റെ പ്രകാശത്തോടും മനോഹരമായ നാസാപുട (മൂക്കു്)ത്തോടും മകരമത്സ്യത്തിന്റെ ആകൃതികൊണ്ടുള്ള ശോഭയെ വഹിയ്ക്കുന്നതും കവിൾത്തടങ്ങളിൽ തിളങ്ങുന്ന രണ്ടു് കുണ്ഡലങ്ങളോടും കണ്ഠത്തിൽ തിളങ്ങുന്ന കൌസ്തുഭരത്നത്തോടും വനമാലകം, മുത്തുമാലകം, ശ്രീവത്സം എന്നിവയുടെ പ്രകാശത്തോടുംകൂടിയിരിയ്ക്കുന്ന അങ്ങയുടെ രൂപത്തെ ഞാൻ ഭജിയ്ക്കുന്നു.

കേയൂരാംഗദകങ്കണോത്തമമഹാ-
രത്നാംഗുലീയാംകിത-
ശ്രീമദ്ബാഹുചതുഷ്കസംഗതഗദാ
ശംഖാരിപങ്കേരുഹാം

കാഞ്ചിൽ കാഞ്ചനകാഞ്ചിലാഞ്ഛിതലസൽ
പീതാംബരാലംബിനീ–
മാലംബേ വിമലാംബുജദ്യുതിപദാം
മൂർത്തിം തവാർത്തിഹരിദം ൨

തോൾവളകളും, അംഗദങ്ങളും, ശ്രേഷ്ഠങ്ങളായ മറ്റു വളകളും, അനഘരത്നങ്ങൾ പതിച്ച മോതിരങ്ങളും എന്നിവകൊണ്ട് അടയാളപ്പെട്ടതും ശോഭയുള്ള നാലു തൃക്കൈകളിലും ചേർന്ന ഗദ, ശംഖം, ചക്രം, പദ്മം ഇവയോടിണങ്ങിയും പൊന്നരഞ്ഞാൺകൊണ്ട് അടയാളപ്പെട്ടതും പ്രകാശിയ്ക്കുന്ന മഞ്ഞപ്പട്ടുടയാട ചാർത്തിയതും നിർമ്മലമായ താമരപ്പൂവിന്റെ ദ്യുതിയെ വഹിയ്ക്കുന്ന തൃപ്പാദങ്ങളോടുകൂടിയതും എല്ലാ ദുഃഖങ്ങളേയും നശിപ്പിയ്ക്കുന്നതും അവർണ്ണനീയമായും ഇരിയ്ക്കുന്ന അങ്ങയുടെ ദിവ്യവപുസ്സിനെ ഞാൻ ആശ്രയിക്കുന്നു.

യൽത്രൈലോക്യമഹീയസോപി മഹിതം
സമ്മോഹനം മോഹനാൽ
കാന്തം കാന്തിനിധാനതോപി മധുരം
മാധുര്യധുര്യാദപി
സൌന്ദര്യോത്തരതോപി സുന്ദരതരം
തദ്രൂപമാശ്ചര്യതോ–
പ്യാശ്ചര്യം ഭുവനേ ന കസ്യ കുതുകം
പുഷ്ണാതി വിഷ്ണോ വിഭോ! ൩

മൂന്നുലോകങ്ങളിൽവെച്ച് മഹത്തായിരിയ്ക്കുന്നതിനേക്കാൾ മഹത്തായും മോഹനമായിരിയ്ക്കുന്നതിനേക്കാൾ ഏറ്റവും മോഹനമായും കാന്തിയ്ക്കിരിപ്പിടമായതിനേക്കാൾ അത്യധികം മനോഹരമായും മാധുര്യഭാരം വഹിയ്ക്കുന്നതിനേക്കാൾ അധികം മധുരമായും സൌന്ദര്യത്തിൽവെച്ച് ഉത്തമമായതിനേക്കാൾ അതിസുന്ദരമായും അത്ഭുതമായിട്ടുള്ളതിനേക്കാൾ അത്യത്ഭുതമായും പ്രകാശിയ്ക്കുന്നതു് യാതൊന്നോ ആ ദിവ്യരൂപം അല്ലയോ വിഭോ! ലോകത്തിൽ ആർക്കു് കൌതുകം പോഷിപ്പിയ്ക്കാതിരിയ്ക്കുന്നു?

തത്താദൃങ്മധുരാത്മകം തവ വപുസ്സ്പ്രാപ്യ സമ്പന്മയീ
സാദേവീപരമോൽസുകാചിരതരം നാസ്തേസ്വഭക്തേഷ്വപി
തേനാസ്യാ ബത കഷ്ടമച്യുത വിഭോ! തദ്രൂപമാനോജ്ഞക-
പ്രേമസ്ഥൈര്യമയാദ ചാപലബലാച്ചാപല്യവാത്തോദൃൽ

സമ്പന്മയിയായ ആ ദേവി നിസ്തുലവും മധുരമയവും ആയ അങ്ങയുടെ വപുസ്സിനെ പ്രാപിച്ചിട്ട് അത്യൽസുകയായി സ്വ ഭക്തരിൽപോലും വളരെക്കാലം സ്ഥിതയായി നിലനിന്നു വരുന്നില്ല. അല്ലയോ വിഭുവായ അച്യുത! തന്മൂലം അങ്ങയുടെ വിഗ്രഹരാമണീയകത്തിലുള്ള പ്രേമത്തിന്റെ ഉറപ്പാകുന്ന ചാ പല്യമില്ലായ്മയുടെ ശക്തികൊണ്ടു് ആ ഭവതിയ്ക്കു് ചപല എ ന്നൊരപവാദം പരന്നു. അതു് ഏറ്റവും ശോചനീയംതന്നെ.

ലക്ഷ്മീസ്ത്വാവകരാമണീയകച്ഛതൈ വേയം പരേഷ്വസ്ഥിരേ
തസ്മിന്നന്യദപി പ്രമാണമധുനാ വക്ഷ്യാമി ലക്ഷ്മീപതേ!
യേതദ്ധ്യാനഗുണാനുകീർത്തനരസാസക്താ ഹി ഭക്താ ജനാ-
സ്തേഷ്വേഷാ വസതി സ്ഥിരൈവ ദയിത പ്രസ്ഥാവദത്താദരാ

ഹേ ലക്ഷ്മീപതേ! ഈ ശ്രീഭഗവതി തദ്രൂപസൌന്ദര്യ ത്താൽ അപഹൃതയാകയാൽ അന്യരിൽ സ്ഥിരയായി നില്ക്കു ന്നില്ല. അതിനു് മറെറാരു പ്രമാണം ഞാനിപ്പോൾ പറയാം. അങ്ങയുടെ ധ്യാനം അങ്ങയുടെ ഗുണകീർത്തനം ഇവയിലുള്ള രസത്തിൽ തല്പരന്മാരായ ഭക്തന്മാരിലെല്ലാം ഈ ഭഗവതി ഭർത്താവായ അങ്ങയുടെ പ്രസ്താവങ്ങളിൽ ആദരവോടുകൂടി സ്ഥിര യായി വർത്തിയ്ക്കുന്നതാണു്.

ഏവംഭൂതമനോജ്ഞതാനവസുധാ
നിഷ്യന്ദസന്ദോഹനം
തദ്രൂപം പരചിദ്രസായനമയം
ചേതോഹരം ശൃണ്വതാം
സദ്യഃ പ്രേരയതേ മതിം മദയതേ
രോമാഞ്ചയത്യംഗകം
വ്യാസിഞ്ചത്യപി ശീതബാഷ്പവിസരൈ-
രാനന്ദമൂർഛോത്ഭവൈഃ ൩൫

ഇപ്രകാരമുള്ള മനോഹരവും പൂതിയതും ആയ അമൃതപ്രവാഹത്തെ ചൊരിയുന്നതായി പരാനന്ദസ്വരൂപമായി മനോജ്ഞമായ അങ്ങയുടെ വിഗ്രഹം കേൾക്കുന്നവരുടെ മനസ്സിനെ ഉടൻ അതിലേയ്ക്ക് പ്രേരിപ്പിയ്ക്കുകയും ഉന്മത്തമാക്കുകയും അംഗങ്ങളെ രോമാഞ്ചകഞ്ചുകിതങ്ങളാക്കുകയും ആനന്ദമൂർച്ഛകൊണ്ടെന്നോണം തണുത്ത കണ്ണുനീർത്തുള്ളികൾകൊണ്ട് ശരീരത്തെ നനയ്ക്കുകയും ചെയ്യുന്നു.

ഏവംഭൂതതയാ ഹി ഭക്ത്യഭിഹിതോ യോഗഃ സ യോഗദ്വയാൽ
കർമ്മജ്ഞാനമയാദ് ഭൃശോത്തമതരോ യോഗീശ്വരൈർഗ്ഗീയതേ
സൌന്ദര്യൈകരസാത്മകേ ത്വയി ഖലു പ്രേമപ്രകർഷാത്മികാ
ഭക്തിർന്നിശ്രമമേവ വിശ്വപുരുഷൈർല്ലഭ്യാ രമാവല്ലഭ! ൯

ഇപ്രകാരമായതുകൊണ്ടാണല്ലോ ഭക്തി എന്നു് പറയപ്പെട്ടുന്ന ആ യോഗം കർമ്മയോഗത്തേക്കാളും ജ്ഞാനയോഗത്തേക്കാളും ഏറ്റവും ഉൽകൃഷ്ടമെന്നു് മഹായോഗീശ്വരന്മാരാൽ കീർത്തിയ്ക്കപ്പെട്ടുന്നതു്. അല്ലയോ ലക്ഷ്മീകാന്ത! സൌന്ദര്യമാകുന്ന ഏകരസത്തിന്റെ സ്വരൂപത്തോടുകൂടിയ അങ്ങയിൽ പ്രേമപ്രകർഷസ്വരൂപമായ ഭക്തി എല്ലാ ആളുകൾക്കും നിഷ്പ്രയാസം ലഭിപ്പാൻ തീർച്ചയായും സാധിയ്ക്കുന്നതാണല്ലോ.

നിഷ്കാമം നിയതഃ സ്വധർമ്മചരണം യൽ കർമ്മയോഗാഭിധം
തദ്ധ്വാരേത്യഫലം യദൌപനിഷദജ്ഞാനോപലഭ്യം പുനഃ
തത്ത്വവ്യക്തതയാ സുദുർഗ്ഗമതരം ചിത്തസ്യ തസ്മാദിഭോ!
തൽപ്രേമാത്മകഭക്തിരേവസതതം സാദീയസീ ശ്രേയസീ

യാതൊന്നാണോ ഫലേച്ഛയോടുകൂടാത്തതും നിശ്ചിതമായ സ്വധർമ്മാനുഷ്ഠാനത്തോടുകൂടിയതും കർമ്മയോഗം എന്നു് പറയപ്പെട്ടുന്നതും ആയി ഭവിയ്ക്കുന്നതു് ആ യോഗം വിദൂരഗമായ അതിഫലത്തെ നല്കുന്നതാണു്. എന്നാൽ ഉപനിഷത്തുക്കളിൽ നിന്നു് കിട്ടുന്ന ജ്ഞാനംകൊണ്ടു് ലഭിയ്ക്കപ്പെടാവുന്നതു് യാതൊന്നോ അതു് അവ്യക്തമാകയാൽ മനസ്സിനു് പ്രാപിയ്ക്കപ്പെടുവാൻ ഏറ്റവും പ്രയാസമായിട്ടുള്ളതാകുന്നു. അല്ലയോ വിഭോ! അതിനാൽ അങ്ങയിലുള്ള പ്രേമമയിയായ ഭക്തി ഒന്നു മാത്രമാണു് അത്യധികം സാദിഷ്ഠവും ശ്രേയഃപ്രദവുമായിട്ടുള്ളതു്.

അത്യായാസകരാണി കർമ്മപടലാന്യാചര്യ നിർമ്മലാ-
ബോധേ ഭക്തിപഥേഥവാപ്യുചിതതാമായാന്തി കിം താവതാ
ക്ലിഷ്ട്വാ തത്പഥേ ചരം തവ വപുർബ്രഹ്മാഖ്യമന്യേ പുന-
ശ്ചിന്താർദ്രത്വമൃതേവിചിന്ത്യബഹുഭിസ്സിദ്ധ്യന്തിജന്മാന്തരൈഃ

ഏറ്റവും ക്ലേശാവഹങ്ങളായ കർമ്മഗണങ്ങളെ ആചരിച്ചിട്ട് കറ കളഞ്ഞ കരളുള്ള കർമ്മയോഗികൾ ജ്ഞാനയോഗത്തിലും ഭക്തിമാർഗ്ഗത്തിലും ഉചിതതയെ പ്രാപിയ്ക്കുന്നു. അതുമാത്രംകൊണ്ടു് എന്തുഫലം? വേറെ ചിലർ ഊഹാപോഹങ്ങളാൽ ക്ലേശിച്ചിട്ട് വൃദയാർദ്രതക്രൂടാതെ ബ്രഹ്മം എന്ന പേരായ ഭവദ്വിഗ്രഹത്തെ വിചിന്തിച്ചിട്ട് അനേകം ജന്മങ്ങളെക്കൊണ്ടു് സിദ്ധന്മാരായിത്തീരുന്നു.

തദ്ഭക്തിസ്തു കഥാരസാമൃതധരീനിർമ്മജ്ജനേന സ്വയം
സിദ്ധ്യന്തീ വിമലപ്രബോധപദവീമക്ലേശതസ്സനുതീ
സദ്യഃ സിദ്ധികരീ ജയത്യയി വിഭോ! സൈവാസ്തു മേത്വൽപദ-
പ്രേമപ്രൌഢിരസാർദ്രതാ ദൃതതരം വാതാലയാധീശ്വര! ൫൦

അല്ലയോ വിഭോ! അങ്ങയിലുള്ള ഭക്തിയാകട്ടെ അങ്ങയുടെ കഥകളിലുള്ള രസമാകുന്ന അമൃതപ്രവാഹത്തിൽ മുങ്ങുന്നതുകൊണ്ടു് തനിയെ സിദ്ധിയ്ക്കുന്നതും നിർമ്മലജ്ഞാനമാർഗ്ഗത്തെയാതൊരു ക്ലേശവും കൂടാതെ ഉണ്ടാക്കുന്നതായി ക്ഷണത്തിൽ സിദ്ധിയെ നല്കുന്നതും ആയി വിജയിക്കുന്നു. അല്ലയോ ഗുരുവായൂരപ്പ! നിന്തിരുവടിയുടെ തൃപ്പാദങ്ങളിലുള്ള പ്രേമപ്രൌഢിരസംകൊണ്ടുള്ള ആ ആർദ്രഭാവം (അങ്ങയിലുള്ള ഭക്തികൊണ്ടു് ആർദ്രമായ ആ സ്ഥിതി) എന്നിലെത്രയും വേഗത്തിൽ ഉളവാകുമാറാകട്ടെ.

ഇതി ശ്രീനാരായണഭട്ടപൂജ്യപാദകൃതേ
നാരായണീയേ ദ്വിതീയദശകം.

ദശകം 3.

ഭക്തസ്വരൂപം—ഭക്തിപ്രാർത്ഥന.

പഠന്തോ നാമാനി പ്രമദഭരസിന്ധൌ നിപതിതാഃ
സ്മരന്തോ രൂപം തേ വരദ! കഥയന്തോ ഗുണകഥാഃ
ചരന്തോ യേ ഭക്താസ്ത്വയി ഖലു രമന്തേ പരമമൂ-
നഹം ധന്യംമന്യേ സമധിഗതസർവ്വാഭിലഷിതാൻ ൧

അല്ലയോ വരങ്ങളെ നല്കുന്ന ഭഗവൻ! അങ്ങയുടെ നാമങ്ങളെ ഉച്ചരിയ്ക്കുന്നവരും അങ്ങയുടെ രൂപത്തെ ധ്യാനിയ്ക്കുന്നവരും ആനന്ദസന്ദോഹസമുദ്രത്തിൽ മുങ്ങുന്നവരും അങ്ങയുടെ ഗുണകഥകളെ കീർത്തിയ്ക്കുന്നവരും ആയി സഞ്ചരിയ്ക്കുന്ന യാവചില ഭക്തന്മാർ അങ്ങയിൽതന്നെ രമിയ്ക്കുന്നുവോ അവർ സർവ്വാഭീഷ്ടങ്ങളും സാധിച്ച ഭാഗ്യവാന്മാരാണെന്നു് ഞാൻ വിചാരിയ്ക്കുന്നു.

ഗദക്ലിഷ്ടം കഷ്ടം തവ ചരണസേവാരസഭരേ-
പ്യനാസക്തം ചിത്തം ഭവതി ഖല വിഷ്ണോ! കരുണയാം
ഭവൽപാദാംഭോജസ്മരണരസികോ നാമനിവഹാ-
നഹം ഗായം ഗായം കുഹചന വിവത്സ്യാമി വിജനേ ൨

വ്യാധികൾകൊണ്ടു് ക്ലേശിച്ചു് കഷ്ടാവസ്ഥയിലെത്തിയിരിയ്ക്കുന്ന എന്റെ മനസ്സു് അങ്ങയുടെ പാദപത്മങ്ങളെ സേവിയ്ക്കുന്നതുകൊണ്ടുണ്ടാകുന്ന സന്തോഷാധിക്യത്തിൽക്കൂടി താല്പര്യമില്ലാത്തതായിത്തീരുന്നു. ഹേ വിഷ്ണോ! കനിവുണ്ടാകുമാറാകണേ! അങ്ങയുടെ പാദപത്മങ്ങളെ ധ്യാനിച്ചു് രസിച്ചുകൊണ്ടും പുണ്യനാമങ്ങളെ എപ്പോഴും പാടിക്കൊണ്ടും ഏതെങ്കിലും ഒരു വിജനസ്ഥലത്തിൽ നിവസിച്ചുകൊള്ളാം.

കൃപാ തേ ജാതാ ചേൽ കിമിവ നഹി ലഭ്യംതനുഭൃതാം
മദീയക്ലേശൌഘപ്രശമനദശാ നാമ കിയതീ
ന കേ കേ ലോകേ സ്മിന്നനിശമയി! ശോകാഭിരഹിതാ
ഭവത്ഭക്താ മുക്താഃ സുഖഗതിമസക്താ വിദധതേ ൩

അങ്ങയുടെ കനിവു് ഉണ്ടായിഎങ്കിൽ ഭോഗികൾക്കു് ലഭിയ്ക്കാൻ കഴിയാത്തതായി എന്തുണ്ടു്? എന്റെ ക്ലേശസമൂഹങ്ങളെ നശിപ്പിയ്ക്കുക എന്നതു് അങ്ങയ്ക്കു് എത്ര നിസ്സാരമായിട്ടുള്ള

താണു്. ഹേ ഭഗവൻ! ഈ ലോകത്തിൽ ഏതേതു് എത്ര ഭക്തന്മാർ ഒരിയ്ക്കലും ശോകമില്ലാത്തവരായി മുക്തന്മാരായി നിസ്പൃഹന്മാരായി സുഖഗതിയെ പ്രാപിയ്ക്കുന്നില്ല?

മുനിപ്രൌഢാ രൂഢാ ജഗതി ഖലു ഗൂഢാത്മഗതയോ
ഭവൽപാദാംഭോജസ്മരണവിരുജോ നാരദമുഖാഃ
ചരന്തീശ സ്വൈരം സതതപരിനിർഭാതപരചിൽ–
പരാനന്ദാദ്വൈതപ്രസരപരിമഗ്നാഃ കിമപരം ൪

അല്ലയോ രക്ഷിതാവേ! ലോകത്തിൽ പ്രസിദ്ധന്മാരായി വളരെ ഗൂഢമായ സ്വൈരസഞ്ചാരത്തോടുകൂടിയവരായി അങ്ങയുടെ ചരണാംഭോജങ്ങളുടെ ധ്യാനംകൊണ്ടു് ദുഃഖമില്ലാത്തവരായിരിയ്ക്കുന്ന നാരദാദികളായ മഹർഷിശ്രേഷ്ഠന്മാർ എല്ലായ്പോഴും അനുഭവിയ്ക്കപ്പെടുന്ന പരചിദ്രസമാകുന്ന പരാനന്ദബ്രഹ്മപ്രവാഹത്തിൽ നിമഗ്നന്മാരായി യഥേഷ്ടം സഞ്ചരിയ്ക്കുന്നു. പരബ്രഹ്മൈക്യം സിദ്ധിച്ച അവർക്കു് മറ്റെന്താണു് വേണ്ടതു്?

ഭവദ്ഭക്തിഃ സ്ഫീതാ ഭവതു മമ സൈവ പ്രശമയേ–
ദശേഷക്ലേശൌഘം ന ഖലു ഹൃദി സന്ദേഹകണികാ
ന ചേദ്വ്യാസസ്യോക്തിസ്തവ ച വചനം നൈഗമവചോ
ഭവേന്മിഥ്യാരഥ്യാപുരുഷവചനപ്രായമഖിലം ൫

അങ്ങയിലുള്ള ഭക്തി എനിയ്ക്കു് വർദ്ധിയ്ക്കുമാറാകട്ടെ. ആ ഭക്തിതന്നെ എന്റെ എല്ലാ ക്ലേശങ്ങളേയും നശിപ്പിയ്ക്കും. അതിനെപ്പറ്റി ഉള്ളിൽ സംശയലേശവുമില്ല. അല്ലെങ്കിൽ വ്യാസമഹർഷിയുടെ വാക്കുകളും അങ്ങയുടെ വാക്കും വേദവാക്യങ്ങളും എല്ലാം വഴിയെ പോകുന്ന വെറും ഒരാളുടെ വാക്കുകൾ പോലെ വ്യർത്ഥങ്ങളായിത്തീരും.

ഭവദ്ഭക്തിസ്താവൽ പ്രമുഖമധുരാ തദ്ഗ്രണരസാൽ
കിമപ്യാരൂഢാ ചേദഖിലപരിതാപപ്രശമനീ
പുനശ്ചാന്തേ സ്വാന്തേ വിമലപരിബോധോദയമിള–
ന്മഹാനന്ദാദ്വൈതം ദിശതി കിമതഃ പ്രാർത്ഥ്യമപരം ൬

അങ്ങയിലുള്ള ഭക്തി തുടക്കത്തിൽ ക്രമേണ മധുരമായിട്ടുള്ളതും അങ്ങയുടെ ഗുണങ്ങളിൽ ഉള്ള രസംകൊണ്ടു് കുറെക്കൂടെ വർദ്ധിച്ചു എങ്കിൽ എല്ലാ സന്താപങ്ങളേയും നശിപ്പിയ്ക്കുന്നതും ആയി പിന്നെ ഒടുവിൽ മനസ്സിൽ പരിശുദ്ധമായ ജ്ഞാനം ഉണ്ടാകുന്നതോടുകൂടി ഇണങ്ങിയ ആ പരാനന്ദത്തിന്റെ അദ്വൈതത്തെ (ഐക്യത്തെ) പ്രദാനം ചെയ്യുന്നു. ലോകത്തിൽ ഇതിലും അഭിലഷണീയമായും അപേക്ഷ്യമായും മറെറന്തുണ്ടു്?

വിധൂയ ക്ലേശാന്മേ കുരു ചരണയുഗ്മം ധൃതരസം
ഭവൽക്ഷേത്രപ്രാപ്ത്യൈ കരമപി ച തേ പൂജനവിധൌ
ഭവന്മൂർത്യാലോകേ നയനമഥ തേ പാദതുളസീ-
പരിഘ്രാണേ ഘ്രാണം ശ്രവണമപി തേ ചാരുചരിതേ ൭

എന്റെ ക്ലേശങ്ങളെ നശിപ്പിച്ചു് എന്റെ രണ്ടു് കാലും അങ്ങയുടെ ക്ഷേത്രത്തെ പ്രാപിയ്ക്കുന്നതിൽ രസമുള്ളതാക്കി ചെയ്യുമാറാകണം. കൈകൾ അങ്ങയുടെ പൂജാകർമ്മത്തിലും കണ്ണുകൾ അങ്ങയുടെ ദിവ്യവിഗ്രഹം സന്ദർശിയ്ക്കുന്നതിലും മൂക്കു് ഭവൽപാദപദ്മങ്ങളിൽ അർച്ചിയ്ക്കുന്ന തുളസീദളങ്ങളെ ഘ്രാണിയ്ക്കുന്നതിലും ശ്രോത്രങ്ങൾ അങ്ങയുടെ മനോഹരകഥകൾ കേൾക്കുന്നതിലും പ്രവൃത്തിയ്ക്കുമാറാകട്ടെ.

പ്രഭ്രതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി
ത്വദീയം തദ്രൂപം പരമരസചിദ്രൂപമുദിയാൽ
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹർഷാശ്രുനിവഹോ
യഥാ വിസ്മൃയ്യാസം ദുരുപശമപീഡാപരിഭവാൻ ൮

പുളകങ്ങൾ പുറപ്പെട്ടും ആനന്ദബാഷ്പപൂരം പൊഴിഞ്ഞുകൊണ്ടും മാറുവാൻ പ്രയാസമായ പീഡോപദ്രവങ്ങളെ മറക്കുമാറു് പരമരസത്തോടുകൂടിയ അങ്ങയുടെ ആ സച്ചിൽസ്വരൂപം അനേകം ആധിവ്യാധികളാൽ വ്യാകുലിതമാക്കപ്പെട്ട എന്റെ ഹൃദയത്തിൽ പ്രത്യക്ഷമായി ഉദിയ്ക്കണമേ!

മരുദ്ഗേഹാധീശ! തവയി ഖലു പരാഞ്ചോപി സുഖിനോ
ഭവൽസ്നേഹീ സോഹം സുബഹു പരിതപ്യേ ച കിമിദം
അകീർത്തിസ്തേ മാ ഭൂദ്ഭരദ! ഗദഭാരം പ്രശമയൻ
ഭവദ്ഭക്തോത്തംസം ത്വടിതി കുരു മാം കംസദമന! ൯

അല്ലയോ ഗുരുവായൂരപ്പ! അങ്ങയിൽ വിമുഖന്മാരായവർ പോലും സുഖികളായി കാണപ്പെടുന്നു. അങ്ങയിൽ പ്രേമമുള്ള ആ ഞാൻ അത്യധികം ദുഃഖിയ്ക്കുയും ചെയ്യുന്നു. ഇതെന്തുകൊണ്ട്? അല്ലയോ അഭീഷ്ടപ്രദനും കംസഹന്താവുമായ ഭഗവാനേ! എന്റെ രോഗഭാരത്തെ നശിപ്പിച്ച് എന്നെ ഭവൽഭക്തന്മാരിൽ ശ്രേഷ്ഠനാക്കിത്തീർക്കണമേ! അങ്ങയ്ക്ക് അകീർത്തിയും ഭവിയ്ക്കാതിരിയ്ക്കണമേ!

കിമുക്തൈർഭൂയോഭിസ്തവ ഹി കരുണാ യാവദുദിയാ-
ദഹംതാവദ്ഭൂവ! പ്രഹിതവിവിധാർത്തപ്രലപിതഃ
പുരഃ ക്ലപ്തേ പാദേ വരദ! തവ നേഷ്യാമി ദിവസാ-
നന്യഥാശക്തി വ്യക്തം നതിനതിനിഷേവാ വിരചയൻ

എന്തിനധികം പറയുന്നു. ഹേ വരദനായ ഈശ്വര! അങ്ങയുടെ ദയ എന്നിൽ ഉദിയ്ക്കുന്നതുവരെ ഞാൻ എന്റെ ആർത്ത പ്രലാപങ്ങളിൽനിന്ന് വിരമിച്ച് മുന്നിൽ ധ്യാനിച്ച് സൃഷ്ടിച്ചിരിയ്ക്കുന്ന അങ്ങയുടെ തൃപ്പാദത്തിൽ യഥാശക്തി വ്യക്തമാംവണ്ണം നമസ്കാരസ്തുതിസേവകളെ അനുഷ്ഠിച്ചുകൊണ്ട് ദിവസങ്ങൾ നയിച്ചുകൊള്ളാം.

ഇതി തൃതീയദശകം പ്രഥമസ്കന്ധം സമാപ്തം.

ദ്വിതീയസ്കന്ധം

ദശകം 4.

അഷ്ടാംഗയോഗയോഗസിദ്ധിവിവരണം.

കല്യതാം മമ കൃഷ്ണ താവതീം
കല്യതേ ഭവദുപാസനം യയാ
സ്പഷ്ടമഷ്ടവിധയോഗചര്യയാ
പുഷ്ടയാശു തവ തുഷ്ടിമാപ്നുയാം ൧

എത്രമാത്രം ആരോഗ്യംകൊണ്ടു് അങ്ങയെ സേവിയ്ക്കാൻ കഴിയുമോ അത്രയും ആരോഗ്യം എനിയ്ക്കു് ഉണ്ടാക്കിത്തരണേ! വ്യക്തമാംമാറു് അഷ്ടാംഗയോഗാനുഷ്ഠാനംകൊണ്ടു് അങ്ങയുടെ പ്രീതിയെ ഞാൻ പ്രാപിച്ചുകൊള്ളാം.

ബ്രഹ്മചര്യദൃഢതാദിഭിർയ്യമൈ-
രാപ്ലവാദിനിയമൈശ്ച പാവിതാഃ
കുർമ്മഹേ ദൃഢമമീ സുഖാസനം
പങ്കജാദ്യമപി വാ ഭവൽപരാഃ ൨

ബ്രഹ്മചര്യത്തിലുള്ള ദാർഢ്യം മുതലായ യമങ്ങളെക്കൊണ്ടും സ്നാനം മുതലായ നിയമങ്ങളെക്കൊണ്ടും പവിത്രിതന്മാരായിട്ടു് അങ്ങയിൽത്തന്നെ തല്പരന്മാരായ ഈ ഞങ്ങൾ പദ്മാസനം മുതലായ സുഖാസനങ്ങളിൽ ഒന്നിനെ ദൃഢമാക്കി ചെയ്തുകൊള്ളാം. (അഹിംസ, സത്യഭാഷണം, അസ്തേയം, അപരിഗ്രഹം എന്നിവ യമങ്ങളും സ്നാനം, സന്തോഷം, സ്വാധ്യായം, തപസ്സു്, ഹോമം എന്നിവ നിയമങ്ങളുമാകുന്നു.)

താരമന്തരനുചിന്ത്യ സന്തതം
പ്രാണവായുമഭിയമ്യ നിർമ്മലാഃ
ഇന്ദ്രിയാണി വിഷയാദഥാപോ-
ഹ്യാസ്മഹേ ഭവദുപാസനോന്മുഖാഃ ൩

എപ്പോഴും പ്രണവത്തെ ഉള്ളിൽ ധ്യാനിച്ചിട്ടു് പ്രാണവായുവിനെ നല്ലപോലെ അടക്കിയിട്ടു് പരിശുദ്ധന്മാരായി വിഷയങ്ങ

ളിൽനിന്നു ഇന്ദ്രിയങ്ങളെ വിനിവർത്തിച്ചിട്ട് അങ്ങയുടെ ഉപാസനത്തിൽ ഉത്സുകന്മാരായി ഞങ്ങൾ വർത്തിച്ചുകൊള്ളുന്നു.

അസ്മദേ വപുഷി തേ പ്രയത്നതോ
ധാരയേമ ധിഷണാംമുഹുർമുഹുഃ
തേന ഭക്തിരസമന്തരാർദ്രതാ
മുദ്വഹേമ ഭവദംഘ്രി ചിന്തകാഃ ൪

വ്യക്തമല്ലാത്ത അങ്ങയുടെ ശരീരത്തിൽ വളരെ പണിപ്പെട്ടിട്ടെങ്കിലും മനസ്സിനെ വീണ്ടും വീണ്ടും വ്യാപരിപ്പിച്ച് ഉറപ്പിച്ചുകൊള്ളാം. അങ്ങയുടെ പാദപദ്മങ്ങളെ ചിന്തിയ്ക്കുന്ന ഞങ്ങൾ അതുകൊണ്ടുള്ള ഭക്തിരസത്തേയും മനസ്സിൽ ആർദ്രതയേയും ഉദ്വഹിയ്ക്കുമാറാകട്ടെ.

വിസ്മടാവയവഭേദസുന്ദരം
ത്വദുപാസ്തിചിരശീലനാവശാൽ
ആശ്രമം മനസി ചിന്തയാമഹേ
ധ്യാനയോഗനിരതാസ്ത്വദാശ്രയാഃ ൫

അങ്ങാകുന്ന ആശ്രയത്തോടുകൂടിയ ഞങ്ങൾ ധ്യാനയോഗത്തിൽ തല്പരന്മാരായി അതിസ്പഷ്ടങ്ങളായ അവയവങ്ങളോടുകൂടി മനോഹരമായിരിയ്ക്കുന്ന അങ്ങയുടെ ശരീരത്തെ ചിരകാലപരിശീലനംകൊണ്ട് എളുപ്പത്തിൽ മനസ്സിൽ ചിന്തിയ്ക്കുമാറാകട്ടെ.

ധ്യായതാം സകലമൂർത്തിമീദൃശീ–
മുന്മിഷന്മധുരതാഹൃതാത്മനാം
സാന്ദ്രമോദരസരൂപമാന്തരം
ബ്രഹ്മരൂപമയി! തേ വഭാസതേ ൬

അല്ലയോ ഭഗവാനേ! അങ്ങയുടെ ഇങ്ങനെയുള്ള സകലസ്വരൂപത്തെ ധ്യാനിയ്ക്കുന്നവരും വർദ്ധിയ്ക്കുന്ന മാധുര്യത്താൽ ആകർഷിയ്ക്കപ്പെട്ട മനസ്സോടുകൂടിയവരുമായ ഞങ്ങൾക്ക് വലിയ സന്തോഷരസമാകുന്ന സ്വരൂപത്തോടുകൂടിയതും അന്തരവും ആയ അങ്ങയുടെ ബ്രഹ്മസ്വരൂപം പ്രകാശിയ്ക്കുന്നു.

തത്സമാസ്വദനരൂപിണീം സ്ഥിതിം
ത്വത്സമാധിമയി! വിശ്വനായക!

ആശ്രിതാഃ പുനരതഃ പരിച്യുതാ
വാരഭേമഹി ച ധാരണാദികം ൭

അല്ലയോ ലോകനേതാവേ! ആ ബ്രഹ്മത്തിന്റെ യഥാ
ത്ഥാനുഭവത്തിനുപായമായ അങ്ങയെക്കുറിച്ചുള്ള സമാധിയെ ആശ്ര
യിച്ച് ഞങ്ങൾ പിന്നേയും ഇതിൽനിന്ന് തെറ്റിപ്പോയിയെ
ങ്കിൽ ധാരണ മുതലായതിനെ തുടങ്ങിക്കൊള്ളാം.

ഇത്ഥമഭ്യസനനിർഭരോല്ലസ-
ത്പരാത്മസുഖകല്പിതോത്സവാഃ
മുക്തഭക്തകുലമൌലിതാം ഗതാ-
സ്സഞ്ചരേമ ശുകനാരദാദിവൽ ൮

ഇങ്ങിനെ സമാധികളുടെ അഭ്യാസംകൊണ്ട് ഏറ്റവും
പ്രകാശിയ്ക്കുന്ന അങ്ങാകുന്ന പരമാത്മാവിന്റെ ചിദാനന്ദത്താൽ
ഉണ്ടാക്കപ്പെട്ട ഉത്സവത്തോടുകൂടിയ ഞങ്ങൾ മുക്തന്മാരായ
ഭക്തന്മാരിൽ പ്രാധാന്യത്തെ പ്രാപിച്ച് ശുകൻ, നാരദൻ മുത
ലായവരെപ്പോലെ സഞ്ചരിച്ചുകൊള്ളുമായിരുന്നു.

തത്സമാധിവിജയേ തു യഃ പുന-
ർമ്മുമുക്ഷു മോക്ഷരസികഃ ക്രമേണ വാ
യോഗവശ്യമനിലം ഷഡാശ്രയൈ-
രുന്നയത്യജ! സുഷുമ്നയാ ശനൈഃ ൯

അല്ലയോ അജ! (ജനനമില്ലാത്തവനേ) അങ്ങയെപ്പറ്റി
യുള്ള സമാധിയുടെ വിജയത്തിലാകട്ടെ മോക്ഷം ആശിയ്ക്കുന്ന
വനോ അല്ലെങ്കിൽ ക്രമേണ മുക്തി ലഭിച്ചാൽ കൊള്ളാമെന്ന്
ആഗ്രഹിയ്ക്കുന്നവനോ ആയ ആൾ യോഗാഭ്യാസത്തിനു് അ
ധീനമായ പ്രാണവായുവിനെ സുഷുമ്നാനാഡിയിലൂടെ മൂലാധാ
രം മുതലായ ആറു് ചക്രങ്ങൾ വഴിയായി പതുക്കെ മേല്പോട്ട്
കൊണ്ടുപോകുന്നു. (മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം,
അനാഹതം, വിശുദ്ധി, ആജ്ഞ ഇവയാകുന്നു ആറു് ചക്രങ്ങൾ.)

ലിംഗദേഹമഥ സന്ത്യജന്നസൌ
ലീയതേ തദനു പരേ നിരാഗ്രഹഃ

ഊർദ്ധ്വലോകകൃതകീ തു മൂർധ്നത-
സ്ത്വർദ്ധ്വമേവ കരണൈസ്തിരീയതേ ൧൦

പിന്നെ എളുപ്പത്തിൽ മുക്തിയെ ആഗ്രഹിയ്ക്കുന്ന നിരാഗ്രഹനായ ആൾ ലിംഗശരീരത്തെപ്പോലും ഉപേക്ഷിച്ചു് പരാത്മാവായ അങ്ങയിൽ ലയിക്കുന്നു. ഊർദ്ധ്വലോകങ്ങളിൽ കൃതകമുള്ളവനാകട്ടെ മൂർദ്ധാവിനെ ഭേദിച്ചു് ഇന്ദ്രിയങ്ങളോടുകൂടെത്തന്നെ നിയ്ക്രമം ചെയ്യുന്നു.

അഗ്നിവാസരവളർക്ഷപക്ഷഗൈ-
രുത്തരായണജുഷാ ച ദൈവതൈഃ
പ്രാപിതോ രവിപദം ഭവൽപരോ
മോദവാൻ ധ്രുവപദാന്തമീയതേ ൧൧

അഗ്നി, പകൽ, വെളുത്തപക്ഷം, ഉത്തരായണം ഇവയുടെ ദേവതകളാൽ സൂര്യഗോളത്തെ പ്രാപിപ്പിയ്ക്കപ്പെട്ട ഭവൽഭക്തൻ സന്തോഷത്തോടുകൂടി ധ്രുവലോകാവസാനംവരെ എത്തുന്നു. (മൂർദ്ധാവിനെ ഭേദിച്ചു് സൂക്ഷ്മശരീരത്തോടുകൂടി മേല്പോട്ടു പോകുന്ന ജീവനെ അഗ്നി തന്റെ ലോകത്തിൽ വിശ്രമിപ്പിയ്ക്കുമ്പോൾ പകൽ തന്റെ ലോകത്തിൽ എത്തിപ്പിയ്ക്കുന്നു. അവിടെനിന്നു് ശുക്ലപക്ഷദേവലോകത്തിലും, ഉത്തരായണദേവലോകത്തിലും, സംവത്സരദേവലോകത്തിലും, വായുലോകത്തിലും, ആദിത്യചന്ദ്രലോകങ്ങളിലും, വിദ്യുല്ലോകത്തിലും ചെന്നു് ജീവൻ ഒടുവിൽ ധ്രുവലോകം പ്രാപിയ്ക്കുന്നു എന്നു് താല്പര്യം.)

ആസ്ഥിതോഥ മഹരാലയേ യദാ
ശേഷവൃത്തദഹനോഷ്മണാർദ്യതേ
ഇയതേ ഭവദുപാശ്രയസ്തദാ
വേധസഃ പദമതഃ പുരൈവ വാ ൧൨

അനന്തരം മഹല്ലോകത്തിൽ എത്തിയ അങ്ങയുടെ ഭക്തൻ അനന്തന്റെ മുഖങ്ങളിൽനിന്നുണ്ടാകുന്ന തിയ്യിന്റെ ചൂടുകൊണ്ടു് ദുഃഖിതനായിത്തീരുമ്പോൾ അപ്പോഴോ അതിനു് മുമ്പുതന്നെയോ അങ്ങയെ ആശ്രയിക്കയാൽ ബ്രഹ്മലോകത്തെ പ്രാപിയ്ക്കുന്നു.

തത്ര വാ തവ പദേഥവാ വസൻ
പ്രാകൃതപ്രളയ ഏതി മുക്തതാം
സേപക്ഷയാ ഖലു പുരാപി മുച്യതേ
സംവിഭിദ്യ ജഗദണ്ഡമോജസാ ൫൩

അവിടെത്തന്നെയോ അങ്ങയുടെ ലോകത്തിലോ വസിച്ചു കൊണ്ട് പ്രാകൃതപ്രളയകാലത്തിൽ മോക്ഷം പ്രാപിയ്ക്കുന്നു. അല്ലെങ്കിൽ യോഗബലംകൊണ്ട് ഇഷ്ടംപോലെ ബ്രഹ്മാണ്ഡകടാഹം പിളർന്ന് മഹാപ്രളയത്തിനു മുമ്പായിട്ടതന്നെ മുക്തിയെ പ്രാപിയ്ക്കുന്നു. മഹത്തത്വം, അഹങ്കാരം, തന്മാത്രകൾ ഇവ പ്രകൃതിയിൽ ലയിയ്ക്കുമ്പോൾ മഹാപ്രാകൃതപ്രളയം ഉണ്ടാകുന്നു.

തസ്യ ച ക്ഷിതിപയോമഹോനില-
ദ്യോമഹൽപ്രകൃതിസപ്തകാവൃതീഃ
തത്തദാത്മകതയാ വിശൻ സുഖീ
യാതി തേ പദമനാവൃതം വിഭോ! ൫൪

ഹേ വിഭോ! ആ ഭക്തൻ ആ ബ്രഹ്മാണ്ഡകടാഹത്തിന്റെ ഭൂമി, ജലം, അഗ്നി, വായു, ആകാശം, മഹത്തത്വം, മായ എന്നീ ഏഴ് ആവരണങ്ങളിലും അതതുകളുടെ സ്വരൂപമായി പ്രവേശിച്ച് സുഖിച്ചുകൊണ്ട് ആവരണം ഇല്ലാത്ത അങ്ങയുടെ പദം പ്രാപിയ്ക്കുന്നു.

അർച്ചിരാദിഗതിമീദൃശീം വ്രജൻ
വിച്യുതിം ന ഭജതേ ജഗൽപതേ!
സച്ചിദാത്മക! ഭവദ്ഗ്രണോദയാ-
ന്നച്യുതാത്മനിലയേശ! പാഹി മാം ൫൫

അല്ലയോ ലോകനാഥ! ഇങ്ങിനെ അഗ്നി മുതലായ മാർഗ്ഗങ്ങളിൽ പ്രവേശിയ്ക്കുന്നവൻ കീഴ്പ്പോട്ട വരുന്നില്ല (പുനർജ്ജന്മമില്ല എന്നർത്ഥം). അല്ലയോ സച്ചിൽസ്വരൂപനായ ഗുരുവായൂരപ്പാ! അങ്ങയുടെ ഗുണങ്ങളെ കീർത്തിയ്ക്കുന്ന എന്നെ രക്ഷിയ്ക്കുണേ!

ഇതി അഷ്ടാംഗയോഗയോഗസിദ്ധിവിവരണം
നാമത്തുരീയദശകം.

ദശകം 5.

വിരാൾപുരുഷോല്പത്തിവർണ്ണനം.

വ്യക്താവ്യക്തമിദം ന കിഞ്ചിദഭവൽ പ്രാക്പ്രാകൃതപ്രക്ഷയേ
മായായാം ഗുണസാമ്യരൂഢവികൃതൌ തസ്യാഗതായാം ലയം
നോ മൃത്യുശ്ച തദാമൃതഞ്ച സമഭൂന്നാഹ്നോ ന രാത്രേഃ സ്ഥിതി-
സ്ത്വേകസ്ത്വമശിഷ്യഥാഃ കില പരാനന്ദപ്രകാശാത്മനാ ൧

പണ്ട് പ്രാകൃതപ്രളയകാലത്തിൽ സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളുടെ സാമ്യംകൊണ്ട് വികാരമില്ലാത്ത മായ അങ്ങയിൽ ലയിച്ചപ്പോൾ വ്യക്താവ്യക്തമായ (സ്ഥൂലസൂക്ഷ്മങ്ങളായ) ഈ പ്രപഞ്ചം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അക്കാലത്ത് മരണം, മോക്ഷം, പകൽ, രാത്രി ഇവയുടെ സ്ഥിതി ഇവ ഒന്നും ഉണ്ടായിരുന്നില്ല. അന്ന് അങ്ങ് മാത്രം പരാനന്ദസത്ത പത്തോടുകൂടി ശേഷിച്ചിരുന്നുവല്ലൊ.

കാലഃ കർമ്മ ഗുണാശ്ച ജീവനിവഹാ വിശ്വഞ്ച കാര്യം വിഭോ!
ചിദ്വിലാരതിമേയുഷി ത്വയി തദാ നിർല്ലീനതാമായയുഃ
തേഷാമൈവ വദന്ത്യസത്തമയി ഭോഃ ശക്ത്യാത്മനാ തിഷ്ഠതാം
നോ ചേൽ കിം ഗഗനപ്രസൂനസദൃശാം ഭൂയോ ഭവേൽസംഭവഃ

അല്ലയോ വിഭോ! സത്വാദിഗുണങ്ങളും കാലം, കർമ്മം എന്നിവയും ജീവാത്മാക്കളും കാര്യമായ ലോകവും അക്കാലത്ത് ചിദാനന്ദലീലാരതനായ അങ്ങയിൽ ലയിച്ചു. അല്ലയോ ഭഗവൻ! അങ്ങയുടെ ശക്തിരൂപേണ സ്ഥിതിചെയ്യുന്ന അവയുടെ അഭാവത്തെ (വേണ്ടാതീനം) പറയുന്നതേ ഇല്ല. അല്ലെങ്കിൽ ആകാശകുസുമസദൃശങ്ങളായ അവയ്ക്ക് വീണ്ടും സംഭവം ഉണ്ടാകുമോ?

ഏവഞ്ച ത്രിപരാർദ്ധകാലവിഗതാവീക്ഷാം സിസൃക്ഷാത്മികാം
ബിഭ്രാണേ ത്വയി ചുക്ഷുഭേ ത്രിഭുവനീഭാവായ മായാ സ്വയം
മായാതഃ ഖലു കാലശക്തിരഖിലാ ദൃഷ്ടം സ്വഭാവോപി ച
പ്രാദുർഭൂയ ഗുണാൻ വികാസ്യ വിദധുസ്തസ്യുഃ സഹായക്രിയാം

ഇങ്ങിനെ ഇരിയ്ക്കെ രണ്ട് പരാർദ്ധം കഴിഞ്ഞപ്പോൾ അങ്ങ് സൃഷ്ടിയ്ക്കുവാനുള്ള ആഗ്രഹമാകുന്ന ഈ ക്ഷണവ്യാപാരത്തെ

വഹിച്ചിരുന്നപ്പോൾ മായ മുന്നു് ലോകമായി പരിണമിയ്ക്കുവാൻ ക്ഷോഭിച്ചു. മായയിൽനിന്നു് കാലമാകുന്ന ശക്തിയും സകല ജീവികളുടേയും അദൃഷ്ടകർമ്മങ്ങളും സ്വഭാവവും സത്വാദിഗുണങ്ങളെ പ്രകാശിപ്പിച്ചു് ആ മായയ്ക്കു് സഹായം ചെയ്തു.

മായാസന്നിഹിതോപ്രവിഷ്ടവപുഷാ
സാക്ഷീതി ഗീതോ ഭവാൻ
ഭേദൈസ്ത്വംപ്രതിബിംബിതോ വിവിശിവാൻ
ജീവോപി നൈവാപരഃ
കാലാദിപ്രതി ബോധിതാഥ ഭവതാ
സഞ്ചോദിതാ ച സ്വയം
മായാ സാ ഖലു ബുദ്ധിതത്വമസൃജ-
ദ്യോസൌ മഹാനച്യുതേ ൯

മായയോടു് സന്നിഹിതനും അതിൽ പ്രവേശിയ്ക്കാത്ത സത്വരൂപത്തോടുകൂടിയവനും ആയ അങ്ങു് സാക്ഷി എന്നു് പറയപ്പെട്ടിരിയ്ക്കുന്നു. അനേകം ഭേദങ്ങളോടുകൂടിയ ആ മായയെ പ്രതിബിംബരൂപേണ പ്രവേശിച്ചിരിയ്ക്കുന്ന ജീവാത്മാവും മറ്റൊരാളുമല്ല. ആ മായതന്നെ കാലാദികളാൽ ഉണർത്തപ്പെട്ടു് അങ്ങയാൽ പ്രേരിപ്പിയ്ക്കപ്പെട്ടു് സ്വയം ബുദ്ധിതത്വത്തെ സൃഷ്ടിച്ചു് അതിനെ മഹത്തത്വം എന്നു് പറയുന്നു.

തത്രാസൌ ത്രിഗുണാത്മകോപി ച മഹാൻ
സത്വപ്രധാനഃ സ്വയം
ജീവേസ്മിൻ ഖലു നിർവ്വികല്പമഹമി-
ത്യുദ്ബോധനിഷ്പാദകഃ
ചക്രേസ്മിൻ സവികല്പബോധകമഹ-
ത്തത്വം മഹാൻ ഖല്വസൌ
സംപുഷ്ടം ത്രിഗുണൈസ്തമോതിബഹുലം
വിഷ്ണോ! ഭവൽപ്രേരണാൽ ൯

ഈ മഹത്തത്വം സത്വരജസ്തമോഗുണാത്മകമാണെങ്കിലും സത്വഗുണപ്രധാനമായി ഈ ജീവനിൽ നിർവ്വികല്പമായിത്തന്നെ (ആത്മാവു്) ബുദ്ധിയെ ഉണ്ടാക്കുന്നു. ഹേ വിഷ്ണോ! ഈ മഹത്തത്വം ഭവൽപ്രേരണംകൊണ്ടുതന്നെ ത്രിഗുണങ്ങളാൽ പുഷ്ടവും

തമഃപ്രധാനമായതും ജീവനിൽ വികല്പപൂർവ്വമായ ബോധം വള
ർത്തുന്ന "അഹം" തത്ത്വത്തെ സൃഷ്ടിച്ചു.

സോഹമ്പ ത്രിഗുണക്രമാൽ ത്രിവിധതാമാസാദ്യ വൈകാരികോ
ഭയതൈജസതാമസാവിതി ഭവന്നാദ്യേന സത്യാത്മനാ
ദേവാനിന്ദ്രിയമാനിനോ കൃതദിശാ വാതാർക്കപാശ്യശ്വിനോ
വഹ്നീന്ദ്രാച്യുതമിത്രകാൻ വിധുവിധി ശ്രീരുദ്രശാരീരകാൻ സൃ

ആ അഹങ്കാരം ത്രിഗുണങ്ങളുടെ ക്രമത്താൽ വൈകാരി
കമെന്നും തൈജസം എന്നും താമസമെന്നും മൂന്നുപ്രകാരത്തെ
പ്രാപിച്ചിട്ടുണ്ട്. ഒന്നാമത്തെ സാത്വികാഹങ്കാരംകൊണ്ട്
ദിക്കു്, വായു, സൂര്യൻ, വരുണൻ, അശ്വനീദേവകൾ, അഗ്നി,
ഇന്ദ്രൻ, വിഷ്ണു, പ്രജാപതി, മിത്രൻ, ചന്ദ്രൻ, ബ്രഹ്മാവു്, രുദ്രൻ,
ക്ഷേത്രജ്ഞൻ എന്നിങ്ങിനെയുള്ള ഇന്ദ്രിയമാനികളായ ദേവ
ന്മാരെ സൃഷ്ടിച്ചു. ജ്ഞാനകർമ്മേന്ദ്രിയങ്ങളുടേയും മനോബുദ്ധി
ചിത്തങ്ങളുടേയും ദേവതകളെ മേൽവിവരിച്ചിരിയ്ക്കുന്നു.

ഭ്രമന്മാനസബുദ്ധ്യഹംകൃതി മിളച്ചിത്താഖ്യവൃത്ത്യന്വിതം
തച്ചാന്തഃകരണം വിഭോ! തവ ബലാത്സത്വാംശ ഏവാസൃജൽ
ജാതസ്തൈജസതോ ദശേന്ദ്രിയഗണസ്ത്വത്മാസാംശാൽ പുന-
സ്തന്മാത്രം നഭസോ മരുൽപുരപതേ! ശബ്ദോജനി ത്വദ്ബലാൽ

അല്ലയോ പ്രഭോ! ഭവൽപ്രേരണബലംകൊണ്ടു് സാത്വി
കാഹങ്കാരംതന്നെ മനോബുദ്ധ്യഹങ്കാരങ്ങളോടുചേർന്നു് ചിത്തം
എന്ന വൃത്തിയോടുകൂടിയ ആ അന്തഃകരണത്തെ സൃഷ്ടിച്ചു.
തൈജസാഹങ്കാരത്തിൽനിന്നു് ദശേന്ദ്രിയങ്ങളും താമസാഹങ്കാര
ത്തിൽനിന്നു് ആകാശത്തിന്റെ സൂക്ഷ്മാംശമായ ശബ്ദവും അല്ല
യോ ഗുരുവായൂരപ്പ! അങ്ങയുടെ പ്രേരണംകൊണ്ടു് ഉണ്ടായി.

ശബ്ദാദ്വ്യോമ തതസ്സസർജ്ജിഥ വിഭോ സ്പർശം തതോ മാരുതം
തസ്മാദ്രൂപമതോ മഹോഥ ച രസം തോയഞ്ചഗന്ധം മഹീം
ഏവം മാധവ പൂർവ്വപൂർവ്വകലനാദാദ്യാദ്യധർമ്മാന്വിതം
ഭൂതഗ്രാമമിമം ത്വമേവ ഭഗവൻ പ്രാകാശയസ്ത്വാമസാൽ വ

അല്ലയോ വിഭോ! ശബ്ദത്തിൽനിന്നു് വ്യോമത്തെയും അ
തിൽനിന്നു് സ്പർശത്തെയും അതിൽനിന്നു് വായുവിനേയും അതിൽ

നിന്നു് രൂപത്തേയും രൂപത്തിൽനിന്നു് അഗ്നിയേയും അതിൽ നിന്നു് രസത്തേയും അതിൽനിന്നു് ജലത്തേയും അതിൽനിന്നു് ഗന്ധത്തേയും അതിൽനിന്നു് മഹിയേയും അങ്ങു് സൃഷ്ടിച്ചു. അല്ലയോ മാധവ! ഭഗവൻ! അങ്ങു് ഇപ്രകാരം മുമ്പുമുള്ള തിനെത്തുടർന്നു് അതാതിന്റെ ധർമ്മത്തോടുകൂടി താമസാംശത്തിൽനിന്നു് പ്രകാശിപ്പിച്ചു.

ഏതേ ഭൂതഗണാസ്തഥേന്ദ്രിയഗണാ ദേവാശ്ച ജാതാഃ പൃഥങ്-
നോ ശേകുർഭുവനാണ്ഡനിർമ്മിതവിധൌ ദേവൈരമീഭിസ്തദാ
തപ്തം നാനാവിധസൂക്തിഭിസ്തതഗുണൈസ്തത്താന്യമൂന്യാവിശം-
ശ്ചേഷ്ടാശക്തിമുദീര്യ്യ താനിഘടയൻ ഹൈരണ്യമണ്ഡം വ്യധാഃ

ഈ ഭൂതസമൂഹവും അപ്രകാരം ഇന്ദ്രിയഗണവും ദേവന്മാരും ജനിച്ചു എങ്കിലും ഭിന്നന്മാരാകയാൽ അവർ ഭിന്നബ്രഹ്മാണ്ഡങ്ങളെ നിർമ്മിയ്ക്കുവാൻ അശക്തരായപ്പോൾ അവർ വിവിധസ്തുതികളെക്കൊണ്ടു് കീർത്തിയ്ക്കപ്പെട്ട ഗുണങ്ങളോടുകൂടിയ അങ്ങു് ഈ തത്വങ്ങളെ പ്രാപിച്ചു് അവയെ തമ്മിൽ ഇണക്കി സപ്തണ്ണമയമായ അണ്ഡത്തെ സൃഷ്ടിച്ചു.

അണ്ഡം തൽ ഖലു പൂർവ്വസൃഷ്ടസലിലേ തിഷ്ഠൽസഹസ്രം സമാ
നിർഭിന്നന്നകൃതാശ്ചതുർദ്ദശജഗദ്രൂപം വിരാഡാഹ യം
സാഹസ്രൈഃ കരപാദമൂർദ്ധനിവഹൈർന്നിശ്ശേഷജീവാത്മകോ
നിർഭാതോസി മരുൽപുരാധിപ! സമം ത്രായസ്വ സർവ്വാമയാൽ

ആ ബ്രഹ്മാണ്ഡം ആകട്ടെ പൂർവ്വസൃഷ്ടമായ വെള്ളത്തിൽ സഹസ്രം വത്സരം സ്ഥിതിചെയ്തു. പിന്നെ അതിനെ ഭേദിച്ചു് ചതുർദ്ദശലോകാത്മകവും വിരാട്ടു് എന്നു് പേരുള്ളതും ആയ രൂപത്തെ സൃഷ്ടിച്ചു. പിന്നെ അനേകായിരം കൈ കാൽ തല മുതലായവയോടുകൂടി അങ്ങു് എല്ലാറ്റിന്റെയും ജീവസ്വരൂപത്തെ വഹിച്ചു് ശോഭിച്ചു. അല്ലയോ ഗുരുവായൂപുരേശ! ആ അങ്ങു് എന്നെ സകലവിധരോഗങ്ങളിൽനിന്നും രക്ഷിച്ചാലും.

ഇതി വിരാട്പുരുഷോൽപത്തിവർണ്ണനം
ദ്വിതീയസ്കന്ധേ പഞ്ചമദശകം.

ദശകം 6.

വിരാട്ശരീരജഗൽസപ്തരൂപത്വവിവരണം.

ഏവം ചതുർദ്ദശജഗന്മയതാം ഗതസ്യ
പാതാളമീശ! തവ പാദതലം വദന്തി
പാദോർദ്ധ്വദേശമപി ദേവ! രസാതലം തേ
ഗുൽഫദ്വയം ഖലു മഹാതലമദ്ഭുതാത്മൻ! ൧

അല്ലയോ ഈശ്വരാ! ഇങ്ങിനെ പതിന്നാലുലോകങ്ങളുംകൂന്ന സപ്തരൂപത്തെ പ്രാപിച്ച അങ്ങയുടെ പാദതലത്തെ പാതാളമെന്നും കാലിന്മേറ പുറം രസാതലമെന്നും അല്ലയോ അത്ഭുതരൂപിയായ ദേവ! അങ്ങയുടെ രണ്ടു് ഗുൽഫങ്ങളെ (ഞരിയാണി) മഹാതലമെന്നും പറയുന്നു.

ജംഘേ തലാതലമഥോ സുതലം ച ജാനു
കിഞ്ചോരുഭാഗയുഗളം വിതലാതലേ ദ്വേ
ക്ഷോണീതലം ജഘനമംബരമംഗ! നാഭി-
ർവ്വക്ഷശ്ച ശക്രനിലയസ്തവ ചക്രപാണേ! ൨

അല്ലയോ ചക്രപാണേ! അങ്ങയുടെ കണങ്കാലുകൾ തലാതലവും മുട്ടുകൾ സുതലവും തുടകൾ രണ്ടും വിതലാതലങ്ങളും അരക്കെട്ടു് ഭൂതലവും അല്ലയോ ദേവ! അങ്ങയുടെ നാഭി ഭുവർല്ലോകവും തിരുമാറ്റിടം സ്വർല്ലോകവും ആണെന്നു് പറയുന്നു.

ഗ്രീവാ മഹസ്തവ മുഖഞ്ച ജനസ്തപസ്സ
ഫാലം ശിരസ്തവ സമസ്തമയസ്യ സത്യം
ഏവം ജഗന്മയതനോ! ജഗദാശ്രിതൈര-
പ്യന്യൈസ്സിതദ്ധവപുഷേ ഭഗവൻ! നമസ്തേ ൩

അങ്ങയുടെ കഴുത്തു് മഹർല്ലോകമായും തിരുമുഖം ജനർല്ലോകമായും നെറ്റി തപോലോകമായും സർവ്വസപ്തരൂപിയായ അങ്ങയുടെ ശിരസ്സു് സത്യലോകമായും പറയപ്പെട്ടുന്നു. അല്ലയോ ലോകരൂപശരീര! ഇങ്ങിനെ ലോകാശ്രിതങ്ങളായ മറ്റു വസ്തുക്കളെക്കൊണ്ടും നിബന്ധിയ്ക്കപ്പെട്ട ശരീരത്തോടുകൂടിയ അങ്ങയെ നമസ്കരിയ്ക്കുന്നു.

തവ ബ്രഹ്മരന്ധ്രപദമീശ്വര! വിശ്വകന്ദ!
ചരന്മാംസി കേശവ! ഘനാസ്ഥവ കേശപാശാഃ
ഉല്ലാസിചില്ലിയുഗളം ദ്യുഹിണസ്യ ഗേഹം
പക്ഷ്മാണി രാത്രിദിവസൌ സവിതാ ച നേത്രേ ൪

അല്ലയോ ലോകത്തിന്റെ മൂലകാരണമായ ഭഗവാനേ! അങ്ങയുടെ ബ്രഹ്മരന്ധ്രപദം വേങ്ങളും അല്ലയോ കേശവ! അങ്ങയുടെ കേശപാശം മേഘങ്ങളും വിലാസങ്ങളാൽ ശോഭിയ്ക്കുന്ന രണ്ടു പുരികങ്ങൾ ബ്രഹ്മഗേഹവും കണ്പോളരോമങ്ങൾ അഹോരാത്രങ്ങളും കണ്ണുകൾ സൂര്യചന്ദ്രന്മാരും ആകുന്നു.

നിശ്ശ്വാസവിശ്വരചനാ ച കടാക്ഷമോക്ഷഃ
കണ്ണൌ ദിശോശ്വിയുഗളം തവ നാസികേ ദ്യൌ
ലോഭത്രയേ ച ഭഗവന്നധരോത്തരോഷ്ഠൌ
താരാഗണാശ്ച രദനാശ്ചമനശ്ച ദംഷ്ട്രാ ൫

അല്ലയോ ഭഗവൻ! അങ്ങയുടെ കടാക്ഷമോക്ഷം അഖിലലോകങ്ങളുടെ സൃഷ്ടികർമ്മവും ചെവികൾ ദിക്കുകളും രണ്ടു മൂക്കുകൾ അശ്വിനീദേവകളും താഴെ ചുണ്ടു് ലോഭവും മേലെ ചുണ്ടു് ലജ്ജയും പല്ലുകൾ നക്ഷത്രങ്ങളും ദംഷ്ട്രയമനം ആകുന്നു.

മായാ വിലാസഹസിതം ശ്വസിതം സമീരോ
ജിഹ്വാ ജലം വചനമീശ! ശകുന്തപങ്ക്തിഃ
സിദ്ധാദയഃ സ്വരഗണാമുഖരന്ധ്രമഗ്നിർ–
ദ്യേവാ ഭുജാഃ സ്തനയുഗം തവ ധർമ്മദേവഃ ൬

ഹേ ഈശ! അങ്ങയുടെ വിലാസത്തോടുകൂടിയ പുഞ്ചിരി മായയും ശ്വാസം വായുവും നാവു് വെള്ളവും വാക്കു് പക്ഷികളും സ്വരങ്ങൾ സിദ്ധാദികളും മുഖദ്വാരം വഹ്നിയും കൈകൾ ദേവന്മാരും ഇരുമുലകൾ ധർമ്മദേവനും ആകുന്നു.

പൃഷ്ഠന്തധർമ്മ ഇഹ ദേവ! മനഃ സുധാംശു–
രവ്യക്തമേവ ഹൃദയാംബുജമംബുജാക്ഷ!
കുക്ഷിസ്സമുദ്രനിവഹാ വസനന്തു സന്ധ്യാ
ശ്രോണഃ പ്രജാപതിരസൌ വൃഷണൌ ച മിത്രഃ ൭

അല്ലയോ അംബുജാക്ഷ! അങ്ങയുടെ പുരുഷനും അധർമ്മവും മനസ്സ് ചന്ദ്രനും വൃദ്ധയപത്നീം അവ്യക്തവും വയറ് സമുദ്രങ്ങളും വസ്ത്രം സന്ധ്യകളും മേഢ്രം പ്രജാപതിയും വൃഷണങ്ങൾ മിത്രനും ആകുന്നു.

ശ്രോണീസ്ഥലം മൃഗഗണാഃ പദയോർനഖാസ്തേ
ഹസ്ത്യശ്വസൈന്ധവമുഖാ ഗമനന്തു കാലഃ
വിപ്രാദിവർണ്ണഭവനം വദനാബ്ജബാഹു-
ചാരുരുയുഗ്മചരണം കരുണാംബുധേ!തേ വ

അങ്ങയുടെ ശ്രോണീസ്ഥലം മൃഗസമൂഹങ്ങളും തൃപ്പാദങ്ങളുടെ നഖങ്ങൾ ആന ഒട്ടകം കുതിര മുതലായവയും നടത്തം കാലവും അല്ലയോ കരുണാവാരിധിയായ കൃഷ്ണ! അവിടുത്തെ താമരപോലെയുള്ള മുഖവും കൈകളും മനോഹരങ്ങളായ തുടകളും കാലുകളും ബ്രാഹ്മണാദി നാല് വർണ്ണങ്ങളുടെ ഉല്പത്തിസ്ഥലവും ആകുന്നു.

സംസാരചക്രമയി ചക്രധര! ക്രിയാസ്തേ
വീര്യം മഹാസുരഗണോസ്ഥികുലാനി ശൈലാഃ
നാഡ്യഃ സരിത്സമുദയസ്തരവശ്ച രോമ
ജീയാദിദം വപുരനിച്ഛനിയമീശ! ന

ഹേ സുദർശനചക്രധാരിയായ ഭഗവൻ! അങ്ങയുടെ ക്രിയകൾ സംസാരചക്രവും വീര്യം വിക്രമശാലികളായ അസുരന്മാരും അസ്ഥിസമൂഹങ്ങൾ പർവ്വതങ്ങളും നാഡികൾ നദീഗണങ്ങളും രോമം മരങ്ങളും ആകുന്നു. അല്ലയോ ഈശ്വര! നിർവ്വചിയ്ക്കുവാൻ അസാദ്ധ്യമായ അങ്ങയുടെ ഈ ശരീരം സർവ്വോല്ക്കർഷേണ വർത്തിയ്ക്കുമാറാകട്ടെ.

ഈദൃഗ്ജഗന്മയ വപുസ്തവ കർമ്മഭാജാം
കർമ്മാവസാനസമയേ സ്മരണീയമാഹുഃ
തസ്യാന്തരാത്മ വപുഷേ വിമലാത്മനേ തേ
വാതാലയാധിപ! നമോസ്തു നിരുന്ധിരോഗാൻ ഥ

ഇപ്രകാരമുള്ള അങ്ങയുടെ വിശ്വസ്വരൂപമായ രൂപം കർമ്മാനുഷ്ഠാതുക്കൾക്ക് കർമ്മങ്ങളുടെ അന്ത്യകാലത്തിൽ സ്മരിയ്ക്കു

പ്പെട്ടുവാൻ യോഗ്യമെന്നു് പറയുന്നു. ഹേ ഗുരുവായൂർ ഭഗവൻ! അതിന്റെ അന്തരാത്മവപുസ്സായി വിശുദ്ധാത്മാവായ അവിടേയ്ക്കു് നമസ്കാരം. എന്റെ രോഗങ്ങളെ അങ്ങു് ശമിപ്പിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയസ്തോത്രേ ദ്വിതീയസ്കന്ധേ
വിരാൾപുരുഷസ്യ ജഗദാത്മതാവർണ്ണനം ഷഷ്ഠം ദശകം.

ദശകം 7.

ഹിരണ്യഗർഭോല്പത്തിവർണ്ണനവും
ഹിരണ്യഗർഭതപശ്ചരണവർണ്ണനവുംവൈകുണ്ഠസപര്യോപവർണ്ണനവും
ഭഗവത്സപര്യോപസാക്ഷാൽകാരവർണ്ണനവും
ഭഗവദനുഗ്രഹവർണ്ണനവും.

ഏവം വേ ചതുരാത്മകജഗ-
ദ്ധേപേണ ജാതഃപുന-
സ്തസ്യോർദ്ധ്വം ഖലു സത്യലോകനിലയേ
ജാതോസി ധാതാ സ്വയം
യം ശംസന്തി ഹിരണ്യഗർഭമഖില
ത്രൈലോക്യജീവാത്മകം
യോദ്ഭൂൽ സ്വീതരജോവികാരവികസ-
ന്നാനാസിസൃക്ഷാരസഃ ൧

അല്ലയോ ഭഗവൻ! ഇങ്ങിനെ പതിന്നാലുലോകങ്ങളാകുന്ന സപര്യോപത്തോട്ടക്രൂടി ജനിച്ച അങ്ങുന്നുതന്നെ വീണ്ടും അതിന്റെ ഊർദ്ധ്വലോകത്തുള്ള സത്യലോകഗൃഹത്തിൽ ധാതാവായി ജനിച്ചു. സകല പ്രാണിജീവസപര്യോപനായ യാതൊരാളെ ഹിരണ്യഗർഭനെന്നു് പറയപ്പെടുന്നു? യാതൊരു ഹിരണ്യഗർഭൻ വർദ്ധിച്ച രജോവികാരംകൊണ്ടു് പ്രകാശിയ്ക്കുന്ന നാനാജീവിസൃഷ്ടീച്ഛാതല്പരനായിത്തീർന്നുവോ ആ കേവലാത്മാവു് അങ്ങുതന്നെ.

സോയം വിശ്വവിസർഗ്ഗദത്തഹൃദയ-
സ്സംപശ്യമാനഃസ്വയം
ബോധം ഖല്വനവാപ്യ വിശ്വവിഷയം
ചിന്താകുലസ്സ്ഥിവാൻ
താവത്തപം ജഗതാം പതേ! തപ തപേ-
ത്യേവം ഹി വൈഹായസീം
വാണീമേനമശിശ്രുവഃ ശ്രുതിസുഖാം
കുർവ്വംസ്തപഃ പ്രേരണാം ൨

ആ ബ്രഹ്മാവു് ലോകസൃഷ്ടിയിൽ ജാഗരൂകനായി എത്ര മാത്രം ആലോചിച്ചിട്ടും ലോകത്തിനെപ്പറ്റി ജ്ഞാനം ലഭിക്കാതെ സ്വയം വിചാരവിഹ്വലനായി നിലവായി. ഹേ ലോകനാഥ! അപ്പോൾ "തപ; തപ" (തപസ്സുചെയ്താലും) എന്നിങ്ങിനെ കർണ്ണാമൃതമായി കേട്ട ആകാശവാക്കിനെ അങ്ങു് ബ്രഹ്മാവിനെ കേൾപ്പിയ്ക്കയും തപസ്സിനു് പ്രേരിപ്പിയ്ക്കയും ചെയ്തു.

കൊസൌ മാമവദൽ പുമാനിതി ജലാപൂർണ്ണേ ജഗന്മണ്ഡലേ
ദിക്ഷൂദീക്ഷ്യ കിമപ്യനീക്ഷിതവതാ വാക്യാർത്ഥമൂൽപശ്യതാ
ദിവ്യം വർഷസഹസ്രമാത്തതപസാ തേന ത്വമാരാധിത-
സ്തസ്മൈ ദർശിതവാനസി സ്വനിലയം വൈകുണ്ഠമേകാദ്ഭുതം ൩

ലോകമെല്ലാം വെള്ളം നിറഞ്ഞ കാലത്തു് "ആരാണു് എന്നോടിങ്ങിനെ പറഞ്ഞതു്" എന്നു് നാലു ദിക്കിലും നോക്കി ഒന്നുംതന്നെ കാണാതെ ആ പറഞ്ഞതിന്റെ സാരം ആലോചിച്ചറിഞ്ഞു് ആയിരം ദിവ്യസംവത്സരം മുഴുവൻ തപസ്സുചെയ്ത ആ ബ്രഹ്മാവിനാൽ ആരാധിയ്ക്കപ്പെട്ട അങ്ങു് മുഖ്യാദ്ഭുതവും തന്റെ നിവാസസ്ഥലവും ആയ വൈകുണ്ഠലോകത്തെ ആ ബ്രഹ്മാവിനു് കാണിച്ചുകൊടുത്തു.

മായാ യത്ര കദാപി നോ വികുരുതേ ഭാതേ ജഗത്തേദ്യാ ബഹിഃ
ശോകക്രോധവിമോഹസാധ്വസമുഖാ ഭാവാസ്തു ദൂരം ഗതാഃ
സാന്ദ്രാനന്ദമയീ ച യത്ര പരമജ്യോതിഃ പ്രകാശാത്മകേ
തത്തേ ധാമ വിഭാവിതം വിജയതേ വൈകുണ്ഠ രൂപം വിഭോ!

അല്ലയോ വിഭോ! യാതൊരു വൈകുണ്ഠലോകത്തിൽ മായ ഒരിയ്ക്കലും വികാരത്തെ ചെയ്യുന്നില്ല. മറ്റു ലോകങ്ങൾക്കു് പുറമെ ശോഭിയ്ക്കുന്നതും ദുഃഖം, ക്രോധം, വിമോഹം, ഭയം മുതലായവ ഇല്ലാത്തതും ആയ ലോകം ആകുന്നു വൈകുണ്ഠം. പരമജ്യോതി സ്വരൂപമായ യാതൊരിടത്തിൽ സാന്ദ്രമായ സന്തോഷപ്രവാഹവും ഉണ്ടാകുന്നു. ബ്രഹ്മാവിനു് കാണിച്ചുകൊടുക്കപ്പെട്ട ആ വൈകുണ്ഠലോകം സർവ്വോല്ക്കർഷേണ വർത്തിയ്ക്കുന്നു.

യസ്മിന്നാമ ചതുർഭുജാ ഹരിമണിശ്യാമാവദാതദ്വിഷോ
നാനാഭൂഷണരത്നദീപിതദിശോ രാജദ്വിമാനാലയാഃ
ഭക്ത്യുപ്രാപ്തതഥാവിധോന്നതപദാ ദീവ്യന്തി ദിവ്യാ ജനാ-
സ്തത്തേ ധാമ നിരസ്തസർവ്വശമലം വൈകുണ്ഠരൂപം ജയേൽ ൪

യാതൊരേടത്തു് നാലു് കൈകളുള്ളവരായി ഇന്ദ്രനീലക്കല്ലു പോലെ നിർമ്മലശോഭയുള്ളവരായി നാനാഭരണങ്ങളാലും രത്നങ്ങളാലും ശോഭിപ്പിയ്ക്കപ്പെട്ട ദിക്കുകളോടുകൂടിയവരായി ശോഭിയ്ക്കുന്ന വിമാനങ്ങളിൽ വിളങ്ങുന്നവരായി ഭക്തികൊണ്ടു് ലഭിച്ച അപ്രകാരമുള്ള ഉന്നതസ്ഥാനത്തോടുകൂടിയവരായി ദിവ്യന്മാരായിരിയ്ക്കുന്ന ജനങ്ങളും ശോഭിയ്ക്കുന്നു. ആ സർവ്വദോഷഹരമായ അങ്ങയുടെ വൈകുണ്ഠലോകം സർവ്വോപരി വിജയിക്കുന്നു.

നാനാദിവ്യവധൂജനൈരഭിവൃതാ വിദ്യുല്ലതാതുല്യയാ
വിശ്രാന്തിം നവഹൃദ്യഗാത്രലതയാ വിദ്യോതിതാശാന്തരാ
തൽപാദാംബുജസൌരഭൈകകുതുകാല്ലക്ഷ്മീഃ സ്വയം ലക്ഷ്യതേ
യസ്മിൻ വിസ്മയനീയദിവ്യവിഭവം തത്തേ പദം ദേഹി മേ

യാതൊരുദിക്കിൽ അനേകം ദിവ്യവധുക്കളാൽ ചുറ്റപ്പെട്ടു് മിന്നലിനോടു് തുല്യവും ലോകവിമോഹനവും മനോഹരവും ആയ ശരീരത്തോടുകൂടി ശോഭിക്കപ്പെട്ട ദിക്കുകളോടുകൂടിയ ലക്ഷ്മീദേവി അങ്ങയുടെ തൃപ്പാദപങ്കജത്തിന്റെ പരിമളത്തിലുള്ള ഒരേ കൌതുകംകൊണ്ടു് സ്വയം കാണപ്പെടുന്നുവോ ആ വിസ്മയിക്കത്തക്ക ദിവ്യമാഹാത്മ്യത്തോടുകൂടിയ വൈകുണ്ഠലോകത്തെ ഇയുള്ളവനു് പ്രദാനംചെയ്യേണമേ!

തത്രൈവം പ്രതിദർശിതേ നിജപദേ രത്നാസനാദ്ധ്യാസിതം
ഭാസ്വൽകോടിലസൽകിരീടകടകാദ്യാകല്പദീപ്രാകൃതിം
ശ്രീവത്സാങ്കിതമാത്തകൌസ്തുഭമണിച്ഛായാരുണം കാരണം
വിശ്വേഷാംതവ രൂപമൈക്ഷത വിധിസ്ത്വത്തോ വിഭോ! ഭാതു മേ

ഇങ്ങിനെ കാണിച്ചുകൊടുക്കപ്പെട്ട വൈകുണ്ഠത്തിൽ സ്വ സ്ഥാനത്തിൽ രത്നസിംഹാസനത്തിൽ ഇരിയ്ക്കുന്നതായി കോടി സൂര്യപ്രകാശമാനങ്ങളായ കിരീടം, കടകം മുതലായ (നേപഥ്യ രചനയാൽ ശോഭിയ്ക്കുന്ന) ആകൃതിയോടുകൂടിയതായി ശ്രീവത്സം കൊണ്ടു് അങ്കിതമായി കൌസ്തുഭരത്നത്തിന്റെ ശോഭകൊണ്ടു് രക്തവർണ്ണമായി ലോകങ്ങൾക്കു് ആധികാരണമായി ശോഭിയ്ക്കുന്ന ഏതു രൂപം ബ്രഹ്മാവു് സാക്ഷാല്ക്കരിച്ചുവോ ആ രൂപം എന്റെ മുന്നിലും ശോഭിച്ചുകാണുമാറാകട്ടെ.

കാളാംഭോദകളായകോമളരുചി ചക്രേണ ചക്രം ദിശാ-
മാവൃണ്വാനമുദാരമന്ദഹസിതസ്യന്ദ പ്രസന്നാനനം
രാജൽകംബുഗദാരിപങ്കജധര ശ്രീമദ്ഭുജാമണ്ഡലം
സൃഷ്ടസ്ഥിതികരം വപുസ്തവ വിഭോ! മദ്രോഗമുദ്വാസയേൽ

അല്ലയോ വിഭോ! കാർകൊണ്ടലിന്റേയും കായാമ്പൂവിന്റേയും മനോഹരമായ ശോഭയുടെ സമൂഹംകൊണ്ടു് ദിക്കുകളെ മറയ്ക്കുന്നതും ഉദാരമായ പുഞ്ചിരിയുടെ പ്രവാഹംകൊണ്ടു് പ്രസന്നമുഖത്തോടുകൂടിയതും വിളങ്ങുന്ന ശംഖു്, ചക്രം, ഗദ, പദ്മം എന്നിവയെ ധരിയ്ക്കുന്ന നാലു് തൃക്കൈകളോടുകൂടിയതും ബ്രഹ്മാവിന്നു് തൃപ്തിപ്രദമായും ശോഭിയ്ക്കുന്ന അങ്ങയുടെ ദിവ്യ വിഗ്രഹം എന്റെ രോഗങ്ങളെ ശമിപ്പിയ്ക്കേണമേ!

ദൃഷ്ട്വാസംഭൃതസംഭ്രമഃ കമലഭൂ-
സ്തൽപാദപാഥോരുഹേ
ഹർഷാവേശവശംവദോ നിപതിതഃ
പ്രീത്യാ കൃതാർത്ഥീ ഭവൻ
ജാനാസ്യേവ മനീഷിതം മമ വിഭോ
ജ്ഞാനം തദുപാദേയ
ദൈതാദൈതഭവൽ സ്വരൂപപരമി-
ത്യുച്ചൈസ്തം താമഭജേ

ഭഗവദ്രൂപദർശനത്തിൽ സംഭ്രാന്തനായി സന്തോഷാവേശത്തിൽ അധീനനായി പ്രീതികൊണ്ടു് കൃതാർത്ഥനായിത്തീർന്ന ബ്രഹ്മാവു് അങ്ങയുടെ തൃപ്പാദപദ്മങ്ങളിൽ വീണു് "ഹേ വിഭോ! അങ്ങു് എന്റെ ഇഷ്ടം ഇന്നതെന്നു് അറിയുന്നതന്നെ. സ്ഥൂലസൂക്ഷ്മാഭിന്നരൂപസംബന്ധിയായ ആ ജ്ഞാനത്തെ എനിയ്ക്കു് ഉണ്ടാക്കിത്തരണേ" എന്നിങ്ങിനെ യാതൊരു ഭഗവാനോടു് അപേക്ഷിച്ചുവോ ആ നിന്തിരുവടിയെ ഞാൻ ഭജിയ്ക്കുന്നു.

ആതാമ്രേ ചരണേ വിനമ്രമഥ തം ഹസ്തേന ഹസ്തേ സ്പൃശൻ
ബോധസ്തേ ഭവിതാ ന സർഗ്ഗവിധിഭിർഭ്രംശോപി സഞ്ജായതേ
ഇത്യാഭാഷ്യ ഗിരം പ്രതോഷ്യ നിതരാം തച്ചിത്തഗൂഢഃസ്വയം
സ്വപ്നേ തം സമുദൈരയഃസ ഭഗവന്നല്ലാസയോല്ലാഘതാം

അനന്തരം കുറഞ്ഞൊന്നു് ചുകന്നു് വിളങ്ങുന്ന തൃക്കാക്കൽ വീണ ആ ബ്രഹ്മാവിനെ കൈക്കൊണ്ടു് കൈപിടിച്ചു് "അങ്ങയ്ക്കു് ജ്ഞാനം ഉദിയ്ക്കും. സൃഷ്ട്യനുഷ്ഠാനംകൊണ്ടു് ബന്ധം ഉണ്ടാകുന്നതല്ല" എന്നു് പറഞ്ഞു് ഏറ്റവും സന്തോഷിപ്പിച്ചു് ബ്രഹ്മാവിന്റെ ചിത്തത്തിൽ സ്വയം ഒളിഞ്ഞു് സൃഷ്ടികർമ്മത്തിൽ അദ്ദേഹത്തെ പ്രേരിപ്പിച്ച ഹേ ഭഗവൻ! ആരോഗ്യത്തെത്തരേണമേ!

ഇതി ഹിരണ്യഗർഭോൽപത്തിപ്രസ്താവവർണ്ണനാ
നാമദ്വിതീയസ്കന്ധേ സപ്തമദശകം.

തൃതീയസ്കന്ധം

ദശകം 8.

പ്രളയജഗൽസൃഷ്ടിവർണ്ണനം.

ഏവം താവൽ പ്രാകൃതപ്രക്ഷയാന്തേ
ബ്രാഹ്മേ കല്പേ ഹ്യാദിമേ ലബ്ധജന്മാ
ബ്രഹ്മാ ഭൂയസ്സൃത്തയേവാപ്യ വേദാൻ
സൃഷ്ടിംചക്രേ പൂർവ്വകല്പോപമാനാം ൧

ഇങ്ങിനെ പ്രാകൃതപ്രളയത്തിന്റെ ഒടുവിൽ ഒന്നാമത്തെ ബ്രാഹ്മകല്പത്തിൽത്തന്നെ ജനിച്ച ബ്രഹ്മാവു് പിന്നെ അങ്ങയിൽ നിന്നുതന്നെ വേദങ്ങളെ പ്രാപിച്ചു് പൂർവ്വകല്പത്തിലെപ്പോലെ തന്നെ സൃഷ്ടിചെയ്തു.

സോയം ചതുർയുഗസഹസ്രമിതാന്യഹാനി
താവന്മിതാശ്ച രജനീർബ്രഹ്മശോ നിനായ
നിദ്രാത്യസൌ തവയി നിലീയ സമം സചിത്തൈ-
സ്തൈമിത്തികപ്രളയമാഹുരതോസ്യരാത്രിം ൨

അ ഈ ബ്രഹ്മാവു് ആയിരം ചതുർയുഗംകൊണ്ടു് കണക്കാക്കപ്പെട്ട ദിവസങ്ങളേയും അത്രയും രാത്രികളേയും നയിച്ചിട്ടു് സചയം സൃഷ്ടങ്ങളായവയോടുകൂടി അങ്ങയിൽ ലയിച്ചുറങ്ങുന്നു. അതുകൊണ്ടിദ്ദേഹത്തിന്റെ രാത്രിയെ നൈമിത്തികപ്രളയമെന്നു് പറയുന്നു.

അസ്മദ്ഗുരാം പുനരഹർമ്മുഖകൃത്യതുല്യാം
സൃഷ്ടിം കരോത്യനുദിനം സ ഭവൽപ്രസാദാൽ
പ്രാക്ബ്രഹ്മകല്പജനുഷാഞ്ച പരായുഷാം തു
സുപ്തപ്രബോധനസമാസ്തി തദാപി സൃഷ്ടിഃ ൩

അദ്ദേഹം പിന്നെ അസ്മാദ്ഗുരുന്മാരുടെ പ്രഭാതകർമ്മതുല്യമായ സൃഷ്ടിയെ പ്രതിദിനം ഭവൽകൃപയാൽ നിർവ്വഹിയ്ക്കുന്നു. അപ്പോഴുള്ള സൃഷ്ടി പണ്ടു് ബ്രാഹ്മകല്പത്തിൽ ജനിച്ചവർക്കും ദീർഘായുഷ്മാന്മാർക്കും ഉറങ്ങി ഉണരുന്നതിനോടു് തുല്യമാകുന്നു.

പഞ്ചാശദബ്ജമധുനാ സപദായോർദ്ധ്വപ-
മേകം പരാർദ്ധമതിവൃത്യ ഹി വർത്തതേസൌ
തത്രാന്ത്യരാത്രിജനിതാൻ കഥയാമി ഭൂമൻ!
പശ്ചാദ്ദിനാവതരണേ ച ഭവദ്വിലാസാൻ ൪

ഇപ്പോൾ ഇദ്ദേഹം തന്റെ വയസ്സിൽ അർദ്ധഭാഗവും അമ്പതുകൊല്പം കണക്കാക്കിയ ഒരു പരാർദ്ധകാലത്തെ അതിക്രമിച്ചിരിയ്ക്കുന്നുവല്ലോ. അല്ലയോ ഭൂമാവേ! അതിൽ ഒടുവിലത്തെ രാത്രി സംഭവിച്ചതും അടുത്ത ദിനാവതാരത്തിൽ (പ്രഭാതത്തിൽ) നടന്നതും ആയ അങ്ങയുടെ വിലാസങ്ങളെ ഞാൻ പറയാം.

ദിനാവസാനേഥ സരോജയോനിഃ
സൃഷ്ടിക്രമസ്ഥായി സന്നിലില്യേ
ജഗന്തി ച തജ്ജാരം സമീയു-
സ്തദേകമേകാർണ്ണവമാസ വിശ്വം ൫

അനന്തരം ബ്രഹ്മാവു് ദിനാവസാനത്തിൽ ഉറങ്ങുവാനാഗ്രഹിച്ചു് അങ്ങയിൽ ലയിച്ചു് ലോകമെല്ലാം അവിടുത്തെ ജാരത്തിനുള്ളിലായി. അപ്പോൾ ഈ ലോകം ജലമയമായിത്തീർന്നു.

തവൈവ വേഷോ ഫണിരാജ ശേഷോ
ജലൈകശേഷേ ഭുവനേ സ്മ ശേഷേ
ആനന്ദസാന്ദ്രാനുഭവസ്വരൂപഃ
സ്വയോഗനിദ്രാപരിമുദ്രിതാത്മാ ൬

ലോകം ജലംകൊണ്ടു് മാത്രം ശേഷിച്ചപ്പോൾ ആനന്ദത്തിന്റെ സാന്ദ്രാനുഭവമാകുന്ന സ്വരൂപത്തോടുകൂടിയ അങ്ങു് തന്റെ യോഗനിദ്രകൊണ്ടു് മുദ്രവെയ്ക്കപ്പെട്ട ആത്മാവിനോടു് കൂടിയവനായി സർവ്വേശ്വരനായിത്തന്നെയിരിയ്ക്കുന്ന ആദിശേഷനായ സർപ്പരാജനിൽ ശയിച്ചു.

കാലാഖ്യശക്തിം പ്രളയാവസാനേ
പ്രബോധയേത്യാദിശതാ കിലാദൌ
തയാ പ്രസുപ്തം പരിസുപ്തശക്തി
വ്രജേന തത്രാഖിലജീവധാത്രാ ൭

പ്രളയാരംഭത്തിൽ തന്നിൽ ലീനങ്ങളായ മൂലപ്രകൃതി മുഖ്യങ്ങളായ ശക്തിവർഗ്ഗങ്ങളോടു് കൂടിയവനായി എല്ലാ ജീവാ

തമാക്കൾക്കും ആശ്രയമായി "പ്രളയാവസാനഘട്ടത്തിൽ എന്നെ ഉണർത്തുക" എന്നു് കാലാഭിധശക്തിയോടു് കല്പിച്ചുകൊണ്ടു് അങ്ങു് യോഗനിദ്രയെ പ്രാപിച്ചു.

ചതുര്യുഗാനാമ്പ സഹസ്രമേവം
തയി പ്രസുപ്തേ പുനരദ്വിതീയേ
കാലാഖ്യശക്തിഃപ്രഥമപ്രബുദ്ധാ
പ്രാബോധയത്താം കില വിശ്വനാഥ ൮

അല്ലയോ ലോകനാഥ! അങ്ങു് ഇങ്ങിനെ ഏകനായി ആയിരം ചതുര്യുഗങ്ങളും ഉറങ്ങിക്കൊണ്ടിരിയ്ക്കേ കാലാഖ്യശക്തി ആദ്യം ഉണർന്നു് അങ്ങയെ ഉണർത്തിപോൽ.

വിബുദ്ധ്യ ചതാംജലഗർഭശായിൻ!
വിലോക്യലോകാനഖിലാൻപ്രലീനാൻ
തേഷ്വേവ സൂക്ഷ്മാത്മതയാ നിജാന്തഃ
സ്ഥിതേഷു വിശ്വേഷു ദദാഥദൃഷ്ടിം ൯

അല്ലയോ വെള്ളത്തിൽ ശയിച്ചിരുന്ന ഭഗവൻ! അങ്ങു് ഉണർന്നു് എല്ലാ ലോകങ്ങളും തങ്കൽ ലയിച്ചതായി കണ്ടു് സൂക്ഷ്മാത്മനാ ഉള്ളിൽ ലയിച്ചിരിയ്ക്കുന്ന ആ ലോകങ്ങളിൽത്തന്നെ ദൃഷ്ടിപതിപ്പിച്ചു.

തതസ്ത്വദീയാദയി! നാഭിരന്ധ്രാ-
ദുദഞ്ചിതം കിഞ്ചന ദിവ്യപദ്മം
നിലീനനിശ്ശേഷപദാർത്ഥമാലാ
സംക്ഷോഭരൂപം മുകുളായമാനം ൧൦

അല്ലയോ ഈശ്വര! പിന്നെ തന്നിൽ ലയിച്ച എല്ലാ വസ്തുക്കളുടേയും സാരസ്വരൂപമായി വിരിയാതിരിയ്ക്കുന്ന ഒരു ദിവ്യമായ പദ്മം അവിടുത്തെ നാഭിരന്ധ്രത്തിൽനിന്നു് സംജാതമായി.

തദേതദംഭോരുഹകുമളം തേ
കളേബരാത്തോയപഥേ പ്രരൂഢം
ബഹിസ്നിരീതം പരിതഃ സ്ഫുരദ്ഭിഃ
സപദ്മരശ്മിപ്രസരൈർ നഭസ്തൽ ൧൧

അങ്ങയുടെ ദിവ്യവിഗ്രഹത്തിൽനിന്നു് ജലമാർഗ്ഗത്തിൽ മുള്ള അ ഈ താമരമൊട്ടു് പുറത്തു് കാണപ്പെട്ടു് എങ്ങും പ്രകാശിയ്ക്കുന്ന സ്വതേജസ്സുകൊണ്ടു് ഇരുട്ടിനെ എല്ലാം നശിപ്പിച്ചു.

സംഫുല്ലപത്രേ നിതരാം വിചിത്രേ
തസ്മിൻ ഭവദ്വീര്യ്യധൃതേ സരോജേ
സ പദ്മജന്മാ വിധിരാവിരാസീൽ
സ്വയം പ്രബുദ്ധാഖിലവേദരാശിഃ ൫൨

വിരിഞ്ഞ ഇതളുകളുള്ളതായി പരമാത്ഭുതമായി ഭവവീര്യ്യത്താൽ ധരിയ്ക്കപ്പെട്ട ആ താമരപ്പൂവിൽ സ്വയം അറിയപ്പെട്ട വേദങ്ങളോടുകൂടിയവനും പദ്മജന്മാവു് എന്നു് പേരുള്ളവനും ആയ ആ ബ്രഹ്മാവു് ആവിർഭവിച്ചു.

അസ്മിൻ പരാത്മൻ! നനു പാത്മകല്പേ
ത്വമിത്ഥമുത്പാദിതപദ്മയോനിഃ
അനന്തഭൂമാ മമ രോഗരാശിം
നിരുന്ധി വാതാലയവാസ വിഷ്ണോ! ൫൩

ഗുരുവായൂരപുരത്തിൽ വസിയ്ക്കുന്ന പരാത്മാവായ വിഷ്ണുഭഗവാനേ! ഈ പദ്മകല്പത്തിൽ ബ്രഹ്മാവിനെ ഉണ്ടാക്കി അനന്തമാഹാത്മ്യം വിളങ്ങുന്ന അങ്ങു് എന്റെ എല്ലാ രോഗങ്ങളേയും നശിപ്പിയ്ക്കണമേ!

ഇതി തൃതീയസ്കന്ധേ അഷ്ടമദശകം.

ദശകം 9.

- ജഗൽസൃഷ്ടിപ്രകാരവർണ്ണനം.

സ്ഥിതഃസകമലോദ്ഭവസ്ത്വ ഹി നാഭിപങ്കേരുഹേ
കൃതസ്ത്വിദിദമംബുധാവുദിതമിത്യനാലോകയൻ
തദീക്ഷണകുതൂഹലാൽ പ്രതിദിശം വിവൃത്താനന-
ശ്ചതുർവ്വദനതാമഗാദധികസംഭൃതിം ദുഷ്യ്യംബുജാം ൧

ആ കമലജന്മാവാകട്ടെ, അങ്ങയുടെ നാഭിപത്മത്തിൽ ഇരുന്നുകൊണ്ടു് ഇങ്ങിനെ ഒരു താമരപ്പൂ കടലിൽ എവിടെ

നിന്നാണെണ്ടായതെന്നാലോചിച്ചു് കിട്ടാതെ അതു് കാണാനുള്ള കൌതുകംകൊണ്ടു് ദിക്കുകളിലെല്ലാം തിരഞ്ഞുനോക്കി.

മഹാണ്ണവവിഘൂണ്ണിതം കമലമേവ തൽ കേവലം
വിലോക്യ തദുപാശ്രയം തവ തനും തു നാലോകയൻ
ക ഏഷ കമലോദരേ മഹതി നിസ്സഹായോഹ്യഹം
കുതസ്സ്വിദിദമംബുജം സമജനീതി ചിന്താമഗാൽ ൨

മഹാസമുദ്രത്തിൽ ഇളകിക്കൊണ്ടിരിയ്ക്കുന്ന ആ വെറും താമരപ്പൂവിനെ മാത്രം കണ്ടും തദാധാരമായ അങ്ങയുടെ ദിവ്യരൂപം കാണാഞ്ഞിട്ടും ഈ വലിയ താമരയ്ക്കുള്ളിൽ അശരണനായ ഈ ഞാൻ ആർ? ഈ താമര എവിടെ നിന്നുത്ഭവിച്ചു എന്നിങ്ങനെ അദ്ദേഹം ചിന്തയെ പ്രാപിച്ചു (വിചാരിച്ചു).

അമുഷ്യ ഹി സരോരുഹഃ കിമപി കാരണം സംഭവേ-
ദിതി സ്മ കൃതനിശ്ചയസ്സ ഖലു നാളരന്ധ്രാധ്വനാ
സ്വയോഗബലവിദ്യയാ സമവരുധ്യവാൻ പ്രൌഢധീ-
സ്തദീയമതിമോഹനം ന തു കളേബരം ദൃഷ്ടവാൻ ൩

ഈ താമരപ്പൂവിനു് എന്തെങ്കിലും കാരണം ഉണ്ടായിരിയ്ക്കും എന്നു് നിശ്ചയിച്ചു് അതിബുദ്ധിമാനായ അദ്ദേഹം തന്റെ യോഗശക്തിവിദ്യകൊണ്ടു് താമരവളയത്തിന്റെ ഉള്ളിലെ മാർഗ്ഗം വഴിയായി കീഴ്പ്പോട്ടിറങ്ങിനോക്കിയിട്ടും നിന്തിരുവടിയുടെ അതിമനോഹരമായ ശരീരം കണ്ടെത്തിയില്ല.

തതസ്സകലനാളികാവിവരമാർഗ്ഗതോ മാർഗ്ഗയൻ
പ്രയസ്യ ശതവത്സരം കിമപി നൈവ സംദൃഷ്ടവാൻ
നിവൃത്യ കമലോദരേ സുഖനിഷണ്ണ ഏകാഗ്രധീഃ
സമാധിബലമാദധേ ഭവദനുഗ്രഹൈകാഗ്രഹീ ൪

പിന്നെ അദ്ദേഹം താമരവളയത്തിന്റെ എല്ലാ ദ്വാരങ്ങളും വഴിയായും സഞ്ചരിച്ചു് തിരഞ്ഞു് നൂറു് സംവത്സരം പ്രയത്നിച്ചിട്ടും ഒന്നുംതന്നെ കണ്ടെത്തിയില്ല. പിന്നെ അതിൽ നിന്നു് മടങ്ങി താമരയ്ക്കുള്ളിൽ സുഖമായി ഇരുന്നു് ഭവദനുഗ്രഹത്തെ മാത്രം ആഗ്രഹിച്ചുകൊണ്ടു് ഏകാഗ്രചിത്തനായി സമാധിബലത്തെ വഹിച്ചു.

ശതേന പരിവത്സരൈർദ്ദുഃസമാധിബന്ധോല്ലസൽ-
പ്രബോധവിശദീകൃതസ്യ ഖലു പദ്മിനീസംഭവഃ
അദൃഷ്ടചരമദ്ഭുതം തവ ഹി രൂപമന്തർഗുരാ
വ്യചഷ്ട പരിതുഷ്ടധീർഭഗവതോഗഭാഗാശ്രയം ൪

ആ പദ്മജന്മാവാകട്ടെ നൂറ് കൊല്ലത്തോളം ദൃഢമായ സമാധിബന്ധംകൊണ്ട് ശോഭിയ്ക്കുന്ന ജ്ഞാനംകൊണ്ട് പരിശുദ്ധനായി മുമ്പ് കണ്ടിട്ടില്ലാത്തതും അത്ഭുതവും അനന്തനാകുന്നതെന്തയുടെ ഒരു ഭാഗത്തെ അവലംബിച്ചതും ആയ നിന്തിരുവടിയുടെ ദിവ്യരൂപത്തെ ജ്ഞാനചക്ഷുസ്സുകൊണ്ട് സന്തുഷ്ടചിത്തനായിക്കണ്ടു.

കിരീടമകുടോല്ലസൽകടകഹാരകേയൂരയുങ്
മണിസ്ഫുരിതമേഖലം സുപരിവീതപീതാംബരം
കളായകുസുമപ്രഭം ഗളതലോല്ലസൽകൌസ്തുഭം
വപുസ്തവയി! ഭാവയേ കമലജന്മനേ ദർശിതം ൫

കിരീടമകുടംകൊണ്ട് ശോഭിച്ച വള മുത്തുമാല തോൾവള എന്നിവയുള്ളതായി രത്നങ്ങളെക്കൊണ്ട് ശോഭിയ്ക്കുന്ന അരഞ്ഞാണുള്ളതായി മഞ്ഞപ്പട്ട് ചാർത്തിയതായി കായാമ്പൂവിന്റെ അഴകുള്ളതായി കഴുത്തിൽ വിളങ്ങുന്ന കൌസ്തുഭരത്നമുള്ളതായി ബ്രഹ്മാവിനു് കാണിച്ചുകൊടുക്കപ്പെട്ടതായിരിയ്ക്കുന്ന ആ ദിവ്യവിഗ്രഹത്തെ അല്ലയോ സ്വാമിൻ! ഞാൻ സദാ ധ്യാനിയ്ക്കുന്നു.

ശ്രുതിപ്രകരദർശിതപ്രചുരവൈഭവ ശ്രീപതേ!
ഹരേ ജയ ജയ പ്രഭോ! പദമുപൈഷി ദിഷ്ട്യാ ദൃശോഃ
കുരുഷ്വ ധിയമാശു മേ ഭുവനനിർമ്മിതൌ കർമ്മഠാ-
മിതി ദ്രുഹിണവർണ്ണിതസ്വഹൃണബൃംഹിമാം പാഹി മാം

വേദസമൂഹത്താൽ പ്രദർശിയ്ക്കപ്പെട്ട വലിയ മാഹാത്മ്യമുള്ളവനും ലക്ഷ്മീകാന്തനും പ്രഭുവും ആയ അല്ലയോ വിഷ്ണുഭഗവാനേ! അവിടുന്നു് ജയിച്ചാലും! ജയിച്ചാലും! ഭാഗ്യംകൊണ്ടു് അങ്ങു് എനിയ്ക്കു് ദൃഷ്ടിഗോചരനായി. അവിടുന്നു് എനിയ്ക്കു് ലോകസൃഷ്ടിയിൽ ബുദ്ധിസാമർത്ഥ്യത്തെ വേഗത്തിൽ ഉളവാക്കിത്തരേണമേ! എന്നിങ്ങനെ ബ്രഹ്മാവിനാൽ വർണ്ണിയ്ക്കപ്പെട്ട സ്വഹൃണമാഹാത്മ്യത്തോടുകൂടിയ അങ്ങു് എന്നെ രക്ഷിച്ചാലും.

ലഭസേ ഭവനത്രയീരചനദക്ഷതാമക്ഷതാം
ഗ്രഹാണ മദനുഗ്രഹം കുരു തപശ്ച ഭൂയോ വിധേ!
ഭവത്പരിലസാധനീ മയി ച ഭക്തിരത്യൽകടേ-
ത്യദീര്യ ഗിരമാദധാ മുദിതചേതസം വേധസം വ

അല്ലയോ വിധാതാവേ! അങ്ങ് അവ്യാഹതമായ തെ ലോകസൃഷ്ടിസാമർത്ഥ്യത്തെ പ്രാപിച്ചാലും. എന്റെ അനുഗ്രഹം കൈക്കൊള്ളുക. ഇനിയും തപസ്സ് ചെയ്താലും. എല്ലാം സാധിപ്പിയ്ക്കുന്നതും വലിയതും ആയ മത്ഭക്തി ഉണ്ടാകട്ടെ എന്നിപ്രകാരം പറഞ്ഞ് അങ്ങ് ബ്രഹ്മാവിനെ സന്തുഷ്ടചിത്തനാക്കിത്തീർത്തു.

ശതം കൃതതപാസ്തതസ്സ ഖലു ദിവ്യസംവത്സരാ-
നവാപ്യ ച തപോബലം മതിബലഞ്ച പൂർവ്വാധികം
ഉദീക്ഷ്യ കില കംപിതം പയസി പങ്കജം വായുനാ
ഭവദ്ബലവിജൃംഭിതഃ പവനപാഥസീ പീതവാൻ ൯

അനന്തരം അദ്ദേഹം നൂറ് ദിവ്യസംവത്സരം മുഴുവനും തപസ്സ് ചെയ്ത് പൂർവ്വാധികമായ തപഃശക്തിയും ബുദ്ധിവൈഭവവും നേടി വെള്ളത്തിലുള്ള താമര വായുവിനാൽ ഇളക്കപ്പെട്ടതായി കണ്ടു് അങ്ങയുടെ ബലംകൊണ്ടു് വർദ്ധിച്ചു് ആ വായുവിനേയും ജലത്തേയും പാനം ചെയ്യുവതേ.

തവൈവ കൃപയാ പുനസ്സരസിജേന തേനൈവ സ
പ്രകൽപ്യ ഭുവനത്രയീം പ്രവവൃതേ പ്രജാനിർമ്മിതൌ
തഥാവിധകൃപാഭരോ ഗുരുമരുൽപുരാധീശ്വര!
തമാശു പരിപാഹി മാം ഗുരുദയോക്ഷിതൈരീക്ഷിതൈഃ

പിന്നെ അദ്ദേഹം അവൽകൃപകൊണ്ടു് ആ താമരകൊണ്ടു തന്നെ ലോകത്രയവും സൃഷ്ടിച്ചു് പ്രജാനിർമ്മാണത്തിനും മുതിർന്നു. അല്ലയോ ഗുരുവായൂരപ്പ! തത്താദൃശമായ ദയാധികൃമുള്ള അങ്ങ് പുരുകാരുണ്യാമൃതം വഴിഞ്ഞൊഴുകുന്ന കടാക്ഷങ്ങളെക്കൊണ്ടു് എന്നെ വേഗം രക്ഷിച്ചാലും!

ഇതി തൃതീയസ്കന്ധേ ജഗൽസൃഷ്ടിപ്രകാരവിവരണം
നവമദശകം.

ദശകം 10.

സൃഷ്ടിഭേദവർണ്ണനം.

വൈകുണ്ഠ! വർദ്ധിതബലോഽഥ ഭവൽപ്രസാദാ-
ദംഭോജയോനിരസൃജൽ കില ജീവദേഹാൻ
സ്ഥാസ്നൂനി ദ്രുഹമയാണി തഥാ തിരശ്ചാം
ജാതിം മനുഷ്യനിവഹാനപി ദേവഭേദാൻ ൧

അല്ലയോ വൈകുണ്ഠ! അങ്ങയുടെ അനുഗ്രഹംകൊണ്ട് ബലം വർദ്ധിച്ച ബ്രഹ്മാവ് വൃക്ഷാദികളായ സ്ഥാവരങ്ങളേയും അപ്രകാരം പക്ഷിമൃഗാദികളായ തിര്യക്കുകളേയും മനുഷ്യഗണങ്ങളേയും വിവിധദേവന്മാരേയും ഇങ്ങിനെ പല ജീവികളേയും സൃഷ്ടിച്ചു.

മിഥ്യാഗ്രഹാസ്മിമതിരാഗവികോപഭീതി-
മജ്ഞാനവൃത്തിമിതി പഞ്ചവിധാം സ സൃഷ്ട്വാ
ഉദ്ദാമതാമസപദാർത്ഥവിധാനദുന-
സ്തേനേ തപദീയചരണസ്മരണം വിധ്വസ്ത്യൈ ൨

അനന്തരം ബ്രഹ്മാവ് മിഥ്യാബോധം, അഹംബുദ്ധി, രാഗം, കോപം, ഭയം എന്നീ അഞ്ചുതരത്തിലുള്ള അജ്ഞാനവൃത്തിയെ സൃഷ്ടിച്ചിട്ട് അതിപ്രവൃദ്ധമായ താമസപദാർത്ഥങ്ങളെ സൃഷ്ടിച്ചതിൽ ദുഃഖിതനായി വിജ്ഞാനശുദ്ധിയുണ്ടാവേണ്ടി അങ്ങയുടെ തൃപ്പാദങ്ങളെ സ്മരിച്ചു.

താവത്സസർജ്ജ മനസാ സനകം സനന്ദം
ദ്വയസ്സനാതനമുനിഞ്ച സനൽകുമാരം
തേ സൃഷ്ടികർമ്മണി തു തേന നിയുജ്യമാനാ-
സ്ത്വൽപാദഭക്തിരസികാ ജഗൃഹുർന്ന വാണീം ൩

അപ്പോൾ ബ്രഹ്മാവ് മനസ്സുകൊണ്ട് സനകനേയും സനന്ദനേയും പിന്നെ സനാതനമുനിയേയും സനൽകുമാരനേയും സൃഷ്ടിച്ചു. അവർ ബ്രഹ്മാവിനാൽ സൃഷ്ടികർമ്മത്തിൽ പ്രേരിതന്മാരായി എങ്കിലും അങ്ങയുടെ തൃപ്പാദത്തിലുള്ള ഭക്തിയിൽ ശ്രദ്ധാലുക്കളായി ബ്രഹ്മാവിന്റെ വാക്കിനെ കൈക്കൊള്ളുകയുണ്ടായില്ല.

താവൽ പ്രകോപമുദിതം പ്രതിരുന്ധതോസ്യ
ഭ്രൂമദ്ധ്യതോജനി മൂഡോ ഭവദേകദേശഃ
നാമാനി മേ കുരു പദാനി ച ഹാ വിരിഞ്ചോ-
ത്യാദൌ രുരോദ കില തേന സ രുദ്രനാമാ ൮

അപ്പോൾ നേരിട്ട കോപത്തെ ഉള്ളിലൊതുക്കിയ ബ്രഹ്മാവിന്റെ ഭ്രൂമദ്ധ്യത്തിൽനിന്നു് ഭവദംശാവതാരമായ രുദ്രൻ ജനിച്ചു. അല്ലയോ ബ്രഹ്മാവേ! എനിയ്ക്കു് പേരും സ്ഥാനവും കല്പിച്ചുതരണേ എന്നു് അവൻ നിലവിളിച്ചപ്പോൾ രുദ്രൻ എന്ന പേരും അദ്ദേഹത്തിനുണ്ടായി.

ഏകാദശാഹ്വയതയാ ച വിഭിന്നരൂപം
രുദ്രം വിധായ ദയിതാ വനിതാശ്ച ദത്വാ
താവന്ത്യദത്ത ച പദാനി ഭവൽപ്രണുന്നഃ
പ്രാഹ പ്രജാവിരചനായ ച സാദരന്തം ൯

തൽപ്രേരിതനായ ബ്രഹ്മാവു് രുദ്രനെ ഭിന്നരൂപങ്ങളിൽ പതിനൊന്നാക്കിത്തീർത്തു് പ്രിയഭാര്യമാരേയും സ്ഥാനങ്ങളേയും നല്കി ആദരവോടുകൂടി പ്രജാനിർമ്മാണത്തിനു് രുദ്രനെ നിയോഗിച്ചു. മനു തുടങ്ങിയവർ ഏകാദശരുദ്രന്മാർ; ധീവൃത്തിപ്രഭൃതികൾ ഭാര്യമാർ; ഹൃദയാദി സ്ഥാനങ്ങൾ: ഭാഗവതം നോക്കുക.

രുദ്രാഭിസൃഷ്ടഭയദാകൃതിരുദ്രസംഘ-
സംപൂര്യമാണഭുവനത്രയഭീതചേതാഃ
മാ മാ പ്രജാഃ സൃജ തപശ്ചര മംഗലായേ-
ത്യാചഷ്ട തം കമലഭൂർഭവദീരിതാത്മാ ൧൦

രുദ്രനാൽ സൃഷ്ടിയ്ക്കപ്പെട്ട ഭയങ്കരാകാരന്മാരായ രുദ്രന്മാരാൽ നിറയപ്പെട്ട ലോകത്രയം കണ്ടു് ഭീതനായി അങ്ങയാൽ പ്രേരിതമായ ആത്മാവോടുകൂടിയവനായിട്ടു് ബ്രഹ്മാവു്, "നീ പ്രജകളെ സൃഷ്ടിയ്ക്കരുതു്; ശുഭത്തിന്നായി തപസ്സുചെയ്യുക" എന്നു് രുദ്രനോടു് പറഞ്ഞു.

തസ്യാഥ സത്ത്വരസികസ്യ മരീചിരത്രി-
സ്തത്രാംഗിരാഃ ക്രതുമുനിഃ പുലഹഃ പുലസ്ത്യഃ
അംഗാദജായത ഭൃഗ്വപി വസിഷ്ഠദക്ഷൌ
ശ്രീനാരദശ്ച ഭഗവൻ ഭവദംഘ്രിദാസഃ ൧൧

അല്ലയോ ഭഗവൻ! അനന്തരം സൃഷ്ടിതല്പരനായ ബ്രഹ്മാവിന്റെ അംഗത്തിൽനിന്നു് മരീചി, അത്രി, അംഗിരസ്സു്, ക്രതു, പുലഹൻ, പുലസ്ത്യൻ, ഭൃഗു, വസിഷ്ഠൻ, ദക്ഷൻ, ഭവൽപാദപദ്മദാസനായി ശ്രീനാരദൻ എന്നീ മഹർഷിമാർ ജനിച്ചു.

ധർമ്മാദികാനഭിസൃജന്നഥ കർദ്ദമഞ്ച
വാണീം വിധായ വിധിരംഗജസംകുലോത്ഥാൽ
താദ്ബോധിതൈസ്സനകദക്ഷമുഖൈസ്തനൂജൈ-
രുൽബോധിതശ്ച വിരരാമ തമോ വിമുഞ്ചൻ . വ

ബ്രഹ്മാവു് ധർമ്മാദികളേയും കർദ്ദമനേയും സൃഷ്ടിച്ചു. സരസ്വതിയെ സൃഷ്ടിച്ചു് കാമപരവശനായിത്തീർന്നു. അങ്ങയാൽ ഉൽബോധിപ്പിയ്ക്കപ്പെട്ട സനകദക്ഷപ്രഭൃതികളായ പുത്രന്മാരാൽ ഉൽബോധിപ്പിയ്ക്കപ്പെട്ട ഉടനെ തമോഗുണത്തെ വെടിഞ്ഞു് അതിൽനിന്നു് വിരമിച്ചു.

വേദാൻ പുരാണനിവഹാനപി സർവ്വവിദ്യാഃ
കൃത്സ്നാൻനിജാനനഗണാച്ചതുരാനനോസൌ
പുത്രേഷു തേഷു വിനിധായ സ സർഗ്ഗവൃദ്ധി-
മപ്രാപ്നുവംസ്ത്വ പദാംബുജമാശ്രിതോഽഭൂൽ ൯

ഈ ബ്രഹ്മാവു് നിജമുഖങ്ങളിൽനിന്നു് വേദങ്ങളേയും പുരാണസമൂഹങ്ങളേയും എല്ലാ വിദ്യകളേയും സൃഷ്ടിച്ചു് പുത്രന്മാരിൽ അവയെ നിക്ഷേപിച്ചു് സൃഷ്ടിയുടെ അഭിവൃദ്ധിയെ പ്രാപിയ്ക്കാത്തവനായി നിന്നിരുവടിയുടെ പാദപദ്മത്തെത്തന്നെ ആശ്രയിച്ചു.

ജാനന്നുപായമഥ ദേഹമജോ വിഭജ്യ
സ്ത്രീപുംസഭാവമഭജന്നനുതദ്ധൃഷ്യം
താഭ്യാഞ്ച മാനുഷകുലാനി വിവർദ്ധയംസ്ത്വം
ഗോവിന്ദ മാരുതപുരേശ! നിരുന്ധി രോഗാൻ ൧൦

അനന്തരം ബ്രഹ്മാവു് അതിനുള്ള ഉപായം കണ്ടുപിടിച്ചു് സ്വദേഹത്തെ വിഭജിച്ചു് മനുവിനെക്കൊണ്ടും തൽഭാര്യയെ

ക്കൊണ്ടും സ്ത്രീപുരുഷഭാവത്തെ ആശ്രയിച്ചു. അല്ലയോ വായുപുരേശനായ ഗോവിന്ദ! അവരെക്കൊണ്ടു് മനുഷ്യവർഗ്ഗത്തെ വർദ്ധിപ്പിച്ചുവരുന്ന ഞങ്ങളുടെ എന്നേറ രോഗങ്ങളെ നിരോധിയ്ക്കുമാറാകണേ!

ഇതി തൃതീയസ്കന്ധേ സൃഷ്ടിഭേദവർണ്ണനം ദശമദശകം.

ദശകം 11.

സനകാദീനാം വൈകുണ്ഠപ്രവേശഃ
ജയവിജയശാപഃ ഹിരണ്യകശിപു ഹിരണ്യാക്ഷോല്പത്തിശ്ച.

ക്രമേണ സർഗ്ഗേ പരിവർദ്ധമാനേ
കദാപി ദിവ്യാസ്സനകാദയസ്തേ–
ഭവദ്വിലോകായ വികുണ്ഠലോകം
പ്രപേദിരേ മാരുതമന്ദിരേശ! ൧

സൃഷ്ടികർമ്മം ക്രമത്തിൽ വളർന്നുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ ദിവ്യന്മാരായ സനകപ്രഭൃതികൾ അല്ലയോ ഗുരുവായുപുരേശ! അവിടുത്തെ തൃക്കണ്ണാൽക്കാണ്മാനായി വൈകുണ്ഠലോകം പ്രാപിച്ചു.

മനോജ്ഞനൈശ്രേയസകാനനാദ്യൈ–
രനേകവാപീമണിമന്ദിരൈശ്ച
അനോപമം തം ഭവതോ നികേതം
മുനീശ്വരാഃ പ്രാപുരതീതകക്ഷ്യാഃ ൨

മനോഹരങ്ങളായ നൈശ്രേയസകാനനം മുതലായവകൊണ്ടും അനേകം തടാകങ്ങൾ രത്നമാളികകൾ എന്നിവകൊണ്ടും നിസ്തുലമായ അവിടുത്തെ ആ ഭവനത്തെ മഹർഷിപുംഗവന്മാർ ഓരോ കക്ഷ്യകളേയും അതിക്രമിച്ചു് പ്രാപിച്ചു.

ഭവദ്ദിദൃക്ഷൂൻ ഭവനം വിവിക്ഷൂൻ
ദ്വാസ്ഥൗ ജയസ്താൻ വിജയോപ്യരുന്ധാം
തേഷാഞ്ച ചിത്തേ പദമാപ കോപഃ
സ്വം ഭവൽപ്രേരണയൈവ ഭ്രമൻ! ൩

നിന്തിരുവടിയെ സന്ദർശിയ്ക്കുവാനാഗ്രഹിച്ചുകൊണ്ടു് ഭവനത്തെ പ്രവേശിയ്ക്കുവാനിച്ഛിയ്ക്കുന്ന ആ മുനീശ്വരന്മാരെ ഗോപുരപാലകന്മാരായ ജയവിജയന്മാർ തടഞ്ഞു; അവരുടെ ഹൃദയത്തിൽ ക്രോധം സ്ഥലം പിടിച്ചു. അല്ലയോ ഭഗവൻ! ഇതെല്ലാം അങ്ങയുടെ പ്രേരണകൊണ്ടുതന്നെയാണു്.

വൈകുണ്ഠലോകാനുചിതപ്രചേഷ്ടൗ
കഷ്ടൗ യുവാം ദൈത്യഗതിം ഭജേതം
ഇതിപ്രശപ്തൗ ഭവദാശ്രയൌ തൌ
ഹരിസ്മൃതിന്നോസ്ഥിതിനേമതുസ്താൻ ൪

വൈകുണ്ഠലോകത്തിലേയ്ക്കു് അയുക്തമായ ചേഷ്ടയോടുകൂടിയവരും ദുഷ്ടന്മാരും ആയ നിങ്ങൾ അസുരന്മാരുടെ സ്ഥിതിയെ പ്രാപിയ്ക്കുവിൻ എന്നിപ്രകാരം മഹർഷിമാരാൽ ശപിയ്ക്കപ്പെട്ടവരും അങ്ങുകൂടെ ആശ്രയത്തോടുകൂടിയവരും ആയ ജയവിജയന്മാർ "ഞങ്ങൾക്കു് വിഷ്ണുസ്മരണയുണ്ടാകട്ടെ" എന്നു് പറഞ്ഞു് അവരെ നമസ്കരിച്ചു.

തദേതദാജ്ഞായ ഭവാനവാപ്ത-
സ്സഹൈവ ലക്ഷ്മ്യാ ബഹിരംബുജാക്ഷ!
ഖഗേശ്വരാംസാപ്പിതചാരുബാഹു-
രാനന്ദയംസ്താനഭിരാമമൂർത്ത്യാ ൫

അല്ലയോ പുണ്ഡരീകാക്ഷ! അങ്ങു് ആ ഈ വിവരം അറിഞ്ഞു് ലക്ഷ്മീഭഗവതിയോടുകൂടിത്തന്നെ ഗരുഡനിൽ തന്റെ മനോഹരങ്ങളായ തൃക്കൈകളെ അപ്പിച്ചുകൊണ്ടും തന്റെ മനോജ്ഞരൂപംകൊണ്ടു് അവരെ സന്തോഷിപ്പിച്ചുകൊണ്ടും പുറത്തേയ്ക്കു് വന്നു.

പ്രസാദ്യ ഗീർഭിഃ സ്തുവതോ മുനീന്ദ്രാ-
നനന്യനാഥാവഥ പാർഷ്ണ്ടൌ തൌ
സംരംഭയോഗേന ഭവൈസ്ത്രിഭിർമ്മാ-
മുപേതമിത്യാത്തകൃപം ന്യഗാദീഃ ൬

അങ്ങു് സ്തുതിയ്ക്കുന്ന ആ മുനീശ്വരന്മാരെ വാക്കുകൾകൊണ്ടു് സന്തോഷിപ്പിച്ചു് സംരംഭയോഗത്തെ സ്വീകരിച്ചു് മൂന്നു്

ജന്മങ്ങളെക്കൊണ്ടു് അനന്യനാഥന്മാരായ നിങ്ങൾ എന്നെ പ്രാപിയ്ക്കുവിൻ എന്നു് ഭയയോടുകൂടി അരുളിച്ചെയ്തയുണ്ടായീ.

തദീയഭൃത്യാവഥ കാശ്യപാത്തൌ
സുരാരിവീരാവുദിതൌ ദിതൌ ദ്വൌ
സന്ധ്യാസമുൽപാദനകഷ്ടചേഷ്ടൌ
യമൌ ച ലോകസ്യ യമാവിവാന്യൌ ൨

അങ്ങയുടെ ഭൃത്യന്മാരായ അവർ കാശ്യപനിൽനിന്നു് ദിതിയിൽ രണ്ടു് അസുരശ്രേഷ്ഠന്മാരായി ജനിച്ചു. സന്ധ്യാസമയത്തു് ജനിപ്പിയ്ക്കയാൽ ക്രൂരചേഷ്ടയോടുകൂടിയവരും ഇരട്ട പ്രസവിയ്ക്കപ്പെട്ടവരും ആയ ആ രണ്ടു് അസുരന്മാരും മറ്റു രണ്ടു് അന്തകന്മാരെപ്പോലെ ആയി ഭവിച്ചു.

ഹിരണ്യപൂർവ്വഃ കശിപുഃ കിലൈകഃ
പരോ ഹിരണ്യാക്ഷ ഇതി പ്രതീതഃ
ഉഭൌ ഭവന്നാഥമശേഷലോകം
രുഷാ ന്യരുന്ധാംനിജവാസനാന്ധൌ ൩

ഒരുവൻ ഹിരണ്യകശിപുവും മറവൻ ഹിരണ്യാക്ഷനും ആണെന്നു് പ്രസിദ്ധമാണു്. സ്വഭാവസനാശകരുതികൊണ്ടു് അന്ധന്മാരായ അവർ രണ്ടാളും അങ്ങാകുന്ന നാഥനോടുകൂടിയ എല്ലാ ലോകങ്ങളേയും കോപത്തോടെ ഉപദ്രവിച്ചു.

തയോർഹിരണ്യാക്ഷമഹാസുരേന്ദ്രോ-
രണായ ധാവന്നവാപ്തവൈരീ
ഭവൽപ്രിയാം ക്ഷ്മാം സലിലേ നിമജ്യ
ചചാര ഗർവ്വാദിനദൻ ഗദാവാൻ ൪

അവരിൽ ഹിരണ്യാക്ഷനാകുന്ന മഹാസുരശ്രേഷ്ഠൻ യുദ്ധത്തിന്നുവേണ്ടി ഓടി ശത്രുവിനെ കിട്ടാതെ അങ്ങയുടെ പ്രിയയായ ഭൂമിയെ വെള്ളത്തിലാഴ്ത്തി ഗർവ്വിഷ്ഠനായി ഗദയോടുകൂടി അലറി നടന്നു.

തതോ ജലോത്സസ്തരം ഭവന്തം
നിരീക്ഷ്യ ബിഭ്രാമ ഗവേഷയംസ്ത്വാം
ഭക്തൈകഭൃശ്യസ്സകൃപാനിധേ! ത്വം
നിരുന്ധി രോഗാൻമരുദാലയേശ! ൫

അനന്തരം അങ്ങ് തനിയ്ക്ക് തുല്യനാണെന്ന് വരുണനിൽ നിന്ന് കേട്ടറിഞ്ഞു് അവൻ അങ്ങയെ തിരഞ്ഞുകൊണ്ട് അലഞ്ഞുനടന്നു. കരുണാവാരിധിയായ ഗുരുവായൂരപ്പ! ഭക്തന്മാക്ക് മാത്രം കാണ്മാൻ കഴിയാവുന്ന അങ്ങ് എന്റെ രോഗങ്ങളെ ശമിപ്പിയ്ക്കുമാറാകണേ!

ഇതി ഹിരണ്യാക്ഷോല്പത്തിവിവരണം.

ദശകം 12.

വരാഹാവതാരഃ

സ്വയംഭുവോ മന്വരലോ ജനസർഗ്ഗശീലോ
ദൃഷ്ട്വാ മഹീമസമയേ സലിലേ നിമഗ്നാം
സ്രഷ്ടാരമാപ ശരണം ഭവദംഘ്രിസേവാ
തുഷ്ടാശയം മുനിജനൈസ്സഹ സത്യലോകേ ൧

അനന്തരം സൃഷ്ടിശീലനും സ്വയംഭൂപുത്രനും ആയ മനു അകാലത്തിൽ ജലമഗ്നയായ ഭൂമിയെ കണ്ടു് സത്യലോകത്തിൽ അങ്ങയുടെ തൃപ്പാദസേവകൊണ്ടു് സന്തുഷ്ടനായ ബ്രഹ്മാവിനെ മഹർഷിമാരോടുകൂടെ ശരണം പ്രാപിച്ചു.

കഷ്ടം പ്രജാഃ സൃജതി മയ്യവനിർനിമഗ്നാ
സ്ഥാനം സരോജഭവ! കല്പയ തൽ പ്രജാനാം
ഇത്യേവമേഷ കഥിതോ മനുനാ സ്വയംഭു-
രംഭോരുഹാക്ഷ! തവ പാദയുഗം വ്യചിന്തീൽ ൨

അല്ലയോ പദ്മജന്മാവേ! ഞാൻ പ്രജകളെ സൃഷ്ടിച്ചുകൊണ്ടിരിയ്ക്കേ, ഭൂമി മുങ്ങിപ്പോയി, കഷ്ടം! അതുകൊണ്ടു് പ്രജകൾക്കുള്ള സ്ഥാനം നിശ്ചയിയ്ക്കുക എന്നിപ്രകാരം മനുവിനാൽ പറയപ്പെട്ട ബ്രഹ്മാവു് അല്ലയോ അംബുജാക്ഷ! അങ്ങയുടെ പാദങ്ങളെ ഓർത്തു.

ഹാഹാ വിഭോ! ജലമഹംന്യവിദം പുരസ്താ-
ദദ്യാപി മജ്ജതി മഹീകിമഹം കരോമി
ഇത്ഥം തവാംഘ്രിയുഗളം ശരണം യതോസ്യ
നാസാപുടാൽ സമഭവഗ്ശ്വിശൂകോലരൂപീ ൩

ഹേ പ്രഭോ! കഷ്ടം! കഷ്ടം! ഞാൻ മുമ്പേതന്നെ പ്രളയജലം കുടിച്ചു. എന്നിട്ടിപ്പോഴും ഭൂമി മുങ്ങുന്നു. ഞാനെന്തുചെയ്യുന്നു. ഇപ്രകാരം അങ്ങയുടെ തൃക്കാലിണയെ ആശ്രയിച്ച ബ്രഹ്മാവിന്റെ നാസാരന്ധ്രത്തിൽനിന്നു് ഒരു പന്നിക്കുട്ടിയുടെ രൂപത്തിൽ അങ്ങു് അവതരിച്ചു.

അംഗുഷ്ഠമാത്രവപുരുൽപതിതഃ പുരസ്താൽ
ഭൂയോഽഥ കുംഭിസദൃശസ്സമജൃംഭഥാസ്ഥം
അഭ്രേ തഥാവിധമുദീക്ഷ്യ ഭവന്തമുച്ചൈ-
ശ്ചിന്തേരതാം വിധിരഗാത്സഹ സൂനഭിസ്തൈഃ ൪

നിന്തിരുവടി ആദ്യം ഒരു തള്ളവിരലോളം മാത്രം വലിപ്പത്തിൽ ഉല്പതിച്ചു. വീണ്ടും ഒരു ആനയോളം വലിപ്പത്തിൽ വർദ്ധിച്ചു. ആകാശത്തിൽ അത്രമാത്രം വളർന്നുപൊങ്ങിയ അങ്ങയെ കണ്ടു് ബ്രഹ്മാവു് സപുത്രന്മാരോടുകൂടെ ആശ്ചര്യപരതന്ത്രനായി.

കോസാവചിന്ത്യമഹിമാ കിടിരൂപധാരീ മേ
നാസാപുടാൽ കിമു ഭവേദജിതസ്യ മായാ
ഇത്ഥം വിചിന്തയതി ധാതരി ശൈലമാത്ര-
സ്സദ്യോ ഭവൻ കില ഗർജ്ജിത ഘോരഘോരം ൫

അവർണ്യമാഹാത്മ്യത്തോടുകൂടി എന്റെ മൂക്കിൽനിന്നു് പുറപ്പെട്ട ഈ വരാഹമേതു്? വിഷ്ണുവിന്റെ മായതന്നെയോ? ബ്രഹ്മാവു് ഇങ്ങിനെ വിചാരിച്ചുകൊണ്ടിരിയ്ക്കേ, അങ്ങന്നു് ഉടൻ പർവ്വതാകൃതിയായിത്തീർന്നു് അതിഭയങ്കരമാംവണ്ണം ഗർജ്ജിച്ചു.

തം തേ നിനാദമുപകർണ്യ ജനസ്ഥപസ്ഥാഃ
സത്യസ്ഥിതാശ്ച മുനയോ നനുവർഭവന്തം
തൽസ്തോത്രഹർഷുലമനാഃ പരിണദ്യ ഭൂയ-
സ്തോയാശയം വിപുലമൂർത്തിരവാതരസ്ത്വം ൬

നിന്തിരുവടിയുടെ ആ ഗർജ്ജനാരവം കേട്ടു് ജനർലോകം, തപോലോകം, സത്യലോകം എന്നീ ലോകങ്ങളിലുള്ള മഹർഷിമാർ അങ്ങയെ സ്തുതിച്ചു. അവരുടെ സ്തോത്രങ്ങളാൽ സന്തുഷ്ടചിത്തനായി വിപുലവിഗ്രഹനായ അങ്ങു് പിന്നെയും അലറിക്കൊണ്ടു് സമുദ്രത്തിനുള്ളിൽ പ്രവേശിച്ചു.

ഊർദ്ധപ്രസരിപരിധൂമ്രവിധൂതരോമാ
പ്രോൽക്ഷിപ്തബാലധിരവാങ്മുഖഘോരഘോണഃ
തുണ്ണപ്രദീർണ്ണജലദഃ പരിഘൂർണ്ണദക്ഷ്ണാ
സ്തോതൃന്മുനീൻശിശിരയന്നവതേരിഥ ത്വം ൭

മേല്പോട്ടാക്കിയ ചുകന്നതും ഇളക്കപ്പെട്ടതും ആയ രോമങ്ങളോടുകൂടിയവനായി വാലുയർത്തിപ്പിടിച്ചു് ഭയങ്കരമായ മുക്കു് കീഴ്പോട്ടാക്കി മേഘങ്ങളെ ക്ഷണത്തിൽ ഭേദിച്ചുകൊണ്ടു് അങ്ങു് ഇളകുന്ന കണ്ണൊണ്ടു് സ്തുതിയ്ക്കുന്ന മഹർഷിമാരെ സന്തോഷിപ്പിച്ചുകൊണ്ടു് ഇറങ്ങി.

അന്തർജ്ജലം തദനു സങ്കുലനക്രചക്രം
ഭ്രാമ്യത്തിമിംഗിലകുലം കലുഷോർമ്മിമാലം
ആവിശ്യ ഭീഷ്ണരവേണ രസാതലസ്ഥാ-
നാകംപയൻ വസുമതീമഗവേഷയസ്ത്വം ൮

അനന്തരം മൂതലകളുടെ സമൂഹം നിറഞ്ഞതും പരിഭ്രമിയ്ക്കുന്ന തിമിംഗിലകുലങ്ങളോടുകൂടിയതും കലങ്ങിയ തിരമാലക്രൂട്ടങ്ങളോടുകൂടിയതും ആയ ജലത്തിനുള്ളിൽ കടന്നു് ഭയങ്കരമായ ശബ്ദംകൊണ്ടു് രസാതലത്തിലുള്ളവരെ വിറപ്പിച്ചുകൊണ്ടു് അങ്ങു് ഭ്രമിയെ തിരഞ്ഞു.

ദൃഷ്ടാഥദൈത്യഹതകേന രസാതലാന്തേ
സംവേശിതാം ഝടിതി കൂടകിടിച്ചിഭോ! ത്വം
ആപാതുകാനവിഗണയ്യ സുരാരിഘോടാൻ
ദംഷ്ട്രാങ്കുരേണ വസുധാമദധാസ്സലീലം ൯

അല്ലയോ വിഭോ! മായാവരാഹമൂർത്തിയായ അങ്ങു് അനന്തരം ആ അസുരപാതകനാൽ രസാതലത്തിന്നടിയിൽ കൊണ്ടുപോയി സ്ഥാപിയ്ക്കപ്പെട്ട ഭ്രമിയെ കണ്ടു് നേരിട്ടുവരുന്ന ദുഷ്ടന്മാരായ അസുരന്മാരെ കണക്കാക്കാതെ ദംഷ്ട്രാങ്കുരംകൊണ്ടു് കളിയായി പൊക്കിയെടുത്തു.

അഭ്യുദ്ധരന്നഥ ധരാം ദശനാഗ്രലഗ്ന-
മുസ്താംകുരാങ്കിത ഇവാധികപീവരാത്മാ
ഉദ്ധൂതഘോരസലിലാജ്ജലധേരുദഞ്ചൻ
ക്രീഡാവരാഹവപുരീശ്വര! പാഹി രോഗാൽ ൧൦

അല്ലയോ ഈശ്വരാ! അനന്തരം തേറയുടെ തലപ്പത്തു് പററിയ മുത്തങ്ങാക്കിഴങ്ങുകൊണ്ടു് അടയാളപ്പെട്ടവനെന്നപോലെ ഭ്രമിയെ പൊക്കിയെടുത്തുകൊണ്ടു് ഏററവും തടിച്ചു് ഇളക്കപ്പെട്ട ഭയങ്കരജലമുള്ള കടലിൽനിന്നു് പൊങ്ങിവരുന്നവനും ക്രീഡാവരാഹരൂപിയുമായ അങ്ങു് രോഗങ്ങളിൽനിന്നു് എന്നെ രക്ഷിയ്ക്കുണമേ!

ഇതി വരാഹാവതാരം.

ദശകം 13.

ഹിരണ്യാക്ഷവധം യജ്ഞവരാഹസ്തുതിശ്ച.

ഹിരണ്യാക്ഷന്താവദ്വരദ! ഭവദന്വേഷണപരം
ചരന്തം സാംവർത്തേ പയസി നിജജംഘാപരിമിതേ
ഭവൽഭക്തൊ ഗത്വാ കപടപടുധീർനാരദമുനിഃ
ശനൈരൂചേ നന്ദൻദനുജമപി നിന്ദംസ്തവബലം ൧

അല്ലയോ വരദാതാവേ! അപ്പോൾ തന്റെ കണങ്കാലോളം മാത്രം ഉള്ള പ്രളയജലത്തിൽ നിന്തിരുവടിയെ തിരയുന്ന ഹിരണ്യാക്ഷനോടു് ഭവൽഭക്തനും കപടസമർത്ഥബുദ്ധിയും ആയ നാരദമഹർഷി അസുരനെ പ്രശംസിച്ചുകൊണ്ടും അങ്ങയുടെ ബലത്തെ നിന്ദിച്ചുകൊണ്ടും പതുക്കെ പറഞ്ഞു.

സ മായാവീ വിഷ്ണുഃ ഹരതി ഭവദീയാം വസുമതിം
പ്രഭോ! കഷ്ടം കഷ്ടം കിമിദമിതി തേനാഭിഗദിതഃ
നദൻ കാസൌ കാസാവിതി സ മുനിനാ ദർശിതപഥോ
ഭവന്തം സംപ്രാപദ്ധരണിധരമുദ്യന്തമുദകാൽ ൨

മായാവിയായ ആ വിഷ്ണു അങ്ങയുടെ ഭ്രമിയെ അപഹരിയ്ക്കുന്നു. അല്ലയോ പ്രഭോ! ഇതു് കഷ്ടാൽ കഷ്ടതരംതന്നെ. ഇപ്രകാരം നാരദനാൽ പറയപ്പെട്ട ഹിരണ്യാക്ഷൻ "അവൻ എവിടെ? അവനെവിടെ?" എന്നലറിക്കൊണ്ടു് നാരദനാൽ വഴികാണിച്ചുകൊടുക്കപ്പെട്ടവനായി ഭ്രമിയെ വഹിച്ചു് വെള്ളത്തിൽനിന്നു് പൊങ്ങിവരുന്ന അങ്ങയുടെ അടുത്തെത്തി.

അഹോ അരണ്യോയം മൃഗ ഇതി ഹസന്തം ബഹുതരൈർ–
ദ്രുതൈത്വച്ഛിദ്യന്തം ദിതിസുതമവജ്ഞായ ഭഗവൻ!
മഹീം ദൃഷ്ട്വാ ദംഷ്ട്രാശിരസി ചകിതാം സേവനമഹസാ
പയോധാവാധായ പ്രസഭമുദയുങ്ക്ഥാ മൃധവിധൌ ൫

"ഛെ! ഇതൊരു കാട്ടുമൃഗമാണു്" എന്നു് ഹസിച്ചുകൊണ്ടു് അനേകവിധം ഉർഭാഷണങ്ങളെക്കൊണ്ടു് ഹൃദയം ഭേദിയ്ക്കുന്ന ആ അസുരനെ അവജ്ഞചെയ്തിട്ടു് തന്റെ ദംഷ്ട്രാഗ്രത്തിൽ സ്ഥിതിചെയ്യുന്ന ഭൂമിയെ ഭീതിയായിക്കണ്ടു് അല്ലയോ ഭഗവൻ! അവിടുന്നു് സ്വതേജോമാഹാത്മ്യത്താൽ സമുദ്രത്തിൽവെച്ചു് ബലാല്ക്കാരേണ യുദ്ധത്തിനു് ഉദ്യമിച്ചു.

ഗദാപാണൌ ദൈത്യേ തുമുലപരിഘാഗൃഹിതോന്നതഗതൌ
നിയുദ്ധേന ക്രീഡൻ ഘടഘടരവോൽഘുഷ്ടവിയതാ
രണോല്ലോകൌൽസുക്യാന്മിളതി സുരസംഘേ ദ്രുതമുടൻ
നിരുന്ധ്യാസ്സന്ധ്യാതഃ പ്രഥമമിതി ധാത്രാ ജഗദിഷേ ൬

അസുരൻ ഗദ കയ്യിലെടുത്തപ്പോൾ അങ്ങും ഒരു വലിയ ഗദ എടുത്തുകൊണ്ടു് ഘടഘടാശബ്ദംകൊണ്ടു് മാറ്റൊലിക്കൊള്ളുന്ന ആകാശത്തോടുകൂടിയ യുദ്ധംകൊണ്ടു് കളിയ്ക്കുമ്പോൾ യുദ്ധദർശനോൽക്കണ്ഠയോടുകൂടി ദേവസമൂഹം വന്നുചേർന്നപ്പോൾ സന്ധ്യാകാലത്തിനുമുമ്പു് ഇവനെ വേഗം കൊന്നാലും എന്നു് ബ്രഹ്മാവിനാൽ അറിയിയ്ക്കപ്പെട്ട.

ഗദോന്മുക്തേ തസ്മിന്സ്തവ ഖലു ഗദായാം ദിതിഭുവോ
ഗദാഘാതാൽ ഭ്രമ്യൌ ഝടിതി പതിതായാമഹഹ ഭോഃ!
മൃദുസ്മേരാസ്യസ്ത്വം ദനുജകുലനിർമ്മൂലനചണം
മഹാചക്രം സംഭൃതപ കരഭുവി ദധാനോ രുരുചിഷേ ൭

ആ ഗദായുദ്ധത്തിൽ ദൈത്യന്റെ ഗദാപ്രഹരംകൊണ്ടു് അങ്ങയുടെ ഗദ വേഗത്തിൽ അത്യാശ്ചര്യകരമാകുമാറു് ഭ്രമിയിൽ വീണപ്പോൾ അങ്ങു് പുഞ്ചിരിക്കൊണ്ടു് അസുരവംശത്തെ തീരെ നശിപ്പിയ്ക്കുവാൻ സാമർത്ഥ്യമുള്ള സുദർശനചക്രത്തെ ഓർക്കുകയും അതു് കയ്യിലണിഞ്ഞു് ശോഭിയ്ക്കുകയും ചെയ്തു.

തതഃ ശൂലം കാലപ്രതിമരുഷി ദൈത്യേ വിസൃജതി
തപയി ചരിന്ദത്യേതൽ കരകലിതചക്രപ്രഹരണാൽ
സമാരുഷ്ടോ മുഷ്ട്യാ സ ഖലു വിതുദംസ്താം സമതനോൽ
ഗളന്മായേ മായാസ്ഥായി കില ജഗന്മോഹനകരീഃ ന്യ

അനന്തരം കാലപ്രതിമക്രോധനായ അസുരൻ ശൂലം അയച്ചപ്പോൾ അങ്ങ് കയ്യിലുള്ള ചക്രംകൊണ്ടുള്ള പ്രഹരത്താൽ അതിനെ മുറിയ്ക്കുകയും, ആ അസുരനാകട്ടെ അതികുപിതനായി അങ്ങയെ മുഷ്ടികൊണ്ട് പ്രഹരിച്ചു; മായയെ നശിപ്പിയ്ക്കുന്ന അങ്ങയിൽ ജഗത്തിനെ മോഹിപ്പിയ്ക്കുന്ന അനേകവിധം മായകളെ പ്രയോഗിച്ചു.

ഭവച്ചക്രജ്യോതിഷ്ണലവനിപാതേന വിധുതേ
തതോ മായാചക്രേ വിതതഘനരോഷാന്ധമനസം
ഗരിഷ്ഠാഭിർമുഷ്ടിപ്രഹൃതിഭിരഭിഘ്നന്തമസുരം
സപാദാംഗുഷ്ഠേന ശ്രവണപടമൂലേ നിരവധീഃ ൭

പിന്നെ അസുരന്റെ മായകൾ അങ്ങയുടെ തൃച്ചക്രത്തിന്റെ ജ്യോതിസ്സ്പർശം തട്ടി നിഷ്ഫലമായപ്പോൾ പ്രവൃദ്ധവും ഘനവുമായ രോഷംകൊണ്ട് അന്ധനായി ഗുരുതമങ്ങളായ മുഷ്ടിപ്രഹരങ്ങളാൽ അടിയ്ക്കുന്ന അസുരനെ തന്റെ കാലിലെ പെരുവിരൽകൊണ്ട് ചെവിയ്ക്കടയിൽ അടിച്ചുകൊന്നു.

മഹാകായസ്സോയം തവ ചരണപാതപ്രമഥിതോ
ഗളദ്രക്തോ വക്ത്രാദപതദുഷിഭിഃ ശ്ലാഘിതഹതിഃ
തദാ തത്രാമുഷ്മാമപ്രമദഭരവിദ്യോതിഹൃദയാ
മുനീന്ദ്രാഃ സാന്ദ്രാഭിഃ സ്തുതിഭിഃ രനുവന്നദ്ധരതനും വ

മഹാകായനായ ആ ഈ അസുരൻ അങ്ങയുടെ ചവിട്ടുകൊണ്ട് ചതഞ്ഞു വായിൽനിന്നു രക്തം ഛർദ്ദിച്ചു മഹർഷിമാരാൽ ശ്ലാഘിയ്ക്കപ്പെട്ട മരണത്തോടുകൂടി വീണു. അപ്പോൾ ഏറ്റവും വർദ്ധിച്ച സന്തോഷഭാരംകൊണ്ട് പ്രകാശിയ്ക്കുന്ന ഹൃദയമുള്ള മഹർഷിവര്യന്മാർ സാന്ദ്രസ്തുതികളെക്കൊണ്ട് യാഗസംരക്ഷകനായ അങ്ങയെ സ്തുതിച്ചു.

ത്വചി ച്ഛന്ദോ രോമസ്വപി കുശഗണശ്ചക്ഷുഷി ഘൃതം
ചതുർഹോതാരോംഘ്രൌ സ്രുഗപി വദനേ ചോദര ഇഡാ
ഗ്രഹാ ജിഹ്വായാന്തേ പരപുരുഷ കണ്ഠേ ച ചമസാ
വിഭോ! സോമോ വീര്യം വരദ! ഗളദേശേപ്യുപസദഃ ൯

അല്ലയോ വരദനം വിഭുവും ആയ പരാനന്ദസ്വരൂപിയായ വിഭോ! അങ്ങയുടെ തൊലിയിൽ ഛന്ദസ്സും രോമങ്ങളിൽ കുശസമൂഹവും കണ്ണിൽ ഘൃതവും തൃപ്പാദത്തിൽ നാലു് ഹോതാക്കളും മുഖത്തിൽ ജുഹുവും കുക്ഷിയിൽ ഇഡയും നാവിൽ ഗ്രഹങ്ങളും കണ്ഠത്തിൽ ചമസങ്ങളും കഴത്തിൽ ഉപസത്തുകളും ഭവിയ്ക്കുന്നു. സോമം രേതസ്സും ആകുന്നു.

മുനീന്ദ്രൈരിത്യാദിസ്തവനമുഖരൈർമോദിതമനാ
മഹീയസ്യാ മൂർത്ത്യാ വിമലതരകീർത്ത്യാ ച വിലസൻ
സ്വധിഷ്ണ്യം സംപ്രാപ്തസ്സുഖരസവിഹാരീ മധുരിപോ!
നിരുന്ധ്യാ രോഗം മേ സകലമപി വാതാലയപതേ! ൧൦

അല്ലയോ മധുവൈരിയായ ഗുരുവായൂരപ്പാ! ഇത്യാദി സ്തോത്രങ്ങളാൽ സ്തുതിയ്ക്കുന്ന മുനീന്ദ്രന്മാരാൽ സന്തുഷ്ടമനസ്സായി ശ്രേഷ്ഠമായ മൂർത്തികൊണ്ടും പരിശുദ്ധതരമായ കീർത്തികൊണ്ടും ശോഭിച്ചുകൊണ്ടു് വൈകുണ്ഠലോകം പ്രാപിച്ചു് സുഖരസത്തോടെ ഇഷ്ടംപോലെ കളിച്ചുകൊണ്ടു് എന്റെ സകല രോഗങ്ങളേയും തടയേണമേ.

ഇതി തൃതീയസ്കന്ധേ ഹിരണ്യാക്ഷനിഗ്രഹഃ

ദശകം 14.

കപിലോപാഖ്യാനം.

സമനസ്കതാവകാംഘ്രിയുഗ്മ–
സ്യ മനഃ പങ്കജസംഭവാംഗജന്മാ
നിജമന്തരമന്തരായഹീനം
ചരിതം തേ കഥയൻ സുഖം നിനായ ൧

ആ ബ്രഹ്മപുത്രനായ മനു അങ്ങയുടെ തൃപ്പാദങ്ങളെ സ്മരിച്ചുകൊണ്ടും അങ്ങയുടെ ചരിതത്തെ വർണ്ണിച്ചുകൊണ്ടും തന്റെ കാലം യാതൊരു വിഘ്നവുംകൂടാതെ കഴിച്ചുകൂട്ടി.

സമയേ ഖലു തത്ര കർദ്ദമാഖ്യോ
ദ്രുഹിണശ്ചായ ഭവസ്തദീയവാചാ
ധൃതസർഗ്ഗരസോ നിസർഗ്ഗരമ്യം
ഭഗവംസ്ത്വാമയുതം സമാസ്സിഷേവേ ൨

അല്ലയോ ഭഗവൻ! അക്കാലത്തു് ബ്രഹ്മാവിന്റെ ഛായയിൽനിന്നുണ്ടായ കർദ്ദമൻ ബ്രഹ്മാവിന്റെ വാക്കുകളാൽ സൃഷ്ടിതല്പരനായി നിസർഗ്ഗസുന്ദരനായ നിന്തിരുവടിയെ പതിനായിരം കൊല്ലം സേവിച്ചു.

ഗരുഡോപരി കാളമേഘകല്പം
വിലസൽകേളി സരോജപാണിപദ്മം
ഹസിതോല്ലസിതാനനം വിഭോ! ത്വം
വപുരാവിഷ്കൃതവേ സ്മ കർദ്ദമായ ൩

ഹേ! വിഭോ! ഗരുഡന്റെ പുറത്തു് കാർമ്മേഘംപോലെ മനോഹരവും കളിത്താമരപ്പൂവുകളുള്ള തൃക്കൈകളോടുകൂടിയതും ആയ ആ ദിവ്യവിഗ്രഹത്തെ അങ്ങു് കർദ്ദമനു് കാണിച്ചുകൊടുത്തു.

സ്തുവതേ പുളകാവൃതായ തസ്മൈ
മനുപുത്രീം ദയിതാം നവാപി പുത്രീഃ
കപിലഞ്ച സുതം സ്വമേവ പശ്ചാൽ
സ്വഗതിഞ്ചാപ്യനുഗൃഹ്യനിർഗ്ഗതോഭൂഃ ൪

സ്തുതിച്ചുകൊണ്ടു് പുളകിതഗാത്രനായ ആ കർദ്ദമനു് ഭാര്യയായി മനുവിന്റെ മകളേയും ഒമ്പതു് പുത്രിമാരേയും അങ്ങയെ സംബന്ധിച്ച കപിലൻ എന്ന പുത്രനേയും ഒടുവിൽ മുക്തിയേയും യഥാക്രമം ദാനംചെയ്തു് അങ്ങു് മറഞ്ഞു.

സമനുഃ ശതരൂപയാ മഹിഷ്യാ
ത്രിണവത്യാ സുതയാ ച ദേവഹൂത്യാ
ഭവദീരിതനാരദോപദിഷ്ട-
സ്സമഗാൽ കർദ്ദമമാഗതിപ്രതീക്ഷം ൫

ഭവൽപ്രേരിതനായ നാരദമഹർഷിയാൽ ഉപദേശിയ്ക്കപ്പെട്ട ആ മനു ശതരൂപ എന്ന ഭാര്യയോടും ത്രിണവതിയും ആത്മപുത്രിയുമായ ദേവഹൂതിയോടുംകൂടി തന്റെ വരവു് കാത്തുകൊണ്ടിരിയ്ക്കുന്ന കർദ്ദമനെ പ്രാപിച്ചു.

മനുനോപഹൃതാഞ്ച ദേവഹൂതിം
തരുണീരത്നമവാപ്യ കർദ്ദമോസൌ
ഭവദർച്ചനനിർവൃതോപി തസ്യാം
ദുഹിതൃശുശ്രൂഷണയാ ദധൌ പ്രസാദം ൬

ഈ കർദ്ദമനാകട്ടെ മനുവിനാൽ കൊടുക്കപ്പെട്ട ദേവഹൂതി എന്ന തരുണീരത്നത്തെ പ്രാപിച്ചു് അങ്ങയെ ആരാധിയ്ക്കുന്നതിൽ നിർവൃതനാണെങ്കിലും ദുഹിതമായ ശുശ്രൂഷകൊണ്ടു് അവളിൽ പ്രസാദത്തെ വഹിച്ചു.

സ പുനസ്ത്വദുപാസനപ്രഭാവാ-
ദുദിതാകാമകൃതേ കൃതേ വിമാനേ
വനിതാകുലസങ്കുലോ നവാത്മാ
വ്യഹരദ്ദേവപഥേഷു ദേവഹൂത്യാ ൭

പിന്നെ അവൻ തൽസേവാമാഹാത്മ്യംകൊണ്ടു് ഭാര്യയുടെ ഇഷ്ടത്തിനുവേണ്ടി ഉണ്ടാക്കിയ വിമാനത്തിൽ സ്ത്രീസമൂഹങ്ങളോടുകൂടി നവാകൃതിയായി ദേവഹൂതി ഒരുമിച്ചു് ദേവമാർഗ്ഗങ്ങളിൽ വിഹരിച്ചു.

ശതവർഷ്മഥ വ്യതീത്യ സോയം
നവകന്യാസ്സമവാപ്യ ധന്യരൂപാഃ
വനയാനസമുദ്യതോപി കാന്താ
ഹിതകൃത്പ്രജനനോൽസുകോ ന്യവാത്സീൽ ൮

അനന്തരം ആ കർദ്ദമൻ നൂറുവർഷം നയിച്ചു് ഒമ്പതുപുത്രിമാരെ പ്രാപിച്ചിട്ടു് കാട്ടിലേയ്ക്കു് പോവാൻ ഉത്സാഹിച്ചുവെങ്കിലും ഭാര്യയുടെ ഇഷ്ടത്തെ ചെയ്യുകൊണ്ടു് അങ്ങയെ ജനിപ്പിയ്ക്കുന്നതിൽ ഉത്സുകനായി പാർത്തു.

നിജഭർത്തൃഗിരാ ഭവന്നിഷേവാ
നിരതായാമഥ ദേവ! ദേവഹൂത്യാം
കപിലസ്ത്വമജായഥാ ജനാനാം
പ്രഥയിഷ്യൻ പരമാത്മതത്ത്വവിദ്യാം ൯

അല്ലയോ ഈശ്വര! അനന്തരം തന്റെ ഭർത്താവിന്റെ വാക്കുകൊണ്ടു് ഭവത്സേവാതല്പരയായ ദേവഹൂതിയിൽ ആത്മകർമ്മം

പരമാത്മതത്ത്വവിദ്യയെ പ്രകാശിപ്പിയ്ക്കുവാൻ കപിലനായി അങ്ങ് ജനിച്ചു.

വന്ദേയുഷ്മി കർദ്ദമേ പ്രസന്നേ
മതസ്ത്വസ്മൂപാദിശൻ ജനന്യൈ
കപിലാത്മക വായുമന്ദിരേശ!
തദരിതം തദപാകുരുഷ്വ ഗദൈഘാൽ ൫൦

അല്ലയോ കപിലാത്മാവായ ഗുരുവായൂർ ഭഗവാനേ! കർദ്ദമൻ സന്തോഷിച്ച് കാട്ടിൽ ചെന്നതിന്നു ശേഷം തന്റെ മതസിദ്ധാന്തങ്ങളെ ഉപദേശിച്ച് അങ്ങ് വേഗത്തിൽ എന്നെ രോഗസമൂഹത്തിൽനിന്നു രക്ഷിയ്ക്കണമേ!

ഇതി കപിലോപാഖ്യാനം.

ദശകം 15.

കപിലോപദേശം.

മതിരിഹ ഗുണസക്താ ബന്ധകൃത്തേഷ്ടസക്താ
തവ മൃതകൃദുപേക്ഷേ ഭക്തിയോഗസ്തു സക്തിം
മഹദനുഗമലഭ്യാ ഭക്തിരേവാത്ര സാദ്ധ്യാ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ ൧

ഗുണസക്തയായ ബുദ്ധി ഇഹത്തിൽ സംസാരബന്ധത്തെ ഉണ്ടാക്കുന്നു. അവയിൽ ആസക്തിയില്ലാത്ത ബുദ്ധിയാകട്ടെ മോക്ഷത്തെ ചെയ്യുന്നു. ഭക്തിയോഗം സക്തിയെ തടയുന്നു. അതു കൊണ്ട് ഇഹത്തിൽ മഹാന്മാരെ അനുഗമിയ്ക്കുന്നതുകൊണ്ട് ലഭിയ്ക്കാവുന്ന ഭക്തിതന്നെയാണ് സാദ്ധ്യമായിട്ടുള്ളതു് എന്നിങ്ങിനെ കപിലമൂർത്തിയായ അങ്ങ് ദേവഹൂതിയോട് ഉപദേശിച്ചു.

"പ്രകൃതിമഹദഹംകാരാശ്ച മാത്രാശ്ച ഭൂതാ-
ന്യപി ച ദശപി ദശാക്ഷീ പൂരുഷഃ പഞ്ചവിംശഃ
ഇതി വിദിതവിഭാഗോ മുച്യതേസൌ പ്രകൃത്യാ"
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ ൨

"മായ, മഹത്തത്വം, അഹങ്കാരം, മാത്രകൾ, ശബ്ദങ്ങൾ, ഭൂതങ്ങൾ, മനസ്സ്, പത്തു് ഇന്ദ്രിയങ്ങൾ, പുരുഷൻ എന്നിവ ഓരോ തത്വങ്ങളാകുന്നു. ഇങ്ങിനെ വിഭാഗം അറിയുന്ന പുരുഷൻ പ്രകൃതിയാൽ മോചിയ്ക്കപ്പെടുന്നു" എന്നിങ്ങിനെ കപിലനായ അങ്ങു് ദേവഹൂതിയോടു് ഉപദേശിച്ചു.

പ്രകൃതിഗതഗുണൈരൈലെന്നാജ്യതേ പുരുഷോയം
യദി തു സജതി തസ്യാം തൽഗുണാസ്തം ഭജേരൻ
മദനുഭജനതത്വാലോചനൈസ്സാപ്യപേയാൽ
കപിലതനുരിതി തം ദേവഹൂതൈ്യ ന്യഗാദീഃ ൧൧

"ഈ പുരുഷൻ മായഗതങ്ങളായ ഗുണസമൂഹങ്ങളാൽ സ്പർശിയ്ക്കപ്പെടുന്നില്ല. എന്നാൽ മായയിൽ സക്തനായിത്തീരുന്നുവെങ്കിൽ ആ ഗുണങ്ങൾ അവനെ ആശ്രയിയ്ക്കും. ആ മായ എന്നെ ഭജിയ്ക്കുന്നതുകൊണ്ടും തത്വാലോചനകൊണ്ടും വിട്ടുപോകും" എന്നു് കപിലമൂർത്തിയായ അങ്ങു് ദേവഹൂതിയോടു് ഉപദേശിച്ചു.

വിമലമതിരുപാത്തൈരാസനാദ്യൈർമ്മദംഗം
ഗരുഡസമധിരൂഢം ദിവ്യഭൂഷായുധാങ്കം
രുചിരലിതതമാലം ശീലയേതാനുവേലം
കപിലതനുരിതി തം ദേവഹൂതൈ്യ ന്യഗാദീഃ ൧൨

"യമനിയമാദ്യാസനങ്ങൾ സ്വീകരിച്ചു് നിർമ്മലചിത്തനായി ഗരുഡനിൽ കയറി ദിവ്യാഭരണങ്ങളും ആയുധങ്ങളും അണിഞ്ഞു് പച്ചിലമരംപോലെ ശോഭയുള്ള എന്റെ ശരീരത്തെ എല്ലായ്പോഴും ശീലിയ്ക്കണം" എന്നു് കപിലമൂർത്തിയായ അങ്ങു് ദേവഹൂതിയോടരുളിച്ചെയ്തു.

മമ ഗുണഗണലീലാകർണ്ണനൈഃ കീർത്തനാദ്യൈ-
ർമ്മയി സുരസരിദോഘപ്രഖ്യചിത്താനുവൃത്തിഃ
ഭവതി പരമഭക്തിസ്സാ ഹി മൃത്യോർ്വ്വിജേത്രീ
കപിലതനുരിതി തം ദേവഹൂതൈ്യ ന്യഗാദീഃ ൧൩

"എന്റെ ഗുണങ്ങളേയും ലീലകളേയും കേൾക്കുന്നതു കൊണ്ടും കീർത്തിയ്ക്കുക മുതലായവകൊണ്ടും എന്നിൽ ആകാശഗംഗയിലെ പ്രവാഹംപോലെ ചിത്താനുവൃത്തിയോടുകൂടിയ ഉൽകൃഷ്ടഭക്തി ഉണ്ടാകുന്നു. അതുതന്നെ മോക്ഷസാധകവും" എന്നു് കപിലമൂർത്തിയായ അങ്ങു് ദേവഹൂതിയോടരുളിച്ചെയ്തു.

ഹഹഹ ബഹുലഹിംസാസഞ്ചിതാത്മൈഃ കുടുംബം
പ്രതിദിനമനുപുഷ്ണൻ സ്ത്രീജിതോ ബാലലാളീ
വിശതി ഹി ഗൃഹസക്തോ യാതനാം മയ്യഭക്തഃ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ ൮

"പലതരം ഹിംസകൊണ്ടു് സമ്പാദിച്ച ധനംകൊണ്ടു് ദിവസവും കുടുംബത്തെ പോഷിപ്പിച്ചു് സ്ത്രീജിതനായി കുട്ടികളെ ലാളിച്ചുകൊണ്ടു് ഗൃഹസക്തനായി എന്നിൽ ഭക്തിയില്ലാതെ കഴിഞ്ഞുകൂടുന്നവൻ നരകം പ്രാപിയ്ക്കും, നിശ്ചയം" എന്നു് കപിലാത്മാവായ അങ്ങു് ദേവഹൂതിക്കു് ഉപദേശം കൊടുത്തു.

യുവതിജാരഖിന്നോ ജാതബോധോപ്യകാണ്ഡേ
പ്രസവഗളിതബോധഃ പീഡയോല്ലംഘ്യ ബാല്യം
പുനരപി ഖലു മുഹ്യത്യേവ താരുണ്യകാലേ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ ൯

"അമ്മയുടെ ഗർഭത്തിൽ ഇരുന്നു് കഷ്ടപ്പെട്ടമ്പോൾ കാരണംകൂടാതെ ബോധമുണ്ടായാലും പ്രസവിയ്ക്കുമ്പോൾ അതെല്ലാം മറന്നു് പീഡയോടുകൂടി ബാല്യം അതിക്രമിച്ചു് താരുണ്യത്തിലെത്തി വീണ്ടും മോഹിയ്ക്കുന്നു" എന്നിങ്ങിനെ കപിലമൂർത്തിയായ അങ്ങു് ദേവഹൂതിയോടു് ഉപദേശിച്ചു.

പിതൃഗണസുരയാജീ ധാർമ്മികോ യോ ഗൃഹസ്ഥ-
സ്സ ച നിപതതി കാലേ ദക്ഷിണാദ്ധ്വോപഗാമീ
മയി നിഹിതമകാമം കർമ്മ തുഷ്ടാത്മാർത്ഥം
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ ൧൦

"പിതൃഗണങ്ങളേയും ദേവന്മാരേയും പൂജിയ്ക്കുന്നവനും ധാർമ്മികനുമായ ഗൃഹസ്ഥൻ ദക്ഷിണായനമാർഗ്ഗങ്ങളിലൂടെ സഞ്ച

രിച്ച് പുണ്യം ക്ഷയിയ്ക്കുമ്പോൾ വീണ്ടും ജനിയ്ക്കുന്നു. എന്നിൽ സമർപ്പിച്ച് നിഷ്കാമമായി ചെയ്യപ്പെടുന്ന കർമ്മം ഉത്തരായണ മാർഗ്ഗമായി പോകുന്നു" എന്നിങ്ങിനെ കപിലമൂർത്തിയായ അങ്ങ് ദേവഹൂതിയോട് ഉപദേശിച്ചു.

ഇതി സുവിദിതവേദ്യാം ദേവ ഹേ ദേവഹൂതിം
കൃതനുതിമനുഗൃഹ്യ തപം ഗതോ യോഗിസംഘൈഃ
വിമലമതിരഥാസൌ ഭക്തിയോഗേന മുക്താ
തപമപി ജനഹിതാർത്ഥം വർത്തസേ പ്രാഗ്ദിശ്യം ൻ

അല്ലയോ ദേവ! തന്നെ സ്തുതിച്ച് അറിയേണ്ടതറിഞ്ഞ ദേവഹൂതിയെ ഇങ്ങിനെ അനുഗ്രഹിച്ച് അങ്ങ് യോഗിസമൂഹങ്ങളോടുകൂടി പോയി. അനന്തരം വിമലചിത്തയായ ഇവൾ ഭക്തിയോഗംകൊണ്ട് മുക്തി നേടി. അങ്ങാകട്ടെ ലോകക്ഷേമത്തിനു വേണ്ടി വടക്കുകിഴക്കേദിക്കിൽ വർത്തിയ്ക്കുന്നു.

പരമ കിമു ബഹൂക്ത്യാ തൽപദാംഭോജഭക്തിം
സകലഭയവിനേത്രീം സർവ്വകാമോപനേത്രീം
വദസി ഖലു ദുരന്തം തദ്വിധൂയാമയാനേ
ഗുരുപവനപുരേശ! ത്വയ്യുപാധത്സ്വ ഭക്തിം ൧൦

അല്ലയോ പരമപുരുഷനായ ഗുരുവായൂരപ്പാ! എന്തിനു് വളരെ പറയുന്നു. അങ്ങയുടെ തൃപ്പാദഭക്തി എല്ലാ ഭയങ്ങളേയും പരിഹരിപ്പിയ്ക്കുന്നതും സർവ്വാഭീഷ്ടങ്ങളെ സാധിപ്പിയ്ക്കുന്നതും ആണെന്നു് അങ്ങു് ഉറപ്പായി അരുളിച്ചെയ്യുന്നുവല്ലൊ. അതിനാൽ എന്റെ രോഗങ്ങളെ നശിപ്പിച്ചു് അങ്ങയിൽ ഭക്തിയെ ജനിപ്പിയ്ക്കണമേ!

ഇതി തൃതീയസ്കന്ധം.

ചതുർത്ഥസ്കന്ധം

ദശകം 16.

നരനാരായണാവതാരഃ ദക്ഷയാഗശ്ച.

ദക്ഷോ വിരിഞ്ചതനയോഽഥ മനോസ്തനൂജാം
ലബ്ധ്വാ പ്രസൂതിമിഹ ഷോഡശ ചാപ കന്യാഃ
ധർമ്മേ ത്രയോദശ ദദൌ പിതൃഷു സ്വധാഞ്ച
സ്വാഹാം ഹവിർഭുജി സതീം ഗിരിശേ തദംശേ ൧

അനന്തരം ബ്രഹ്മപുത്രനായ ദക്ഷൻ മനുപുത്രിയായ പ്രസൂതിയെ ലഭിച്ചിട്ട് പതിനാറ് പുത്രിമാർ പ്രാപിച്ചു. ധർമ്മദേവന്ന് പതിമൂന്ന് പുത്രിമാരേയും പിതൃക്കൾക്ക് സ്വധയേയും അഗ്നിയ്ക്ക് സ്വാഹയേയും തദ്ദംശമായ പരമശിവന്ന് സതിയേയും ദാനംചെയ്തു.

മൂർത്തിഹി ധർമ്മഗൃഹിണീ സുഷുവേ ഭവന്തം
നാരായണം നരസഖം മഹിതാനുഭാവം
യജ്ജന്മനി പ്രമുദിതാഃ കൃതതൂര്യഘോഷാഃ
പുഷ്പോല്ലരാൻ പ്രവവൃഷുസ്ത്രിദവസ്ത്രിയൌഘാഃ ൨

ധർമ്മദേവന്റെ ഭാര്യയായ മൂർത്തിദേവി മഹിതാനുഭാവനും നരന്റെ സഖാവും നാരായണനും ആയ അങ്ങയെ പ്രസവിച്ചു. ജനനസമയത്തിൽ സന്തോഷപരവശന്മാരായ ദേവസമൂഹങ്ങൾ മംഗളതൂര്യവാദ്യം മുഴക്കുകയും പുഷ്പവർഷംചെയ്കയും സ്തുതിയ്കയുംചെയ്തു.

ദൈത്യം സഹസ്രകവചം കവചൈഃ പരീതം
സാഹസ്രവത്സരതപഃസമരാഭിലഭ്യൈഃ
പര്യായനിർമ്മിതതപഃസമരൈ ഭവദ്ഭ്യാ
ശിഷ്ടൈകകംകടമമും ന്യഹതാം സലീലം ൩

സഹസ്രവർഷം തപസ്സുകൊണ്ടും യുദ്ധംകൊണ്ടും മാത്രം ഭേദിയ്ക്കാൻ സാധിയ്ക്കുന്ന ആയിരം കവചങ്ങളാൽ പരിവൃത

നായ സഹസ്രകവചനെന്ന അസുരനെ യഥാക്രമം തപസ്സും യുദ്ധവുംചെയ്ത് നിങ്ങൾ രണ്ടുപേരുംക്രൂടി ഒരേ കവചം മാത്രം ബാക്കിയായപ്പോൾ നിഷ്പ്രയാസം നിഗ്രഹിച്ചു.

അനാചരന്നുപദിശന്നപി മോക്ഷധർമ്മം
തപം ഭ്രാതൃമാൻ ബദരികാശ്രമമദ്ധ്യവാത്സീഃ
ശക്രോഥ തേ ശമതപോബലനിസ്സഹാത്മാ
ദിവ്യാംഗനാപരിവൃതം പ്രജിഘായ മാരം ൪

നിന്തിരുവടി സഹോദരനോടുക്രൂടി മോക്ഷധർമ്മത്തെ അനുഷ്ഠിയ്ക്കുയും ഉപദേശിയ്ക്കുയും ചെയ്തുകൊണ്ട് ബദരികാശ്രമത്തിൽ പാർത്തു. പിന്നെ ഇന്ദ്രൻ അങ്ങയുടെ ശമതപോബലങ്ങളെക്കണ്ട് സഹിയ്ക്കാതെ അപ്സരസ്സുകളൊന്നിച്ച് കാമദേവനെ പറഞ്ഞയച്ചു.

കാമോ വസന്തമലയാനിലബന്ധുശാലീ
കാന്താകടാക്ഷവിശിഖൈർവ്വികസദ്വിലാസൈഃ
വിദ്ധ്യന്നുഹന്മുഹുരകമ്പമുദീക്ഷ്യ ച ത്വാം
ഭീതസ്ത്വയാഥ ജഗദേ മൃദുഹാസഭാജാ ൫

വസന്തവും മലയമാരുതനും ആയ സുഹൃത്തുക്കളെക്കൊണ്ട് ശോഭിയ്ക്കുന്ന കാമദേവൻ വിലാസങ്ങളും നിറഞ്ഞ കാന്താകടാക്ഷങ്ങളാകുന്ന അസ്ത്രങ്ങൾകൊണ്ട് വീണ്ടും വീണ്ടും വിദ്ധ്യന്നായി (ഭേദിച്ചുകൊണ്ട്) അങ്ങയെ ചാഞ്ചല്യമില്ലാത്തവനായിക്കണ്ട് പേടിച്ചുനില്ക്കുമ്പോൾ അവനോട് പുഞ്ചിരിതൂകുന്ന അങ്ങ് ഇങ്ങിനെ പറഞ്ഞു.

ഭീത്യാലമംഗജ! വസന്ത! സുരാംഗനാ! വോ
മന്മാനസം തപിഹ ജുഷ്ടമിതി ബ്രുവാണഃ
തപം വിസ്മയേന പരിതഃസ്ഥവതാമധൈഷ്ഠാം
പ്രാദർശയസ്സപരിചാരകകാതരാക്ഷീഃ ൬

"അല്ലയോ കാമദേവ! അല്ലയോ വസന്തമേ! ഹേ ദേവസ്ത്രീകളേ! നിങ്ങൾ ഭയപ്പെടേണ്ട. ഇവിടെ വന്ന് എന്റെ മനസ്സിനെ സന്തോഷിപ്പിയ്ക്കുവിൻ" എന്ന് പറയുന്ന അങ്ങ് ആശ്ചര്യത്തോടെ ചുറ്റും സ്തുതിച്ചുനില്ക്കുന്ന കാമാദികൾക്കു തന്നെ ശുശ്രൂഷിയ്ക്കുന്ന സുന്ദരിമാരെ കാണിച്ചുകൊടുത്തു.

സമ്മോഹനായ മിളിതാ മദനാദയസ്തേ
തച്ചാസികാപരിമളൈഃ കില മോഹമാപുഃ
ദത്താം തയാ ച ജഗൃഹുസ്തവപായൈവ സദ്യഃ
സച്ഛ്വാസിഗർവ്വശമനീം പുനരുർവ്വശീന്താം ൭

മോഹിപ്പിയ്ക്കുവാൻ ഒത്തുചേർന്നവന്ന കാമാദികൾ ഭവദ്ദാസിമാരുടെ പരിമളത്താൽ മോഹിച്ചുപോൽ. അങ്ങയാൽ ദത്തയും സച്ഛ്വാസഗർവ്വം ശമിപ്പിയ്ക്കുന്നവളും ആയ ഉർവ്വശിയെ ലജ്ജയോടുകൂടിത്തന്നെ അവർ സ്വീകരിയ്ക്കുയും ചെയ്തു.

ദുഷ്ടോർവ്വശീം തവ കഥാഞ്ച നിശമ്യ ശക്രഃ
പശ്യൻകലോജനി ഭവന്മഹിമാവമർശാൽ
ഏവം പ്രശാന്തരമണീയതരാവതാരാ-
ത്തത്തോധികോ വരദ! കൃഷ്ണതനുസ്ത്വമേവ ൮

ഇന്ദ്രൻ ഉർവ്വശിയെക്കണ്ടും അങ്ങയുടെ കഥയെ കേട്ടും ഭവന്മാഹാത്മ്യമോർത്തും പരവശനായിത്തീർന്നു. അല്ലയോ വരങ്ങളെ നല്കുന്ന ഭഗവൻ! ഇങ്ങിനെ പ്രശാന്തമനോഹരമായ അവതാരത്തോടുകൂടിയ അങ്ങയേക്കാൾ ഉൽകൃഷ്ടനായി കൃഷ്ണമൂർത്തിയായ അങ്ങല്ലാതെ മറ്റാരുമില്ല.

ദക്ഷസ്തു ധാതുരതിലാളനയാരജോന്ധോ
നാത്യാദൃതസ്ത്വയി ച കഷ്ടമശാന്തിരാസീൽ
യേന വ്യരുന്ധ സ ഭവന്തനുമേവ ശർവ്വം
യജ്ഞേ ച വൈരിണി പുനേ സതിമാനീൽ ൯

ദക്ഷനാകട്ടെ ബ്രഹ്മാവിന്റെ അതിലാളനംകൊണ്ടും രജോഗുണാന്ധനായി അങ്ങയിൽ അത്യാദരമില്ലാതെ ശാന്തിയില്ലാതെ ഭവിച്ചു. തൻമൂലം നിന്തിരുവടിയുടെ ശരീരമായ പരമശിവനെ അവമാനിച്ചു. വൈരസൂചകമായി യാഗത്തിൽ സതീപുത്രിയെ അവമാനിയ്ക്കുയും ചെയ്തു.

ക്രുദ്ധേശമുദ്ദിതമഖസ്യ ഹ കൃത്തശീർഷ്ണോ
ദേവപ്രസാദിതഹരാദഥ ലബ്ധജീവഃ
തൽപൂരിതക്രതുവരഃ പുനരാപ ശാന്തിം
സ ത്വം പ്രശാന്തികര! പാഹി മരുൽപുരേശ! ൧൦

ആ ദക്ഷനാകട്ടെ ക്രോധിച്ച ശിവനാൽ യാഗം നശിപ്പിയ്ക്കപ്പെട്ടവനായി ശിരച്ഛേദം ചെയ്യപ്പെട്ടവനായി ദേവന്മാരാൽ സന്തോഷിപ്പിയ്ക്കപ്പെട്ട ഹരനിൽനിന്ന് ലബ്ധജീവനായി അങ്ങയാൽ സാധിപ്പിയ്ക്കപ്പെട്ട ഉൽകൃഷ്ടയാഗത്തോടുകൂടിയവനായിട്ട് പിന്നെ ശാന്തിയെ പ്രാപിച്ചു. അല്ലയോ പ്രശാന്തിദാതാവായ ഗുരുവായൂരപ്പ! ആ അങ്ങ് എന്നെ രക്ഷിയ്ക്കണേ!

ഇതി ചതുർത്ഥസ്കന്ധേ നരനാരായണാവതാരഃ

ദശകം 17.

ധ്രുവോപാഖ്യാനം.

ഉത്താനപാദസുതതേമനനന്ദനസ്യ
ജായാ ബഭൂവ സുരുചിർനിതരാമഭീഷ്ടാ
അന്യാ സുനീതിരിതി ഭർത്തുരനാദൃതാ സാ
ത്വാമേവ നിത്യമഗതിശ്ശരണം ഗതാഭൂൽ ൧

മനുപുത്രനായ ഉത്താനപാദനെന്ന രാജാവിന്ന് സുരുചി എന്ന് പേരായ ഭാര്യ ഏറ്റവും അഭീഷ്ടയായി ഭവിച്ചു. സുനീതി എന്ന് പേരായി മറെറാരു ഭാര്യയും ഉണ്ടായിരുന്നു. അവൾ ഭർത്താവിന്ന് അനാദൃതയായി അവൾ നിത്യവും നിസ്സഹായയായി അങ്ങയെത്തന്നെ ശരണം പ്രാപിച്ചു.

അംകേ പിതുസ്സുരുചിപുത്രകമുത്തമന്തം
ദൃഷ്ട്വാ ധ്രുവഃ കില സുനീതിസുതോധിരോക്ഷ്യൻ
ആചിക്ഷിപേ കില ശിശുസ്സുതരാം സുരുച്യാ
ദുസ്സന്ത്യജാ ഖലു ഭവദ്വിമുഖൈരസൂയാ ൨

അച്ഛന്റെ മടിയിൽ സുരുചിപുത്രനായ ഉത്തമനെ കണ്ട് സുനീതിപുത്രനായ ധ്രുവൻ അച്ഛന്റെ മടിയിൽ കയറുവാനാഗ്രഹിച്ചപ്പോൾ സുരുചിയാൽ അവൻ അധിക്ഷേപിയ്ക്കപ്പെട്ടപോൽ. അങ്ങയിൽ വിമുഖന്മാരായവരാൽ അസൂയ ഉപേക്ഷിയ്ക്കപ്പെടുവാൻ അശക്യമാണല്ലോ.

തപന്മോഹിതേ പിതരി പശ്യതി ദാരവശ്യേ
ദൂരം ദുരുക്തിനിഹതസ്യ ഗതോ നിജാംബാം
സാപി സപക്മഗതിസന്തരണായ പുംസാം
തൽപാദമേവ ശരണം ശിശവേ ശശംസ ന

അങ്ങയാൽ മോഹിതനായി ഭാര്യാധീനനായ പിതാവു് നോക്കിക്കൊണ്ടിരിയ്ക്കേ, ദുർഭാഷണങ്ങളാൽ ഏറ്റവും നിഹതനായ അവൻ തന്റെ അമ്മയുടെ അടുത്തു് ചെന്നു. അവളും ആളകഠംകളു് സപക്മഗതിയെ ലംഘിയ്ക്കുവാൻ അങ്ങയുടെ തൃപ്പാദങ്ങളാണു് ശരണമായിട്ടുള്ളതെന്നു് ശിശുവിനോടു് പറഞ്ഞു.

ആകർണ്യ സോപി ഭവദർച്ചനനിശ്ചിതാത്മാ
മാനീ നിരേത്യനഗരാൻ കില പഞ്ചവർഷഃ
സന്ദൃഷ്ടനാരദനിവേദിതമന്ത്രമാർഗ്ഗ-
സ്ത്വാമാരരാധ തപസാ മധുകാനനാന്തേ ർ

കേവലം അഞ്ചുവയസ്സു് പ്രായമുള്ള മാനിയായ ആ ശിശു ആ വാക്കുകേട്ടു് അങ്ങയെ അർച്ചിയ്ക്കുവാൻ നിശ്ചയിച്ചു. നഗരത്തിൽനിന്നുപുറപ്പെട്ടു് മദ്ധ്യേമാർഗ്ഗം കണ്ടെത്തിയ നാരദനിൽനിന്നു് മന്ത്രമാർഗ്ഗങ്ങളെക്കുറിച്ചു് ഉപദേശവും വാങ്ങി മധുകാനനത്തിലെത്തി അങ്ങയെ ആരാധിച്ചു.

താതേ വിഷണ്ണഹൃദയേ നഗരീം ഗതേന
ശ്രീനാരദേന പരിസാന്ത്വിതചിത്തവൃത്തേ
ബാലസ്ത്വദർപ്പിതമനാഃ ക്രമവർദ്ധിതേന
നിന്യേ കഠോരതപസാ കില പഞ്ചമാസാൻ ങ

അച്ഛൻ വിഷണ്ണചിത്തനായിരിയ്ക്കുമ്പോൾ നഗരത്തിലെത്തിയ ശ്രീനാരദമഹർഷി അദ്ദേഹത്തിനെ സാന്ത്വനവാക്യങ്ങളാൽ സമാധാനിപ്പിച്ചു. ധ്രുവൻ അങ്ങയിൽ മനസ്സുറപ്പിച്ചു് ക്രമത്തിൽ വർദ്ധിപ്പിച്ച കഠിനതപസ്സുചെയ്തുകൊണ്ടു് അഞ്ചുമാസം കഴിച്ചുകൂട്ടിയല്ലോ.

താവത്തപോബലനിരുച്ഛ്വസിതേ ദിഗന്തേ
ദേവാർത്ഥിതസ്ത്വമുദയൽകരുണാർദ്രചേതാഃ
തദ്ധ്യപചിദ്രസനിലീനമതേഃ പുരസ്താ-
ദാവിർബഭൂവിഥ വിഭോ! ഗരുഡാധിരൂഢഃ ന

അപ്പോൾ ലോകമെല്ലാം അവന്റെ തപശ്ശക്തിയാൽ ശ്വാസനിരോധംവന്നു് കുഴങ്ങിയപ്പോൾ ദേവന്മാരാൽ അപേക്ഷിയ്ക്കപ്പെട്ട അങ്ങു് സഞ്ജാതമായ ദയകൊണ്ടു് മനസ്സലിഞ്ഞു് ഭവദ്രൂപമാകുന്ന ചിദാനന്ദരസത്തിൽ മനസ്സു് മുഴുകിയ ധ്രുവന്റെ മുന്നിൽ ഗരുഡാരൂഢനായി പ്രത്യക്ഷപ്പെട്ടു.

തപ്തശ്ചപ്രമദഭാരതരംഗിതംതം
ദൃഗ്ഭ്യാം നിമഗ്നമിവ രൂപരസായനേ തേ
തുഷ്ടൂഷമാണമവഗമ്യ കപോലദേശേ
സംസ്പൃഷ്ടവാനസി ദരേണ തഥാദരേണ ൭

അങ്ങയെ കണ്ടതുകൊണ്ടുള്ള സന്തോഷഭാരം നിറഞ്ഞു് തപശ്ചരസായനത്തിൽ മുഴുകിയ കണ്ണുകളോടുകൂടി നില്ക്കുന്ന അവനെ തന്നെ സ്തുതിയ്ക്കുവാൻ ഇച്ഛിയ്ക്കുന്നവനായി അറിഞ്ഞു് ആദരവോടുകൂടി കവിൾത്തടത്തിൽ പള്ളിശ്ശംഖുകൊണ്ടു് സ്പർശിച്ചു.

താവദ്വിബോധവിമലം പ്രണവന്തമേന-
മാഭാഷഥാസ്തവമവഗമ്യതദീയഭാവം
രാജ്യം ചിരം സമനുഭൂയ ഭജസ്വ ഭൂയ-
സ്സർവ്വോത്തരം ധ്രുവപദം വിനിവൃത്തിഹീനം ൮

അപ്പോൾ ജ്ഞാനംകൊണ്ടു് പരിശുദ്ധനായി സ്തുതിയ്ക്കുന്ന ഇവനോടു് ഭാവമറിഞ്ഞു് അങ്ങു് അരുളിച്ചെയ്തു:—"അല്ലയോ ധ്രുവ! നീ ചിരകാലം രാജ്യം വാണു് പിന്നീടു് സർവ്വാതീതവും പുനരാഗതിഹീനവും നിത്യവും ആയ ധ്രുവപദത്തെ പ്രാപിച്ചാലും".

ഇത്യുചിവ്വി തയി ഗതേ നൃപനന്ദനോസൗ-
വാനന്ദിതാഖിലജനോ നഗരീമുപേതഃ
രേമേ ചിരംഭവദനുഗ്രഹപൂർണ്ണകാമ-
സ്ത്വത്തേ ഗതേ ച വനമാദ്ധതരാജ്യഭാരഃ ൯

അങ്ങു് ഇപ്രകാരം അരുളിച്ചെയ്തതിനു് ശേഷം ഈ രാജകുമാരൻ എല്ലാവരേയും ആനന്ദിപ്പിച്ചുകൊണ്ടു് നഗരത്തിലെ

ത്തി. ഭവദനുഗ്രഹത്താൽ സന്തോഷം നിറഞ്ഞു് അച്ഛൻ കാട്ടിലേയ്ക്കു് പോയതിന്നശേഷം രാജ്യഭാരം നിർവ്വഹിച്ചു് വളരെക്കാലം സുഖിച്ചു.

യക്ഷേണ ദേവ! നിഹതേ പുനരുത്തമേസ്മിൻ
യക്ഷൈസ്സ യുദ്ധനിരതോ വിരതോ മനുക്ത്യാ
ശാന്ത്യാ പ്രസന്നഹൃദയാദ്ധനദാദുപേതാ-
ത്തച്ഛൽഭക്തിമേവ സുദൃഢാമവൃണോന്മഹാത്മാ ൧൦

അല്ലയോ ദേവ! പിന്നെ ഈ ഉത്തമൻ യക്ഷനാൽ ഹനിയ്ക്കപ്പെട്ട സമയം ധ്രുവൻ യക്ഷന്മാരോടു് യുദ്ധത്തിന്നൊരുങ്ങിയെങ്കിലും മനുവിന്റെ വാക്കുകൊണ്ടു് അതിൽനിന്നു് പിൻവാങ്ങി. മഹാത്മാവായ അവൻ ശാന്തികൊണ്ടു് സന്തുഷ്ടചിത്തനായി വന്നു് വൈശ്രവണനിൽനിന്നു് ദൃഢമായ ഈശ്വരഭക്തിയെത്തന്നെ വരിച്ചു.

അന്തേ ഭവൽപുരുഷനീതവിമാനയാതോ
മാത്രാ സമം ധ്രുവപദേ മുദിതോയമാസ്തേ
ഏവം സപത്നജനപാലനലോലധീസ്ത്വം
വാതാലയാധിപ! നിരുന്ധി മമാമയൌഘാൻ ൧൧

ധ്രുവൻ ഒടുവിൽ അമ്മയോടുകൂടി അങ്ങയുടെ പുരുഷന്മാരാൽ കൊണ്ടുവരപ്പെട്ട വിമാനത്തിലേറി ധ്രുവപദത്തിൽചെന്നു് സന്തുഷ്ടനായി ഇന്നും വർത്തിയ്ക്കുന്നു. അല്ലയോ ഗുരുവായുപുരേശ! ഇങ്ങനെ സപത്നരക്ഷാലോലനായ അങ്ങു് എന്റെ രോഗസമൂഹങ്ങളെ തീർത്തുരക്ഷിയ്ക്കണമേ!

ഇതി ധ്രുവചരിതം.

ദശകം 18.

പൃഥുചരിത്രം.

ജാതസ്യ ധ്രുവകുല ഏവ തുംഗകീർത്തേ
രംഗസ്യ വ്യജനി സുതസ്സ വേനനാമാ
തദ്ദോഷവ്യഥിതമതിസ്സരാജവര്യ-
സ്ത്വല്പ്രാദേ നിഹിതമനാ വനം ഗതോഭൂൽ ൧

ധ്രുവവംശത്തിൽത്തന്നെ ജനിച്ചവനും അതിപ്രസിദ്ധനും ആയ അംഗരാജാവിന്നു് വേനൻ എന്നു് പേരായി ഒരു രാജ പുത്രൻ ജനിച്ചു. തദ്ദോഷംകൊണ്ടു് ദുഃഖിതനായി പിതാ വായ ആ രാജശ്രേഷ്ഠൻ അങ്ങയുടെ പാദപദ്മങ്ങളിൽ മനസ്സറ പ്പിച്ചു് വനം പ്രാപിച്ചു.

പാപോപി ക്ഷിതിതലപാലനായ വേനഃ
പൌരാദ്യൈരുപനിഹിതഃ കഠോരവീര്യഃ
സർവ്വേഭ്യോ നിജബലമേവ സംപ്രശംസൻ
ഭ്രഷ്ടശ്രീ തവ യജനാന്യയം ന്യരൌത്സീൽ ൬

തീക്ഷ്ണപരാക്രമനായ വേനൻ പാപനാണെങ്കിലും രാജ്യ രക്ഷയ്ക്കു് പൌരാദികളാൽ നിശ്ചിതനായി. എല്ലാവരോടും തന്റെ ശക്തിയെ പ്രശംസിച്ചുകൊണ്ടു് ഭൂമിയിൽ നടത്തപ്പെ ടുന്ന അങ്ങയുടെ യാഗങ്ങളെ നിരോധിച്ചു.

സംപ്രാപ്തേ ഹിതകഥനായ താപസൌഘേ
മത്തോന്യോ ഭുവനപതിസ്സ കശ്ചനേതി
തന്നിന്ദാവചനപരോ മുനീശ്വരൈസ്തൈഃ
ശാപാഗ്നൌ ശലഭദശാമനായി വേനഃ ൭

താപസവർഗ്ഗം ഹിതം പറയുവാൻ ഒന്നിച്ചു് വന്നപ്പോൾ "ലോകനാഥനായി താനല്ലാതെ മറെറാരു ആൾ ഇല്ല" എന്നു് അങ്ങയെ നിന്ദിച്ചു് പറയുന്ന വേനൻ ആ മഹർഷിശ്രേഷ്ഠന്മാ രാൽ ശാപാഗ്നിയിൽ ശലഭമാക്കി ചെയ്യപ്പെട്ടു.

തന്നാശാൽ ഖലജനഭീരുകൈർമ്മുനീന്ദ്രൈ-
സ്സന്മാത്രാ ചിരപരിരക്ഷിതേ തദംഗേ
ത്യക്താഘേ പരിമഥിതാദഥോരുദണ്ഡാ-
ദ്ഭോർഭണ്ഡേ പരിമഥിതേ തമാവിരാസീഃ ൮

അവന്റെ നാശംകൊണ്ടു് ദുഷ്ടന്മാരിൽനിന്നു് ഭയപ്പെട്ട മഹർഷിവര്യന്മാരാൽ വേനമാതാവു് ചിരകാലം സൂക്ഷിച്ചു് രക്ഷിച്ച ഭാഗം പാപമുക്തമായപ്പോൾ ഉരുദണ്ഡം നല്ലവണ്ണം മഥനം ചെയ്യപ്പെട്ടു് കൈകളെ കടഞ്ഞപ്പോൾ അതിൽനിന്നു് അങ്ങു് പ്രത്യക്ഷനായി.

വിഖ്യാതഃ പൃഥുരിതി താപസോപദിഷ്ടൈഃ
സൂതാദ്യൈഃ പരിണതഭാവിഭൂരിവീര്യൈഃ
വേനാത്ത്യാ കബളിതസംപദം ധരിത്രീ–
മാക്രാന്താം നിജധനുഷാ സമാമകാഷീഃ ൪

പൃഥു എന്നു് പ്രസിദ്ധി നേടിയ അങ്ങു് മഹർഷിമാരാൽ ഉപദേശിയ്ക്കപ്പെട്ട സൂതാദികളാൽ വരാൻപോകുന്ന വലിയ പരാക്രമം ഉള്ളവനായി സ്തുതിയ്ക്കപ്പെട്ടു് വേനാത്തികൊണ്ടു് ഐശ്വര്യം മറഞ്ഞു് തലകീഴറിഞ്ഞ ഭൂമിയെ സമനിരപ്പാക്കിത്തീർത്തു.

ഭൂയസ്താംനിജകുലമുഖ്യവത്സയൂക്തൈർ
ദേവാദ്യൈസ്സമുചിതചാരുഭാജനേഷു
അന്നാദീന്യഭിലഷിതാനി താനി താനി
സച്ഛന്ദം സുരഭിതനുമുദ്ദുഹസ്ഥം ൫

അനന്തരം അങ്ങു് താന്താങ്ങളുടെ വംശമുഖ്യന്മാരെ കന്നുകുട്ടികളാക്കിത്തീർത്ത ദേവാദികളെക്കൊണ്ടു് ഉചിതങ്ങളായ അതാതു് മനോഹരപാത്രങ്ങളിൽ ആഗ്രഹിയ്ക്കപ്പെട്ട അതാതു് അന്നാദി പദാർത്ഥങ്ങൾക്കു് വേണ്ടി ഗോരൂപിണിയായ ഭൂമിയെ യഥേഷ്ടം കറപ്പിച്ചു.

ആത്മാനം യജതി മഖൈസ്ത്രയീ തുരീയാ–
ന്നാരബ്ധേ ശതതമവാജിമേധയാഗേ
സ്വർഭാലുഃശതമഖ ഏത്യ നീചവേഷോ
ഹൃത്പാശം തവ തനയൈർ പരാജിതോഭൂൽ ൬

അല്ലയോ ത്രിമൂർത്തിതേജസ്സായ ഭഗവൻ! അങ്ങു് യാഗങ്ങൾകൊണ്ടു് അങ്ങയെത്തന്നെ യജനം ചെയ്യുകൊണ്ടിരുന്നപ്പോൾ നൂറാമത്തെ അശ്വമേധയജ്ഞം ആരംഭിച്ചു. അപ്പോൾ സ്വർഭാലുവായ ഇന്ദ്രൻ നീചവേഷനായി വന്നു് കുതിരയെ കട്ടു് ഭവൽപുത്രനിൽനിന്നു് പരാജിതനായി ഭവിച്ചു.

ദേവേന്ദ്രം മുഹുരിതി വാജിനം ഹരന്തം
വഹ്നൗ തം മുനിവരമണ്ഡലേ ജുഹ്വത്യൌ
രുന്ധാനേ കമലഭവേ ക്രതോസ്സമാപ്തൌ
സാക്ഷാത്തം മധുരിപുമൈക്ഷഥാസ്സ്വയം സ്വം വ

ഇപ്രകാരം പിന്നെയും പിന്നെയും കുതിരയെ അപഹരിയ്ക്കുന്ന ഇന്ദ്രനെ മുനിവരസമൂഹം അഗ്നിയിൽ ഹോമിയ്ക്കാൻ തുടങ്ങിയപ്പോൾ ബ്രഹ്മാവു് തന്നെ വന്നു് നിരോധിച്ചു. യാഗാവസാനത്തിൽ അങ്ങു് സ്വയം സാക്ഷാൽ മധുരിപുവിനെ ചെന്നു് കണ്ടു.

തദ്ദത്തം വരമുപലഭ്യ ഭക്തിമേകാം
ഗംഗായാ വിഹിതപദഃ കദാചി ദേവ!
സത്രസ്ഥം മുനിനിവഹം ഹിതാനി ശംസ-
ന്നൈക്ഷിഷ്ഠാസ്സനകമുഖാൻ മുനീൻ പുരസ്താൽ ൯

അല്ലയോ ദേവ! അദ്ദേഹം നല്കിയ ഭക്തിയാകുന്ന വരവും ലഭിച്ചു് ഗംഗാസമീപത്തിൽ സ്ഥാനമുറപ്പിച്ചു് അങ്ങു് ഒരിയ്ക്കൽ യാഗശാലയിലുള്ള മുനിസമൂഹത്തോടു് ഹിതം പറഞ്ഞുകൊണ്ടിരിയ്ക്കുമ്പോൾ സനകാദിമുനികളെ മുമ്പിൽ കണ്ടു.

വിജ്ഞാനം സനകമുഖോദിതം ദധാന-
സ്സ്വാത്മാനം സ്വയമഗമോ വനാന്തസേവീ
തത്താദൃക്പൃഥുവപുരീശ! സത്വരം മേ
രോഗൌഘം പ്രശമയ വാതഗേഹവാസിൻ! ൧൦

സനകാദികളാൽ ഉപദേശിയ്ക്കപ്പെട്ട വിജ്ഞാനത്തെ ധരിച്ചവനും വനാന്തസേവിയും ആയ അങ്ങു് സ്വന്തം ആത്മാവിനെ പ്രാപിച്ചു. അല്ലയോ ഗുരുവായൂരപ്പ! തത്താദൃശമായ പൃഥുവിഗ്രഹം ധരിച്ച അങ്ങു് എന്റെ രോഗങ്ങളെ വേഗം ശമിപ്പിയ്ക്കണമേ!

ഇതി പൃഥുചരിതം.

ദശകം 19.

പ്രാചേതസകഥാ.

പൃഥോസ്സുനപ്ത്രാ പൃഥുധർമ്മകർമ്മഠഃ
പ്രാചീനബർഹിർഭവതൌ ശതദ്രുതൌ
പ്രചേതസോ നാമ സുചേതസസ്സുതാ-
നജീജനത്ത്വൽകരുണാംകുരാനിവ ൧

പൃഥുവിന്റെ പൌത്രന്റെ പുത്രനായ ധർമ്മിഷ്ഠനും കർമ്മതല്പരനും ആയ പ്രാചീനബർഹിസ്സ് ശതദ്രുതിയാകുന്ന തന്റെ ഭാര്യയിൽ അങ്ങയുടെ ദയാങ്കുരങ്ങൾ എന്നപോലെ സുശീലന്മാരും പ്രചേതസ്സുകൾ എന്നു് പേരുള്ളവരും ആയ പുത്രന്മാരെ ജനിപ്പിച്ചു.

പിതുസ്സിസൃക്ഷാനിരതസ്യ ശാസനാൽ
ഭവത്തപസ്യാഭിരതാ ദശാപി തേ
പയോനിധിം പശ്ചിമമേത്യ തത്തടേ
സരോവരം സന്ദദൃശുർമ്മനോഹരം ൨

സൃഷ്ടിരതനായ അച്ഛന്റെ കല്പനയാൽ അങ്ങയെ തപസ്സു ചെയ്യാൻ താല്പര്യപ്പെട്ടു് ആ പത്തുപേരും പശ്ചിമസമുദ്രത്തിന്റെ അടുത്തെത്തി അതിന്റെ തീരത്തിൽ ഭംഗിയുള്ള ഒരു താമരപ്പൊയ്ക കണ്ടെത്തി.

തദാഭവത്തീർത്ഥമിദം സമാഗതോ
ഭവോ ഭവത്സേവകദർശനാദൃതഃ
പ്രകാശമാസാദ്യ പുരഃ പ്രചേതസാ-
മുപാദിശത്ഭക്തതമസ്തവ സ്തവം ൩

അപ്പോൾ ഈ അങ്ങയുടെ തീർത്ഥത്തിലെത്തിയ ഭവൽഭക്തനായ ശിവൻ അങ്ങയുടെ സേവകന്മാരെ കാണുവാനുള്ള താല്പര്യത്തോടുകൂടി പ്രചേതസ്സുകളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു് അങ്ങയുടെ സ്തോത്രങ്ങളെ ഉപദേശിച്ചു.

സ്തവം ജപന്തസ്തമമീ ജലാന്തരേ
ഭവന്തമാസേവിഷതായുതം സമാഃ
ഭവൽസുഖാസ്വാദരസാദമീഷ്വിയാൻ
ബഭൂവ കാലോ ധ്രുവവന്ന ശീഘ്രതാ ൪

പ്രചേതസ്സുകൾ ആ സ്തോത്രം ജപിച്ചുകൊണ്ടു് വെള്ളത്തിനുള്ളിൽ പതിനായിരം കൊല്ലം അങ്ങയെ സേവിച്ചു. അങ്ങു് തൽസുഖാസ്വാദരസംകൊണ്ടു് ഇവരിൽ ഇത്രയും കാലം പ്രസാദിയ്ക്കുവാൻ താമസിച്ചു് ധ്രുവനിൽ എന്നപോലെ അത്ര വേഗം പ്രസാദിച്ചില്ല.

തപോഭിരേഷാ മതിമാത്രവർദ്ധിഭിഃ
സ യജ്ഞഹിംസാനിരതോപി പാവിതഃ
പിതാപി തേഷാം ഗൃഹയാതനാരദ
പ്രദർശിതാത്മാ ഭവദാത്മതാം യയൌ ൪

ഏറെറവും വർദ്ധിച്ച ഇവരുടെ തപസ്സുകൊണ്ട് യാഗനാശ തല്പരനായ ആ വേനൻക്രൂടി പരിശുദ്ധനായിത്തീർന്നു. അവരുടെ പിതാവും സഗൃഹത്തിൽ വന്ന നാരദനാൽ ഉപദേശിയ്ക്കപ്പെട്ട ആത്മജ്ഞാനം ലഭിച്ചു് ഭവത്സ്വരൂപം പ്രാപിച്ചു.

കൃപാബലേനൈവ പുരഃ പ്രചേതസാം
പ്രകാശമാഗാഃ പതഗേന്ദ്രവാഹനഃ
വിരാജിചക്രാദി വരായുധാംശുഭിർ–
ഭുജാഭിരഷ്ടാഭിരുദഞ്ചിതദ്യുതിഃ ൫

ഗരുഡന്റെ പുറത്തു് കയറി ശോഭിയ്ക്കുന്ന തൃച്ചക്രം മുതലായ ഉൽകൃഷ്ടായുധങ്ങളുടെ രശ്മികളാൽ മനോഹരമായ ശോഭയോടും തൃക്കൈകളോടുംകൂടി അങ്ങു് കൃപാബലംകൊണ്ടുതന്നെ ആ പ്രചേതസ്സുകളുടെ മുമ്പിൽ പ്രത്യക്ഷനായി.

പ്രചേതസാം താവദയാചതാമപി
ത്വമേവ കാരുണ്യഭരാദവാനദഃ
ഭവദ്വിചിന്താപി ശിവായ ദേഹിനാം
ഭവത്യസൌ രുദ്രനുതിശ്ച കാമദാ ൬

അപ്പോൾ യാചിയ്ക്കാത്തവരാണെങ്കിലും അങ്ങുതന്നെ കരുണാതിരേകംകൊണ്ടു് ആ പ്രചേതസ്സുകൾക്കു് വരങ്ങൾ നല്കി. "ഭവദ്വിചാരം ദേഹികൾക്കു് മംഗളത്തിന്നായി ഭവിയ്ക്കുന്നു" ഈ രുദ്രസ്തുതിയും എല്ലാ ആഗ്രഹങ്ങളേയും സാധിപ്പിയ്ക്കുന്നതാകുന്നു.

അവാപ്യ കാന്താം തനയാം മഹീരുഹാം
തയാ രമദ്ധ്വം ദശലക്ഷവത്സരീം
സുതോസ്മ്യ ദക്ഷോ നനു തൽക്ഷണാച്ച മാം
പ്രയാസ്യഥേതി ന്യഗദോ മുദൈവ താൻ ൭

വൃക്ഷങ്ങളുടെ പുത്രിയെ ഭാര്യയായി ലഭിച്ചു് അവളോടുകൂടി പത്തുലക്ഷം കൊല്ലങ്ങൾ ക്രീഡിയ്ക്കുവിൻ. ദക്ഷൻ എന്ന

ഒരു പുത്രൻ ഭവിയ്ക്കട്ടെ; എന്നിട്ട് എന്നെ പ്രാപിയ്ക്കുവിൻ എന്നു് സന്തോഷത്തോടുകൂടിത്തന്നെ അവരോടു് നിന്തിരുവടി അരുളിച്ചെയ്തു.

തതശ്ച തേ ഭ്രുതലരോധിനസ്തരൻ
ക്രുധാ ദഹന്തോ ദ്രുഹിണേന വാരിതാഃ
ദ്രുമൈശ്ച ദത്താം തനയാമവാപ്യ താം
തപാടുക്തകാലം സുഖിനോഭിരേമിരേ ൯൯

അനന്തരം പ്രചേതസ്സുകൾ ഭ്രുതലത്തെ മറയ്ക്കുന്ന വൃക്ഷങ്ങളെ ക്രോധാഗ്നിയിൽ ദഹിപ്പിച്ചുവരായി ബ്രഹ്മാവിനാൽ തടുക്കപ്പെട്ടവരായി വൃക്ഷങ്ങളാൽ നല്കപ്പെട്ട ആ പുത്രിയെ പ്രാപിച്ചു് അങ്ങു് അരുളിച്ചെയ്ത കാലത്തോളം സസുഖം രമിച്ചു.

അവാപ്യ ദക്ഷശ്ച സുതം കൃതാദ്ധരാഃ
പ്രചേതസോ നാരദലബ്ധയാധിയാ
അവാപുരാനന്ദപദം തഥാവിധ-
സ്ത്വമീശ വാതാലയനാഥ! പാഹി മാം ൧൦൦

പ്രചേതസ്സുകൾ ദക്ഷൻ എന്ന പുത്രനേയും ലഭിച്ചിട്ടു് അനേകം യാഗങ്ങൾ ചെയ്തു് നാരദനിൽനിന്നു് ലഭിച്ച ജ്ഞാനബുദ്ധികൊണ്ടു് പരമാനന്ദപദം പ്രാപിച്ചു. അല്ലയോ ഗുരുവായൂർദേവ! താദൃശനായ അങ്ങു് എന്നെ രക്ഷിച്ചാലും.

ഇതി ചതുർത്ഥസ്കന്ധേ പ്രാചേതസകഥാ.

പഞ്ചമസ്കന്ധം

ദശകം 20.

ഋഷഭയോഗീശ്വരചരിത്രം.

പ്രിയവ്രതസ്യ പ്രിയപുത്രതാ-
ഗ്നീധ്രരാജാദുദിതോ ഹി നാഭിഃ
തപാം ദുഷ്ടവാനിഷ്ടമിഷ്ടിമധ്യേ
തവൈവ തുഷ്ട്യൈ കൃതയജ്ഞകർമ്മാ ൧

പ്രിയവ്രതന്റെ ഇഷ്ടസുതനായ അഗ്നീധ്രനെന്ന രാജാവിൽനിന്നു് ജനിച്ചവനും നാഭി എന്നു് പ്രസിദ്ധനും ആയ രാജാവു് അങ്ങയുടെ സന്തോഷത്തിന്നു് തന്നെ യാഗകർമ്മം ചെയ്യുമ്പോൾ യാഗമദ്ധ്യത്തിൽ ഇഷ്ടദാതാവായ നിന്തിരുവടിയെ കണ്ടു.

അഭിഷ്ടുതസ്ത്വത മുനീശ്വരൈസ്ത്വം
രാജ്ഞഃസദൃശ്യം സുതമർത്ഥ്യമാനഃ
സ്വയം ജനിഷ്യേഹമിതിബ്രുവാണ-
സ്തിരോദധാ ബർഹിഷി വിശ്വമൂർത്തേ! ൨

അല്ലയോ വിശ്വരൂപ! അങ്ങു് അവിടെ മുനീന്ദ്രന്മാരാൽ സ്തുതിയ്ക്കപ്പെട്ടവനായി രാജാവിനു് ഭഗവത്തുല്യനായ പുത്രനെ യാചിയ്ക്കപ്പെട്ടവനായിട്ടു് ഞാൻതന്നെ ജനിച്ചേയ്ക്കാമെന്നു് പറഞ്ഞു് ഹോമാഗ്നിയിൽ തിരോധാനം ചെയ്തു.

നാഭിപ്രിയായാമഥ മേരുദേവ്യാം
ത്വമംശതോഭൂർഋഷഭാഭിധാനഃ
അലോകസാമാന്യഗുണപ്രഭാവ-
പ്രഭാവിതാശേഷജനപ്രമോദഃ ൩

പിന്നെ നാഭിയുടെ പത്നിയായ മേരുദേവിയിൽ അനന്യസാധാരണങ്ങളായ ഗുണവിശേഷങ്ങളെക്കൊണ്ടും പ്രഭാവംകൊണ്ടും ഉണ്ടാക്കപ്പെട്ട സകല ജനസന്തോഷത്തോടുകൂടിയ അങ്ങു് ഋഷഭദേവനെന്ന പേരിൽ തന്റെ അംശത്തിൽനിന്നു് ജനിച്ചു.

തയി ത്രിലോകീഭൃതി രാജ്യഭാരം
നിധായ നാഭിസ്സഹ മേരുദേവ്യാ
തപോവനം പ്രാപ്യ ഭവന്നിഷേവീ
ഗതഃ കിലാനന്ദപദം പദന്തേ ൪

നാഭി മുന്നു് ലോകവും ഭരിയ്ക്കുന്ന അങ്ങയിൽ രാജ്യഭാരം സ്ഥാപിച്ചു് മേരുദേവിയോടുകൂടെ തപ്പോവനം പ്രാപിച്ചു് അങ്ങയെ സേവിച്ചു് പരമാനന്ദപ്രദമായ വൈകുണ്ഠം പ്രാപിച്ചുവത്രെ.

ഇന്ദ്രസ്ത്വദുൽക്ഷിപ്തകൃതാദമഷ്ടാ
ദവർഷ നാസ്മിന്നജനാഭവർഷേ
യദാ തദാ ത്വംനിജയോഗശക്ത്യാ
സ്വവർഷമേനദ്യദധാഃ സുവർഷം ൫

ഇന്ദ്രൻ ഭവദുല്ലംഘ്യംകൊണ്ടുള്ള ക്രോധത്താൽ ഈ അജനാഭമെന്ന ഭൂഖണ്ഡത്തിൽ വർഷിയ്ക്കാതിരുന്നപ്പോൾ അങ്ങു് സ്വയോഗബലംകൊണ്ടു് ധാരാളം ഇവിടെ മഴയുണ്ടാക്കിത്തീർത്തു.

ജിതേന്ദ്രതത്താം കമനീംജയന്തീ–
മഥോദവഹന്നാത്മരതാശയോപി
അജീജനസ്ത്വത്ത ശതംതനൂജാ
നേഷാം ക്ഷിതീശോ ഭരതോഗ്രജന്മാ ൬

പിന്നെ അങ്ങു് ആത്മതത്പരങ്ങളിൽ വച്ചുത്തമം രമിപ്പിയ്ക്കുന്നവനാണെങ്കിലും ആത്മപരാജിതനായ ഇന്ദ്രനാൽ ദത്തമായ ജയന്തി എന്ന കന്യകയെ സ്വീകരിച്ചു് അവളിൽ നൂറു് പുത്രന്മാരെ ജനിപ്പിച്ചു. ഇവരിൽ മൂത്ത പുത്രനായ ഭരതൻ രാജാവായി.

നവാഭവൻ യോഗിവരാ നവാന്യേ
തപാലയൻ ഭാരതവർഷഖണ്ഡാൻ
സൈകാ സ്വശീതിസ്സുവ ശ്രേഷ്ഠവൃത്താ–
സ്ത്വപോബലാൽ ഭ്രസുരത്വമീയുഃ ൭

ഒമ്പതു് പുത്രന്മാർ യോഗീന്ദ്രന്മാരായിത്തീർന്നു. വേറെ ഒമ്പതു് മക്കൾ ഭാരതവർഷത്തിലുള്ള ഭൂഖണ്ഡങ്ങളെ രക്ഷിച്ചു. ശിഷ്ടന്മാരായ എണ്ണത്തൊന്നു് പുത്രന്മാർ തപോബലത്താൽ ബ്രാഹ്മണരായിത്തീർന്നു.

ഉക്ത്വാ സുതേഭ്യോഥ മുനീന്ദ്രമദ്ധ്യേ
വിരക്തിഭക്ത്യനപിതമുക്തിമാർഗ്ഗം
സ്വയം ഗതഃ പരമഹംസ്യവൃത്തി-
മധാ ജഡോന്മത്തപിശാചചര്യ്യാം വ്യ

അനന്തരം നിന്തിരുവടി മഹർഷിശ്രേഷ്ഠന്മാരുടെ ഇടയിൽ പുത്രന്മാക്കു് വിരക്തിയും ഭക്തിയും ഉള്ള മുക്തിമാർഗ്ഗം ഉപദേശിച്ചു് സ്വയം പരമഹംസവൃത്തിയെ സ്വീകരിച്ചു് ജഡന്റേയും ഭ്രാന്തന്റേയും പിശാചുക്കളുടേയും സമ്പ്രദായം കൈക്കൊണ്ടു.

പരാത്മഭൂതോപി പരോപദേശം
കുർവ്വൻ ഭവാൻ സർവ്വനിരസ്യമാനഃ
വികാരഹീനോ വിചചാര കൃത്സ്നാം
മഹീമഹീനാത്മരസാഭിലീനഃ ൻ

പരാത്മരൂപിയാണെങ്കിലും മറ്റുള്ളവക്കു് ഉപദേശം നല്കുന്ന അങ്ങു് സർവ്വരാലും നിരസിതനായി വികാരരഹിതനായി സമഗ്രമായ ബ്രഹ്മാനന്ദത്തിൽ ലയിച്ചുകൊണ്ടു് ലോകമൊട്ടുക്കു് സഞ്ചരിച്ചു.

ശയുവ്രതം ഗോമൃഗകാകചര്യ്യാം
ചിരംചരന്നാപ്യ പരം സ്വരൂപം
ദധാഹ്യതാംഗഃ കുടകാചലേ തപം
താപാന്മമാപാകുരു വാതനാഥ! ഥം

പെരുമ്പാമ്പിന്റെ വ്രതവും പശു മൃഗം കാക്ക ഇവയുടെ ചര്യയേയും വളരെക്കാലം അനുഷ്ഠിച്ചുവന്ന അങ്ങു് പരമാത്മരൂപം പൂണ്ടു് കുടകമലയിൽ കാട്ടുതീയിൽ അംഗം വെടിഞ്ഞു് ഹേ ഗുരുവായൂർ ദേവാ! അങ്ങു് എന്റെ ദുഃഖങ്ങളെ തീർത്തുതരേണമേ!

ഇതി ശ്രീമദ്ഭയോഗീശ്വരകഥാ.

ദശകം 21.

ജംബുദ്വീപാദിഷു ഭഗവദുപാസനാപ്രകാരഃ

മദ്ധ്യാതദ്വേ ട്ടവ ഇളാവൃതനാമ്നി വർഷേ
ഗൌരീപ്രധാനവനിതാജനമാത്രഭാജി
ശർവ്വേണ മന്ത്രനതിഭിസ്സമുപാസ്യമാനം
സങ്കർഷണാത്മകമധീശ്വര! സംശ്രയേ ത്വാം ൧

ഹേ ഈശ്വരാ! ശ്വേതപർവ്വതം തുടങ്ങിയ സുമേരുതടങ്ങളും മാത്രമുള്ളതും ഭൂമദ്ധ്യത്തിലുള്ളതും ഇളാവൃതം എന്നു് പേരുള്ളതും ആയ ഭൂഖണ്ഡത്തിൽ ശിവനാൽ മന്ത്രങ്ങൾകൊണ്ടും സ്തോത്രങ്ങൾകൊണ്ടും സംസേവിയ്ക്കപ്പെടുന്നവനും സങ്കർഷണസ്വരൂപനും ആയ അങ്ങയെ ഞാൻ ആശ്രയിയ്ക്കുന്നു.

ഭദ്രാശ്വനാമക ഇളാവൃതപൂർവ്വവർഷേ
ഭദ്രശ്രവോഭിരൃഷിഭിഃ പരിണുതമാനം
കല്പാന്തഗൂഢനിഗമോദ്ധരണപ്രവീണം
ധ്യായാമി ദേവ! ഹയശീർഷതനും ഭവന്തം ൨

ഹേ ദേവ! ഭദ്രാശ്വമെന്നു് പേരായ ഇളാവൃതത്തിന്റെ പൂർവ്വഖണ്ഡത്തിൽ ഭദ്രശ്രവസ്സുകൾ എന്നു് പേരായ മഹർഷിമാരാൽ സ്തുതിയ്ക്കപ്പെടുന്നവനും പ്രളയത്തിൽ മറഞ്ഞ വേദം ഉദ്ധരിയ്ക്കുന്നതിൽ സമർത്ഥനും ഹയഗ്രീവമൂർത്തിയും ആയ അങ്ങയെ ഞാൻ ധ്യാനിയ്ക്കുന്നു.

ധ്യായാമി ദക്ഷിണഗതേ ഹരിവർഷവർഷേ
പ്രഹ്ലാദമുഖ്യപുരുഷൈഃ പരിസേവ്യമാനം
ഉത്തുംഗശാന്തധവളാകൃതിമേകശുദ്ധ-
ജ്ഞാനപ്രദം നരഹരിം ഭഗവൻ ഭവന്തം ൩

അല്ലയോ ഭഗവൻ! ഇളാവൃതത്തിന്റെ തെക്കു് ഹരിവർഷം എന്ന ഭൂഖണ്ഡത്തിൽ പ്രഹ്ലാദൻ മുതലായ ആളുകളാൽ സേവിയ്ക്കപ്പെടുന്നവനും ഏറ്റവും ശാന്തവും ധവളവും ആയ ആകൃതിയെ വഹിയ്ക്കുന്നവനും അദ്വൈതശുദ്ധജ്ഞാനത്തെ നല്കുന്നവനും നരസിംഹമൂർത്തിയും ആയ അങ്ങയെ ഞാൻ ധ്യാനിയ്ക്കുന്നു.

വക്ഷേ പ്രതീചി ലളിതാത്മനി കേതുമാലേ
ലീലാവിശേഷലളിതസ്മിതശോഭനാംഗം
ലക്ഷ്മ്യാ പ്രജാപതി സുതൈശ്ച നിഷേവ്യമാണം
തസ്യാഃ പ്രിയായ ധൃതകാമതനും ഭജേ ത്വാം ൪

പടിഞ്ഞാറു് മനോഹരമായ കേതുമാലം എന്ന ഭ്രഖണ്ഡത്തിൽ ലീലാവിശേഷങ്ങളോടുകൂടിയ മന്ദഹാസംകൊണ്ടു് മനോഹരാംഗനും ലക്ഷ്മീഭഗവതിയാലും പ്രജാപതിപുത്രന്മാരാലും സേവിയ്ക്കപ്പെടുന്നവനും ലക്ഷ്മിയുടെ ഇഷ്ടത്തിന്നു് കാമരൂപം വഹിച്ചവനും ആയ അങ്ങയെ ഞാൻ ആശ്രയിയ്ക്കുന്നു.

രമ്യേ ഹ്യദീചി ഖലു രമ്യകനാമ്നി വക്ഷേ
തദ്വക്ഷ്നാഥമനവദ്യസപര്യമാണം
ഭക്തൈകവത്സലമമത്സരഹൃത്സു ഭാന്തം
മത്സ്യാകൃതിം ഭുവനനാഥ! ഭജേ ഭവന്തം ൫

അല്ലയോ ലോകനാഥാ! വടക്കു് മനോഹരവും അതുകൊണ്ടുതന്നെ രമ്യകം എന്നു് പേരുള്ളതും ആയ വക്ഷത്തിൽ ആ ഭ്രഖണ്ഡത്തിന്റെ നാഥനായ മനുവര്യനാൽ പൂജിയ്ക്കപ്പെടുന്നവനും ഭക്തന്മാരിൽ മുഖ്യവാത്സല്യമുള്ളവനും നിർമ്മത്സരന്മാരുടെ മനസ്സിൽ വിളങ്ങുന്നവനും മത്സ്യാകൃതിയും ആയ അങ്ങയെ ഞാൻ സേവിയ്ക്കുന്നു.

വക്ഷം ഹിരണ്മയസമാഹ്വയമുത്തരാഹ-
മാസീനമദ്രിധൃതികർമ്മഠകാമഠാംഗം
സംസേവതേ പിതൃഗണപ്രവരോയ്ര്യമാ യം
തം ത്വാം ഭജാമി ഭഗവൻ പരചിന്മയാത്മൻ! ൬

അല്ലയോ പരബ്രഹ്മമൂർത്തിയായ ഭഗവൻ! വടക്കു് ഹിരണ്മയം എന്നു് പേരായ ഭ്രഖണ്ഡത്തിൽ ഇരിയ്ക്കുന്നവനും പർവ്വതം പൊക്കുവാൻ സാമർത്ഥ്യമുള്ള ആമയുടെ രൂപം ധരിച്ചവനും പിതൃനാഥനായ അര്യമാവിനാൽ സേവിയ്ക്കപ്പെടുന്നവനും ആയ ആ അങ്ങയെ ഞാൻ ഭജിയ്ക്കുന്നു.

കിഞ്ചോത്തരേഷു കുരുഷു പ്രിയയാ ധരണ്യാ
സംസേവിതോ മഹിതമന്ത്രനതിപ്രഭേദൈഃ
ദംഷ്ട്രാഗ്രലുഷ്ടഘനപൃഷ്ഠഗരിഷ്ഠവർഷ്മാ
തപം പാഹി വിജ്ഞനുതയജ്ഞവരാഹമൂർത്തേ ൬

അല്ലയോ വിജ്ഞന്മാരാൽ സ്തുതിയ്ക്കപ്പെട്ട യജ്ഞവരാഹ സ്വരൂപിയായ ഭഗവൻ! വടക്കു് കുരുക്ഷേത്രത്തിൽ പ്രിയയായ ഭൂമിയാൽ മഹിതങ്ങളായ പലേ മന്ത്രങ്ങളെക്കൊണ്ടും സ്തോത്രങ്ങളെക്കൊണ്ടും സേവിയ്ക്കപ്പെട്ടവനും ദംഷ്ട്രയുടെ അറ്റംകൊണ്ടു് മേഘമണ്ഡലത്തിന്റെ പൃഷ്ഠത്തിൽ ഉരസത്തക്ക ഗുരുതരമായ ശരീരമുള്ളവനും ആയ അങ്ങു് എന്നെ രക്ഷിയ്ക്കണേ!

യാമ്യാന്ദിശം ഭജതി കിംപുരുഷാഖ്യവർഷേ
സംസേവിതോ ഹനുമതാ ദൃഢഭക്തിഭാജാ
സീതാഭിരാമപരമാദ്ഭുതരൂപശാലീ
രാമാത്മകഃ പരിലസൻ പരിപാഹി വിഷ്ണോ! ൭

അല്ലയോ വിഷ്ണുഭഗവാനേ! തെക്കു് കിംപുരുഷമെന്നു് പേരായ ഭൂഖണ്ഡത്തിങ്കൽ ദൃഢഭക്തിയുള്ള ഹനുമാനാൽ സംസേവിയ്ക്കപ്പെട്ടവനും സീതയെ രമിപ്പിയ്ക്കുന്ന അത്യദ്ഭുതവിഗ്രഹം കൊണ്ടു് ശോഭിയ്ക്കുന്നവനും ശ്രീരാമമൂർത്തിയും ആയ അങ്ങു് ശോഭിച്ചുകൊണ്ടു് എന്നെ രക്ഷിയ്ക്കണേ!

ശ്രീനാരദേന സഹ ഭാരതഖണ്ഡമധ്യേ-
സ്ഥം സാംഖ്യയോഗഗതിഭിസ്സമുപാസ്യമാനഃ
ആകല്പകാലമിഹ സാധുജനാഭിരക്ഷീ
നാരായണോ നരസഖഃ പരിപാഹി ഭ്രമൻ! ൮

അല്ലയോ ഭ്രമൻ! ഇവിടെ നാരദമഹർഷിയാൽ ഭാരതഖണ്ഡത്തിലെ മുഖ്യന്മാരോടുകൂടെ സാംഖ്യയോഗസ്തോത്രങ്ങൾകൊണ്ടു് സേവിയ്ക്കപ്പെടുന്നവനും സാധുപാലകനും നരസഖനായ നാരായണനുമായ അങ്ങു് കല്പാന്തകാലംവരെ എന്നെ രക്ഷിയ്ക്കണേ!

പ്ലാക്ഷേക്ഷുരൂപമയി! ശാന്മല ഇന്ദ്രരൂപം
ദ്വീപേ ഭജന്തി കുശനാമനി വഹ്നിരൂപം
ക്രൌഞ്ചേംബുരൂപമഥ വായുമയഞ്ച ശാകേ
തപാം ബ്രഹ്മരൂപമയി പുഷ്കരനാമ്നിലോകാഃ ൯൦

അല്ലയോ ഭഗവൻ! പ്ലക്ഷദ്വീപിൽ സൂര്യരൂപനായും, ശാത്മലദ്വീപത്തിൽ ചന്ദ്രസ്വരൂപനായും, കുശദ്വീപത്തിൽ അഗ്നിരൂപിയായും, ക്രൌഞ്ചദ്വീപത്തിൽ ജലാത്മകനായും, ശാകദ്വീപത്തിൽ വായുരൂപനായും, പുഷ്കരദ്വീപത്തിൽ ബ്രഹ്മരൂപിയായും വിജയിയ്ക്കുന്ന അങ്ങയെ ലോകങ്ങൾ സേവിയ്ക്കുന്നു.

സപ്തർഷ്യാദിഭിരുപ്രകരൈർഗ്രഹൈശ്ച
പുച്ഛാദികേഷ്വവയവേഷ്വഭികല്പ്യമാനൈഃ
തപ്തം ശിശുമാരവപുഷാ മഹതാമുപാസ്യഃ
സന്ധ്യാസു രുന്ധി നരകം മമ സിന്ധുശായിൻ ൭൭

ഹേ സമുദ്രശായിയായ ഭഗവൻ! വാൽ തുടങ്ങിയ അവയവങ്ങളിൽ ധ്രുവൻ മുതലായ എല്ലാ നക്ഷത്രസമൂഹങ്ങളേയും, ഗ്രഹങ്ങളേയും സങ്കല്പിച്ചവനും ശിംശുമാരസ്വരൂപേണ ത്രിസന്ധ്യകളിലും മഹാന്മാക്കൾ സേവിയ്ക്കപ്പെടേണ്ടവനും ആയ അങ്ങ് എന്റെ നരകത്തെ തടയേണമേ!

പാതാളമൂലഭുവി ശേഷതനും ഭവന്തം
ലോലൈകകുണ്ഡലവിരാജിസഹസ്രശീർഷം
നീലാംബരം ധൃതഹലം ഭുജഗാംഗനാഭി-
ജ്ജുഷ്ടം ഭജേ! ഹര ഗദാൻ ഗുരുഗേഹനാഥ! ൭൮

പാതാളത്തിന്റെ അടിയിൽ ഇളകുന്ന ഒരേ കുണ്ഡലങ്കൊണ്ട് ശോഭിയ്ക്കുന്ന ആയിരം ശിരസ്സുകളുള്ളവനും നീലാംബരനും ഹലധാരിയും നാഗകന്യകകളാൽ ചുറ്റപ്പെട്ടവനും ശേഷരൂപനും ആയ അങ്ങയെ ഞാൻ ഭജിയ്ക്കുന്നു. അല്ലയോ ഗുരുവായൂരപ്പാ! എന്റെ രോഗങ്ങളെ നശിപ്പിയ്ക്കണമേ!

ഇതി പഞ്ചമസ്കന്ധഃ

ഷഷ്ഠസ്കന്ധം

ദശകം 22.

അജാമിളോപാഖ്യാനം.

അജാമിളോ നാമ മഹീസുരഃ പുരാ
ചരൻ വിഭോ! ധർമ്മപഥാൻ ഗൃഹാശ്രമീ
ഗുരോർഗിരാ കാനനമേത്യ ദൃഷ്ടവാൻ
സുധൃഷ്ടശീലാം കുലടാം മദാകുലാം ൧

അല്ലയോ പ്രഭോ! പണ്ട് ഗൃഹസ്ഥാശ്രമം സ്വീകരിച്ച് ധർമ്മമാർഗ്ഗങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന അജാമിളൻ എന്ന് പേരായ ഒരു ബ്രാഹ്മണൻ ഗുരുവിന്റെ വാക്കുകൊണ്ട് കാട്ടിൽ ചെന്ന് ഏറ്റവും ധൃഷ്ടയും മദപരവശയും ആയ ഒരു കുലടയെ കണ്ടു.

സതഃ പ്രശാന്തോപി തദാഹൃതാശയഃ
സധർമ്മമുൽസൃജ്യ തയാ സമാരമൻ
അധർമ്മകാരീ ദഗമീ ഭവൻ പുനർ–
ദധൌ ഭവന്നാമയുതേ സുതേരതിം ൨

സതേ ശാന്തനാണെങ്കിലും അവളാൽ അപഹൃതചിത്തനായി സ്വധർമ്മം വെടിഞ്ഞു് അവളോടുകൂടെ രമിയ്ക്കുകയും അധർമ്മങ്ങളെ ചെയ്കയും ചെയ്തു. പിന്നെ വാക്യത്തിൽ ഭഗവാന്റെ പേരോടുകൂടിയ തന്റെ ഇളയ പുത്രനെ അത്യന്തം സ്നേഹിച്ചു.

സ മൃത്യുകാലേ യമരാജകിങ്കരാൻ
ഭയങ്കരാംസ്ത്രീനവിലക്ഷയൻ ഭിയാ
പുരാ മനാക് തൽസ്മൃതിവാസനാബലാ–
ജ്ജുഹാവ നാരായണനാമകം സുതം ൩

ആ അജാമിളൻ അന്ത്യകാലത്തിൽ ഭയങ്കരന്മാരായ മൂന്ന് യമകിങ്കരന്മാരെ കണ്ടു് ഭയപ്പെട്ടു് ആദികാലത്തു് അല്പം ഭഗവൽസ്മരണയുണ്ടായിരുന്നതുകൊണ്ടുള്ള വാസനാശക്തികൊണ്ടു് നാരായണൻ എന്ന തന്റെ പുത്രനെ വിളിച്ചു.

ദുരാശയസ്യാപി തദാത്മനിഷ്കൃത-
തദീയനാമാക്ഷരമാത്രവൈഭവാൽ
പുരോഭിവേത്തുർഭവദീയപാർഷ്ണയാ-
ശ്ചതുർഭുജാഃ പീതപടാ മനോരമാഃ ൫

ദുർമ്മതിയാണെങ്കിലും അപ്പോൾ പുറപ്പെട്ട അങ്ങയുടെ നാമാക്ഷരമാത്രമാഹാത്മ്യംകൊണ്ടു് അവന്റെ മുന്നിൽ നാലു് കൈകളോടുകൂടി മഞ്ഞപ്പട്ടുടുത്തു് മനോഹരന്മാരായ അങ്ങയുടെ ഭൃത്യന്മാർ പ്രത്യക്ഷപ്പെട്ടു.

അമുഞ്ച സംപാശ്യ വികൃഷ്തോ ഭടാൻ
വിമുഞ്ചതേത്യാരുരുധുർബലാദമീ
നിവാരിതാസ്തേ ച ഭവജ്ജനൈസ്തദാ
തദീയപാപം നിഖിലം ന്യവേദയൻ ൬

അവർ ഇവനെ കെട്ടിവലിയ്ക്കുന്ന യമഭടന്മാരോടു് ഇവനെ വിടുവിൻ എന്നു് പറഞ്ഞു് ബലാല്ക്കാരേണ തടുത്തു. അപ്പോൾ കാലകിങ്കരന്മാർ ഭഗവൽപാർഷദന്മാരാൽ തടുക്കപ്പെട്ടവരായി അവന്റെ എല്ലാവിധ പാപങ്ങളേയും അറിയിച്ചു.

ഭവന്തു പാപാനി കഥന്തു നിഷ്കൃതേ
കൃതേപി ഭോഃ ദണ്ഡനമസ്തി പണ്ഡിതാഃ
ന നിഷ്കൃതിഃ കിം വിദിതാ ഭവാദൃശാ-
മിതി പ്രഭോ! തൽപുരുഷാ ബഭാഷിരേ ൭

അല്ലയോ വിഭോ! അങ്ങയുടെ ഭൃത്യന്മാർ "ഹെ പണ്ഡിതന്മാരെ! പാപം ചെയ്തു എങ്കിലും അതിന്നു് പ്രതികാരം ചെയ്തു കഴിഞ്ഞാലും ശിക്ഷയുണ്ടോ? പ്രതികാരം എന്തെന്നു് ഭവാദൃശന്മാർ അറിഞ്ഞിട്ടില്ലെ" എന്നു് ചോദിച്ചു.

ശ്രുതിസ്മൃതിഭ്യാം വിഹിതാ വ്രതാദയഃ
പുനന്തി പാപം ന പുനന്തി വാസനാം
അനന്തസേവാ തു നികൃന്തതി ദ്വയീ-
മിതി പ്രഭോ! തൽപുരുഷാ ബഭാഷിരേ ൮

ശ്രുതിസ്മൃതികളാൽ വിധിയ്ക്കപ്പെട്ട വ്രതം മുതലായവ പാപത്തെ ശുദ്ധീകരിയ്ക്കുന്നു. എന്നാൽ പാപവാസനയെ ഛേദി

യ്ക്കുന്നില്ല. ഭഗവൽസേവ രണ്ടു് വാസനകളേയും നശിപ്പിയ്ക്കുന്നു. അല്ലയോ വിഭോ! ഭവൽഭൃത്യന്മാർ ഇങ്ങിനെ പറഞ്ഞു.

അനേന ഭോഃജന്മസഹസ്രകോടിഭിഃ
കൃതേഷു പാപേഷ്വപി നിഷ്കൃതിഃ കൃതാ
യദഗ്രഹീന്നാമ ഭയാകുലോ ഹരേ–
രിതി പ്രഭോ! തൽപുരുഷാ ബഭാഷിരേ വ

ഹേ കാലഭടന്മാരേ! ഭീതിപരവശനായി ഹരിയുടെ ദിവ്യ നാമങ്ങളെ ഗ്രഹിച്ചതുകൊണ്ടു് അനേകകോടിജന്മങ്ങളിൽ ഇവനാൽ ചെയ്യപ്പെട്ട പാപങ്ങൾക്കു് പ്രായശ്ചിത്തം ചെയ്യപ്പെട്ടിരിയ്ക്കുന്നു എന്നു് അല്ലയോ വിഭോ! അങ്ങയുടെ ഭൃത്യന്മാർ പറഞ്ഞു.

നൂനാമബുദ്ധ്യാപി മുകുന്ദകീർത്തനം
ദഹത്യഘൌഘാൻ മഹിമാസ്യതാദൃശഃ
യഥാഗ്നിരേധാംസി യഥൌഷധം ഗദാ–
നിതി പ്രഭോ! തൽപുരുഷാ ബഭാഷിരേ ൻ

തീയു് വിറകിനെ എന്നപോലെയും ഔഷധം രോഗങ്ങളെ എന്നപോലെയും ഭഗവന്നാമകീർത്തനം ബുദ്ധിപൂർവ്വകമല്ലാതെയായാലും മനുഷ്യരുടെ പാപസമൂഹത്തെ നശിപ്പിയ്ക്കുന്നു. അതിനുള്ള വൈഭവം അത്രയുണ്ടു്. എന്നിപ്രകാരം അല്ലയോ വിഭോ! അങ്ങയുടെ ഭൃത്യന്മാർ പറഞ്ഞു.

ഇതീരിതൈർയാമ്യഭടൈരപാസൃതേ
ഭവത്ഭടാനാമ്പഗണേതിരോഹിതേ
ഭവൽസ്മൃതിംകഞ്ചനകാലമാചരൻ
ഭവല്പദംപ്രാപിഭവത്ഭടൈരസൌ ഥ0

ഇപ്രകാരം ഉത്തേജിപ്പിയ്ക്കപ്പെട്ട യമഭടന്മാർ പോയശേഷം അങ്ങയുടെ ഭൃത്യന്മാർ മറഞ്ഞപ്പോൾ ഈ അജാമിളൻ ഭഗവൽഭജനത്തെ കുറേക്കാലം അനുഷ്ഠിച്ചു് ഭവൽഭടന്മാരാൽ ഭവല്പദം പ്രാപിപ്പിയ്ക്കപ്പെട്ടു.

സചകിങ്കരാവേദനശങ്കിതോ യമ-
സ്ത്വദംഘ്രിഭക്തേഷു ന ഗമ്യതാമിതി
സചകീയഭൃത്യാനശിശിക്ഷദുച്ചകൈ-
സ്സ ദേവ വാതാലയനാഥ! പാഹിമാം ൭൭

കാലൻ തന്റെ ഭൃത്യന്മാർ പറഞ്ഞതു് കേട്ടു് ശങ്കിച്ചു്. അങ്ങയുടെ ഭക്തന്മാരുടെ അടുക്കൽ നിങ്ങളും ഇനി പോകരുതു് എന്നു് സ്വഭൃത്യന്മാരോടാജ്ഞാപിച്ചു. അല്ലയോ ഗുരുവായൂരപ്പ! ആ അങ്ങു് എന്നെ രക്ഷിച്ചാലും!

ഇതി അജാമിളകഥാ.

ദശകം 23.

ദക്ഷചിത്രകേതുകഥാ വൃത്രവധഃ
സപ്തമരുദുല്പത്തിശ്ച.

പ്രാചേതസസ്യ ഭഗവന്നപരോ ഹി ദക്ഷ-
സ്ത്വൽസേവനം വ്യധിത സൃഷ്ടിവിവൃദ്ധികാമഃ
ആവിർബഭൂവിഥ തദാ ലസദഷ്ടബാഹു-
സ്തസ്മൈ വരം ദദിഥ താഞ്ച വധൂമസിക്നീം ൭

ഹേ ഭഗവൻ! പ്രചേതസ്സുകളുടെ പുത്രനായ മറ്റൊരു ദക്ഷൻ സൃഷ്ടിവർദ്ധനയിൽ ആഗ്രഹത്തോടുകൂടി അങ്ങയെ സേവിച്ചു. അങ്ങു് എട്ടു് തൃക്കൈകളാൽ ശോഭിച്ചുകൊണ്ടു് പ്രത്യക്ഷപ്പെട്ടു. അവന്നു് വരവും ഭാര്യയായി അസിക്നിയേയും അങ്ങു് ദാനം ചെയ്തു:

തസ്യാത്മജാസ്ത്വയുതമീശ! പുനസ്സഹസ്രം
ശ്രീനാരദസ്യ വചസാ തവ മാർഗ്ഗമാപുഃ
നൈകത്ര വാസമൃഷയേ സ മുമോച ശാപം
ഭക്തോത്തമസ്ത്വഹിരനുഗ്രഹമേവ മേനേ ൮

അല്ലയോ ഈശ്വര! പതിനായിരം ദക്ഷപുത്രന്മാർ നാരദമഹർഷിയുടെ ഉപദേശംകൊണ്ടു് മോക്ഷം പ്രാപിച്ചു. ദക്ഷൻ "നീ ഒരു ദിക്കിൽ താമസിയ്ക്കാതിരിയ്ക്കണം" എന്നു് നാരദനെ

ശപിച്ചു. ഭക്തശ്രേഷ്ഠനായ നാരദമഹർഷി അതു് തനിയ്ക്കാരനുഗ്രഹമായും വിചാരിച്ചു. (ഒരിടത്തുതന്നെ ഇരിയ്ക്കുന്നതായാൽ ബന്ധത്തിനു് കാരണവും ഭക്തിയ്ക്കു് തടസ്സവുമാകയാലാണു് ആ ശാപം ഒരനുഗ്രഹമായി നാരദൻ കരുതിയതെന്നു് താല്പര്യം.)

ഷഷ്ട്യാ തതോ ദുഹിതൃഭിഃ സുജതഃ കൃശാശ്വാൻ
ദൌഹിത്രസൂനരഥ തസ്യ സ വിശ്വരൂപഃ
ത്വൽസ്തോത്രവർമ്മിതമജാപയദിന്ദ്രമാജൌ
ദേവ! ത്വദീയമഹിമാ ഖലു സർവ്വജൈത്രഃ ൯൨

അനന്തരം അറുപതു് പുത്രിമാരെക്കൊണ്ടു് വംശം വർദ്ധിപ്പിയ്ക്കുന്ന ദക്ഷന്റെ ദൌഹിത്രപുത്രനായ ആ വിശ്വരൂപൻ ഭഗവൽസ്തോത്രകവചബദ്ധനായിരിയ്ക്കുന്ന ഇന്ദ്രനെ യുദ്ധത്തിൽ ജയിപ്പിച്ചു. ഭഗവൻ! നിന്തിരുവടിയുടെ മാഹാത്മ്യം എങ്ങും ജയശീലമാണല്ലോ?

പ്രാക്ശൂരസേനവിഷയേ കില ചിത്രകേതുഃ
പുത്രാഗ്രഹീ നൃപതിരംഗിരസഃ പ്രഭാവാൽ
ലബ്ധ്വൈകപുത്രമഥ തത്ര ഹതേ സപത്നീ-
സംഘൈരമുഹ്യദവശസ്തവ മായയാസൌ ൯൩

പണ്ടു് ശൂരസേനരാജ്യത്തു് ചിത്രകേതു എന്ന രാജാവു് പുത്രലാഭത്തെ ആഗ്രഹിച്ചുകൊണ്ടിരുന്നു. അദ്ദേഹം അംഗിരസ്സിന്റെ മാഹാത്മ്യംകൊണ്ടു് ഒരു പുത്രനെ ലഭിയ്ക്കുകയും സപത്നിമാരാൽ വിഷംകൊടുത്തു് അവൻ കൊല്ലപ്പെടുകയും ചെയ്തപ്പോൾ പരവശനായി അങ്ങയുടെ മായകൊണ്ടു് മോഹിച്ചു.

തംനാരദസ്യ സമമംഗിരസാ ദയാലു-
സ്സംപ്രാപ്യ താവദുപദശ്യ സുതസ്യ ജീവം
കസ്യാനയീ പുത്ര ഇതി തസ്യ ഗിരാ വിമോഹം
ത്യക്ത്വാ ത്വദർച്ചനവിധൌ നൃപതിം ന്യയുങ്ക്ത

എന്നു് ആ ജീവന്റെ വാക്കുകൊണ്ടു് വിമോഹത്തെ ഉപേക്ഷിച്ചു് ചിത്രകേതുവിനെ നിന്തിരുവടിയെ അർച്ചിയ്ക്കുന്നതിൽ നിയോഗിച്ചു.

സ്തോത്രഞ്ച മന്ത്രമപി നാരദതോഥ ലബ്ധ്വാ
തോഷായ ശേഷവപുഷോ നനു തേ തപസ്യൻ
വിദ്യാധരാധിപതിതാം സ ഹി സപ്തരാത്രേ
ലബ്ധ്വാപ്യകുണ്ഠമതിരനഘജേ ഭവന്തം ൯൫

പിന്നെ രാജാവു് നാരദനിൽനിന്നു് മന്ത്രങ്ങളും സ്തോത്രങ്ങളും ലഭിച്ചു് ശേഷമൂർത്തിയായ അങ്ങയുടെ സന്തോഷത്തിന്നു് മാത്രം തപസ്സുചെയ്തു് ഏഴു് രാത്രംകൊണ്ടു് വിദ്യാധിനായകത്വം പ്രാപിച്ചിട്ടുപോലും തൃപ്തി കൈവരാതെ അങ്ങയെത്തന്നെ ഭജിച്ചു.

തസ്മൈ മുനാളധവളേന സഹസ്രശീർഷ്ണാ
രൂപേണ ബദ്ധനുതിസിദ്ധഗണാവൃതേന
പ്രാദുർഭവന്നചിരതോ നുതിഭിഃ പ്രസന്നോ
ഭവാത്മതത്വമനുഗൃഹ്യ തിരോദധാഥ ൯൬

അങ്ങു് താമരവളയംപോലെ ശുഭ്രവും ആയിരം ശിരസ്സുകളുള്ളതും ആയ രൂപത്തോടുകൂടിയ സ്തുതിയ്ക്കുന്ന സിദ്ധഗണങ്ങളാൽ പരിവൃതനായി മുന്നിൽ പ്രത്യക്ഷനായി സ്തോത്രങ്ങളാൽ സന്തുഷ്ടനായി ആ ചന്ദ്രകേതുവിന്നു് ആത്മതത്വങ്ങളുപദേശിച്ചു് തിരോധാനം ചെയ്തു.

തത്തദ്ഭക്തമൗലിരഥ സോപി ച ലക്ഷലക്ഷം
വർഷാണി ഹർഷുലമനാ ഭുവനേഷു കാമം
സംഗായയൻ ഗുണഗണം തവ സുന്ദരീഭി-
സ്സംഗാതിരേകരഹിതോ ലളിതം ചചാര ൯൭

അനന്തരം ഭവൽഭക്തന്മാരിൽ ശ്രേഷ്ഠനായ അദ്ദേഹം നിന്തിരുവടിയുടെ ഗുണസമൂഹങ്ങളെ സുന്ദരിമാരെക്കൊണ്ടു് പാടിച്ചു് സക്തിരഹിതനായി സന്തുഷ്ടചിത്തനായി അനേകലക്ഷം സംവത്സരങ്ങളോളം ഇഷ്ടംപോലെ ലോകങ്ങളിൽ സഞ്ചരിച്ചു.

അത്യന്തസംഗവിലയായ ഭവൽപ്രണന്നോ
ന്യനം സ രൌപ്യഗിരിമാപ്യ മഹത്സമാജേ
നിശ്ശംകമങ്കകൃതവല്ലഭ! മംഗജാരിം
തം ശങ്കരം പരിഹസന്നമയാഭിശേപേ ൯

സക്തിയെ തീരെ നശിപ്പിയ്ക്കുവാൻ ഭവൽപ്രേരിതനായ അവൻ കൈലാസപർവ്വതം പ്രാപിച്ചു് മഹൽസദസ്സിൽ നിസ്സംശയം ഭാര്യയെ മടിയിലിരുത്തി ലാളിയ്ക്കുന്ന കാമരിപുവായ ആ പരമേശ്വരനെ പരിഹസിച്ചപ്പോൾ പാർവ്വതി ശപിച്ചു.

നിസ്സംഭ്രമസ്തവമയാചിതശാപമോക്ഷോ
വൃത്രാസുരത്വമുപഗമ്യ സുരേന്ദ്രയോധീ
ഭക്ത്യാത്മതത്വകഥനൈസ്സമരേ വിചിത്രം
ശത്രോരപി ഭ്രമമപാസ്യ ഗതഃ പദന്തേ ൧൦

അവൻ പരിഭ്രമം കൂടാതെ ശാപമോക്ഷവും ആവശ്യപ്പെടാതെ വൃത്രാസുരനായിത്തീർന്നു് ദേവേന്ദ്രനോടുകൂടി യുദ്ധംചെയ്തുകൊണ്ടു് ഭക്തികൊണ്ടും ആത്മതത്വോപദേശംകൊണ്ടും യുദ്ധത്തിൽ തന്റെ ശത്രുവിന്റെ അജ്ഞാനഭ്രമത്തെക്കൂടി തീർത്തു് അങ്കയുടെ സ്ഥാനം (വൈകുണ്ഠലോകം) പ്രാപിച്ചു.

തപത്സേവനേന ദിതിരിന്ദ്രവധോദ്യതാപി
താൻപ്രത്യതേന്ദ്രസുഹൃതോ മരുതോഭിലേഭേ
ദുഷ്ടാശയേപി ശുഭദൈവ ഭവന്നിഷേവാ
തത്താദൃശസ്ത്വമവ മാം പവനാലയേശ! ൧൧

ഇന്ദ്രനെ കൊല്ലുവാൻ മുതിർന്നവളാണെങ്കിലും ദിതിയ്ക്കു് അങ്കയുടെ സേവകൊണ്ടു് നേരെമറിച്ചു് ഇന്ദ്രസുഹൃത്തുകളായ മരുത്തുകളെ ലഭിച്ചു. ഭഗവൽസേവ ദുഷ്ടാശയത്തിലും ശുഭം നല്കുന്നതാണു്. അല്ലയോ ഗുരുവായൂരപ്പ! അപ്രകാരം മാഹാത്മ്യമുള്ള അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി ഷഷ്ഠസ്കന്ധേ വൃത്രവധഃ മരുദ്ഗൽപത്തിശ്ച്ച

സപ്തമസ്കന്ധം

ദശകം 24.

പ്രഹ്ലാദകഥാ.

ഹിരണ്യാക്ഷേ പോത്രിപ്രവരവപുഷാ ദേവ! ഭവതാ
ഹതേ ശോകക്രോധഗ്ലപിതധൃതിരേതസ്യ സഹജഃ
ഹിരണ്യപ്രാരംഭഃ കശിപുരമരാരാതിസദസി
പ്രതിജ്ഞാമാതേനേ തവ കില വധാർത്ഥം മധുരിപോ! ൧

അല്ലയോ ദേവ! മധുസൂദന! വരാഹമൂർത്തിയായ ഭവാനാൽ ഹിരണ്യാക്ഷൻ കൊല്ലപ്പെട്ടപ്പോൾ അവന്റെ അനുജനായ ഹിരണ്യകശിപു ദുഃഖവും ദ്വേഷ്യവും സഹിയ്ക്കാതെ അങ്ങയുടെ നിഗ്രഹത്തിനു് അസുരസഭയിൽവെച്ചു് പ്രതിജ്ഞചെയ്തവനത്രെ.

വിധാതാരം ഘോരം സ ഖലു തപസിത്വാ നചിരതഃ
പുരസ്സാക്ഷാൽ കുർവ്വൻ സുരനരമൃഗാദ്യൈരനിധനം
വരം ലബ്ധ്വാ ദൃപ്തോ ജഗദിഹ ഭവന്നായകമിദം
പരിക്രുന്ദന്നിന്ദ്രാദഹരത ദിവന്ത്വാമഗണയൻ ൨

അവൻ കഠിനമായ തപസ്സുചെയ്തു് താമസിയാതെ ബ്രഹ്മാവിനെ പ്രത്യക്ഷമാക്കി ദേവമനുഷ്യമൃഗാദികളാൽ താൻ വധിയ്ക്കപ്പെടരുതെന്നു് വരവും ലഭിച്ചു് ഗർവ്വിഷ്ഠനായി അങ്ങാകുന്ന നായകനോടുകൂടിയ ഈ ലോകത്തെ പീഡിപ്പിച്ചുകൊണ്ടു് അങ്ങയെ ഗണിയ്ക്കാതെ ഇന്ദ്രനിൽനിന്നു് സ്വർഗ്ഗം ഹരിച്ചു.

നിഹന്തുന്ത്വാം ഭ്രയസ്ത്വവ പദമവാപ്തസ്യ ച രിപോർ
ബഹിർദ്ദൃഷ്ടേരന്തർദധിഥ ഹൃദയേ സൂക്ഷ്മവപുഷാ
നദന്നാച്ചൈസ്തത്രാപ്യഖിലഭുവനാന്തേ ച മൃഗയൻ
ഭിയാ യാതംമത്വാ സ ഖലു ജിതകാശീ നിവവൃതേ ൩

പിന്നെ അങ്ങയെ കൊല്ലുവാൻ അങ്ങയുടെ പദത്തെ പ്രാപിച്ചവനും ജ്ഞാനമില്ലാത്തവനും ആയ ശത്രുവിന്റെ ഉള്ളിൽ

സൂക്ഷ്മശരീരത്തോടുകൂടി പ്രവേശിച്ചു് മറഞ്ഞു. അവനാകട്ടെ ഉറക്കെ അലറിക്കൊണ്ടു് അങ്ങയുടെ ലോകത്തിലും എല്ലാ ലോകങ്ങളിലും അങ്ങയെ തിരഞ്ഞു് ഒടുവിൽ അങ്ങു് ഭയംകൊണ്ടു് ഓടിപ്പോയതായി വിചാരിച്ചിട്ടു് താൻ ജയിച്ചു എന്നു് നടിച്ചുകൊണ്ടു് മടങ്ങിപ്പോന്നു.

തതോസ്യ പ്രഹ്ലാദഃ സമജനി സുതോ ഗർഭവസതൌ
മുനേർവ്വീണാപാണേരധിഗതഭവദ്ഭക്തിമഹിമാ
സ വൈ ജാത്യാത്തൈത്യശ്ശിശുരപി സമേത്യ ത്വയി രതിം
ഗതസ്ത്വദ്ഭക്തനാം വരദ! പരമോദാഹരണതാം ൪

അനന്തരം ഗർഭത്തിനുള്ളിൽ ഇരിയ്ക്കുമ്പോൾതന്നെ നാരദൻ വഴിയായി ഭഗവൽഭക്തിമാഹാത്മ്യം അറിഞ്ഞുകൊണ്ടുള്ള പ്രഹ്ലാദൻ എന്ന പേരായി ഒരു പുത്രൻ ഇവനു് ജനിച്ചു. അവൻ സ്വതേ അസുരനെങ്കിലും കുട്ടിയാണെങ്കിലും അല്ലയോ വരദനായ ഭഗവൻ! അങ്ങയുടെ ഭക്തിയെ ലഭിച്ചിട്ടു് ഭഗവൽഭക്തന്മാരുടെ ഉത്തമദൃഷ്ടാന്തതയെ പ്രാപിച്ചു.

സുരാരീണാം ഹാസ്യം തവ ചരണദാസ്യം നിജസുതേ
സ ദൃഷ്ട്വാ ദുഷ്ടാത്മാ ഗുരുഭിരശിശിക്ഷച്ചിരമമും
ഗുരുപ്രോക്തഞ്ചാസാവിദമിദമഭദ്രായ ദൃഢമി-
ത്യപാകുര്വ്വൻ സർവ്വം തവ ചരണഭക്ത്യൈവ വവൃധേ ൫

ദുഷ്ടഹൃദയനായ ആ ഹിരണ്യകശിപു അസുരന്മാക്കു് പരിഹസിയ്ക്കുവാൻ കഴിയുന്ന ഭവദ്ദാസ്യം തന്റെ പുത്രനിലുള്ളതായി കണ്ടു് ആചാര്യന്മാരെ ഇരുത്തി ഇവനെ വളരെക്കാലം (ഭഗവൽഭക്തി പാടില്ലെന്നു്) പഠിപ്പിച്ചു. ഇവനാകട്ടെ ഗുരു പറഞ്ഞതെല്ലാം നല്ലതിനല്ലെന്നു് അവയെ നിരസിച്ചു് അങ്ങയുടെ തൃപ്പാദങ്ങളിലുള്ള അതിഭക്തിയോടുകൂടിത്തന്നെ വളർന്നുവന്നു.

അധീതേഷു ശ്രേഷ്ഠം കിമിതി പരിപൃഷ്ടോ തനയേ
ഭവദ്ഭക്തിം വയ്യാമഭിഗദതി പയ്യാകലധ്വനിഃ
ഗുരുഭ്യോ രോഷിതാ സഹജമതിരസ്യേത്യഭിവിദൻ
വധോപായാനസ്മിൻ വ്യതനുത ഭവൽപാദശരണേ ൬

അനന്തരം പഠിയ്ക്കപ്പെട്ടവയിൽ വെച്ച് ശ്രേഷ്ഠമായതെന്തെന്ന് ചോദിച്ചപ്പോൾ അവൻ ഭഗവൽഭക്തിയാണ് ശ്രേഷ്ഠമായിട്ടുള്ളതെന്നു പറഞ്ഞു. അപ്പോൾ ഏറ്റവും ക്രുദ്ധനായ പിതാവ് അച്ചായ്മ്മാരോട് ദ്വേഷ്യപ്പെട്ട് ഇവന്റെ നിസ്സാരബുദ്ധിയാണെന്നറിഞ്ഞു് അങ്ങയുടെ തൃപ്പാദങ്ങൾ മാത്രം ശരണമായ ഇവനിൽ വധോപായങ്ങളെ ചെയ്തു.

സ ശൂലൈരാവിദ്ധഃ സുബഹുമഥിതോ ദിഗ്ഗജഗണൈ-
ർമ്മഹാസപ്പൈർദഷ്ടോപ്യനശനഗരാഹാരവിധൃതഃ
ഗിരീന്ദ്രാവക്ഷിപ്തോപ്യഹഹ പരമാത്മന്നയി വിഭോ
തവയി ന്യസ്താത്മത്വാൽ കിമപി ന നിപീഡാമഭജത ൭

അല്ലയോ വിഭുവായ പരമാത്മാവേ! ആ പ്രഹ്ലാദൻ ശൂലങ്ങളിൽ കുത്തിക്കോൾക്കപ്പെടുകയും ദിഗ്ഗജഗണങ്ങളാൽ പലതവണയും മഥിയ്ക്കപ്പെടുകയും ക്രൂരസർപ്പങ്ങളാൽ കടിപ്പിയ്ക്കപ്പെടുകയും നിരാഹാരംകൊണ്ടും വിഷഭക്ഷണംകൊണ്ടും ഉപദ്രവിയ്ക്കപ്പെടുകയും കഷ്ടം! പർവ്വതാഗ്രത്തിൽനിന്നു് വീഴ്ത്തപ്പെടുകയും ചെയ്തു എങ്കിലും അങ്ങയിൽ ആത്മാവുറപ്പിയ്ക്കയാൽ ഒരുതരത്തിലുള്ള പീഡയും ഉണ്ടായില്ല.

തതശ്ശംകാവിഷ്ടഃ സ പുനരതിദുഷ്ടോസ്യ ജനകോ
ഗുരുക്ത്യാ തൽഗേഹേ കില വരുണപാശൈസ്സമരുണൽ
ഗുരോശ്ചാസാന്നിദ്ധ്യേ സ പുനരനഗാൻ ദൈത്യതനയാൻ
ഭവത്ഭക്തേസ്തത്വം പരമമപി വിജ്ഞാനമശിഷൽ ൮

അതിനുശേഷം അതിദുഷ്ടനായ കശിപു സംശയാക്രാന്തനായി ഗുരുവാക്യത്താൽ വരുണപാശംകൊണ്ടു് അവനെ കെട്ടിയിട്ടപോൽ. പിന്നെ അവനാകട്ടെ ഗുരുവില്ലാതിരിയ്ക്കുമ്പോഴെല്ലാം ദൈത്യപുത്രന്മാരായ മറ്റു സഹോദരന്മാരേയും ഭഗവൽഭക്തിയുടെ തത്വത്തേയും ഉൽകൃഷ്ടമായ വിജ്ഞാനത്തേയും പഠിപ്പിച്ചു.

പിതാ ശുണ്ഡൻ ബാലപ്രകരമഖിലം തൽസ്തുതിപരം
രുഷാന്ധഃ പ്രാഹൈനം കുലഹതക കസ്തേ ബലമിതി
ബലം മേ വൈകുണ്ഠസ്തവ ച ജഗതാഞ്ചാപി സ ബലം
സ ഏവ ത്രൈലോക്യം സകലമിതി ധീരോയമഗദീൽ ൯

അച്ഛൻ, എല്ലാ കുട്ടികളും അങ്ങയുടെ സ്തോത്രങ്ങളിൽ തല്പരന്മാരായി ഉച്ചരിയ്ക്കുന്നതു് കേട്ടു് കോപാന്ധനായി "എടാ! വംശഹതക! നിനയ്ക്കു് ബലം ആർ" എന്നു് ഇവനോടു് ചോദിച്ചു. "എനിയ്ക്കു് വൈകുണ്ഠമൂർത്തിയാണു് ബലം. പോര; അങ്ങയ്ക്കും ലോകത്തിനെല്ലാംതന്നെ അദ്ദേഹമാണു് ബലം. എന്തിനു്? ത്രൈലോക്യംതന്നെ അദ്ദേഹമാണു്" എന്നു് ധീരനായ അവൻ പറഞ്ഞു.

അരേ കഷ്ടമസ്തു കഷ്ടമസ്തു സകലജഗദാത്മാ ഹരിരിതി
പ്രഭിന്നേ സ്മ സ്തംഭം ചലിതകരവാളോ ദിതിസുതഃ
അതഃ പശ്ചാദുച്ചിഷ്ടോ നഹി വദിതുമീശോസ്മി സഹസാ
കൃപാത്മൻ വിശ്വാത്മൻ പവനപുരവാസിൻ! മൃഡയ മാം

അതുകേട്ടു് കശിപു വാളിളക്കിക്കൊണ്ടു് "എടാ! അഖിലലോകാത്മാവായ ആ നിന്റെ വിഷ്ണു എവിടെ, എവിടെ?" എന്നിങ്ങിനെ ചോദിച്ചുകൊണ്ടു് സ്തംഭം പിളർന്നു. അല്ലയോ വിഷ്ണുഭഗവൻ! ഇനിയുള്ള കഥ അത്യുഗ്രം പറയുവാൻ എനിയ്ക്കു് ശക്തിയില്ല. അല്ലയോ കൃപാത്മാവേ! വിശ്വമൂർത്തേ! ഗുരുവായൂരപ്പാ! എന്നെ സുഖിപ്പിയ്ക്കണേ.

ഇതി പ്രഹ്ലാദകഥാ.

ദശകം 25.

നരസിംഹാവതാരം.

സ്തംഭേ ഘട്ടയതോ ഹിരണ്യകശിപോഃ കർണ്ണൗ സമാചൂർണ്ണയ-
ന്നാഘൂർണ്ണജ്ജഗദണ്ഡകുണ്ഡകുഹരോ ഘോരസ്തവാഭ്രധ്വനിഃ
ശ്രുത്വാ യം കില ദൈത്യരാജഹൃദയേ പൂർവ്വം കദാപ്യശ്രുതം
കംപഃ കശ്മന സംപപാത ചലിതോപ്യംഭോജഭൂവ്വിഷ്ടപാൽ ൧

തൂണിൽ വെട്ടുന്ന ഹിരണ്യകശിപുവിന്റെ കർണ്ണങ്ങളെ പൊട്ടിയ്ക്കുന്നതും ഭയങ്കരവും ജഗൽകടാഹത്തിന്റെ ഉൾഭാഗം ഇളക്കി മറിയ്ക്കുന്നതും ആയ നിന്തിരുവടിയുടെ ഗർജ്ജനശബ്ദം

ഉത്ഭവിച്ചു. ഇതുവരെ കേൾക്കാത്ത ആ ശബ്ദം കേട്ടപ്പോൾ കശിപുവിന്റെ ഉള്ളിൽ എന്തെന്നില്ലാത്ത ഒരു വിറ നേരിട്ട പോൽ. ബ്രഹ്മാവുപോലും സിംഹാസനത്തിൽനിന്നു് ഒന്നി ളകിപ്പോയി.

ദൈത്യേ ദിക്ഷു വിസൃംഷ്ടചക്ഷുഷി മഹാസംരഭിണി സ്തംഭതഃ
സംഭ്രതം നൃഗാത്മകംനമനുജാകാരം വപുസ്തേ വിഭോ!
കിം കിം ഭീഷ്ണമേതദദ്ഭുതമിതി വ്യുദ്ഭ്രാന്തചിത്തേസുരേ
വിസ്ഫൂർജദ്ഭുവലോഗ്രരോമവികസദ്വർഷ്മാ സമാജൃംഭഥാഃ ൫

അല്ലയോ പ്രഭോ! ഏറ്റവും കുപിതനായിട്ടു് ഹിരണ്യകശിപു നാലുപുറവും നോക്കിക്കൊണ്ടിരിയ്ക്കേ, മൃഗാത്മകമല്ലാത്തതും മനുഷ്യാകൃതിയല്ലാത്തതും ആയ അങ്ങയുടെ ശരീരം തൂണിൽ നിന്നു് ഉത്ഭവിച്ചു. ഭയാനകവും അത്ഭുതവുമായ ഇതെന്താണു് എന്താണു് എന്നു് ഹിരണ്യകശിപു പരിഭ്രമിച്ചപ്പോൾ വിടർന്നു് വെളുത്ത ഉഗ്രരോമങ്ങളെക്കൊണ്ടു് ശോഭിച്ച ശരീരത്തോടുകൂടിയ അങ്ങു് ക്രമേണ വർദ്ധിച്ചു.

തപ്തസ്വർണ്ണസവർണ്ണഘൂർണ്ണദതിരു-
ക്ഷാക്ഷം സടാകേസര-
പ്രോൽകംപപ്രനികുംബിതാംബരമഹോ
ജീയാത്തവോദം വപുഃ
വ്യാത്തവ്യാപ്തമഹാദരീസഖമുഖം
ഖഡ്ഗോഗ്രവൽഗന്മഹാ-
ജിഹ്വാനിർഗ്ഗമദൃശ്യമാനസുമഹാ
ദംഷ്ട്രായുഗോദ്ഭാമരം ൬

കാച്ചിത്തെളിച്ച സ്വർണ്ണത്തിനു് തുല്യവും ചുഴറ്റുന്നതും ഭയങ്കരങ്ങളും ആയ കണ്ണുകളുള്ളതും കുഞ്ചിരോമങ്ങളുടെ ഇളക്കം കൊണ്ടു് ആകാശം മറയ്ക്കുന്നതും വിടർന്നു് വിസ്താരമുള്ള ഒരു മഹാഗുഹപോലെ ഇരിയ്ക്കുന്ന മുഖത്തോടുകൂടിയതും വാൾപോലെ ഭയങ്കരമായി ഇളകിക്കൊണ്ടിരിയ്ക്കുന്ന വലിയ നാവു് പുറ

ത്തേയ്ക്ക് നീട്ടുമ്പോൾ കാണപ്പെടുന്ന ഏറ്റവും വലിയ രണ്ട് ദംഷ്ട്രകൾകൊണ്ട് ഭയങ്കരവും ആയ അങ്ങയുടെ ഈ ദിവ്യശരീരം ജയിയ്ക്കുമാറാകട്ടെ.

ഉത്സർപ്പദ്വലിഭംഗഭീഷ്ണഹനു
ഹ്രസ്വസ്ഥവീയസ്ഥര-
ഗ്രീവം പീവരദോശ്ചതോദ്ഗതനഖ
ക്രൂരാംശുരോൽബണം
വ്യോമോല്ലംഘിഘനാഘനോപമഘന
പ്രദ്ധ്വാനനിർഭാവിത-
സ്പർദ്ധാലുപ്രകരംനമാമിഭവത
സ്തന്നാരസിംഹംവപുഃ ൪

ഉത്സർപ്പത്തുകളായ വലികളുടെ ചുളിവുകൊണ്ട് ഭയങ്കരങ്ങളായ ഹനുക്കളോടുകൂടിയതായി കുറുകി ഏറ്റവും ദൃഢവും തടിച്ചതുമായ കഴുത്തോടുകൂടിയതായി തടിച്ച അനേകം കൈകളിൽ നിന്നും പുറപ്പെട്ട നഖങ്ങളുടെ തീക്ഷ്ണരശ്മികൊണ്ട് ഏറ്റവും വ്യക്തമായി ആകാശകടാഹവും അതിക്രമിയ്ക്കുന്നതായി അത്യുഗ്രസ്ഥനിതംപോലെയുള്ള അലർച്ചയാൽ വൈരിസമൂഹത്തെ വിറപ്പിയ്ക്കുന്നതായി വിജയിയ്ക്കുന്ന നിന്തിരുവടിയുടെ നരസിംഹരൂപത്തെ ഞാനിതാ നമസ്കരിയ്ക്കുന്നു.

നൂനം വിഷ്ണുരയംനിഹന്ത്യമുമിതി
ഭ്രാമ്യൽഗദാഭീഷണം
ദൈത്യേന്ദ്രം സമുപാദ്രവന്തമധ്വരാ
ദോർഭ്യാം പൃഥഭ്യാമമും
വീരോ നിർഗ്ഗളിതോഥഖഡ്ഗഫലകൌ
ഗൃഹ്ണൻവിചിത്രശ്രമൻ
വ്യാവൃണ്വൻപുനരാപപാതഭുവന
ഗ്രാസോദ്യതന്ത്വാമഹോ ൫

ഇവൻ തീച്ചയായും വിഷ്ണുതന്നെ. ഞാനിവനെ കൊല്ലുന്നുണ്ട്, എന്നു പറഞ്ഞു ഗദ ചുഴറ്റി ഭയപ്പെടുത്തുന്നവനും നേ

രിട്ടെതിക്കുവാൻ വരുന്നവനും ആയ അസുരനെ നിന്തിരുവടി തടിച്ച കൈകൾകൊണ്ട് പിടിച്ചു. പരാക്രമിയായ അവൻ കൃത റിവിട്ട് വാളും പരിചയും എടുത്തു് വിചിത്രശ്രമങ്ങളെ പ്രദർശി പ്പിച്ചുകൊണ്ട് ലോകം മുഴുവൻ വിഴുങ്ങുവാനൊരുങ്ങിയ അങ്ങ യുടെ നേക്കെതിത്തടുത്തു. ആശ്ചര്യം!

ഭ്രാമ്യന്തം ദിതിജാധമംപുനരപി
പ്രോൽഗ്രഹ്യ ദോർഭ്യാഞ്ജവാ–
ദ്ദ്വാരേഥോരുയുഗേനിപാത്യനഖരാൻ
വ്യൽഖായ വക്ഷോളവി
നിർഭിന്നന്നധിഗർഭനിർഗള
ദ്രക്താംബുബദ്ധോത്സവം
പായംപായമുദൈരയോബഹുജഗ–
ത്സംഹാരിസിംഹാരവാൻ ൯

ചുറ്റിത്തിരിഞ്ഞു് അടുക്കുന്ന അസുരാധമനെ വീണ്ടും വേ ഗത്തിൽ ബലാൽ ഗ്രഹിച്ചു് നിലത്തുവീഴ്ത്തി തുടകളിൽ അമർത്തി മാറിടത്തിൽ ഉഗ്രനഖങ്ങളെ താഴ്ത്തി പിളർന്നു് ഉള്ളിൽനിന്നു് കുടുകുടെ ചാടുന്ന ചെഞ്ചോര അത്യുത്സാഹത്തോടുകൂടി വീണ്ടും കുടിച്ചുകൊണ്ടു് അഖിലലോകസംഹാരികളായ ഗർജ്ജനരവങ്ങ ളെ പുറപ്പെടുവിച്ചു.

ത്യക്ത്വാ തം ഹതമാശു രക്തലഹരീ
സിക്തോന്നമദ്വർഷ്മണി
പ്രത്യൽപത്യ സമസ്തദൈത്യപടലീം
ചാഖാദ്യമാനേ തയി
ഭ്രാമ്യൽഭ്രമി വികംപിതാംബുധികുലം
വ്യാലോലശൈലോല്ക്കരം
പ്രോത്സർപ്പൽഖചരംചരാചരമഹോ
ദുഃസ്ഥാമവസ്ഥാം ദധൌ ൯

ചോരയിലാറാടി പൊങ്ങുന്ന ശരീരത്തോടുകൂടിയ അങ്ങു് കൊന്ന അസുരനെ വെടിഞ്ഞു് മേല്പോട്ടു് ചാടി ദൈത്യസമൂഹ

തെ മുഴുവൻ തിന്നുതുടങ്ങിയപ്പോൾ സ്ഥാവരജംഗമങ്ങളും ഭൂമിയും സമുദ്രങ്ങളും ശൈലങ്ങളും ആകാശചരങ്ങളായ ഗ്രഹങ്ങളും ആകെ കലങ്ങിമറിഞ്ഞു് അത്യന്തകഷ്ടമായ അവസ്ഥയെ പ്രാപിച്ചു. ആശ്ചര്യം!

താവന്മാംസവപാകരാളവപുഷം ഘോരാന്ത്രമാലാധരം
താപാംമദ്ധ്യസഭമിദ്ധകോപമുഷിതം ദുഷ്പ്രഹ്വാരവം—
അഭ്യേതും ന ശശാക കോപി ഭുവനേ ദൂരേ സ്ഥിതാ ഭീരവഃ
സർവ്വേ ശർവ്വവിരിഞ്ചിവാസവമുഖാഃ പ്രത്യേകമസ്തോഷത വ

അപ്പോൾ സഭാമദ്ധ്യത്തിൽ മാംസമേദസ്സുകളാൽ ഭയങ്കര ശരീരനും ഭയങ്കരമായ കുടർമാലയണിഞ്ഞവനും പ്രവൃദ്ധകോപനും തടുക്കാൻ കഴിയാത്ത വലിയ ഗർജ്ജനമുള്ളവനും ആയ അങ്ങയുടെ അടുത്തു് വരുവാൻ ലോകത്തിൽ ഒരുവനും കഴിഞ്ഞില്ല. പരമശിവൻ, ബ്രഹ്മാവു്, ഇന്ദ്രൻ മുതലായവരെല്ലാം ഭീരുക്കളായി അകലെനിന്നു് പ്രത്യേകം അങ്ങയെ സ്തുതിച്ചു.

ഭൂയോപ്യുക്ഷതരോഷധാമ്നി ഭവതി
ബ്രഹ്മാജ്ഞയാ ബാലകേ
പ്രഹ്ലാദേ പദയോർന്നമത്യുപഭയേ
കാരുണ്യഭാരാകുലഃ
ശാന്തസ്ത്വം കരമസ്യ മൂർദ്ധ്നി സമധാഃ
സ്തോത്രൈരഥോദ്ഗായത—
സ്തസ്യാകാമധിയോപി തേനിഥ വരം
ലോകായ ചാനുഗ്രഹം ൯

വീണ്ടും അങ്ങു് ദുസ്സഹക്രോധതേജസ്സുള്ളവനായിരുന്നിട്ടും ബ്രഹ്മാവിന്റെ കല്പനയാൽ ഭയരഹിതനും ബാലനും ആയ പ്രഹ്ലാദൻ തൃക്കാല്പൽ വീണു് നമസ്കരിച്ചപ്പോൾ ദയാഭരാകുലനായി ശാന്തനായിത്തീർന്ന അങ്ങു് അവന്റെ ശിരസ്സിൽ തൃക്കൈകൾ വെച്ചു് അനുഗ്രഹിച്ചു. പിന്നെ സ്തോത്രങ്ങളാൽ പാടുന്നവനും ഫലകാംക്ഷി അല്ലാത്തവനായിട്ടും ആ കുട്ടിയ്ക്കു് വരം നല്കി ലോകത്തെ അനുഗ്രഹിച്ചു.

ഏവംനാടിതരൌദ്രചേഷ്ടിത! വിഭോ!
ശ്രീതാപനീയാഭിധ-
ശ്രുത്യന്തസ്ഫുടഗീതസച്ചമഹിമ-
ന്നത്യന്തശുദ്ധാകൃതേ!
തത്താദൃങ്നിഖിലോത്തരം പുനരഹോ
കസ്ത്വാംപരോ ലംഘയേൽ
പ്രഹ്ലാദപ്രിയ ഹേ മരുൽപുരപതേ!
സച്ചാമയാൽപാഹിമാം ൫൦

ഇങ്ങനെ രൌദ്രചേഷ്ടകളെ നടിച്ചു് ശ്രീതാപനീയോപനിഷത്തിൽ സ്പഷ്ടമായി വണ്ണിയ്ക്കപ്പെട്ട മാഹാത്മ്യത്തോട്ടുകൂടിയവനായി അത്യന്തം പരിശുദ്ധമായ ആകൃതിയോട്ടുകൂടിയവനായി നിസ്തുലനായി സച്ഛ്രേഷ്ഠനും ആയിരിയ്ക്കുന്ന അങ്ങയെ അല്ലയോ പ്രഭോ! വേറെ ആക്കു് അതിക്രമിയ്ക്കാൻ കഴിയും? അല്ലയോ പ്രഹ്ലാദപ്രിയനായ ഗുരുവായൂരപ്പ! എല്ലാവിധ ദുഃഖങ്ങളിൽനിന്നും എന്നെ രക്ഷിയ്ക്കണേ!

ഇതി സപ്തമസ്കന്ധേ നരസിംഹാവതാരഃ

അഷ്ടമസ്കന്ധം

ദശകം 26.

ഗജേന്ദ്രമോക്ഷഃ

ഇന്ദ്രദ്യുമ്നഃ പാണ്ഡ്യഖണ്ഡാധിരാജ-
സ്ത്വൽഭക്താത്മാ ചന്ദനാദ്രൌ കദാചിൽ
ത്വൽസേവായാം മഗ്നധീരാലുലോകേ
നൈവാഗസ്ത്യം പ്രാപ്തമാതിഥ്യകാമം ൧

പാണ്ഡ്യരാജ്യത്തിനു് രാജാവായി ഭവൽഭക്തനായ ഇന്ദ്രദ്യുമ്നൻ ഒരിയ്ക്കൽ മലയപർവ്വതത്തിൽ ഭഗവൽസേവയിൽ മുഴുകിയിരിയ്ക്കുമ്പോൾ ആതിഥ്യം ആഗ്രഹിച്ചു് വന്ന അഗസ്ത്യമഹർഷിയെ കണ്ടില്ല.

കുംഭോൽഭ്രൂതിസ്സംഭൃതക്രോധഭാര-
സ്തന്ദ്ധാത്മാ തം ഹസ്തിത്വം ഭജേതി
ശപ്ത്വാഽഥൈനം പ്രത്യഗാത്സോഽപി ലേഭേ
ഹസ്തീന്ദ്രത്വം ത്വൽസ്മൃതിവ്യക്തിധന്യം ൨

അഗസ്ത്യമഹർഷി അതിക്രുദ്ധനായിട്ടു് "സ്തബ്ധചിത്തനായ നീ ആനയായി പോ" എന്നു് ശപിച്ചിട്ടു് മടങ്ങിപ്പോയി. അങ്ങയെ സ്മരിച്ചിരുന്നതിനാൽ ധന്യമായ ഗജേന്ദ്രന്റെ സ്ഥിതിയെ ആ രാജാവു് പ്രാപിച്ചു.

ദുഗ്ധാംഭോധേർമ്മധ്യഭാജി ത്രികൂടേ
ക്രീഡൻ ശൈലേ യൂഥപോയം വശാഭിഃ
സച്ഛൻ ജന്തുനത്യവർത്തിഷ്ട ശക്ത്യാ
തത്ഭക്താനാം കുത്ര നോൽകർഷലാഭഃ ൩

ഈ ഗജശ്രേഷ്ഠൻ പിടിയാനകളോടുകൂടി പാലാഴിയുടെ നടുക്കുള്ള ത്രികൂടപർവ്വതത്തിൽ കളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ സ്വശക്തികൊണ്ടു് മറ്റെല്ലാ ജന്തുക്കളേയും അതിശയിപ്പിച്ചു. ഭഗവൽഭക്തന്മാക്കു് എവിടെ ആണു് ഉല്കൃഷ്ടലാഭം ഉണ്ടാകാത്തതു്?

സേവന സേവപ്പാ ദിവ്യദേശതപശക്ത്യാ
സോയം ഖേദാനപ്രജാനൻ കദാചിൽ
ശൈലപ്രാന്തേ ഘമ്മതാന്തസ്സരസ്യാം
യൂഥൈസ്സാർദ്ധം തൽപ്രണന്നോഭിരേമേ ൫

ആ ഗജം തന്റെ ശക്തികൊണ്ടും ആ ദിവ്യപ്രദേശത്തിന്റെ മാഹാത്മ്യംകൊണ്ടും യാതൊരു ഖേദങ്ങളും അറിയാതെയിരിയ്ക്കുമ്പോൾ ഒരു ദിവസം വെയിൽകൊണ്ടു് തളർന്നു് തിക്കുടത്തിന്റെ താഴ്വാരത്തിലുള്ള താമരപ്പൊയ്കയിൽ അങ്ങയാൽ പ്രേരിതനായിട്ടു് മറ്റു് യൂഥങ്ങളോടുകൂടി ഇറങ്ങിക്കളിച്ചു.

ഹൂഹൂസ്താവദ്ദേവലസ്യാപി ശാപാൽ
ഗ്രാഹീഭൂതസ്തജ്ജലേ വർത്തമാനഃ
ജഗ്രാഹൈനം ഹസ്തിനം പാദദേശേ
ശാന്ത്യർത്ഥം ഹി ശ്രാന്തിദോഷീ സചേതാനാം ൬

അപ്പോൾ ദേവലമഹർഷിയുടെ ശാപംകൊണ്ടു് ആ പൊയ്കയിൽ മുതലയായിത്തീർന്ന ഹൂഹൂ എന്ന ഗന്ധർവ്വൻ ആനയുടെ കാലിൽ പിടിക്കുടി. സചേതനന്മാരുടെ ശാന്തിയ്ക്കുവേണ്ടി അങ്ങു് അവർക്കു് പീഡ ചെയ്യുന്നവനായിത്തീരുന്നു.

തപസേവായാ വൈഭവാദ്ഗ്രാഹരോധം
യുദ്ധ്യന്തന്തം വത്സരാണാം സഹസ്രം
പ്രാപ്തേ കാലേ തൽപടൈകാഗ്ര്യസിദ്ധ്യൈ
നക്രാക്രാന്തം ഹസ്തിവര്യം വ്യധാസ്ത്വം ൭

ഭവൽസേവയുടെ മാഹാത്മ്യംകൊണ്ടു് ആയിരം കൊല്ലം യാതൊരു നിരോധവും ക്ലേശവും കൂടാതെ ആ മുതലയോടു് യുദ്ധം ചെയ്യുന്ന ആ ഗജശ്രേഷ്ഠനെ തല്പാദങ്ങളിൽ ഏകാഗ്രത സിദ്ധിയ്ക്കുവാൻ സന്ദർഭം വന്നപ്പോൾ മുതലയാൽ പിടിപ്പിയ്ക്കപ്പെട്ടവനാക്കി ചെയ്തു.

ആർത്തിവ്യക്തപ്രാക്തനജ്ഞാനഭക്തേഃ
ശുണ്ഡോൽക്ഷിപ്തൈഃ പുണ്ഡരീകൈഃ സമർച്ചൻ
പൂർവ്വാഭ്യസ്തം നിർവ്വിശേഷാത്മനിഷ്ഠം
സ്തോത്രശ്രേഷ്ഠം സോനപാദാദിൽ പരാത്മൻ! ൮

ഹേ പരാത്മാവേ! പീഡകൊണ്ടു് സ്പഷ്ടമായിത്തീർന്നു് മുജ്ജന്മത്തിലെ ജ്ഞാനഭക്തികളോടുകൂടി ആ ഗജശ്രേഷ്ഠൻ തുമ്പിക്കൈകൊണ്ടു് പൊക്കിപ്പിടിച്ച താമരപ്പൂക്കൾകൊണ്ടു് അങ്ങയെ ആരാധിച്ചിട്ടു് മുജ്ജന്മത്തിൽ അഭ്യസിച്ചിട്ടുള്ളതും നിർഗ്ഗുണബ്രഹ്മമയവും ഉൽകൃഷ്ടവും ആയ സ്തോത്രത്തെ ഉച്ചരിച്ചു.

ശ്രുത്വാ സ്തോത്രം നിർഗ്ഗുണസ്ഥം സമസ്തം
ബ്രഹ്മേശാദ്യൈർന്നാഹമിത്യപ്രയാതേ
സർവ്വാത്മാ തത്ര ഭരികാരുണ്യവേഗാ–
ത്താർക്ഷ്യാരൂഢഃ പ്രേക്ഷിതോഭ്രഃ പുരസ്താൽ ൮൬

നിർഗ്ഗുണപരങ്ങളായ സർവ്വ സ്തോത്രങ്ങളും കേട്ടിട്ടു് ബ്രഹ്മാവു് ശിവൻ തുടങ്ങിയവർ ഇതു് എന്നെയല്ല സ്തുതിയ്ക്കുന്നതെന്നു് പറഞ്ഞു് അങ്ങോട്ടു് ചെല്ലാതിരുന്നപ്പോൾ വിശ്വാത്മാവായ അങ്ങു് ഭ്രരിദയാവേഗംകൊണ്ടു് ഗരുഡാരൂഢനായി ആനയുടെ മുന്നിൽ പ്രത്യക്ഷനായി.

ഹസ്തീന്ദ്രം തം ഹസ്തപത്മേന ധൃത്വാ
ചക്രേണ ത്വം നക്രവക്ത്രം വ്യദാരീഃ
ഗന്ധർവ്വേസ്മിൻ മുക്തശാപേ സ ഹസ്തീ
ത്വത്സാരൂപ്യം പ്രാപ്യ ദേവീപ്യതേ സ്മ ൯൦

അങ്ങു് ആ ഗജശ്രേഷ്ഠനെ കരപദ്മംകൊണ്ടു് പിടിച്ചിട്ടു് ചക്രംകൊണ്ടു് മുതലയെ പിളർന്നു് നക്രമായിരുന്ന ആ ഹൂഹൂ ശാപമോക്ഷം പ്രാപിച്ചപ്പോൾ ആ ഗജേന്ദ്രൻ അങ്ങയുടെ സാരൂപ്യം പ്രാപിച്ചിട്ടു് ഏറ്റവും ശോഭിച്ചു.

ഏതദ്വൃത്തം ത്വാഞ്ച മാംച പ്രഗേ യോ
ഗായേത്സോയം ത്വയസേ ശ്രേയസേ സ്യാൽ
ഇത്യക്തൈവനം തേന സാർദ്ധം ഗതസ്ത്വം
ധിഷ്ണ്യം വിഷ്ണോ! പാഹി വാതാലയേശ! ൯൧

ഈ കഥയേയും നിന്നേയും എന്നേയും പറഞ്ഞു യാതൊരാൾ പ്രഭാതത്തിൽ കീർത്തനം ചെയ്യുന്നുവോ അവൻ വലിയ ശ്രേയ

സ്സിനു് പാത്രമാകും. അല്ലയോ ഗുരുവായൂരപ്പ! വിഷ്ണുഭഗവാനേ! ഇപ്രകാരം ഇവനോടു് പറഞ്ഞിട്ടു് ഇന്ദ്രദ്യുമ്നനായ അവനോടുകൂടെ വൈകുണ്ഠം പ്രാപിച്ച അങ്ങു് എന്നെ രക്ഷിച്ചാലും.

ഇതി ഗജേന്ദ്രമോക്ഷഃ അഷ്ടമസ്കന്ധഃ

ദശകം 27.

ക്രമ്മാവതാരഃ

ദുർവ്വാസാഃ സുരവനിതാപ്തദിവ്യമാല്യം
ശക്രായ സ്വയമുപദായ തത്ര ഭൂയഃ
നാഗേന്ദ്രപ്രതിമുദിതേ ശശാപ ശക്രം
കാ ക്ഷാന്തിസ്തദിതരദേവതാംശജാനാം ൧

ദുർവ്വാസസ്സുമഹർഷി ദേവസ്ത്രീയിൽനിന്നു് ലഭിച്ച ദിവ്യമാല്യം സ്വയം ഇന്ദ്രനു് കൊടുത്തതിൽപിന്നെ അതു് ഗജശ്രേഷ്ഠനായ ഐരാവതം മദിച്ചപ്പോൾ ഇന്ദ്രനെ ശപിച്ചു. തൽഭിന്നന്മാരായ ദേവന്മാരുടെ അംശത്തിൽനിന്നു് ജനിച്ചവക്കു് എന്തു് ക്ഷമയാണുള്ളതു്.

ശാപേന പ്രഥിതജരേഥ നിർജ്ജരേന്ദ്രേ
ദേവേഷ്വപ്യസുരജിതേഷു നിഷ്പ്രഭേഷു
ശർവ്വാദ്യാഃ കമലജമേത്യ സർവ്വദേവാ
നിർവ്വാണപ്രഭവ! സമം ഭവന്തമാപുഃ ൨

അതിനുശേഷം ദേവേന്ദ്രൻ ശാപംകൊണ്ടു് വാർദ്ധക്യം പ്രാപിയ്ക്കുകയും ദേവന്മാർ എല്ലാം അസുരന്മാരാൽ ജയിയ്ക്കപ്പെട്ടു് നിഷ്പ്രഭന്മാരായിത്തീരുകയും ചെയ്തപ്പോൾ രുദ്രൻ മുതലായ എല്ലാ ദേവന്മാരോടുംകൂടി ബ്രഹ്മാവിന്റെ അടുത്തുചെന്നു് അല്ലയോ മോക്ഷകാരണ! ബ്രഹ്മാവൊരുമിച്ചു് അങ്ങയെ പ്രാപിച്ചു.

ബ്രഹ്മാദ്യൈഃ സുതമഹിമാ ചിരം തദാനീം
പ്രാദുഷ്ഷൻ വരദ! പുരഃ പരേണ ധാമ്നാ
ഹേ ദേവാ! ദിതിജകുലൈർവ്വിധായ സന്ധിം
പീയൂഷം പരിമഥതേതി പര്യശാസ്തം ൩

ഹേ വരദാതാവേ! ബ്രഹ്മാദികളാൽ ചിരകാലം സ്തുതിയ്ക്കപ്പെട്ട മാഹാത്മ്യത്തോടുകൂടിയ അങ്ങ് വലിയ തേജസ്സോടുകൂടി അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് "അല്ലയോ ദേവന്മാരെ! അസുരന്മാരായി സന്ധിചെയ്ത് അമൃത് കടയുവിൻ" എന്ന് ഉപദേശിച്ചു.

സന്ധാനം കൃതവതി ദാനവൈസ്തുരൌഷേ
മന്ഥാനം നയതി മദേന മന്ദരാദ്രിം
ഭ്രഷ്ടേസ്മിൻ ബദരമിവോദ്വഹൻ ഖഗേന്ദ്രേ
സദ്യസ്ഥം വിനിഹിതവാൻ പയഃപയോധൌ ൪

ദേവന്മാരുടെ സമൂഹം അസുരന്മാരോട് സന്ധിചെയ്തതിനു ശേഷം മദത്തോടുകൂടി മന്ദരപർവ്വതത്തെ കടകോലാക്കി കൊണ്ടുപോകുമ്പോൾ അത് താഴെ വീണു. അപ്പോൾ ബദരഫലം എന്നപോലെ (ലന്തക്കരു) ഗരുഡനിൽ കയറിയിട്ട് പാല്ക്കടലിൽ വേഗത്തിൽ നിക്ഷേപിച്ചു.

ആധായ ദ്രുതമഥ വാസുകിം വരത്രാം
പാഥോധൌ വിനിഹിതസർവ്വബീജജാലേ
പ്രാരബ്ധേ മഥനവിധൌ സുരാസുരൈസ്തൈ-
ർവ്യാജാത്തം ഭുജഗമുഖേകരോസ്തുരാരീൻ ൫

അനന്തരം വാസുകിയെ വേഗം കയറാക്കിത്തീർത്ത് സകല ബീജങ്ങളും നിക്ഷേപിച്ചിട്ടുള്ള പാലാഴിയിൽ ആ സുരാസുരന്മാരാൽ അമൃതമഥനം പ്രാരംഭിയ്ക്കപ്പെട്ടപ്പോൾ അങ്ങ് അസുരന്മാരെ സപ്ത്തിന്റെ മുഖത്തിൽ (തലയുടെ അടുക്കെ) വ്യാജം കൊണ്ട് നിർത്തി.

ക്ഷുബ്ധാബ്ധൌ ക്ഷുഭിതജലോദരേ തദാനീം
ദുശ്ശാബ്ദൌ ഗുരുതരഭാരതോ നിമഗ്നേ
ദേവേഷു വ്യഥിതതമേഷു തൽപ്രിയൈഷീ
പ്രാണൈഷീഃ കമഠതനും കഠോരപൃഷ്ഠാം ൬

അപ്പോൾ വെള്ളം കലങ്ങിമറിഞ്ഞിരിയ്ക്കുന്ന പാൽക്കടലിൽ മുഴുകുന്ന ആ പർവ്വതം എത്രയും വലിയ ഭാരംകൊണ്ട്

താണുപോയപ്പോൾ ദേവന്മാർ ഏറ്റവും ദുഃഖിതന്മാരായി. അപ്പോൾ അവർക്ക് ഹിതം ചെയ്യാനിച്ഛിച്ച അങ്ങ് കഠിന പൃഷ്ഠമുള്ള ആമയുടെ ആകൃതിയെ വഹിച്ചു.

വജ്രാതിസ്ഥിരതരകർപ്പരേണ വിഷ്ണോ!
വിസ്താരാൽ പരിഗതലക്ഷയോജനേന
അംഭോധേഃ കുഹരഗതേന വർഷ്മണാ തേ
നിർമ്മഗ്നം ക്ഷിതിധരനാഥമുന്നിനേഥ ൭

അല്ലയോ വിഷ്ണുഭഗവാനേ! വജ്രത്തേക്കാൾ ഏറ്റവും സ്ഥിരമായ മുതുകെല്ലോടുകൂടിയതും അനേകയോജന വിസ്താരമുള്ളതും സമുദ്രത്തിനുള്ളിൽ ഇരിയ്ക്കുന്നതും ആയ ശരീരംകൊണ്ട് അങ്ങ് താണുപോയ പർവ്വതശ്രേഷ്ഠനെ പൊക്കിയെടുത്തു.

ഉന്മഗ്നേ ഝടിതി തദാ ധരാധരേന്ദ്രേ
നിർമ്മഥ്യാർദ്ധമിഹ സമ്മദേന സർവ്വേ
ആവിശ്യ ദ്വിതയഗണേപി സപ്പരാജേ
വൈവശ്യം പരിശമയന്നവീവൃധസ്ഥാൻ ൮

അപ്പോൾ ആ മഹാപർവ്വതം വേഗത്തിൽ പൊങ്ങിയപ്പോൾ എല്ലാവരും സന്തോഷത്തോടുകൂടി ദ്വിധമായി മഥനം ചെയ്തു തുടങ്ങി. നിന്തിരുവടി ഇരുകക്ഷിയിലും വാസുകിയിലും ആവേശിച്ചിട്ട് അവരുടെ വൈവശ്യത്തെ ശമിപ്പിച്ചുകൊണ്ട് അവരുടെ ശക്തിയെ വർദ്ധിപ്പിച്ചു.

ഉദ്ദാമഭ്രമണജവോന്നമദ്ഗിരീന്ദ്ര-
ന്യസ്മൈകസ്ഥിരതരഹസ്തപങ്കജംതാം
അഭ്രാന്തേ വിധിഗിരിശാദയഃ പ്രമോദാ-
ദുൽഭ്രാന്താ നനവൃരുപാത്തപുഷ്പവർഷാഃ ൯

അതിവേഗത്തിൽ ചുറ്റിത്തിരിയുന്നതിനാൽ മേല്പോട്ട് പൊങ്ങിവരുന്ന പർവ്വതശ്രേഷ്ഠനിൽ കൈ ഉറപ്പിച്ച് നില്ക്കുന്ന അങ്ങയെ ആകാശമദ്ധ്യത്തിൽ നില്ക്കുന്ന ബ്രഹ്മാവും, ശിവൻ തുടങ്ങിയവർ സന്തോഷം നിറഞ്ഞും മതിമറന്നും പുഷ്പവർഷം ചെയ്തു സ്തുതിച്ചു.

ദൈത്യൈഘ്രേ ഭുജഗമുഖാനിലേനതപ്തേ
തേനൈവ ത്രിദശകുലേപി കിഞ്ചിദാത്തേ
കാരുണ്യാത്തവ കില ദേവ! വാരിവാഹാഃ
പ്രാവഷ്ന്നമരഗണാന്ന ദൈത്യസംഘാൻ ൧൦

ഹേ ദേവ! അസുരസമൂഹം സൃഷ്ടിന്റെ മുഖവായു തട്ടി പീഡിതമായപ്പോൾ അതുകൊണ്ടുതന്നെ ദേവസംഘവും അല്പ മൊന്നു് പീഡിച്ചു. അപ്പോൾ അങ്ങയുടെ ദയകൊണ്ടു് മേഘങ്ങൾ ദേവന്മാരുടെ നേക്കു് മഴപെയ്തു. അസുരന്മാരുടെ നേരെ വർഷിയ്ക്കയുണ്ടായില്ല.

ഉദ്ഭ്രാമ്യൽബ്രഹതിമിനക്രചക്രവാളേ
തത്രാബ്ധൌ ചിരമഥിതേപിനിർവ്വികാരേ
ഏകസ്മിൻ കരയുഗകൃഷ്ടസപ്തരാജ്ഞഃ
സംരാജൻ പവനപുരേശ! പാഹി രോഗാൽ ൧൧

പരിഭ്രമിച്ചുകൊണ്ടിരിയ്ക്കുന്ന അനേകം മത്സ്യങ്ങൾ നക്രങ്ങൾ മുതലായവയോടുക്കൂടിയ ആ സമുദ്രത്തെ ചിരകാലം മഥനം ചെയ്തിട്ടും ഒരു വികാരവും ഇല്ലാത്തതായി കണ്ടപ്പോൾ അങ്ങു് സപ്തകരയുഗംകൊണ്ടു് വാസുകിയുടെ വാലും തലയും പിടിച്ചു് കടഞ്ഞുംകൊണ്ടു് ശോഭിച്ചു. അല്ലയോ ഗുരുവായൂരപ്പ! അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി അഷ്ടമസ്കന്ധേ ക്രമ്മാവതാരഃ

ദശകം 28.

അമൃതമഥനം അമൃതോല്പത്തിഃ

ഗരളം തരളാനലം പുരസ്താ–
ജ്ജലധേരുദ്വിജഗാള കാളകൂടം
അമരസ്തുതിവാദമോദനിഘ്നോ
ഗിരിശസ്തന്നിപപൌ ഭവൽപ്രിയാർത്ഥം ൧

കത്തിജ്വലിയ്ക്കുന്ന കാളകൂടം എന്ന വിഷം സമുദ്രത്തിൽ നിന്നു് സുരാസുരന്മാരുടെ മുന്നിൽ വന്നു് വീണു. ദേവകളുടെ

സ്തുതിവാക്യങ്ങളാൽ സന്തുഷ്ടനായ പരമശിവൻ അങ്ങയുടെ ഇഷ്ടത്തിനു് വേണ്ടി അതു് പാനംചെയ്തു.

വിമഥൽസു സുരാസുരേഷു ജാതാ
സുരഭിസ്തമൃഷിഷു ന്യധാസ്രിധാമൻ!
ഹയരത്നമഭൂദഥേഭരത്നം
ദ്യുതരുശ്ചാപ്സരസഃസുരേഷു താനി ൭

അല്ലയോ മൂന്നു് തേജസ്സുകളുള്ള ഭഗവാനേ! ദേവാസുരന്മാർ വീണ്ടും മഥനം ചെയ്തുകൊണ്ടിരുന്നപ്പോൾ കാമധേനു ഉണ്ടായി. അതിനെ മഹർഷിമാക്കു് കൊടുത്തു. അനന്തരം ഹയരത്നമായ ഉച്ചൈശ്രവസ്സു് ഉണ്ടായി. ഐരാവതം, അപ്സരസ്സുകൾ, കല്പവൃക്ഷങ്ങൾ എന്നിവയും ഉത്ഭവിച്ചു. അവയെല്ലാം ദേവന്മാക്കു് കൊടുത്തു.

ജഗദീശ! ഭവൽപരാ തദാനീം
കമനീയാ കമലാ ബഭൂവ ദേവീ
അമലാമവലോക്യ യാം വിലോല-
സ്സകലോപി സ്പൃഹയാംബഭൂവലോകഃ ൮

അല്ലയോ ലോകനാഥാ! അപ്പോൾ അങ്ങയിൽ അത്യന്തം താല്പര്യമുള്ളവളും മനോഹരാംഗിയും ആയ ലക്ഷ്മീദേവി ജനിച്ചു. വിമലയായ ആ ദേവിയെക്കണ്ടു് ചഞ്ചലമായ എല്ലാ ലോകവും ആഗ്രഹിച്ചു.

തപതി ത്തൃഹൃദേ തദൈവ ദേവ്യൈ
ത്രിദശേന്ദ്രോ മണിപീഠികാംവ്യതാരീൽ
സകലോപഹൃതാഭിഷേചനീയൈ-
ർഋഷയസ്ത്വാം ശ്രുതിഗീർഭിരഭ്യഷിഞ്ചൻ ൯

അപ്പോൾ ദേവേന്ദ്രൻ അങ്ങയിൽത്തന്നെ മനസ്സു് സ്ഥാപിച്ചു് ലക്ഷ്മീദേവിയ്ക്കു് രത്നമയമായ സിംഹാസനം കൊടുത്തു. എല്ലാവരും കൊണ്ടുവന്നുകൊടുത്ത അഭിഷേകോപകരണങ്ങളും കൊണ്ടു് മഹർഷിമാർ ശ്രുതിവാക്യങ്ങളും ഉച്ചരിച്ചുകൊണ്ടു് ദേവിയെ അഭിഷേകം ചെയ്തു.

അഭിഷേകജലാനുപാതിമൃദു-
തപദുപാംഗൈരവഭ്രക്ഷിതാംഗവല്ലീം
മണികുണ്ഡലപീതചേലഹാര-
പ്രമുഖൈസ്താമമരാദയോനുഭ്രക്ഷൻ ൪

അഭിഷേകജലത്തോടുക്കൂടി വീണതും മനോഹരങ്ങളും ആയ ഭഗവല്ലോടാക്ഷങ്ങളാൽ അലംകൃതമായ നല്ല ശരീരത്തോടുക്കൂടിയ ദേവിയെ ദേവാദികൾ രത്നകുണ്ഡലം, മഞ്ഞപ്പട്ട്, മുത്തുമാല മുതലായവകൊണ്ടു് അലങ്കരിച്ചു.

വരണസ്രജമാത്തഭംഗനാദാം
ദധതീ സാ കുചകുംഭമന്ഥരാനാ
പദശിഞ്ജിതമഞ്ജുനൂപുരാ തപാം
കലിതവ്രീളവിലാസമാസസാദ ൫

കുചകുംഭങ്ങൾകൊണ്ടു് മന്ദയാനയായ അവൾ വണ്ടുകളുടെ മുരളുന്ന ശബ്ദമുള്ള വരണമാലയും വഹിച്ചുകൊണ്ടു് കാലുകളിൽ ശബ്ദിയ്ക്കുന്ന മനോഹരമായ ചിലങ്കകളോടും ലജ്ജാവിലാസത്തോടുംക്കൂടി അങ്ങയുടെ അടുക്കൽ അണഞ്ഞു.

ഗിരിശദ്രുഹിണാദിസച്ചിദേവാൻ
ഗുണഭാജോപ്യവിമുക്തദോഷലേശാൻ
അവമൃശ്യ സദൈവ സച്ചരമ്യേ
നിഹിതാ തപയ്യനയാപി ദിവ്യമാലാ ൬

ശിവൻ, ബ്രഹ്മാവു് തുടങ്ങിയ ദേവന്മാരെല്ലാം ഗുണവാന്മാരാണെങ്കിലും എന്നും വിട്ടുപോകാത്ത ചില ചില്ലറ ദോഷങ്ങളുള്ളവരാണെന്നു് നിശ്ചയിച്ചു് എല്ലായ്പ്പോഴും എല്ലാവരെക്കാളും മനോഹരനായിരിയ്ക്കുന്ന അങ്ങയിൽതന്നെ ആ ദേവി ദിവ്യമാലയെ അർപ്പിച്ചു.

ഉരസാ തരസാ മമാനിതൈനാം
ഭവനാനാംജനനീമനന്യഭാവാം
തദുരോവിലസത്തദീക്ഷണശ്രീ-
പരിവൃഷ്ട്യാ പരിപുഷ്ടമാസ വിശ്വം ൭

ലോകങ്ങൾക്കെല്ലാം മാതാവും അനന്യഭാവയും ആയ ഇവളെ അങ്ങു് വേഗത്തിൽ മാറ്റിടംകൊണ്ടു് മാനിച്ചു് അപ്രകാരം

അങ്ങയുടെ മാറ്റിടത്തിൽ ശോഭിച്ചുകൊണ്ടിരിയ്ക്കുന്ന അവളുടെ കടാക്ഷലക്ഷ്മീവിഷ്വംകൊണ്ടു് വിശ്വം പരിപുഷ്ടമായിത്തീർന്നു.

അതിമോഹനവിഭ്രമാ തദാനീം
മഥയന്തീ ഖലു വാരുണീ നിരാഗാൽ
തമസാഃ പദവീമദാസ്ഥമേനാ-
മതിസമ്മാനനയാ മഹാസുരേഭ്യഃ ൯

അപ്പോൾ അതിമോഹനമായ വിലാസമുള്ളവളും മദിപ്പിയ്ക്കുന്നവളുമായ വാരുണീദേവി ഉത്ഭവിച്ചു. അജ്ഞാനത്തിനു് കാരണഭൂതയായ ഇവളെ അങ്ങു് വലിയ ബഹുമാനസൂചകമായി മഹാസുരന്മാർക്കു് കൊടുത്തു.

തരുണാംബുദസുന്ദരസ്തദാ ത്വം
നനു ധന്വന്തരിരുത്ഥിതോംബുരാശേഃ
അമൃതം കലശേ വഹൻ കരാഭ്യാ-
മഖിലാർത്തിം ഹര മാരുതാലയേശ! ൧൦

അല്ലയോ ഗുരുവായൂരപ്പാ! ഇരുണ്ട മേഘംപോലെ മനോഹരനും അമൃതകുംഭം കയ്യിൽ വഹിയ്ക്കുന്നവനും സമുദ്രത്തിൽനിന്നു് അപ്പോൾതന്നെ പ്രത്യക്ഷപ്പെട്ട ധന്വന്തരിയുമായ അങ്ങു് എന്റെ സർവ്വ പീഡകളേയും തീർക്കേണമേ.

ഇതി അഷ്ടമസ്കന്ധേ അമൃതമഥനം.

ദശകം 29.

വിഷ്ണുമായാപ്രാദുർഭാവകഥാ, ദേവാസുരയുദ്ധകഥാ,
മഹേശ്വരധൈര്യച്യുതികഥാ.

ഉദ്ഗച്ഛതസ്തവ കരാദമൃതം ഹരൽസു
ദൈത്യേഷു താനശരണാനനുനീയ ദേവാൻ
സദ്യസ്തിരോദധിഥ ദേവ! ഭവൽപ്രഭാവാ-
ദുദ്യൽസയൂഥ്യകലഹാ ദിതിജാ ബഭൂവുഃ ൧

സമുദ്രത്തിൽനിന്നു് പൊങ്ങിവരുന്ന അങ്ങയുടെ തൃക്കയ്യിൽനിന്നു് അസുരന്മാർ അമൃതം അപഹരിയ്ക്കുമ്പോൾ അനന്യ

ഗതികളായ ദേവന്മാരെ സമാധാനിപ്പിച്ചു് വേഗം മറഞ്ഞു. അല്ലയോ ദേവ! അങ്ങയുടെ മായാമാഹാത്മ്യംകൊണ്ടു് അസുരന്മാർ തങ്ങളുടെ ക്രൂരകാരുടെ ഇടയിൽത്തന്നെ കലഹം ഉള്ളവരായിത്തീർന്നു.

ശ്യാമാം രുചാപി വയസാപി തനും തദാനീം
പ്രാപ്തോസി തുംഗകുചമണ്ഡലഭംഗുരാംതാം
പീയൂഷകുംഭകലഹം പരിമുച്യ സർവ്വേ
തൃഷ്ണാകുലാഃ പ്രതിയയുസ്ത്വദുരോജകുംഭേ ൨

അപ്പോൾ അങ്ങു് വയസ്സുകൊണ്ടും കാന്തികൊണ്ടും മനോഹരമായതും ഉയർന്ന വൃത്താകാരങ്ങളായ കുചങ്ങളാൽ തെല്ലൊന്നു് വളഞ്ഞതും ആയ ശരീരത്തെ പ്രാപിച്ചു. അതുകണ്ടു് ദൈത്യന്മാരെല്ലാവരും അമൃതകുംഭകലഹം വെടിഞ്ഞു് അങ്ങയുടെ കുചകുംഭങ്ങളിൽ അത്യാസക്തന്മാരായിത്തീർന്നു.

കാ ത്വം മൃഗാക്ഷി! വിഭജസ്വ സുധാമിമാമി-
ത്യുദ്ധരാഗവിവശാനഭിയാചതോമൂൻ
വിശ്വസ്യതേ മയി കഥം കലടാസ്മി ദൈത്യാ
ഇത്യാലപന്നപി സുവിശ്വസിതാനതാനീഃ ൩

"അല്ലയോ സുന്ദരീ! നീ ആരാണു്? ഈ അമൃതം ഞങ്ങൾക്കു് ഭാഗിച്ചുതരണേ!" എന്നിങ്ങിനെ അത്യനുരാഗം നിമിത്തം പരവശന്മാരായി അപേക്ഷിയ്ക്കുന്ന അസുരന്മാരോടു് "ഹേ അസുരന്മാരേ! ഞാനൊരു വ്യഭിചാരിണിയാണു്. നിങ്ങൾ എന്നിൽ എങ്ങിനെ വിശ്വസിയ്ക്കുന്നു" എന്നു് പറഞ്ഞു എങ്കിലും അങ്ങു് അപ്പോൾ അവരെ നല്ലവണ്ണം വിശ്വസിപ്പിച്ചു.

മോദാൽ സുധാകലശമേഷു ദദൽസു സാദ്യം
ദൃശ്യേഷ്ടിതം മമ സഹദ്ധ്വമിതി ബ്രുവാണാ
പംക്തിപ്രഭേദവിനിവേശിതദേവദൈത്യാ
ലീലാവിലാസഗതിഭിഃസമദാസ്സുധാന്താം ൪

അസുരന്മാർ സന്തോഷംകൊണ്ടു് അമൃതകുംഭം തന്നപ്പോൾ മായാമോഹിനിയായ അങ്ങു് "നിങ്ങൾ എന്റെ ദുഷ്കൃത്യം പൊ

രുക്കണം" എന്നു് പറഞ്ഞുകൊണ്ടു് ദേവന്മാരേയും അസുരന്മാരേയും വരിതിരിച്ചിരുത്തി ലീലാവിലാസയാനങ്ങളെക്കൊണ്ടു് ആ അമൃതം ദാനംചെയ്തു.

അസ്മാസ്വിയം പ്രണയിനീത്യസുരേഷു തേഷു
ജോഷം സ്ഥിതേഷ്വഥ സമാപ്യ സുധാം സുരേഷു
തം ഭക്തലോകവശഗോ നിജരൂപമേത്യ
സ്വർഭാനുമർദ്ധപരിപീതസുധം വ്യലാവീഃ ൪

"ഇവൾ നമ്മളിൽ പ്രേമമുള്ളവളാണു്" എന്നുവെച്ചു് ആ അസുരന്മാർ മിണ്ടാതിരുന്നപ്പോൾ ഭക്തലോകാധീനനായ അങ്ങു് അമൃതം ദേവകൾക്കു് കൊടുത്തു് നിജരൂപം പൂണ്ടു് അമൃതു് പകുതി കുടിച്ച രാഹുവിന്റെ കഴുത്തു് മുറിച്ചു.

തത്തഃസുധാഹരണയോഗ്യഫലം പരേഷു
ദത്ത്വാ ഗതേ തവയി സുരൈഃ ഖലു തേ വ്യഗൃഹ്ണൻ
ഘോരേഥ മൂർമ്മരതി രണേ ബലിദൈത്യമായാ-
വ്യാമോഹിതേ സുരഗണേ തമിഹാവിരാസീഃ ൫

അങ്ങയിൽനിന്നു് അമൃതു് അപഹരിച്ചതിനു് യോജിച്ച ഫലം അവൾക്കു് കൊടുത്തു് അങ്ങു് പോയപ്പോൾ അവർ ദേവന്മാരോടു് എതിർത്തു. അനന്തരം ഭയങ്കരയുദ്ധം മുഴുത്തപ്പോൾ ദേവന്മാർ ബലി എന്ന അസുരന്റെ മായകൊണ്ടു് മോഹിയ്ക്കുകയും അങ്ങു് അവിടെ പ്രത്യക്ഷനാകയും ചെയ്തു.

തം കാലനേമിമഥ മാലിമുഖാഞ്ജഘന്ഥ
ശക്രോ ജഘാന ബലിജംഭവലാൻ സഖാകാൻ
ശുഷ്കാർദ്രദുഷ്കരവധേ നമുചൌ ച ലൂനേ
ഫേനേന നാരദഗിരാ ന്യരുണോ രണംതവം ൬

പിന്നെ അങ്ങു് കാലനേമിയേയും മാലിപ്രഭൃതികളേയും നിഗ്രഹിച്ചു. ദേവേന്ദ്രൻ പാകനേയും ബലിയേയും ജംഭനേയും വലനേയും കൊന്നു. ശുഷ്കനായതുകൊണ്ടും ആർദ്രനായതുകൊണ്ടും നമുചിയെ കൊല്ലുവാൻ പ്രയാസമാകയാൽ ഒടുവിൽ നുരകൊണ്ടു് കൊന്നു. ശ്രീനാരദന്റെ വാക്കിനാൽ അങ്ങു് യുദ്ധം നിരോധിച്ചു.

യോഷാവപൂർദനുജമോഹനമാഹിതന്തേ
ശ്രുത്വാ വിലോകനകുതൂഹലവാൻ മഹേശഃ
ഭ്രുത്യൈസ്സമം ഗിരിജയാ ച ഗതഃ പദന്തേ
സ്തുത്വാബ്രവീദഭിമതം തവമഥോ തിരോധാഃ വ

ദൈത്യന്മാരെ മോഹിപ്പിയ്ക്കുവാൻ അങ്ങു് സ്ത്രീരൂപം ധരിച്ചതായി കേട്ടു് അതു് കാണുവാൻ കൌതുകംതോന്നി പരമശിവൻ ഭൃത്യങ്ങളോടും പാർവ്വതിയോടുംകൂടി വൈകുണ്ഠത്തിൽ ചെന്നു് അങ്ങയെ സ്തുതിച്ചുകൊണ്ടു് അഭീഷ്ടം ഉണർത്തി. അങ്ങു് ഉടൻ മറഞ്ഞു.

ആരാമസീമനി ച കന്ദുകഘാതലീലാ-
ലോലായമാനനയനാം കമനീം മനോജ്ഞാം
തവാമേഷ വീക്ഷ്യ വിഗളദ്വസനാംമനോഭ്ര-
വേഗാദനംഗരിപുരംഗ സമാലിലിംഗ ൻ

പൂങ്കാവിൽ പന്തടിയാകുന്ന ലീലയാൽ ഇളകിക്കൊണ്ടിരുന്ന കണ്ണുകളോടുകൂടിയവളും അതിസുന്ദരിയും യുവതിയുമായ അങ്ങയെ അഴിയുന്ന വസ്ത്രങ്ങളോടു് കൂടിയവളായി കണ്ടു് കാമാന്തകനായ ശിവൻ കാമപാരവശ്യംകൊണ്ടു് അല്ലയോ ഭഗവാനേ! നിന്തിരുവടിയെ ആലിംഗനം ചെയ്തു.

ഭ്രയോപി വിദ്ധവതീമുപധാവ്യ ദേവോ
വീര്യപ്രമോക്ഷവികസൽപരമാർത്ഥബോധഃ
തവന്മാനിതസ്തവ മഹത്വമുവാച ദേവ്യൈ
തത്താദൃശസ്തവമവ വാതനികേതനാഥ! ൫൦

ശിവൻ വീണ്ടും കൂതറി ഓടിപ്പോയ മോഹിനിയെ അനുഗമിച്ചു് രേതസ്സു് ഒഴിഞ്ഞു് പുറത്തു് പോകയാൽ യഥാർത്ഥജ്ഞാനം ഉദിച്ചു് പ്രകാശിയ്ക്കപ്പെട്ടവനും അങ്ങയാൽ മാനിയ്ക്കപ്പെട്ടവനും ആയിട്ടു് ഭവന്മാഹാത്മ്യം പാർവ്വതിയ്ക്കു് പറഞ്ഞു് മനസ്സിലാക്കി. അല്ലയോ ഗുരുവായൂരപ്പ! അപ്രകാരമുള്ള അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി അഷ്ടമസ്കന്ധേ വിഷ്ണുമായാ,
ശിവധൈര്യച്യുതിവർണ്ണനം.

ദശകം 30.

വാമനാവതാരഃ

ശക്രേണ സംയതി ഹതോപി ബലിർമ്മഹാത്മാ
ശുക്രേണ ജീവിതതനുഃ ക്രതുവർദ്ധിതോഷ്മാ
വിക്രാന്തിമാൻ ഭയനിലീനസുരാംത്രിലോകീം
ചക്രേ വശേ സ തവ ചക്രമുഖാദഭീതഃ ൧

മഹാനുഭാവനായ ആ ബലി ദേവേന്ദ്രനാൽ യുദ്ധത്തിൽ കൊല്ലപ്പെട്ട എങ്കിലും ശുക്രനാൽ ജീവിയ്ക്കപ്പെട്ട ദേഹത്തോടു ക്രുദ്ധനായി യാഗങ്ങൾകൊണ്ടു് ശക്തി വർദ്ധിപ്പിച്ചു് പരാക്രമിയായി അങ്ങയുടെ ചക്രമുഖത്തിൽനിന്നു് ക്രുദ്ധി ഭയമില്ലാതെ ഭയംകൊണ്ടോളിച്ച ദേവന്മാരോടുക്രുദ്ധനായ മൂന്നു ലോകങ്ങളേയും സ്വാധീനത്തമാക്കി.

പുത്രാർത്തിദർശനവശാദദിതിർവിഷണ്ണാ
തം കാശ്യപം നിജപതിം ശരണം പ്രപന്നാ
തത്പൂജനംതദുദിതം ഹി പയോവ്രതാഖ്യം
സാ ദ്വാദശാഹമചരത്തപയി ഭക്തപൂർണ്ണാ ൨

അദിതിദേവി പുത്രദുഃഖം കണ്ടു് ദുഃഖിച്ചു് സ്വഭർത്താവായ കാശ്യപമഹർഷിയെ ശരണം പ്രാപിച്ചു. അങ്ങയിൽ ഭക്തി നിറഞ്ഞ അവൾ കാശ്യപനാൽ ഉപദേശിയ്ക്കപ്പെട്ട പയോവ്രതം എന്ന ഭഗവൽസേവാവ്രതം പന്ത്രണ്ടു് ദിവസങ്ങളോളം അനുഷ്ഠിയ്ക്കയുണ്ടായല്ലോ.

തസ്യാവധൌ തപയി നിലീനമതേരമുഷ്യാ
ശ്യാമശ്ചതുർഭുജവപുസ്തപയമാവിരാസീഃ
നമ്രാഞ്ച താമിഹ ഭവത്തനയോ ഭവേയം
ഗോപ്യം മദീക്ഷണമിതി പ്രലപന്നയാസീഃ ൩

ആ വ്രതത്തിന്റെ അവസാനത്തിൽ അങ്ങയിൽ ലയിച്ച മനസ്സോടുക്രുദ്ധനായ ഇവളുടെ മുമ്പിൽ നീലനിറത്തോടും നാലു് തൃക്കൈകളോടും ക്രുദ്ധനായ അങ്ങു് സ്വയം ആവിർഭവിച്ചു. ഭഗവാനെ നമിയ്ക്കുന്ന അവളോടു് "ഞാൻ ഭവതിയുടെ പുത്രനായി അവതരിയ്ക്കുന്നുണ്ടു്. എന്നെ കണ്ടതു് ഗുഢമായിരിയ്ക്കട്ടെ" എന്നു് അരുളിച്ചെയ്തു് മറഞ്ഞു.

തപം കാശ്യപേ തപസി സന്നിദധത്തദാനീം
പ്രാപ്തോസി ഗർഭമദിതേഃ പ്രണതോ വിധാത്രാ
പ്രാസൂത ച പ്രകടവൈഷ്ണവദിവ്യരൂപം
സാ ദ്വാദശീശ്രവണപുണ്യദിനേ ഭവന്തം ൪

അപ്പോൾ നിന്തിരുവടി കാശ്യപന്റെ തപസ്സിൽ സന്നിധാനംചെയ്തു് അദിതിയുടെ ഗർഭത്തെ പ്രാപിച്ചു. ബ്രഹ്മാവിനാൽ വഴിപോലെ സ്തുതിയ്ക്കപ്പെട്ടവനും വ്യക്തമായ വൈഷ്ണവദിവ്യവിഗ്രഹത്തോടുകൂടിയവനും ആയ അങ്ങയെ ശ്രാവണമാസത്തിൽ ദ്വാദശീപുണ്യദിനത്തിൽ പ്രസവിച്ചു.

പുണ്യാശ്രമന്തമഭിവീക്ഷ്യ പുഷ്പവൃഷ്ടേർ-
ഹർഷാകുലേ സുരഗണേ കൃതതൂര്യഘോഷേ
ബദ്ധാഞ്ജലിം ജയ ജയേതി നതഃ പിതൃഭ്യാം
തപം തൽക്ഷണേ പടുതമം വടുരൂപമാധാഃ ൫

ദേവന്മാരെല്ലാം ഹർഷപരവശന്മാരായി മംഗളതൂര്യം മുഴക്കിയപ്പോൾ ആ പരിപാവനാശ്രമത്തെ പുഷ്പങ്ങൾകൊണ്ടു് വർഷിയ്ക്കയും ചെയ്തപ്പോൾ തൊഴുതുകൊണ്ടു് "ജയിച്ചാലും ജയിച്ചാലും" എന്നു് പിതാക്കളാൽ സ്തുതിയ്ക്കപ്പെട്ട അങ്ങു് തൽക്കാലം കായ്പ്രവണമായ ബ്രഹ്മചാരിയുടെ രൂപം വഹിച്ചു.

താവൽ പ്രജാപതിമുഖൈരുപനീയ മൌഞ്ജീ-
ദണ്ഡാജിനാക്ഷവലയാദിഭിരർച്യമാനഃ
ദേദീപ്യമാനവപുരീശ!കൃതാഗ്നികാര്യ-
സ്തപം പ്രാസ്ഥിതാ ബലിഗൃഹം പ്രകൃതാശ്വമേധം ൬

ഹേ ഈശ്വര! അപ്പോൾ ബ്രഹ്മാദികളാൽ ഉപനയിച്ചിട്ടു് മൌഞ്ജീദണ്ഡം (ചമതക്കോൽ), തോൽ, അക്ഷമാല മുതലായവകൊണ്ടു് പൂജിയ്ക്കപ്പെട്ട അങ്ങു് അത്യന്തം ശോഭിയ്ക്കുന്ന വിഗ്രഹത്തോടുകൂടി അഗ്നികാര്യം ചെയ്തുകൊണ്ടു് അശ്വമേധയാഗം നടന്നുവരുന്ന ബലിഗൃഹത്തെ പ്രാപിച്ചു.

ഗാത്രേണ ഭാവിമഹിമോചിതഗൌരവം പ്രാ-
ഗ്വ്യാവൃണ്വതേവ ധരണീമ്പലയന്നയാസീഃ
ക്രതും പരോഷ്മതിരണാത്മമിവാദധാനോ
ദണ്ഡഞ്ച ദാനവജനേഷ്വിവ സന്നിധാതും ൭

ഭവിഷ്യന്മാഹാത്മ്യത്തിനു് പററിയ ഗൌരവത്തെ മുൻ
ക്കുട്ടി വിശദപ്പെടുത്തുന്നുവോ എന്നു് തോന്നുംവണ്ണം ഉള്ള ഗാത്രം
കൊണ്ടു് ഭ്രമിയെ ചലിപ്പിച്ചുകൊണ്ടു് പരന്മാരുടെ ഊഷ്മാവി
നെ മറയ്ക്കുവാനെന്നപോലെ ഒരു കുടയും അസുരന്മാരിൽ പ്ര
യോഗിയ്ക്കുവാനോ എന്നു് തോന്നുമാറു് ഒരു വടിയും അണിഞ്ഞു
കൊണ്ടു് അങ്ങു് യാത്രതുടർന്നു.

താം നമ്മദോത്തരതടേ ഹയമേധശാലാ–
മാസേദുഷി ത്വയി രുചാ തവ രുദ്ധനേത്രൈഃ
ഭാസ്വാൻ കിമേഷ ദഹനോ ന സനൽകുമാരോ
യോഗീ ന കോയമിതി ശുക്രമുഖൈശ്ശശംകേ വ്യ

നിന്തിരുവടി നമ്മദാനദിയുടെ വടക്കെ വക്കിലുള്ള അശ്വ
മേധശാലയുടെ അടുത്തുചെന്നു് തുടങ്ങുമ്പോൾ അങ്ങയുടെ തേജ
സ്സുകൊണ്ടു് കണ്ണടച്ച ശുക്രാചാര്യർ മുതലായവർ "ഇതു സൂര്യനാ
യിരിയ്ക്കുമോ? അതോ അഗ്നിഭഗവാനോ! ഒരുപക്ഷെ സനൽ
കുമാരയോഗിയോ ആയിരിയ്ക്കാം" എന്നും മറ്റും ശങ്കിച്ചു.

ആനീതമാശു ഭൃഗുഭിർമ്മഹസാഭിഭൂതൈ–
സ്ത്വാം രമ്യരൂപമസുരഃ പുളകാവൃതാംഗഃ
ഭക്ത്യാ സമേത്യ സുകൃതീ പരിണിജ്യ പാദൌ
തത്തോയമന്വധൃത മൂർദ്ധനി തീർത്ഥതീർത്ഥം ൻ

അങ്ങയുടെ തേജസ്സിനാൽ അഭിഭവിയ്ക്കപ്പെട്ട ഭൃഗുമുനിക
ളാൽ കൊണ്ടുവരപ്പെട്ടവനും രമ്യാകൃതിയും ആയ അങ്ങയെ
കണ്ടു് സുകൃതിയായ മഹാബലി രോമാഞ്ചകഞ്ചുകിതനായിട്ടു്
അടുത്തുവന്നു് കാൽ കഴുകിച്ചു് ആ മഹാതീർത്ഥജലം ശിരസ്സിൽ
ധരിച്ചു.

പ്രഹ്ലാദവംശജതയാ കൃതഭിർദ്വിജേഷു
വിശ്വാസതോ ന തദിദം ദിതിജോപി ലേഭേ
യത്തേ പദാംബു ഗിരിശസ്യ ശിരോഭിലാള്യം
സ ത്വം വിഭോ! ഗുരുപുരാലയ! പാലയേഥാഃ ൬൦

പ്രഹ്ലാദന്റെ വംശത്തിൽ പിറന്നതുകൊണ്ടോ യാഗങ്ങൾ
കൊണ്ടോ ബ്രാഹ്മണരിലുള്ള ഭക്തിവിശ്വാസത്താലോ എന്തു

കൊണ്ടോ ആണു് അസുരനായ മഹാബലിയ്ക്കു് ഈ പാദതീർത്ഥം ലഭിച്ചതു്! അങ്ങയുടെ പാദതീർത്ഥം ശിവൻ എപ്പോഴും ശിരസ്സിലാറാടി ലാളിച്ചുവരുന്നതാണു്. അല്ലയോ ഗുരുവായൂരപ്പ! അപ്രകാരം മാഹാത്മ്യം വിളങ്ങുന്ന നിന്തിരുവടി എന്നെ രക്ഷിയ്ക്കണേ!

ഇതി അഷ്ടമസ്കന്ധേ വാമനാവതാരം.

ദശകം 31.

ബലിവിദ്ധ്വംസനം.

പ്രീത്യാ ദൈത്യസ്തവ തനുമഹഃപ്രേക്ഷണാൽ സർവ്വഥാപി
താമാരാധ്യന്നജിത രചയന്നഞ്ജലിം സഞ്ജഗാദ
മത്തഃ കിന്തേ സമഭിലഷിതം വിപ്രസൂനോ! വദ ത്വം
വ്യക്തം ഭക്തം ഭവനമവനീം വാപി സർവ്വം പ്രദാസ്യേ ൧

അല്ലയോ വിഷ്ണുഭഗവാനെ! ആ അസുരൻ അങ്ങയുടെ ശരീരതേജസ്സു് കണ്ടതുകൊണ്ടുണ്ടായ സന്തോഷംകൊണ്ടു് എല്ലാ പ്രകാരത്തിലും അങ്ങയെ ആരാധിച്ചു് തൊഴുതുകൊണ്ടിപ്രകാരം പറഞ്ഞു: അല്ലയോ ബ്രാഹ്മണപുത്ര! അങ്ങു് എന്നിൽനിന്നു് ഇച്ഛിയ്ക്കുന്നതെന്തു്? സ്പഷ്ടമായി പറയുക. ഭക്ഷണമോ ഗൃഹമോ ഭൂമിതന്നെയോ വേണമെങ്കിൽ ഞാൻ തരാം.

താമക്ഷീണാം ബലിഗിരമുപാകർണ്യകാരുണ്യപൂർണ്ണോ-
പ്യസ്യോൽസേകം ശമയിതുമനാ ദൈത്യവംശം പ്രശംസൻ
ഭൂമിം പാദത്രയപരിമിതാം പ്രാർത്ഥയാമാസിഥ ത്വം
സർവ്വം ദേഹീതി തു നിഗദതേ കസ്യ ഹാസ്യം ന വാ സ്യാൽ

ആ അക്ഷീണമായ ബലിവാക്യം കേട്ടിട്ടു് അങ്ങു് ദയാപൂർണ്ണനാണെങ്കിലും ഇവന്റെ ഗർവ്വിനെ കുറയ്ക്കണമെന്നു് വിചാരിച്ചു് അസുരവംശത്തെപ്പറ്റി പുകഴ്ത്തി തന്റെ മൂന്നടികൊണ്ടു് അളക്കപ്പെടാവുന്ന ഭൂമിയെ അപേക്ഷിച്ചു. എല്ലാം തരണേ! എന്നു് പറഞ്ഞാൽ അതു് ആക്ഷേപിയ്ക്കപ്പെടാവുന്നതാകയില്ല?

വിശേഷം മാം ത്രിപദമിഹ കിം യാചസേ ബാലിശസ്ത്വം
സർവ്വാം ഭൂമിം വ്രണ കിമമുനേത്യാലപത്താം സദൈവ്യൻ
യസ്മാദ്ദ്വാഭ്യാം ത്രിപദപരിപൂർത്ത്യക്ഷമഃ ക്ഷേപവാദാൻ
ബന്ധഞ്ചാസാവഗമദതദർഹോപി ഗാഢോപശാന്ത്യൈ ൫

"വെറും ബാലിശനായ അങ്ങ് ലോകത്തിനെല്ലാം അധിപനായ എന്നോട് ഇവിടെ മൂന്നടി മാത്രം അപേക്ഷിയ്ക്കുന്നതെന്തു്? ഇതുകൊണ്ട് എന്തു് ഫലം? എല്ലാ ഭൂമിയേയും ആവശ്യപ്പെടുക" എന്നു് ഗർവ്വോടുകൂടി അങ്ങയോടു് പറഞ്ഞു. ഇവൻ അതിനർഹനല്ലെങ്കിലും അഹങ്കാരത്താൽ മൂന്നടി മുഴുവനാക്കാൻ കഴിയാതെ അധിക്ഷേപവാക്കുകളേയും ഗാഢമായ ഉപശാന്തിയ്ക്കായി ബന്ധനത്തേയും പ്രാപിച്ചു.

പാദത്രയ്യാ യദി ന മുദിതോ വിഷ്ണുപൈനാപി തുഷ്യേ-
ദിത്യുക്തേസ്മിൻ വരദ! ഭവതേ ദാതുകാമേഥ തോയം
ദൈത്യാചാര്യസ്ത്വവ ഖലു പരീക്ഷാർത്ഥിനഃ പ്രേരണാത്തം
മാമാ ദേയം ഹരിരയമിതി വ്യക്തമേവാബഭാഷേ ൬

ഹേ വരദ! "മൂന്നടികൊണ്ടു് സന്തുഷ്ടനായില്ലെങ്കിൽ ലോകങ്ങളെക്കൊണ്ടുപോലും അങ്ങു് സന്തോഷിക്കയില്ല" എന്നു് അങ്ങു് പറഞ്ഞപ്പോൾ ഇവൻ അങ്ങയ്ക്കു് ദാനജലം തരുവാനാഗ്രഹിച്ചപ്പോൾ പരീക്ഷിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്ന അങ്ങയുടെ പ്രേരണകൊണ്ടു് അസുരാചാര്യനായ ശുക്രൻ "കൊടുക്കരുതേ, അരുതേ, ഇവൻ വിഷ്ണുവാണു്" എന്നു് സ്പഷ്ടമായി പറഞ്ഞു.

യാചത്യേവം യദി സ ഭഗവാൻ പൂർണ്ണകാമോസ്മി സോഹം
ദാസ്യാമ്യേവ സ്ഥിരമിതി വദൻ കാവ്യശപ്തോപി ദൈത്യഃ
വിന്ധ്യാവല്യാനിജദയിതയാ ദത്തപാദ്യായതുഭ്യം
ചിത്രം ചിത്രം സകലമപി സ പ്രാപ്യയത്തോയപൂർവ്വം ൭

"ആ ഭഗവാൻ ഇങ്ങിനെ യാചിയ്ക്കുന്നു എങ്കിൽ ആ ഞാൻ ആഗ്രഹങ്ങളേതും തികച്ചും സാധിച്ചവനായിത്തീരുന്നു. ഞാൻ ഉറപ്പായും കൊടുക്കും" എന്നു് പറയുന്ന ആ അസുരൻ ശുക്രമഹർഷിയാൽ ശപിയ്ക്കപ്പെട്ടെങ്കിലും തന്റെ ഭാര്യയായ വിന്ധ്യാവലിയാൽ നല്കപ്പെട്ട പാദ്യത്തോടുകൂടിയ അങ്ങയ്ക്കു് ജലത്തോടുകൂടി സർവ്വസ്വവും സമർപ്പിച്ചു. അത്യത്ഭുതംതന്നെ.

നിസ്സന്ദേഹംദിതികുലപതൌ തപ്തശ്രേഷ്ഠാപ്പണംത-
ദ്വ്യാതനപാനേ മുമുചുരൃഷയസ്സാമരാഃ പുഷ്പവർഷം
ദിവ്യം രൂപം തവ ച തദിദം പശ്യതാം വിശ്വഭോജാ-
മൈരുച്ചൈരവ്യുദവധീകൃത്യ വിശ്വാണ്ഡഭാണ്ഡം ൬

അസുരവംശനാഥനായ മഹാബലി സംശയം കൂടാതെ അങ്ങയ്ക്ക് സ്വസ്വവും സമർപ്പിച്ചപ്പോൾ ദേവകളും മഹർഷിമാരും പുഷ്പവർഷം ചെയ്തു. ലോകം കണ്ടുകൊണ്ടിരിയ്ക്കെ അങ്ങയുടെ ആ ദിവ്യവിഗ്രഹം ബ്രഹ്മാണ്ഡകടാഹത്തോളം വർദ്ധിച്ചു് വർദ്ധിച്ചുവന്നു.

തൽപാദാഗ്രംനിജപദഗതം പുണ്ഡരീകോദ്ഭവോസൌ
കുണ്ഡീതോയൈരസിചദപുനാദ്യജ്ജലം വിശ്വലോകാൻ
ഹർഷോല്ലർഷാൽ സുബഹു നൃതേ ഖേചരൈരുത്സവേസ്മിൻ
ഭേരീംനിഘ്നൻ ഭുവനമചരജ്ജാംബവാൻ ഭക്തിശാലീ ൭

ഈ പദ്മയോനി സത്യലോകത്തിലെത്തിയ തത്പാദാഗ്രത്തെ കമണ്ഡലുജലംകൊണ്ടു് സേചനം ചെയ്തു. യാതൊരു തീർത്ഥജലം എല്ലാ ലോകങ്ങളേയും ശുദ്ധമാക്കി. ആകാശചാരികളായവരെല്ലാം ഈ സന്തോഷസന്ദർഭത്തിൽ ഹർഷാതിരേകംകൊണ്ടു് ഏറ്റവും നൃത്തംവെച്ചു. ഭക്തനായ ജാംബവാൻ പെരുമ്പറ മുഴക്കിക്കൊണ്ടു് ലോകമെല്ലാം ചുറ്റി സഞ്ചരിച്ചു.

താവദ്ദൈത്യാസ്ഥാനമതിമൂതേ ഭർത്തുരാരബ്ധയുദ്ധാ
ദേവോപേതൈർവദനചരൈസ്സംഗതാ ഭംഗമാപൻ
കാലാത്മായം വസതി പുരതോ യദ്വശാൽ പ്രാഗ്ജിതാഃ സ്മഃ
കിം വോ യുദ്ധൈരിതി ബലിഗിരാ തേപി പാതാളമാപുഃ ൮

അല്ലയോ ദേവ! അസുരന്മാരാകട്ടെ പ്രഭവായ മഹാബലിയുടെ അനുമതി ക്രമാതെ യുദ്ധം തുടങ്ങുകയും പ്രാപ്തന്മാരായ അങ്ങയുടെ അനുഗാമികളോടെതിർത്തു് തോല്പ്പുകയും ചെയ്തു. "കാലാത്മകനായ ഭഗവാൻ ഇതാ നിങ്ങളുടെ മുമ്പിൽ നില്പുണ്ട്. അവിടത്തെ അധീനന്മാരായതുകൊണ്ടാണു് നാം മുമ്പു് ജയിച്ചതു്. നിങ്ങൾക്കു് യുദ്ധംകൊണ്ടെന്തുവേണം?" എന്നിങ്ങിനെയുള്ള ബലിവാക്കു് കേട്ടു് അവർ പാതാളം പ്രാപിച്ചു.

പാശൈർബ്ബദ്ധം പതഗപതിനാ ദൈത്യമുച്ചൈരവാദി-
സ്ത്വത്തീയീകംദിശ മമ പദംകിന്ന വിശ്വേശ്വരോസി
പാദം മൂർദ്ധ്നി പ്രണയ ഭഗവന്നിത്യകംപംവദന്തം
പ്രഹ്ലാദസ്ത്വം സദയമുപഗതോ മാനയന്നസ്തവീത്വാം ൯

പക്ഷിരാജനാൽ വരുണപാശംകൊണ്ടു് കെട്ടപ്പെട്ട മഹാബലിയോടു് അങ്ങു് ഉറക്കെ പറഞ്ഞു. "എനിയ്ക്കു് മൂന്നാമത്തെ അടിയ്ക്കു് സ്ഥലം തന്നാലും. നീ ലോകനാഥനല്ലേ" "ഹേ ഭഗവൻ! എന്റെ മൂർദ്ധാവിൽ തൃക്കാൽവെയ്ക്കുക" എന്നു് ഒരു ചാഞ്ചല്യവും കൂടാതെ പറയുന്ന മഹാബലിയെ ബഹുമാനിച്ചുകൊണ്ടു് സദയം അവിടെ വന്നെത്തിയ പ്രഹ്ലാദൻ അങ്ങയെ സ്തുതിച്ചു.

ദത്പ്പാച്ഛിത്യൈവിഹിതമഖിലം ദൈത്യസിദ്ധോസിപുണ്യൈ-
ർല്ലോകസ്തേസ്തു ത്രിദിവവിജയീവാസവത്വഞ്ച പശ്ചാൽ
മത്സായുജ്യം ഭജ ച പുനരിത്യനഗൃഹ്ണാ ബലിംതം
വിപ്രൈഃസന്താനിതമഖവരഃ പാഹി വാതാലയേശ! ൧൦

"അല്ലയോ അസുര! നിന്റെ അഹങ്കാരം ശമിപ്പിയ്ക്കുവാനാണു് എന്നാൽ ഇതെല്ലാം ചെയ്യപ്പെട്ടതു്. നീ പുണ്യങ്ങൾകൊണ്ടു് സിദ്ധനായിത്തീർന്നിരിയ്ക്കുന്നു. നിനയ്ക്കു് സ്വർഗ്ഗലോകത്തെക്കൂടെ ജയിയ്ക്കുന്ന ലോകം ഉണ്ടാകട്ടെ. പിന്നെ ഇന്ദ്രപട്ടവും ലഭിയ്ക്കുമാറാകട്ടെ. പിന്നെ എന്റെ സായൂജ്യം പ്രാപിച്ചാലും" എന്നു് അങ്ങു് ആ ബലിയെ അനുഗ്രഹിച്ചു. ഹേ ഗുരുവായൂരപ്പ! ബ്രാഹ്മണരെക്കൊണ്ടു് യാഗങ്ങൾ നിർവ്വഹിപ്പിച്ച അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി അഷ്ടമസ്കന്ധേ ബലിവിദ്ധ്വംസനം.

ദശകം 32.

മത്സ്യാവതാരഃ

പുരാ ഹയഗ്രീവമഹാസുരേണ
ഷഷ്ഠാന്തരാന്ത്യാദ്യദകാണ്ഡകല്പേ
നിദ്രോന്മുഖബ്രഹ്മമുഖാഹൃതേഷു
വേദേഷ്വധിത്സുഃ കില മത്സ്യരൂപം ൧

പുരാതനകാലത്തു് ആറാമത്തെ മന്വന്തരത്തിന്റെ ഒടുവിലുണ്ടായ അകാലപ്രളയത്തിൽ ഹയഗ്രീവനെന്ന മഹാസുരനാൽ നിദ്രോന്മുഖനായ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു് വേദങ്ങളെ അപഹരിയ്ക്കപ്പെട്ടപ്പോൾ അങ്ങു് മത്സ്യാവതാരം സ്വീകരിച്ചു നാഗ്രഹിച്ചുപോൽ.

സത്യവ്രതസ്യ ദ്രമിളാധിപത്യേ-
ന്നദീജലേ തർപ്പയതസ്തദാനീം
കരാഞ്ജലൌ സംജ്വലിതാകൃതിസ്ത്വ-
മദൃശ്യഥാഃ കശ്ചന ബാലമീനഃ ൧

അപ്പോൾ പുഴവെള്ളത്തിൽ തർപ്പണംചെയ്യുന്ന ദ്രമിഡദേശത്തിന്റെ രാജാവായ സത്യവ്രതന്റെ കയ്യിൽ പ്രകാശിച്ചു തിളങ്ങുന്ന ആകൃതിയോടുകൂടിയ ഒരു മത്സ്യക്കുട്ടിയായി അങ്ങു് കാണപ്പെട്ടു.

ക്ഷിപ്തം ജലേ തപാം ചകിതം വിലോക്യ
നിന്യേംബുപാത്രേണ മുനിഃ സഗേഹം
സപ്തൈരഹോഭിഃ കലശീഞ്ച കൂപം
വാപീം സരശ്ചാനശിഷേ വിഭോ! തപം ൨

വെള്ളത്തിലിട്ട അങ്ങാകുന്ന ആ ബാലമത്സ്യത്തെ ഭയപ്പെട്ടതായി കണ്ട ആ മഹർഷി ജലപാത്രത്തിലാക്കി ആശ്രമത്തിലേയ്ക്കു് കൊണ്ടുപോയി. ഹേ വിഭോ! കുറഞ്ഞ ദിവസങ്ങൾകൊള്ളിൽ ജലകുംഭം, കിണറു്, കുളം, പൊയ്ക ഇവയിലൊന്നും ഒതുങ്ങാത്തവിധം അത്ര വളർന്നവന്നു.

യോഗപ്രഭാവാദ് ഭവദാജ്ഞയൈവ
നീതസ്സ്വതസ്തം മുനിനാ പയോധിം
പൃഷ്ടോമുനാ കല്പദിദൃക്ഷുമേനം
സപ്താഹമാസേതി വദന്നയാസീഃ ൩

അനന്തരം അങ്ങു് അങ്ങയുടെ കല്പനപ്രകാരം യോഗമാഹാത്മ്യംകൊണ്ടു് മുനിയാൽ സമുദ്രത്തിലേയ്ക്കു് നയിയ്ക്കപ്പെട്ടു. "എനിയ്ക്കു് പ്രളയം കാണുവാനാഗ്രഹമുള്ളതെന്നു് സാധിയ്ക്കും" എന്നു് ഇവനാൽ ചോദിയ്ക്കപ്പെട്ട അങ്ങു് "ഏഴു് ദിവസം കാത്തിരിയ്ക്കുക" എന്നു് സത്യവ്രതനോടു് പറഞ്ഞുകൊണ്ടു് മറഞ്ഞു.

പ്രാപ്തേ തദുക്തേഽഹനി വാരിധാരാ-
പരിപ്ലുതേ ഭ്രമിതലേ മുനീന്ദ്രഃ
സപ്തർഷിഭിഃസാർദ്ധമപാരവാരി-
ണ്യുൽഘൂർണ്ണമാനഃ ശരണം യയൌ തവാം ൪

അങ്ങ് അരുളിച്ചെയ്ത ദിവസം വന്നപ്പോൾ ഭൂതലം മഹാവർഷംകൊണ്ട് മുങ്ങിയ സമയം മുനിശ്രേഷ്ഠൻ സപ്തർഷികളോടുകൂടി കരകാണ്മാൻ സാധിയ്ക്കാത്ത വെള്ളത്തിൽ മുങ്ങിപ്പൊങ്ങി പരവശനായി അങ്ങയെ ശരണം പ്രാപിച്ചു.

ധരാം തദാദേശകരീമവാപ്താം
നൌകാം ചിരീമാരുരുഹുസ്തദാ തേ
തൽകർഷകംപ്രേഷ്യ ച തേഷു ഭൂയ-
സ്ത്വമംബുധേരാവിരഭൂർമഹീയാൻ ൫

അപ്പോൾ അവർ നിന്തിരുവടിയുടെ കല്പനയെ ചെയ്യുവാൻ വന്നവളും തോണിയുടെ ആകൃതിയിലുള്ളവളും ആയ ഭൂമിയിൽ കയറി. അവരാകട്ടെ ഭൂമിയുടെ ഇളക്കംകൊണ്ട് പേടിച്ച് പരവശന്മാരായപ്പോൾ വീണ്ടും അങ്ങ് മഹീയനായിട്ട് സമുദ്രത്തിൽനിന്ന് പ്രത്യക്ഷമായി.

ത്രിഷാകൃതിം യോജനലക്ഷദീർഘാം
ദധാനമുച്ചൈസ്തരതേജസംതാം
നിരീക്ഷ്യ തുഷ്ടാ മുനയസ്ത്വദുക്ത്യാ
തത്തുംഗശൃംഗേ തരണീം ബബന്ധുഃ ൬

ലക്ഷം യോജന നീളമുള്ള മത്സ്യത്തിന്റെ ആകൃതിയെ ധരിച്ചവനും അതിതേജസ്വിയും ആയ അങ്ങയെ കണ്ട് സന്തോഷിച്ച മഹർഷിമാർ അങ്ങയുടെ വാക്കുപ്രകാരം അങ്ങയുടെ ഉയർന്ന കൊമ്പിന്മേൽ തോണിയെ ബന്ധിച്ചു.

ആകൃഷ്ടനൌകോ മുനിമണ്ഡലായ
പ്രദർശയൻ വിശ്വജഗദ്വിഭാഗാൻ
സംസ്തൂയമാനോ നൃവരേണ തേന
ജ്ഞാനം പരബ്രഹ്മോപദിശന്നചാരീഃ ൭

അങ്ങു് തോണിയും വലിച്ചുകൊണ്ടു് ലോകത്തിന്റെ നാനാഭാഗങ്ങളും മഹർഷിമാർക്കു് കാണിച്ചുകൊടുത്തുകൊണ്ടു് ആ രാജർഷിയാൽ സ്തുതിയ്ക്കപ്പെട്ട പരമജ്ഞാനത്തെ ഉപദേശിച്ചുകൊണ്ടു് സഞ്ചരിച്ചു.

കല്പാവധൌ സപ്തമുനീൻ പുരോവൽ
പ്രസ്ഥാപ്യ സത്യവ്രതഭ്രമീപം തം
വൈവസ്വതാഖ്യം മനുമാദധാനഃ
ക്രോധാദ്ധയഗ്രീവമഭിദ്രുതോഭ്രഃ ൯

പ്രളയാവസാനത്തിൽ അങ്ങു് സപ്തർഷികളെ ആദ്യത്തെപ്പോലെ പുറപ്പെടുവിച്ചു. ആ സത്യവ്രതഭ്രപനെ വൈവസ്വതനെന്നു് പേരായ മനുവാക്കി നിയമിച്ചു. ക്രോധംകൊണ്ടു് ഹയഗ്രീവനെ ഓടി എത്തി പിന്തുടർന്നു.

സപ്തംഗശൃംഗക്ഷതവക്ഷസം തം
നിപാത്യ ദൈത്യം നിഗമാൻ ഗൃഹീതവാ
വിരിഞ്ചയേ പ്രീതഹൃദേദദാനഃ
പ്രഭഞ്ജനാഗാരപതേ! പ്രപായാഃ ൧൦

അല്ലയോ ഗുരുവായൂരപ്പ! നിന്തിരുവടി ആ അസുരനെ സപ്തം ഉയർന്ന കൊമ്പുകൊണ്ടു് മാറിടം പിളർന്നു് വീഴ്ത്തി വേദങ്ങളെ വീണ്ടെടുത്തു് സന്തുഷ്ടഹൃദയനായി ബ്രഹ്മാവിന്നു് തിരിച്ചുകൊടുത്തു. ആ അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി അഷ്ടമസ്കന്ധേ മത്സ്യാവതാരഃ

നവമസ്കന്ധം

ദശകം 33.

അംബരീഷചരിതം.

വൈവസ്വതാഖ്യമനുപുത്രനഭാഗജാത-
നാഭാഗനാമകനരേന്ദ്രസുതോംബരീഷഃ
സപ്താർണ്ണവാവൃതമഹീദയിതോപി രേമേ
തത്സംഗിഷു തദയി ച മഗ്നമനാഃ സദൈവ ക

വൈവസ്വതമനുവിന്റെ പുത്രനായ നഭാഗനിൽനിന്നു് ജനിച്ച നാഭാഗൻ എന്നു് പേരായ രാജാവിന്റെ പുത്രനായ അംബരീഷൻ ഏഴു് സമുദ്രങ്ങളാൽ ആവൃതമായ ഭൂമിയുടെ ഭർത്താവായിരുന്നു. എങ്കിലും അങ്ങയിലും ഭക്തപുരുഷന്മാരിലും എപ്പോഴും മനസ്സു് ലയിപ്പിച്ചുകൊണ്ടു് രമിച്ചു.

തത്പ്രീതയേ സകലമേവ വിതന്വതോസ്യ
ഭക്ത്യൈവ ദേവ! നചിരാദഭവത്പ്രസാദം
യേനാസ്യ യാചനമൃതേപ്യഭിരക്ഷണായ
ചക്രം ഭവാൻ പ്രവിതതാര സഹസ്രധാരം ഖ

ഹേ ദേവ! എല്ലാ പ്രവൃത്തികളും അങ്ങയുടെ പ്രീതിയ്ക്കു വേണ്ടി ചെയ്യുന്ന ഇവന്റെ ഭക്തികൊണ്ടുതന്നെ താമസംക്രൂടാതെ അങ്ങു് പ്രസാദിച്ചു. അതുകൊണ്ടു് അങ്ങു് യാചിയ്ക്കാതെതന്നെ ഇവന്റെ അഭിരക്ഷയ്ക്കു് ആയിരം മുനകളുള്ള സുദർശനചക്രം ദാനംചെയ്തു.

സ ദ്വാദശീവ്രതമഥോ ഭവദർച്ചനാർത്ഥം
വർഷന്തധൌ മധുവനേ യമുനോപകണ്ഠേ
പത്ന്യാ സമം സുമനസാ മഹതീം വിതന്വൻ
പൂജാം ദ്വിജേഷു വിസൃജൻ പശുഷഷ്ടികോടിം ന

പിന്നെ അവൻ സ്വഭാര്യയോടുകൂടി തെളിഞ്ഞ മനസ്സോടുകൂടി മഹത്തായ പൂജചെയ്കയും ബ്രാഹ്മണർക്കു് അറുപതു് കോടി

പശുക്കളെ ദാനം ചെയ്കയും ചെയ്തു. യമുനാനദീതീരത്തിലുള്ള മധുവനത്തിൽ അങ്ങനെ ആരാധിയ്ക്കുവാൻ ഒരു കൊല്ലത്തോളം ദ്വാദശീവ്രതം അനുഷ്ഠിച്ചു.

തത്രാഥ പാരണദിനേ ഭവദച്യുനാന്തേ
ദുർവ്വാസസാസ്യമുനിനാ ഭവനം പ്രപേദേ
ഭോക്തും വൃതശ്ച സ നൃപേണ പരാർത്തിശീലോ
മന്ദം ജഗാമ യമുനാം നിയമാൻ വിധാസ്യൻ ൪

അതിനുശേഷം അവിടെ പാരണാദിവസത്തിൽ ഭഗവൽ പൂജാവസാനത്തിൽ ദുർവ്വാസസ്സുമഹർഷി ഇവന്റെ ഭവനത്തിൽ ചെന്നു. പരപീഡാരതനായ ആ മഹർഷി ഭക്ഷണത്തിനു് അതിഥിയായി അംഗീകരിയ്ക്കപ്പെട്ട എങ്കിലും നിയമങ്ങൾ ചെയ്വാൻ യമുനയിലേയ്ക്കു് തിരിച്ചു.

രാജ്ഞാഥ പാരണമുഹൂർത്തസമാപ്തിഖേദാ
ദ്വാരൈവ പാരണമകാരി ഭവൽപ്രണേ
പ്രാപ്തോ മുനിസ്തദഥ ദിവ്യദൃശാ വിജാനൻ
ക്ഷിപ്യൻ ക്രുധോദ്ധൃതജടോ വിതതാന കൃത്യാം ൫

അനന്തരം ഭവൽഭക്തനായ അംബരീഷരാജാവു് പാരണാമുഹൂർത്തം കഴിഞ്ഞുപോകുമെന്നു് ദുഃഖിച്ചുകൊണ്ടു് വെറും വെള്ളം കൊണ്ടുതന്നെ പാരണ നടത്തി. അനന്തരം അവിടെ എത്തിയ മഹർഷി അതു് ദിവ്യചക്ഷുസ്സുകൊണ്ടു് അറിഞ്ഞു് ആക്ഷേപിച്ചുകൊണ്ടു് ദ്വേഷ്യംകൊണ്ടു് ജട കുടഞ്ഞു് ഒരു കൃത്യയെ സൃഷ്ടിച്ചു.

കൃത്യാഞ്ച താമസിധരാം ഭുവനംദഹന്തീ–
മഗ്രേഭിവീക്ഷ്യ നൃപതിസ്ത പദാച്ചകമ്പേ
തൽഭക്തബാധമഭിവീക്ഷ്യ സുദർശനം തേ
കൃത്യാനലം ശലഭയൻ മുനിമന്വധാവീൽ ൬

വാളെടുത്തു് ലോകം ദഹിപ്പിയ്ക്കുന്ന ആ കൃത്യയെ തന്റെ മുമ്പിൽ കണ്ടു് അംബരീഷൻ ഒരടിപോലും ഇളകിയില്ല. അങ്ങയുടെ സുദർശനം ഭവൽഭക്തനെ ഉപദ്രവിയ്ക്കുന്ന ആ കൃത്യാഗ്നിയെ ശലഭംപോലെയാക്കി. പേടിച്ചോടുന്ന മഹർഷിയെ പിന്തുടർന്നു് ഓടി.

ധാവന്നശേഷഭുവനേഷു ഭിയാ സ പശ്യൻ
വിശ്രുത്യ ചക്രമപി തേ ഗതവാൻ വിരിഞ്ചം
കഃ കാലചക്രമപിലംഘയതീത്യുപാസ്തഃ
ശർവ്വം യയൌ സ ച ഭവന്തമവന്ദതൈവ ൭

ആ മുനി പേടിച്ചു് എല്ലാ ലോകങ്ങളിലും ഓടിനടന്നു് എല്ലാ ദിക്കിലും അങ്ങയുടെ ചക്രം കണ്ടു് ഭയപ്പെട്ടു് ബ്രഹ്മാവിന്റെ അടുത്തു് ചെന്നു. "കാലചക്രത്തെ ആക്കു് അതിക്രമിയ്ക്കുവാൻ കഴിയും" എന്നു് പറഞ്ഞു് ബ്രഹ്മാവിനാൽ ഉപേക്ഷിയ്ക്കപ്പെട്ടവനായി ശിവന്റെ അടുത്തുചെന്നു. ശിവൻ അങ്ങയെ വന്ദിയ്ക്കുതന്നെ ചെയ്തു.

ഭ്രയോ ഭവന്നിലയമേത്യ മുനിം നമന്തം
പ്രോചേ ഭവാനഹമൃഷേ! നനു ഭക്തദാസഃ
ജ്ഞാനം തപശ്ച വിനയാനപിതമേവ മാന്യം
യാഹ്യംബരീഷപദമേവ ഭജേതി ഭ്രമൻ ൮

ഹേ ഭ്രമൻ! പിന്നെ വൈകുണ്ഠത്തിൽ വന്നു് നമസ്കരിയ്ക്കുന്ന ദുർവ്വാസസ്സിനോടു് "ഹേ മുനേ! ഞാൻ ഭക്തദാസനാണല്ലൊ. അറിവും തപസ്സും വിനയത്തോടുകൂടിയിരുന്നാൽ മാത്രമേ മാന്യമാവുകയുള്ളു. പോവുക. അംബരീഷന്റെ പാദങ്ങളെത്തന്നെ ശരണം പ്രാപിയ്ക്കുക" എന്നു് അങ്ങു് അരുളിച്ചെയ്തു.

താപസമേത്യ മുനിനാ സ ഗൃഹീതപാദോ
രാജാപസൃത്യ ഭവദസ്ത്രമസാവനൌഷീൽ
ചക്രേ ഗതേ മുനിരദാദഖിലാശിഷോഽസ്മൈ
തദ്ഭക്തിമാഗസി കൃതേപി കൃപാഞ്ച ശംസൻ ൯

ഉടനെ ദുർവ്വാസസ്സു് ഓടിവന്നു് അംബരീഷന്റെ കാൽ പിടിച്ചപ്പോൾ രാജാവു് ഒഴിഞ്ഞുനിന്നു് അങ്ങയുടെ തൃച്ചക്രത്തെത്തന്നെ സ്തുതിച്ചു. ചക്രം പോയപ്പോൾ മഹർഷി ഭഗവൽഭക്തിയേയും കുറ്റംചെയ്താലും ഉണ്ടാകുന്ന ദയയേയും പുകഴ്ത്തിക്കൊണ്ടു് അംബരീഷരാജാവിന്നു് സർവ്വാശിസ്സുകളേയും നല്കി.

രാജാ പ്രതീക്ഷ്യ മുനിമേകസമാമനാശ്വാൻ
സംഭോജ്യ സാധു തമൃഷിം വിസൃജൻ പ്രസന്നം
ഭുക്ത്വാ സ്വയം തവയി തതോപി ദൃഢം രതോഭൂൽ
സായൂജ്യമാപ ച സ മാം പവനേശ! പായാഃ ൫൦

അംബരീഷൻ ഒരു കൊല്ലം മഹർഷിയെ കാത്തുകൊണ്ടു് ഭക്ഷണം കഴിയ്ക്കാതിരുന്നു. ആ മഹർഷിയെ വേണ്ടപോലെ ഭക്ഷിപ്പിച്ചു് സന്തുഷ്ടനാക്കി പറഞ്ഞയച്ചതിന്നുശേഷം താനും ആഹാരം കഴിച്ചു് അങ്ങയിൽ പൂർവ്വാധികം ഭക്തനായിത്തീർന്നു് സായൂജ്യം പ്രാപിച്ചു. അല്ലയോ ആ ഗുരുവായൂരപ്പ! അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി നവമസ്കന്ധേ അംബരീഷചരിതം.

ദശകം 34.

ശ്രീരാമകഥാ.

ഗീർവ്വാണൈരത്ഥ്യമാനോ ദശമുഖനിധനം
കോസലേഷ്വപ്യശൃംഗേ
പുത്രീയാമിഷ്ടിമിഷ്ട്വാ ദദൃശി ദശരഥ
ക്ഷ്മാഭൃതേ പായസാഗ്ര്യം
തത്ഭുക്ത്യാ തല്പരസ്ത്രീഷ്വപി തിസൃഷു സമം
ജാതഗർഭാസു ജാതോ
രാമസ്ത്വം ലക്ഷ്മണേന സ്വയമഥ ഭരതേ
നാപി ശത്രുഘ്നനാമ്നാ ൧

ദേവന്മാർ രാവണവധം അപേക്ഷിച്ചപ്പോൾ ഋശ്യശൃംഗ മഹർഷി കോസലരാജ്യത്തുവെച്ചു് പുത്രകാമേഷ്ടി എന്ന യാഗം ചെയ്തു് ദശരഥരാജാവിനു് നല്കിയ ശ്രേഷ്ഠമായ പായസം ഭക്ഷിയ്ക്കുകയാൽ ഒപ്പം ഗർഭം ധരിച്ച ദശരഥന്റെ മൂന്നു് ഭാര്യമാരിലും അങ്ങു് ശ്രീരാമനായ ഭരതനോടും ലക്ഷ്മണനോടും ശത്രുഘ്നനോടുംകൂടി അവതരിച്ചു.

കോദണ്ഡീ കൌശികസ്യ ക്രതുവരമവിതും
ലക്ഷ്മണേനാന്വയാതോ
യാതോഽസ്മാതവാചാ മുനികഥിതമനു
ദ്വന്ദ്വശാന്താധ്വഖേദഃ
നൃണാംത്രാണായ ബാണൈർമ്മുനിവചനബലാ-
ത്താടകാം പാടയിത്വാ
ലബ്ധ്വാസ്മാദസ്ത്രജാലം മുനിവനമഗമോ
ദേവ! സിദ്ധാശ്രമാഖ്യം ൭

അല്ലയോ ദേവ! അങ്ങു് വിശ്വാമിത്രന്റെ ഉൽകൃഷ്ടമായ യാഗം രക്ഷിയ്ക്കുവാൻ അച്ഛന്റെ വാക്കുകൊണ്ടു് വില്ലെടുത്തു് ലക്ഷ്മണനാൽ പിന്തുടരപ്പെട്ടു് പുറപ്പെട്ട. മഹർഷിയാൽ ഉപദേശിയ്ക്കപ്പെട്ട രണ്ടു് മന്ത്രങ്ങൾകൊണ്ടു് അധ്വക്ലേശം ശമിച്ച അങ്ങു് മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി മഹർഷിയുടെ വാക്കിനെ പ്രമാണമാക്കി താടകാരാക്ഷസിയെ അസ്ത്രങ്ങൾകൊണ്ടു് പിളർന്നു് അദ്ദേഹത്തിൽനിന്നു് അനേകം അസ്ത്രങ്ങളും ലഭിച്ചു് സിദ്ധാശ്രമം എന്നു് പേരായ കൌശികാശ്രമം പ്രാപിച്ചു.

മാരീചന്ദ്രാവയിത്വാ മഖശിരസി ശരൈ-
രന്യരക്ഷാംസി നിഘ്നൻ
കല്യാം കുർവ്വന്നഹല്യാം പഥി പദരജസാ
പ്രാപ്യ വൈദേഹഗേഹം
ഭിന്ദാനശ്ചാപ്രചൂഡംധനുരവനിസുതാ-
മിന്ദിരാമേവ ലബ്ധ്വാ
രാജ്യം പ്രാതിഷ്ഠഥാസ്ഥം ത്രിഭിരപിച സമം
ഭ്രാതൃവീരൈസ്സുദാരൈഃ ൮

അങ്ങു് യാഗം തുടങ്ങിയപ്പോൾ അസ്ത്രങ്ങൾകൊണ്ടു് മാരീചനെ ഓടിച്ചു് മറ്റു് രാക്ഷസന്മാരെ കൊന്നു് മാർഗ്ഗമദ്ധ്യത്തിൽ വെച്ചു് തൃക്കാൽപ്പൂമ്പൊടികൊണ്ടു് അഹല്യയ്ക്കു് ശാപമോക്ഷം കൊടുത്തു് വിദേഹരാജധാനിയിൽ ചെന്നു് ശിവചാപം മുറിച്ചു് ലക്ഷ്മീഭഗവതിതന്നെയായ ഭൂപുത്രിയെ (സീതയെ) ലഭിച്ചു് മറ്റുമാരോടുക്രൂടിയ മൂന്നു് വീരന്മാരായ സഹോദരന്മാരോടൊത്തു് സ്വരാജ്യത്തേയ്ക്കു് പുറപ്പെട്ട.

ആരുന്ധാനേ രുഷാന്ധേ കില ഭൃഗുതിലകേ
സംക്രമയ്യ സ്വതേജോ
യാതേ യാതോസ്യയോദ്ധ്യാം സുഖമിഹ നിവസൻ
കാന്തയാകാന്തമൂർത്തേ!
ശത്രുഘ്നനൈകദാഥോ ഗതവതി ഭരതേ
മാതുലസ്യാധിവാസം
താതാരബ്ധോഭിഷേകസ്തവ കില വിഹതഃ
കേകയാധീശപുത്ര്യാ ൪

അല്ലയോ മനോഹരമൂർത്തേ! കോപാന്ധനായ ഭാർഗ്ഗവരാമൻ തടുത്തു് സ്വതേജസ്സിനെ അങ്ങയിൽ സംക്രമിപ്പിച്ചു് പോയപ്പോൾ അങ്ങു് അയോദ്ധ്യയിലെത്തി സീതയോടുകൂടി സുഖമായി പാർത്തു. പിന്നെ ഒരിയ്ക്കൽ ഭരതൻ ശത്രുഘ്നനോടുകൂടി അമ്മാമനായ യുധാജിത്തിന്റെ ഗൃഹത്തിലേയ്ക്കു് പോയപ്പോൾ അച്ഛൻ ചെയ്യാൻ തുടങ്ങിയ അങ്ങയുടെ രാജാഭിഷേകത്തെ കൈകേയി തടഞ്ഞുവത്രെ!

താതോക്ത്യാ യാതുകാമോ വനമനുജവധൂ
സംയുതശ്ചാപധാരഃ
പൌരാനാരുധ്യ മാർഗ്ഗേ ഗൃഹനിലയഗത-
സ്ത്വം ജടാചീരധാരീ
നാവാ സന്തീർയ്യ ഗംഗാമധിപദവി പുന-
സ്ത്വം ഭരദ്വാജമാരാ-
ന്നത്വാ തദ്വാക്യഹേതോരതിസുഖമവസ-
ശ്ചിത്രകൂടേ ഗിരീന്ദ്രേ ൫

നിന്തിരുവടി താതന്റെ കല്പനയാൽ അനുജനോടും ഭാര്യയോടുംകൂടി ധനുർദ്ധരനായി കാട്ടിലേയ്ക്കു് പുറപ്പെടുവാൻ ആഗ്രഹിച്ചപ്പോൾ അനുഗമിച്ച പുരവാസികളെ മാർഗ്ഗത്തിൽവെച്ചു് തടഞ്ഞു് ഗുഹന്റെ ഗൃഹം പ്രാപിച്ചു് ജടയും മരവുരിയും ധരിച്ചു് തോണിയിലൂടെ ഗംഗ കടന്നു. മദ്ധ്യമാർഗ്ഗം ആ ഭരദ്വാജമഹർഷിയെ അടുത്തുചെന്നു് നമസ്കരിച്ചിട്ടു് അദ്ദേഹത്തിന്റെ വാക്കുകൊണ്ടു് ചിത്രകൂടപർവ്വതത്തിലെത്തി സുഖമായി പാർത്തു.

ശ്രുത്വാ പുത്രാത്തിഖിന്നം ഖലു ഭരതമുഖാ-
ത്സ്വർഗ്ഗയാതം സ്വതാതം
തപ്തോ ദത്വാംബു തസ്മൈ നിദധിഥ ഭരതേ
പാദുകാം മേദിനീഞ്ച
അത്രിംനത്വാഥ ഗത്വാ വനമതിവിപുലം
ദണ്ഡകം ചണ്ഡകായം
ഹത്വാ ദൈത്യം വിരാധം സുഗതിമകലയ-
ശ്ചാരുഭോശ്ശാരഭംഗീം ൯൯

തന്റെ അച്ഛൻ മക്കളുടെ വിയോഗംകൊണ്ടുള്ള ദുഃഖത്താൽ തന്നെ സ്വർഗ്ഗം പ്രാപിച്ചുവെന്നു് അങ്ങു് ഭരതൻ മുഖാന്തരം കേട്ടു് ദുഃഖിച്ചു് പിതാവിനു് ഉതകതർപ്പണം ചെയ്തു് ഭരതനിൽ മെതിയടിയും ഭൂമിയും സ്ഥാപിച്ചു. അനന്തരം അത്രിമഹർഷിയെ നമസ്കരിച്ചു് അതിമഹത്തായ ദണ്ഡകാവനം പ്രാപിച്ചു് ഭയങ്കര രൂപിയായ വിരാധനെന്ന അസുരനെ കൊന്നു് ഹേ ദേവ! അങ്ങു് ശരഭംഗന്റെ സൽഗതിയെ ചെയ്തു.

നത്വാഗസ്ത്യം സമസ്താശരനികരസ
പത്രാകൃതിം താപസേഭ്യഃ
പ്രത്യശ്രൗഷീഃ പ്രിയൈഷീ തദനു ച മുനിനാ
വൈഷ്ണവേ ദിവ്യചാപേ
ബ്രഹ്മാസ്ത്രേ ചാപി ദത്തേ പഥി പിതൃസുഹൃദം
വീക്ഷ്യ ഭ്രയോ ജടായും
മോദാൽ ഗോദാതടാന്തേ പരിരമസി പുരാ
പഞ്ചവട്യാം വധൂട്യാ ൧

അങ്ങു് അഗസ്ത്യനെ നമസ്കരിച്ചിട്ടു് സകല രാക്ഷസന്മാരേയും താൻ വധിയ്ക്കാമെന്നു് താപസന്മാരുടെ ഇഷ്ടം ചെയ്വാൻ ആഗ്രഹിയ്ക്കുന്ന അങ്ങു്, പ്രതിജ്ഞ ചെയ്തു. അനന്തരം അഗസ്ത്യമഹർഷി വൈഷ്ണവമായ ദിവ്യധനുസ്സും ബ്രഹ്മാസ്ത്രവും ദാനം ചെയ്തു. എന്നിട്ടു് അങ്ങു് പോകുമ്പോൾ മാർഗ്ഗത്തിൽ അച്ഛന്റെ സ്നേഹിതനായ ജടായുവിനെ കണ്ടു് സന്തോഷഹേതുവായിട്ടു് ഗോദാവരീതീരപ്രദേശങ്ങളിൽ പഞ്ചവടി എന്ന സ്ഥലത്തു് ഭാര്യയോടുകൂടി സുഖിച്ചിരുന്നു.

പ്രാപ്തായഃ ശൂർപ്പണഖ്യാ മദനചലധൃതേ
രത്ഥനൈന്നിസ്സഹാത്മാ
താം സൌമിത്രൌ വിസൃജ്യ പ്രബലതമരുഷാ
തേന നിർല്ലൂനനാസാം
ദൃഷ്ട്വാനാം രുഷ്ടചിത്തം ഖരമഭിപതിതം
ദൂഷണഞ്ച ത്രിമൂർദ്ധം
വ്യാഹിംസീരാശരാനായുപ്യുതസമധികാം
സ്തൽക്ഷണാദക്ഷതോഷ്മാ വ

നശിയ്ക്കപ്പെടാത്ത പ്രതാപത്തോടുകൂടിയ അങ്ങ് കാമപരവശയായി വന്ന ശൂർപ്പണഖയുടെ അപേക്ഷകൊണ്ട് സഹിയ്ക്കാൻ പാടില്ലാതെ അവളെ ലക്ഷ്മണന്റെ അടുക്കലേയ്ക്ക് പറഞ്ഞയച്ചു. അതിക്രുദ്ധനായ ലക്ഷ്മണൻ മൂക്ക് മുറിച്ച് ഇവളെക്കണ്ട് കുപിതന്മാരായി വന്ന ഖരദൂഷണത്രിശിരസ്സുകളേയും പതിനായിരത്തിൽപ്പുറം രാക്ഷസന്മാരേയും അപ്പോൾതന്നെ അങ്ങ് കൊന്നു.

സോദര്യാ പ്രോക്തവാർത്താവിവശദശമുഖാ-
ദിഷ്ടമാരീചമായാ
സാരംഗം-സാരസാക്ഷ്യാ സ്പൃഹിതമനുഗതഃ
പ്രാവധീർബ്ബാണഘാതം
തന്മായാക്രന്ദനിശ്ചാപിതഭവദനുജാം
രാവണസ്ത്വാമഹാഷീ-
ത്തേനാതേ്താപി തപ്തമന്തഃ കിമപി മുദമധാ-
സ്തദുപായലാഭാൽ ൻ

സഹോദരി പറഞ്ഞ വർത്തമാനം കേട്ട് പരവശനായ രാവണൻ നിയോഗിച്ചയച്ച മാരീചനാകുന്ന മായാമാനിനെ സീതാദേവി ആഗ്രഹിച്ചതുകൊണ്ട് അങ്ങ് പിന്തുടർന്ന് അതിനെ അമ്പെയ്ത് കൊന്നു. മായാമൃഗത്തിന്റെ കള്ളക്കരച്ചിൽ കേട്ട് അങ്ങയുടെ അനുജനെ പറഞ്ഞയച്ച ആ സീതയെ രാവണൻ അപഹരിച്ചു. അങ്ങ് അതുകൊണ്ട് ദുഃഖിതനായി എങ്കിലും അവനെ കൊല്ലുവാനുള്ള കാരണം കിട്ടിയതുകൊണ്ട് ഉള്ളിൽ കുറഞ്ഞ ഒരു സന്തോഷം പൂണ്ടു.

ഭ്രേയസ്തനയീം വിചിനന്നഹൃത ദശമുഖ-
സ്തദധ്വംമദധ്വനേ
ത്യക്ത്വാ യാതേ ജടായൌ ദിവമഥ സുഹൃദഃ
പ്രാതനോഃ പ്രേതകാര്യ്യം
ഗൃണ്ണാനന്തം കബന്ധം ജഘനിഥ ശബരീം
പ്രേക്ഷ്യ പമ്പാതടേ തം
സംപ്രാപ്തോ വാതസൂനും ഭൃശമുദിതമനാഃ
പാഹി വാതാലയേശ! ൫൦

അങ്ങു് പിന്നീടു് ഭാര്യ്യയെ തിരഞ്ഞു് നടക്കുമ്പോൾ "രാവണൻ എന്നെ കൊന്നു് അങ്ങയുടെ ഭാര്യ്യയെ അപഹരിച്ചു" എന്നു് പറഞ്ഞു് ജടായു സ്വർഗ്ഗം പ്രാപിച്ചപ്പോൾ ആ സുഹൃത്തിന്റെ സംസ്കാരാദികർമ്മങ്ങൾ നടത്തി ഹേ ഗുരുപവനപുരേശ! ശബരിയെക്കണ്ടു് പമ്പാസരസ്സിന്റെ തീരത്തിൽവെച്ചു് ഹനുമാനെ പ്രാപിച്ചിട്ടു് ഏറ്റവും സന്തോഷിച്ച മനസ്സോടുകൂടിയ നിന്തിരുവടി എന്നെ രക്ഷിയ്ക്കണേ!

ഇതി നവമസ്കന്ധേ ശ്രീരാമകഥാ.

ദശകം 35.

ശ്രീരാമകഥാ.

നീതഃസുഗ്രീവമൈത്രീം തദനു ഹനുമതാ
ദുന്ദുഭേഃ കായമുച്ചൈഃ
ക്ഷിപ്ത്വാംഗുഷ്ഠേന ഭൂയോ ലുലുവിഥ യുഗപൽ
പത്രിണാ സപ്തസാലാൻ
ഹത്വാ സുഗ്രീവഘാതോദ്യതമതുലബലം
ബാലിനം വ്യാജവൃത്ത്യാ
വർഷാവേലാമനൈഷീർവ്വിരഹതരളിത
സ്ത്വം മതംഗാശ്രമാന്തേ ൫൧

ഉടനെ ഹനുമാൻ സുഗ്രീവസഖ്യം ചെയ്യിച്ച അങ്ങു് ദുന്ദുഭിയുടെ കായത്തെ പെരുവിരൽകൊണ്ടു് ശക്തിയോടെ ദൂരെ എറിഞ്ഞു് അനന്തരം ഒരേ അമ്പുകൊണ്ടു് ഏഴു് സാലമരങ്ങളെ

ഒപ്പം മുറിച്ചു് സുഗ്രീവവധത്തിന്നു് ഒരുങ്ങിയവനും അനുപമ ശക്തിമാനും ആയ ബാലിയെ വഞ്ചിച്ചുകൊന്നു് അങ്ങു് സീതാവിയോഗാർത്തനായി മതംഗതപോവനത്തിന്നടുത്തു് വർഷകാലം നയിച്ചു.

സുഗ്രീവേണാനജോക്ത്യാ സഭയമഭിയതാം
വ്യൂഹിതാം വാഹിനീംതാ–
മൃക്ഷാണാം വീക്ഷ്യ ദിക്ഷു ദ്രുതമഥ ദയിതാ
മാർഗ്ഗണായാവനമ്രാം
സന്ദേശഞ്ചാംഗുലീയം പവനസുതകരേ
പ്രാദിശോ മോദശാലീ
മാർഗ്ഗേ മാർഗ്ഗേ മമാർഗ്ഗേ കപിഭിരപി തദാ
തൽപ്രിയാ സപ്രയാസൈഃ ൬

അതിന്നുശേഷം ലക്ഷ്മണന്റെ വാക്കുകൊണ്ടു് ഭയപ്പെട്ട സുഗ്രീവനാൽ ശേഖരിയ്ക്കപ്പെട്ടതും ഉടനടൻ വരുന്നതും ആയ ആ വാനരസൈന്യം വേഗം എല്ലാ ദിക്കുകളിലും സീതാന്വേഷണത്തിന്നു് താമ്രയോടെ സന്നദ്ധരായി നിൽക്കുന്നതു് കണ്ടു് മുദിതചിത്തനായ അങ്ങു് ഹനുമാന്റെ കയ്യിൽ അംഗുലീയകം കൊടുത്തു് സന്ദേശവാക്യം അരുൾചെയ്തു. അപ്പോൾ പ്രയത്നശാലികളായ വാനരന്മാർ മാർഗ്ഗങ്ങളിലെല്ലാം അങ്ങയുടെ പ്രിയപ്രേയസിയെ അന്വേഷിച്ചു.

തദാത്താകർണ്ണ്യോദ്യദ്ഗരുദുരുജവസം
പാതിസമ്പാതിവാക്യ–
പ്രോത്തീർണ്ണാർണ്ണോധിരന്തർന്നഗരി ജനകജാം
വീക്ഷ്യ തദ്വാംഗുലീയം
പ്രക്ഷുദ്യോദ്യാനമക്ഷക്ഷപണചണരണ–
സ്സോഢബന്ധോ ദശാസ്യം
ദൃഷ്ട്വാ പ്ലുഷ്ട്വാ ച ലങ്കാം ത്വടിതിസഹനുമാൻ
മൌലിരത്നം ദദൌതേ ൯

അങ്ങയുടെ വാർത്തകേട്ടു് ചിറകുണ്ടായി അതിവേഗത്തിൽ പറക്കുന്ന സമ്പാതിയുടെ വാക്യത്താൽ ആ ഹനുമാൻ സമുദ്രം കടന്നു് ലങ്കാരാജധാനിയുടെ ഉള്ളിൽ ജാനകിയെ സന്ദർശിച്ചു്

അംഗുലീയകം കൊടുത്തു് ഉദ്യാനം ഭഞ്ജനം ചെയ്തപ്പോൾ വന്ന അക്ഷകുമാരനെ കൊല്ലുവാൻ സമർത്ഥമായ യുദ്ധംചെയ്തു് ഇന്ദ്രജിത്തിനാൽ ചെയ്യപ്പെട്ട ബന്ധവും സഹിച്ചു് രാവണനെ കണ്ടു് ലങ്കയെ ദഹിപ്പിച്ചു് വേഗത്തിൽ സീതയുടെ മെയ്വലിരതനം അങ്ങയ്ക്കു് നല്കി.

തപം സുഗ്രീവാംഗദാദിപ്രബലകപിചമൂ
ചക്രവിക്രാന്തഭൂമീ–
ചക്രോഭിക്രമ്യ പാരേജലധി നിശിചരേ–
ന്ദ്രാനുജാശ്രീയമാണഃ
തൽപ്രോക്താം ശത്രുവാർത്താം രഹസിനിശമയൻ
പ്രാർത്ഥനാപാർത്ഥ്യരോഷ–
പ്രാസ്താഗ്നേയാസ്ത്രതേജസ്സ്യസദൃദധിഗിരാ
ലബ്ധവാൻ മദ്ധ്യമാർഗ്ഗം ൫

അങ്ങു് സുഗ്രീവൻ, അംഗദൻ മുതലായ പ്രബലന്മാരായ വാനരസൈന്യങ്ങളുടെ സമൂഹത്താൽ മറയ്ക്കപ്പെട്ട ഭൂമണ്ഡലത്തോടു് ക്രുദ്ധിയവനായി പുറപ്പെട്ടു് സമുദ്രതീരത്തിൽവെച്ചു് രാക്ഷസവംശരാജാവായ രാവണന്റെ സഹോദരനായ വിഭീഷണനാൽ ആശ്രയിയ്ക്കപ്പെട്ടവനായി ശ്രദ്ധമായി അവൻ പറഞ്ഞുതന്ന ശത്രുവൃത്താന്തം ധരിച്ചു. അതിനുശേഷം അപരതീരം പ്രാപിപ്പാൻ മാർഗ്ഗം നല്കണമെന്ന പ്രാർത്ഥനയെ നിഷേധിയ്ക്കുകയാൽ ക്രോധാവേശത്തോടുകൂടി അയച്ച ആഗ്നേയാസ്ത്രത്തിന്റെ തേജസ്സിനാൽ ഭയപ്പെട്ട സമുദ്രത്തിന്റെ വാക്കുകൊണ്ടു് മദ്ധ്യമാർഗ്ഗം ലഭിച്ചു.

കീശൈരാശാന്തരോപാ ഹൃതഗിരിനികരൈ–
സ്സേതുമാധായ യാതോ
യാതുന്യാമട്ട്യ ദംഷ്ട്രാനഖശിഖരിശിലാ
സാലശസ്ത്രൈഃസ്വസൈന്യൈഃ
വ്യാകുർവ്വൻ സാനുജസ്ത്വം സമരഭുവി പരം
വിക്രമം ശക്രജേത്രാ
വേഗാന്നാഗാസ്ത്രബദ്ധഃ പതഗപതി ഗതൈ–
രാതതൈർമ്മോചിതോഭൂഃ ൬

മറേറാരോ ദിക്കുകളിൽനിന്നു് പർവ്വതസമൂഹങ്ങളെ കൊണ്ടുവന്ന വാനരന്മാരെക്കൊണ്ടു് സേതു കെട്ടിച്ചു് ലങ്കയിലെത്തി ദംഷ്ട്രകൾ, നഖങ്ങൾ, പർവ്വതങ്ങൾ, ശിലകൾ, മരങ്ങൾ എന്നിവയാകുന്ന ശസ്ത്രങ്ങളോടുകൂടിയ തന്റെ സൈന്യങ്ങളെക്കൊണ്ടു് രാക്ഷസന്മാരെ മദ്ദിച്ചുകൊണ്ടു് യുദ്ധക്കളത്തിൽ വലിയ പരാക്രമം വിസ്തരിച്ചുകാണിച്ച അങ്ങും അനുജനും ഇന്ദ്രജിത്തിനാൽ ഉടൻ നാഗാസ്ത്രത്താൽ ബദ്ധന്മാരാവുകയും ഗരുഡന്റെ ചിറകടികൊണ്ടുള്ള കാറ്റിനാൽ മുക്തന്മാരാകയും ചെയ്തു.

സൌമിത്രിസ്തത്രശക്തിപ്രഹൃതിഗളദസു-
വ്രാതജാനീതശൈല-
ഘ്രാണാൽ പ്രാണാനുപേതോ വ്യകൃണുത കസ്യതി
ശ്ലാഘിനം മേഘനാദം
മായാക്ഷോഭേഷു വൈഭീഷണവചനഹൃത
സ്തംഭനഃ കുംഭകർണ്ണം
സംപ്രാപ്തം കപിതോവ്വീതലമഖിലചമൂ
ഭക്ഷിണം വ്യക്ഷിണോസ്ത്രം ന്യ

അവിടെ ലക്ഷ്മണനാകട്ടെ ശക്തിപ്രഹരമേറ്റു് മരിച്ചു. ഹനുമാൻ കൊണ്ടുവന്ന പർവ്വതത്തിലുള്ള ദിവ്യൌഷധം ഘ്രാണിപ്പിയ്ക്കയാൽ വീണ്ടും ജീവിച്ചു് കസ്യതിയെ ശ്ലാഘിയ്ക്കുന്ന ഇന്ദ്രജിത്തിനെ കൊന്നു. മായകൊണ്ടു് ശോഭിയ്ക്കുന്ന ദിക്കുകളിലെല്ലാം വിഭീഷണന്റെ വാക്കുകൊണ്ടു് പ്രജ്ഞ വന്ന അങ്ങു് ഭ്രമി വിറപ്പിച്ചുകൊണ്ടുവരുന്നവനും എല്ലാ സൈന്യങ്ങളേയും തിന്നുന്നവനും ആയ കുംഭകർണ്ണനെ വധിച്ചു.

ഗുപ്തൻ ജംഭാരിസംപ്രേഷിതരഥകവചൌ
രാവണേനാഭിയുദ്ധ്യൻ
ബ്രഹ്മാസ്ത്രേണാസ്യ ഭിന്ദൻ ഗളതതിമബലാ-
മഗ്നിശുദ്ധ്യാം പ്രഗൃഹ്ണൻ
ദേവശ്രേണീവരോജ്ജീവിതസമരമുതൈ-
രക്ഷതൈരക്ഷസംഘൈ-
ല്ലങ്കാഭർത്രാ ച സാകം നിജനഗരമഗാഃ
സപ്രിയഃ പുഷ്പകേണ ൭

നിന്തിരുവടി ദേവേന്ദ്രൻ കൊടുത്തയച്ച തേരും കവചവും സ്വീകരിച്ചു് രാവണനോടുക്രൂടി യുദ്ധം ചെയ്തു് ബ്രഹ്മാസ്ത്രം കൊണ്ടു് അവന്റെ കണ്ണം ഛേദിച്ചു് അഗ്നിപ്രവേശത്താൽ വിശുദ്ധയായ സീതയെ വീണ്ടും സ്വീകരിച്ചു. ദേവന്മാരുടെ വരംകൊണ്ടു് ജീവിച്ചവരും യുദ്ധത്തിൽ മുറിച്ചവരും മുറിവേല്ക്കാത്തവരും ആയ വാനരസമൂഹത്തോടും വിഭീഷണനോടുംക്രൂടി സീതാസഹിതനായി പുഷ്പകവിമാനത്തിലൂടെ സ്വരാജധാനിയിലെത്തി.

പ്രീതോ ദിവ്യാഭിഷേകൈരയുതസമധികാൻ
വത്സരാൻ പഞ്ചരംസീ–
മൈഥില്യം പാപവാചാ ശിവശിവ കിലതാം
ഗർഭിണീമഭ്യഹാസീഃ
ശത്രുഘ്നേനാട്ടയിതാ ലവണനിശിചരം
പ്രാട്ടയഃ ശൂദ്രപാശം
താവദ്വാല്മീകിഗേഹേ കൃതവസതിരുപാ
സൂത സീതാ സുതൌ തേ വ്യ

അങ്ങു് ദിവ്യാഭിഷേകങ്ങളാൽ സന്തോഷിച്ചു് അയുത സംവത്സരങ്ങളിലധികം സുഖമായി പാർത്തു. സീതയെപ്പറ്റി യുള്ള ജനാപവാദത്താൽ അവർ ഗർഭിണിയായിരിയ്ക്കുമ്പോൾ അവളെ ഉപേക്ഷിച്ചുപോൽ. കഷ്ടംതന്നെ. ശത്രുഘ്നനെക്കൊണ്ടു് ലവണാസുരനെ നിഗ്രഹിപ്പിച്ചു. അങ്ങുതന്നെ ശൂദ്രതാപസനെ കൊന്നു. അപ്പോൾ വാല്മീകിമുനിയുടെ തപോവനത്തിൽ പാർത്തിരുന്ന സീത അങ്ങയുടെ രണ്ടു് പുത്രന്മാരെ പ്രസവിച്ചു.

വാല്മീകേസ്തൽസുതോദ്ഗാപിതമധുരകൃതേ
രാജ്ഞയാ യജ്ഞവാടേ
സീതാംതർധ്യാപ്തകാമേ ക്ഷിതിമവിശദസൌ
തപ്തേ കാലാത്ഥിതോത്ഥൈഃ
ഹേതോസ്സൌമിത്രിഘാതീ സ്വയമഥ സരയൂ
മഗ്നനിശ്ശേഷഭൃത്യൈഃ
സാകം നാകം പ്രയാതോ നിജപദമഗമോ
ദേവ! വൈകുണ്ഠമാദ്യം ന

ഭവൽസുതന്മാരെക്കൊണ്ടു് പാടിയ്ക്കപ്പെട്ട മധുരകാവ്യത്തോ ട്ടുക്രടിയ വാല്മീകിയുടെ കല്പനയാൽ അങ്ങു് യജ്ഞവാടത്തിൽ വെച്ചു് സീതയെ പ്രാപിപ്പാൻ ആഗ്രഹിച്ചപ്പോൾ ദേവി ഭൂമി യിൽ പ്രവേശിച്ചു. അങ്ങു് കാലനാൽ പ്രാർത്ഥിതനായി കാര ണവശാൽ ലക്ഷ്മണനെ വെടിഞ്ഞു് സരയൂനദിയിൽ മുങ്ങിയ മറെറല്ലാ ഭൃത്യന്മാരോടുംകൂടി സ്വർഗ്ഗം പ്രാപിയ്ക്കുകയും ചെയ്തു. അല്ലയോ ദേവ! അങ്ങു് ആദ്യമായി സ്വപദമായ വൈകുണ്ഠം പ്രാപിച്ചു.

സോയം മർത്ത്യാവതാരസ്തവ ഖലു നിയതം
മർത്ത്യശിക്ഷാർത്ഥമേവം
വിശ്ലേഷാത്തിന്നിരാഗസ്ത്യജനമപി ഭയേൽ
കാമധർമ്മാതിസക്ത്യാ
നോ ചേൽ സ്വാത്മാനുഭൂതേഃ കുന്ന തവ മനസോ
വിക്രിയാ ചക്രപാണേ
സ ത്വം സതൈ്വകമൂർത്തേ! പവനപുരപതേ!
വ്യാധുനവ്യ്യാധിതാപാൻ ൫൦

അവിടത്തെ ആ മനുഷ്യാവതാരം കാമധർമ്മങ്ങളിൽ അതി ശക്തികൊണ്ടു് വിരഹതാപവും നിരപരാധികളുടെ പരിത്യാ ഗവും തീർച്ചയായും ഭവിയ്ക്കുമെന്നു് മനുഷ്യരെ പഠിപ്പിയ്ക്കുവാൻ വേണ്ടി മാത്രമാണല്ലോ, ചക്രപാണിയായി സതാഗ്രണൈക മൂർത്തിയായ അല്ലയോ ഗുരുവായൂർ ദേവ! അല്ലെങ്കിൽ ആത്മാ വിൽ മാത്രം രമിയ്ക്കുന്ന അങ്ങയുടെ മനസ്സിനു് വികാരം എവി ടെ? ആ അങ്ങു് എന്റെ രോഗതാപങ്ങളെ നശിപ്പിയ്ക്കണമേ.

ഇതി നവമസ്കന്ധേ ശ്രീരാമകഥാ.

ദശകം 36.

പരശുരാമാവതാരഃ

അത്രേഃ പുത്രതയാ പുരാ തപനസൂയായാം ഹി ദത്താഭിധോ
ജാതഃ ശിഷ്യനിബന്ധതന്ദ്രിതമനാഃ സ്വസ്ഥശ്ചരൻ കാന്തയാ
ദുഷ്ടോ ഭക്തതമേന ഹേഹയമഹീപാലേന തസ്മൈ വരാ–
നന്വൈഷ്ടശപ്തമുഖാൻ പ്രദായ ദദിഥ സേനൈവ ചാന്തേ വധം

അങ്ങ് പണ്ട് അത്രിയുടെ പുത്രനായി അനസൂയയിൽ ദത്താത്രേയൻ എന്ന പേരിൽ ജനിച്ചു് ശിഷ്യന്മാരുടെ നിർബ്ബന്ധത്താൽ മടിയനായി ഭാര്യയോടുകൂടി സപ്തസ്ഥനായി നടക്കുമ്പോൾ ഭക്തോത്തമനായ കാർത്തവീര്യാർജ്ജുനൻ കണ്ടു. അവനു് അഷ്ടൈശ്വര്യം തുടങ്ങിയ വരങ്ങളും കൊടുത്തു് ഒടുവിൽ തന്റെ കൈകൊണ്ടുതന്നെ മരണം വരുമെന്നു് അനുഗ്രഹിയ്ക്കുകയും ചെയ്തു.

സത്യം കർത്തുമഥാർജ്ജുനസ്യ ച വരം തച്ഛക്തിമാത്രാനതം
ബ്രഹ്മദ്വേഷ്ടി തദാഖിലം നൃപകുലം ഹന്തുഞ്ച ഭൂമേർഭരം
സഞ്ജാതോ ജമദഗ്നിതോ ഭൃഗുകുലേ തപം രേണുകായാം ഹരേ!
രാമോ നാമ തദാത്മജേഷ്ടവരജഃ പിത്രോരധാസ്സമ്മദം ൨

അല്ലയോ വിഷ്ണുഭഗവാനേ! പിന്നെ നിന്തിരുവടി അർജ്ജുനനു് കൊടുത്ത വരം സത്യമാക്കുവാനും കേവലം അവന്റെ ശക്തികൊണ്ടു് ഒളുങ്ങി നില്ക്കുന്നവരും ബ്രഹ്മദ്വേഷികളും ആയ എല്ലാ രാജാക്കന്മാരെ കൊല്ലുവാനും ഭൂഭാരം തീർക്കുവാനും ഭൃഗുകുലത്തിൽ ജമദഗ്നിയിൽനിന്നു് രേണുകയിൽ രാമൻ എന്ന പേരിൽ അവരുടെ മക്കളിൽ ഇളയവനായി പിറന്നു് അച്ഛനമ്മമാർക്കു് സന്തോഷം നല്കി.

ലബ്ധ്വാമ്നായഗണശ്ചതുർദ്ദശവയാ
ഗന്ധർവ്വരാജേ മനാ–
ഗാസക്തം കില മാതരം പ്രതി പിതുഃ
ക്രോധാകുലസ്യാജ്ഞയാ
താതാജ്ഞാതിഗസോദരൈസ്സമമിമാം
ഛിത്വാഥ ശാന്താൽ പിതു–
സ്തോഷാം ജീവനയോഗമാപിഥ വരം
മാതാ ച തേദാദ്വരാൻ ൩

പതിനാലു് വയസ്സുമാത്രം പ്രായമുള്ളവനും വേദങ്ങളെല്ലാം ഗ്രഹിച്ചവനും ആയ അങ്ങു് ഗന്ധർവ്വരാജനായ ചിത്രരഥനിൽ അല്പം ആസക്തയാണു് തന്റെ മാതാവെന്നറിഞ്ഞു് രോഷാ

ന്ധനായ പിതാവിന്റെ കല്പനയാൽ അച്ഛന്റെ കല്പനയെ ലംഘിച്ച മറ്റു് സോദരന്മാരോടുകൂടി അവർക്കു് ജീവനുണ്ടാകട്ടേ എന്ന വരം വാങ്ങി. മാതാവും അങ്ങയ്ക്കു് വരങ്ങളെ നല്കി.

പിത്രാ മാത്രാമദേ സ്തവാഹൃതവിയദ്ധേനോർന്നിജാദാശ്രമാൽ
പ്രസ്ഥായാഥ ഭൃഗോർഗിരാ ഹിമഗിരാവാരാദ്ധ്യ ഗൌരീപതിം
ലബ്ധ്വാ തൽപരശും തദുക്തദനുജക്ഷേദീ മഹാസ്യാദികം
പ്രാപ്തോ മിത്രമഥാകൃതവ്രണമുനിം പ്രാപ്യാഗമഃ സ്വാശ്രമം ൫

അമ്മയുടെ പ്രീതിയ്ക്കു് പിതാവിനാൽ സ്തോത്രങ്ങൾകൊണ്ടു് വരുത്തിയ കാമധേനുവിനോടുകൂടിയ തന്റെ ആശ്രമത്തിൽ നിന്നു് ഭൃഗുമുനിയുടെ കല്പനയാൽ പുറപ്പെട്ടുചെന്നു് ഹിമവാൻ പർവ്വതത്തിൽ എത്തി പരമേശ്വരനെ ആരാധിച്ചു് അദ്ദേഹത്തിന്റെ പരശുവും ലഭിച്ചു് അദ്ദേഹം പറഞ്ഞ അസുരന്മാരെ നിഗ്രഹിച്ചു് മഹാസ്യങ്ങളും നേടി അകൃതവ്രണമഹർഷിയെ മിത്രമായി ലഭിച്ചു് സ്വാശ്രമത്തിലേയ്ക്കു് തിരിച്ചുവന്നു.

ആഖേടോപഗതോജ്ജ്വനഃ സുരഗവീ
സംപ്രാപ്തസമ്പൽഗണൈ-
സ്തൽപിത്രാ പരിപൂജിതഃ പുരഗതോ
ദുർമ്മന്ത്രിവാചാ പുനഃ
ഗാം ക്രേതും സചിവം ന്യയുങ്ക്ത കുധിയാ
തേനാപി രുന്ധന്മുനി
പ്രാണക്ഷോപസരോഷ്ഗോഹതചമൂ
ചക്രേണ വത്സോ ഹൃതഃ ൬

നായാട്ടിനു് വന്ന കാർത്തവീര്യാർജ്ജുനൻ അങ്ങയുടെ പിതാവിനാൽ കാമധേനുവിൽനിന്നുണ്ടായ സമ്പൽസമൃദ്ധികൊണ്ടു് വേണ്ടുന്ന വിധം പൂജിയ്ക്കപ്പെട്ടവനായി സ്വപുരത്തിലെത്തി. ദുർമ്മന്ത്രിയുടെ വാക്കു് കേട്ടു് വീണ്ടും കാമധേനുവിനെ കൊണ്ടുവരുവാൻ ഒരു മന്ത്രിയോടു് കല്പിച്ചു. കുത്സിതബുദ്ധിയും ധേനുവിനെ ഹരിയ്ക്കുന്നതു് തടഞ്ഞ മുനിയെ കൊന്നതിനാൽ ക്രുദ്ധയായ പശുവിനാൽ കൊല്ലപ്പെട്ട സൈന്യസമൂഹത്തോടുകൂടിയ വനം ആയ അവനാൽ അതിന്റെ കന്നുകുട്ടി അപഹരിയ്ക്കപ്പെട്ടു.

ശുക്രോജ്ജീവിതതാതവാക്യചലിതക്രോധോഥ സഖ്യാ സമം
ബിഭ്രദ്ധ്യാതമഹോദരോപനിഹിതം ചാപം കഠാരം ശരാൻ
ആരുഢസ്സഹവാഹയംസ്തുരഥം മാഹിഷ്മതീമാവിശൻ
വാഗ്ഭിസ്തമഭാഷ്യ ക്ഷിതിപതൌ സമ്പ്രാസ്ഥിതാഃ സംഗരം

അനന്തരം ശുക്രനാൽ ജീവിപ്പിയ്ക്കപ്പെട്ട താതന്റെ വാക്കു കൊണ്ടു് അതിക്രുദ്ധനായി ധ്യാനിയ്ക്കപ്പെട്ട മഹോദരൻ കൊണ്ടുവന്ന വില്ലും കഠാരവും ശരങ്ങളും ധരിച്ച അങ്ങു് അകൃതപ്രണനെന്ന സഖാവോടുകൂടി കുതിരകളും തേരാളിയും ഉള്ള തേരിൽ കയറി മാഹിഷ്മതീപുരിയിൽ ചെന്നു് വാക്കുകൾകൊണ്ടു് ആവശ്യപ്പെട്ടിട്ടും കന്നുകുട്ടിയെ രാജാവു് തരാതിരുന്നപ്പോൾ യുദ്ധം ആരംഭിച്ചു.

പുത്രാണാമയുതേന സപ്തദശഭിശ്ചാക്ഷൌഹിണീഭിർമ്മഹാ
സേനാനീഭിരനേകമിത്രനിവഹൈർവ്വ്യാജൃംഭിതായോധനഃ
സദ്യസ്തത്പൽകകഠാരബാണവിദലന്നിശ്ശേഷസൈന്യോൽക്കരോ
ഭീതിപ്രദ്രുതനഷ്ടശിഷ്ടതനയസ്ത്വാമാപതദ്ധേഹയഃ ൭

കാർത്തവീര്യൻ പതിനായിരം സുതന്മാരാലും പതിനേഴു് അക്ഷൌഹിണിപ്പടകളാലും വലിയ സേനാനായകന്മാരാലും അനേകം മിത്രസമൂഹങ്ങളാലും വർദ്ധിപ്പിയ്ക്കപ്പെട്ട യുദ്ധത്തോടുകൂടിയവനായി ക്ഷണംകൊണ്ടു് അങ്ങയുടെ കഠാരബാണങ്ങളാൽ പിളർന്നു് എല്ലാ സൈന്യവൃന്ദത്തോടുകൂടിയവനായി പേടിച്ചോടിയവരും നശിച്ചു് ബാക്കിയായിട്ടുള്ളവരും ആയ പുത്രന്മാരോടുകൂടിയവനായി അങ്ങയോടുതന്നെ ഒടുവിൽ എതിർത്തു.

ലീലാവാരിതനർമ്മദാജലവലല്ലങ്കേശഗർവ്വാപഹ
ശ്രീമൽബാഹുസഹസ്രമുക്തബഹുശസ്ത്രാസ്ത്രംനിരുന്ധന്നമും
ചക്രേ ത്വയ്യഥ വൈഷ്ണവേപി വിഫലേ ബുദ്ധ്യാ ഹരിന്ത്വാംമുദാ
ധ്യായന്തം ഛിതസർവ്വദോഷമവധീഃ സോഗാൽ പരംതേ പദം

ജലക്രീഡയ്ക്കുവേണ്ടി തടുത്തു് നിർത്തിയ നർമ്മദാനദീജലത്തിൽ മുക്കി രാവണന്റെ ഗർവ്വം ശമിപ്പിച്ചതും മനോഹരങ്ങളും ആയ ആയിരം ബാഹുക്കൾകൊണ്ടു് അനേകം ശസ്ത്രങ്ങളും

അസ്ത്രങ്ങളും പ്രയോഗിച്ച ഇവനെ അങ്ങ് തടഞ്ഞു. വൈഷ്ണവചക്രവും അങ്ങയിൽ നിശ്ചലമായതേ ഉള്ളു. ഉടനെ അങ്ങയെ വിഷ്ണുവാണെന്നറിഞ്ഞു് സന്തോഷത്തോടെ ധ്യാനിയ്ക്കുന്ന അവന്റെ സർവ്വ ദോഷങ്ങളേയും സർവ്വ ബാഹുക്കളേയും ഛേദിച്ചു് അവനെ കൊന്നു. അവൻ ഉത്തമമായ അങ്ങയുടെ ലോകം പ്രാപിച്ചു.

ഭൂയോ മഷ്ടിതഹേഹയാത്മജഗണൈ–
സ്താതേ ഹതേ രേണുകാ–
മാഘ്നാനാം ഹൃദയംനിരീക്ഷ്യ ബഹുശോ
ഘോരാം പ്രതിജ്ഞാം വഹൻ
ധ്യാനാനീതരഥായുധസ്തമകൃഥാ
വിപ്രദ്രുഹഃ ക്ഷത്രിയാൻ
ദിക്ചക്രേഷു കുഠാരയൻ വിശിഖയൻ
നിഃക്ഷത്രിയാം മേദിനീം ൯

പിന്നെ കുപിതന്മാരായ കാർത്തവീര്യസുതന്മാരാൽ ജമദഗ്നി ഹതനായപ്പോൾ ഹൃദയത്തിൽ അടിയുന്ന രേണുകയെ കണ്ടു് പലപ്രാവശ്യം ഭയങ്കരപ്രതിജ്ഞകളും ചെയ്തുകൊണ്ടു് ധ്യാനിച്ചു് വരുത്തിയ രഥായുധങ്ങളോടുകൂടി അങ്ങു് ബ്രാഹ്മണദ്രോഹികളായ ക്ഷത്രിയന്മാരെ കുഠാരങ്ങളാലും അസ്ത്രങ്ങളാലും കൊന്നു് ഭൂമിയെ ക്ഷത്രിയശൂന്യയാക്കിത്തീർത്തു.

താതോജ്ജീവനകൃന്നൃപാലകകുലം
ത്രിസ്സപ്തകൃത്വോ ജയൻ
സന്തപ്പ്യാഥ സമന്തപഞ്ചകമഹാ
രക്തഹ്രദൌഘേ പിതൄൻ
യജ്ഞേ ക്ഷ്മാമപി കാശ്യപാദിഷു ദിശൻ
സാലോപന യുധ്യൻ പുന
കൃഷ്ണോമുനിഹനിഷ്യതീതി ശമിതോ
യുദ്ധാൽ കുമാരൈർഭവാൻ ൧൦

അതിന്നുശേഷം അവിടുന്നു് താതനെ ജീവിപ്പിച്ചു് ക്ഷത്രിയവംശത്തെ ഇരുപത്തൊന്നുവട്ടം ജയിച്ചു് സമന്തപഞ്ചകമഹാരക്തതീർത്ഥങ്ങളിൽ പിതൃക്കൾക്കു് തർപ്പണംചെയ്തു. യാഗത്തിൽ

കാശ്യപാദികൾക്കു് ഭൂമി മുഴുവൻ ദാനംചെയ്തു. സാലപനോട്ടു ക്രൂടി യുദ്ധംചെയ്തു് കൃഷ്ണൻ ഇവനെ കൊല്ലും എന്നു് സനകാദികളാൽ യുദ്ധത്തിൽനിന്നു് പിൻവലിപ്പിയ്ക്കപ്പെട്ടു.

ന്യസ്യാസ്ത്രാണി മഹേന്ദ്രഭൃതി തപസ്തനവൻ പുനർമ്മജ്ജിതാം
ഗോകർണ്ണാവധി സാഗരേണ ധരണീം ദുഷ്ടാർത്ഥിതസ്ഥാപനൈഃ
ധ്യാതേഷ്വാസധൃതാനലാസ്ത്രചകിതം സിന്ധും സ്രുവക്ഷേപണാ
ദുത്സാര്യ്യോദ്ധൃതകേരളോ ഭൃഗുപതേ വാതേശ! സംരക്ഷമാം ॥൫॥

അല്ലയോ ഭൃഗുനാഥനായ ഗുരുവായൂരപ്പ! പിന്നെ അസ്ത്രങ്ങളം താഴെവെച്ചു് മഹേന്ദ്രപർവ്വതത്തിൽ തപസ്സു് ചെയ്തുകൊണ്ടിരിയ്ക്കുമ്പോൾ ഗോകർണ്ണംവരെയുള്ള ഭൂമി സമുദ്രം മുക്കിയതായി കണ്ടു് താപസന്മാരാൽ അപേക്ഷിയ്ക്കപ്പെട്ടവനായി ധ്യാനിച്ചപ്പോൾ വന്ന വില്ലിൽ തൊട്ടത്ത ആഗ്നേയാസ്ത്രം കണ്ടു് ഭീതനായ സമുദ്രത്തെ അകലെ എറിഞ്ഞു് കേരളം വീണ്ടെടുത്ത അങ്ങു് എന്നെ രക്ഷിയ്ക്കണമേ.

ഇതി ശ്രീമന്നാരായണീയേ നവമസ്കന്ധേ

പരശുരാമാവതാരഃ

ദശമസ്കന്ധം

ദശകം 37.

ശ്രീകൃഷ്ണാവതാരഃ

സാന്ദ്രാനന്ദതനോ ഹരേ! നനുപുരാ
ദൈവാസുരേ സംഗരേ
തപ്തൽകൃത്താഅപികമ്മശേഷവശതോ
യേതേന യാതാഗതിം
തേഷാംഭ്രുതലജന്മനാംദിതിഭുവാം
ഭാരേണദൂരാർത്തിതാ
ഭ്രമിഃപ്രാപവിരിഞ്ചമാശ്രിതപദം
ദേവൈഃപുരൈവാഗതൈഃ ൧

ഹേ സാന്ദ്രാനന്ദമൂർത്തിയായ വിഷ്ണോ! പണ്ടു് ദേവാസുരയുദ്ധത്തിൽ അങ്ങയാൽ നാശിതന്മാരായി എങ്കിലും ഗതി ലഭിയ്ക്കാതെ പിന്നേയും ഭ്രമിയിൽ ജനിച്ച ആ അസുരന്മാരുടെ ഭാരംകൊണ്ടു് അതിദുഃഖിതയായ ആ ഭ്രമി മുൻക്രുട്ടിത്തന്നെ വന്ന ദേവന്മാരാൽ ആശ്രയിയ്ക്കപ്പെട്ട പാദങ്ങളോടുകൂടിയ ബ്രഹ്മാവിനെ പ്രാപിച്ചു.

ഹാ ഹാ ദുർജ്ജനഭൂരിഭാരമഥിതാം പാഥോനിധൌ പാതുകാ–
മേതാംപാലയഹന്തമേവിവശതാം സംപ്രാപ്തദേവാനിമാൻ
ഇത്യാദിപ്രചുരപ്രലാപവിവശാമാലോക്യ ധാതാ മഹീം
ദേവാനാംവദനാനി വീക്ഷ്യപരിതോ ദധ്യൌഭവന്തംഹരേ! ൨

“അയ്യോ! കഷ്ടം! ദുഷ്ടന്മാരുടെ അതിഭാരംകൊണ്ടു് മഥിതയും സമുദ്രത്തിൽ പതിയ്ക്കാൻ ഭാവിയ്ക്കുന്നവളും ആയ ഇയ്യുള്ളവളെ രക്ഷിയ്ക്കണേ! കഷ്ടം! എന്റെ പാരവശ്യത്തെപ്പറ്റി ഈ ദേവന്മാരോടുതന്നെ ചോദിയ്ക്കുക” എന്നു് തുടങ്ങിയ പലവിധത്തിലുള്ള പ്രരോദനങ്ങളാൽ പരവശയായ ഭ്രമിയെ കണ്ടു് ബ്രഹ്മാവു് ദേവന്മാരുടെ മുഖങ്ങളെ ചുഴലവും നോക്കി അല്ലയോ ഭഗവൻ! അങ്ങയെ ധ്യാനിച്ചു.

ഊചേ ചാംബുജഭൂരമൂനയി സുരാഃ സത്യംധരിത്ര്യാ വചോ
നനാസ്യാഭവതാഞ്ചരക്ഷണവിധൌദക്ഷോഹിലക്ഷ്മീപതിഃ
സർവ്വേ ശർവ്വപുരസ്സരാ വയമിതോ ഗത്വാ പയോവാരിധിം
നത്വാ സംസ്തുമഹേ ജവാദിതി യയുസ്സാകംതവാകേതനം ൫

"അല്ലയോ ദേവന്മാരേ! ഭൂദേവി പറഞ്ഞതു് സത്യംതന്നെ. നിശ്ചയമായും ഇവളുടേയും നിങ്ങളുടേയും രക്ഷാവിഷയത്തിൽ ലക്ഷ്മീപതിതന്നെ സമർത്ഥനായിട്ടുള്ളതു്. ശിവൻ മുതലായ നാമെല്ലാവരും ഇവിടെനിന്നു് പാലാഴിയിൽചെന്നു് അദ്ദേഹത്തെ നമസ്കരിച്ചു് സ്തുതിയ്ക്കുക" എന്നു് ബ്രഹ്മാവു് ദേവന്മാരോടു് പറഞ്ഞു് അങ്ങയുടെ വാസസ്ഥലത്തേയ്ക്കു് പോയി.

തേ മുഗ്ധാനിലശാലിദുഗ്ധജലധേസ്തീരം ഗതാസ്സംഗതാ
യാവത്തൽപദചിന്തനൈകമനസസ്താവത്സ പാഥോജഭൂഃ
തദ്വാചാം ഹൃദയേ നിശമ്യ സകലാനാനന്ദയന്നുചിവാ-
നാഖ്യാതഃ പരമാത്മനാ സ്വയമഹം വാക്യംതദാകർണ്യതാം ൬

അവർ മനോഹരമായ കാറ്റുകൊണ്ടു് ശോഭിയ്ക്കുന്ന പാൽക്കടലിന്റെ വക്കത്തു് ചെന്നതിന്നശേഷം അങ്ങയുടെ പാദങ്ങളെ ധ്യാനിയ്ക്കുന്നതിൽ ഏകമനസ്സുള്ളവരായിത്തീർന്നപ്പോൾ ആ ബ്രഹ്മാവു് അങ്ങയുടെ വാക്കിനെ മനസ്സിൽ കേട്ടു് എല്ലാവരേയും ആനന്ദിപ്പിച്ചുകൊണ്ടു് "പരമാത്മാവിനാൽ ഞാൻ സ്വയം പറയപ്പെട്ട ആ വാക്യം കേൾക്കുവിൻ" എന്നുപറഞ്ഞു.

ജാനേ ദീനദശാമഹംദിവിഷദാം ഭൂമേശ്ച ഭീമൈന്യപൈ-
സ്തൽക്ഷേപായ ഭവാമി യാദവകുലേ സോഹം സമഗ്രാത്മനാ
ദേവാ വൃഷ്ണികുലേ ഭവന്തു കലയാ ദേവാംഗനാശ്ചാവനൌ
മത്സേവാതത്പരമിതി തദ്വചനം പാഥോജഭൂരുചിവാൻ ൭

"ഭയങ്കരന്മാരായ രാജാക്കന്മാരെക്കൊണ്ടു് ഭൂമിയ്ക്കും ദേവന്മാർക്കും ഉള്ള ദീനാവസ്ഥ എനിയ്ക്കറിയാം. ആ ഞാൻ അവരെ നശിപ്പിയ്ക്കുവാൻ യാദവവംശത്തിൽ പരിപൂർണ്ണാത്മാവോടുകൂടി അവതരിയ്ക്കുന്നുണ്ടു്. ഭൂമിയിൽ എന്നെ സേവിയ്ക്കുവാൻ ദേ

വന്മാരും ദേവസ്ത്രീകളും കലയോടുകൂടി വൃഷ്ണിവംശത്തിൽ പിറക്കണം" എന്നു് തുടങ്ങിയുള്ള അങ്ങയുടെ വാക്കിനെ ബ്രഹ്മാവു് പറഞ്ഞു.

ശ്രുതപാ കർണ്ണരസായനം തവ വചസ്സുവ്വേഷു നിവ്വാപിത-
സപാന്തേഷപീശ! ഗതേഷു താവകകൃപാപീയൂഷതൃപ്താത്മസു
വിഖ്യാതേ മധുരാപുരേ കില ഭവത്സാന്നിദ്ധ്യപുണ്യോത്തരേ
ധന്യാംദേവകനന്ദനാമുദവഹദ്രാജാ സ ശൂരാത്മജഃ ന്യ

ഹേ ഈശപര! കർണ്ണാമൃതമായ അങ്ങയുടെ വാക്കുകേട്ടു് അവരെല്ലാം അങ്ങയുടെ ദയാപീയൂഷംകൊണ്ടു് സംതൃപ്തചിത്തന്മാരും സമാഹിതന്മാരും ആയി തിരികെ പോയതിന്നശേഷം ഭവത്സന്നിധാനംകൊണ്ടുള്ള സുകൃതാധിക്യമുള്ളതും സുപ്രസിദ്ധവും ആയ മധുരാപുരത്തിൽ ശൂരസേനപുത്രനായ ആ വാസുദേവൻ ധന്യയായ ദേവകിയെ വിവാഹം ചെയ്തു.

ഉദപാഹാവസിതൌ തദീയസഹജഃ കംസോഥ സമ്മാനയ-
ന്നേതൌ സൂതതയാഗതഃ പഥി രഥേവ്യോമോത്ഥയാതപൽഗിരാ
അസ്യാസ്ഥാമതിദുഷ്ടമഷ്ടമസുതോ ഹന്തേതി ഹന്തേരിതഃ
സന്ത്രാസാൽസതുഹന്തുമന്തികഗതാംതനപീംകൃപാണീമധാൽ

അതിന്നശേഷം ദേവകിയുടെ സഹോദരനായ കംസൻ ഇവരുടെ വിവാഹാനന്തരം സൂതവൃത്തികൊണ്ടു് സമ്മാനിച്ചു് തേരിലൂടെ പോകുമ്പോൾ "ഇവളുടെ എട്ടാമത്തെ പുത്രൻ അതിദുഷ്ടനായ നിന്നെ കൊല്ലും" ആശ്ചര്യം! ഇങ്ങിനെയുള്ള അങ്ങയുടെ ആകാശവാണികൊണ്ടു് ഉടനെ അവൻ മരണഭീതികൊണ്ടു് അടുത്തിരിയുന്ന സഹോദരിയെ കൊല്ലുവാൻ വാളെടുത്തു.

ഗൃഹ്ണാനശ്ചികുരേഷുതാംഖലമതിശ്ശൌരേ ശ്ചിരംസാന്ത്വനൈ-
ന്നോമുഞ്ചൻപുനരാത്മജാപ്പണഗിരാ പ്രീതോഥയാതോഗൃഹാൻ
ആദ്യംതൽസഹജംതഥാപ്പിതമപിസ്നേഹേനനാഹന്നസൌ
ദുഷ്ടാനാമപി ദേവ! പുഷ്ടകരുണാ! ദുഷ്ടാഹിധീരേകദാ വ

ഖലബുദ്ധിയായ ആ കംസൻ അവളെ തലമുടിയിൽ പിടിച്ചുകൊണ്ടു് വസുദേവന്റെ സാന്ത്വനവാക്യങ്ങൾകൊണ്ടും വള

രെ നേരം വിടാതെ പിന്നെ പുത്രന്മാരെ തന്നുകൊള്ളാം എന്ന വാശത്തംകൊണ്ടും സന്തുഷ്ടനായി രാജധാനിയിലേയ്ക്ക് പോയി. അപ്രകാരം അറ്റുപ്പിയ്ക്കപ്പെട്ട എങ്കിലും അങ്ങയുടെ ജ്യേഷ്ഠസഹോദരനെ കൊന്നില്ല. അല്ലയോ ഈശ്വര! ചിലപ്പോൾ ദുഷ്ടന്മാരുടെകൂടി മനസ്സ് കരുണാപൂർണ്ണമായി കാണുന്നുണ്ട്. ആശ്ചര്യ്യം!

താവത്താവനമൈവ നാരദമുനിഃ പ്രോചേ സ ഭോജേശ്വരം
യൂയംനന്ദസുരാഃ സുരാശ്ച യദവോ ജാനാസി കിംന പ്രഭോ!
മായാവീ സ ഹരിർവ്വദധ്കൃതേ ഭാവീഃ സുരപ്രാർത്ഥനാ-
ദിത്യാകർണ്യ യദൂനദൂധനദസൌ ശൌരേശ്ച സൂനൂനഹൻ ൻ

അപ്പോൾ ആ നാരദമഹർഷി അങ്ങയുടെ മനസ്സോടുകൂടിത്തന്നെ കംസനോട് പറഞ്ഞു:—"ഹേ പ്രഭോ! നിങ്ങൾ അസുരന്മാരാണ് നിശ്ചയം. യദുക്കൾ ദേവകളുമാണ്. ഇതറിയുന്നില്ലേ? മായാവിയായ ആ വിഷ്ണു ദേവകളുടെ അർത്ഥനംകൊണ്ട് നിങ്ങളെ കൊല്ലുവാൻ ജനിയ്ക്കും" അതു കേട്ട് കംസൻ വസുദേവന്റെ മക്കളെ കൊല്ലുകയും യദുക്കളെ ഓടിയ്ക്കുകയും ചെയ്തു.

പ്രാപ്തേ സപ്തമഗർഭതാമഹി പതൌ തൽപ്രേരണാന്മായയാ-
നീതേമാധവരോഹിണീതപമപിഭോ!സ്വച്ഛിൽസുഖൈകാത്മകഃ
ദേവക്യാ ജഠരം വിവേശിഥ വിഭോ സംസ്തൂയമാനസ്സുരൈഃ
സ ത്വം കൃഷ്ണ! വിധൂയ രോഗപടലീം ഭക്തിം പരാം ദേഹി മേ

അല്ലയോ ലക്ഷ്മീപതേ! അനന്തൻ ഏഴാമത്തെ ഗർഭത്തെ പ്രാപിയ്ക്കുകയും ഭവൽപ്രേരണംകൊണ്ട് മായയാൽ രോഹിണിയുടെ ഗർഭത്തെ നയിയ്ക്കപ്പെടുകയും ചെയ്തതിൽപിന്നെ സച്ചിൽസുഖൈകമൂർത്തിയായ അങ്ങ് ദേവകിയുടെ ഗർഭപാത്രത്തിൽ കടന്നു. അല്ലയോ വിഭുവായ കൃഷ്ണ! ദേവകളാൽ സ്തുതിയ്ക്കപ്പെടുന്ന ആ അങ്ങ് എന്റെ രോഗസമൂഹത്തെ നശിപ്പിച്ച് എനിയ്ക്ക് ഉത്തമഭക്തിയെ നല്കുണമേ!

ഇതി നാരായണീയസ്തോത്രേ ദശമസ്കന്ധേ കൃഷ്ണാവതാരഃ

ദശകം 38.

കൃഷ്ണാവതാരം

ആനന്ദരൂപ! ഭഗവന്നയി തേവതാരേ
പ്രാപ്തേ പ്രദീപ്തഭവദംഗനിരീയമാണൈഃ
കാന്തിവ്രജൈരിവ ഘനാഘനമണ്ഡലൈർദ്യാ-
മാവൃണ്വതീ വിരുരുചേ കില വർഷ്വേല ൧

ഹേ ആനന്ദമൂർത്തിയായ ഭഗവൻ! അങ്ങയുടെ അവതാരം അടുത്തപ്പോൾ ജ്വലിയ്ക്കുന്ന അങ്ങയുടെ അംഗത്തിൽനിന്നു് പുറപ്പെട്ട കാന്തിസമൂഹമോ എന്നു് തോന്നുമാറുള്ള മേഘസമൂഹം കൊണ്ടു് ആകാശം മറയ്ക്കുന്ന വർഷകാലം ശോഭിച്ചുപോൽ.

ആശാസു ശീതളതരാസു പയോദതോയൈ-
രാശാസിതാപ്തിവിവശേഷു ച സജ്ജനേഷു
നൈശാകരോദയവിധൌ നിശി മദ്ധ്യമായാം
ക്ലേശാപഹസ്യജഗതാം തമിഹാവിരാസീഃ ൨

മേഘജലംകൊണ്ടു് ദിക്കുകൾ ഏറ്റവും തണുക്കുകയും സജ്ജനങ്ങൾ ആഗ്രഹിച്ചതു് സാധിച്ചതിനാലുള്ള സന്തോഷംകൊണ്ടു് പരവശന്മാരാകയും ചെയ്തപ്പോൾ അർദ്ധരാത്രിയിൽ ചന്ദ്രോദയസമയത്തു് ത്രൈലോക്യക്ലേശഹാരിയായ അങ്ങു് ഇവിടെ പ്രത്യക്ഷനായി.

ബാല്യസ്പൃശാപി വപുഷാ ദധുഷാ വിഭ്രതീ-
രുദ്യൽകിരീടകടകാംഗദഹാരഭാസാ
ശംഖാരിവാരിജഗദാപരിഭാസിതേന
മേഘാസിതേന പരിലേസിഥ സൂതിഗേഹേ ൩

ബാല്യത്തെ സ്പർശിയ്ക്കുന്നതാണെങ്കിലും ഐശ്വര്യത്തെ വഹിയ്ക്കുന്നതും കിരീടം, കടകം, തോൾവള, മുത്തുമാല ഇവയുടെ പൊങ്ങുന്ന ശോഭയോടും ശംഖു്, ചക്രം, പദ്മം, ഗദ ഇവയാൽ ചുറ്റുപാടും ഉള്ള ശോഭയോടും കാർമേഘംപോലെയുള്ള കാന്തിയോടുംകൂടിയ ശരീരംകൊണ്ടു് അങ്ങു് സൂതികാഗൃഹത്തിൽ വിളങ്ങി.

വക്ഷഃസ്ഥലീസുഖനിലീനവിലാസിലക്ഷ്മീ
മന്ദാക്ഷലക്ഷിതകടാക്ഷവിമോക്ഷഭേദൈഃ
തന്മന്ദിരസ്യ ഖലകംസകൃതാമലക്ഷ്മീ
മുന്മാർജ്ജയന്നിവ വിരേജിഥ വാസുദേവ! ൫

അല്ലയോ വസുദേവപുത്ര! അങ്ങ് മാറ്റിടത്തിൽ സുഖമായി ഒളിഞ്ഞിരിയ്ക്കുന്ന മനോഹാരിണിയായ ലക്ഷ്മീഭഗവതിയുടെ ലജ്ജാസങ്കുലങ്ങളായ കടാക്ഷവിക്ഷേപണഭേദങ്ങൾകൊണ്ട് ആ മന്ദിരത്തിനു് ഖലനായ കംസനുണ്ടാക്കിത്തീർത്ത അലക്ഷ്മിയെ തീരെ നശിപ്പിയ്ക്കുന്നവനോ എന്നു് തോന്നുംവണ്ണം വിളങ്ങി.

ശൌരിസ്ത ധീരമുനിമണ്ഡലചേതസോപി
ദൂരസ്ഥിതം വപുരുദീക്ഷ്യ നിജേക്ഷണാഭ്യാം
ആനന്ദബാഷ്പപുളകോൽഗമഗൽഗദാർദ്ര
സ്തുഷ്ടാവ ദൃഷ്ടിമകരന്ദരസം ഭവന്തം ൬

വസുദേവനാകട്ടെ ധീരന്മാരായ മഹർഷിവര്യന്മാരുടെ മനസ്സിനുപോലും അഗോചരമായ ശരീരത്തെ സപ്നേത്രങ്ങൾകൊണ്ട് കണ്ട് ആനന്ദാശ്രു, രോമാഞ്ചം, ഗൽഗദം എന്നിവയാൽ ആർദ്രനായിട്ട് കണ്ണുകൾക്കു് പൂന്തേൻപോലെയിരിയ്ക്കുന്ന അങ്ങയെ സ്തുതിച്ചു.

ദേവ! പ്രസീദ പരപൂരുഷ! താപവല്ലീ-
നിർല്ലൂനദാത്ര! സമനേത്ര! കലാവിലാസിൻ!
ഖേദാനപാകുരു കൃപാഹൃതഭിഃ കടാക്ഷൈ-
രിത്യാദി തേന മുദിതേന ചിരംസ്തുതോഭൂഃ ൭

സന്താപവല്ലിയെ മുറിയ്ക്കുന്ന ആയുധവും സമവർത്തിയും കലാവിലാസിയും ആയ പരമാത്മാവേ! ദേവ! അങ്ങു് പ്രസാദിയ്ക്കണേ! ദയാർദ്രതങ്ങളായ കടമിഴികൾകൊണ്ട് ക്ലേശങ്ങളെ നശിപ്പിയ്ക്കണമേ! എന്നു് മുതലായി പലതും വസുദേവനാൽ ചിരം അങ്ങു് സ്തുതനായി.

മാത്രാ ച നേത്രസലിലാസ്തൃതഗാത്രവല്ല്യാ
സ്തോത്രൈരഭീഷ്ടതഗുണഃ കരുണാലയസ്ത്വം
പ്രാചീനജന്മയുഗളം പ്രതിബോധ്യ താഭ്യാം
മാതുർഗ്ഗിരാ ദധിഥ മാനുഷബാലവേഷം ൮

ആനന്ദബാഷ്പത്തിൽ ആറാടിയ അമ്മയാലും സ്തോത്രങ്ങൾ കൊണ്ടു് സ്തുതിയ്ക്കപ്പെട്ട ഗുണസമൂഹങ്ങളോടുകൂടിയവനും ദയാനികേതവും ആയ അങ്ങു് അവനോടു് രണ്ടു് മുജ്ജന്മങ്ങളേയും അറിയിച്ചിട്ടു് അമ്മയുടെ വാക്കുപ്രകാരം മനുഷ്യബാലന്റെ രൂപം ധരിച്ചു.

തൽപ്രേരിതസ്തദനു നന്ദതനൂജയാ തേ
വ്യത്യാസമാരചയിതും സ ഹി ശൂരസൂനുഃ
താം ഹസ്തയോരധിത ചിത്തവിധായ്മായ്യൈ-
രംഭോരുഹസ്ഥകളഹംസകിശോരരമ്യം വ

അനന്തരം ആ വസുദേവൻ അങ്ങയാൽ പ്രേരിതനായിട്ടു് നന്ദഗോപരുടെ പുത്രിയെക്കൊണ്ടു് അങ്ങയുടെ മാറ്റം ചെയ്യാൻ, അയ്യന്മാരാൽ മനസ്സുകൊണ്ടു് മാത്രം ധരിയ്ക്കപ്പെടുവാൻ കഴിയുന്ന അങ്ങയെ താമരപ്പൂവിലുള്ള അരയന്നക്കുട്ടിയെ എന്നപോലെ മനോഹരമാംവണ്ണം കയ്യിലെടുത്തു.

ജാതാ തദാ പശുപസത്മനി യോഗനിദ്രാ
നിദ്രാവിമുദ്രിതമഥാകൃത പൌരലോകം
തൽപ്രേരണാൽ കിമിവ ചിത്രമചേതനൈസ്തൈ-
ർദ്വാരൈസ്സ്വയം വ്യഘടി സംഘടിതൈസ്സുഗാഢം ൻ

അപ്പോൾ പശുപഗൃഹത്തിൽ ഉണ്ടായ യോഗനിദ്ര പൌരന്മാരെയെല്ലാം നിദ്രാമുദ്രിതന്മാരാക്കിചെയ്തു. ഇതു് അങ്ങയുടെ പ്രേരണകൊണ്ടുതന്നെ. എന്തെല്ലാം അത്ഭുതങ്ങൾ ഉണ്ടാകാതിരിയ്ക്കും? യാതൊന്നുകൊണ്ടു് ചൈതന്യമില്ലാത്തവയും ഏറ്റവും മുറുകെ അടയ്ക്കപ്പെട്ടവയും ആയ വാതിലുകൾ അപ്പോൾ തന്നതാൻ തുറന്നുപോയി.

ശേഷേണ ഭൂരിഫണവാരിതവാരിണാഥ
സൈവം പ്രദർശിതപഥോ മണിദീപിതേന
താം ധാരയൻ സ ഖലു ധന്യതമഃ പ്രതസ്ഥേ
സോയന്തമീശ! മമ നാശയ രോഗവേഗാൻ ഫ0

അതിന്നുശേഷം ഏറ്റവും സുകൃതിയായ ആ വസുദേവൻ അനേകം പടങ്ങൾകൊണ്ടു് തടുക്കപ്പെട്ട വഷ്ജലത്തോടുകൂടിയ

വനം അനേക രത്നങ്ങളാൽ ശോഭിയ്ക്കപ്പെട്ടവനും അയ അനന്തനാൽ വഴികാണിയ്ക്കപ്പെട്ടവനായി അങ്ങയെ ധരിച്ചുകൊണ്ട് പുറപ്പെട്ടവല്ലോ. അല്ലയോ താദൃശനായ ഭഗവാനേ! എന്റെ രോഗപീഡയെ നശിപ്പിയ്ക്കണമേ!

ഇതി നാരായണീയസ്തോത്രേ ദശമസ്കന്ധേ ശ്രീകൃഷ്ണാവതാരഃ

ദശകം 39.

യോഗമായാദിവർണ്ണനം.

ഭവന്തമയമുദ്വഹൻയദുകുലോദ്വഹോ നിസ്സരൻ
ദദർശ ഗഗനോച്ചലജ്ജലഭരാം കളിന്ദാത്മജാം
അഹോ സലിലസഞ്ചയസ്യ പുനരൈന്ദ്രജാലോദിതോ
ജലൌഘ ഇവ തൽക്ഷണാൽ പ്രപദമേയതാമായയൌ ൧

ഈ യദുവംശശ്രേഷ്ഠൻ അങ്ങയെ എടുത്തുകൊണ്ട് പോകുമ്പോൾ ആകാശത്തോളം ഉയർന്ന് ഇളകിമറിയുന്ന വെള്ളമുള്ള കാളിന്ദിയെ കണ്ടു. പിന്നെ ആ ജലക്കൂട്ടം ഇന്ദ്രജാലംകൊണ്ടുണ്ടായ ജലസമൂഹം എന്നപോലെ ഉടൻ പാദാഗ്രം നനയത്തക്കവിധത്തിലായിത്തീർന്നു. ആശ്ചര്യം!

പ്രസുപ്തപശുപാലികാം നിഭൃതമാശുദംബാലികാ-
മപാവൃതകവാടികാം പശുപവാടികാമാവിശൻ
ഭവന്തമയമപ്പുയൻ പ്രസവതല്പകേ തൽപദാ-
ദുപാഹൃത കപടകന്യകാം സപദി മാഗതോ വേഗതഃ ൨

ഇവൻ ഉറങ്ങിക്കിടക്കുന്ന ഗോപസ്ത്രീകളോടു കൂടിയതും നിലവിളിയ്ക്കുന്ന ബാലികമാരോടുകൂടിയതും തുറന്നുകിടക്കുന്ന വാതിലുകളോടുകൂടിയതും അയ ഗോപവാടിയിൽ ഇളകാതെ പ്രവേശിച്ചുകൊണ്ട് അങ്ങയെ പ്രസവതല്പത്തിൽ കിടത്തി വ്യാജകന്യകയെ അവിടെനിന്ന് എടുത്തു വേഗത്തിൽ സ്വപുരത്തിലേയ്ക്ക് ചെന്നു.

തതസ്തദനുജാരവക്ഷപിതനിദ്രവേഗദ്രവ–
ദ്ഭടോൽകരനിവേദിതപ്രസവവാർത്തയൈവാർത്തിമാൻ
വിമുക്തചികുരോൽകരസ്ഖലിതമാപ തൻഭോജരാ–
ഡുപേത്യ ഇവ ദൃഷ്ടവാൻ ഭഗിനികാകരേ കന്യകാം ൯

അനന്തരം ഭോജരാജാവു് (കംസൻ) അങ്ങയുടെ അനുജത്തിയുടെ നിലവിളികൊണ്ടു് ഉറക്കം പോയി വേഗത്തിൽ ഓടിച്ചെന്നു് ഭടന്മാരാൽ അറിയിയ്ക്കപ്പെട്ട പ്രസവവൃത്തമാനംകൊണ്ടുതന്നെ ആത്മനായി അഴിഞ്ഞ തലമുടിക്കൂട്ടത്തോടുംകൂടി വേഗം ചാടിവീണു് ഭഗിനിയുടെ കയ്യിൽ ഒരു കന്യകയെ ഒട്ടും തൃപ്തിവരാത്തവണ്ണം കണ്ടു (എട്ടാമത്തേതു് പുത്രനാകുമെന്ന അശരീരിവാക്യംകേട്ടു് കംസൻ സ്ത്രീപ്രജയെ കണ്ടപ്പോൾ സംശയംകൊണ്ടു് അത്ര തൃപ്തനാകായ്കയാണു്).

ധ്രുവം കപടശാലിനോ മധുഹരസ്യ മായാ ഭവേ–
ദസാവിതി കിശോരികാം ഭഗിനികാകരാലിംഗിതാം
ദ്വിപോ നളിനികാന്തരാദിവ മൃണാളികാമാക്ഷിപ–
ന്നയംതദനുജാമജാമുപലപട്ടകേ പിഷ്ടവാൻ ൰

ഈ കന്യക കപടശാലിയായ മധുസൂദനനായ വിഷ്ണുവിന്റെ മായയാണു് എന്നു് നിശ്ചയിച്ചു് ഈ കംസൻ സഹോദരിയാൽ മുറുകെ കെട്ടിപ്പിടിച്ചിരിയ്ക്കുന്ന അങ്ങയുടെ അനുജത്തിയെ ഒരു ആന താമരപ്പൊയ്കയുടെ നടുവിൽനിന്നു് താമരവളയം എന്നപോലെ പിടിച്ചുവലിച്ചെടുത്തു് പാറക്കല്ലിന്മേൽ അടിച്ചു് ചതച്ചു.

തതോ ഭവദുപാസകോ ഝടിതി മൃത്യുപാശാദിവ
പ്രമുച്യ തരസൈവ സാ സമതിരുദ്ധരൂപാന്തരാ
അധസ്തലമജഗ്മുഷീ വികസദഷ്ടബാഹ്വായുധൈ–
മഹായുധമഹോഗതാ കില വിഹായസാ ദിദ്യുതേ ൱

അനന്തരം അങ്ങയെ സേവിയ്ക്കുന്ന ഭക്തൻ വേഗം മൃത്യുപാശത്തിൽ നിന്നെന്നവണ്ണം അവനിൽനിന്നു് വേഗം വഴുതിവിട്ടു് രൂപാന്തരം കൈക്കൊണ്ടു് താഴോട്ടുവീഴാതെ ശോഭിയ്ക്കുന്ന എട്ടു് കൈകളിലും തിളങ്ങുന്ന മഹായുധങ്ങളോടുകൂടി ആകാശത്തിലൂടെ പോയി ശോഭിച്ചു. ആശ്ചര്യം!

നൃശംസതര കംസ! തേ കിമു മയാ വിനിഷ്പിഷ്ടയാ
ബഭൂവ ഭവദന്തകഃ കുചന ചിന്ത്യതാം തേ ഹിതം
ഇതി ത്വദനുജാ വിഭോ! ഖലമുദീര്യ്യ തം ജഗ്മുഷീ
മരുൽഗണപണായിതാ ഭുവി ച മന്ദിരാണ്യേയുഷീ ന്യ

ഹേ അതിക്രൂരനായ കംസ! എന്നെ ചതിച്ചുകൊന്നതുകൊ
ണ്ടെന്തുഫലം? നിന്റെ കാലനായി ഒരുവൻ ഒരിടത്തു് ജനിച്ചി
ട്ടുണ്ടു്. നിന്റെ ഇഷ്ടം ആലോചിയ്ക്കപ്പെട്ടാലും, അല്ലയോ പ്ര
ഭോ! നിന്തിരുവടിയുടെ അനുജത്തി ആ ദുഷ്ടനോടു് അരുളിച്ചെ
യ്തിട്ടു് ദേവന്മാരാൽ സ്തുതിയ്ക്കപ്പെട്ടവളായി മറഞ്ഞു. എന്നിട്ടും
ഭൂമിയിൽ ഓരോ ഗൃഹങ്ങളെ പ്രാപിയ്ക്കുകയും ചെയ്തു.

പ്രഗേ പുനരഗാത്മജാ വചനമീരിതാ ഭൃത്യജാ
പ്രലംബബകപൂതനാപ്രമുഖദാനവാ മാനിനഃ
ഭവന്നിധനകാമ്യയാ ജഗതി ബഭ്രമുന്നിദ്രയാഃ
കുമാരകവിമാരകാഃ കിമിവദുഷ്കരം നിഷ്കൃപൈഃ ൭

പിറ്റെന്നാൾ പിന്നെ പ്രഭാതത്തിൽ കംസനാൽ പ്രലംബ
ബകപൂതനാദികളും മാനികളും ആയ അസുരന്മാർ ദേവീവാക്യ
ങ്ങളെല്ലാം പറയപ്പെട്ടു് അങ്ങയെ കൊല്ലുവാനുള്ള ആഗ്രഹം
കൊണ്ടു് കുമാരന്മാരെ നിഗ്രഹിയ്ക്കുന്നവരായി യാതൊരു ഭയവും
കൂടാതെ ലോകത്തിൽ ചുറ്റിനടന്നു. നിർദ്ദയന്മാക്കു് ചെയ്യാൻ
പ്രയാസമായി എന്തുണ്ടു്?

തതഃ പശുപമന്ദിരേ തവയി മുകുന്ദ! നന്ദപ്രിയാ-
പ്രസൂതിശയനേശയേ രുവതി കിഞ്ചിദഞ്ചല്പഗേ
വിബുദ്ധ്യ വനിതാജനൈസ്തനയസംഭവേ ഘോഷിതേ
മുദാ കിമു വദാമ്യഹോസകലമാകുലം ഗോകുലം വ

ഹേ മുകുന്ദ! പിന്നെ അമ്പാടിയിൽ യശോദയുടെ പ്രസവ
തല്പത്തിൽ കിടക്കുന്ന അങ്ങു് പതുക്കെ കാലിളക്കി കരഞ്ഞ
പ്പോൾ സ്ത്രീകൾ ഉണർന്നു് പുത്രനുണ്ടായ വിവരം ഘോഷിച്ച
പ്പോൾ ആശ്ചര്യം ഞാനെന്തു് പറയട്ടെ. ആ ഗോകുലം മുഴ
വനും സന്തോഷാകുലമായിത്തീർന്നു.

അഹോ ഖലു യശോദയാ നവകളായചേതോഹരം
ഭവന്തമലമന്തികേ പ്രഥമമാപിബന്ത്യാ മുദാ
പുനസ്തനഭരം നിജം സപദി പായയന്ത്യാ മുദാ
മനോഹരതനുസ്പൃശാ ജഗതി പുണ്യവന്തോ ജിതാഃ ൯

പുതിയ കായാമ്പൂപോലെ ചേതോഹരനായ അങ്ങയെ ഒന്നാമതായി കണ്ണുകൊണ്ടു് സസ്പൃഹം മതിയാകുവോളം നോക്കി അടുത്തു് കാണുന്നവളും, ഉടനെ സന്തോഷത്തോടുകൂടി മുല കുടിപ്പിയ്ക്കുന്നവളും, മനോഹരമായ അങ്ങയുടെ ദിവ്യവിഗ്രഹം തൊടുന്നവളും ആയ യശോദ ലോകത്തിലുള്ള ഏതു പുണ്യവാന്മാരേയും ജയിച്ചു.

ഭവൽകുശലകാമ്യയാ സ ഖലു നന്ദഗോപസ്ത്വദാ
പ്രമോദഭരസംകുലോ ദ്വിജകുലായ കിന്നാദദാൽ
തഥൈവ പശുപാലകാഃ കിമു ന മംഗലം തേനിരേ
ജഗത്ത്രിതയമംഗല! ത്വമിഹ പാഹിമാമാമയാൽ ൧൦

അപ്പോൾ നന്ദഗോപൻ സന്തോഷഭാരപരവശനായിട്ടു് അങ്ങയുടെ ക്ഷേമത്തിലുള്ള ആഗ്രഹംകൊണ്ടു് വിപ്രവൃന്ദത്തിനു് എന്തെല്ലാം ദാനം ചെയ്തില്ല? അതുപോലെത്തന്നെ ഗോപബാലന്മാർ ഏതേതു് മംഗലകർമ്മങ്ങൾ ചെയ്തില്ല? ത്രൈലോക്യക്ഷേമകാരിയായ ഭഗവൻ! അങ്ങു് ഈ അടിയനെ രോഗത്തിൽ നിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
യോഗമായാദിവർണ്ണനം.

ദശകം 40.

പൂതനാമോക്ഷഃ

തദനു നന്ദമമന്ദശുഭാസ്പദം
നൃപപുരീം കരദാനകൃതേ ഗതം
സമവലോക്യ ജഗാദ ഭവൽപിതാ
വിദിതകംസസഹായജനോദ്യമഃ ൧

അനന്തരം കപ്പം കൊടുപ്പാൻ രാജധാനിയിലേയ്ക്ക് വന്ന വന്നം വലിയ മംഗളത്തിന്നു് നിധാനവുമായ നന്ദഗോപനെക്കണ്ടു് കംസന്റെ അനുചരന്മാരുടെ ഉത്സാഹം അറിഞ്ഞ അങ്ങയുടെ അച്ഛൻ (വസുദേവൻ) പറഞ്ഞു.

അയി സഖേ! തവ ബാലകജന്മ മാം
സുഖയതേദ്യ നിജാത്മജജന്മവൽ
ഇതി ഭവൽപിതൃതാം വ്രജനായകേ
സമധിരോപ്യ ശശംസ തമാദരാൽ ൬

അല്ലയോ സ്നേഹിത! അങ്ങയ്ക്ക് പുത്രൻ ജനിച്ചതു് എനിയ്ക്ക് പുത്രൻ ഉണ്ടായതുപോലെ ഇപ്പോൾ എന്നെ സുഖിപ്പിയ്ക്കുന്നു. എന്നിപ്രകാരം അങ്ങയുടെ പിതൃതത്തെ നന്ദഗോപനിൽ ആരോപിച്ചു് ആദരവോടുകൂടി പറഞ്ഞു.

ഇഹ ച സന്ത്യനിമിത്തശതാനി തേ
കടകസീമ്നി തതോ ലഘു ഗമ്യതാം
ഇതി ച തദ്വചസാ വ്രജനായകോ
ഭവദപായഭിയാ ദ്രുതമായയൌ ൭

അങ്ങയ്ക്ക് ഇവിടേയും അനേകം ദുർന്നിമിത്തങ്ങൾ ഉണ്ടു്. അതുകൊണ്ടു് വ്രജഗേഹത്തിലേയ്ക്കുതന്നെ വേഗം പോവുക എന്നിപ്രകാരം വസുദേവരുടെ വാക്കുകൊണ്ടു് നന്ദഗോപൻ അങ്ങയ്ക്ക് ഉണ്ടാകാവുന്ന അപായം ഭയപ്പെട്ടു് വേഗം പോന്നു.

അവസരേ ഖലു തത്ര ച കാചന
വ്രജപദേ മധുരാകൃതിരംഗനാ
തരളഷഡ്പദലാളിതകുന്തളാ
കപടപോതക! തേ നികടം ഗതാ ൮

ഹേ കപടബാലക! ആ സമയത്തുതന്നെ ഇളകുന്ന വണ്ടുകളാൽ ലാളിയ്ക്കപ്പെട്ട കുന്തളത്തോടുകൂടിയവളും മധുരരൂപിണിയുമായ ഒരു സ്ത്രീ അവിടെ അങ്ങയുടെ അടുക്കൽ വന്നു.

സപദി സാ ഹൃതബാലകചേതനാ
നിശിചരാനപയജ്ഞാ കില പൂതനാ
വ്രജവധൂഷ്വിഹ കേയമിതി ക്ഷണം
വിമൃശതീഷു ഭവന്തമുപാദദേ ൯

കുട്ടികളുടെ ജീവനെ നശിപ്പിയ്ക്കുന്നവളും രാക്ഷസവംശത്തിൽ ജാതയും പൂതന എന്ന പ്രസിദ്ധയും ആയ ആ സ്ത്രീ ഇവളാരെന്ന് ഗോപസ്ത്രീകൾ കുറച്ചുനേരം ആലോചിച്ച് നില്ക്കുമ്പോഴെയ്ക്ക് അങ്ങനെ വന്നെടുത്തു.

ലളിതഭാവവിലാസഹൃതാത്മഭി-
ർയുവതിഭിഃ പ്രതി രോദ്ധുമപാരിതാ
സ്തനമസൌ ഭവനാന്തനിഷേദുഷീ
പ്രദദൃഷീ ഭവതേ കപടാത്മനേ ന്യ

മനോഹരങ്ങളായ ഭാവങ്ങളാലും വിലാസങ്ങളാലും അപഹരിയ്ക്കപ്പെട്ട മനസ്സോടുകൂടിയ ഗോപസ്ത്രീകളാൽ തടുക്കപ്പെടുന്നതിനു് പാത്രമാകാതെ ഇവൾ ഗൃഹത്തിനുള്ളിൽ ഇരുന്നുകൊണ്ട് കപടമൂർത്തിയായ അങ്ങയ്ക്ക് മുലതന്നു.

സമധിരുഹ്യ തദങ്കമശങ്കിത-
സ്തവമഥ ബാലകലോപനരോഷിതഃ
മഹദിവാമ്രഫലം കുചമണ്ഡലം
പ്രതിചു ചൂഷിഥ ദുർവ്വിഷദൂഷിതം ൭

അതിനുശേഷം അങ്ങ് ബാലകന്മാരെ നശിപ്പിയ്ക്കുന്നതുകൊണ്ട് കുപിതനായി യാതൊരു സംശയവും കൂടാതെ അവളുടെ മടിയിൽ കയറി വലിയ മാങ്ങയെ എന്നപോലെ ദുർവ്വിഷം തേച്ച മുലകളെ വലിച്ചുകുടിച്ചു.

അസുഭിരേവ സമന്വയതി തവയി
സ്തനമസൌ സ്തനിതോപമനിസ്വനാ
നിരപതൽ ഭയദായി നിജം വപുഃ
പ്രതിഗതാ പ്രവിസായ്യ ഭുജാവുഭൌ വ

അങ്ങ് പ്രാണനോടുകൂടിത്തന്നെ മുലകുടിയ്ക്കുമ്പോൾ പൂതന ഇടിമുഴക്കംപോലെ ഗർജ്ജിച്ചുകൊണ്ട് ഭയങ്കരമായ തന്റെ സ്വന്തരൂപം പ്രാപിച്ച് രണ്ടുകൈകളും നീട്ടി നിലത്തുവീണു.

ഭയദഘോഷണഭീഷണവിഗ്രഹ
ശ്രവണദർശനമോഹിതവല്ലവേ
വ്രജപതേ തദുരസ്ഥലഖേലനം
ന്യനുഭവന്തമഗൃണ്ണത ഗോപികാഃ ൻ

ഭയംനല്കുന്ന ശബ്ദം കേൾക്കയും ഭയങ്കരശരീരം കാണുകയും ചെയ്കയാൽ മോഹാലസ്യപ്പെട്ടു് ഗോപന്മാരോടുകൂടിയ അമ്പാടിയിൽ അവളുടെ മാറിൽ കളിയ്ക്കുന്ന അങ്ങയെ ഗോപസ്ത്രീകൾ വന്നെടുത്തു.

ഭുവനമംഗലനാമഭിരേവ തേ
യുവതിഭിഷ്ഠുധാ കൃതരക്ഷണഃ
തവമയി വാതനികേതനനാഥ! മാ–
മഗദയൻ കരു താവകസേവകം ൧൦

അല്ലയോ ഗുരുവായൂരപ്പാ! അങ്ങയുടെ ലോകശുഭകരങ്ങളായ നാമങ്ങളെക്കൊണ്ടുതന്നെ സ്ത്രീകളാൽ പലപ്രകാരം രക്ഷ ചെയ്യപ്പെട്ടിരിയ്ക്കുന്ന. അങ്ങു് എന്നെ രോഗമില്ലാത്തവനാക്കി ഭവത്സേവനാക്കി ചെയ്യണേ!

ഇതി നാരായണീയേ ദശമസ്കന്ധേ പൂതനാമോക്ഷഃ

ദശകം 41.

പൂതനാസംസ്കാരഃ

ബാലലാളനം ച.

വ്രജേശ്വരഃശൌരിവചോ നിശമ്യ
സമാവ്രജന്നദ്ധനി ഭീതചേതാഃ
നിഷ്പിഷ്ടനിശ്ശേഷതരുംനിരീക്ഷ്യ
കഞ്ചിൽ പദാർത്ഥം ശരണം ഗതസ്ത്വാം ൧

നന്ദഗോപൻ വസുദേവന്റെ വാക്കു് കേട്ടു് മാർഗ്ഗത്തിൽ ഭീതചിത്തനായി പോകുമ്പോൾ എല്ലാ വൃക്ഷങ്ങളും പൊടിച്ചു് മറിച്ചിട്ടിരിയ്ക്കുന്നതുപോലെയുള്ള ഒരു വസ്തുവിനെ കണ്ടു് അങ്ങയെ ശരണം പ്രാപിച്ചു.

നിശമ്യ ഗോപീവചനാദുദന്തം
സർവ്വേപി ഗോപാ ഭയവിസ്മയാന്ധാഃ
തൽപാതിതം ഘോരപിശാചദേഹം
ദേഹവ്വിദൂരേഥ കുഠാരകൃത്തം ൨

ഗോപികളുടെ വാക്കുകൊണ്ടു് വൃത്താന്തം അറിഞ്ഞു് ഗോപന്മാരെല്ലാവരും ഭയംകൊണ്ടും അത്ഭുതംകൊണ്ടും അന്ധന്മാരായി അങ്ങയാൽ വീക്ഷിക്കപ്പെട്ട ഘോരപിശാചികയുടെ ശരീരം കഠാരംകൊണ്ടു് മുറിച്ചു് അകലെ കൊണ്ടുപോയി ദഹിപ്പിച്ചു.

തൽപീതപൂതസ്തനതച്ഛരീരാൽ
സമുച്ചലന്നുച്ചതരോ ഹി ധൂമഃ
ശങ്കാമധാദാഗരവഃ കിമേഷഃ
കിംചാന്ദനോ ഗൌൽഗുലവോഥവേതി ൯൨

അങ്ങു് കുടിച്ചതുകൊണ്ടു് പരിശുദ്ധമായിത്തീർന്ന മുലകളോടുകൂടിയ അവളുടെ ദേഹത്തിൽനിന്നു് ഉണ്ടാകുന്നതും പൊങ്ങുന്നതും ആയ ആ പുക അകിലിന്റെയോ ചന്ദനത്തിന്റെയോ ഗുൽഗുലുവിന്റെയോ മറ്റൊ ആകാമെന്ന സംശയത്തെ ഉണ്ടാക്കി.

മദംഗസംഗസ്യ ഫലം ന ദൂരേ
ക്ഷണേന താവൽ ഭവതാമപി സ്യാൽ
ഇത്യുല്ലപൻ വല്ലവതല്ലജേഭ്യ-
സ്ത്വം പൂതനാമാതനുഥാസ്സുഗന്ധിം ൯൩

മച്ഛരീരം സ്പർശിച്ചതിന്റെ ഫലം അകലെയല്ല. നിങ്ങൾക്കും വേഗം അതനുഭവപ്പെടും എന്നു് ഗോപന്മാരെ അറിയിയ്ക്കുവാനോ എന്നു് തോന്നുംവണ്ണം അവളെ സുഗന്ധമുള്ളവളാക്കിത്തീർത്തു.

ചിത്രം പിശാച്യാ ന ഹതഃ കുമാര-
ശ്ചിത്രം പുരൈവാകഥിശൌരിണോദം
ഇതി പ്രശംസൻ കില ഗോപലോകോ
ഭവന്മുഖാലോകരസേ ന്യമാങ്ക്ഷീൽ ൯൪

പിശാചിയാൽ ബാലൻ കൊല്ലപ്പെട്ടില്ല. അത്ഭുതം! ഇതു് വസുദേവനാൽ പണ്ടുതന്നെ പറയപ്പെട്ടതാണു്. അത്ഭുതം എന്നിങ്ങിനെ പുകഴ്ത്തിക്കൊണ്ടു് ഗോപന്മാർ നിന്തിരുവടിയുടെ മുഖം കാണുന്നതുകൊണ്ടുള്ള രസത്തിൽ മുഴുകി.

ദിനേദിനേഥ പ്രതിവൃദ്ധലക്ഷ്മീ-
രക്ഷീണമംഗല്യശതോ വ്രജോയം
ഭവന്നിവാസാദയി വാസുദേവ!
പ്രമോദസാന്ദ്രഃ പരിതോ വിരേജേ ന്യ

അല്ലയോ വസുദേവപുത്ര! പ്രതിദിനവും ഏറെറവും വർദ്ധിച്ച ലക്ഷ്മിയോടുകൂടിയതും അനേകം മംഗലങ്ങൾക്കു കുറവു് വരാത്തതും ആയ ഈ അമ്പാടി നിന്തിരുവടിയുടെ പാർപ്പുകൊണ്ടു് എങ്ങും സന്തോഷം നിറഞ്ഞു് വഴിയുന്നതായി ശോഭിച്ചു.

ഗൃഹേഷു തേ കോമളരൂപഹാസം
മിഥഃകഥാസംകലിതാഃ കമന്യഃ
വൃത്തേഷു കൃത്യേഷു ഭവന്നിരീക്ഷാ
സമാഗതാഃ പ്രത്യഹമത്യനന്ദൻ ൭

സ്തീകൾ വീട്ടിൽവെച്ചു് അങ്ങയുടെ മനോഹരമായ ആകൃതിയേയും മന്ദഹാസത്തേയും അന്യോന്യം വർണ്ണിച്ചു് ആനന്ദിച്ചുകൊണ്ടു് കൃത്യങ്ങളെല്ലാം കഴിഞ്ഞാൽ അങ്ങയെ കാണുവാൻ നിത്യവും വന്നു് ഏറെറവും സന്തോഷിച്ചു.

അഹോ കുമാരോ മയി ദത്തദൃഷ്ടിഃ
സ്മിതം കൃതം മാം പ്രതി വത്സകേന
ഏഹ്യേഹി മാമിത്യുപസാര്യ പാണീ
തപയീശ! കിംകിംന കൃതം വധൂഭിഃ വ

ഹാ! കുമാരൻ എന്നെറ നേരെ ഉറുനോക്കുന്നു. എന്നെറ നേരെ ഉണ്ണിപുഞ്ചിരിയിട്ടു. ഉണ്ണി എന്നെറ അടുക്കലേയ്ക്കു് വരു വരു എന്നും മറും പറഞ്ഞു് കൈകളും നീട്ടി അല്ലയോ ഈശ്വര! ആ സ്തീകൾ അങ്ങയെ ഉദ്ദേശിച്ചു് ഏതേതെല്ലാം ചെയ്തുണ്ടായില്ല.

ഭവത്പരിസ്പർശനകൌതുകേന
കരാൽ കരം ഗോപവധൂജനേന
നീതസ്തദാതാമ്രസരോജമാലാ
വ്യാലംബിലോലംബതുലാമയാസീഃ ൯

ഗോപവധുക്കളാൽ അങ്ങയുടെ ദിവ്യശരീരം തൊടുന്നതിനുള്ള കൌതുകംകൊണ്ടു് ഒരുവളുടെ കയ്യിൽനിന്നു് വേറെ ഒരു

കയ്യിലേയ്ക്ക് നീതനാകുന്ന അങ്ങ് ചെന്താമരപ്പൂക്കളിൽ വിഹരിയ്ക്കുന്ന വണ്ടിന്റെ സാദൃശ്യത്തെ പ്രാപിച്ചു.

നിപായയന്തീ സ്തനമങ്കഗംതപാം
വിലോകയന്തീ വദനം ഹസന്തീ
ദശാം യശോദാ കതമാം ന ഭേജേ
സ താർക്ഷ്യഃ പാഹി ഹരേ! ഗദാന്മാം ൧൦

അങ്ങയെ മടിയിൽ കയറ്റി മുല കൊടുപ്പിച്ചുകൊണ്ടും തിരുമുഖത്തേയ്ക്ക് നോക്കി ചിരിച്ചുകൊണ്ടും യശോദ ഏതൊരു അവസ്ഥയെ പ്രാപിച്ചില്ല? ഹേ വിഷ്ണോ! അപ്രകാരമുള്ള അങ്ങ് എന്നെ രോഗത്തിൽനിന്ന് രക്ഷിയ്ക്കണേ!

ഇതി ദശമസ്കന്ധേ ബാലലാളനം.

ദശകം 42.

ശകടാസുരനിഗ്രഹഃ

കദാപി ജന്മർക്ഷദിനേ തവ പ്രഭോ!
നിമന്ത്രിതജ്ഞാതിവധൂമഹീസുരാ
മഹാനസസ്ഥാം സവിധേ നിധായ സാ
മഹാനസാദൌ വവൃതേ വ്രജേശ്വരീ ൧

അല്ലയോ പ്രഭോ! ഒരിയ്ക്കൽ അവിടുത്തെ ജന്മനക്ഷത്രദിവസം ബന്ധുസ്ത്രീകളേയും ബ്രാഹ്മണരേയും ക്ഷണിച്ചുവരുത്തിയ യശോദ അങ്ങയെ ഒരു വലിയ വണ്ടിയുടെ അടുക്കൽ ആക്കി അടുക്കളയിലും മറ്റുമായി ജോലിചെയ്തുകൊണ്ടിരുന്നു.

തതോ ഭവത്രാണനിയുക്തബാലക-
പ്രഭീതിസംക്രന്ദനസംകുലാരവൈഃ
വിമിശ്രമശ്രാവി ഭവത്സമീപതഃ
പരസ്പടദ്ഭാരുചടച്ചടാരവഃ ൨

അനന്തരം അങ്ങയെ രക്ഷിയ്ക്കുവാനാക്കിയ കുട്ടികളുടെ ഭയത്തോടുകൂടിയ നിലവിളികളാൽ സങ്കുലമായ ശബ്ദത്തോടുകൂടിയതായി പൊട്ടുന്ന മരത്തടിയുടെ ചടചടശബ്ദം അങ്ങയുടെ അടുക്കൽനിന്ന് കേട്ടു.

തതസ്തദാകണ്ണനസംഭ്രമശ്രമ–
പ്രകമ്പിവക്ഷോജഭരാ വ്രജാംഗനാഃ
ഭവന്തമന്തർദ്ദുശുഃ സമന്തതോ
വിനിഷ്പതദ്ഭാരുണദാരുമധ്യഗം ന

അപ്പോൾ അതുകേട്ട് പരിഭ്രമംകൊണ്ടുള്ള ശ്രമംകൊണ്ട് കുലുങ്ങുന്ന മുലകളുടെ ഭാരത്തോടുകൂടിയ ഗോപിമാർ ഉള്ളിൽ എല്ലാടത്തും ചിന്നിവീഴുന്ന ക്രോധൻ മരത്തടിയുടെ നടുവിൽ കിടക്കുന്നതായി അങ്ങയെ കണ്ടു.

ശിശോരഹോ കിംകിമിദ്ദമിതി ദ്രുതം
പ്രധാവ്യനന്ദഃ പശുപാശ്ചദുസ്സുരാഃ
ഭവന്തമാലോക്യ യശോദയാ ധൃതം
സമാശ്വസന്നശ്രുജലാർദ്രലോചനാഃ ര

"അയ്യോ! കുട്ടിയ്ക്ക് എന്തു് സംഭവിച്ചു" എന്നു് നന്ദഗോപനും പശുപാലന്മാരും ബ്രാഹ്മണരും കണ്ണുനീർ നിറഞ്ഞ കണ്ണുകളോടുകൂടി വേഗം ഓടിച്ചെന്നു് യശോദ എടുത്തിരിയ്ക്കുന്നതായി അങ്ങയെ കണ്ടു് സമാധാനിച്ചു.

കസ്സ്യാ ന കൌതസ്ഥത ഏഷ വിസ്മയോ
വിശങ്കടംയച്ചകടംവിപാടിതം
നകാരണംകിഞ്ചിദിഹേതിതേസ്ഥിതാ
സ്വനാസികാദത്തകരാസ്ത്വദീക്ഷകാഃ ഭ

"ഇതെന്തൊരത്ഭുതമാണു്. എവിടെനിന്നുണ്ടായി? വലിയ ഈ വണ്ടി തകർന്നതെങ്ങിനെ? ഇതിന്നൊരു കാരണവും ഇവിടെ കാണുന്നില്ല" എന്നുപറഞ്ഞു് അങ്ങയെ നോക്കിക്കൊണ്ടു് അവർ താന്താങ്ങളുടെ മൂക്കുകളിൽ കൈവെച്ചുകൊണ്ടു് (കഷ്ടം വെച്ചുകൊണ്ടു്) നില്പായി.

കുമാരകസ്യാസ്യ പയോധരാർത്ഥിനഃ
പ്രരോദനേ ലോലപദാംബുജാഹതം
മയാ മയാ ദുഷ്ടമനോ വിപയ്യഗാ–
ദിതീശ! തേ പാലകബാലകാ ജഗ്രുഃ ന

ഹേ ഈശ്വര! അങ്ങയെ നോക്കിരക്ഷിപ്പാൻ ഏല്പിച്ചിരുന്ന കുട്ടികൾ മുലകുടിയ്ക്കാൻ ആഗ്രഹിയ്ക്കുന്ന ഈ കുമാരൻ കരയു

മ്പോൾ ഇളകുന്ന പാദാംബുജംകൊണ്ടു് അടിയ്ക്കപ്പെട്ട വണ്ടി കിഴ മേൽ മറിഞ്ഞതു് ഞാനും കണ്ടു ഞാനും കണ്ടു എന്നു് പറഞ്ഞു.

ഭിയാ തദാ കിഞ്ചിദജാനതാമിദം
കുമാരകാണാമതിദുർഘടം വചഃ
ഭവൽപ്രഭാവാവിദുരൈരിതീരിതം
മനാഗിവാശങ്കൃത ദുഷ്ടപൂതനൈഃ ൨

അപ്പോൾ പേടികൊണ്ടു് ഒരു വസ്തുവും അറിയാത്ത കുട്ടി കളുടെ ഈ വാക്കു് അതിദുഷ്കടമാണു് (തുമ്പും വാലുമില്ലാത്തതു്) എന്നു് നിന്തിരുവടിയുടെ മാഹാത്മ്യം അറിയാത്ത ഗോപന്മാർ പറഞ്ഞു. പൂതനയെ കണ്ട ക്രൂരർ അല്പമൊന്നു് ശങ്കിയ്ക്കാതിരുന്നില്ല.

പ്രവാളതാമ്രം കിമിദം പദം ക്ഷതം
സരോജരമ്യൈ ന കരൈരവിരോജിതൈ
ഇതി പ്രസപ്പൽകരുണാതരംഗിതാ–
സ്തപദംഗമാപസ്പൃശുരംഗനാജനാഃ ൩

തളിർപോലെ തുടുത്ത ഈ കുഞ്ഞിക്കാലിനു് മുറിവുപററി യോ? താമരപ്പൂക്കൾപോലെ മനോഹരങ്ങളായി ശോഭിച്ച ഉണ്ണിക്കൈകൾ മുറിഞ്ഞുവോ? എന്നു് പറഞ്ഞുകൊണ്ടു് ഭയാ കുലമാരായ ഗോപസ്ത്രീകൾ നിന്തിരുവടിയുടെ അംഗം മന്ദം തലോടി.

അയേ സുതം ദേഹി ജഗൽപതേഃ കൃപാ–
തരംഗപാതാൽ പരിപാതമദ്യ മേ
ഇതി സ്മ സംഗൃഹ്യ പിതാ തപദംഗകം
മുഹുർമുഹുഃ ശ്ലിഷ്യതിജാതകണ്ടകഃ ൪

ലോകനാഥന്റെ ദയയാകുന്ന തിരമാലകളുടെ പതന ത്താൽ രക്ഷിയ്ക്കപ്പെട്ട പുത്രനെ എന്റെ കയ്യിൽ തരു എന്നു് പറഞ്ഞു് അങ്ങയെ എടുത്തു് നന്ദഗോപൻ രോമാഞ്ചകഞ്ചുകി തനായി അങ്ങയുടെ അംഗത്തെ പിന്നെയും പിന്നെയും ആ ലിംഗനംചെയ്തു.

അനോനിലീനഃ കില ഹന്തുമാഗതഃ
സുരാരിരേവം ഭവതാവിഹിംസിതഃ
രജോപി നോ ദൃഷ്ടമമുഷ്യതൽകഥം
സശുദ്ധസത്വേ തവയിലീനവാൻധ്രുവം ൫൦

ശകടത്തിൽ ഒളിഞ്ഞു് അങ്ങയെ കൊല്ലുവാൻ വന്ന അസുരൻ ഇപ്രകാരം അങ്ങയാൽ ഹതനായി. ഇതിന്റെ രജസ്സു് (പൊടി) പോലും കണ്ടില്ല. അതെങ്ങിനെ? തീച്ചയായും അവൻ പരിശുദ്ധ സത്വസ്വരൂപനായ അങ്ങയിൽ ലയിച്ചതാണു്.

പ്രപൂജിതൈസ്തത്ര തതോ ദ്വിജാതിഭിർ–
വിശേഷതോലംഭിതമംഗലാശിഷഃ
വ്രജംനിജൈർബാല്യരസൈശ്ചിമോഹയൻ
മരുൽപുരാധീശ!രുജാം ജഹീഹിമേ ൫൧

ഹേ ഗുരുവായൂരപ്പാ! അനന്തരം വേണ്ടവിധം പൂജിയ്ക്കപ്പെട്ട ബ്രാഹ്മണരാൽ പ്രത്യേകം ആശംസിയ്ക്കപ്പെട്ട മംഗലങ്ങളായ ആശീർവ്വാദങ്ങളെ ലഭിച്ചവനും തന്റെ ബാല്യക്രീഡകൾ കൊണ്ടു് വ്രജത്തെ പ്രശോഭിപ്പിയ്ക്കുന്നവനും ആയ അങ്ങു് എന്റെ രോഗങ്ങളെ നശിപ്പിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയസ്തോത്രേ
ദശമസ്കന്ധേ ശകടാസുരനിഗ്രഹഃ

ദശകം 43.

തൃണാവർത്തമോക്ഷഃ

തവാമേകദാ ഗുരുമരുൽപുരനാഥ! വോഢും
ഗാഢാധിരൂഢഗരിമാണമപാരയന്തീ
മാതാ നിധായ ശയനേ കിമിദം ബതേതി
ധ്യായന്ത്യചേഷ്ടത ഗൃഹേഷു നിവിഷ്ടശങ്കാ ൧

അല്ലയോ ഗുരുവായൂരേശ! അങ്ങയെ ഒരു ദിവസം എടുപ്പാൻ ഭാവിച്ച അമ്മ അതിഘനംകൊണ്ടു് കുഴങ്ങി കിടയ്ക്കയിൽ കിടത്തി. ഇതെന്തൊരാശ്ചര്യം എന്നു് ആലോചിച്ചുകൊണ്ടു് ശങ്കാകുലയായി ഓരോ ഗൃഹകാര്യങ്ങളിൽ ഏർപ്പെട്ടു.

താവദചിരമുപകർണ്ണിതഘോരഘോഷ-
വ്യാജൃംഭിപാംസുപടലീപരിപൂരിതാശഃ
വാത്യാവപുസ്സ കില ദൈത്യവരസ്തൃണാവ-
ത്താഖ്യോ ജഹാര ജനമാനസഹാരിണം തപാം ൨

അപ്പോൾ അകലെ കേൾക്കപ്പെട്ട ഭയാനകമായ കോലാഹലംകൊണ്ടും വർദ്ധിച്ച പൊടിക്കൂട്ടംകൊണ്ടും ദിക്കുകളെ നിറയ്ക്കുന്നവനും കാറിന്റെ രൂപമുള്ളവനും ആയ തൃണാവർത്തൻ എന്നു് പേരായ അസുരവീരൻ ആളുകളുടെ മനസ്സിനെ ആകർഷിയ്ക്കുന്ന അങ്ങയെ അപഹരിച്ചു.

ഉദ്ദാമപാംസുതിമിരാഹതദൃഷ്ടിപാതേ
ദൃഷ്ടം കിമപ്യകുശലേ പശുപാലലോകേ
ഹാ ബാലകസ്യ കിമിതി തപുപാന്തമാപ്താ
മാതാ ഭവന്തമവിലോക്യ ഭൃശം രുരോദ ൩

വർദ്ധിച്ച പൊടികൊണ്ടും ഇരുട്ടുകൊണ്ടും നോക്കുവാൻ പോലും കഴിയാത്ത ഗോപബാലന്മാർ ഒന്നും കാണുവാൻ കഴിയാത്തവരായപ്പോൾ "അയ്യോ കുമാരനു് എന്തു് നേരിട്ടു?" എന്നു് അങ്ങയുടെ അടുത്തു് വന്നു. അമ്മ അങ്ങയെ കാണായ്കയാൽ വല്ലാതെ നിലവിളിച്ചു.

താവത്സ ദാനവവരോപിച ദീനമൂർത്തി
ഭാവല്ലഭാരപരിധാരണലൂനവേഗഃ
സംകോചമാപ തദനാക്ഷതപാംസുഘോഷേ
ഘോഷേ വ്യതായത ഭവജ്ജനനീനിനാദഃ ൪

അപ്പോൾ ആ അസുരശ്രേഷ്ഠൻ പരവശശരീരനായി അങ്ങയുടെ ഘനം വഹിയ്ക്കുകയാൽ വേഗം ചുരുങ്ങി സങ്കോചം പ്രാപിച്ചു. അതിനുശേഷം പൊടിയും കോലാഹലവും മാറിയ അമ്പാടിയിൽ നിന്നിരുവടിയുടെ അമ്മയുടെ ശബ്ദം കേട്ടുതുടങ്ങി.

രോദോപകർണ്ണനവശാദുപഗമ്യ ഗേഹം
ക്രന്ദൽസു നന്ദമുഖഗോപകുലേഷു ദീനഃ
തപാംദാനവസ്തഖിലമുക്തികരം മുകുന്ദ-
സ്ത്വയ്യപ്രമുഞ്ചതി പപാത വിയൽപ്രദേശാൽ ൫

കരച്ചിൽ കേൾക്കയാൽ നന്ദപ്രഭൃതികളായ ഗോപന്മാരെല്ലാം വീട്ടിനുള്ളിൽ ചെന്ന് നിലവിളിയുണ്ടായപ്പോൾ ആകുലനായ അസുരൻ എല്ലാവർക്കും മോചനം നല്കുന്ന അങ്ങയെ മോചനം ചെയ്യാനിച്ഛിച്ചു. അങ്ങ് അവനെ വിടാതിരുന്നപ്പോൾ ആകാശത്തിൽനിന്ന് അവൻ വീണു.

രോദാകുലാസ്തനയ ഗോപഗണാ ബഹിഷ്ട–
പാഷാണപൃഷ്ഠഭുവി ദേഹമതിസ്ഫുടവിഷ്ടം
പ്രൈക്ഷന്ത ഹന്ത നിപതന്തമമുഷ്യ വക്ഷ–
സ്യക്ഷീണമേവ ച ഭവന്തമലം ഹസന്തം ന്യ

അനന്തരം നിലവിളിച്ച് വശംകെട്ട ഗോപന്മാർ പുറത്തുള്ള പാറപ്പുറത്ത് ഏറ്റവും സ്ഥൂലമായ ശരീരവും അതിന്റെ നെഞ്ഞത്ത് ക്ഷീണനല്ലാതെ തൃപ്തനായി പുഞ്ചിരിക്കൊണ്ട് കിടക്കുന്ന അങ്ങയേയും കണ്ടു. ആശ്ചര്യം!

ഗ്രാവപ്രപാതപരിപിഷ്ടഗരിഷ്ഠദേഹ–
ഭ്രഷ്ടാസുദുഷ്ടനനജോപരി ധൃഷ്ടഹാസം
ആഘ്ലാനമംബുജകരേണ ഭവന്തമേത്യ
ഗോപാ ദധൃഗ്ഗിരിവരാദിവ നീലരത്നം ഉ

പശുപാലന്മാർ, കല്ലിന്മേൽ വീഴ്ചയാൽ അരഞ്ഞു് ചതഞ്ഞു് ഭാരമേറിയ ശരീരമുള്ളവനും പ്രാണൻ പോയവനും ദുഷ്ടനും ആയ അസുരന്റെ മേൽ ഏറ്റവും ധാർഷ്ട്യത്തോടെ ചിരിച്ചു കൊണ്ടു് വിഹരിയ്ക്കുന്നവനും താമരപ്പൂപോലെയുള്ള കൈകൊണ്ടു് അടിയ്ക്കുന്നവനും ആയ നിന്തിരുവടിയെ വലിയ മലയിൽ നിന്നു് നീലരത്നത്തെ എന്നപോലെ ആഞ്ഞെടുത്തു.

ഏകൈകമാശു പരിഗൃഹ്യ നികാമനന്ദ–
നന്ദാദിഗോപപരിരബ്ധുവിചുംബിതാംഗം
ആദാതുകാമപരിശങ്കിതഗോപനാരീ
ഹസ്താംബുജപ്രപതിതം പ്രണമോ ഭവന്തം വ

ഓരോരുത്തരും വേഗം എടുത്തു് ഏറ്റവും ആനന്ദിയ്ക്കുന്ന നന്ദൻ മുതലായ ഗോപന്മാരാൽ ആലിംഗനത്തോടുകൂടി ചുംബിയ്ക്കപ്പെട്ട അംഗങ്ങളോടുകൂടിയവനും എടുപ്പാൻ കൊതിച്ചു് സംശ

യിച്ചുപോയ ഗോപവധൂക്കളുടെ താമരപ്പൂപോലെയുള്ള കൈകളിലേയ്ക്ക് കുതിച്ചുചാടിയ നിന്തിരുവടിയെ ഞാൻ നമസ്കരിയ്ക്കുന്നു.

ദ്രുയോപി കിന്നു കൃണുമഃ പ്രണതാർത്തിഹാരീ
ഗോവിന്ദ ഏവ പരിപാലയതാൽ സുതംനഃ
ഇത്യാദി മാതരപിതുപ്രമുഖൈസ്തദാനീം
സംപ്രാർത്ഥിതസ്ത്വദവനായ വിഭോ! ത്വമേവ ൯

"ഞങ്ങളെന്തുചെയ്യും? നമസ്കരിയ്ക്കുന്നവരുടെ സന്താപം തീർക്കുന്ന ഗോവിന്ദൻതന്നെ നമ്മുടെ പുത്രനെ മേലിലും കാക്കട്ടെ" അല്ലയോ വിഭോ! മേൽപ്രകാരം അപ്പോൾ മാതാപിതാക്കന്മാർ തുടങ്ങിയുള്ളവർ അങ്ങയെ രക്ഷിയ്ക്കുവാൻ അങ്ങയോട്തന്നെ അപേക്ഷിച്ചു.

വാതാത്മകംദനുജമേവമയി പ്രധൂനൻ
വാതോത്ഭവാൻമമ ഗദാൻ കിമു നോ ധുനോഷി
കിംവാ കരോമി പുനരപ്യനിലാലയേശ!
നിശ്ശേഷരോഗശമനം മുഹുരർത്ഥയേ ത്വാം ൧൦

ഹേ ഭഗവൻ! ഇപ്രകാരം വാതരൂപിയായ അസുരനെ നിഗ്രഹിയ്ക്കുന്ന അങ്ങ് വാതജങ്ങളായ എന്റെ രോഗങ്ങളെ എന്തുകൊണ്ട് നശിപ്പിയ്ക്കുന്നില്ല? ഞാനെന്തുചെയ്യട്ടെ. അല്ലയോ ഗുരുവായൂരപ്പ! ഇനിയും ഞാൻ നിന്തിരുവടിയോട് എല്ലാ രോഗത്തേയും ശമിപ്പിയ്ക്കേണമേ എന്നു് പിന്നെയും പിന്നെയും അപേക്ഷിയ്ക്കുന്നു.

ഇതി ദശമസ്കന്ധേ ത്രണാവർത്തമോക്ഷഃ

ദശകം 44.

നാമകരണം.

ഗൂഢം വസുദേവഗിരാ
കർത്തുംതേ നിഷ്ക്രിയസ്യ സംസ്കാരാൻ
ഗുൽഗതഹോരാതത്രാ
ഗർഗ്ഗമുനിസ്ത്വൽഗ്രഹം വിഭോ! ഗതവാൻ ൧

ഹേ പ്രഭോ! നിഷ്ണിയനായ നിന്തിരുവടിയുടെ സംസ്കാര കർമ്മങ്ങളും ചെയ്യുവാൻ ജ്യോതിശ്ശാസ്ത്രസംബന്ധികളായ തത്വങ്ങളെല്ലാം ഗ്രഹിച്ച ഗർഗ്ഗമഹർഷി വസുദേവവാക്യംകൊണ്ടു് അങ്ങയുടെ ഗൃഹത്തെ പ്രാപിച്ചു.

നന്ദോഥ നന്ദിതാത്മാ
വന്ദിഷ്ണുമാനയന്നമും യമിനാം
മന്ദസ്മിതാർദ്രമൂചേ
തവൽസംസ്കാരാൻ വിധാതുമുൽസുകധീഃ ൬

ഹൃഷ്ടചിത്തനായ നന്ദൻ അങ്ങയുടെ സംസ്കാരകർമ്മങ്ങളും നടത്തുവാൻ ഉല്ലസിതനായോടെ മഹർഷിശ്രേഷ്ഠനായ ഇദ്ദേഹത്തെ മാനിച്ചുകൊണ്ടു് മന്ദസ്മിതത്തോടുകൂടി പറഞ്ഞു.

യദുവംശാചാര്യതവാൽ
സുനിഭൃതമിദമാര്യ കാര്യമിതി കഥയൻ
ഗർഗ്ഗോ നിഗൂഢപുളക-
ശ്ചക്രേ തവ സാഗ്രജസ്യ നാമാനി ൭

അല്ലയോ ശ്രേഷ്ഠനായ ദേവ! ഞാൻ യാദവകുലഗുരുവാകയാൽ ഇതു് എത്രയും ശ്രദ്ധമായി ചെയ്യേണ്ടതാണെന്നു് പറഞ്ഞുകൊണ്ടു് ഗർഗ്ഗൻ സന്തുഷ്ടനായി ഭ്രാതാവോടുകൂടിയ അങ്ങയ്ക്കു് നാമകരണംചെയ്തു.

കഥമസ്യ നാമ കുർവ്വേ
സഹസ്രനാമ്നോ ഹ്യനന്തനാമ്നോ വാ
ഇതി നൂനം ഗർഗ്ഗമുനി-
ശ്ചക്രേ തവ നാമ നാമ രഹസി വിഭോ! ൮

അനേകം നാമങ്ങളും അനന്തങ്ങളായ അഭിധാനങ്ങളുള്ളവനും ആയ ഇവനു് ഞാനെങ്ങിനെയാണു് പേരിടേണ്ടതു് എന്നു് സംശയിച്ചുകൊണ്ടാണോ എന്നു് തോന്നുമാറു് അല്ലയോ പ്രഭോ! അങ്ങയ്ക്കു് രഹസ്സിൽവെച്ചു് ഗർഗ്ഗമുനി നാമകരണംചെയ്തു.

കൃഷിധാതുണകാരാഭ്യാം
സത്താനന്ദാത്മതാം കിലാഭിലഷൻ
ജഗദാഘകർഷിതാപം വാ
കഥയൻകൃഷ്ണനാമ തേ വ്യതനോൽ ൯

മഹർഷി കൃഷ്ണ് എന്ന ധാതുവോടും ണ കാരത്തോടുംകൂടിയ പദംകൊണ്ടു് സദാനന്ദസച്ചിദ്രൂപത്തെ വിശദപ്പെടുത്തിക്കൊണ്ടു് ലോകത്തിന്റെ പാപം നശിപ്പിയ്ക്കുന്നതിനെ വരിച്ചുകൊണ്ടായിരിയ്ക്കുമോ അങ്ങയ്ക്കു് കൃഷ്ണൻ എന്നു് നാമകരണംചെയ്തതു്.

അന്യാംശ്ച നാമഭേദാൻ
വ്യാകൃച്ചന്നഗ്രജേ ച രാമാദീൻ
അതിമാനുഷാനുഭാവം
ന്യഗദത്പാമപ്രകാശയൻ പിത്രേ ന്യ

പിന്നേയും വേറെ പേരുകളേയും ജ്യേഷ്ഠനിൽ രാമാദി നാമങ്ങളേയും വിവരിച്ചുകൊണ്ടു് അദ്ദേഹം അങ്ങയെ പ്രകാശിപ്പിയ്ക്കാതെ അമാനുഷങ്ങളായ ഭാവങ്ങളുള്ളവനാണെന്നു് മാത്രം പിതാവിനോടു് പറഞ്ഞു.

സ്നിഹ്യതി യസ്തവ പുത്രേ
മുഹ്യതി സ ന മായികൈഃ പുനർഗ്ഗോകൈഃ
ദ്രുഹ്യതി യസ്തു നശ്യേ-
ദിത്യവദത്തേ മഹത്പുരുഷിവയ്യഃ ഉ

യാതൊരാൾ അങ്ങയുടെ മകനിൽ സ്നേഹിയ്ക്കുന്നു അവൻ വീണ്ടും മായാദുഃഖങ്ങളാൽ മോഹിയ്ക്കുന്നില്ല. ദ്രോഹിയ്ക്കുന്നതാരോ അവൻ നിശ്ചയമായും നശിയ്ക്കും എന്നുംകൂടി ആ മഹർഷി അങ്ങയുടെ മഹത്വത്തെ വിവരിച്ചുപറഞ്ഞു.

ജേഷ്യതി ബഹ്വതരൈത്യാൻ
നേഷ്യതി നിജബന്ധുലോകമമലപദം
ശ്രോഷ്യതി സുവിമലകീർത്തി-
രസ്യേതി ഭവദ്വിഭൂതിമുഷിത്രുചേ വ

ഈ പുത്രൻ അനേകം പ്രകാരത്തിലുള്ള അസുരന്മാരെ ജയിയ്ക്കും. തന്റെ ബന്ധുക്കളെ പരിശുദ്ധസ്ഥാനത്തിലേയ്ക്കു് നയിയ്ക്കും. സല്ക്കീർത്തികളെ കേൾക്കും എന്നുംകൂടി ആ ഗർഗ്ഗമുനി നന്ദനോടു് അങ്ങയുടെ മഹത്വത്തെപ്പറ്റി പറഞ്ഞു.

അമുനൈവ സച്ചിദ്ഗ്രം
തരിതാസ്ഥ കൃതാസ്ഥമത്ര തിഷ്ഠത്വപം
ഹരിരേവേത്യനഭിലപ-
ന്നിത്യുദീ തപാമവണ്ണയൽസ മുനിഃ ൻ

ഈ പുത്രനെക്കൊണ്ടുതന്നെ നിങ്ങൾ എല്ലാ ദുഃഖങ്ങളേയും തരണംചെയ്യും. ഇവനിൽ ആസ്ഥയോടുകൂടി വർത്തിപ്പിൻ! അങ്ങു് ഹരിതന്നെയാണു് എന്നുമാത്രം പറയാതെയിരുന്നു. ഇതല്ലാത്തതോരോന്നും ആ മഹർഷി വിവരിയ്ക്കുയുണ്ടായി.

ഗർഗ്ഗേ നിർഗ്ഗതേസ്മിൻ
നന്ദിതനന്ദാദിനന്ദ്യമാനസ്ഥം
മൽഗദമുൽഗതകരുണോ
നിർഗ്ഗമയ ശ്രീമരുൽപുരാധീശ! ൨൦

അല്ലയോ ഗുരുവായൂരപ്പ! അനന്തരം ഈ ഗർഗ്ഗൻ പോയപ്പോൾ സന്തുഷ്ടന്മാരായ നന്ദാദികളാൽ നന്ദിയ്ക്കപ്പെട്ടുന്ന അങ്ങുടെയുണ്ടായി എന്റെ രോഗങ്ങളെ നശിപ്പിയ്ക്കുണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ നാമകരണം.

ദശകം 45.

ബാലലീല.

അയി സബല മുരാരേ! പാണിജാനുപ്രചാരൈഃ
കിമപി ഭവനഭാഗാൻ ദ്രക്ഷ്യതസ്തൌ ഭവന്തൌ
ചലിതചരണകഞ്ജൌ മഞ്ജുമഞ്ജീരശിഞ്ജാ
ശ്രവണകുതുകഭാജൌ ചോരതുശ്ചാരു വേഗാൽ ൧

അല്ലയോ ബലരാമനോടുകൂടിയ മുരരിപുഭഗവാനേ! നിങ്ങൾ രണ്ടാളും കൈകളും മുട്ടും കുത്തി ഗൃഹപ്രദേശങ്ങളെ അലങ്കരിച്ചുകൊണ്ടു് ഇളകുന്ന പാദപദ്മങ്ങളോടും മനോഹരങ്ങളായ കാൽത്തളകളുടെ ശബ്ദം കേൾക്കുന്നതിൽ ഉള്ള കൌതുകത്തോടുംകൂടി മനോഹരമാംവണ്ണം ഓടിനടന്നു.

മൃദുമൃദുവിഹസന്താവുന്മിഷദ്ദന്തവന്തൌ
വദനപതിതകേശൌ ദൃശ്യപാദാബ്ജദേശൌ
ഭുജഗലിതകരാന്തവ്യാലഗൽകങ്കണാങ്കൌ
മതിമഹരതമുച്ചൈഃ പശ്യതാം വിശ്വനൃണാം ൟ

ഏററവും മൃദുവായി ചിരിച്ചുകൊണ്ടും അപ്പോൾ പ്രകാശിയ്ക്കുന്ന പല്ലുകളോടുക്കൂടിയും മുഖത്തിൽ വീണ തലമുടിയോടുക്കൂടിയും കാണേണ്ടതായ പാദപങ്കജങ്ങളോടുക്കൂടിയും കൈകളിൽനിന്നു് ഊരി കരങ്ങളുടെ കടയ്ക്കൽ (മണിബന്ധത്തിൽ) പററിക്കിടക്കുന്ന വളകളുടെ അടയാളത്തോടുംക്കൂടിയ നിങ്ങൾ രണ്ടുപേരും നോക്കിനില്ക്കുന്ന സകല ജനങ്ങളുടേയും മനസ്സിനെ ഏററവും ആകഷ്ടിച്ചു.

അനുസരതി ജനൌഘേ കൌതുകവ്യാകുലാക്ഷേ
കിമപി കൃതനിനാദം വ്യാഹസന്തൌ ദ്രവന്തൌ
വലിതവദനപദ്മം പൃഷ്ഠതോ ദത്തദൃഷ്ടീ
കിമിവ ന വിദധാഥേ കൌതുകം വാസുദേവ! ൠ

അല്ലയോ വസുദേവപുത്ര! അളകം കൌതുകംകൊണ്ടു് ആകുലങ്ങളായ കണ്ണുകളോടുക്കൂടിയവരായി നിങ്ങളെ പിന്തുടരുമ്പോൾ കുറഞ്ഞു് ഒന്നു് ശബ്ദിച്ചുകൊണ്ടു് മന്ദഹാസം ചെയ്യലും മുട്ടുകുത്തി ഓടുകയും മുഖപദ്മം പിന്നോക്കം തിരിച്ചു് നോക്കുകയും ചെയ്തുകൊണ്ടു് നിങ്ങൾ എന്തെന്തു് കൌതുകത്തെ ചെയ്തില്ല.

ദ്രുതഗതിഷു പതന്താവുത്ഥിതൌ ലിപ്തപംകൌ
ദിവി മുനിഭിരപങ്കൈഃസസ്മിതം വന്ദ്യമാനൌ
ദ്രുതമഥ ജനനീഭ്യാം സാനുകമ്പം ഗൃഹീതൌ
മുഹുരപി പരിരബ്ധൌ ദ്രാഗ്യുവാം ചുംബിതൌ ച ർ

നിങ്ങൾ വേഗത്തിലുള്ള നടത്തത്തിൽ വീഴുകയും ചളിപുരണ്ടു എഴുന്നേല്ക്കുകയും ആകാശത്തിൽ പാപമില്ലാത്ത മഹർഷിമാരാൽ സസ്മിതമാംവണ്ണം നോക്കി വന്ദിയ്ക്കപ്പെടുകയും ചെയ്തു. അനന്തരം അമ്മമാർ ദയാപൂർവ്വം എടുത്തു് വീണ്ടും വീണ്ടും ആലിംഗനം ചെയ്കയും ചുംബിയ്ക്കുകയും ചെയ്തു.

സ്നുതകുചഭരമങ്കേ ധാരയന്തീ ഭവന്തം
തരളമതിയശോദാ സ്തന്യദാ ധന്യധന്യാ
കപടപശുപാ! മദ്ധ്യേ മുദ്ധഹാസാങ്കുരം തേ
ദശനമുകുളഹൃദ്യം വീക്ഷ്യ വക്ത്രം ജഹർഷ 8

ചുരത്തിയ കുചഭാരത്തോടും ചഞ്ചലമനസ്സോടും കൂടുമാറു് അങ്ങയെ മടിയിൽ എടുത്തുകൊണ്ടു് മുല നല്കിക്കൊണ്ടിരിയ്ക്കുന്ന ആ യശോദ ലോകത്തിൽ ഏറ്റവും ധന്യതന്നെ. ഹേ കപടപശുപാല! അതിനിടയ്ക്കു് മനോഹരമായ പുഞ്ചിരിയോടുകൂടിയതും ചെറിയ പൂമൊട്ടുകളെപ്പോലെ മനോജ്ഞങ്ങളായ പല്ലുകളുള്ളതും ആയ അങ്ങയുടെ മുഖം കണ്ടു് യശോദ സന്തോഷിച്ചു.

തദനു ചരണചാരീ ദ്വാരകൈസ്സാകമാരാ-
ന്നിലയതതിഷു ഖേലൻ ബാലചാപല്യശാലീ
ഭവനശുകവിലാളാനത്സകാംക്ഷാനുധാവൻ
കഥമപി കൃതഹാസൈർഗ്ഗോപകൈർവ്വാരിതോഭൂഃ ന്യ

പിന്നെ അങ്ങു് പിച്ചവെച്ചു് നടക്കുന്നവനും ശൈശവചാപല്യംകൊണ്ടു് ശോഭിയ്ക്കുന്നവനും ആയി മറ്റു് കുട്ടികളോടുകൂടി ഓരോ വീടുകളിലും കളിച്ചുകൊണ്ടു് വീടുകളിലുള്ള തത്ത, പൂച്ച, കന്നുകുട്ടികൾ എന്നിവയെ പിന്തുടന്നോടിക്കൊണ്ടിരുന്നപ്പോൾ പൊട്ടിച്ചിരിയ്ക്കുന്ന ഗോപബാലന്മാർ എങ്ങിനെയെങ്കിലും അങ്ങയെ അതിൽനിന്നു് തടഞ്ഞു.

ഹലധരസഹിതസ്ത്വം യത്രയത്രോപയാതോ
വിവശപതിതനേത്രാസ്തത്ര തത്രൈവ ഗോപ്യഃ
വിഗളിതഗൃഹകൃത്യാ വിസ്മൃതാപത്യഭൃത്യാ
മുരഹര മുഹുരത്യന്താകുലാ നിത്യമാസൻ ൭

ഹേ മുരാന്തക! അങ്ങു് ബലഭദ്രനോടുകൂടി എവിടെയെല്ലാം പോയിരുന്നുവോ അവിടെയെല്ലാം ഗോപികൾ പരവശമാരായി മതിമറന്നു് നോക്കിക്കൊണ്ടു് വീട്ടുകാര്യങ്ങളും വിട്ടു് സ്വന്തം കുട്ടികളേയും ഭൃത്യന്മാരേയും മറന്നു് വീണ്ടും പ്രതിദിനം പരവശമാരായിത്തീർന്നു.

പ്രതിനവനവനീതം ഗോപികാദത്തമിച്ഛൻ
കളപദമുപഗായൻ കോമളം കാപി നൃത്യൻ
സദയയുവതിലോകൈരപ്പിതം സപ്പിരശ്നൻ
കചന നവവിപകപം ദുശ്ധമപ്യാപിബസ്ത്വം വ

അങ്ങ് ഗോപസ്ത്രീകൾ നല്കുന്ന പുതുവെണ്ണയെക്കൊതിച്ച് അവ്യക്തമധുരപദങ്ങളോടുകൂടി പാടിയും ചിലപ്പോൾ ഭംഗിയിൽ നൃത്തം വെച്ചുകൊണ്ടും കനിഞ്ഞ ഗോപികൾ തരുന്ന നെയ്യ് ഭക്ഷിച്ചുകൊണ്ടും ചിലപ്പോൾ പുതിയതായി കാച്ചിയ പാൽ കുടിച്ചുകൊണ്ടും അവിടെ പാർത്തു.

മമ ഖലു ബലിഗേഹേ യാചനം ജാതമാസ്താ-
മിഹ പുനരബലാനാമഗ്രതോ നൈവ കുർവ്വേ
ഇതി വിഹിതമതിഃ കിംദേവ! സന്ത്യജ്യ യാഞ്ഞാം
ദധിപ്ലുതമഹരസ്ത്വം ചാരുണാ ചോരണേന ൻ

"എനിയ്ക്ക് മഹാബലിയുടെ ഗൃഹത്തിൽചെന്ന് യാചിയ്ക്കേണ്ടതായിവന്നു. അതിരിയ്ക്കട്ടെ ഇവിടെയോ വെറും സ്ത്രീകളുടെ മുമ്പാകെ യാചിയ്ക്കുകയോ! ഒരിയ്ക്കലും ചെയ്യില്ലതന്നെ" എന്നു് തീർച്ചപ്പെടുത്തി അല്ലയോ ദേവ! അങ്ങ് യാചനം വെടിഞ്ഞു് ഭംഗിയേറിയ മോഷണംകൊണ്ടു് തൈരും നെയ്യും കട്ടുതുടങ്ങി.

തവ ദധിപ്ലുതമോഷേ ഘോഷയോഷാജനാനാ-
മഭജത ഹൃദി രോഷോ നാവകാശം ന ശോകഃ
ഹൃദയമപി മുഷിതപാ ഹർഷസിന്ധൌ ന്യധാസ്ത്വം
സമമശമയ രോഗാൻ വാതഗേഹാധിനാഥ! ഫറ

അങ്ങയുടെ തൈരും നെയ്യും കക്കുന്നതിൽ ഗോപികളുടെ മനസ്സിൽ ദ്വേഷ്യമോ ദുഃഖമോ സ്ഥലം പിടിയ്ക്കുകയുണ്ടായില്ല. അങ്ങ് അവരുടെ ഹൃദയവും മോഷണംചെയ്ത് അവരെ സന്തോഷസമുദ്രത്തിലാഴ്ത്തി. അല്ലയോ ഗുരുവായൂരപ്പ! ആ അങ്ങ് എന്റെ രോഗങ്ങളെ തീർക്കേണമേ!

ഇതി നാരായണീയസ്തോത്രേ ദശമസ്കന്ധേ
ബാലലീലാവർണ്ണനം.

ദശകം 46.

വിശ്വരൂപപ്രദർശനം.

അയി ദേവ! പുരാ കില തവയി
സ്വയമുത്താനശയേ സ്തനന്ധയേ
പരിജൃംഭണതോ വ്യപാവൃതേ
വദനേ വിശ്വമചഷ്ട വല്ലവീ ൧

അല്ലയോ ദേവ! പണ്ട് അങ്ങ് സ്വയം മലർന്നുകിടന്നു് മുല കുടിയ്ക്കുമ്പോൾ കോട്ടുവായിട്ടുവാൻ വായ തുറന്നപ്പോൾ അതിൽ യശോദ എല്ലാ ലോകങ്ങളും കണ്ടു.

പുനരപ്യഥ ബാലകൈസ്സമം
തവയി ലീലാനിരതേ ജഗൽപതേ!
ഫലസഞ്ചയവഞ്ചനക്രുധാ
തവ മൽഭോജനമൂചുരർഭകാഃ ൨

പിന്നെ ഒരിയ്ക്കൽ അല്ലയോ ലോകനാഥ! അങ്ങ് കുട്ടികളൊരുമിച്ചു് കളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഫലങ്ങളോരോന്നും ചതിച്ചു് എടുത്തതുകൊണ്ടുള്ള ദ്വേഷം നിമിത്തം അങ്ങ് മണ്ണ് ഭക്ഷിച്ചതു് കുട്ടികൾ പറഞ്ഞു.

അയി! തേ പ്രളയാവധൌ വിഭോ!
ക്ഷിതിതോയാദിസമസ്തഭക്ഷിണഃ
മൃദുപാശനതോ രുജാ ഭവേ–
ദിതി ഭീതാ ജനനീ ചുകോപ സാ ൩

ഹേ പ്രഭോ! പ്രളയാവസാനത്തിൽ ഭൂമി വെള്ളം മുതലായവയെല്ലാം ഭക്ഷിയ്ക്കുന്ന അങ്ങയ്ക്കു് മണ്ണു് തിന്നതുനിമിത്തം രോഗം വരുമെന്നുപേടിച്ചു് ആ യശോദ കോപിച്ചു.

അയി ദുശ്ചിനയാത്മക! തവയാ
കിമു മൃത്സാ ബത വത്സ! ഭക്ഷിതാ
ഇതി മാതൃഗിരം ചിരം വിഭോ!
വിതഥാംതവം പ്രതിജജ്ഞിഷേ ഹസൻ ൪

എടാ വികൃതിക്കുട്ടി! കഷ്ടം നീ മണ്ണു് ഭക്ഷിച്ചുവോ? എന്ന അമ്മയുടെ വാക്കു് കേട്ടു് ഹേ ഭഗവൻ! അങ്ങു് പുഞ്ചിരി പൊ

ഴിഞ്ഞുകൊണ്ടു് വളരെനേരം അതു് നുണയാണെന്നു് പ്രതിജ്ഞ ചെയ്തു.

അയി തേ സകലൈശ്ചിനിശ്ചിതേ
വിമതിശ്ചേദ്വദനം വിധീയ്യതാം
ഇതി മാതൃവിഭത്സിതോ മുഖം
വികസൽപദ്മനിഭം വ്യദാരയഃ ൪

"അല്ലയോ കുട്ടി! ഇതെല്ലാവരും തീരുമാനമായി പറയുമ്പോൾ വിസമ്മതിയ്ക്കുകയാണെങ്കിൽ വായ് തുറക്കു" എന്നു് അമ്മ ശകാരിച്ചു് പറഞ്ഞപ്പോൾ അങ്ങു് വിടർന്ന താമരപോലെയുള്ള വായ് തുറന്നുകാട്ടി.

അപി മുല്ലവദശ്നോൽസുകാം
ജനനീന്താം ബഹുതപ്പയന്നിവ
പൃഥിവീംനിഖിലാം ന കേവലം
ഭുവനാന്യപ്യഖിലാന്യദീദൃശഃ ൫

ഒരു ലേശം മണ്ണെങ്കിലും കണ്ടാൽ കൊള്ളാമെന്നാഗ്രഹിയ്ക്കുന്ന ആ അമ്മയെ ഏറെറവും തൃപ്തിപ്പെടുത്തുവാനോ എന്നു് തോന്നുമാറു് അങ്ങു് ഭൂമി മുഴുവൻ മാത്രമല്ല എല്ലാ ലോകങ്ങളേയും കാണിച്ചുകൊടുത്തു.

കഹചിദ്വനമംബുധിഃ കചിൽ
കചിദഭ്രം കഹചിദ്രസാതലം
മനുജാ ദനുജാഃ കചിൽ സുരാ
ദദൃശേ കിം ന തദാ തദാനനേ ൬

അപ്പോൾ അതിൽ ചില ദിക്കിൽ കാടും മറെറാരിടത്തു് സമുദ്രവും ഒരിടത്തു് ആകാശവും മറെറാരു ദിക്കിൽ രസാതലവും വേറെ ഇടങ്ങളിൽ മനുഷ്യരും ദേവകളും അസുരന്മാരും എന്നിങ്ങിനെ ഏതെല്ലാം അങ്ങയുടെ മുഖത്തിനുള്ളിൽ കാണപ്പെട്ടുകയുണ്ടായില്ല?.

കലശാംബുധിശായിനം പുനഃ
പരവൈകുണ്ഠപദാധിവാസിനം
സപുരശ്ച നിജാർഭകാത്മകം
കതിധാ തദാം ന ദദർശ സാ മുഖേ ൭

അതിനുള്ളിൽ ആ അമ്മ, പാല്കുടലിൽ പള്ളികൊള്ളുന്ന വനായും പിന്നെ മഹത്തായ വൈകുണ്ഠത്തിൽ അധിവസിയ്ക്കുന്നവനായും തന്റെ മുന്നിൽ സ്വപുത്രനായും മറ്റും അങ്ങയെ ഏതെല്ലാം വിധത്തിൽ കാണുകയുണ്ടായില്ല?

വികസൽഭുവനേ മുഖോദരേ
നന്ദ ത്രയോപി തഥാവിധാനനഃ
അനയാസ്സുടമീക്ഷിതോ ഭവാ-
നനവസ്ഥാം ജഗതാം ബതാതനോൽ ൯

ലോകങ്ങളെല്ലാം പ്രകാശിയ്ക്കുന്ന മുഖാന്തർഭാഗത്തിൽ പിന്നെയും താടുശമുഖമുള്ളവനായി അമ്മയാൽ വ്യക്തമായി കാണപ്പെട്ട നിന്തിരുവടി ലോകങ്ങളുടെ അപാരതയെ പ്രകാശിപ്പിയ്ക്കുയും ചെയ്തു.

ധൃതതത്പധിയം തദാ ക്ഷണം
ജനനീന്താം പ്രണയേന മോഹയൻ
സ്തനമംബ! ദിശേത്യുപാസജൻ
ഭഗവന്നത്ഭുതബാല! പാഹിമാം ൧൦

അല്ലയോ അത്ഭുതബാല! ഭഗവൻ! അപ്പോൾ കുറച്ചുനേരം തത്പബുദ്ധിയുണ്ടായ അമ്മയെ പ്രണയംകൊണ്ടു് മോഹിപ്പിച്ചു് അമ്മേ! അമ്മിഞ്ഞ തരു എന്നു് ചൊല്ലി അടുത്തുചെന്ന അങ്ങു് എന്നെ രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ വിശ്വരൂപവർണ്ണനം.

ദശകം 47.

ഉലൂഖലബന്ധഃ

ഏകദാ ദധിവിമാഥകാരിണീം
മാതരം സമുപസേദിവാൻ ഭവാൻ
സ്തന്യലോലുപതയാ നിവാരയ-
ന്നങ്കമേത്യ പപിവാൻ പയോധരൌ ൧

ഒരിയ്ക്കൽ തൈർ കലക്കിക്കൊണ്ടിരുന്ന അമ്മയുടെ അടുത്തണഞ്ഞു് അങ്ങു് മുല കുടിപ്പാനിച്ഛിച്ചുകൊണ്ടു് തടഞ്ഞുകൊണ്ടു് മടിയിലേറി മുല കുടിച്ചു.

അഞ്ചപീതകുചകുഡ്മളേ തപയി
സ്നിഗ്ധഹാസമധുരാനനാംബുജേ
ദുഗ്ധമീശ! ദഹനേ പരിസ്രുതം
ധത്തുമാശു ജനനീ ജഗാമ തേ ൭

അല്ലയോ ഈശ്വര! സ്നേഹത്തോടുകൂടിയ പുഞ്ചിരികൊണ്ടു് മനോഹരമായ മുഖപത്മത്തോടുകൂടിയ അങ്ങു് മുല പകുതി കുടിച്ചുകൊണ്ടിരിയ്ക്കേ അങ്ങയുടെ അമ്മ പാൽ കാച്ചിയിരുന്നതു് തികന്നുപോകുവാൻ ഭാവിയ്ക്കുമ്പോൾ അതെടുപ്പാൻപോയി.

സാമിപീതരസഭംഗസംഗത
ക്രോധഭാരപരിഭൃതചേതസാ
മന്ഥദണ്ഡമുപഗൃഹ്യ പാടിതം
ഹന്ത ദേവ! ദധിഭാജനം തപയാ ൮

ഹേ ദേവ! പകുതി മുല കുടിച്ചു് വിട്ടതുകൊണ്ടുണ്ടായ രസഭംഗം നിമിത്തം ഉടനുണ്ടായ ക്രോധഭാരത്തോടുകൂടിയ അങ്ങു് കടകോലെടുത്തു് തൈക്കുടം ഉടച്ചു.

ഉച്ചലദ്ധ്വനിതമുച്ചകൈസ്തദാ
സന്നിശമ്യ ജനനീ സമാദ്രുതാ
തപ്യശോവിസരവട്ടദം സാ
സദ്യ ഏവ ദധി വിസ്രുതം ക്ഷിതൌ ൯

അപ്പോൾ ഉറക്കെപ്പൊങ്ങിയ ആ ഒച്ച കേട്ടു് അമ്മ ഓടിവന്നു് നോക്കിയപ്പോൾ അങ്ങയുടെ കീർത്തി പരന്നുകിടക്കുന്നതുപോലെ തൈർ നിലത്തു് പരന്നുകിടക്കുന്നതായി ഉടൻ കണ്ടു.

വേദമാർഗ്ഗപരിമാർഗ്ഗിതം രുഷാ
തപാമവീക്ഷ്യ പരിമാർഗ്ഗയന്ത്യസൌ
സന്ദദർശ സുകൃതിന്യലൂഖലേ
ദീയമാനനവനീതമോതവേ ൧൦

ധന്യയായ അവൾ വേദമാർഗ്ഗങ്ങളിൽപോലും അന്വേഷിയ്ക്കപ്പെട്ട അങ്ങയെ കാണാഞ്ഞിട്ടു് ക്രോധത്തോടെ തിരഞ്ഞുനടന്നു. പൂച്ചയ്ക്കു് വെണ്ണ കൊടുക്കുന്ന അങ്ങയെ ആ പുണ്യവതി ഉരലിങ്കൽ കണ്ടെത്തി.

താം പ്രഗൃഹ്യ ബത ഭീതിഭാവനാ
ഭാസുരാനനസരോജമാശു സാ
രോഷരുഷ്ടിതമുഖീ സഖീപുരോ-
ബന്ധനായ രശനാമുപാദദേ ന്യ

അമ്മ ദേഷ്യംകൊണ്ട് ശോഭിയ്ക്കുന്ന മുഖപത്മത്തോട്ടുകൂടി അങ്ങയെ വേഗത്തിൽ എടുത്തു് ക്രോധംകൊണ്ടു് വീണ്ടും കലങ്ങിയ മുഖത്തോട്ടുകൂടിയവളായി സഖിമാരുടെ മുമ്പാകെ അങ്ങയെ കെട്ടുവാൻ കയറെടുത്തു. കഷ്ടം!

ബന്ധുമിച്ഛതി യമേവ സജ്ജന-
സ്തം ഭവന്തമയി! ബന്ധുമിച്ഛതീ
സാ നിയുജ്യ രശനാഗുണാൻ ബഹൂൻ
ദ്വ്യംഗുലോനമഖിലംകിലൈക്ഷത ഭ

സത്തുക്കൾ യാതൊരാളെ ബന്ധുവായി ആഗ്രഹിയ്ക്കുന്നുവോ ആ അങ്ങയെ ബന്ധിപ്പാനാഗ്രഹിച്ചുകൊണ്ടു് അവൾ അനേകം കയറിന്റെ ഇഴകളെ ചേത്തിട്ടും എല്ലാം കഷ്ടിച്ചു് രണ്ടു് വിരലോളം പോരാതെയായി കണ്ടുവത്രെ.

വിസ്മിതോൽസ്മിതസഖീജനേക്ഷിതാം
സന്നിനദ്ധനവപുഷം നിരീക്ഷ്യതാം
നിത്യമുക്തവപുരപ്യഹോ ഹരേ!
ബന്ധമേവ കൃപയാനുമന്യഥാഃ വ

ഹേ വിഷ്ണോ! അത്ഭുതപ്പെട്ടു് പുഞ്ചിരിക്കൊള്ളുന്ന സഖിമാരാൽ നോക്കപ്പെട്ടവളും വിയത്തു് തളർന്ന ശരീരത്തോട്ടുകൂടിയവളും ആയ യശോദയെ കണ്ടു് അങ്ങു് നിത്യമുക്തവിഗ്രഹനാണെങ്കിലും ദയകൊണ്ടു് ബന്ധനത്തെത്തന്നെ സമ്മതിച്ചും ആശ്ചര്യം!

സ്ഥീയതാം ചിരമുലൂഖലേ ഖലേ
ത്യാഗതാ ഭവനമേവ സാ യദാ
പ്രാഗ്രലൂഖലബിലാന്തരേ തദാ
സപ്പിരപ്പിതമദന്നവാസ്ഥിഥാഃ ൻ

"എടാ വികൃതി! ഉരലിന്മേൽത്തന്നെ കുറെ നേരം കിടക്കു" എന്നു് പറഞ്ഞു് യശോദ വീട്ടിലേയ്ക്കു് പോയപ്പോൾ

ആദ്യംതന്നെ ഉരലിന്നുള്ളിൽ ദ്വാരത്തിൽ വെച്ചിരുന്ന വെണ്ണ ഭക്ഷിച്ചുംകൊണ്ടു് അങ്ങു് സ്ഥിതിചെയ്തു.

യദ്യപാശസുഗമോ വിഭോ! ഭവാൻ
സംയതഃ കിമു സപാശയാനയാ
ഏവമാദിവിധിജൈരഭിഷ്ടുതോ
വാതനാഥ! പരിപാഹി മാം ഗദാൽ ൫൦

ഹേ സർവ്വശക്തനായ ഭഗവൻ! അങ്ങു് അപാശന്മാക്കു് (ആശാപാശമില്ലാത്തവക്കു്) എളുപ്പത്തിൽ പ്രാപിപ്പാൻ കഴിയുന്നവനാണെങ്കിൽ സപാശയായ ഈ യശോദയാൽ എങ്ങിനെ കെട്ടപ്പെട്ട എന്നു് തുടങ്ങി ദേവകളാൽ സ്തുതിയ്ക്കപ്പെട്ട. അല്ലയോ ഗുരുവായൂരപ്പാ! അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ഉലൂഖലബന്ധനം.

ദശകം 48.

നളകൂബരമോക്ഷഃ

മുദാ സുരൌഘൈസ്തുമുദാരസമ്മദൈ-
രുദീര്യ്യ ദാമോദര ഇത്യഭിഷ്ടുതഃ
മൃദുദരഃ സൈരമുലൂഖലേലഗ-
ന്നുദൂരതോ ദ്വൌ കകുഭാവുദൈക്ഷതാഃ ൧

ശ്രേഷ്ഠമായ സന്മദം ഉള്ള ദേവസമൂഹങ്ങളാൽ സന്തോഷത്തോടുകൂടി ദാമോദരൻ എന്നു് പറഞ്ഞിട്ടു് സ്തുതിയ്ക്കപ്പെട്ട അങ്ങു് മൃദുവായ ഉദരത്തോടുകൂടി സൈരമാംവണ്ണം ഉരലിൽ ബദ്ധനായിത്തീർന്നശേഷം അകലെയല്ലാതെ രണ്ടു് കകുഭവൃക്ഷങ്ങളെക്കണ്ടു.

കുബേരസൂനുനളകൂബരാഭിധഃ
പരോ മണിഗ്രീവ ഇതി പ്രഥാം ഗതഃ
മഹേശസേവാധിഗതശ്രിയോന്മദൌ
ചിരം കില തദ്വദിമുഖാവഖേലതാം ൨

വൈശ്രവണന്റെ പുത്രന്മാരും നളകൂബരൻ എന്നും മണിഗ്രീവൻ എന്നും പേരിൽ പ്രസിദ്ധി പ്രാപിച്ച രണ്ടുപേർ പരമശിവനെ ഭജിച്ചതുകൊണ്ടുള്ള ഐശ്വര്യംകൊണ്ട് മത്തന്മാരായി അങ്ങയിൽ വിമുഖന്മാരായി വളരെക്കാലം ക്രീഡിച്ചു.

സുരാപഗായാം കില തൌ മദോൽ കടൌ
സുരാപഗായദ്ബഹുയൌവതാവൃതൌ
വിവാസസൌ കേളിപരൌ സ നാരദോ
ഭവൽപദൈകപ്രവണോ നിരൈക്ഷത ൯

മദമത്തന്മാരും കള്ളു് കുടിച്ചു് പാട്ടുന്നവരും അനേകം യുവതികളാൽ ചുറ്റപ്പെട്ടവരും വസ്ത്രം ഉടുക്കാതെ ഗംഗാനദിയിൽ കളിയ്ക്കുന്നവരും ആയ അവരെ അങ്ങയുടെ തൃച്ചേവടികളെ മാത്രം എന്നും ധ്യാനിയ്ക്കുന്ന നാരദമഹർഷി കണ്ടെത്തി.

ഭിയാ പ്രിയാലോകമുപാത്തവാസസം
പുരോ നിരീക്ഷ്യാപി മദാന്ധചേതസൌ
ഇമൌ ഭവൽഭക്ത്യുപശാന്തിസിദ്ധയേ
മുനിർജ്ജഗൌ ശാന്തിമൃതേ കുതസ്സുഖം ൰

പേടികൊണ്ടു് സ്ത്രീകൾ വസ്ത്രമുടുക്കുന്നതു് മുന്നിൽ കണ്ടിട്ടും മദാന്ധഹൃദയന്മാരായ ഇവർക്കു് യാതൊരു കുലുക്കവും ഉണ്ടാകായ്കയാൽ അങ്ങയിൽ ഭക്തിയും ഉപശാന്തിയും ഇവർക്കുണ്ടാകുവാൻ ശപിച്ചു. ശാന്തിയില്ലാതെ സുഖം എവിടെ?

യുവാമവാപ്യൈവ കകുഭാത്മതാംചിരം
ഹരിംനിരീക്ഷ്യാഥ പദം സമാപ്സ്യതം
ഇതീരിതൌ തൌ ഭവദീക്ഷണസ്പൃഹാം
ഗതൌ വ്രജാന്തേ കകുഭൌ ബഭൂവതുഃ ൱

"നിങ്ങൾ രണ്ടാളും അനേകകാലം കകുഭവൃക്ഷങ്ങളുടെ ആകൃതിയെ പ്രാപിച്ചു് ഒടുവിൽ കൃഷ്ണനെ കണ്ടു് സപദം ലഭിയ്ക്കുവിൻ" എന്നു് നാരദനാൽ ശപിയ്ക്കപ്പെട്ട അവർ അമ്പാടിയിൽ നീർമരുതുവൃക്ഷങ്ങളായിത്തീർന്നു് അങ്ങയെ കാണുവാനുള്ള ഉല്ക്കണ്ഠയോടുകൂടി കാത്തിരുന്നു.

അതന്ദ്രമിന്ദ്രദ്വയുഗം തഥാവിധം
സമേയുഷാ മന്ഥരഗാമിനാ തയാ
തിരായിതോലൂഖലരോധനിഷ്ടുതൌ
ചിരായ ജീണ്ണൌ പരിപാതിതൌ തരൂ ന

അപ്രകാരം നില്ക്കുന്ന ആ കകുഭ്വൃക്ഷങ്ങളുടെ സമീപത്തിലേയ്ക്ക് മടിക്കുടാതെ മനോഹരമാംവണ്ണം നടന്നുചെന്ന് അങ്ങയെ കെട്ടിയിരുന്ന ഉരലു് വിലങ്ങത്തിൽ തടയുകയാൽ കടപുഴങ്ങി ദ്രവിച്ച ആ രണ്ടു് മരങ്ങളും താഴെവീണു.

അഭാജി ശാഖിദ്വിതയം യദാ തയാ
തദൈവ തൽഗർഭതലാന്നിരേയുഷാ
മഹാതപിഷ്ടാ യക്ഷയുഗേന തൽക്ഷണാ-
ദഭാജി ഗോവിന്ദ! ഭവാനപി സ്തവൈഃ ൭

അങ്ങു് ആ രണ്ടു് വൃക്ഷങ്ങളും മറിച്ചപ്പോൾത്തന്നെ അവയുടെ ഉള്ളിൽനിന്നു് പുറത്തു് വന്നവരും വലിയ ശോഭയുള്ളവരും ആയ രണ്ടു് യക്ഷന്മാർ അപ്പോൾ സ്തോത്രങ്ങൾകൊണ്ടു് ഹേ ഗോവിന്ദ! അങ്ങയെ ഭജിച്ചു.

ഇഹാന്യഭക്തോപി സമേഷ്യതി ക്രമാൽ
ഭവന്തമേതൌ ഖലു രുദ്രസേവകൌ
മുനിപ്രസാദാദ്ഭവദംഘ്രിമാഗതൌ
ഗതൌ വൃണാനൌ ഖലു ഭക്തിമുത്തമാം വ

ഈ ലോകത്തിൽ മറ്റു് ഭക്തന്മാരും ക്രമേണ അങ്ങയെ പ്രാപിയ്ക്കും. ശിവസേവകന്മാരായ ഇവർ രണ്ടുപേരും നാരദന്റെ അനുഗ്രഹംകൊണ്ടു് നിന്തിരുവടിയുടെ പാദങ്ങളെ പ്രാപിയ്ക്കുകയും അങ്ങയിൽനിന്നു് ശ്രേഷ്ഠഭക്തിയെ പാടിച്ചുകൊണ്ടു് പോവുകയും ചെയ്തു.

തതസ്തദുദ്ദാരണദാരുണാരവ-
പ്രകംപിസംപാതിനി ഗോപമണ്ഡലേ
വിലജ്ജിതപ്രജ്ജനനീമുപേക്ഷിണാ
വ്യമോക്ഷി നന്ദേന ഭവാൻ വിമോക്ഷദഃ ൻ

അനന്തരം ഗോപന്മാരെല്ലാം ആ മരങ്ങൾ പൊട്ടിത്തകർന്ന ഭയങ്കരശബ്ദം കേട്ടു് പരിഭ്രമിച്ചു് വന്നുചേർന്നപ്പോൾ ലജ്ജിത

യായ അങ്ങയുടെ അമ്മയുടെ മുഖത്തേയ്ക്ക് നോക്കുന്ന നന്ദനാൽ മോക്ഷദാതാവായ അങ്ങ് മോചിയ്ക്കപ്പെട്ടു.

മഹീരുഹോന്മദ്ധ്യഗതോ ബതാർഭകോ
ഹരേഃ പ്രഭാവാദപരിക്ഷതോധുനാ
ഇതി ബ്രുവാണൈർഗ്ഗമിതോ ഗൃഹംഭവാൻ
മരുൽപുരാധീശ്വര! പാഹി മാം ഗദാൽ ൫൦

വൃക്ഷങ്ങളുടെ നടുവിലപ്പെട്ട കുട്ടിയ്ക്ക് ഇപ്പോൾ മഹാവിഷ്ണുവിന്റെ മാഹാത്മ്യത്താൽ കേടൊന്നും വന്നില്ല ആശ്ചര്യം എന്നു് പറയുന്ന നന്ദാദികളാൽ അങ്ങ് ഗൃഹത്തെ നയിയ്ക്കപ്പെട്ടു. അല്ലയോ ഗുരുവായൂരപ്പ! ആ അങ്ങ് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ.

ഇതി ശ്രീമന്നാരായണീയസ്തോത്രേ ദശമസ്കന്ധേ
നളക്രുബരമോക്ഷഃ

ദശകം 49.

വൃന്ദാവനഗമനവർണ്ണനം.

ഭവൽപ്രഭാവാവിദുരാ ഹി ഗോപാ-
സ്തരുപ്രപാതാദികമത്ര ഗോഷ്ഠേ
അഹേതുമുല്പാതഗണം വിശങ്ക്യ
പ്രയാതുമന്യത്ര മനോ വിതേനുഃ ൧

പശുപാലന്മാർ അങ്ങയുടെ മാഹാത്മ്യം അറിയാതെ ഈ ഗോകുലത്തിൽ ഒരു കാരണവുമില്ലാതെ മരം പൊട്ടിത്തകർന്നു് വീഴുകയും മറ്റും നേരിട്ടുന്നതു് ദുശ്ശകുനങ്ങളാണെന്നു് സംശയിച്ചു് വേറെ വല്ല ദിക്കിലും പോകണമെന്നു് വിചാരിച്ചുതുടങ്ങി.

തത്രോപനന്ദാഭിധഗോപവര്യോ
ജഗൌ ഭവൽപ്രേരണയൈവ നൂനം
ഇതഃ പ്രതീച്യാം വിപിനം മനോജ്ഞം
വൃന്ദാവനം നാമ വിരാജതീതി ൨

അവിടെ ഉപനന്ദൻ എന്നു് പേരായ ഒരു ഗോപശ്രേഷ്ഠൻ അങ്ങയുടെ പ്രേരണകൊണ്ടുതന്നെ "ഇതിനു് പടിഞ്ഞാറുഭാഗത്തു് മനോഹരമായി വൃന്ദാവനം എന്നു് പേരായി ഒരു വനം ശോഭിയ്ക്കുന്നുണ്ടു്" എന്നുപറഞ്ഞു.

ബൃഹദ്വനം തൽ ഖലു നന്ദമുഖ്യാ
വിധായ ഗൌഷ്ഠീനമഥ ക്ഷണേന
തദ്വനപിതപ്രജനനീനിവിഷ്ട-
ഗരിഷ്ഠയാനാനുഗതാ വിചേലുഃ ൯

അനന്തരം വേഗത്തിൽ നന്ദപ്രഭൃതിഗോപന്മാർ ആ വലിയ വനത്തെ ഗോഷ്ഠസാധാരണമാക്കിത്തീർത്തു് അങ്ങയോട്ടക്രുടി മാതാവു് ഇരിയ്ക്കുന്ന ശ്രേഷ്ഠമായ വാഹനത്തെ പിന്തുടർന്നുകൊണ്ടു് യാത്രയായി.

അനോമനോജ്ഞദ്വനിധേനുപാളീ
ഖുരപ്രണാദാന്തരതോ വധൂഭിഃ
ഭവദ്വിനോദാലപിതാക്ഷരാണി
പ്രപീയ നാജ്ഞായത മാർഗ്ഗദൈർഘ്യം ൧൦

ശകടത്തിന്റെ കർണ്ണാനന്ദകരമായ ശബ്ദംകൊണ്ടും പശുക്കൂട്ടത്തിന്റെ കുളമ്പടിശബ്ദംകൊണ്ടു് രസിപ്പിയ്ക്കുന്നതിനിടയ്ക്കു് അങ്ങയുടെ വിനോദസംഭാഷണാക്ഷരങ്ങൾ കേട്ടു് സ്ത്രീകൾ വഴിയുടെ ദൂരം അറിഞ്ഞതേ ഇല്ല.

നിരീക്ഷ്യ വൃന്ദാവനമീശ! നന്ദൽ
പ്രസൂനകുന്ദപ്രമുഖദ്രുമൌഘം
അമോദഥാശ്ലാഘലസാന്ദ്രലക്ഷ്മ്യാ
ഹരിന്മണീകുട്ടിമപുഷ്ടശോഭം ൧൧

ഹേ ഈശ്വര! വിരിഞ്ഞ മുല്ലവള്ളികളോടും വൃക്ഷസമൂഹത്തോടും കൂടിയ പച്ചപ്പുല്ലുകൾ ഇടതൂർന്നുനിൽക്കുന്ന ശോഭയാൽ ഇന്ദ്രനീലക്കല്ലു് വിരിച്ച തളംപോലെ ശോഭിയ്ക്കുന്നതും ആയ ആ വൃന്ദാവനം കണ്ടു് അങ്ങു് സന്തോഷിച്ചു.

നവാകനിച്ഛൃഡനിവാസഭേദേ-
ഷ്വപശ്യഗോപേഷു സുഖാസിതേഷു
വനശ്രിയം ഗോപകിശോരപാളീ-
വിമിശ്രിതഃ പശ്യവലോകഥാസ്ഥം ന്യ

എല്ലാ ഗോപന്മാരും പുതുതായി കെട്ടിയുണ്ടാക്കിയ മനോജ്ഞങ്ങളായ ഓരോ ഗൃഹങ്ങളിൽ സുഖമായി ഇരുന്നപ്പോൾ അങ്ങ് ഗോപബാലന്മാരോട് ചേർന്ന് വനലക്ഷ്മിയെ ചുറ്റിസഞ്ചരിച്ച് നോക്കി.

അരാളമാഗ്ഗാഗതനിർമ്മലാപാം
മരാളകൂജാകൃതനമ്മലാപാം
നിരന്തരസ്മേരസരോജവക്ത്രാം
കളിന്ദകന്യാം സമലോകയസ്ഥം ൭

വളഞ്ഞ വഴിയെ പ്രാപിച്ച നിർമ്മലജലത്തോടുകൂടിയതും അരയന്നങ്ങളുടെ കളക്വജനംകൊണ്ട് നമ്മാലാപംചെയ്യപ്പെട്ടതും നല്ലവണ്ണം പൂഞ്ചിരിക്കൊള്ളുന്ന താമരപ്പൂക്കളാകുന്ന മുഖത്തോടുകൂടിയതും ആയ കാളിന്ദീനദിയെ അങ്ങ് കണ്ടു.

മയൂരകേകാശതലോഭനീയം
മയൂഖമാലാശബളംമണീനാം
വിരിഞ്ചലോകസ്പൃശമുച്ചശൃംഗൈ-
ർഗ്ഗിരിഞ്ച ഗോവർദ്ധനമൈക്ഷഥാസ്ഥം വ

മയിലുകളുടെ കേകാരവങ്ങളാൽ പ്രലോഭിപ്പിയ്ക്കുന്നതും, രത്നങ്ങളുടെ രശ്മിസമൂഹംകൊണ്ട് നാനാവർണ്ണങ്ങളുള്ളതും, ഉയർന്ന കൊടുമുടികളെക്കൊണ്ട് ബ്രഹ്മലോകത്തെ സ്പർശിയ്ക്കുന്നതും ആയ ഗോവർദ്ധനപർവ്വതത്തെ അങ്ങ് കണ്ടു.

സമം തതോ ഗോപകുമാരകൈസ്ത്വം
സമന്തതോ യത്ര വനാന്തമാഗാഃ
തതസ്തതസ്ത്വാം കുടിലാമപശ്യഃ
കളിന്ദജാം രാഗവതീമിവൈകാം ൻ

അനന്തരം നിന്തിരുവടി ഗോപബാലന്മാരോട്ടുക്കൂടി എവിടെയെല്ലാം വനാന്തരങ്ങളിൽ ചുറ്റിനടന്നുവോ അവിടെയെല്ലാം അനുരാഗവതിയായ നായികയെപ്പോലെ വളഞ്ഞുപോകുന്ന കാളിന്ദിയെ കണ്ടു.

തഥാവിധേസ്മിൻവിപിനേ പശവ്യേ
സമുൽസുകോ വത്സഗണപ്രചാരേ
ചരൻ സരാമോഥ കുമാരകൈസ്ത്വം
സമീരഗേഹാധിപ! പാഹിരോഗാൽ ൫൦

അല്ലയോ ഗുരുവായൂരപ്പ! അപ്രകാരം പശുക്കൾക്കു് ഹിതമായ ഈ വൃന്ദാവനത്തിൽ കാലിക്കൂട്ടം മേയ്ക്കുവാൻ ബദ്ധശ്രദ്ധനായിട്ടു് ഗോപബാലന്മാരോട്ടുക്കൂടി സഞ്ചരിയ്ക്കുന്ന അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ദശമസ്കന്ധേ വൃന്ദാവനയാത്രാവർണ്ണനം.

ദശകം 50.

വത്സബകാസുരവധഃ

തരളമധുകൃദ്വൃന്ദേ വൃന്ദാവനേഥ മനോഹരേ
പശുപശിശുഭിസ്സാകം വത്സാനപാലനലോലുപഃ
ഹലധരസഖോ ദേവ! ശ്രീമൻവിചേരിഥ ധാരയൻ
ഗവലമുരളീവേത്രം നേത്രാഭിരാമതനുദ്യുതിഃ ൧

അല്ലയോ ശ്രീയോടുക്കൂടിയ ദേവ! അതിനുശേഷം ബലഭദ്രനാകുന്ന സഖാവോടുക്കൂടിയവനായി കണ്ണുകളെ രമിപ്പിയ്ക്കുന്ന ശോഭയോടുക്കൂടിയവനായിരിയ്ക്കുന്ന അങ്ങു് പറകുന്ന വണ്ടിന്റെ സമൂഹത്തോടുക്കൂടിയതും മനോഹരവും ആയ വൃന്ദാവനത്തിൽ കന്നുകുട്ടികളെ മേയ്ക്കുന്നതിനു് ഉത്സുകനായിട്ടു് കൊമ്പും ഓടക്കുഴലും ചൂരലും ധരിച്ചുകൊണ്ടു് പശുപാലബാലന്മാരോട്ടുക്കൂടി സഞ്ചരിച്ചു.

വിഹിതജഗതീരക്ഷം ലക്ഷ്മീകരാംബുജലാളിതം
ദധതി ചരണദ്വന്ദ്വം വൃന്ദാവനേ തവയി പാവനേ
കിമിവ ന ബഭൂവേ സംപത്സംപൂരിതംതരുവല്ലരീ-
സലിലധരണീഗോത്രക്ഷേത്രാദികം കമലാപതേ ൨

അല്ലയോ ലക്ഷ്മീകാന്ത! ലോകത്തിന്നു് രക്ഷയെ ചെയ്യുന്നതും ലക്ഷ്മീഭഗവതിയുടെ പാണിപദ്മങ്ങളാൽ ലാളിയ്ക്കപ്പെട്ടതും ആയ നിന്തിരുവടിയുടെ തൃപ്പാദങ്ങൾ പാവനമായ വൃന്ദാവനത്തിൽ പതിഞ്ഞപ്പോൾ വൃക്ഷങ്ങൾ വള്ളികൾ വെള്ളം ഭൂമി പർവ്വതം ക്ഷേത്രം മുതലായവ ഏതെല്ലാം സമ്പൽസമൃദ്ധമായി ശോഭിയ്ക്കയുണ്ടായില്ല?

വിലസദുലപേ കാന്താരാന്തേ സമീരണശീതളേ
വിപുലയമുനാതീരേ ഗോവർദ്ധനാചലമൂർദ്ധസു
ലളിതമുരളീനാദഃ സഞ്ചാരയൻ ഖലു വാത്സകം
കപചന ദിവസേ ദൈത്യം വത്സാകൃതിം തപമൂടൈക്ഷഥാഃ നാ

ശോഭിയ്ക്കുന്ന തൃണവിശേഷങ്ങളോടുകൂടിയ വനഭൂവിലും ഇളംകാറ്റുകൊണ്ടു് ശീതളമായും വിശാലവും ആയ യമുനാനദീതീരത്തിലും ഗോവർദ്ധനാദ്രിയുടെ കൊടുമുടികളിലും മനോഹരമായ ഓടക്കുഴലിന്റെ ശബ്ദത്തോടുകൂടി പശുക്കുട്ടികളെ മേച്ചു നടക്കുന്ന അങ്ങു് ഒരിക്കൽ പശുക്കുട്ടിയുടെ ആകൃതിയിലുള്ള അസുരനെ കണ്ടു.

രഭസവിലസൽപുച്ഛം വിച്ഛായതോസ്യ വിലോകയൻ
കിമപി വലിതസ്കന്ധം രന്ധ്രപ്രതീക്ഷമുദീക്ഷിതം
തമഥ ചരണേ ബിഭ്രദ്വിഭ്രാമയന്മുഹുരുച്ചകൈഃ
കുഹചന മഹാവൃക്ഷേ ചിക്ഷേപിഥ ക്ഷതജീവിതം ൪

വേഗത്തിൽ വാലിളക്കി സഞ്ചരിയ്ക്കുന്ന ആ അസുരന്റെ കഴുത്തു് തിരിച്ചു് പഴുതു് നോക്കിക്കൊണ്ടിരുന്ന നോട്ടം കണ്ടു് അവനെ കാലിൽ ചുറ്റിപ്പിടിച്ചു് വീണ്ടും വീണ്ടും വേഗം ചുഴറ്റിക്കൊണ്ടു് ജീവനെ നശിപ്പിച്ചു് ഏതോ ഒരു മരത്തിന്മേലേയ്ക്കു് എറിഞ്ഞു.

നിപതതി മഹാദൈത്യേ ജാത്യാ ദുരാത്മനിതൽക്ഷണം
നിപതനജവക്ഷുണ്ണക്ഷോണീരുഹക്ഷതകാനനേ
ദിവി പരിമിളദ്വന്ദാ വൃന്ദാരകാഃ കുസുമോൽകരൈഃ
ശിരസി ഭവതോ ഹൃഷ്ടാഃ പുഷ്ടന്തി നാമ തദാ ഹരേ! ൫

ഹേ വിഷ്ണുഭഗവൻ! പ്രകൃത്യാ ദുഷ്ടാശയനും വീര്യയുടെ ശക്തികൊണ്ടു് പൊടിഞ്ഞ മരങ്ങളെക്കൊണ്ടു് നശിപ്പിച്ച വനത്തോ

ട്ടുക്രൂടിയവനും ആയ ആ മഹാസുരൻ വീഴുമ്പോൾ ആകാശത്തിൽ കൂട്ടമായി ഒന്നിച്ചുചേർന്ന് നില്ക്കുന്ന ദേവന്മാർ ഹർഷം ഹേതുവായിട്ട് പുഷ്പസമൂഹങ്ങൾകൊണ്ടു് അങ്ങയുടെ ശിരസ്സിൽ വർഷിച്ചു.

സുരഭിലതമാ മൂർധന്യർധ്വം കൃതഃ കുസുമാവലീ
നിപതതി തവേത്യുക്തോ ബാലൈസ്സഹേലമുദൈരയഃ
ത്വടിതി ദനുജക്ഷേപേണോർധ്വംഗതസ്തരുമണ്ഡലാൽ
കുസുമനികരസ്സോയം നൂനംസമേതി ശനൈരിതി ന്യ

ഏറ്റവും പരിമളമുള്ള പുഷ്പങ്ങളുടെ ക്രൂരം മുകളിൽ എവിടെനിന്നാണു് അങ്ങയുടെ ശിരസ്സിൽ വന്നുവീഴുന്നതു് എന്നു് കൂട്ടികൾ ചോദിച്ചപ്പോൾ അസുരനെ എറിഞ്ഞതുകൊണ്ടു് വൃക്ഷസമൂഹത്തിൽനിന്നു് മേല്പോട്ടുപോയ പുഷ്പങ്ങൾ തീർച്ചയായും പതുക്കെ വീഴുന്നതാകണം എന്നു് അങ്ങു് കളിയായി അവരോടു് പറഞ്ഞു.

കപചന ദിവസേ ത്രയോത്രയസ്തരേ പരുഷാതപേ
തപനതനയാപാഥഃ പാതും ഗതാ ഭവദാദയഃ
ചലിതഗരുതം പ്രേക്ഷ്യാമാസുർബകം ഖലു വിസ്മിതം
ക്ഷിതിധരഗുരുച്ഛേദേ കൈലാസശൈലമിവാപരം ൭

പിന്നെ പൊരിഞ്ഞ വെയിൽ ഉള്ള ഒരു ദിവസം കാളിന്ദിയിലെ വെള്ളം കുടിപ്പാൻ പോയ അങ്ങു് മുതൽപരേ ഇന്ദ്രൻ മലകളുടെ ചിറകു് മുറിച്ചപ്പോൾ നിശ്ചയമായും മറന്ന മറെറാരു കൈലാസപർവ്വതംപോലെ, ചിറകു് വിരുത്തി നിൽക്കുന്ന ബകനെ കണ്ടു.

പിബതി സലിലം ഗോപവ്രാതേ ഭവന്തമഭിദ്രുത
സ കില നിഖിലന്നഗിപ്രഖ്യം പുനർദ്രുതമുദ്യമൻ
ദലയിതുമഗാൽ തോട്യുഃകോട്യാ തദാശ്രു ഭവാൻ വിഭോ!
ഖലജനഭിദാചുഞ്ചുശ്ചഞ്ചൂ പ്രഗൃഹ്യ ദദാര തം വ

ഗോപാലസമൂഹം വെള്ളം കുടിയ്ക്കുമ്പോൾ അവൻ അങ്ങയുടെ നേരെ എതിർത്തുവന്നു് അങ്ങയെ വിഴുങ്ങി ഉടൻ തീ പോലെയുള്ള അതു് ഛർദ്ദിച്ചു. കൊക്കിന്റെ അറ്റംകൊണ്ടു് അങ്ങ

യെ പിളക്കുവാൻ ഭാവിച്ചു. അല്ലയോ വിഭോ! അപ്പോൾ നിന്തിരുവടി ഉണ്ണന്മാരെ പിളക്കുന്നതിനു് സമർത്ഥനാകയാൽ കൊക്കിൽ കടന്നുപിടിച്ചു് അതിനെ പിളന്നു.

സപദി സഹജാം സംദ്രഷ്ടും വാ മൃതാം ഖലു പൂതന-
മനുജമഖമപ്യഗ്രേ ഗത്വാ പ്രതീക്ഷിതുമേവ വാ
ശമനനിലയംയാതേ തസ്മിൻ ബകേ സുമനോഗണേ
കിരതി സുമനോവൃന്ദം വൃന്ദാവനാൽ ഗൃഹമൈയഥാഃ ൯

മരിച്ച സോദരിയായ പൂതനയെ വേഗം കാണ്മാനോ അനുജനായ അഘാസുരനെ മുൻകൂട്ടിതന്നെ ചെന്നു് കാത്തുനില്പാനോ ആ ബകാസുരൻ കാലഗൃഹം പ്രാപിച്ചപ്പോൾ ദേവഗണം പുഷ്പവർഷം ചെയ്ത സമയം അങ്ങു് വൃന്ദാവനത്തിൽനിന്നു് സഭാഗൃഹത്തിലേയ്ക്കു് പോയി.

ലളിതമുരളീനാദം ദൂരാന്നിശമ്യ വധൂജനൈ-
സ്ത്വരിതമുപഗമ്യാരാദാരൂഢമോദമുദീക്ഷിതഃ
ജനിതജനനീനന്ദാനന്ദസ്സുമീരണമന്ദിര-
പ്രഥിതവസതേ ശൌരേ! ദൂരീകുരുഷ്വ മമാമയാൻ ൧൦

ഗുരുവായൂർ ക്ഷേത്രത്തിൽ പ്രസിദ്ധമായ വാസത്തോടുകൂടിയ ശൌരേ! അകലെനിന്നു് മനോഹരമായ ഓടക്കുഴൽവിളി കേട്ടു് സ്ത്രീകളാൽ വേഗംചെന്നു് സന്ദർശിയ്ക്കപ്പെട്ടവനും അച്ഛനമ്മമാക്കു് സന്തോഷം ജനിപ്പിച്ചവനും ആയ അങ്ങു് എന്റെ രോഗങ്ങളെ ദൂരീകരിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
വത്സബകാസുരനിഗ്രഹഃ

ദശകം 51.

അഘാസുരവധാഖ്യാനം.

കദാചന വ്രജശിശുഭിസ്സമം ഭവാൻ
വനാശനേ വിഹിതമതിഃ പ്രഗേതരാം
സമാവൃതോ ബഹുതരവത്സമണ്ഡലൈഃ
സതേമനൈസ്സിരഗമദീശ! ജേമനൈഃ ൧

ഹേ ഈശ്വര! ഒരിയ്ക്കൽ നിന്തിരുവടി ഗോപബാലന്മാരോടുകൂടി വനഭോജനത്തിൽ കൃതമതിയായി പലപ്രകാരത്തിലുള്ള കന്നുകുട്ടികളാൽ പരിവൃതനായി ചോറും കറികളും എടുത്തു് പ്രഭാതത്തിൽ പുറപ്പെട്ടു.

വിനിഘ്നതസ്ത്വ ചരണാംബുജദ്വയാ-
ദുദഞ്ചിതം ത്രിഭുവനപാവനം രജഃ
മഹർഷയഃ പുളകധരൈഃ കളേബരൈ-
രുദ്വഹിരേ ധൃതഭവദീക്ഷണോത്സവാഃ ൨

നടന്നുപോകുന്ന അങ്ങയുടെ രണ്ടു് പാദപങ്കജങ്ങളിൽനിന്നു് പുറപ്പെടുന്നതും ത്രൈലോക്യം പരിശുദ്ധമാക്കുന്നതും ആയ പൊടിയെ മഹർഷിമാർ ഭവദ്ദർശനോത്സവസുഖം വഹിച്ചു് രോമാഞ്ചകഞ്ചുകിതരായി ആണിഞ്ഞു.

പ്രചാരയത്യവിരളശാദ്വലേ തലേ
പശൂൻ വിഭോ! ഭവതി സമം കുമാരകൈഃ
അഘാസുരോ ന്യരുണദ്ഘായ വർത്മനീം
ഭയാനകസ്സ്വപദി ശയാനകാകൃതിഃ ൩

ഹേ വിഭോ! അവിടുന്നു് ഗോപബാലന്മാരോടുകൂടി പച്ചപ്പുല്ലു് തഴച്ച പ്രദേശങ്ങളിൽ പശുക്കളെ നടത്തിക്കൊണ്ടിരിയ്ക്കുമ്പോൾ പെരുമ്പാമ്പിന്റെ ആകൃതിയിൽ ഭയങ്കരനായി അഘാസുരൻ പാപകർമ്മത്തിന്നായി വഴി വേഗം തടഞ്ഞു.

മഹാചലപ്രതിമതനോർഗ്രഹാനിഭ-
പ്രസാരിതപ്രഥിതമുഖസ്യ കാനനേ
മുഖോദരം വിഹരണകൌതുകാൽ ഗതാഃ
കുമാരകാഃ കിമപി വിദൂരഗേ തപയി ൪

അങ്ങു് സ്വല്പം അകലെയായിരിയ്ക്കുമ്പോൾ വലിയ പർവ്വതത്തിന്നു് സദൃശമായ ശരീരത്തോടുകൂടിയവനും ഗ്രഹപോലെ പിളർത്തിയ മുഖത്തോടുകൂടിയവനും ആയ അവന്റെ വായിനുള്ളിൽ കളിയ്ക്കുവാനുള്ള സന്തോഷംകൊണ്ടു് കുമാരന്മാർ കടന്നു.

പ്രമാദതഃ പ്രവിശതി പന്നഗോദരം
കഥത്തനൌ പശുപകുലേ സവാത്സകേ
വിദന്നിദം തമഹി വിവേശിഥ പ്രഭോ!
സുഹൃജ്ജനം വിശരണമാശു രക്ഷിതും ൪

പശുക്കുട്ടികളോടുകൂടിയ ഗോപകുമാരന്മാർ എന്തോ അനവധാനത നിമിത്തം സർപ്പത്തിന്റെ വയറ്റിൽ പ്രവേശിച്ചു. ഉടൻ തിളച്ചുതുടങ്ങിയപ്പോൾ അല്ലയോ പ്രഭോ! അങ്ങ് അറിഞ്ഞു് അശരണരായ ചങ്ങാതികളെ വേഗം രക്ഷിയ്ക്കുവാൻ കടന്നു.

ഗളോദരേ വിപുലിതവർഷ്മണാ തവയാ
മഹോരഗേ ലുഠതി നിരുദ്ധമാരുതേ
ദൃതം ഭവാൻ വിദലിതകണ്ഠമണ്ഡലോ
വിമോചയൻ പശുപപശൂൻ വിനിർഗ്ഗയൌ ൫

കഴുത്തിനകത്തുവെച്ചുതന്നെ അങ്ങ് ശരീരം വലുതാക്കിയപ്പോൾ ശ്വാസം തടഞ്ഞ ആ വലിയ സർപ്പം ഉരുണ്ടുതുടങ്ങിയപ്പോൾ അങ്ങ് വേഗം അതിന്റെ കഴുത്ത് കീറി പശുപാലന്മാരേയും പശുക്കളേയും മോചിപ്പിച്ചു് യാത്രയായി.

ക്ഷണം ദിവി തദുപഗമാത്ഥമാസ്ഥിതം
മഹാസുരപ്രഭവമഹോ മഹോ മഹൽ
വിനിർഗ്ഗതേ തവയിതുനിലീനമഞ്ജസാ
നഭസ്ഥലേ നനൃതുരഥോ ജഗുഃ സുരാഃ ൬

അങ്ങയെ പ്രാപിയ്ക്കുവാൻ സല്പനേരം ആകാശത്തിൽ നിന്നതും മഹാസുരനിൽനിന്നുത്ഭവിച്ചതും അതിദീപ്തിമത്തും ആയ ഒരു അത്ഭുതതേജസ്സ് പുറത്തുവന്നു് വേഗം അങ്ങയിൽ ലയിച്ചു. അപ്പോൾ ആകാശത്തിൽ ദേവന്മാർ നൃത്തം വെയ്ക്കുകയും തദുപദാനത്തെപ്പറ്റി പാടുകയും ചെയ്തു.

സവിസ്മയൈഃ കമലഭവാദിഭിഃസുരൈ-
രനുദ്രുതസ്തദനുഗതഃ കുമാരകൈഃ
ദിനേ പുനസ്തരുണദശാമുപേയുഷി
സഖൈർവനാന്തമഥ ഭോജനോത്സവം ൭

അത്ഭുതപ്പെട്ടു് നില്ക്കുന്ന ബ്രഹ്മാദിദേവന്മാർ പിന്തുടരുന്ന അങ്ങു് പിന്നെ ഗോപന്മാരോടുകൂടി നടന്നു. ദിവസം യൌവ്വ

നം പ്രാപിച്ചപ്പോൾ (ഉച്ചയായപ്പോൾ) അങ്ങ് സ്വന്തം ആൾക്കാരോടുകൂടി ഭക്ഷണോത്സവം നടത്തി.

വിഷാണികാമപി മുരളീം നിതംബകേ
നിവേശയൻ കബളധരഃ കരാംബുജേ
പ്രാഹസയൻ കളവചനൈഃ കുമാരകാൻ
ബുഭോജിഥ ത്രിദശഗണൈർമുദാ വൃതഃ ൯

കൊമ്പും ഓടക്കുഴലും നിതംബത്തിൽ വെച്ച്, പാണിപദ്മത്തിൽ ചോറുള്ള ഏടുത്തു്, രസിപ്പിയ്ക്കുന്ന വാക്കുകൾകൊണ്ടു് ഗോപന്മാരെ ചിരിപ്പിച്ചുകൊണ്ടു് സന്തോഷത്തോടെ ദേവന്മാരാൽ സ്തുതിയ്ക്കപ്പെട്ട അങ്ങു് ഭക്ഷണം കഴിച്ചു.

സുഖാശനന്തവിഹ തവ ഗോപമണ്ഡലേ
മഖാശനാൽ പ്രിയമിവ ദേവമണ്ഡലേ
ഇതി സ്തുതസ്ത്രിദശവരൈർജ്ജഗൽപതേ!
മരുൽപുരീനിലയ! ഗദാൽപ്രപാഹിമാം ൧൦

അല്ലയോ ലോകനാഥനായ ഗുരുവായൂരപ്പ! ഈ ഗോപസമൂഹത്തിലിരുന്നുള്ള അങ്ങയുടെ സുഖഭക്ഷണം ദേവസമൂഹത്തിലിരുന്നുകൊണ്ടുള്ള യാഗഭക്ഷണത്തേക്കാൾ പ്രിയമാണോ എന്നു് തോന്നും എന്നു് ദേവശ്രേഷ്ഠന്മാരാൽ സ്തുതിയ്ക്കപ്പെട്ട അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയസ്തോത്രേ ദശമസ്കന്ധേ
അഘാസുരവധാഖ്യാനം.

ദശകം 52.

വത്സാപഹാരഃ

അന്യാവതാരനികരേഷ്വനിരീക്ഷിതം തേ
ഭ്രമാതിരേകമഭിവീക്ഷ്യ തദാഘമോക്ഷേ
ബ്രഹ്മാ പരീക്ഷിതുമനാഃ സ പരോക്ഷഭാവം
നിന്യേഥ വത്സകഗണാൻ പ്രവിതത്യ മായാം ൧

മറ്റു് അവതാരങ്ങളുടെ കൂട്ടത്തിൽ കാണപ്പെടാത്ത അങ്ങയുടെ മാഹാത്മ്യാധിക്യത്തെ അഘാസുരമോക്ഷത്തിൽ വെച്ചു്

കണ്ടു് ആ ബ്രഹ്മാവു് ഒന്നു് പരീക്ഷിയ്ക്കുവാൻ തീർച്ചപ്പെടുത്തി മായാവിദ്യയെ പ്രകടിപ്പിച്ചു് പശുക്കുട്ടികളെ വേഗം കാണാതെയാക്കി.

വത്സാനവീക്ഷ്യ വിവശേ പശുപോൽകരേ താ-
നാനേതുകാമ ഇവ ധാതുമതാനുവത്തീ
തപം സാമിഭക്തകബലോ ഗതവാംസ്തദാനീം
ഭുക്താംസ്തിരോധിത സരോജഭവഃ കുമാരാൻ ൫

പശുക്കുട്ടികളെ കാണാഞ്ഞിട്ടു് പശുപാലന്മാർ പരവശന്മാരായപ്പോൾ അവയെ കൊണ്ടുവരുവാൻ ആഗ്രഹിയ്ക്കുന്നവൻ എന്നപോലെ ബ്രഹ്മാവിന്റെ വിചാരത്തെ അനുവർത്തിയ്ക്കുന്ന അങ്ങു് ഉണ്ണു് പകുതിയായപ്പോൾ പോയി. അപ്പോൾ ബ്രഹ്മാവു് ഉണ്ണു് കഴിച്ചുകൊണ്ടിരുന്ന ഗോപബാലന്മാരേയും മറച്ചു.

വത്സായിതസ്തദനു ഗോപഗണായിതസ്ത്വം
ശിക്യാദിഭാണ്ഡമുരളീഗവലാദിരൂപഃ
പ്രാഗ്വദവിശ്യ വിഹിനേഷു ചിരായ സായം
തപം മായയാഥ ബഹുധാ വ്രജമായയാഥ ൬

അനന്തരം അങ്ങു് മായകൊണ്ടു് പശുക്കുട്ടികളായിട്ടും, ഗോപസമൂഹങ്ങളായിട്ടും ഉറി മുതലായ സാമാനങ്ങളായിട്ടും ഓടക്കുഴലായും, കൊമ്പായും മറവും ആകൃതിയെ വഹിച്ചു് പണ്ടത്തെപ്പോലെ കാടുകളിൽ വളരെനേരം പലപ്രകാരം വിഹരിച്ചു് സന്ധ്യയ്ക്കു് ഗോകുലത്തിലേയ്ക്കുതന്നെ വന്നുചേർന്നു.

താമേവ ശിക്യഗവലാദിമയം ദധാനോ
ഭൂയസ്ത്വമേവ പശുവത്സകബാലരൂപഃ
ഗോരൂപിണീഭിരപി ഗോപവധൂമയീഭി-
രാസാദിതോസി ജനനീഭിരതിപ്രഹർഷാൽ ൭

വീണ്ടും പശുക്കുട്ടികളും ബാലന്മാരും ആയിത്തീർന്ന അങ്ങു് തന്നെ ഉറി, കൊമ്പു് മുതലായവയുടെ ആകൃതിയെ വഹിച്ച അങ്ങയെത്തന്നെ പശുക്കളുടേയും ഗോപസ്ത്രീകളുടേയും രൂപം ധരിച്ച അമ്മമാരാൽ സന്തോഷത്തോടുകൂടെ പ്രാപിയ്ക്കപ്പെട്ടവനായി.

ജീവം ഹി കഞ്ചിദഭിമാനവശാൽ സപത്നീയം
മത്വാ തനൂജ ഇതി രാഗഭരംവഹന്ത്യഃ
ആത്മാനമേവ തു ഭവന്തമവാപ്യസൂനും
പ്രീതിം യയുർന കിയതീം വനിതാശ്ച ഗാവഃ ൪

അഭിമാനങ്കൊണ്ട് സ്വന്തം ജീവനെത്തന്നെ സപത്നപുത്രനാണെന്ന് വിചാരിച്ച് സ്നേഹാതിശയം വഹിയ്ക്കുന്ന ആ സ്ത്രീകളും പശുക്കളും സ്വാത്മാക്കളായി അങ്ങാകുന്ന പുത്രനെ ലഭിച്ച് എത്രമാത്രം സന്തോഷത്തെ പ്രാപിച്ചില്ല?

ഏവം പ്രതിക്ഷണവിജൃംഭിതഹർഷഭാര-
നിശ്ലേഷഗോപഗണലാളിതഭൂരിമൂർത്തിം
താമഗ്രജോപി ബുബുധേ കില വത്സരാന്തേ
ബ്രഹ്മാത്മനോരപി മഹാൻ യുവയോർവ്വിശേഷഃ ൫

ഇങ്ങിനെ ഉടനടൻ വർദ്ധിച്ച സന്തോഷാധിക്യത്തോടുകൂടിയ എല്ലാ ഗോപസമൂഹങ്ങളാലും ലാളിയ്ക്കപ്പെട്ട അനേകമൂർത്തിയോടുകൂടിയ അങ്ങയെ ജ്യേഷ്ഠനായ ബലഭദ്രൻപോലും വർഷാവസാനത്തിലേ തിരിച്ചറിഞ്ഞുള്ളു. ബ്രഹ്മസ്വരൂപികളായ നിങ്ങൾക്കു തമ്മിൽ വലിയ വ്യത്യാസം ഉണ്ടു്.

വർഷാവധൌ നവപുരാതനവത്സപാലാൻ
ദൃഷ്ട്വാ വിവേകമസൃണേ ദൃഹിണേ വിമൂഢേ
പ്രാദീദൃശഃ പ്രതിനവാൻ മകടാംഗദാദി
ഭൂഷാംശ്ചതുർഭുജയുജസ്സജലാംബുദാഭാൻ ൬

വർഷാന്തത്തിൽ പുതിയതും പഴയതുമായ പശുക്കുട്ടികളേയും ബാലന്മാരേയും കണ്ടു് ബ്രഹ്മാവു് തിരിച്ചറിയുവാൻ കഴിഞ്ഞു മൂഢനായിത്തീർന്നപ്പോൾ അങ്ങു് പുതിയവയെ കിരീടം, തോൾവള മുതലായ ആഭരണങ്ങളുള്ളവയും നാലു് കൈകളുള്ളവയും ഇരുണ്ട മേഘത്തിന്റെ കാന്തിയുള്ളവയും ആക്കി പ്രദർശിപ്പിച്ചു.

പ്രത്യേകമേവ കമലാപരിലാളിതാംഗാൻ
ഭോഗീന്ദ്രഭോഗശയനാൻ നയനാഭിരാമാൻ
ലീലാനിമീലിതദൃശഃസനകാദിയോഗി-
വ്യാസേവിതാൻ കമലഭൂർഭവതോ ദദർശ ൭

പ്രത്യേകിച്ചും ലക്ഷ്മീഭഗവതിയാൽ നല്ലവണ്ണം ലാളിയ്ക്കപ്പെട്ട അംഗങ്ങളോടുകൂടിയവരും സപ്പുരാജശയ്യയിൽ കിടക്കുന്നവരും കണ്ണിനേയും മനസ്സിനേയും രമിപ്പിയ്ക്കുന്നവരും കളിയായി ചീന്തിയ കണ്ണുകളോടുകൂടിയവരും സനകാദിയോഗികളാൽ സേവിയ്ക്കപ്പെട്ടവരും ആയ ഭവാന്മാരെ ബ്രഹ്മാവു് കണ്ടു.

നാരായണാകൃതിമസംഖ്യതമാം നിരീക്ഷ്യ
സർവ്വത്ര സേവകമപി സ്വമവേക്ഷ്യധാതാ
മായാനിമഗ്നഹൃദയോ വിമുമോഹ യാവ–
ദേകോ ബഭൂവിഥ തദാ കബളാർദ്രപാണിഃ ൯

ബ്രഹ്മാവു് അസംഖ്യം നാരായണവിഗ്രഹങ്ങളേയും എല്ലാദിക്കിലും സേവകന്മാരേയും കണ്ടു് മായയിൽ ആണ്ട മനസ്സോടുകൂടി മോഹിച്ചപ്പോൾ അങ്ങു് പകുതി ഉരുളയും കയ്യിലെടുത്തു് ഏകനായി കാണപ്പെട്ടു.

നശ്യന്മദേ തദനു വിശ്വപതിം മുഹുസ്ത്വാം
നത്വാ ച സ്തുതവതി ധാതരി ധാമ യാതേ
പോതൈസ്സമം പ്രമുദിതൈഃ പ്രവിശൻ നികേതം
വാതാലയാധിപ! വിഭോ! പരിപാഹിരോഗാൽ ൧൦

ഹേ വിഭോ! ഗുരുവായൂരപ്പാ! അപ്പോൾ അഹങ്കാരം നശിച്ചു് ലോകേശ്വരനായ അങ്ങയെ പിന്നെയും പിന്നെയും നമസ്കരിച്ചും സ്തുതിച്ചും നില്ക്കുന്ന ബ്രഹ്മാവു് പോയപ്പോൾ സന്തോഷിച്ച കുട്ടികളോടും പശുക്കളോടുംകൂടി സ്വഗൃഹം പ്രാപിച്ച അങ്ങു് രോഗത്തിൽനിന്നു് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ വത്സാപഹാരഃ

ദശകം 53.

ധേനുകവധം.

അതീത്യ ബാല്യം ജഗതാംപതേ! ത്വ–
മുപേത്യപൌഗണ്ഡവയോമനോജ്ഞം
ഉപേക്ഷ്യ വത്സാവനമുത്സവേന
പ്രാവർത്തഥാ ഗോഗണപാലനായാം ൧

ഹേ ലോകേശ്വര! അങ്ങു് ബാല്യം അതിക്രമിച്ചു് മനോ
ഹരമായ ഒപൗഗണ്ഡവയസ്സിലെത്തി പശുക്കുട്ടികളെ മേയ്ക്കുന്ന
തു് നിത്തി സന്തോഷത്തോടുകൂടി പശുക്കൂട്ടം രക്ഷിയ്ക്കുവാൻ
തുടങ്ങി.

ഉപക്രമസ്യാനുഗുണൈവ സേയം
മരുൽപുരാധീശ! തവ പ്രവൃത്തിഃ
ഗോത്രാപരിത്രാണകൃതേവതീർണ്ണ-
സ്ത്വദേവ ദേവാരഭടാസ്മദാ യൽ ൨

ഹേ ദേവാ! ഗോത്രയെ രക്ഷിയ്ക്കുവാൻ അവതരിച്ച അങ്ങു്
ഗോത്രരക്ഷണത്തിനുതന്നെ തുനിഞ്ഞതുകൊണ്ടു് അല്ലയോ വാ
യുപുരേശാ! അങ്ങയുടെ ആ ഈ പ്രവൃത്തി ആരംഭത്തിനു് അനു
രൂപിച്ചതുതന്നെയാകുന്നു. ഗോത്രം=പശുസമൂഹം.

കദാപി രാമേണസമം വനാന്തേ
വനശ്രിയം വീക്ഷ്യ ചരൻ സുഖേന
ശ്രീദാമനാമ്നഃ സഖസ്യ വാചാ
മോദാദഗാദ്ധേനുകകാനനം തവം ൩

ഒരിയ്ക്കൽ രാമനോടുകൂടി കാനനത്തിൽ വനലക്ഷ്മിയെ
നോക്കിക്കൊണ്ടു് സുഖമായി സഞ്ചരിയ്ക്കുന്ന അങ്ങു് ശ്രീദാമാവു്
എന്നു് പേരായ തന്റെ സ്നേഹിതന്റെ വാക്കുമൂലം സന്തോഷ
പൂർവ്വം ധേനുകവനത്തിലേയ്ക്കു് പോയി.

ഉത്താളതാളീ നിവഹേ തവേക്ഷ്യാ
ബലേന ധൃതേഥ ബലേന ദോർഭ്യാം
മുദുഃ ഖരശ്ചാഭ്യപതൽ പുരസ്താൽ
ഫലോല്ലുരോ ധേനുകദാനവോപി ൪

അങ്ങയുടെ വാക്കുകൊണ്ടു് ബലഭദ്രൻ ഉയർന്നിരിയ്ക്കുന്ന ക
രിമ്പനക്കൂട്ടം ബലംപ്രയോഗിച്ചു് കൈകൾകൊണ്ടു് കുലുക്കിയ
പ്പോൾ മാർദ്ദവമുള്ളതും ഉറപ്പുള്ളതും ആയ കായകളുടെ കൂട്ടം മു
ന്നിൽ വീണതോടുകൂടി ദുഷ്ടനും ക്രൂരനും ആയ ധേനുകാസുരനും
വന്നുചേർന്നു.

സമുദ്യതോ ധൈനുകപാലനേഹം
കഥം വധം ധൈനുകമദ്യ കുര്വേ
ഇതീവ മത്വാ ധ്രുവമഗ്രജേന
സുരൌഘയോദ്ധാരമജീഘനസ്ത്വം ൪

ധൈനുകത്തെ (പശുക്കളെ) രക്ഷിയ്ക്കുവാൻ ഒരുങ്ങിയ ഞാനെങ്ങിനെയാണു് ധൈനുകവധം ചെയ്യുക. (ധേനുകാസുരസംബന്ധിവധം) എന്നു് വിചാരിച്ചിട്ടോ എന്നു് തോന്നുംവണ്ണം ജ്യേഷ്ഠനെക്കൊണ്ടു് ദേവന്മാരോടു് യുദ്ധംചെയ്യുന്ന ആ അസുരനെ കൊല്ലിച്ചു.

തദീയഭൃത്യാനപി ജംബുകത്വ-
നോപാഗതാനഗ്രജസംയുതസ്ത്വം
ജംബൂഫലാനീവ തദാ നിരാസ്ഥ-
സ്ഥാലേഷു ഖേലൻ ഭഗവൻ! നിരാസ്ഥഃ ൯

അല്ലയോ ഭഗവൻ! അപ്പോൾ കുറുക്കന്മാരായി എത്തുക്കുന്ന ഭൃത്യന്മാരേയും അങ്ങു് ജ്യേഷ്ഠനോടുക്രൂടി നിഷ്പ്രയാസം ഞാവൽപഴങ്ങളെപ്പോലെ കരിമ്പനകളിൽ കളിച്ചു് എറിഞ്ഞുകൊന്നു.

വിനിഘ്നതി ത്വയ്യഥ ജംബുകൌഘം
സനാമകത്വാദവരുണസ്തദാനീം
ഭയാകുലോ ജംബുകനാമധേയം
ശ്രുതിപ്രസിദ്ധം വ്യധിതേതി മന്യേ ൧൦

അങ്ങു് ജംബുകസമൂഹത്തെ കൊന്നുതുടങ്ങിയപ്പോൾ അതേപേരായ വരുണൻ പേടിച്ചു് തനിയ്ക്കുള്ള ജംബുകൻ എന്ന പേരിനെ ശ്രുതികളിൽ മാത്രം പ്രസിദ്ധമാക്കിത്തീർത്തു എന്നു് ഞാൻ വിചാരിയ്ക്കുന്നു.

തവാവതാരസ്യ ഫലം മുരാരേ!
സഞ്ജാതമദ്യേതി സുരൈസ്തുതസ്ത്വം
സത്യം ഫലം ജാതമിഹേതി ഹാസീ
ബാലൈസ്സമം താലഫലാന്യഭുങ്ക്ഥാഃ ൧൧

ഹേ മുരരിപോ! ഇന്നു് അങ്ങയുടെ അവതാരത്തിന്റെ ഫലം ഉത്ഭവിച്ചു എന്നു് ദേവന്മാരാൽ സ്തുതിയ്ക്കപ്പെട്ട അങ്ങു്, സ

ത്യമാണു്; ഇവിടെ ഫലം ജാതമായി; എന്നു് ചിരിച്ചുകൊണ്ടു് പറഞ്ഞു് കുട്ടികളൊരുമിച്ചു് കരിമ്പനയുടെ ഫലങ്ങളെ ഭക്ഷിച്ചു.

മധുദ്രവസ്രുന്തി ബൃഹന്തി താനി
ഫലാനി മേദോഭരഭന്തി ഭക്ത്വാ
തൃപ്തൈശ്ച ദുഷ്പ്രേഭവനം ഫലൌഘം
വഹദ്ഭിരാഗാഃ ഖലു ബാലകൈസ്തൈഃ ൯

തേൻ ഒഴുകുന്നതും കഴമ്പു് ധാരാളമുള്ളതും വലിയതുമായ ഫലങ്ങളും തിന്നു് തൃപ്തന്മാരും അഹങ്കരിച്ചവരും ബാക്കിയുള്ള ഫലങ്ങളെ കെട്ടി എടുത്തവരും ആയ കുട്ടികളോടുകൂടി അങ്ങു് വസതിയിലേയ്ക്കു് പോയി.

ഹതോ ഹതോ ധേനുക ഇത്യുപേത്യ
ഫലാന്യദഭ്രിമധുരാണി ലോകൈഃ
ജയേതി ജീവേതി നുതോ വിഭോ! ത്വം
മരുൽപുരാധീശ്വര! പാഹി രോഗാൽ ൧൦

അല്ലയോ വിഭവായ ഗുരുവായൂരപ്പാ! ധേനുകനെ കൊന്നു, കൊന്നു എന്നു് പറഞ്ഞുംകൊണ്ടു് അടുത്തു് വന്നു് മധുരഫലങ്ങളും ഭക്ഷിയ്ക്കുന്ന ആളുകളാൽ ജയിച്ചാലും ജീവിച്ചാലും എന്നു് സ്തുതിയ്ക്കപ്പെട്ട അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ധേനുകാസുരവധം.

ദശകം 54.

പശുപശുപാലോജ്ജീവനം.

തപസേവോൽക്കസ്സൌഭരിന്നാമ പൂർവ്വം
കാളിന്ദ്യന്തർദ്വാദശാബ്ദം തപസ്യൻ
മീനവ്രാതേ സ്നേഹവാൻ ഭോഗലോലേ
താർക്ഷ്യം സാക്ഷാദൈക്ഷതാഗ്രേ കദാചിൽ ൧

ഭവത്സേവാതല്പരനായ സൌഭരി എന്ന മഹർഷി പണ്ടു് യമുനാനദിയുടെ ഉള്ളിൽ സുഖാനുഭവത്തിനുള്ള മത്സ്യസമൂഹ

ത്തിൽ സ്നേഹം തോന്നി പന്ത്രണ്ടു് കൊല്ലത്തോളം തപസ്സുചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം സാക്ഷാൽ ഗരുഡനെ മുന്നിൽ കണ്ടു.

തദാഹാരം തം സക്ഷുധം തൃക്ഷസൂനും
മീനം കഞ്ചിജ്ജക്ഷതം ലക്ഷയൻ സഃ
തപ്തശ്ചിത്തേ ശപ്തവാനത്ര ചേത്തഃ
ജന്തൂൻ ഭോക്താ ജീവിതഞ്ചാപി മോക്താ ൨

വിശപ്പുമൂലം ഒരു മത്സ്യത്തെ വിഴുങ്ങുന്ന അങ്ങയുടെ വാഹനമായ ആ ഗരുഡനെ കണ്ടു് ആ മഹർഷി "നീ ഇവിടെ വന്നു് ജന്തുക്കളെ ഭക്ഷിക്കുമെങ്കിൽ നീ ജീവനേയും വെടിയും" എന്നു് ദുഃഖിതനായി ശപിച്ചു.

തസ്മിൻ കാലേ കാളിയഃ ക്ഷ്വേളദപ്പാൽ
സപ്പാരാതേഃ കല്പിതം ഭാഗമശ്നൻ
തേന ക്രോധാത്തത്പദാംഭോജഭാജാ
പക്ഷക്ഷിപ്തസ്തത്തരാപം പയോഗാൽ ൩

ആ കാലത്തു് ഗരുഡനു് നിശ്ചയിച്ച ഭക്ഷണഭാഗത്തെ കാളിയൻ വിഷംകൊണ്ടുള്ള ഗന്ധംകൊണ്ടു് ഹേതുവായി ഭക്ഷിക്കുകയാൽ തൽപാദപത്മാശ്രിതനായ ഗരുഡന്റെ ദ്വേഷ്യത്തോടുകൂടിയുള്ള ചിറകടി ഏറ്റു് ഓടി ശാപംകൊണ്ടു് ഗരുഡനു് പ്രവേശിയ്ക്കുവാൻ സാധിയ്ക്കാത്ത ആ കാളിന്ദീനദിയെ പ്രാപിച്ചു.

ഘോരേ തസ്മിൻ സൂരജാനീരവാസേ
തീരേ വൃക്ഷാ വിക്ഷതാഃ ക്ഷ്വേളവേഗാൽ
പക്ഷിവ്രാതാഃ പേതുരഭ്രേ പതന്തഃ
കാരുണ്യാർദ്രം തത്മനസ്തേന ജാതം ൪

ഭയങ്കരനായ ആ കാളിയൻ കാളിന്ദീജലത്തിൽ പാർത്തുകൊണ്ടിരുന്നപ്പോൾ വിഷത്തിന്റെ ശക്തികൊണ്ടു് വക്കിലുള്ള മരങ്ങൾ നശിയ്ക്കുകയും ആകാശത്തിൽ പറക്കുന്ന പക്ഷിക്കൂട്ടം കരിഞ്ഞു് വീഴുകയും ചെയ്തു. അതുകണ്ടു് അങ്ങയുടെ മനസ്സു് ദയാർദ്രമായി.

കാലേ തസ്മിന്നേകദാ സീരപാണിം
മുക്ത്വാ യാതേ യാമുനം കാനനാന്തം
തപ്യുഷ്ണാംഗ്രീഷ്മഭീഷ്മോഷ്മതപ്താ
ഗോഗോപാലാ വ്യാപിബൻ ക്ഷേപളതോയം ൪

ഒരിയ്ക്കൽ അങ്ങു് ബലഭദ്രനെ ഉപേക്ഷിച്ചു് കാളിന്ദീതീര കാനനത്തിൽ ചെന്നപ്പോൾ പശുക്കളും ഗോപാലന്മാരും പൊരിഞ്ഞ വേനലിന്റെ ഭയങ്കരമായ ചൂടുകൊണ്ടു് ദാഹിച്ചുതളർന്നു് വിഷം പുരണ്ട അതിലെ വെള്ളം കുടിച്ചു.

നശ്യജ്ജീവാൻ വിചയ്യതാൻ ക്ഷ്മാതലേ താൻ
വിശ്വാൻ പശ്യന്നച്യുത തപം ദയാർദ്രഃ
പ്രാപ്യോപാന്തം ജീവയാമാസിഥ ദ്രാക്
പീയൂഷാംഭോവർഷ്ടിഭിഃ ശ്രീകടാക്ഷൈഃ ൫

ഹേ അച്യുതാ! അവർ എല്ലാവരും ജീവൻ പോയി ഭൂമിയിൽ വീഴുന്നതു് കണ്ടു് ദയാർദ്രനായി അങ്ങു് അവരുടെ അടുത്തു ചെന്നു് അമൃതം വർഷിയ്ക്കുന്ന തൃക്കടമിഴികൾകൊണ്ടു് അവർക്കു് വേഗം ജീവൻ വരുത്തി.

കിം കിം ജാതോ ഹർഷവർഷാതിരേകഃ
സർവ്വാംഗേഷ്വിത്യുത്ഥിതാ ഗോപസംഘാഃ
ദൃഷ്ട്വാഗ്രേ തവാം തൽകൃതം തദ്വിദന്ത–
സ്ത്വാമാലിംഗൻ ദൃഷ്ടനാനാപ്രഭാവാഃ ൬

ഗോപസമൂഹം എന്തു് എന്തു് സർവ്വ അംഗങ്ങളിലും സന്തോഷത്തോടുകൂടിയ വർദ്ധിക്യം എങ്ങിനെ എന്നു് പറഞ്ഞു് എഴുന്നേറ്റു് അങ്ങയെ മുമ്പിൽ കണ്ടു. അങ്ങയുടെ നാനാമാഹാത്മ്യങ്ങളും കണ്ടിട്ടുള്ളതുകൊണ്ടു് ഇതു് അങ്ങുതന്നെ ചെയ്തതാണു് എന്നറിഞ്ഞുകൊണ്ടു് അങ്ങയെ ആലിംഗനം ചെയ്തു.

ഗാവശ്ചൈവം ലബ്ധജീവാഃ ക്ഷണേന
സ്നീതാനന്ദാസ്ത്വാഞ്ച ദൃഷ്ട്വാ പുരസ്താൽ
ദ്രാഗാവവ്രുസ്സർവ്വതോ ഹർഷബാഷ്പം
വ്യാമുഞ്ചന്ത്യോ മന്ദമുദ്യന്നിനാദഃ ൭

ഇങ്ങിനെ പശുക്കളും വേഗത്തിൽ ജീവിച്ചു് സന്തുഷ്ടകളായി അങ്ങയെ മുമ്പിൽ കണ്ടു് എല്ലാ ദിക്കിലും ആനന്ദകണ്ണീ

നീർ പൊഴിച്ചു് പതുക്കെ ശബ്ദിച്ചുകൊണ്ടു് ഉടൻ അങ്ങയെ വളഞ്ഞുനിന്നു.

രോമാഞ്ചോയം സ്വതോ നഃ ശരീരേ
ഭ്രയസ്യന്തഃ കാചിദാനന്ദമൂർഛാ
ആശ്ചര്യോയം ക്ഷ്വേളവേഗോ മുകുന്ദേ–
ത്യുക്തോ ഗോപൈർനന്ദിതോ വന്ദിതോഭ്രഃ ൯

അല്ലയോ മുകുന്ദാ! "ഞങ്ങളുടെ ദേഹത്തിലെങ്ങും ഇതാ രോമാഞ്ചമുണ്ടാകുന്നു. ഉള്ളിൽ ഏതോ ഒരു വലിയ ആനന്ദ മൂർഛയും ജനിയ്ക്കുന്നു. ഈ വിഷവേഗം അത്ഭുതം തന്നെ" എന്നു് ഗോപന്മാർ പറഞ്ഞു് അങ്ങയെ അഭിനന്ദിയ്ക്കുയും വന്ദിയ്ക്കുകയും ചെയ്തു.

ഏവം ഭക്താൻ മുക്തജീവാനപി തപം
മുഗ്ധാപാംഗൈരസ്തരോഗാംസ്തനോഷി
താദൃഗ്ഭ്രത്സ്നീതകാരുണ്യഭ്രമാ
രോഗാൽ പായാ വായുഗേഹാധിവാസ! ൧൦

ഇപ്രകാരം മരിച്ചുപോയ ഭക്തന്മാരെക്കൂടി അങ്ങു് മനോഹരങ്ങളായ കടാക്ഷങ്ങൾകൊണ്ടു് ജീവിപ്പിയ്ക്കുന്നു. അല്ലയോ ഗുരുവായൂരപ്പാ! അപ്രകാരം വർദ്ധിച്ച ദയാധിക്യമുള്ള അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിക്കണേ!

ഇതി ദശമസ്കന്ധേ പശുപശുപാലോജ്ജീവനം.

ദശകം 55.

കാളിയമർദ്ദനം.

അഥ വാരിണി ഘോരതരംഫണിനം
പ്രതിവാരയിതും കൃതധീർഭഗവൻ!
ദൃതമാരുഹ തീരഗനീപതരും
വിഷമാരുതശോഷിതപർണ്ണചയം ൧

ഹേ ഭഗവൻ! അനന്തരം അങ്ങു് കാളിന്ദീജലത്തിലുള്ള അതിക്രൂരസർപ്പത്തെ അതിൽനിന്നു് അകറ്റുവാൻ നിശ്ചയിച്ചിട്ടു് വിഷക്കാറ്റു് തട്ടി ഉണങ്ങിയ ഇലകളുള്ള തീരത്തിലുള്ള കടമ്പുവൃക്ഷത്തിന്മേൽ വേഗം കയറി.

അധിരുഹ്യ പദാംബുരുഹേണ ച തം
നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണി ദൂരതരം നൃപതഃ
പരിപൂർണ്ണിതഘോരതരംഗഗണേ ൭

അങ്ങു് പുതിയ തളിരുപോലെ മനോഹരകാന്തിയുള്ള പാദപത്മംകൊണ്ടു് ആ മരത്തിൽ കയറി ഇളകിമറിയുന്ന വലിയ ഓളങ്ങൾകൊണ്ടു് ഭയങ്കരമായ ആ കയത്തിലെ വെള്ളത്തിലേയ്ക്കു് കുതിച്ചു ചാടി.

ഭുവനത്രയഭാരഭൃതോ ഭവതോ
ഗുരുഭാരവികംപിവിജൃംഭിജലാ
പരിമജ്ജയതി സ്മ ധനുശ്ശതകം
തടിനീ ത്വടിതി സ്ഫുടഘോഷവതീ ൮

ത്രൈലോക്യഭാരം വഹിയ്ക്കുന്ന നിന്തിരുവടിയുടെ വലിയ ഭാരംകൊണ്ടു് ഇളകിമറിഞ്ഞ വലിയ വെള്ളമുള്ളതും സ്പഷ്ടമായി മുഴക്കം ഉണ്ടാകുന്നതും ആയ ആ പുഴ നൂറു് വിൽപ്പാട്ടു് ദൂരം കവിഞ്ഞൊഴുകി.

അഥ ദിക്ഷു വിദിക്ഷു പരിക്ഷുഭിത-
ഭ്രമിതോദരവാരിനിനാദഭരൈഃ
ഉദകാദുദഗാദുരഗാധിപതി
സ്ഫുടപാന്തമശാന്തരുഷാന്ധമനാഃ ൯

അനന്തരം ആ സർപ്പരാജൻ ദിക്കുകളിലും വിദിക്കുകളിലും മറിഞ്ഞു് അകം ചുഴറുന്ന വെള്ളത്തിന്റെ ശബ്ദകോലാഹലംകൊണ്ടു് അതിക്രുദ്ധനായി വെള്ളത്തിൽനിന്നു് പൊങ്ങി അങ്ങയുടെ അടുത്തേയ്ക്കു് വന്നു.

ഫലശൃംഗസഹസ്രവിനിഃസൃമര-
ജ്വലദഗ്നികണോഗ്രവിഷാംബുധരം
പുരതഃ ഫണിനം സമലോകയഥാ
ബഹുശൃംഗിണമഞ്ജനശൈലമിവ ൧൦

അനേകം പടങ്ങളുടെ അഗ്രത്തിൽനിന്നും പുറപ്പെട്ടു് കത്തിയാളുന്ന വിഷാഗ്നിജ്വാലകളോടും ഭയങ്കരവിഷജലത്തോടും

ക്രുടിയ ആ സപ്പ്ത്തെ അനേകം കൊട്ടമുടികളുള്ള അഞ്ജന പർവ്വതത്തെപ്പോലെ മുന്നിൽ കണ്ടു.

ജ്വലദക്ഷിപരിക്ഷരദുഗ്രവിഷ
ശ്വസനോഷ്മഭരഃ സ മഹാളജഗഃ
പരിദശ്യ ഭവന്തമനന്തബലം
പരിവേഷ്ടയദസ്സടചേഷ്ടമഹോ! ന്യ

ജ്വലിയ്ക്കുന്ന കണ്ണുകളിൽനിന്നു് പുറപ്പെട്ടുന്ന ഭയങ്കരവിഷവായുവിന്റെ ഉഷ്ണാധിക്യം ഉള്ള ആ മഹാസപ്പം അനന്തശക്തിയുള്ളവനും അവ്യക്തചേഷ്ടകളോടുക്രുടിയവനും ആയ അങ്ങയെ കടിച്ചു് ചുററി. ആശ്ചയ്യം!

അവിലോക്യ ഭവന്തമഥാകുലിതേ
തടഗാമിനി ബാലകധേനുഗണേ
വ്രജഗേഹതലേപ്യനിമിത്തശതം
സമുദീക്ഷ്യ ഗതാ യമുനാം പശുപാഃ ഉ

അനന്തരം അങ്ങയെ കാണാഞ്ഞിട്ടു് നദീതീരത്തിലുള്ള ഗോപബാലന്മാരും പശുക്ക്രുട്ടവും പരവശന്മാരായപ്പോൾ വ്രജഗേഹത്തിലും അനേകം ദുശ്ശകുനങ്ങൾ കണ്ടു് പശുപാലന്മാർ യമുനാനദിയിലേയ്ക്കു് വന്നു.

അഖിലേഷു വിഭോ! ഭവദീയദശാ
മവലോക്യ ജിഹാസുഷു ജീവഭരം
ഫണിബന്ധനമാശു വിമുച്യ ജവാ–
ദുദഗമ്യത ഹാസജുഷാ ഭവതാ വ

ഹേ വിഭോ! എല്ലാവരും അങ്ങയുടെ സ്ഥിതികണ്ടു് ജീവനെ വെടിയുവാൻ തുനിഞ്ഞപ്പോൾ അങ്ങു് വേഗം സപ്പ്ബന്ധനം വെടിഞ്ഞു് ചിരിച്ചുകൊണ്ടു് പൊന്തിവന്നു.

അധിരുഹ്യ തതഃ ഫണിരാജഫണാൻ
നനൃതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളൽ
കരകങ്കണസംകുലസംകണിതം ൻ

അനന്തരം സപ്പ്ശ്രേഷ്ഠന്റെ പടങ്ങളിൽ കയറി മാട്ടവുമുള്ള കാലുകളുടെ ശോഭയോടുക്രുടിയ അങ്ങു് മനോഹരമായ

കാൽത്തളകളുടെ ശബ്ദത്തോടും മഞ്ഞളമാംവണ്ണം ഇണങ്ങിയ കൈവളകളുടെ കിലുക്കത്തോടുംകൂടി നൃത്തംവെച്ചു.

ജഹൃഷുഃ പശുപാസ്തുഷ്ടുവുർമുനയോ
വവൃഷുഃ കുസുമാനി സുരേന്ദ്രഗണാഃ
തവയി നൃത്യതി മാരുതഗേഹപതേ!
പരിപാഹി സ മാം തപമദാന്തഗദാൽ ൫൦

അല്ലയോ ഗുരുവായൂരപ്പ! അങ്ങു് നൃത്തംവെയ്ക്കുമ്പോൾ ഗോപന്മാർ സന്തോഷിച്ചു. മഹർഷിമാർ സ്തുതിച്ചു. ദേവസമൂഹം പുഷ്പവൃഷ്ടിചെയ്തു. അപ്രകാരമുള്ള അങ്ങു് എന്നെ വലിയ രോഗത്തിൽനിന്നു് രക്ഷിച്ചാലും!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
കാളിയമർദ്ദനം.

ദശകം 56.

കാളിയമർദ്ദനം.

രുചിരകപിതകുണ്ഡലമണ്ഡലഃ
സുചിരമീശ! നനർത്തിഥ പന്നഗേ
അമരതാഡിതദുന്ദുഭിസുന്ദരം
വിയതി ഗായതി ദൈവതയൌവതേ ൧

ഹേ ഈശ! ദേവന്മാർ അടിയ്ക്കുന്ന പെരുമ്പറയുടെ ശബ്ദംകൊണ്ടു് മനോഹരമാംവണ്ണം ദേവസ്ത്രീകൾ ആകാശത്തിൽ ഗാനംചെയ്യുമ്പോൾ മനോഹരമായി ഇളകുന്ന കുണ്ഡലങ്ങളോടുകൂടിയ അങ്ങു് സർപ്പത്തിന്മേൽ വളരെനേരം നൃത്തംവെച്ചു.

നമതി യദ്യദമുഷ്യ ശിരോ ഹരേ!
പരിവിഹായ തദുന്നതമുന്നതം
പരിമഥൻ പദപങ്കരുഹാ ചിരം
വ്യഹരഥാഃ കരതാളമനോഹരം ൨

അല്ലയോ വിഷ്ണോ! ഈ സർപ്പത്തിന്റെ ഏതു് ശിരസ്സു് താഴ്ന്നുവോ അതിനെ ഉപേക്ഷിച്ചു് ഉയർന്നുള്ളതിനെ തൃക്കാലുകൾകൊണ്ടു് കരതാളത്തിനൊപ്പിച്ചു് മനോഹരമാകും പ്രകാരം മഥനംചെയ്തു് വളരെനേരം അങ്ങു് ക്രീഡിച്ചു.

തപദവഭഗവിളഗ്നഫണാഗണേ
ഗളിതശോണിതശോണിതപാഥസി
ഫണിപതാവവസീദതി സന്നതാ-
സ്തദബലാസ്തവ മാധവ പാദയോഃ ൧൧

ഫണിരാജൻ അങ്ങയുടെ പാദങ്ങളാൽ മർദ്ദനംചെയ്യപ്പെട്ടു കുഴഞ്ഞു് ഛർദ്ദിച്ച ചോരകൊണ്ടു് മുകപ്പിച്ച വെള്ളത്തിൽ അവന്റെ സ്ത്രീകൾ ഹേ മാധവ! അവിടുത്തെ പാദങ്ങളിൽ നമസ്കരിച്ചു.

അയി പുരൈവ ചിരായ പരിശ്രുത-
തപദനുഭാവവിലീനഹൃദോ ഹി താഃ
മുനിഭിരപ്യനവാപ്യപഥൈഃസ്തവൈ-
സ്തനുവുരീശ! ഭവന്തമയസ്തുതം ൧൨

ഹേ ഈശ്വര! വളരെ പണ്ടുതന്നെ ഏറ്റവും പ്രസിദ്ധമായ അങ്ങയുടെ മാഹാത്മ്യം കേട്ടു് അങ്ങയിൽ ലയിച്ച മനസ്സോടുകൂടിയ ആ നാഗസ്ത്രീകൾ മഹർഷിമാർക്കുപോലും ദുരധിഗമമാർഗ്ഗങ്ങളായ സ്തോത്രങ്ങൾകൊണ്ടു് അങ്ങയെ നിരന്തരം സ്തുതിച്ചു.

ഫണിവധൂഗണഭക്തിവിലോകന
പ്രവികസൽകരുണാകുലചേതസാ
ഫണിപതിർവതാച്യുത! ജീവിത-
സ്ത്വയിസമർപ്പിതമുത്തിരവാനമൽ ൧൩

ഹേ അച്യുത! സർപ്പസ്ത്രീസമൂഹങ്ങളുടെ ഭക്തി കണ്ടതുകൊണ്ടു് വർദ്ധിയ്ക്കുന്ന ദയകൊണ്ടു് പരവശമായ മനസ്സോടുകൂടിയ അങ്ങയാൽ ജീവിയ്ക്കപ്പെട്ട സർപ്പരാജൻ അങ്ങയിൽ ആത്മാവിനെ സമർപ്പിച്ചു് നമസ്കരിച്ചു.

രമണകം വ്രജ വാരിധിമധ്യഗം
ഫണിരിപുസ്ത കരോതി വിരോധിതാം
ഇതിഭവദ്വചനാന്യതിമാനയൻ
ഫണിപതിസ്തിരഗാദുരഗൈസ്സമം ൧൪

സമുദ്രമധ്യത്തിലുള്ള രമണകം എന്ന സ്ഥലത്തേയ്ക്കു് പോവുക. സർപ്പശത്രുവായ ഗരുഡൻ വിരോധിതയെ ചെയ്യുകയില്ല.

എന്നിങ്ങിനെയുള്ള അങ്ങയുടെ വാക്കുകളെ ഏറ്റവും ബഹുമാനിച്ചുകൊണ്ട് സപ്പ്രാജൻ സപ്പ്ങ്ങളോടുകൂടി പോയി.

ഫണിവധൂജനദത്തമണിധ്വജ
ജ്വലിതഹാരദുകൂലവിഭൂഷിതഃ
തടഗതൈഃ പ്രമദാശ്രുവിമിശ്രിതൈഃ
സമഗമാഃസപ്രജനൈർവിസാവധൌ ൭

നാഗസ്ത്രീകളാൽ സംഭാവന ചെയ്യപ്പെട്ട രത്നസമൂഹങ്ങളും തിളങ്ങുന്ന മുത്തുമാലകളും പട്ടുകളും മുതലായവ അണിഞ്ഞ അങ്ങ് ദിനാവസാനത്തിൽ ആനന്ദബാഷ്പം പൊഴിഞ്ഞു് നദീതീരത്തിലെത്തിയ സപ്രജനങ്ങളോടുകൂടി ചേർന്നു.

നിശി പുനസ്തമസാ വ്രജമന്ദിരം
വ്രജിതുമക്ഷമ ഏവ ജനോല്ലരേ
സപതി തത്ര ഭവച്ചരണാശ്രയേ
ദവകൃശാനരുരുന്ധ സമന്തതഃ ൮

പിന്നെ രാത്രിയിൽ ഇരുട്ടുകൊണ്ട് ഗോകുലത്തിലെത്തുവാൻ ജനസമൂഹത്തിനു് കഴിയാതായപ്പോൾ അങ്ങയുടെ പാദങ്ങളും മാത്രം ശരണമാക്കി അവിടെ കിടന്നുറങ്ങുകയും തൽക്ഷണം ചുറ്റും കാട്ടുതീ പടർന്നുപിടിയ്ക്കുകയും ചെയ്തു.

പ്രബുധിതാനഥ പാലയപാലയേ-
ത്യുദയദാത്തരവാൻ പശുപാലകാൻ
അവിതുമാശു പപാഥ മഹാനലം
കിമിഹ ചിത്രമയം ഖലു തേ മുഖം ൯

അനന്തരം ഞെട്ടിയുണർന്നു് രക്ഷിയ്ക്കണേ! രക്ഷിയ്ക്കണേ! എന്നു് ഉറക്കെ നിലവിളിയ്ക്കുന്ന പശുപാലന്മാരെ രക്ഷിയ്ക്കുവാൻ അങ്ങു് വേഗം ആ ദാവാഗ്നിയെ പാനംചെയ്തു. ഇതിലാശ്ചര്യമെന്തു്? അഗ്നി അങ്ങയുടെ മുഖമാണല്ലോ.

ശിഖിനി വർണ്ണത ഏവ ഹി പീതതാ
പരിലസത്യുഷ്ണതാ ക്രിയയാപ്യസൌ
ഇതി നുതഃ പശുഭൈർമുദിതൈർവ്വിഭോ!
ഹര ഹരേ! ദുരിതൈസ്സഹ മേ ഗദാൻ ൧൦

തീയിൽ നിറംകൊണ്ടതന്നെ പീതതപം (മഞ്ഞൾനിറം) ശോഭിയ്ക്കുന്നുണ്ട്. ആ പീതതപം (കുടിയ്ക്കുക) ഇപ്പോൾ പ്രവൃത്തി കൊണ്ടും ശോഭിയ്ക്കുന്നു. അല്ലയോ വിഭവായ വിഷ്ണോ! സന്തോഷിച്ച ഗോപന്മാരാൽ ഇപ്രകാരം സ്തുതിയ്ക്കപ്പെട്ട അങ്ങ് ദുരിതങ്ങളോടുകൂടിയ എന്റെ രോഗങ്ങളെ നശിപ്പിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ കാളിയമർദ്ദനം.

ദശകം 57.

പ്രലംബവധം.

രാമസഖഃ കദാപി ദിനേ
കാമദ ഭഗവൻ! ഗതോ ഭവാൻ വിപിനം
സൂനഭരേപി ഗോപാനാം
ധേനുഭരേഭിസംവൃതോ ലസദ്വേഷഃ ൧

ആഗ്രഹങ്ങളെല്ലാം നല്കുന്ന ഹേ ഭഗവൻ! ഒരു ദിവസം അങ്ങ് ഗോപബാലന്മാരാലും പശുക്കളാലും പരിവൃതനായി ശോഭിയ്ക്കുന്ന വേഷത്തോടുകൂടി ബലഭദ്രനൊന്നിച്ച് കാട്ടിലേയ്ക്ക് പോയി.

സന്ദൃശ്യൻ ബലായ
സൈരം വൃന്ദാവനശ്രിയം വിമലാം
കാണ്ഡീരൈഃ സഹ ബാലൈർ
ഭാണ്ഡീരകമാഗമോ വടം ക്രീഡൻ ൨

വിമലയായ വൃന്ദാവനലക്ഷ്മിയെ ഇഷ്ടംപോലെ ബലഭദ്രനു് കാണിച്ചുകൊടുത്തുകൊണ്ടു് വടിയെടുത്തു് കൂട്ടികളോടുകൂടി കളിയ്ക്കുന്ന അങ്ങ് ഭാണ്ഡീരകം എന്ന വടവൃക്ഷത്തിന്റെ അടുക്കലേയ്ക്ക് ചെന്നു.

താവത്താവകനിധന–
സ്പൃഹയാലുർഗ്ഗോപമൂർത്തിരദയാലുഃ
ദൈത്യഃ പ്രലംബനാമാ
പ്രലംബബാഹും ഭവന്തമാപേദേ ൩

അങ്ങയെ കൊല്ലുവാൻ ആഗ്രഹിച്ചുകൊണ്ടു് പ്രലംബൻ എന്നു് പേരായി ഒരു നിർദ്ദയനായ അസുരൻ പശുപാലന്റെ ആകൃതിയിൽ തുങ്ങിക്കിടക്കുന്ന കൈകളോടുകൂടിയ അങ്ങയുടെ അടുത്തെത്തി.

ജാനന്നപ്യവിജ്ഞാന-
ന്നിവ തേന സമം നിബദ്ധസൌഹാർദ്ദഃ
വടനികടേ പടുപശുപ-
വ്യാബദ്ധം ദ്വന്ദ്വയുദ്ധമാരബ്ധാഃ ൪

അറിയുന്നവനെങ്കിലും അറിയാത്തവനെപ്പോലെ അങ്ങു് അവനോടു് സ്നേഹം ഭാവിച്ചു് വടവൃക്ഷത്തിന്റെ അടുത്തുവെച്ചു് പശുപാലന്മാരോടു് ചേർന്നു് ദ്വന്ദ്വയുദ്ധം ആരംഭിച്ചു.

ഗോപാൻ വിഭജ്യ തനുപാൻ
സംഘം ബലഭദ്രകം ഭവൽക്കമപി
തദ്ബലഭീരും ദൈത്യം
തദ്ബലഗതമനുമന്യഥാ ഭഗവൻ! ൫

ഹേ ഭഗവൻ! അങ്ങു് പശുപാലന്മാരെ രണ്ടു് സംഘമായി തിരിച്ചു് ഒന്നിൽ ബലഭദ്രനും മറേതിൽ അങ്ങും നായകന്മാരായി നിന്നുകൊണ്ടു് അങ്ങയുടെ ശക്തിയിൽ ഭയപ്പെട്ട അസുരനെ അങ്ങയുടെ സംഘത്തിൽ ചേർക്കുവാൻ സമ്മതിച്ചു.

കല്പിതവിജേതൃവഹനേ
സമരേ പരയൂഥഗം സദയിതതരം
ശ്രീദാമാനമധത്ഥാഃ
പരാജിതോ ഭക്തദാസതാം പ്രഥയൻ ൬

ജയിച്ചവരെ തോറ്റവർ ചുമക്കണമെന്നു് നിശ്ചയമുള്ള ആയുദ്ധത്തിൽ അങ്ങു് തോറ്റു. മറുകക്ഷിയിൽ ഉള്ളവനും അങ്ങയ്ക്കു് ഏറ്റവും പ്രിയപ്പെട്ടവനും ആയ ശ്രീദാമാവിനെ ചുമന്നുകൊണ്ടു് തന്റെ ഭക്തദാസത്വത്തെ പ്രകാശിപ്പിച്ചു.

ഏവം ബഹുഷു വിഭ്രമൻ!
ബാലേഷു വഹത്സു വാഹ്യമാനേഷു
രാമവിജിതഃ പ്രലംബോ
ജഹാര തം ദൂരതോ ഭവൽഭീത്യാ ൭

ഹേ ഭഗവൻ! ഇങ്ങിനെ അനേകം കുട്ടികളും എടുത്തും എടുക്കപ്പെട്ടും നില്ക്കുമ്പോൾ ബലഭദ്രനാൽ ജയിയ്ക്കപ്പെട്ട പ്രലംബൻ അങ്ങയെ പേടിച്ച് ബലഭദ്രനെ അകലേയ്ക്ക് എടുത്ത് കൊണ്ടുപോയി.

തത്പൂരം ഗമയന്തം
തം ദൃഷ്ട്വാ ഹലിനി വിഹിതഗരിമഭരേ
ദൈത്യഃസ്വരൂപമാഗാ–
ദ്ധൃഡ്ഢപാൽ സ ഹി ബലോപി ചകിതോത്ഥൽ വ

അങ്ങയിൽനിന്ന് അകലേയ്ക്ക് കൊണ്ടുപോകുന്ന പ്രലംബനെ കണ്ട് ബലരാമൻ തന്റെ ശരീരത്തിന് ഘനം കൂട്ടിയ സമയം അസുരൻ സ്വന്തരൂപം എടുത്തു. അതുകണ്ട് ബലഭദ്രൻ ക്രുദ്ധനായി പേടിച്ചുപോയി.

ഉച്ചതയാ ദൈത്യതനോ–
സ്ത്വന്മുഖമാലോക്യ ദൂരതോ രാമഃ
വിഗതഭയോ ദുഷ്ടമുഷ്ട്യാ
ദൃഢദുഷ്ടം സപദി പിഷ്ടവാനേനം ൻ

ബലഭദ്രൻ അസുരശരീരത്തിന്റെ ഔന്നത്യംകൊണ്ട് അകലെനിന്ന് അങ്ങയുടെ മുഖം കണ്ട് പേടിതീർന്ന് ഏറ്റവും ദുഷ്ടനായ ഇവനെ മുഷ്ടിചുരുട്ടി ഇടിച്ചുപൊടിച്ചു.

ഹത്വാ ദാനവവീരം
പ്രാപ്തം ബലമാലിലിംഗിഥ പ്രേമ്ണാ
താവന്മിളതോര്യവയോഃ
ശിരസി കൃതാ പുഷ്പവൃഷ്ടിരമരഗണൈഃ ൧൦

അസുരനെ കൊന്നുവന്ന ബലഭദ്രനെ അങ്ങ് സ്നേഹത്തോടുക്രുടി ആലിംഗനംചെയ്തു. അപ്പോൾ ഒന്നിച്ചുചേർന്ന നിങ്ങൾ രണ്ടുപേരുടെ ശിരസ്സിലും ദേവസമൂഹം പുഷ്പവർഷംചെയ്തു.

ആലംബോ ഭുവനാനാം
പ്രാലംബം നിധനമേവമാരചയൻ
കാലം വിഹായ സദ്യോ
ലോലംബരുചേ! ഹരേ! ഹര ക്ലേശാൻ ൧൧

ഭ്രമരകാന്തിയുള്ള വിഷ്ണുഭഗവാനേ! ലോകങ്ങൾക്കു് ആധാര ഭൂതനും ഇങ്ങിനെ പ്രലംബനെ നിഗ്രഹിച്ചവനും ആയ അങ്ങു് താമസംകൂടാതെ എന്റെ ദുഃഖങ്ങളെ തീർത്തുതരേണമേ!

ഇതി ശ്രീമന്നാരായണീയസ്തോത്രേ ദശമസ്കന്ധേ പ്രലംബവധഃ

ദശകം 58.

ദാവാഗ്നിമോക്ഷഃ

തവയി വിഹരണലോലേ ബാലജാലൈഃ പ്രലംബ
പ്രഥനസവിളംബേ ധേനവഃ സൈരചാരാഃ
തൃണകതുകനിവിഷ്ടാ ദൂരദൂരം ചരന്ത്യഃ
കിമപി വിപിനമൈഷീകാഖ്യമീഷ്ടാംബഭൂവുഃ ൧

അങ്ങു് ഗോപബാലന്മാരോടുകൂടി ക്രീഡാതല്പരനായി പ്രലംബവധംകൊണ്ടു് താമസത്തോടുകൂടിയവനായിരിയ്ക്കുമ്പോൾ പശുക്കൾ ഇഷ്ടംപോലെ മേഞ്ഞു് പുല്ലിൽ കൌതുകം തോന്നി വളരെ ദൂരത്തുപോയി ഐഷീകം എന്നു് പേരായ ഒരു കാട്ടിൽ എത്തിച്ചേർന്നു.

അനധിഗതനിദാഘക്ലേശവൃന്ദാവനാന്താൽ
ബഹിരിദമുപയാതാഃ കാനനം ധേനവസ്താഃ
തവ വിരഹവിഷണ്ണാ ഉഷ്മളഗ്രീഷ്മതാപ–
പ്രസരവിസരദംഭസ്യാകുലാഃ സ്തംഭമാപുഃ ൨

ആ പശുക്കൾ വേനലിന്റെ തീക്ഷ്ണത തീരെ ഇല്ലാത്ത വൃന്ദാവനത്തിൽനിന്നു് പുറത്തുള്ള ഈ കാട്ടിൽ വന്നു് അങ്ങയുടെ വിരഹംകൊണ്ടു് ദുഃഖിച്ചു് ശക്തിയുള്ള ഗ്രീഷ്മത്തിലെ ചൂടു് വ്യാപിച്ചതുകൊണ്ടു് വെള്ളം കുടിപ്പാൻ ആഗ്രഹിച്ചു് പരവശകളായി സ്തംഭിച്ചു് നിന്നുപോയി.

തദനു സഹ സഹായൈർദൂരമന്വിഷ്യ ശൌരേ!
ഗലിതസരണിമുഞ്ജാരണ്യ സഞ്ജാതഖേദം
പശുകുലമഭിവീക്ഷ്യ ക്ഷിപ്രമാനേതുമാരാ–
ത്തവയി ഗതവതി ഹീ ഹീ സ്വച്ഛതോഗിർജ്ജുംഭേ ൩

അല്ലയോ ശൌരേ! അപ്പോൾ സ്നേഹിതന്മാരൊന്നിച്ചു് വളരെ ദൂരം അന്വേഷിച്ചു് വഴി തെറ്റി ഐഷീകാരണ്യത്തിലെത്തി ഖേദിച്ചു് നില്ക്കുന്ന പശുക്കളെക്കണ്ടു് വേഗം തിരികെ കൊണ്ടുവരുവാൻ അങ്ങുചെന്നപ്പോൾ അയ്യോ കഷ്ടം! ചുറ്റും പാട്ടം കാട്ടുതീ പടർന്നുപിടിച്ചിരുന്നു.

സകലഹരിതി ദീപ്തേ ഘോരഭാംകാരഭീമേ
ശിഖിനിവിഹതമാഗ്ര അർഭദശ്യാ ഇവാർത്താഃ
അഹഹ ഭുവനബന്ധോ! പാഹി പാഹീതി സർവ്വേ
ശരണമുപഗതാസ്ത്വാം താപഹർത്താരമേകം ൪

തീയ്യു് എല്ലാ ദിക്കിലും ഭയങ്കരമായ ഭാംകാരത്തോടുകൂടി ജ്വലിയ്ക്കുമ്പോൾ എല്ലാവരും വഴി തടഞ്ഞു് പകുതി വെന്തപോലെ ദുഃഖിതന്മാരായി, അയ്യോ ലോകബന്ധോ! രക്ഷിയ്ക്കണേ! രക്ഷിയ്ക്കണേ! എന്നിങ്ങനെ സന്താപഹരനായ അങ്ങയെ ശരണം പ്രാപിച്ചു.

അലമലമതിഭീത്യാ സർവ്വതോ മീലയദ്ധ്വം
ഭൃശമിതി തവ വാചാ മീലിതാക്ഷേഷു തേഷു
കഥമു ദവദഹനോ സൌ കുത്ര മുഞ്ജാടവീ സാ
സപദി വവൃതിരേ തേ ഹന്ത ഭാണ്ഡീരദേശേ ൫

വല്ലാതെ പേടിച്ചതു് മതി, മതി, നിങ്ങളെല്ലാവരും കണ്ണടയ്ക്കുവിൻ എന്നു് അങ്ങയുടെ വാക്കു് കേട്ടു് അവർ കണ്ണു് ചിമ്മിയപ്പോൾ ഈ കാട്ടുതീ എവിടെ? ആ മുഞ്ജാവനം എവിടെ? അവർ വേഗത്തിൽ ഭാണ്ഡീരദേശത്തിൽ എത്തിച്ചേർന്നു. ആശ്ചര്യം.

ജയ ജയ തവ മായാ കേയമീശേതി തേഷാം
നുതിഭിരുദിതഹാസോ ബദ്ധനാനാവിലാസഃ
പുനരപി വിപിനാന്തേ പ്രാചരഃ പാടലാദി-
പ്രസവനികരമാത്രഗ്രാഹ്യഘർമ്മാനുഭാവേ ൬

ഹേ ഈശ! ജയിച്ചാലും! ജയിച്ചാലും! അങ്ങയുടെ ഈ മായ എന്താകുന്നു എന്നിങ്ങിനെ അവരുടെ സ്തുതികൾ കേട്ടു് ചിരിച്ചു് പലേ വിലാസങ്ങളോടുകൂടി അങ്ങു് വീണ്ടും പാടലാ

മുതലായ പുഷ്പങ്ങളുടെ സമൂഹംകൊണ്ട് മാത്രം അറിയുവാൻ കഴിയുന്ന ഗ്രീഷ്മത്തിലെ മാഹാത്മ്യത്തോടുകൂടിയ വനമദ്ധ്യത്തിൽ സഞ്ചരിച്ചു.

തപയി വിമുഖമിവോച്ചൈസ്താപഭാരം വഹന്തം
തവ ഭജനവദന്തഃ പങ്കമുച്ഛോഷയന്തം
തവ ഭുജവദുദഞ്ചൽഭ്രൂരിതേജഃപ്രവാഹം
തപസമയമനൈഷീദ്ധാമനേഷു സ്ഥലേഷു ൭

അങ്ങയിൽ പരാങ്മുഖനെന്നപോലെ വലിയ താപഭാരം വഹിയ്ക്കുന്നതും അങ്ങയുടെ ഭജനംപോലെ ഉള്ളിലുള്ള പങ്കത്തെ ശോഷിപ്പിയ്ക്കുന്നതും അങ്ങയുടെ കൈകൾപോലെ പുറപ്പെടുന്ന വലിയ തേജസ്സിനെ പ്രവഹിയ്ക്കുന്നതും ആയ ഗ്രീഷ്മകാലം യമുനാനദീതീരപ്രദേശങ്ങളിൽ കഴിച്ചുകൂട്ടി.

തദനു ജലദജാലൈസ്തപ്തപുസ്തുല്യഭാഭിർ-
വികസദമലവിദ്യുൽപീതവാസോവിലാസൈഃ
സകലഭുവനഭാജാം ഹർഷദാംവർഷവേലാം
ക്ഷിതിധരകുഹരേഷു സ്വൈരവാസീർ വ്യനൈഷീഃ വ

അനന്തരം അങ്ങ് തപ്തപുസ്സിനോട് തുല്യമായ ശോഭയോടുകൂടിയതും ശോഭിയ്ക്കുന്ന തെളിഞ്ഞ മിന്നൽപിണരാകുന്ന പീതാംബരവിലാസത്തോടുകൂടിയതും ആയ മേഘസമൂഹങ്ങളെക്കൊണ്ട് എല്ലാ ലോകങ്ങൾക്കും സന്തോഷം നല്കുന്ന വർഷകാലം മുഴുവൻ പർവ്വതങ്ങളുടെ ഗുഹകളിൽ ഇഷ്ടംപോലെ പാർത്തുകൊണ്ട് കഴിച്ചുകൂട്ടി.

കുഹരതലനിവിഷ്ടം തപ്തം ഗരിഷ്ഠം ഗിരീന്ദ്ര-
ശ്ശിഖികുലനവകേകാകാകുഭിഃ സ്തോത്രകാരീ
സ്ഫുടകുടജകദംബസ്തോമപുഷ്പാഞ്ജലിശ്ച
പ്രവിദധദനഭേജേ ദേവ! ഗോവർദ്ധനോസൌ ൯

ഹേ ദേവ! ഈ ഗോവർദ്ധനപർവ്വതം മയിലുകളുടെ പുതിയ കേകാകാകുസ്വരങ്ങൾകൊണ്ട് സ്തോത്രം ചെയ്തുകൊണ്ടും കുടകപ്പാല കടമ്പിൻക്രുട്ടം മുതലായ വൃക്ഷങ്ങളുടെ പുഷ്പങ്ങൾകൊണ്ട് പുഷ്പാഞ്ജലി ചെയ്തുകൊണ്ടും ഗുഹയ്ക്കുള്ളിൽ ഇരിയ്ക്കുന്ന ശ്രേഷ്ഠനായ അങ്ങയെ ഭജിച്ചു.

അഥ ശരദമുപേതാം താം ഭവദ്ഭക്തചേതോ-
വിമലസലിലപൂരാം മാനയൻ കാനനേഷു
തൃണമമലവനാന്തേ ചാരു സഞ്ചാരയൻ ഗാഃ
പവനപുരപതേ! ത്വം ദേഹി മേ ദേഹസൌഖ്യം ൫൦

അല്ലയൊ ഗുരുവായൂരപ്പ! അങ്ങയുടെ ഭക്തന്മാരുടെ മനസ്സുപോലെ നിർമ്മലമായ ജലപ്രവാഹമുള്ള ആ ശരദ്ഋതുവിനെ കാട്ടിൽ മാനിച്ചുകൊണ്ട് പരിശുദ്ധമായ കാനനത്തിൽ ഭംഗിയായി പശുക്കളെ മേച്ചുകൊണ്ട് വിളങ്ങുന്ന അങ്ങ് എനിയ്ക്ക് ദേഹസൌഖ്യം നല്കുണമേ.

ഇതി ശ്രീമന്നാരായണീയേ ഭാഗവതസ്കന്ധേ
ഭാവാഗ്നിമോക്ഷഃ

ദശകം 59.

വേണുഗാനം.

തവ പുനർനവകളായകോമളം
പ്രേമദോഹനമശേഷമോഹനം
ബ്രഹ്മതത്പരചിന്മുദാത്മകം
വീക്ഷ്യ സമ്മുഹുരനുഹം സ്ത്രിയഃ ൧

നവമായ കായാമ്പൂവുപോലെ മനോഹരവും പ്രേമത്തെ വർദ്ധിപ്പിയ്ക്കുന്നതും എല്ലാറ്റിലുംവെച്ച് മോഹനവും എല്ലാം മോഹിപ്പിയ്ക്കുന്നതും സച്ചിന്മയാനന്ദവുമായ ഭവച്ഛരീരമാകുന്ന ബ്രഹ്മം കണ്ട് ഗോപസ്ത്രീകൾ പ്രതിദിനം മോഹിച്ചു.

മന്മഥോന്മഥിതമാനസാഃ ക്രമാ-
ത്ത്വദ്വിലോകനരതാസ്തതസ്തതഃ
ഗോപികാസ്തവ ന സേഹിരേ ഹരേ!
കാനനോപഗതിമപ്യഹർമുഖേ ൨

ഹേ വിഷ്ണോ! ഗോപികൾ ക്രമേണ കാമദേവനാൽ മഥിയ്ക്കപ്പെട്ട മനസ്സോടുകൂടിയവരായി അങ്ങുമിങ്ങും അങ്ങയെ നോക്കിക്കാണ്മാൻ ഇച്ഛിയ്ക്കുന്നവരായിട്ട് പ്രഭാതത്തിൽ അങ്ങയുടെ കാട്ടിലേയ്ക്കുള്ള പോക്കുംകൂടി സഹിച്ചില്ല.

നിഗ്രഹേ ഭവതി ദത്തദൃഷ്ടയ-
സ്ത്വൽഗതേന മനസാ മൃഗേക്ഷണാഃ
വേണുനാദമുപകർണ്യ ദൂരത-
സ്ത്വദ്വിലാസകഥയാഭിരേമിരേ ൯

അങ്ങ് കാട്ടിലേയ്ക്ക് പോയപ്പോൾ ഗോപിമാർ അങ്ങയെ പ്രാപിച്ച മനസ്സോടുകൂടി ദൃഷ്ടികൾ പതിപ്പിയ്ക്കുമ്പോൾ അകലത്തുനിന്ന് മുരളീഗാനം കേട്ട് അങ്ങയെപ്പറ്റിയുള്ള വിലാസവൃത്താന്തംകൊണ്ട് രമിച്ചു.

കാനനാന്തമിതവാൻ ഭവാനപി
സ്നിഗ്ധപാദപതലേ മനോരമേ
വ്യത്യയാ കലിതപാദമാസ്ഥിതഃ
പ്രത്യപൂരയത വേണുനാളികാം ൰

വനാന്തത്തിലെത്തിയ അങ്ങ് മനോഹരവും സ്നിഗ്ധവുമായ വൃക്ഷത്തിന്റെ ചുവട്ടിൽ വലത്തുകാൽ ഇടത്തേതിൽവെച്ച് നിന്നുകൊണ്ട് ഓടക്കുഴൽ വിളിച്ചു.

മാരബാണധൃതഖേചരീകുലം
നിശ്ചികാരപശുപക്ഷിമണ്ഡലം
ദ്രാവണഞ്ച ദൃഷദാമപി പ്രഭോ!
താവകം വ്യജനി വേണുകൂജിതം ൱

ഹേ വിഭോ! അങ്ങയുടെ മുരളീഗാനം ആകാശസഞ്ചാരിണികളായവർക്കുപോലും കാമാർത്തിയുണ്ടാക്കുന്നതും പശു, പക്ഷിസമൂഹത്തെ നിശ്ചേഷ്ടമാക്കുന്നതും കല്ലിനെക്കൂടി ദ്രവിപ്പിയ്ക്കുന്നതും ആയിത്തീർന്നു.

വേണുരന്ധ്രതരളാംഗുലീദളം
താളസഞ്ചലിതപാദപല്ലവം
തൽസ്ഥിതം തവ പരോക്ഷമപ്യഹോ
സംവിചിന്ത്യ മുമുഹുർവ്രജാംഗനാഃ ൲

വേണുവിന്റെ തുളകളിൽ നടത്തുന്ന വിരലുകളുടെ അഗ്രഭാഗത്തോടുകൂടിയതും താളത്തിനൊത്ത് ഇളക്കുന്ന പാദപല്ലവ

ത്തോട്ടുക്കുടിയതും ആയ അങ്ങയുടെ ആ സ്ഥിതിവിശേഷം അപ്രത്യക്ഷമെങ്കിലും അതിനെ ധ്യാനിച്ചു് ഗോപസ്ത്രീകൾ മോഹിച്ചു ആശ്ചര്യം!

നിശ്ചിശങ്കഭവദംഗദർശിനീഃ
ഖേചരീഃ ഖഗമൃഗാൻ പശ്വനപി
തൽപദപ്രണയി കാനനഞ്ച താ
ധന്യധന്യമിതി നന്ദമാനയൻ ൯

അങ്ങയുടെ ദിവ്യമൂർത്തിയെ നിസ്സംശയം കണ്ടുകൊണ്ടിരിയ്ക്കുന്ന ദിവ്യസ്ത്രീകളേയും പക്ഷിമൃഗാദികളേയും പശുക്കളേയും അവിടത്തെ പാദപദ്മങ്ങൾ സ്പർശിയ്ക്കുന്ന വനത്തേയും ആ ഗോപസ്ത്രീകൾ ധന്യധന്യങ്ങളാണെന്നു് ഉള്ളുകൊണ്ടു് മാനിച്ചു.

ആപിബേയമധരാമൃതം കദാ
വേണുരന്ധ്രരസശേഷമേകദാ
ദൂരതോ ഖലു കൃതം ദുരാശയേ-
ത്യാകുലാ മുഹുരിമാഃസമാമുഹൻ ൧൦

ഓടക്കുഴൽ ആസ്വദിച്ചു് ശേഷിച്ച രസമുള്ള ആ അധരാമൃതം എന്നാണു് പാനംചെയ്യാൻ സംഗതിവരുന്നതു്? എത്രയോ ദൂരെയാണു് ആ ആഗ്രഹം. ദുരാശപ്പെട്ടതു് മതി എന്നു് പറഞ്ഞുകൊണ്ടു് ഇവർ വീണ്ടും പരവശമാരായി മോഹിച്ചു.

പ്രത്യഹഞ്ച പുനരിത്ഥമംഗനാ-
ശ്ചിത്തയോനിജനിതാദനുഗ്രഹാൽ
ബദ്ധരാഗവിവശാസ്ഥയി പ്രഭോ!
നിത്യമാപുരിഹ കൃത്യമൂഢതാം ൧൧

അല്ലയോ പ്രഭോ! അനന്തരം ഗോപസ്ത്രീകൾ പ്രതിദിനം ഇങ്ങിനെ കാമജമായ ആഗ്രഹംകൊണ്ടു് അങ്ങു് നിമിത്തമായുണ്ടായ ദുർധാരാരാഗംമൂലം ആകുലകളായി വീട്ടുകാര്യങ്ങളിലും മൂഢതയെ പ്രാപിച്ചു.

രാഗസ്ത്വവജ്ഞായതേ ഹി സ്വഭാവാൽ
മോക്ഷോപായോ യത്നതഃ സ്യാന്ന വാ സ്യാൽ
താസാന്തോകം തദ്ഭയം ലഘ്വമാസീൽ
ഭാഗ്യം ഭാഗ്യം പാഹി മാം മാരുതേശ! ൧൨

അനുരാഗമോ സ്വാഭാവികമായി ജനിയ്ക്കുന്നതാണല്ലൊ. മോക്ഷോപായം പ്രയത്നംകൊണ്ടു് ഉണ്ടായെന്നും ഉണ്ടായില്ലെന്നും വരാം. അല്ലയോ ഗുരുവായുപുരേശ! അവക്കു് ഇതു് രണ്ടും ഒപ്പം സിദ്ധിച്ചു. അഹോ ഭാഗ്യം! ഭാഗ്യം! അങ്ങു് എന്നെ രക്ഷിച്ചാലും!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ വേണുഗാനം.

ദശകം 60.

ഗോപീവസ്ത്രാപഹാരഃ

മദനാതുരചേതസോനഹം
ഭവദംഘ്രിദയൈകതാനയാ
യമുനാതടസീമ്നി സൈകതീം
തരളാക്ഷ്യാ ഗിരിജാം സമാച്ചിചൻ ൧

നിത്യവും കാമപരവശകളായ ഗോപസ്ത്രീകൾ അങ്ങയുടെ പാദപത്മങ്ങളുടെ ദാസ്യത്തിലുള്ള ആഗ്രഹംകൊണ്ടു് കാളിന്ദീതീരത്തിൽ മണൽകൊണ്ടു് പാർവ്വതീവിഗ്രഹം ഉണ്ടാക്കി അർച്ചിച്ചു.

തവ നാമകഥാരതാഃ സമം
സുദൃശഃ പ്രാതരുപാഗതാ നദീം
ഉപഹാരശതൈരപൂജയൻ
ദയിതോ നന്ദസുതോ ഭവേദിതി ൨

ആ സുന്ദരിമാർ അങ്ങയുടെ നാമകഥകളിൽ തല്പരകളായി കാലത്തു് കാളിന്ദീനദിയിൽചെന്നു് നന്ദപുത്രൻ ഭർത്താവായി വരേണമേ എന്നു് പ്രാർത്ഥിച്ചുകൊണ്ടു് അനേകം ഉപഹാരങ്ങൾ കൊണ്ടു് ദേവിയെ പൂജിച്ചു.

ഇതി മാസമുപാഹിതവ്രതാ–
സ്തരളാക്ഷീരഭിവീക്ഷ്യ താ ഭവാൻ
കരുണാമൃദുലോ നദീതടം
സമയാസീത്തദനുഗ്രഹേച്ഛയാ ൩

ഇങ്ങിനെ ഒരു മാസക്കാലം വ്രതമാചരിച്ച ആ സുന്ദരിമാരെക്കണ്ടു് അനുഗ്രഹിയ്ക്കുവാൻ ആഗ്രഹിച്ചു് ദയാർദ്രനായി അങ്ങു് നദീതടത്തിലേയ്ക്കു് ചെന്നു.

നിയമാവസിതൌ നിജാംബരം
തടസീമന്യവമുച്യതാസ്തദാ
യമുനാജലഖേലനാകുലാഃ
പുരതസ്ത്വാമവലോക്യ ലജ്ജിതാഃ ൮

നിയമാവസാനത്തിൽ താന്താങ്ങളുടെ വസ്ത്രങ്ങളം കരയ്ക്കു് അഴിച്ചുവെച്ചു് യമുനയിൽ ജലക്രീഡ ചെയ്യുമ്പോൾ അങ്ങയെ മുന്നിൽ കണ്ടു് അവർ ലജ്ജിച്ചു.

കൃപയാ നമിതാനനാസ്ത്വദോ
വനിതാസ്ത്വംബരജാലമന്തികേ
നിഹിതം പരിഗൃഹ്യ ദ്രുഹോ
വിടപം തത്പരം തരസാധിരുഢവാൻ ൯

ഗോപസ്ത്രീകൾ ലജ്ജകൊണ്ടു് തല താഴ്ത്തിയപ്പോൾ അങ്ങു് അടുത്തു് വെച്ചിരുന്ന വസ്ത്രമെല്ലാം എടുത്തു് ഉടനെ ഒരു വൃക്ഷത്തിന്റെ കൊമ്പിൽ കയറി ഇരുന്നു.

ഇഹ താവദുപേത്യനീയതാം
വസനം വഃ സുദൃശോ യഥായഥം
ഇതിനർമ്മമൃദുസ്മിതേ തയി
ബ്രുവതി വ്യാമുമുഹേ വധൂജനൈഃ ൧൦

അല്ലയോ സുന്ദരിമാരേ! ഇപ്പോൾ ഇവിടെ വന്നു് നിങ്ങൾ ക്രമത്തിൽ വസ്ത്രം വാങ്ങിക്കൊള്ളുവിൻ എന്നു് നർമ്മവാക്യത്തോടുകൂടി പുഞ്ചിരിക്കൊണ്ടു് അങ്ങു് പറഞ്ഞപ്പോൾ അവർ ഏറ്റവും മോഹിച്ചു.

അയി ജീവ ചിരം കിശോര നഃ
സ്തവ ദാസീരവശീകരോഷി കിം
പ്രദിശാംബരമംബുജേക്ഷണേ-
ത്യുദിതസ്ത്വം സ്മിതമേവ ദത്തവാൻ ൧൧

അല്ലയോ ഞങ്ങളുടെ കുട്ടീ! നീ വളരെക്കാലം ജീവിച്ചാലും! നിന്റെ ദാസികളായ ഞങ്ങളെ പരവശമാരാക്കുന്നതു് എന്തി

നു? അല്ലയോ അംബുജാക്ഷ! വസ്ത്രം തരണേ! എന്നു് അവർ പറഞ്ഞപ്പോൾ അങ്ങു് പുഞ്ചിരിക്കൊണ്ടതേയുള്ളൂ.

അധിരുഹ്യ തടം കൃതാഞ്ജലീഃ
പരിശുദ്ധാഃസ്വഗതീസ്തിരീക്ഷ്യതാഃ
വസനാന്യഖിലാന്യനുഗ്രഹം
പുനരേവം ഗിരമപ്യദാ മുദാ വ

കരയിൽ കയറി ബദ്ധാഞ്ജലികളും പരിശുദ്ധകളും ആയ അവക്കു് താൻതന്നെ ശരണമെന്നു് കണ്ടു് സന്തോഷത്തോടുകൂടി വസ്ത്രങ്ങളെല്ലാം കൊടുത്തു് ഇപ്രകാരം അനുഗ്രഹരൂപമായ വാക്കുകളും പറഞ്ഞു.

വിദിതം നനു വോ മനീഷിതം
വദിതാരസ്ഥ ഇഹ യോഗ്യമുത്തരം
യമുനാപുളിനേ സചന്ദ്രികാഃ
ക്ഷണദാ ഇത്യബലാസ്ഥ മൂചിവാൻ ൻ

അല്ലയോ ഗോപസ്ത്രീകളേ! നിങ്ങളുടെ അഭീഷ്ടം ഞാനറിഞ്ഞു. യമുനാനദിയുടെ മണൽത്തിട്ടിൽ നിലാവു് തെളിയുന്ന രാത്രികൾ ഇതിനു് തക്ക മറുപടി പറയും എന്നു് അങ്ങു് അവരോടു് പറഞ്ഞു.

ഉപകർണ്യ ഭവന്മുഖച്യുതം
മധുനിഷ്യന്ദിവചോ മൃഗീദൃശഃ
പ്രണയാദയി! വീക്ഷ്യ വീക്ഷ്യ തേ
വദനാബ്ജം ശനകൈർഗൃഹം ഗതാഃ ഫ0

ആ സുന്ദരിമാർ അങ്ങയുടെ മുഖാരവിന്ദത്തിൽനിന്നു് ഒഴുകുന്ന പൂന്തേൻമൊഴികൾ കേട്ടു് പ്രേമാകുലകളായി അങ്ങയുടെ മുഖപദ്മം നോക്കിക്കൊണ്ടതന്നെ പതുക്കെ പതുക്കെ വീട്ടിലേയ്ക്കു് പോയി.

ഇതി നനപനുഗ്രഹ്യ വല്ലവീർ–
വിപിനാന്തേഷ്വ പുരേവ സഞ്ചരൻ
കരുണാശിശിരോ ഹരേ! ഹര
ത്വരയാ മേ സകലാമയാവലിം ഫഫ

ഹേ ഹരേ! ഇപ്രകാരം ഗോപീമാരെ അനുഗ്രഹിച്ചു. പണ്ടത്തെപ്പോലെ വനാന്തരങ്ങളിൽ ദയാർദ്രനായി സഞ്ചരിയ്ക്കുന്ന അങ്ങ് എന്റെ സകല രോഗങ്ങളേയും ക്ഷണത്തിൽ നശിപ്പിക്കേണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഗോപീവസ്ത്രാപഹാരഃ

ദശകം 61.

വിപ്രപത്നീമോക്ഷഃ

തതശ്ച വൃന്ദാവനതോതിദൂരതോ
വനം ഗതസ്ത്വം ഖലു ഗോപഗോകുലൈഃ
ഹൃദന്തരേ ഭക്തതരദ്വിജാംഗനാ
കദംബകാനുഗ്രഹണാഗ്രഹം വഹൻ ൧

അനന്തരം ഏറ്റവും ഭക്തകളായ ബ്രാഹ്മണസ്ത്രീകളെ അനുഗ്രഹിയ്ക്കുവാനുള്ള ആഗ്രഹം വഹിച്ചുകൊണ്ട് അങ്ങ് ഗോപബാലന്മാരോടും പശുക്കളോടുംകൂടി വൃന്ദാവനത്തിൽനിന്ന് വളരെ ദൂരത്തുള്ള ഒരു കാട്ടിലേയ്ക്ക് പോയി.

തതോ നിരീക്ഷ്യാശരണേ വനാന്തരേ
കിശോരലോകം ക്ഷുധിതം തൃഷാകുലം
അദൂരതോ യജ്ഞപരാൻ ദ്വിജാൻ പ്രതി
വ്യസർജ്ജയോ ദീദിവിയാചനായ താൻ ൨

അതിന്നു് ശേഷം അങ്ങ് നിസ്സഹായമായ വനമദ്ധ്യത്തിൽ ബാലകസമൂഹത്തെ വിശപ്പും ദാഹവുമുള്ളതായിക്കണ്ടു് അടുത്തു് യാഗത്തിലേർപ്പെട്ട ബ്രാഹ്മണരോടു് അന്നം യാചിപ്പാനായി പറഞ്ഞയച്ചു.

ഗതേഷ്വഥോ തേഷ്വഭിധായ തേഭിധാം
കുമാരകേഷ്വോദനയാചിഷ്വു പ്രഭോ!
ശ്രുതിസ്ഥിരാ അപ്യഭിനിന്യുരശ്രുതീം
ന കിഞ്ചിദൂചുശ്ച മഹീസുരോത്തമാഃ ൩

അല്ലയോ പ്രഭോ! പിന്നെ ആ കുമാരന്മാർ പോയി അങ്ങയുടെ പേർ പറഞ്ഞു് അന്നം യാചിച്ചു് നില്ക്കുമ്പോൾ ആ ബ്രാഹ്മണശ്രേഷ്ഠന്മാർ ശ്രുതിസ്മൃതിനിന്മാരാണെങ്കിലും അശ്രുതിയെ (കേൾക്കാത്ത ഭാവം) അഭിനയിച്ചു. ഒന്നും മറുപടി പറകയും ഉണ്ടായില്ല.

അനാദരാൽ ഖിന്നധിയോ ഹി ബാലകാഃ
സമായയുർഭുക്തമിദം ഹി യജ്ഞസു
ചിരാദഭീക്ഷ്ണാഃ ഖലു തേ മഹീസുരാഃ
കഥം ഹി ഭക്തം തപയി തൈഃസമർപ്പ്യതേ ൪൪

കുട്ടികൾ അനാദരം ഹേതുവാൽ ദുഃഖിതചിത്തന്മാരായി മടങ്ങിപ്പോന്നു. യാഗം ചെയ്യുന്നവരിൽ ഇതു് യുക്തമാണല്ലോ. ആ ബ്രാഹ്മണന്മാർ വളരെക്കാലമായിട്ടും അഭീക്ഷ്ണന്മാരായിരിക്കേ അവരെങ്ങിനെ അങ്ങയിൽ ഭക്തം (അന്നം) സമർപ്പിയ്ക്കുന്നു?

നിവേദയദ്ധ്വം ഗൃഹിണീജനായ മാം
ദിശേയുരന്നം കരുണാകുലാ ഇമാഃ
ഇതി സ്മിതാർദ്രം ഭവതേരിതാം ഗതാ-
സ്തേ ദാരകാ ദാരജനം യയാചിരേ ൪൫

സ്ത്രീജനങ്ങളോടു് എന്നെപ്പറ്റി അറിയിയ്ക്കുവിൻ. ദയാപരവശമാരായ അവർ അന്നം തരും എന്നു് പുഞ്ചിരി തൂകിക്കൊണ്ടു് അങ്ങു് കുട്ടികളോടു് പറഞ്ഞപ്പോൾ അവർ ചെന്നു് ബ്രാഹ്മണപത്നികളോടു് യാചിച്ചു.

ഗൃഹീതനാമ്നി തപയി സംഭ്രമാകുലാ-
ശ്ചതുർവ്വിധം ഭോജ്യരസം പ്രഗൃഹ്യ താഃ
ചിരം ധൃതത്പ്രവിലോകനാഗ്രഹാഃ
സപദ്യനിന്ദ്യാ അചിരേണായയുഃ ൪൬

അങ്ങയുടെ പേർ പറഞ്ഞുകേട്ടപ്പോൾ ചിരകാലങ്ങളോളമായി അങ്ങയെ സന്ദർശിയ്ക്കുവാനാഗ്രഹിയ്ക്കുന്ന ആ സ്ത്രീകൾ സംഭ്രമംകൊണ്ടു് പരവശമാരായി ചതുർവ്വിധഭക്ഷണപദാർത്ഥങ്ങളും എടുത്തുകൊണ്ടു് സപത്നീകന്മാർ തടഞ്ഞിട്ടും ഓടിവന്നു.

വിലോലപിഞ്ഛരം ചികുരേ കപോലയോഃ
സമുല്ലസൽകുണ്ഡലമാർദ്രമീക്ഷിതേ
നിധായ ബാഹ്വം സുഹൃദംസസീമനി
സ്ഥിതം ഭവന്തം സമലോകയന്ത താഃ ൯

തിരുമുടിയിൽ ഇളകിക്കൊണ്ടിരുന്ന മയിൽപീലിയോടും കവിൾത്തടങ്ങളിൽ ശോഭിയ്ക്കുന്ന കുണ്ഡലങ്ങളോടുംകൂടി കടാക്ഷിച്ചുകൊണ്ട് സ്നേഹിതന്റെ ചുമലിൽ തൃക്കൈ വെച്ചുകൊണ്ട് നില്ക്കുന്ന നിന്തിരുവടിയെ അവർ കണ്ടു.

തദാ ച കാചിത്തപദുപാഗമോദ്യതാ
ഗൃഹീതഹസ്താ ദയിതേന യജ്വനാ
തതൈവ സഞ്ചിന്ത്യ ഭവന്തമഞ്ജസാ
വിവേശ കൈവല്യമഹോ കൃതിന്യസൌ ൧൦

അപ്പോൾ അങ്ങയുടെ അടുത്തെത്തുവാൻ ശ്രമിച്ച ഒരുത്തി യാഗപരനായ ഭർത്താവിനാൽ കൈ പിടിയ്ക്കപ്പെട്ടപ്പോൾ അപ്പോൾതന്നെ അങ്ങയെ മനസ്സിലോർത്തു. ധന്യയായ അവൾ മോക്ഷം പ്രാപിച്ചു.

ആദായ ഭോജ്യാന്യനുഗൃഹ്യ താഃ പുന-
സ്തപദംശസംഗമസംപൃഹയോജ്ഝതീർഗൃഹം
വിലോക്യ യജ്ഞായ വിസർജ്ജയന്നിമാ-
ശ്ചകർത്ഥ ഭർത്തൃനപി താസഗർഹണാൻ ൧൧

അങ്ങ് ഭോജ്യങ്ങളെ കൈക്കൊണ്ട് അവരെ അനുഗ്രഹിച്ചു. ഉടൻ അവർ തപദംശസംഗമത്തിലുള്ള ആഗ്രഹംകൊണ്ട് ഗൃഹം ഉപേക്ഷിയ്ക്കുന്നവരായി കണ്ടു് അങ്ങ് അവരെ യാഗത്തിനു് തന്നെ അയച്ച ഭർത്താക്കന്മാരെ അവരിൽ നിന്ദയില്ലാത്തവരാക്കിത്തീർത്തു.

നിരൂപ്യ ദോഷം നിജമംഗനാജനേ
വിലോക്യ ഭക്തിഞ്ച പുനർവ്വിചാരിഭിഃ
പ്രബുദ്ധതത്തൈസ്തവമർഷ്ടതോ ദ്വിജൈ-
ർമ്മരുൽപുരാധീശ! നിരുന്ധി മേ ഗദാൻ ൧൨

ഹേ ഗുരുവായുപുരേശ! ആത്മദോഷത്തേയും സ്ത്രീലോകത്തിന്റെ ഭക്തിയേയും കണ്ടു് വീണ്ടും വിചാരിച്ചു് യഥാർത്ഥജ്ഞാനം സിദ്ധിച്ച ബ്രാഹ്മണരാൽ സ്തുതിയ്ക്കപ്പെട്ട അങ്ങു് എന്റെ രോഗങ്ങളെ തടയേണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
വിപ്രപത്നീമോക്ഷഃ

ദശകം 62.

ഇന്ദ്രയജ്ഞവിഘ്നാതഃ

കദാചിൽ ഗോപാലാൻ വിഹിതമഖസംഭാരവിഭവാൻ
നിരീക്ഷ്യ ത്വം ശൌരേ! മഘവമദമുദ്ധ്വംസിതുമനാഃ
വിജാനന്നപ്യേതാൻ വിനയമൃദു നന്ദാദിപശുപാ-
നപൃച്ഛഃ കോ വായം ജനക! ഭവതാമുദ്യമ ഇതി ൧

അല്ലയോ ശൌരേ! അങ്ങു് ഒരിയ്ക്കൽ ഗോപാലന്മാർ യാഗത്തിന്നുള്ള ഒരുക്കങ്ങൾ കൂട്ടുന്നതു് കണ്ടു് ഇന്ദ്രന്റെ ഗർവ്വം ശമിപ്പിയ്ക്കണമെന്നു് കരുതി അറിയുന്നവനായിട്ടും നന്ദപ്രഭൃതികളായ പശുപന്മാരോടു് "അല്ലയോ ജനക! നിങ്ങളുടെ ഈ ശ്രമം എന്താണു്" എന്നു് വിനയത്തോടും ആദരവോടുംകൂടി ചോദിച്ചു.

ബഭാഷേ നന്ദസ്ത്വാം സുത! നനു വിധേയോ മഘവതോ
മഖോ വർഷേ വർഷേ സുഖയതി സ വർഷേണ പൃഥിവീം
തൃണാം വർഷായത്തം നിഖിലമുപജീവ്യം മഹിതലേ
വിശേഷാദസ്മാകം തൃണസലിലജീവ്യാ ഹി പശവഃ ൨

"അല്ലയോ പുത്ര! വർഷംതോറും ഇന്ദ്രനു് യാഗംചെയ്യേണ്ടതാണല്ലോ. ഇന്ദ്രൻ വർഷംകൊണ്ടു് ഭൂമിയെ അഭിവൃദ്ധിപ്പെടുത്തുന്നു. ഭൂമിയിൽ അഖിലകർമ്മങ്ങൾ ഉപജീവനപദാർത്ഥങ്ങളെല്ലാം വർഷാധീനമാണു്. പ്രത്യേകിച്ചും നമ്മുടെ പശുക്കൾ പുല്ലും വെള്ളവുംകൊണ്ടു് ഉപജീവിയ്ക്കുന്നവയാണല്ലോ" എന്നു് നന്ദൻ അങ്ങയോടു് പറഞ്ഞു.

ഇതി ശ്രുത്വാ വാചം പിതുരയി ഭവാനാഹ സരസം
ധിഗേതന്നോ സത്യം മഘവജനിതാ വൃഷ്ടിരിതി യൽ
അദുഷ്ടം ജീവാനാംസൃജതി ഖലു വൃഷ്ടിം സമുചിതാം
മഹാരണ്യേ വൃക്ഷാഃകിമിവ ബലിമിന്ദ്രായ ദദതേ ൯൫

ഹേ ഭഗവൻ! അച്ഛന്റെ ഈ വാക്ക് കേട്ട്, ഇന്ദ്രൻ ഉണ്ടാക്കുന്നതാണ് വർഷം എന്ന് പറയുന്നതു് സത്യമല്ല. ഛേ! ഒരിയ്ക്കലുമല്ല. ജീവാത്മാക്കളുടെ അദൃഷ്ടമാണ് ഉചിതമായ വൃഷ്ടിയെ ഉണ്ടാക്കുന്നതു്. കൊടുങ്കാട്ടിൽ നില്ക്കുന്ന മരങ്ങൾ ഇന്ദ്രന് ബലികൊടുക്കുന്നുണ്ടോ? എന്ന് അങ്ങു് ഭംഗിയായി പറഞ്ഞു.

ഇദം താവൽ സത്യം യദിഹ പശവോ നഃ കുലധനം
തദാജീവ്യായാസൌബലിരചലഭർത്രേസമുചിതഃ
സുരേഭ്യോപ്യുൽകൃഷ്ടാ നനു ധരണിദേവാഃ ക്ഷിതിതലേ
തതസ്തേപ്യാരാദ്ധ്യാ ഇതി ജഗദിഥ ത്വം നിജജനാൻ ൯൬

ഇവിടെ പശുക്കളാണ് നമ്മുടെ കുലധനം എന്ന് പറഞ്ഞതു് സത്യംതന്നെ. അപ്പോൾ ഈ ബലികൊടുക്കുന്നതു് പശുക്കൾക്ക് ഉപജീവനം നല്കുന്ന പർവ്വതരാജനായ ഗോവർദ്ധനത്തിനാണെങ്കിൽ ഉചിതമായിരിയ്ക്കും. ഭൂമിയിലുള്ള ബ്രാഹ്മണർ ദേവന്മാരേക്കാൾ ഉൽകൃഷ്ടന്മാരാണ്. അതുകൊണ്ട് അവരേയും ആരാധിക്കേണ്ടതാണ് എന്ന് അങ്ങു് പശുപാലന്മാരോടു് അരുളിച്ചെയ്തു.

ഭവദ്വാചം ശ്രുത്വാ ബഹുമതിയുതാസ്തേപി പശുപാ-
ടോജേന്ദ്രാനർച്ചന്തോ ബലിമദദുരുച്ചൈഃ ക്ഷിതിഭൃതേ
വ്യധുഃ പ്രാദക്ഷിണ്യം സുഭൃശമനമന്നാദരയുതാ
സ്ത്വമാദശ്ശൈലാത്മാ ബലിമഖിലമാഭീരപുരതഃ ൯൭

ആ ഗോപന്മാർ അങ്ങയുടെ വാക്കുകേട്ട് ബഹുമതിയോടെ ബ്രാഹ്മണശ്രേഷ്ഠന്മാരെ അർച്ചിയ്ക്കുകയും ഉയർന്ന പർവ്വതത്തിനു് ബലി നല്കുകയും ആദരവോടുകൂടി നല്ലവണ്ണം പ്രദക്ഷിണം വെച്ചു് നമസ്കരിയ്ക്കുകയും ചെയ്തു. ഗോപന്മാരുടെ മുന്നിൽ പർവ്വതരൂപിയായ അങ്ങു് ആ ബലി മുഴുവൻ ഭക്ഷിച്ചു.

അവോചശ്ചൈവം താൻ കിമിഹ വിതഥം മേ നിഗദിതം
ഗിരീന്ദ്രോ നസ്പഷ്ടം! സപദി ബലിമുപഭുങ്ക്തേ സപദി പുഷ്ടാ
അയം ഗോത്രോ ഗോത്രദ്വിഷി ച കുപിതേ രക്ഷിതുമലം
സമസ്താനിത്യുക്ത്വാ ജഹൃഷുരഖിലാ ഗോകുലജുഷഃ ൬൯

അവരോടിങ്ങിനെ അങ്ങു് പറഞ്ഞു. ഇവിടെ എന്റെ വാക്കു് വാസ്തവമാണോ? ഈ പർവ്വതരാജാവു് സശരീരംകൊണ്ടു് ബലിയെ ഭക്ഷിയ്ക്കുന്നവല്ലോ. പർവ്വതവൈരിയായ ഇന്ദ്രൻ കോപിച്ചാൽക്കൂടി ഈ പർവ്വതം നമ്മളെ രക്ഷിപ്പാൻ മതിയായവനാണു്. എല്ലാ ഗോപന്മാരും ഇങ്ങിനെ അങ്ങു് പറഞ്ഞപ്പോൾ സന്തോഷിച്ചു.

പരിപ്ലുതാ യാതാഃ ഖലു ഭവദുപേത വ്രജജുഷോ
വ്രജം യാവത്താവന്നിജമഖവിഭംഗം നിശമയൻ
ഭവന്തം ജാനന്നപ്യധികരജസാക്രാന്തഹൃദയോ
ന സേഹേ ദേവേന്ദ്രസ്ത്വദുപരചിതാത്മോന്നതിരപി ൭൦

വ്രജവാസികൾ സന്തോഷിച്ചു് അങ്ങയോടുകൂടെ വൃന്ദാവനത്തിലേയ്ക്കു് പോയപ്പോൾ ദേവേന്ദ്രൻ തന്റെ യാഗം മുടക്കിയതു് കണ്ടു് അറിഞ്ഞു് അങ്ങയെ അറിയുന്നവനും അങ്ങയാൽ ഉണ്ടാക്കിത്തീർത്ത തന്റെ ഉന്നതിയോടുകൂടിയവനും ആണെങ്കിലും അധികരജോഗുണംകൊണ്ടു് ഏതും സഹിച്ചില്ല.

മനുഷ്യത്വം യാതോ മധുഭിദപി ദേവേഷ്വവിനയം
വിധത്തേ ചേന്നഷ്ടസ്യേദശസദസാം കോപി മഹിമാ
തതശ്ച ധ്വംസിഷ്യേ പശുപഹതകസ്യ ശ്രിയമിതി
പ്രവൃത്തസ്ത്വാം ജേതും സ കില മഘവാ ദുർമ്മദനിധിഃ ൭൧

മധുരിപുവാണെങ്കിലും മനുഷ്യത്വയെ പ്രാപിച്ചു് ദേവന്മാരിൽ അവിനയം പ്രവർത്തിയ്ക്കുന്നയാണെങ്കിൽ ദേവസമൂഹത്തിനുള്ള ആ അവാച്യമായ മാഹാത്മ്യം നഷ്ടമാകുന്നതിനാൽ ഈ ഗോപഹതകന്റെ യോഗ്യതയെ ഞാൻ നശിപ്പിയ്ക്കും എന്നിങ്ങിനെ ദുരഹങ്കാരനിധിയായ ഇന്ദ്രൻ അങ്ങയെ ജയിപ്പാൻ ആരംഭിച്ചുപോൽ.

തദാവാസം ഹന്തും പ്രളയജലദാനംബരഭുവി
പ്രഹിണ്വൻ ബിഭ്രാണഃ കുലിശമയമഭ്രേഭഗമനഃ
പ്രതസ്ഥേഽന്യൈരന്തർദഹനമരുദാദ്യൈർവ്വിഹസിതോ
ഭവന്മായാ നൈവ ത്രിഭുവനപതേ! മോഹയതി കം? ൯

ആ ഇന്ദ്രൻ അങ്ങയുടെ വാസസ്ഥലം നശിപ്പിയ്ക്കുവാൻ പ്രളയകാലത്തിലെ മേഘങ്ങളെ ആകാശത്തിലയച്ചു് വജ്രായുധവുമെടുത്തു് ഐരാവതത്തിൽ കയറി മറ്റു് അഗ്നി വായു മുതലായ ദേവന്മാരാൽ ഉള്ളിൽ പരിഹസിയ്ക്കപ്പെട്ടവനായി പുറപ്പെട്ടു. ഹേ ത്രിലോകനാഥ! അങ്ങയുടെ മായ ആരെ മോഹിപ്പിയ്ക്കുന്നില്ല?

സുരേന്ദ്രഃ ക്രുദ്ധശ്ചേൽ ദ്വിജകരുണയാ ശൈലകുപയാ-
പ്യനാതങ്കോസ്മാകം നിയത ഇതി വിശ്വാസ്യ പശുപാൻ
അഹോ കിന്നായാതോ ഗിരിഭിദിതി സഞ്ചിന്ത്യ നിവസൻ
മരുൽഗേഹാധീശ! പ്രണുദ മുരവൈരിൻ! മമ ഗദാൻ ൧൦

മുരാന്തകനായ ഗുരുവായുപുരേശ! ദേവരാജാവു് കോപിച്ചുവെങ്കിൽ ബ്രാഹ്മണദയകൊണ്ടും പർവ്വതകൃപകൊണ്ടും നമുക്കു് ദുഃഖാഭാവം നിയതമാണു് എന്നു് ഗോപന്മാരെ വിശ്വസിപ്പിച്ചു; കഷ്ടം! ഇന്ദ്രൻ എന്താണു് വരാതിരിയ്ക്കുന്നതെന്നു് വിചാരിച്ചു് നിവസിയ്ക്കുന്ന അങ്ങു് എന്റെ രോഗങ്ങളെ നശിപ്പിയ്ക്കുണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഇന്ദ്രയാഗവിഘ്നാതഃ

ദശകം 63.

ഗോവർദ്ധനോദ്ധരണം.

ദ്യുശിരേ കില തൽക്ഷണമക്ഷത-
സ്തനിതജൃംഭിതകംപിതദിങ്തടാഃ
സുഷമയാ ഭവദംഗതുലാം ഗതാ
വ്രജപദോപരി വാരിധരാസ്തദാ ൧

അപ്പോൾ വ്രജഗേഹത്തിന്റെ മുകളിൽ ഇടവിടാതെയുള്ള ഇടിമുഴക്കംകൊണ്ടു് ദിക്കുകളെ വിറപ്പിയ്ക്കുന്നതും അതിശോഭകൊണ്ടു് അങ്ങയുടെ ശരീരത്തോടു് സാദൃശ്യം വഹിയ്ക്കുന്നതുമായ മേഘങ്ങളം അങ്ങയാൽ കാണപ്പെട്ടു.

വിപുലകരകമിശ്രൈസ്തോയധാരാനിപാതൈ-
ർദ്ദിശി ദിശി പശുപാനാം മണ്ഡലേ ദണ്ഡ്യമാനേ
കൃപിതഹരികൃതാന്നഃ പാഹി പാഹീതി തേഷാം
വചനമജിത! ശൃണ്വൻ മാ ബിഭീതേത്യഭാണീഃ ൫

വലിയ ആലിപ്പഴങ്ങളോടുകൂടിയുള്ള ജലധാര വഷിയ്ക്കുമ്പോൾ എല്ലാ ദിക്കിലും പശുപാലസമൂഹം ശിക്ഷിയ്ക്കപ്പെടുമ്പോൾ "ക്രോധിച്ച ദേവേന്ദ്രനിൽനിന്നുണ്ടായ ഈ ആപത്തിൽ നിന്നു് ഞങ്ങളെ രക്ഷിയ്ക്കണേ! രക്ഷിയ്ക്കണേ" എന്ന വാക്കു് കേട്ടു് ഹേ വിഷ്ണോ! അങ്ങു് "നിങ്ങളാരും പേടിയ്ക്കേണ്ട" എന്നു് പറഞ്ഞു.

കുല ഇഹ ഖലു ഗോത്രോ ദൈവതം ഗോത്രശത്രോ-
ർവ്വിഹതിമിഹ സ തന്ധ്യാൽ കോന്വ ഃസംശയോസ്മിൻ
ഇതി സ ഹസിതവാദീ ദേവ! ഗോവർദ്ധനാദ്രിം
തപരിതമുദമൂലോ മൂലതോ ബാലദോർഭ്യാം ൬

ഈ കുലത്തിനു് (ഗോക്കളുടെ കൂട്ടത്തിനു്) ഗോത്രംതന്നെയാണു് ദൈവതം. ഗോത്രശത്രുവിൽനിന്നുള്ള നാശത്തെ അതുതന്നെ തടഞ്ഞുകൊള്ളുമെന്ന കാര്യത്തിൽ സംശയം എന്തു്? ഹേ ദേവ! നിന്തിരുവടി ചിരിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞിട്ടു് ചെറുകൈകൊണ്ടു് ഗോവർദ്ധനത്തെ കടയോടെ പറിച്ചെടുത്തു.

തദനു ഗിരിവരസ്യ പ്രോദ്ധൃതസ്യാസ്യ താവൽ
സികതിലമുദേശേ ദൂരതോ വാരിതാപേ
പരികരപരിമിശ്രാൻ ധേനുഗോപാനധസ്താ-
ദുപനിദധദധത്ഥാ ഹസ്തപത്മേന ശൈലം ൭

അനന്തരം പറിച്ചെടുത്ത ഈ പർവ്വതശ്രേഷ്ഠന്റെ ചുവട്ടിൽ വെള്ളം ദൂരെ നിവാരണം ചെയ്യപ്പെട്ടതായ മണൽ വിരിച്ച

ടിക്കിൽ കുടുംബസാമഗ്രികളോടുകൂടിയ ഗോപന്മാരേയും പശുക്കളേയും നിത്തിക്കൊണ്ടു് അങ്ങു് പാണിപദ്മംകൊണ്ടു് പർവ്വതത്തെ എടുത്തു.

ഭവതി വിധൃതശൈലേ ബാലികാഭിശ്ച യസ്യൈ-
രപി വിഹിതവിലാസം കേളിലാപാദിലോലേ
സവിധമിളിതധേനൂരേകഹസ്തേന കണ്ഡൂ-
യതി സതി പശുപാലാസ്തോഷമൈഷന്ത സർവ്വേ ൪

അങ്ങു് പർവ്വതം ചുമന്നപ്പോൾ ബാലികമാരോടും സ്നേഹിതന്മാരോടുംകൂടി വിലാസങ്ങളോടുംകൂടി ഓരോ നമ്മവാക്യങ്ങളും പറഞ്ഞുകൊണ്ടു് (സമീപത്തുവന്ന പശുക്കളെ) ഒരു കൈകൊണ്ടു് ചൊറിഞ്ഞുനില്ക്കുമ്പോൾ എല്ലാ ഗോപന്മാരും സന്തോഷിച്ചു.

അതിമഹാൻ ഗിരിരേഷ തു വാമകേ
കരസരോരുഹി തം ധരതേ ചിരം
കിമിദമദ്ഭുതമദ്രിബലംനചിതി
തപദവലോകിഭിരാകഥി ഗോപകൈഃ ൫

"ഈ പർവ്വതം വളരെ വലുതു്. ഇവൻ വളരെ നേരമായി ഇടംകയ്യിൽ അതെടുത്തു് നില്ക്കുകയും ചെയ്യുന്നു. ഇതെന്തൊരു അത്ഭുതം" എന്നു് പശുപാലന്മാർ അങ്ങയെ നോക്കി പറഞ്ഞു.

അഹഹ ധാർഷ്ട്യമമുഷ്യ വടോർഗിരിം
വ്യഥിതബാഹുരസാവവരോപയേൽ
ഇതി ഹരിസ്ഥപയി ബദ്ധവിഗർഹണോ
ദിവസസംഘകമുഗ്രമവാഷ്യയൽ ൬

ഈ വടുവിന്റെ ധാർഷ്ട്യം വല്ലാത്തതുതന്നെ. എന്തു കഥയാണു്? ഇവൻ കൈവേദനകൊണ്ടു് മല താഴെ ഇറക്കും എന്നു് വിചാരിച്ചു് ഇന്ദ്രൻ അങ്ങയിൽ നിന്ദയോടെ ഏഴുനാൾ കഠിനമഴ വർഷിച്ചു.

അചലതി തപയി ദേവ! പദാൽ പദം
ഗളിതസർവ്വജലേ ച ഘനോൽകരേ
അപഹൃതേ മരുതാ മരുതാംപതി-
സ്തപദഭിശങ്കിതധീഃസമുപാദ്രവൽ ൭

അല്ലയോ ഈശ്വര! പദത്തിൽനിന്നു് ഒരു പദംപോലും ഇളകാതെ നില്ക്കുമ്പോൾ മേഘങ്ങൾ വെള്ളമെല്ലാം വഷിച്ചു തീൎന്നു്, വായു അപഹരിച്ചപ്പോൾ ദേവേന്ദ്രനു് അങ്ങയിൽ ശങ്ക തോന്നി ഒതുങ്ങി.

ശമമുപേയുഷി വഷ്ടരേ തദാ
പശൂപധേനകുലേ ച വിനിൎഗതേ
ഭുവി വിഭോ! സമുപാഹിതദ്വധരഃ
പ്രമുദിതൈഃ പശുപൈഃ പരിരേഭിഷേ ൯

അപ്പോൾ വഷ്ടാരം അവസാനിച്ചപ്പോൾ ഗോപന്മാരും പശുക്കളും പുറത്തേയ്ക്കു് നയിക്കപ്പെടുകയും അല്ലയോ പ്രഭോ! അങ്ങു് പൎവ്വതത്തെ താഴത്തിറക്കുകയും ചെയ്തു. അപ്പോൾ സന്തോഷിച്ചു് ഗോപന്മാർ അങ്ങയെ ആലിംഗനം ചെയ്തു.

ധരണിമേവ പുരാ ധൃതവാനസി
ക്ഷിതിധരോദ്ധരണേ തവ കഃ ശ്രമഃ
ഇതി നുതസ്തിദശൈഃ കമലാപതേ!
ഗുരുപുരാലയ! പാലയ മാം ഗദാൽ ൧൦

അല്ലയോ ലക്ഷ്മീകാന്തനായ ഗുരുവായൂരപ്പ! അങ്ങു് പണ്ടു് ഭൂമിയെത്തന്നെ വഹിച്ചു. അങ്ങയ്ക്കു് ഒരു പൎവ്വതം എടുപ്പാൻ എന്തു് ശ്രമമാണു്? ഇങ്ങിനെ ത്രിദശന്മാരാൽ സ്തുതനായ അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഗോവൎദ്ധനോദ്ധരണം.

ദശകം 64.

ഗോവിന്ദാഭിഷേകഃ നന്ദാനയനം ച.

ആലോക്യശൈലോദ്ധരണാദിരൂപം
പ്രഭാവമുച്ചൈസ്തവ ഗോപലോകാഃ
വിശേഷശരം ത്വാമഭിമത്യ വിശേ
നന്ദം ഭവജ്ജാതകമന്വപൃച്ഛൻ ൧

ഗോപന്മാർ അങ്ങയുടെ ഗോവർദ്ധനോദ്ധരണം ആകുന്ന വലിയ മാഹാത്മ്യം കണ്ടു് അങ്ങു് ലോകനാഥനെന്നു് വിചാരിച്ചിട്ടു് നന്ദനോടു് അങ്ങയുടെ ജാതകം ചോദിച്ചു.

ഗർഗ്ഗോദിതോ നിർഗ്ഗദിതോ നിജായ
വർഗ്ഗായ താതേന തവ പ്രഭാവഃ
പൂർവ്വാധികസ്ത്വയ്യനുരാഗ ഏഷാ
മൈധിഷ്ഠ താവൽ ബഹുമാനഭാരഃ ൨

അങ്ങയുടെ താതൻ തന്റെ കുട്ടികൾക്കു് ഗർഗ്ഗൻ പറഞ്ഞിട്ടുള്ള അങ്ങയുടെ മാഹാത്മ്യം പറഞ്ഞുകൊടുത്തു. തൽക്ഷണം അവർക്കു് അങ്ങയിൽ മുമ്പുള്ളതിനേക്കാൾ അധികം സ്നേഹവും ബഹുമാനാധിക്യവും വർദ്ധിച്ചു.

തതോവമാനോദിതതത്ത്വബോധഃ
സുരാധിരാജഃ സഹ ദിവ്യഗവ്യാ
ഉപേത്യ തുഷ്ടാവ സ നഷ്ടഗർവ്വഃ
സ്പൃഷ്ടാ പദാബ്ജം മണിമൌലിനാ തേ ൩

അനന്തരം അപമാനംകൊണ്ടു് യഥാർത്ഥജ്ഞാനം ഉദിച്ച ദേവേന്ദ്രൻ ഗർവ്വം അടങ്ങി കാമധേനുവിനോടുകൂടി അടുത്തുവന്നു് രത്നകിരീടംകൊണ്ടു് അങ്ങയുടെ പാദപദ്മത്തെ സ്പർശിച്ചിട്ടു് സ്തുതിച്ചു.

സ്നേഹസ്നുതൈസ്ത്വാം സുരഭിഃ പയോഭിർ-
ഗ്ഗോവിന്ദനാമാങ്കിതമഭ്യഷിഞ്ചൽ
ഐരാവതോപാഹൃതദിവ്യഗംഗാ-
പാഥോഭിരിന്ദ്രോപി ച ജാതഹർഷഃ ൪

കാമധേനു നിന്തിരുവടിയെ സ്നേഹത്തോടെ ചുരത്തിയ പാൽകൊണ്ടു് ഗോവിന്ദൻ എന്ന പേരിൽ അഭിഷേകംചെയ്തു. ദേവേന്ദ്രനും സന്തുഷ്ടനായി. ഐരാവതം കൊണ്ടുവന്ന ആകാശഗംഗാജലംകൊണ്ടു് അഭിഷേകം ചെയ്തു.

ജഗത്ത്രയേശേ ത്വയി ഗോകുലേശേ
തഥാഭിഷിക്തേ സതി ഗോപവാടഃ
നാകേപി വൈകുണ്ഠപദേപ്യലഭ്യാം
ശ്രിയം പ്രപേദേ ഭവതഃ പ്രഭാവാൽ ൫

ത്രിലോകനാഥനായ അങ്ങയെ ഇങ്ങിനെ ഗോകുലത്തിന്റെ അധിപനായി അഭിഷേകം ചെയ്തപ്പോൾ അങ്ങയുടെ മാഹാത്മ്യംകൊണ്ട് ആ ഗോപവാടം സ്വർഗ്ഗത്തിലും വൈകുണ്ഠത്തിൽപോലും കിട്ടുവാൻ സാധിയ്ക്കാത്ത ശോഭയെ വഹിച്ചു.

കദാചിദന്തര്യമുനം പ്രഭാതേ
സ്നായൻ പിതാ വാരുണ പൂരുഷേണ
നീതസ്തമാനേതുമഗാഃ പുരീം തപാം
താം വാരുണീം കാരണമർത്ത്യരൂപഃ ൬

ഒരിയ്ക്കൽ ഒരു പ്രഭാതത്തിൽ അങ്ങയുടെ പിതാവ് യമുനാനദീജലത്തിൽ (അസുരമുഹൂർത്തത്തിൽ) കുളിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തെ വരുണഭൃത്യനായ ഒരുവൻ വന്ന് കൊണ്ടുപോവുകയും ഉടൻ കാരണമർത്ത്യരൂപിയായ അങ്ങ് അദ്ദേഹത്തെ കൊണ്ടുവരുവാൻ വരുണപുരിയിലേയ്ക്ക് പോകയുംചെയ്തു.

സസംഭ്രമം തേന ജലാധിപേന
പ്രപൂജിതസ്ത്വം പ്രതിഗൃഹ്യ താതം
ഉപാഗതസ്തൽക്ഷണമാത്മഗേഹം
പിതാവദത്തച്ചരിതം നിജേഭ്യഃ ൭

ആ ജലരാജനാൽ പൂജിയ്ക്കപ്പെട്ട അങ്ങ് നന്ദനേയും കൂട്ടിക്കൊണ്ട് സ്വഗൃഹത്തിലേയ്ക്ക് വന്നു. നന്ദൻ ആ വിവരം മറ്റു കൂട്ടുകാരോട് പറഞ്ഞു.

ഹരിം വിനിശ്ചിത്യ ഭവന്തമേതാൻ
ഭവൽപദാലോകനബദ്ധതൃഷ്ണാൻ
നിരീക്ഷ്യ വിഷ്ണോ! പരമം പദംത-
ദ്ദുരാപമന്യൈസ്ത്വമദീദൃശസ്താൻ ൮

ഹേ വിഷ്ണുഭഗവൻ! അവർ നിന്തിരുവടിയെ വിഷ്ണുവാണെന്ന് നിശ്ചയിച്ച് ഭവല്പദം കാണ്മാൻ ഉൽസുകന്മാരാണെന്നറിഞ്ഞപ്പോൾ അങ്ങ് അവർക്ക് ഇതരദുർല്ലഭമായ ആ പരമപദം കാട്ടിക്കൊടുത്തു.

സ്ഫുരൽപരാനന്ദരസപ്രവാഹ-
പ്രപൂർണ്ണകൈവല്യമഹാപയോധൌ
ചിരം നിമഗ്നാഃ ഖലു ഗോപസംഘാ-
സ്ത്വയൈവ ഭ്രമൻ! പുനരുദ്ധൃതാസ്തേ ൯

ഹേ ഭ്രമൻ! ഗോപന്മാർ പ്രകാശമാനവും ഉൽകൃഷ്ടബ്രഹ്മാനന്ദരസപ്രവാഹംകൊണ്ടു് നിറഞ്ഞ കൈവല്യാബ്ധിയിൽ വളരെ നേരം മുങ്ങിക്കിടന്നു. അവരെ അങ്ങുതന്നെ അതിൽനിന്നു് ഉദ്ധരിച്ചു.

കരണ്ഡരവദേവം ദേവ! കൃത്വാവതാരേ
പരപദമനവാപ്യം ദർശിതം ഭക്തിഭാജാം
തദിഹ പശുപരൂപീ തത്വം ഹി സാക്ഷാൽ പരാത്മാ!
പവനപുരനിവാസിൻ! പാഹിമാമാമയേഭ്യഃ ൧൦

ഹേ ദേവ! കാണ്മാൻ കഴിയാത്ത ആ ഉൽകൃഷ്ടപദത്തെ ഇപ്രകാരം കയ്യിൽ ലന്തക്കരുവെന്നപോലെ ഭക്തന്മാർക്കു് മറ്റു് ഏതൊരവതാരത്തിലാണു് പ്രദർശിപ്പിച്ചിട്ടുള്ളതു്? ഗോപരൂപിയായ അവിടുന്നു് സാക്ഷാൽ പരമാത്മാവുതന്നെ. അല്ലയോ ഗുരുവായൂരപ്പ! അങ്ങു് അടിയനെ രോഗങ്ങളിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഗോവിന്ദാഭിഷേകഃ നന്ദാനയനം ച.

ദശകം 65.

ഗോപീസമാഗമഃ

ഗോപീജനായ കഥിതം നിയമാവസാനേ
മാരോത്സവം തമഥ സാധയിതും പ്രവൃത്തഃ
സാന്ദ്രേണ ചാന്ദ്രമഹസാ ശിശിരീകൃതാശേ
പ്രാപൂരയോ മുരളികാം യമുനാവനാന്തേ ൧

അനന്തരം അങ്ങു് നിയമത്തിന്റെ (വ്രതത്തിന്റെ) അവസാനത്തിൽ ഗോപികളോടു് പറഞ്ഞിട്ടുള്ള കാമക്രീഡോത്സ

വം സാധിപ്പിയ്ക്കുവാൻ മുതിർന്ന് കൊഴുത്ത പൂനിലാവുകൊണ്ട് കുളുത്ത കാളിന്ദികാനനപ്രദേശങ്ങളിൽ സ്ഥിതിചെയ്തുകൊണ്ട് ഓടക്കുഴൽ വിളിച്ചു.

സമ്മൂർച്ഛനാഭിരുദിതസ്വരമണ്ഡലാഭി-
സ്സമ്മൂർച്ഛയന്തമഖിലം ഭുവനാന്തരാളം
തദ്വേണുനാദമുപകർണ്യ വിഭോ! തരുണ്യഃ
തത്താദൃശം കിമപി ചിത്തവിമോഹമാപുഃ ൨

ഉദിതങ്ങളായ സ്വരങ്ങളോടുകൂടിയ സമ്മൂർച്ഛനകൾകൊണ്ട് എല്ലാ ലോകങ്ങളേയും മൂർച്ഛിപ്പിയ്ക്കുന്ന അങ്ങയുടെ വേണുഗാനം കേട്ട് ഹേ വിഭോ! ഗോപിമാർ അപ്രകാരമുള്ള (വിവരിയ്ക്കുവാൻ കഴിയാത്ത) മനോമോഹത്തെ പ്രാപിച്ചു.

താ ഗേഹകൃത്യനിരതാസ്തനയപ്രസക്താഃ
കാന്തോപസേവനപരാശ്ച സരോരുഹാക്ഷ്യഃ
സർവ്വം വിസൃജ്യ മുരളീരവമോഹിതാസ്തേ
കാന്താരദേശമയി കാന്തതനോ! സമേതാഃ ൩

ഹേ മനോഹരരൂപിൻ! വീട്ടുകാര്യങ്ങളിൽ ഏർപ്പെട്ടവരും കുട്ടികളെ രക്ഷിയ്ക്കുവാൻ തല്പരകളും ഭർത്തൃപരിചര്യയിൽ മുഴുകിയവരും ആയ ആ സുന്ദരീജനങ്ങളും അങ്ങയുടെ മുരളീനാദം കേട്ട് മോഹിച്ച് എല്ലാം വെടിഞ്ഞു് കാട്ടിലേയ്ക്ക് വന്നു.

കാശ്ചിന്നിജാംഗപരിഭൂഷണമാദധാനാ
വേണുപ്രണാദമുപകർണ്യ കൃതാദ്ധ്വിഭൂഷാഃ
താമാഗതാ നനു തഥൈവ വിഭൂഷിതാഭ്യ-
സ്താ ഏവ സംരുരുചിരേ തവ ലോചനായ ൪

അല്ലയോ ഈശ്വര! ചില ഗോപസ്ത്രീകളും നിജാംഗങ്ങളിൽ ആഭരണങ്ങളും അലങ്കരിച്ചുകൊണ്ടിരിയ്ക്കുമ്പോളും മുരളീഗീതം കേട്ട് അദ്ധ്വിഭൂഷിതകളായിട്ടുതന്നെ നിന്തിരുവടിയുടെ അടുത്തെത്തുകയും മുഴുവൻ അണിഞ്ഞവരേക്കാളും പകുതി അണിഞ്ഞവർതന്നെ അങ്ങയുടെ കണ്ണുകൾക്ക് അധികം രുചിയ്ക്കുകയും ചെയ്തു.

ഹാരം നിതംബഭുവി കാചന ധാരയന്തീ
കാഞ്ചീം ച കണ്ഠഭുവി ദേവ! സമാഗതാ തവാം
ഹാരിതവമാത്മജഘനസ്യ മുകുന്ദ തുഭ്യം
വ്യക്തം ബഭാഷ ഇവ മുദ്ധമുഖീ വിശേഷാൽ ൪

ഹേ ദേവ! ഒരുത്തി മുത്തുമാല അരക്കെട്ടിലും അരഞ്ഞാൺ കഴുത്തിലും അണിഞ്ഞുകൊണ്ടു് അങ്ങയുടെ അടുത്തെത്തി. അല്ലയോ മുകുന്ദ! ആത്മജഘനപ്രദേശത്തിന്റെ ഹാരിതവതയെ (ആകർഷകതവത്തെ—മുത്തുമാലകളുള്ള സ്ഥിതിയെ) അവൾ അങ്ങയോടു് സ്പഷ്ടമായി പ്രത്യേകിച്ചും പറഞ്ഞുവോ എന്നു് തോന്നും.

കാചിൽ കുചേ പുനരസജ്ജിതകഞ്ചുളീകാ
വ്യാമോഹതഃ പരവധൂഭിരലക്ഷ്യമാണാ
തവാമായയൌ നിരുപമപ്രണയാതിഭാര-
രാജ്യാഭിഷേകവിധയേ കലശീധരേവ ൫

മറൊരുവൾ സ്തനത്തിൽ മേൽമുണ്ടിടാതെ വ്യാമോഹം നിമിത്തം മറു് വധുക്കളാൽ കാണപ്പെടാത്തവളായി നിസ്തുലപ്രേമഭാരമാകുന്ന രാജ്യത്തിൽ അങ്ങയെ അഭിഷേകം ചെയ്യാൻ കുടം എടുത്തു് വരുന്നതുപോലെ അങ്ങയുടെ അടുത്തണഞ്ഞു.

കാഞ്ചിൽ ഗൃഹാൽ കില നിരേതുമപാരയന്ത്യ-
സ്ത്വാമേവ ദേവ! ഹൃദയേ സുദൃഢം വിഭാവ്യ
ദേഹം വിധൂയ പരചിൽസുഖരൂപമേകം
തവാമാവിശൻ പരമിമാ നനു ധന്യധന്യാഃ ൬

ഹേ ദേവ! ചില ഗോപസ്ത്രീകൾക്കു് ഗൃഹത്തിൽനിന്നു് പുറപ്പെടുവാൻ സാധിയ്ക്കാതെ അങ്ങയെത്തന്നെ ഉള്ളിൽ ഉറപ്പിച്ചു് ധ്യാനിയ്ക്കുകൊണ്ടു് ദേഹത്തെ വെടിഞ്ഞു് പരചിദാനന്ദരൂപിയായ അങ്ങയെ പ്രാപിച്ചു. ഇവരാണല്ലോ അതിധന്യമാരായവർ.

ജാരാത്മനാ നപരമാത്മതയാ സ്മരന്ത്യോ
നാര്യോ ഗതാഃ പരമഹംസഗതിം ക്ഷണേന
തം ത്വാം പ്രകാശപരമാത്മതനും കഥഞ്ചി-
ച്ചിത്തേ വഹന്നമൃതമശ്നമശ്നവീയ ൭

അവർ പരമാത്മതേജനയല്ലാതെ ജാരാത്മതയിൽ സ്മരിച്ചിട്ട് ക്ഷണത്തിൽ മുക്തി നേടി. പ്രത്യക്ഷപരമാത്മരൂപിയായ നിന്തിരുവടിയെ എങ്ങിനെയെങ്കിലും മനസ്സിൽ ധരിച്ചുകൊണ്ട് നിഷ്പ്രയാസം മോക്ഷം പ്രാപിച്ചുകൊള്ളാമെന്നുണ്ട്.

അഭ്യാഗതാഭിരഭിതോ വ്രജസുന്ദരീഭി-
മ്മുഗ്ധസ്മിതാർദ്രവദനഃ കരുണാവലോകീ
നിസ്സീമകാന്തിജലധിസ്സുഭവേക്ഷ്യമാണോ
വിശ്ലേഷകഹൃദ്യ! ഹര മേ പവനേശ! രോഗാൻ ൯

ലോകൈകമനോഹരനായ ഗുരുവായൂരപ്പ! അടുത്തുവന്ന് ചുഴന്നുനില്ക്കുന്ന ഗോപസ്ത്രീകളാൽ മുഗ്ധസ്മിതം പൊഴിയുന്ന മുഖത്തോടും ദയാർദ്രമായ കടാക്ഷത്തോടും നിസ്സീമമായ ശോഭയോടുംകൂടിയ അങ്ങ് കാണപ്പെട്ട. ആ നിന്തിരുവടി എന്റെ രോഗങ്ങളെ ശമിപ്പിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഗോപീസമാഗമഃ

ദ ശ കം 66.

ധർമ്മോപദേശഃ ക്രീഡാച.

ഉപയാതാനാം സുദൃശാം
കുസുമായുധബാണപാതവിവശനാം
അഭിവാഞ്ഛിതം വിധാതും
കൃതമതിരപി താ ജഗാഥ വാമമിവ ൧

കാമാസ്ത്രം ഏറ്റ് പരവശമായി അടുത്തുവന്ന ഗോപസുന്ദരിമാരുടെ ആഗ്രഹം നിറവേറുവാൻ അങ്ങ് തീച്ചപ്പെട്ടുത്തിയിരുന്നു എങ്കിലും പ്രതികൂലമായിട്ടെന്നപോലെ അവരോട് പറഞ്ഞു.

ഗഗനഗതം മുനിനിവഹം
ശ്രാവയിതും ജഗിഥ കുലവധൂധർമ്മം
ധർമ്മ്യം ഖലു തേ വചനം
കർമ്മ തു നോ നിർമ്മലസ്യ വിശ്വാസ്യം ൨

ആകാശത്തിൽ നില്ക്കുന്ന മുനിമാരെ കേൾപ്പിയ്ക്കുവാൻ കുല വധൂധർമ്മത്തെപ്പറ്റി അങ്ങ് ഗാനം ചെയ്തു. അങ്ങയുടെ വാക്കു് ധർമ്മ്യംതന്നെ എങ്കിലും നിർമ്മലനായവനു് കർമ്മം വിശ്വസിയ്ക്കുത്തക്കതല്ലല്ലോ.

ആകർണ്യ തേ പ്രതീപാം
വാണീമേണീദൃശഃ പരം ദീനാഃ
മാമാ കരുണാസിന്ധോ!
പരിത്യജേത്യതിചിരം വിലേപുസ്താഃ ൯

അങ്ങയുടെ പ്രതികൂലമായ വാക്കുകേട്ടു് ഏറ്റവും പരവശമായ ആ സുന്ദരിമാർ ഹേ ദയാസമുദ്രമേ! ഞങ്ങളെ ഉപേക്ഷിയ്ക്കരുതേ, എന്നു് വളരെ നേരം വിലപിച്ചു.

താസാം രുദിതൈരല്പവിതൈഃ
കരുണാകുലമാനസോ മുരാരേ! തപം
താഭിസ്സമം പ്രവൃത്തോ
യമുനാപുളിനേഷു കാമമഭിരന്തും ൰

ഹേ മുരരിപോ! അവരുടെ നിലവിളികൊണ്ടും ആവലാതികൊണ്ടും ദയാർദ്രഹൃദയനായി അങ്ങു് അവരോടുകൂടി യമുനാനദിയുടെ മണൽത്തിട്ടകളിൽ ഇഷ്ടംപോലെ ക്രീഡിയ്ക്കുവാനൊരുങ്ങി.

ചന്ദ്രകരസ്യന്ദലസൽ
സുന്ദരയമുനാതടാന്തവീഥീഷു
ഗോപീജനോത്തരീയൈ-
രാസാദിതസംസ്തരോ ന്യഷീദസ്തം ൱

പൂനിലാവു് തെളിഞ്ഞു് പ്രകാശിയ്ക്കുന്ന മനോഹരങ്ങളായ കാളിന്ദീകൂലപ്രദേശങ്ങളിൽ ഗോപീജനങ്ങളുടെ ഉത്തരീയം കൊണ്ടു് വിരിപ്പുണ്ടാക്കി അതിൽ അങ്ങു് ഇരുന്നു.

സുമധുരനർമ്മാലപനൈഃ
കരസംഗ്രഹണൈശ്ച ചുംബനോല്ലാസൈഃ
ഗാഢാലിംഗനസംഗൈ-
സ്താമംഗനാലോകമാകുലീചക്രുഷേ ൲

അതിമധുരങ്ങളായ നമ്മഭാഷണംകൊണ്ടും കരഗ്രഹണം കൊണ്ടും ചുംബനവിലാസംകൊണ്ടും ദൃഢാലിംഗനാദികളാലും അങ്ങ് അവരെ ആകുലകളാക്കി.

വാസോഹരണദിനേ യ-
ദ്വാസോഹരണം പ്രതിശ്രുതം താസാം
തദപി വിഭോ! രസവിവശ-
സ്വാന്താനാം കാന്തസുഭ്രുവാമദധാഃ ൯

ഹേ സുന്ദരനായ ഭഗവൻ! വസ്ത്രാപഹരണദിവസം അവരോട് പ്രതിജ്ഞ ചെയ്തിരുന്ന വസ്ത്രാഹരണത്തെ രസാകുലചിത്തകളായ സുന്ദരിമാക്ക് ചെയ്തുകൊടുത്തു.

കന്ദളിതഘർമ്മലേശം
കന്ദമൃദുസ്മേരവക്ത്രപാഥോജം
നന്ദസുത! ത്വാം ത്രിജഗൽ
സുന്ദരമുപലഭ്യ നന്ദിതാ ബാലാഃ ൧൦

അല്ലയോ നന്ദസൂനോ! വേപ്പുതുള്ളികൾ പൊടിഞ്ഞും മുല്ലപ്പൂപോലെ പുഞ്ചിരിക്കൊള്ളുന്ന മുഖത്തോടുകൂടി ത്രിലോകസുന്ദരനായ അങ്ങയെ ആലിംഗനം ചെയ്ത് അവർ ആനന്ദിച്ചു.

വിരഹേഷ്വംഗാരമയഃ
ശൃംഗാരമയശ്ച സംഗമേ ഹരി ത്വം
നിതരാമംഗാരമയ-
സ്തത പുനസ്സംഗമേഷു ചിത്രമിദം ൧൧

വിരഹത്തിൽ അങ്ങ് അംഗാരമയൻ ആകുന്നു. സംയോഗത്തിലോ ശൃംഗാരമയനും ആണല്ലോ. അല്ലയോ (അംഗ) കൃഷ്ണ! നിന്തിരുവടി ഇപ്പോഴും സംഗമത്തിൽ (അംഗാരമയ) രമിപ്പിച്ചു. അത്ഭുതംതന്നെ!

രാധാതുംഗപയോധര
സാധുപരിരംഭലോലുപാത്മാനം
ആരാധയേ ഭവന്തം
പവനപുരാധീശ! ശമയ സകലഗദാൻ ൧൨

അല്ലയോ ഗുരുവായൂരപ്പ! രാധാദേവിയുടെ ഉന്നതസ്തനങ്ങളെ വഴിപോലെ ആലിംഗനംചെയ്യുന്നതിൽ സക്തചിത്തനായ അങ്ങയെ ഞാൻ ആരാധിയ്ക്കുന്നു. എന്റെ സകല രോഗങ്ങളേയും ശമിപ്പിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ധർമ്മോപദേശഃ ക്രീഡാച.

ദശകം 67.

ഭഗവദന്തർദ്ധാനം അന്വേഷണം ആവിർഭാവശ്ച.

സ്മരൻപരാനന്ദരസാത്മകേന
തപയാ സമാസാദിത ഭോഗലീലാഃ
അസീമമാനന്ദഭരം പ്രപന്നാ
മഹാന്തമാപുർമ്മദമംബുജാക്ഷ്യഃ ൧

ശോഭമാനപരമാനന്ദസ്വരൂപിയായ അങ്ങയോടുകൂടെ ഭോഗക്രീഡകൾ പ്രാപിച്ച ഗോപസ്ത്രീകൾ അതിരറ്റ ആനന്ദം ലഭിച്ചിട്ട് ഏറ്റവും ഗർവ്വിഷ്ടമാരായിത്തീർന്നു.

നിലീയതേ സൌ മയി മയ്യമായം
രമാപതിർവ്വിശ്രമനോഭിരാമഃ
ഇതി സ്മ സർവ്വാഃ കലിതാഭിമാനാ
നിരീക്ഷ്യഗോവിന്ദ! തിരോഹിതോഭൂഃ ൨

ലോകമനോഭിരാമനായ ഈ ലക്ഷ്മീകാന്തൻ "എന്നിലാണ് ലയിക്കുന്നതു് എന്നിലാണ് ലയിക്കുന്നതു്" എന്നുവെച്ചു് ഓരോരുത്തരും അഭിമാനിയ്ക്കുന്നതു് കണ്ടു് ഹേ ഗോവിന്ദ! അവിടുന്നു് തിരോധാനംചെയ്തു.

രാധാഭിധാം താവദജാതഗർവ്വാ-
മതിപ്രിയാം ഗോപവധൂം മുരാരേ!
ഭവാനുപാദായ ഗതോ വിദൂരം
തയാ സഹ സ്വൈരവിഹാരകാരീ ൩

ഹേ മുരരിപോ! അങ്ങ് അപ്പോൾ ഗർവ്വിഷ്ഠയല്ലാത്തവളും അതിപ്രിയയും ആയ രാധ എന്ന ഗോപവധുവിനെ കൂട്ടിക്കൊണ്ട് ദൂരെ പോയി അവളൊന്നിച്ച് യഥേഷ്ടം ക്രീഡിച്ചു.

തിരോഹിതേ തയി ജാതതാപാഃ
സമം സമേതാഃ കമലായതാക്ഷ്യഃ
വനേ വനേ ത്വാം പരിമാർഗ്ഗയന്ത്യോ
വിഷാദമാപുർഭഗവന്നപാരം ൪

ഹേ ഭഗവൻ! അങ്ങ് തിരോധാനംചെയ്തപ്പോൾ ഗോപിമാരെല്ലാം വ്യസനിച്ച് കാട്ടതോറും അങ്ങയെ തിരഞ്ഞുകൊണ്ട് വലിയ വ്യസനത്തിൽ മുഴുകി.

ഹാ ചൂത! ഹാ ചമ്പക! കർണ്ണികാര!
ഹാ മല്ലികേ! മാലതി! ബാലവല്ല്യഃ!
കിം വീക്ഷിതോ നോ ഹൃദയൈകചോര
ഇത്യാദിതാസ്ത്വൽപ്രവണാ വിലേപുഃ ൫

ഹേ ചൂതവൃക്ഷമേ! ചമ്പകമേ! അയ്യോ കർണ്ണികാരമേ! അയിമല്ലികേ! ഹേ മാലതി! അയ്യോ ഇളയ വല്ലികളേ! ഞങ്ങളുടെ ചിത്തൈകചോരനെ നിങ്ങൾ കണ്ടുവോ? എന്നിങ്ങിനെ ആ ഗോപീജനങ്ങൾ ത്വദധീനകളായി നിലവിളിച്ചു.

നിരീക്ഷിതോയം സഖി പങ്കജാക്ഷഃ
പുരോ മമേത്യാകുലമാലപന്തീ
ത്വാം ഭാവനാചക്ഷുഷി വീക്ഷ്യകാചി-
ത്താപംസഖീനാം ദധിഷേ നിചകാര ൯

ഒരുത്തി അങ്ങയെ ഭാവനാദൃഷ്ടികൊണ്ടു കണ്ടിട്ട് അല്ലയോ സഖി ഈ പങ്കജാക്ഷനെ ഇതാ എന്റെ മുമ്പിൽ കണ്ടു എന്നിങ്ങിനെ പരവശമാംവണ്ണം പറഞ്ഞുകൊണ്ട് മറുള്ളവർക്കുള്ള സന്താപത്തെ ഇരട്ടിച്ചു.

ത്വദാത്മികാസ്താ യമുനാതടാന്തേ
തവാനുചക്രുഃകിലചേഷ്ടിതാനി;
വിചിത്യ ഭൂയോപി തദൈവ മാനാ-
ത്ത്വയാ വിയുക്താം ദദൃശുശ്ചരാധാം ൭

അങ്ങയിൽ മനസ്സൊട്ടുകടിയ അവർ യമുനാതീരപ്രദേശത്തുവെച്ച് അങ്ങയുടെ ചേഷ്ടിതങ്ങളെ അനുകരിച്ചുവന്നു. പിന്നെയും തിരഞ്ഞുനടക്കുമ്പോൾ അപ്പോൾതന്നെ ഗർവ്വുകൊണ്ട് അങ്ങയാൽ വിയുക്തയായ രാധയെ അവർ കാണുകയും ചെയ്തു.

തതഃ സമംതാ വിചിനേ സമന്താ-
ത്തമോവതാരാവധി മാർഗ്ഗയന്ത്യഃ
പുനർവ്വിമിശ്രാ യമുനാതടാന്തേ
ദൃശം വിലേപുശ്ച ജഗുർഗ്ഗുണാംസ്തേ വ൭

അതിനുശേഷം അവർ ഇരുട്ടാകുന്നതുവരെ അവളൊന്നിച്ച് അന്വേഷിച്ചുകൊണ്ട് കാട്ടിലെല്ലാം നടന്നു. പിന്നെ യമുനാതീരത്തിൽ ഒന്നിച്ചുചേർന്ന് ഏറ്റവും വിലപിയ്ക്കുകയും അങ്ങയുടെ ഗുണങ്ങളെ പാടുകയും ചെയ്തു.

തഥാവ്യഥാസങ്കുലമാനസാനാം
വ്രജാംഗനാനാം കരുണൈകസിന്ധോ!
ജഗത്ത്രയീമോഹനമോഹനാത്മാ
തപം പ്രാദുരാസീരയി മന്ദഹാസീ ൮൦

അല്ലയോ ദയൈകസമുദ്രമേ! അപ്രകാരം ദുഃഖംകൊണ്ട് പരവശചിത്തകളായ ആ ഗോപസ്ത്രീകളുടെ മുന്നിൽ പുഞ്ചിരിക്കൊണ്ടുകൊണ്ട് ത്രൈലോക്യത്തെ മോഹിപ്പിയ്ക്കുന്ന സുന്ദരകളേബരത്തോടുകൂടി അങ്ങ് പ്രത്യക്ഷപ്പെട്ടു.

സന്ദിശ്യസന്ദശ്യനമാത്മകാന്തം
തപാം വീക്ഷ്യതനൂഃ സഹസാതദാനീം
കിം കിം ന ചക്രുഃ പ്രണയാതിഭാരാൽ
സ തപം ഗദാൽ പാലയ മാരുതേശ! ൮൧

കാണ്മാൻ സാധിയ്ക്കുമോ എന്ന് സംശയിപ്പിച്ച നിജകാന്തനായ അങ്ങയെ കണ്ടിട്ട് ആ സുന്ദരിമാർ അപ്പോൾ പ്രേമാധിക്യംകൊണ്ട് എന്തെല്ലാം ചെയ്തുണ്ടായില്ല? അല്ലയോ ഗുരുവായൂരപ്പ! ആ അങ്ങ് എന്നെ രോഗത്തിൽനിന്ന് രക്ഷിച്ചാലും.

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഭഗവത്തിരോധാനം അന്വേഷണം ആവിർഭാവശ്ച.

ദശകം 68.

ആനന്ദപാരവശ്യം പ്രണയകോപഃ
ഭഗവൽകൃതസാന്ത്വനംച.

തവ വിലോകനാൽ ഗോപികാജനാഃ
പ്രമദസങ്കുലാഃ പങ്കജേക്ഷണ!
അമൃതധാരയാ സംപ്ലുതാ ഇവ
സ്തിമിതതാം ദധുസ്തൽപുരോഗതാഃ ൧

ഹേ പുണ്ഡരീകാക്ഷ! അങ്ങയെ കണ്ടതുകൊണ്ട് ഗോപസ്ത്രീകൾ ആനന്ദഭരിതമാരായി അമൃതധാരയാൽ കുളിപ്പിയ്ക്കപ്പെട്ടവരെന്നപോലെ അങ്ങയുടെ മുമ്പിൽ നിശ്ചലകളായി നിന്നു.

തദനു കാചനത്പൽകരാംബുജം
സപദി ഗൃഹ്ണതീ നിഹ്നുശങ്കിതം
ഘനപയോധരേ സന്നിധായ സാ
പുളകസംവൃതാ തസ്ഥുഷീ ചിരം ൨

അപ്പോൾ ഒരുവൾ നിന്തിരുവടിയുടെ പാണിപത്മത്തെ വേഗം സംശയമെന്നിയേ പിടിച്ചുകൊണ്ട് തുംഗകുചങ്ങളിൽ വെച്ച് കുറെ നേരം രോമാഞ്ചം പൂണ്ടുനിന്നു.

തവ വിഭോപരാ കോമളം ഭുജം
നിജഗളാന്തരേ പര്യുവേഷ്ടയൽ
ഗളസമുദ്ഗതം പ്രാണമാരുതം
പ്രതിനിരുന്ധതീവാതിഹർഷുലാ ൩

ഹേ വിഭോ! വേറെ ഒരുവൾ അതിഉത്സുകയായിട്ട് അങ്ങയുടെ മനോഹരമായ തൃക്കയ്യിനെ, കഴുത്തുവരെ എത്തിയ പ്രാണവായുവിനെ തടുക്കുന്നവളോ എന്നു് തോന്നുമാറു് നിജകണ്ഠത്തിൽ ചുറ്റിപ്പിടിപ്പിച്ചു.

അപഗതത്രപാ കാപി കാമിനീ
തവ മുഖാംബുജാൽ പൂഗചർവ്വിതം
പ്രതിഗൃഹ്യ തദ്പുരുപങ്കജേ
നിദധതീ ഗതാ പൂർണ്ണകാമതാം ൪

മറൊരുവൻ ലജ്ജകൂടാതെ പൂഗചവ്വിതത്തെ അങ്ങയുടെ മുഖത്തിൽനിന്നു് സ്വീകരിച്ചിട്ടു് സ്വമുഖപത്മത്തിലാക്കി പൂണ്ണ കാമതയെ പ്രാപിച്ചു.

വികരുണോ വനേ സംവിഹായ മാ–
മപഗതോസികാതപാമിഹസ്പൃശേൽ
ഇതി സരോഷയാ താവദേകയാ
സജലലോചനം വീക്ഷിതോ ഭവാൻ ൪

നിർദ്ദയനായ നീ എന്നെ കാട്ടിൽ ഇട്ടേച്ചു് പോയില്ലേ? ആരാണു് അങ്ങയെ തൊടുക? എന്നു് ഒരുവൾ ക്രുദ്ധയായി പറഞ്ഞു് കണ്ണിൽ വെള്ളം നിറച്ചു് അങ്ങയുടെ നേരെ ഉറുനോക്കി.

ഇതി മുദാകുലൈർവ്വല്ലവീജനൈ–
സ്സമമുപാഗതോ യാമുനേ തടേ
മൃദുകുചാംബരൈഃ കല്പിതാസനേ
ഘുസൃണഭാസുരേ പര്യശോഭഥാഃ ൯

ഇപ്രകാരം മോദാകുലകളായ ഗോപിമാരോടുകൂടി യമുനാതീരത്തിൽ ചെന്നു് അങ്ങു് കുങ്കുമംകൊണ്ടു് ശോഭിച്ചതും മാറ്റവമുള്ള കുചവസ്ത്രങ്ങൾകൊണ്ടു് നിർമ്മിയ്ക്കപ്പെട്ടതുമായ തല്പത്തിൽ ശോഭിച്ചു.

കതിവിധാ കൃപാ കേപി സർവ്വതോ
ധൃതദയോദയാഃ കേചിദാശ്രിതേ
കതിചിദീദൃശാ മാദൃശേഷ്വപീ–
ത്യഭിഹിതോ ഭവാൻ വല്ലവീജനൈഃ ൭

"ദയ എത്തെല്ലാംപ്രകാരമുണ്ടു്? ചിലർക്കു് എല്ലായിടത്തും എല്ലാവരിലും ദയയുണ്ടു്. ചിലർക്കു് ആശ്രിതന്മാരിലും, വേറെ ചിലർക്കു് ഞങ്ങളെപ്പോലുള്ളവരിലും." എന്നിങ്ങനെ ഗോപസ്ത്രീകൾ അങ്ങയോടു് പറഞ്ഞു.

അയി കുമാരികാ നൈവ ശങ്ക്യതാം
കഠിനതാ മയി പ്രേമകാതരേ
മയി തു ചേതസോ വോനുവൃത്തയേ
കൃതമിദം ദയത്യുചിവാനു ഭവാൻ വ

"ഹേ കുമാരിമാരേ! പ്രണയകാതരനായ എന്നിൽ കാഠിന്യത്തെ ഒട്ടും ശങ്കിയ്ക്കേണ്ട. എന്നിൽ നിങ്ങളുടെ ഹൃദയത്തിന്റെ അനുവൃത്തി (എപ്പോഴും ഉള്ള സ്ഥിതി) ഉണ്ടാകണം എന്നു് വിചാരിച്ചാണു് ഞാനിതു് ചെയ്തതു് (മറഞ്ഞതു്)" എന്നു് അങ്ങു് അവരെ സമാധാനിപ്പിച്ചു് പറഞ്ഞു.

അയി നിശമ്യതാം ജീവവല്ലഭാഃ
പ്രിയതമോ ജനോ നേദൃശോ മമ
തദിഹ രമ്യതാം രമ്യയാമിനീ-
ഷ്വനുപരോധമിത്യാലപോ വിഭോ! ൯

"ഹേ പ്രാണപ്രിയമാരേ! നിങ്ങൾ കേൾക്കുവിൻ എനിയ്ക്കിത്രമാത്രം പ്രിയതമമായിട്ടു് ആരുമില്ല. അതുകൊണ്ടു് വിശേഷപ്പെട്ട ഈ രാത്രികളിൽ നിർവ്വിഘ്നം രമിച്ചുകൊള്ളുവിൻ!" ഹേ വിഭോ! നിന്തിരുവടി ഇപ്രകാരം പറഞ്ഞു.

ഇതി ഗിരാധികം മോദമേദുരൈർ-
വ്രജവധൂജനൈസ്സാകമാരമൻ
കലിതകൌതുകോ രാസഖേലനേ
ഗുരുപുരീപതേ! പാഹി മാം ഗദാൽ ൧൦

അല്ലയോ ഗുരുവായുപുരേശ! ഇപ്രകാരം വാക്കുകൊണ്ടു് ഏറ്റവും സന്തോഷം നിറഞ്ഞ ഗോപികളോടുകൂടി ക്രീഡിച്ചുകൊണ്ടു് രാസക്രീഡയിൽ കൌതുകം ജനിച്ച അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ആനന്ദപാരവശ്യം പ്രണയകോപഃ ഭഗവൽകൃതസാന്ത്വനം ച.

ദശകം 69.

രാസക്രീഡാ.

കേശപാശധൃതപിഞ്ഛകാവിതതിസഞ്ചലൻമകരകുണ്ഡലം
ഹാരജാലവനമാലികാലളിതമംഗരാഗഘനസൌരഭം
പീതചേലധൃതകാഞ്ചികാഞ്ചിതമുദഞ്ചദംഘ്രിമണിനൂപുരം
രാസകേളിപരിഭൂഷിതം തവ ഹി രൂപമീശ! കലയാമഹേ ൧

അല്ലയോ ഈശ്വര! തലമുടിക്കെട്ടിലണിഞ്ഞിരിയ്ക്കുന്ന മയിൽപീലിയുടെ സമൂഹത്തോടുകൂടിയതും ഇളകുന്ന മകരകുണ്ഡലങ്ങളോടുകൂടിയതും മുത്തുമാലക്കുട്ടംകൊണ്ടും വനമാലകൾകൊണ്ടും മനോഹരമായതും കുറിക്കൂട്ടിന്റെ വലിയ സൌരഭ്യം വീശുന്നതും മഞ്ഞപ്പട്ടിന്മേൽ അണിഞ്ഞ അരഞ്ഞാൺകൊണ്ട് മനോഹരമായതും രശ്മികൾ പുറപ്പെടുന്ന രത്നാഭരണങ്ങളുള്ളതും രാസക്രീഡയ്ക്ക് അലങ്കരിയ്ക്കപ്പെട്ടതും ആയ നിന്തിരുവടിയുടെ രൂപത്തെ ഞാൻ ധ്യാനിയ്ക്കുന്നു.

താവദേവ കൃതമണ്ഡനേ കലിതകഞ്ചുളീകുചമണ്ഡലേ
ഗണ്ഡലോലമണികുണ്ഡലേ യുവതിമണ്ഡലേഥ പരിമണ്ഡലേ
അന്തരാ സകലസുന്ദരീയുഗളമിന്ദിരാരമണ! സഞ്ചരൻ
മഞ്ജുളാം തദനു രാസകേളിമയി കഞ്ജനാഭ! സമുപാദധാഃ ൨

അപ്പോൾതന്നെ അലങ്കരിയ്ക്കപ്പെട്ടതും സ്തനങ്ങളിൽ മുലക്കച്ചകളണിഞ്ഞതും കവിൾത്തടങ്ങളിൽ മിന്നി ഇളകുന്ന കുണ്ഡലങ്ങളോടുകൂടിയതും ആയ തരുണീവൃന്ദം നിരന്നുനിന്നപ്പോൾ എല്ലാ സുന്ദരിമാരുടേയും നടുവിൽ സഞ്ചരിച്ചുകൊണ്ട് ഹേ പദ്മനാഭ! ലക്ഷ്മീകാന്ത! അങ്ങ് രാസക്രീഡയെ നന്നായി ചെയ്തു.

വാസുദേവ! തവ ഭാസമാനമിഹ രാസകേളിരസസൌരഭം
ദൂരതോപി ഖലു നാരദാ ഗദിതമാകലയ്യ കുതുകാകുലാ
വേഷഭൂഷണവിലാസവേശലവിലാസിനീശതസമാവൃതാ
നാകതോ യുഗപദാഗതാ വിയതി വേഗതോഥ സുരമണ്ഡലീ ൩

ഹേ വസുദേവസൂനോ! ഇവിടെ ശോഭിയ്ക്കുന്ന അങ്ങയുടെ രാസക്രീഡാരസപരിമളത്തെപ്പറ്റി നാരദമുനി പറഞ്ഞതറിഞ്ഞ് കൌതുകപരവശന്മാരായ ദേവന്മാരുടെ സമൂഹം ദൂരത്താണെങ്കിലും വേഷഭൂഷണങ്ങളുടെ പ്രകാശംകൊണ്ട് മനോഹാരിണികളായ സുരസുന്ദരിമാരാൽ പരിവൃതന്മാരായി ഒന്നിച്ച് സ്വർഗ്ഗത്തിൽനിന്ന് വേഗം പോന്ന് ആകാശത്തിൽ നിരന്നു.

വേണുനാദകൃതതാനദാനകളഗാനരാഗഗതിയോജനാ
ലോഭനീയമൃദുപാദപാതകൃതതാളമേളനമനോഹരം
പാണിസംകപണിതകങ്കണഞ്ച മുഹുരംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസകേളിരസഡംബരം ൪

മുരളീരവംകൊണ്ടു് ശ്രുതിപിടിച്ച കളഗീതത്തിന്റെ രാഗ ഗതിയുടെ് ഇണങ്ങി പ്രലോഭിപ്പിയ്ക്കുന്നവിധം മൃദുപാദങ്ങൾ കൊണ്ടു് ചവിട്ടുന്നതിനു് യോജിപ്പിച്ചു് താളംപിടിയ്ക്കുന്നതി നാൽ മനോഹരമായി കൈകളിൽ ശബ്ദിയ്ക്കുന്ന വളകളോടുക്കൂ ടിയും വീണ്ടും ചുമലിൽ വെച്ച കരാംബുജങ്ങളോടുക്കൂടിയും നി തംബബിംബത്തിന്മേൽ ഇളകുന്ന വസ്ത്രങ്ങളോടുക്കൂടിയും ഉള്ള രാസക്രീഡാമഹോത്സവത്തെ നിങ്ങൾ ഭജിയ്ക്കുവിൻ!

ശ്രദ്ധയാ വിരചിതാനുഗാനകൃതതാരതാരമധുരസ്വരേ
നൃത്തനേത്ര ലളിതാംഗഹാരലുളിതാംഗഹാരമണിഭൂഷണേ
സമ്മദേന കൃതപുഷ്പവർഷമലമുന്മിഷദ്ദിവിഷദാം കുലം
ചിന്മയേ തവയി നിലീയമാനമിവ സമ്മുമോഹ സവധൂകുലം ൫

ശ്രദ്ധയോടുക്കൂടി ചെയ്യപ്പെട്ട ഏറ്റപാടൽകൊണ്ടു് നിർമ്മി യ്ക്കപ്പെട്ട ക്രമാത്യുച്ചമായ മധുരസ്വരത്തോടുക്കൂടിയതും മനോഹ രങ്ങളായ അംഗങ്ങളിൽനിന്നു് ഇളകിമാറിയ മുത്തുമാലകളും രത്നാഭരണങ്ങളും ഇവയോടുക്കൂടിയതുമായ നൃത്തത്തിൽ പതനിമാ രോടുക്കൂടിയ ദേവന്മാരുടെ സമൂഹം ഹർഷംകൊണ്ടു് പുഷ്പവർഷം ചെയ്തു് ചിദാനന്ദരൂപിയായ അങ്ങയിൽ ലയിച്ചുവോ എന്നു് തോന്നുംവണ്ണം സമ്മോഹിച്ചു.

സഞ്ചിന്തസന്തനുവല്ലരീ തദനു കാപി നാമ പശുപാംഗനാ
കാന്തമംസമവലംബതേ സ്മ തവ താന്തിഭാരമുകളേക്ഷണാ
കാചിദാചലിതകുന്തളാനവപടീരസാരഘനസൌരഭം
വഞ്ചനേന തവ സഞ്ചുചുംബ ഭുജമഞ്ചിതോരുപുളകാങ്കുരാ ൬

അപ്പോൾ ഒരു ഗോപസ്ത്രീ തളിർമെയ് വിയർത്തു് തളർന്നു് കുഴഞ്ഞു് ശ്രമഭാരംകൊണ്ടു് കൺ ചിമ്മി അങ്ങയുടെ മനോഹ

രമായ അംസത്തെ ആശ്രയിച്ചു. വേറെ ഒരുവൾ തലമുടിയഴിഞ്ഞു് പുളകിതഗാത്രിയായി പുതിയ ചന്ദനക്കുറിക്കൂട്ടിന്റെ പരിമളം വീശുന്ന അങ്ങയുടെ തൃക്കൈകളെ വഞ്ചനംകൊണ്ടു് മുകർന്നു.

കാപി ഗണ്ഡഭുവി സന്നിധായ നിജഗണ്ഡമാകുലിതകുണ്ഡലം
പുണ്യപൂരനിധിരനഭവാപ തവ പൂഗചർവ്വിതരസാമൃതം
ഇന്ദിരാവിഹൃതിമന്ദിരം ഭുവനസുന്ദരം ഹി നടനാന്തരേ
താമവാപ്യ ദധുരംഗനാഃ കിമു ന സമ്മദോന്മദശാന്തരം ൯

സുകൃതൈകപാത്രമായ മറെറാരുത്തി അങ്ങയുടെ കവിൾത്തട്ടിൽ സ്വന്തം പൂങ്കവിൾ കുണ്ഡലങ്ങളിളകുംവണ്ണം ചേർത്ത അങ്ങയുടെ താംബൂലചർവ്വിതരസമാകുന്ന അമൃതത്തെ ആസ്വദിച്ചു. ലക്ഷ്മീദേവിയുടെ ലീലാരംഗമായി ലോകൈകസുന്ദരനായിരിയ്ക്കുന്ന നിന്തിരുവടിയെ നൃത്തമദ്ധ്യത്തിൽ ആ ഗോപസ്ത്രീകൾ പ്രാപിച്ചിട്ടു് സന്തോഷപൂർണ്ണമായ ഏതൊരു ഉന്മാദാവസ്ഥയെ വഹിച്ചില്ല?

ഗാനമീശ! വിരതം ക്രമേണ കില വാദ്യമേളനമുപാരതം
ബ്രഹ്മസമ്മദരസാകുലാസ്സുദസി കേവലം നൃതുരംഗനാഃ
നാവിദന്നപി ച നീവികാം കിമപി കുന്തളീമപിച കഞ്ചുളീം
ജ്യോതിഷ്മാമപി കദംബകംദിവി വിളംബിതംകിമപരംബ്രൂമഹേ

ഹേ ഈശ്വര! ക്രമത്തിൽ പാട്ടു് നിന്നു. വാദ്യമേളങ്ങളും അവസാനിച്ചു. ഗോപസ്ത്രീകൾ ബ്രഹ്മാനന്ദഭരിതകളായി സദസ്സിൽ കേവലം നൃത്തംചെയ്തു. നീവിയേയും (മടിക്കുത്തു്) തലമുടിയേയും മേൽവസ്ത്രത്തേയും മറ്റും ഒന്നും ഓർക്കുകയുണ്ടായില്ല? ജ്യോതിർഗ്ഗോളങ്ങളുടെ സമൂഹവും വാനത്തിൽനിന്നു് പോയി. മറെറന്തു് പറയട്ടെ.

മോദസീമ്നിഭുവനംവിലാപ്യ വിഹൃതിം സമാപ്യ ചതതോവിഭോ
കേളിസംമുദിതനിർമ്മലാംഗ നവരമ്മലേശസുഭഗാത്മനാം
മന്മഥാസഹനചേതസാം പശുപയോഷിതാം സുകൃതചോദിത-
സ്ത്വാവദാകലിതമൂർത്തിരാദധിഥ മാരവീരപരമോത്സവാൻ ൯

ഹേ പ്രഭോ! ആനന്ദത്തിൽ ലോകത്തെ ലയിപ്പിച്ചു് അനന്തരം രാസക്രീഡയെ അവസാനിപ്പിച്ച ക്രീഡകൊണ്ടു് മട്ടിയ്ക്കപ്പെട്ട പരിശ്രമാവയവങ്ങളോടും പുതിയ വിയപ്പുതുള്ളികളും കൊണ്ടു് മനോഹരശരീരത്തോടും ക്രുടിയവരും കാമജ്വരത്താൽ സഹനശക്തിയില്ലാത്ത മനസ്സോടുക്രുടിയവരും ആയ ഗോപാംഗനകളുടെ പുണ്യത്താൽ പ്രേരിതനായ അങ്ങു് അപ്പോൾ അനേകം പ്രതിബിംബങ്ങളും പൂണ്ടു് കാമക്രീഡാമഹോത്സവം ചെയ്തു.

കേളിഭേദപരിലോളിതാഭിരതിലാളിതാഭിരബലാളിടിഃ
സൈരമീശ! നനുസൂരജാപയസി ചാരുനാമ വിഹൃതിംവ്യധാഃ
കാനനേപി ച വിസാരിശീതളകിശോരമാരുതമനോഹരേ
സൂനസൌരഭമയേ വിലേസിഥ വിലാസിനീശതവിമോഹനം

അല്ലയോ ഈശ്വര! ക്രീഡാവിശേഷങ്ങളാൽ ആകുലകളാക്കപ്പെട്ടവരും അധികം ലാളിയ്ക്കപ്പെട്ടവരും ആയ സ്ത്രീകളോടുക്രുടി യഥേഷ്ടം കാളിന്ദീജലത്തിൽ അങ്ങു് നല്ലവണ്ണം ക്രീഡകളും ചെയ്തു. വ്യാപിയ്ക്കുന്ന തണുത്ത ചെറുകാറ്റു് വീശി മനോഹരവും പുഷ്പസൌരഭ്യം ധാരാളമുള്ളതും ആയ കാനനത്തിൽപോലും അനേകം സുന്ദരിമാരെ വിമോഹിപ്പിച്ചുകൊണ്ടു് അങ്ങു് വിളങ്ങി.

കാമിനീരിതി ഹി യാമിനീഷു ഖലു കാമനീയകനിധേ! ഭവാൻ
പൂർണ്ണസമ്മദരസാർണ്ണവം കമപി യോഗിഗമ്യമനുഭാവയൻ
ബ്രഹ്മശങ്കരമുഖാനപീഹ പശുപാംഗനാസു ബഹുമാനയൻ
ഭക്തലോകഗമനീയരൂപ കമനീയ കൃഷ്ണ പരിപാഹി മാം! ൪൫

ഹേ ലാവണ്യനിധേ! ഭക്തന്മാരാൽ ഗമിയ്ക്കപ്പെടുവാൻ യോഗ്യമായ രൂപത്തോടുക്രുടിയവനും മനോഹരനും ആയ കൃഷ്ണ! നിന്തിരുവടി ഇങ്ങിനെ രാത്രികളിൽ ഗോപസ്ത്രീകളെ യോഗികൾക്കു് മാത്രം പ്രാപ്യമായ പരിപൂർണ്ണസന്തോഷസമുദ്രത്തെ അനുഭവിപ്പിച്ചും ബ്രഹ്മാവു് പരമശിവൻ തുടങ്ങിയവർക്കുപോലും ഗോപസ്ത്രീകളിൽ ബഹുമാനം ജനിപ്പിച്ചുകൊണ്ടും വിളങ്ങുന്ന അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ രാസക്രീഡാ.

ദശകം 70.

സുദർശനശാപമോക്ഷഃ
ശംഖചൂഡനിഗ്രഹഃ വൃഷഭവധംച.

ഇതി തത്രയി രസാകുലം രമിതവല്ലഭേ വല്ലവാഃ
കദാപി പുരമംബികാകമിതുരംബികാകാനനേ
സമേത്യ ഭവതാ സമം നിശി നിഷേവ്യ ദിവ്യോത്സവം
സുഖംസുഷുപുരഗ്രസീദ്ബ്രജപമുഗ്രനാഗസ്തദാ ൧

അങ്ങു് ഇങ്ങിനെ രസപരവശമാംമാറു് പ്രിയകളെ രമിപ്പിച്ചതിന്നുശേഷം ഒരിയ്ക്കൽ പശുപാലന്മാർ അംബികാവനത്തിൽ ശിവക്ഷേത്രത്തിൽ അങ്ങയോടുകൂടി ചെന്നു് രാത്രിയിൽ ദിവ്യോത്സവത്തെ സേവിച്ചു് സുഖമായി ഉറങ്ങി. അപ്പോൾ ഒരു ഭയങ്കരസർപ്പം നന്ദഗോപനെ ഗ്രസിച്ചു.

സമുന്മുഖമഥോന്മുകൈരഭിഹതേപി തസ്മിൻ ബലാ-
ദമുഞ്ചതി ഭവൽപദേ ന്യപതി പാഹി പാഹീതി തൈഃ
തദാ ഖലു പദാ ഭവാൻ സമുപഗമ്യ പസ്പർശ തം
ബഭൌ സ ച നിജാന്തരം സമുപസാദ്യ വൈദ്യാധരീം ൨

അതിന്നുശേഷം സമുന്മുഖമാംവണ്ണം ബലാല്കാരേണ തീക്കൊള്ളികൊണ്ടു് അതിനെ പൊള്ളിച്ചു എങ്കിലും അതു് വിടാതിരുന്നപ്പോൾ ആ ഗോപന്മാർ രക്ഷിയ്ക്കണേ! രക്ഷിയ്ക്കണേ! എന്നു് പറഞ്ഞു് അങ്ങയുടെ പാദത്തിൽ വീണു. നിന്തിരുവടി ഉടനെ അടുത്തുചെന്നു് കാൽകൊണ്ടു് തൊട്ടു. അപ്പോൾ അതു് സവിദ്യാധരമൂർത്തിയെ വഹിച്ചു് ശോഭിച്ചു.

സുദർശനധര പ്രഭോ! നനു സുദർശനാഖ്യോസ്മ്യഹം
മുനീൻ കചിദപാഹസന്ത ഇഹ മാം വ്യധച്ചാഹസം
ഭവൽപദസമർപ്പണാദമലതാം ഗതോസ്മീത്യസൌ
സ്തുവൻ നിജപദം യയൌ വ്രജപദഞ്ച ഗോപാ മുദാ ൩

"അല്ലയോ സുദർശനം വഹിയ്ക്കുന്ന ഭഗവാനേ! ഞാൻ സുദർശനൻ എന്നു് പേരുള്ളവനാണു്. ഒരിയ്ക്കൽ ഞാൻ മഹർഷി

മാരെ അപഹസിയ്ക്കുകയുണ്ടായി. അവർ എന്നെ ശപിച്ചു് പെരുമ്പാമ്പാക്കി. അങ്ങയുടെ പാദസ്പർശത്താൽ ഈ അടിയൻ ഇപ്പോൾ പരിശുദ്ധനായിത്തീർന്നു" എന്നു് അവൻ സ്തുതിച്ചുകൊണ്ടു് സ്വസ്ഥാനം പ്രാപിച്ചു. ഗോപന്മാർ സന്തോഷിച്ചു് ഗോപവാടത്തിലേയ്ക്കും പോന്നു.

കദാചി ഖലു സീരിണാ വിഹരതി തപയി സ്ത്രീജനൈർ–
ജഹാര ധനദാനുഗസ്സ കില ശംഖചൂഡോബലാഃ
അതിദ്രുതമനുദ്രുതസ്തമഥ മുക്തനാരീജനം
രുരോജിഥ ശിരോമണിം ഹലഭൃതേ ച തസ്യാദദാഃ ൪

ഒരിയ്ക്കൽ അങ്ങു് ബലരാമനോടുക്രൂടി ഗോപസ്ത്രീകളോടൊന്നിച്ചു് കളിച്ചുകൊണ്ടിരുന്നപ്പോൾ വൈശ്രവണഭൃത്യനായ ശംഖചൂഡൻ ഗോപിമാരെ അപഹരിച്ചു. ഉടൻ നിന്തിരുവടി പിന്നാലെ ഓടിച്ചെന്നു് സ്ത്രീകളെ വിട്ടു് ഓടുന്ന അവനെക്കൊന്നു് അവന്റെ ശിരോരത്നത്തെ ബലഭദ്രനു് കൊടുത്തു.

ദിനേഷു ച സുഹൃജ്ജനൈസ്സഹ വനേഷു ലീലാചരം
മനോഭവമനോഹരം രസിതവേണുനാദാമൃതം
ഭവന്തമമരീദൃശാമമൃതപാരണാദായിനം
വിചിന്ത്യ കിമു നാലപൻ വിരഹതാപികാ ഗോപികാഃ ൫

പകലുകളിൽ സ്നേഹിതന്മാരോടുക്രൂടി കാടുകളിൽ കളിച്ചു് നടക്കുന്നവനും കാമനെപ്പോലെ കോമളനും മുരളീഗീതാമൃതം ആസ്വദിയ്ക്കുന്നവനും ദേവനാരികളുടെ കൺകുംബു് അമൃതപാരണയെ നല്കുന്നവനും ആയ അങ്ങയെ ഓർത്തോർത്തു് വിയോഗതാപം അനുഭവിയ്ക്കുന്ന ആ ഗോപസ്ത്രീകൾ എത്രമാത്രം വിലപിയ്ക്കുകയുണ്ടായില്ല?

ഭോജരാജഭൃതകസ്തഥ കശ്ചിൽ
കംസഭൃഷ്ടപഥഭൃഷ്ടിരരിഷ്ടഃ
നിഷ്ഠുരാകൃതിരപാസ്തനിനാദ–
സ്തിഷ്ഠതേ സ്മ ഭവതേ വൃഷരൂപീ ൬

അനന്തരം കഷ്ടവും ദുഷ്ടവുമായ മാർഗ്ഗത്തിൽ സഞ്ചരിയ്ക്കുന്ന വനും ക്രൂരരൂപനും കംസകിങ്കരനും ആയ അരിഷ്ടൻ എന്ന ഒരു അസുരൻ കാളയുടെ രൂപം പൂണ്ടു് ഭയാനകരവത്തോടുകൂടി അങ്ങയുടെ മുമ്പിൽ വന്നുനിന്നു.

ശാകപരോഢ ജഗതീധൃതിഹാരീ
മൂർത്തിമേഷ ബൃഹതീം പ്രദധാനഃ
പംക്തിമാശുപരിലൂണ്ഠ്യപശൂനാം
ച്ഛന്ദസാംനിധിമവാപഭവന്തം ൯

മഹത്തായ ശരീരം വഹിയ്ക്കുന്ന ഈ കാള ഭൂമിയിൽ മാന്തി ഇളക്കിക്കൊണ്ടു് പശുക്കൂട്ടത്തെ ഇളക്കി ഓടിച്ചു് വേദനിധിയായ അങ്ങയെ പ്രാപിച്ചു.

തുംഗശൃംഗമുഖമാശുഭിയന്തം
സംഗ്രഹയ്യ രഭസാദഭിയന്തം
ഭദ്രരൂപമപി ദൈത്യമഭദ്രം
മർദ്ദയന്നമദയഃ സുരലോകം ൰

ഉയർന്ന കൊമ്പിന്റെ അറ്റമുള്ളവനും ഉടനെതിക്കുന്നവനും നിഭയനും ഭദ്രരൂപനാണെങ്കിലും അഭദ്രനുമായ ആ ദുഷ്ടാസുരനെ അങ്ങു് വേഗം പിടിച്ചു് മർദ്ദിച്ചു് ദേവന്മാരെ സന്തോഷിപ്പിച്ചു.

ചിത്രമദ്യഭഗവൻ! വൃഷഘാതാൽ
സുസ്ഥിരാജനി വൃഷസ്ഥിതിരുച്ചൈഃ
വർദ്ധതേ ച വൃഷചേതസി ഭൂയാൻ
മോദഇത്യഭിനുതോസി സുരൈസ്ത്വം ൯൰

വൃഷനിഗ്രഹംകൊണ്ടു് ലോകത്തിൽ വൃഷസ്ഥിതി (ധർമ്മനിഷ്ഠ) സുപ്രതിഷ്ഠിതമായി വൃഷഹൃദയത്തിൽ (ഇന്ദ്രന്റെ മനസ്സിൽ) സന്തോഷവും വർദ്ധിയ്ക്കുന്നു. ഹേ ഭഗവാനേ! ഇതത്ഭുതം തന്നെ. എന്നു് അങ്ങയെ ദേവന്മാർ സ്തുതിച്ചു.

ഔക്ഷകാണി! പരിധാവത ദൂരം
വീക്ഷ്യതാമയമിഹോക്ഷവിഭേദീ
ഇത്ഥമാത്തഹസിതൈസ്സഹ ഗോപൈർ–
ഗ്രേഹഗസ്ത്വമവ വാതപുരേശ! ൧൦൦

അല്ലയോ കാളകളേ ദൂരെ ഓടിപ്പോയിക്കൊള്ളുവിൻ! ഇവിടെ കാളയെ കൊല്ലുന്ന ഇവനുണ്ടു് നോക്കിക്കൊള്ളുവിൻ! എന്നുറക്കേ ചിരിച്ചു് പറയുന്ന ഗോപാലന്മാരോടുകൂടി അല്ലയോ വാതാലയേശ! ഗൃഹത്തിലണഞ്ഞ അങ്ങു് എന്നെ രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
സുദർശനശാപമോക്ഷഃ ശംഖചൂഡവധഃ അരിഷ്ടനിഗ്രഹശ്ച.

ദശകം 71.

കേശി, വ്യോമാസുരവധഃ

യത്തോഷു സർവ്വേഷുപായി നാവകേശീ
കേശീ സ ഭോജേശിതുരിഷ്ടബന്ധുഃ
തപം സിന്ധുജാവാപ്യ ഇതീവ മത്വാ
സംപ്രാപ്തവാൻ സിന്ധുജവാജിരൂപഃ ൧

എല്ലാ പ്രയത്നങ്ങളിലും ഫലത്തോടുകൂടിയവനും കംസന്റെ ഇഷ്ടബന്ധുവും ആയ കേശി എന്ന അസുരൻ ഭഗവാൻ സിന്ധുജാവാപ്യൻ (ലക്ഷ്മിയാൽ പ്രാപിയ്ക്കപ്പെടുവാൻ കഴിയുന്നവൻ) ആണെന്നു് വിചാരിച്ചിട്ടോ എന്നു് തോന്നുമാറു് സിന്ധുജവാജിരൂപിയായി (സിന്ധുരാജ്യത്തു് ജനിച്ച കുതിരയുടെ ആകൃതിയിൽ) ഗോകുലം പ്രാപിച്ചു.

ഗന്ധർവ്വതാമേഷ ഗതോപി രൂക്ഷൈർ-
ന്നാദൈഃസമുദ്വേജിതസർവ്വലോകഃ
ഭവദ്വിലോകാവധി ഗോപവാടീം
പ്രമർദ്ദ്യ പാപഃ പുനരാപതത്തദാം ൨

ഈ പാപി ഗന്ധർവ്വാകൃതിയെ (കുതിരയുടെ രൂപത്തെ) പ്രാപിച്ചവനാണെങ്കിലും ഭയങ്കരശബ്ദങ്ങളാൽ എല്ലാ ലോകങ്ങളേയും ഭയപ്പെടുത്തിക്കൊണ്ടു് നിന്തിരുവടിയെക്കാണുന്നതുവരെ ഗോകുലത്തെ മർദ്ദിച്ചുകൊണ്ടു് ഒടുവിൽ അങ്ങയുടെ മുമ്പിൽ ചാടി.

താർക്ഷ്യാപ്പിതാംഘ്രേസ്തവ താർക്ഷ്യ ഏഷ
ചിക്ഷേപ വക്ഷോഭുവി നാമ പാദം
ഭൃഗോഃ പദാഘാതകഥാം നിശമ്യ
സേപനാപി ശക്യംതദിതീവ മോഹാൽ ൯

ഈ താക്ഷ്യൻ (കുതിര) ഭൃഗുമഹർഷിയുടെ പദാഘാതകഥ കേട്ട് തന്നെക്കൊണ്ടും അതു് സാധിയ്ക്കും എന്ന മോഹംകൊണ്ടോ എന്നു് തോന്നുംവണ്ണം താർക്ഷ്യനിൽ (ഗരുഡനിൽ) അർപ്പിച്ച പാദങ്ങളോടുകൂടിയ അങ്ങയുടെ മാറ്റിടത്തിൽ പാദം വെച്ചു.

പ്രപഞ്ചയന്നസ്യ പുരാഞ്ചലം ദ്രാ-
ഗമും ച ചിക്ഷേപിഥ ദൂരദൂരം
സംമൂർഛിതോപി ഹ്യതിമൂർഛിതേന
ക്രോധോഷ്മണാ ഖാദിതുമാദ്രുതസ്ത്വാം ൰

അങ്ങു് ഇവന്റെ പുരാഗ്രത്തെ പിടിച്ചു് വേഗത്തിൽ എത്രയും ദൂരത്തിലേയ്ക്കു് എറിഞ്ഞു. അവനതുകൊണ്ടു് മൂർഛിച്ചു പോയി എങ്കിലും വർദ്ധിച്ച ക്രോധാഗ്നിയോടുകൂടി അങ്ങയെ കടിച്ചുതിന്നാൻ ഓടിവന്നു.

തവം വാഹദണ്ഡേ കൃതധീശ്ച വാഹാ
ദണ്ഡം ന്യധാസ്തസ്യ മുഖേ തദാനീം
തദ്രന്ധ്രനിരുദ്ധശ്വസനോ ഗതാസുഃ
സമ്പത്തീഭവന്നപ്യയമൈക്യമാഗാൽ ൱

അപ്പോൾ കുതിരയെ ശിക്ഷിപ്പാൻ നിശ്ചയിച്ച അങ്ങു് അതിന്റെ വായിൽ ഭുജദണ്ഡം കടത്തി. കുതിരയുടെ ആകൃതി വഹിച്ചവനാണെങ്കിലും ഇവൻ ആ കൈകൾ വളർന്നതുകൊണ്ടു് വായു മുട്ടി പ്രാണനെ വെടിഞ്ഞു് അങ്ങയിൽ ഐക്യം പ്രാപിച്ചു. (വിരോധാഭാസം അലങ്കാരം.)

ആലംഭമാത്രേണ പശോഃസുരാണാം
പ്രസാദകേ നൂന ഇവാശ്വമേധേ
കൃതേ തവയാ ഹർഷവശാൽ സുരേന്ദ്രാ-
സ്ത്വാം തുഷ്ടുവുഃ കേശവനാമധേയം ൲

പശുവിന്റെ കേവലഹിംസകൊണ്ടുതന്നെ ദേവന്മാരെ പ്രസാദിപ്പിയ്ക്കുന്നതും പുതിയതും ആയ അശ്വമേധം അങ്ങ് ഇങ്ങനെ നടത്തിയപ്പോൾ ദേവശ്രേഷ്ഠന്മാർ സന്തോഷാധിക്യം കൊണ്ട് കേശവനാമാവായ അങ്ങയെ സ്തുതിച്ചു.

കംസായ തേ ശൌരിസുതത്വമുക്ത്വാ
തം തദ്വധോൽകം പ്രതിരുദ്ധ്യ വാചാ
പ്രാപ്തേന കേശിക്ഷപണാവസാനേ
ശ്രീനാരദേന ത്വമഭിഷ്ടുതോഭൂഃ ൭

കംസനോട്, അങ്ങ് വസുദേവപുത്രനാണെന്ന് പറഞ്ഞു് വസുദേവനെ കൊല്ലുവാൻ ഭാവിയ്ക്കുന്ന അവനെ വാക്കുകൊണ്ട് തടുത്തു് കേശിവധാവസാനത്തിൽ ഗോകുലത്തിൽ എത്തിച്ചേർന്ന ശ്രീനാരദമഹർഷിയാൽ അങ്ങ് സ്തുതിയ്ക്കപ്പെട്ടു.

കദാചി ഗോഷ്വൈസ്സഹ കാനനാന്തേ
നിലായനക്രീഡനലോലുപംത്വാം
മയാത്മജഃ പ്രാപ ദുരന്തമായോ
വ്യോമാഭിധോ വ്യോമചരോപരോധീ ൮

മയന്റെ മകനും നിരവധി മായാവിദ്യകളുള്ളവനും ദേവരിപുവുമായ വ്യോമൻ എന്നു് പേരായ അസുരൻ ഒരിയ്ക്കൽ പശുപന്മാരോടുകൂടി വനമദ്ധ്യത്തിൽ ഒളിച്ചുകളിയ്ക്കുന്ന അങ്ങയെ പ്രാപിച്ചു.

സ ചോരപാലായിതവല്ലവേഷു
ചോരായിതോ ഗോപശിശൂൻ പശൂംശ്ച
ഗുഹാസു കൃത്വാ പിദധേ ശിലാഭി-
സ്ത്വയാ ച ബുദ്ധ്വാപരിമിത്തിതോഭൂൽ ൯

അവൻ ചോരന്മാരായും പാലന്മാരായുംതീർന്നു് കളിയ്ക്കുന്ന ഗോപന്മാരുടെ ഇടയിൽ ചോരനായി ചെന്നു് ഗോപബാലന്മാരേയും പശുക്കളേയും ഗുഹകളിലാക്കി കല്ലുകൊണ്ടു് അടച്ചു. അങ്ങു് അതറിഞ്ഞു് അവനെ കൊല്ലുകയും ചെയ്തു.

ഏവംവിധൈശ്ചാത്ഭുതകേളിഭേദൈ-
രാനന്ദമൂർച്ഛാമതുലാം വ്രജസ്യ
പദേ പദേ നൂതനയന്നസീമാം
പരാത്മരൂപിൻ! പവനേശ! പായാഃ ൭൦

ഹേ പരാത്മരൂപനായ ഗുരുവായൂരപ്പ! ഇപ്രകാരമുള്ള അത്ഭുതക്രീഡാഭേദങ്ങൾകൊണ്ടു് ഗോകുലത്തിനു് നിരുപമമായ ആനന്ദപൂരത്തെ അടിയ്ക്കടി പുതുക്കിക്കൊണ്ടിരിയ്ക്കുന്ന അങ്ങു് എന്നെ രക്ഷിയ്ക്കുമാറാകണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
വ്യോമകേശിവധം.

ദശകം 72.

അക്രൂരാഗമനം.

കംസോഥ നാരദഗിരാ വ്രജവാസിനം തവാ-
മാകർണ്ണ്യ ദീർണ്ണഹൃദയസ്സഹി ഗാന്ദിനേയം
ആഹൂയ കാമ്പുകമഖച്ഛലതോ ഭവന്ത-
മാനേതുമേനമഹിനോദഹിനാഥശായിൻ! ൭൧

അല്ലയോ അനന്തശായിൻ! അനന്തരം കംസൻ നാരദമഹർഷിയുടെ വാക്കുകൊണ്ടു് അങ്ങു് ഗോകുലത്തിൽ പാർക്കുന്നതായി കേട്ടു് വ്യാകുലചിത്തനായി അക്രൂരനെ വരുത്തി ധനുര്യാഗമാണെന്ന വ്യാജംകൊണ്ടു് അങ്ങയെ വരുത്തുവാൻ പറഞ്ഞയച്ചു.

അക്രൂര ഏഷ ഭവദംഘ്രിപരശ്ചിരായ
തപ്തഃ സ്വനാക്ഷമമനാഃ ക്ഷിതിപാലഭീത്യാ
തസ്യാജ്ഞയൈവ പുനരീക്ഷിതുമുദ്യതസ്ത്വാ-
മാനന്ദഭാരമതിഭൂരിതരം ബഭാര ൭൨

വളരെക്കാലമായി ഭവൽപാദശരണനായ ഈ അക്രൂരൻ കംസനെ പേടിച്ചു് അങ്ങയെ കാണുവാൻ കഴിയാതെ കംസന്റെ നിയോഗംകൊണ്ടുതന്നെ അങ്ങയെ കാണ്മാൻ വീണ്ടും സന്നദ്ധനായി ഏറ്റവും വലിയ ആനന്ദഭാരത്തെ വഹിച്ചു.

സോയം രഥേന സുകൃതീ ഭവതോ നിവാസം
ഗച്ഛൻ മനോരഥഗണാംസ്തപായി ധായ്യമാണാൻ
ആസാദയൻ മുഹുരപായഭയേന ദൈവം
സംപ്രാർത്ഥയൻ പഥി ന കിഞ്ചിദപി വ്യജാനാൽ ൫

ധന്യനായ ഈ അക്രൂരൻ തേരിലേറി അങ്ങയുടെ വാസസ്ഥലത്തേയ്ക്ക് പോകുമ്പോൾ അങ്ങയിൽ ധരിയ്ക്കപ്പെട്ടുന്ന അനേകം മനോരാജ്യങ്ങളെ അനുഭവിച്ചുകൊണ്ട് വീണ്ടും അപായത്തെ ഭയപ്പെട്ട് ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ട് വഴിയിൽ ഒന്നുംതന്നെ അറിവാൻ കഴിഞ്ഞില്ല.

ദ്രക്ഷ്യാമി വേദശതഗീതഗതിം പുമാംസം
സ്പ്രക്ഷ്യാമി കിംസ്പിദപി നാമ പരിഷ്വജേയം
കിം വക്ഷ്യതേ സ ഖലു മാം കപണ വീക്ഷിതഃ സ്യാ-
ദിത്ഥം നിനായ സ ഭവന്മയമേവ മാർഗ്ഗം ൬

അനേകം വേദവാക്യങ്ങളാൽ വാഴ്ത്തപ്പെട്ടുന്ന പുരുഷനെ എനിയ്ക്ക് കാണ്മാൻ കഴിയുമോ? സ്പർശിയ്ക്കുവാൻ സംഗതിവരുമോ? ഒന്ന് ആലിംഗനംചെയ്യാൻ സാധിയ്ക്കുമോ? അവിടുന്ന് എന്നോട് എന്തു പറയുമോ ആവോ. എവിടെവെച്ച് കാണ്മാൻ കഴിയും? എന്നിപ്രകാരം അവൻ മാർഗ്ഗം ഭഗവന്മയമാക്കി നയിച്ചു.

ഭൂയഃ ക്രമാദഭിവിശൻ ഭവദംഘ്രിപൂതം
വൃന്ദാവനം ഹരവിരിഞ്ചസുരാഭിവന്ദ്യം
ആനന്ദമഗ്ന ഇവ ലഗ്ന ഇവ പ്രമോഹേ
കിം കിം ദശാന്തരമവാപ ന പങ്കജാക്ഷ! ൭

ഹേ പുണ്ഡരീകാക്ഷ! അങ്ങയുടെ പാദങ്ങളാൽ പരിശുദ്ധവും പരമേശ്വരൻ ബ്രഹ്മാവ് ദേവന്മാർ എന്നിവരാൽ വന്ദിയ്ക്കപ്പെട്ടുന്നതും ആയ ഗോകുലത്തിൽ ക്രമത്തിൽ ചെന്ന് സന്തോഷനിമഗ്നനെന്നപോലെയും പ്രമോഹലഗ്നനെന്നപോലെയും ആയിത്തീർന്ന് ഏതേതെല്ലാം അവസ്ഥാഭേദങ്ങളെ പ്രാപിയ്ക്കുകയുണ്ടായില്ല?

പശ്യന്നവന്ദത ഭവദ്പിഹിതിസ്ഥലാനി
പാംസുഷ്വവേഷ്ടത ഭവച്ചരണാങ്കിതേഷു
കിം ബ്രൂമഹേ ബഹുജനാ ഹി തദാപി ജാതാ
ഏവന്തു ഭക്തിതരളാ വിരളാഃ പരാത്മൻ ൯൬

അങ്ങയുടെ ക്രീഡാസ്ഥലങ്ങൾ കണ്ടുകൊണ്ട് അവർ വന്ദിച്ചു. അങ്ങയുടെ പാദപത്മങ്ങളാൽ അങ്കിതങ്ങളാക്കപ്പെട്ട പുണ്യസ്ഥലങ്ങളിൽ കിടന്നുരുണ്ടു. അല്ലയോ പരമാത്മരൂപിൻ! അന്ന് അനേകം ആളുകൾ ഉണ്ടായിരുന്നെങ്കിലും ഇപ്രകാരം ഭക്തിപരവശന്മാരായ ആളുകൾ കുറവായിരുന്നു എന്നല്ലാതെ മറെന്തു പറയട്ടെ.

സായം സ ഗോപഭവനാനി ഭവച്ചരിത്ര-
ഗീതാമൃതപ്രസൃതകർണ്ണരസായനാനി
പശ്യൻ പ്രമോദസരിതേവ കിലോഹ്യമാനോ
ഗച്ഛൻ ഭവദ്ഭവനസന്നിധിമന്വയാസീൽ ൯൭

അവർ സന്ധ്യയ്ക്ക് നിന്തിരുവടിയുടെ ചരിത്രഗീതാമൃതം പൂരപ്പെട്ടന്ന കർണ്ണരസായനങ്ങളോടുകൂടി ഗോപഗൃഹങ്ങളെ കണ്ടു് സന്തോഷസരിത്തിനാൽ വഹിയ്ക്കപ്പെട്ടന്നവനോ എന്നു് തോന്നുംവണ്ണം പോയിക്കൊണ്ടു് അങ്ങയുടെ ഭവനത്തിന്നു് അടുത്തെത്തി.

താവദ്ദദർശ പശുദോഹവിലോകലോലം
ഭക്തോത്തമാഗതിമിവ പ്രതിപാലയന്തം
ത്വാമൻ! ഭവന്തമയമഗ്രജവന്തമന്തർ
ബ്രഹ്മാനന്ദതിരസസിന്ധുമിവോദ്വമന്തം ൯൮

ഹേ ഭഗവൻ! ആ സമയം ഈ അക്രൂരൻ പശുകറക്കുന്നതു് കണ്ടു് കുതുകിയായി നില്ക്കുന്നവനും ഭക്തശ്രേഷ്ഠന്റെ വരവു് കാത്തുനില്ക്കയോ എന്നു് തോന്നുമാറു് നിലകൊള്ളുന്നവനും ഇവന്റെ മനസ്സിനെ ബ്രഹ്മാനന്ദരസസമുദ്രത്തിൽ നിമഗ്നനാക്കുന്നവനോ എന്നു് തോന്നുംവണ്ണം സ്ഥിതിചെയ്യുന്നവനും ആയ അങ്ങയെ അഗ്രജനോടുകൂടി കണ്ടു.

സായന്തനാപ്ലവവിശേഷവിവിക്തഗാത്രൌ
ദ്വൌ പീതനീലരുചിരാംബരലോഭനീയൌ
നാതിപ്രപഞ്ചധൃതഭൂഷണചാരുവേഷൌ
മന്ദസ്മിതാർദ്രവദനൌ സ യുവാം ദദർശ ൯൯

വൈകുന്നേരത്തെ സ്നാനവിശേഷംകൊണ്ട് വിശുദ്ധ ദേഹത്തോടുകൂടിയവരും മഞ്ഞപ്പട്ടും പച്ചപ്പട്ടും അണിഞ്ഞു് മനോഹരന്മാരും അധികം വിസ്തരിയ്ക്കാതെ അണിഞ്ഞ ആഭരണങ്ങൾകൊണ്ടു് ഭംഗിയുള്ള വേഷത്തോടുകൂടിയവരും പുഞ്ചിരിപൊഴിഞ്ഞുകൊണ്ടു് നില്ക്കുന്നവരും ആയ നിങ്ങൾ രണ്ടുപേരെക്കണ്ടു.

ദൂരാദ്രഥാത്സമവരുഹ്യ നമന്തമേന–
മുത്ഥാപ്യ ഭക്തകുലമൌലിമഥോപഗൂഹൻ
ഹൃഷ്യന്മിതാക്ഷരഗിരാ കുശലാനുയോഗീ
പാണിം പ്രഗൃഹ്യ സബലോഽഥ ഗൃഹം നിനേഥ ൧൦൦

അകലെനിന്നുതന്നെ തേരിൽനിന്നിറങ്ങി നമസ്കരിയ്ക്കുന്ന ഈ ഭക്തോത്തമനെ എഴുന്നേല്പിച്ചു് ആലിംഗനം ചെയ്തുകൊണ്ടു് ബലരാമനോടുകൂടിയ അങ്ങു് മിതാക്ഷരവാക്യങ്ങൾകൊണ്ടു് ക്ഷേമവൃത്താന്തം ചോദിച്ചുകൊണ്ടു് കൈയ്ക്കു് പിടിച്ചു് ഗൃഹത്തിലേയ്ക്കു് കൊണ്ടുപോയി.

നന്ദേന സാകമമിതാദരമർച്ചയിത്വാ
തം യാദവം തദുദിതാം നിശമയ്യ വാർത്താം
ഗോപേഷു ഭൂപതിനിദേശകഥാം നിവേദ്യ
നാനാകഥാഭിരിഹ തേന നിശാമനൈഷീഃ ൧൦൧

അങ്ങു് നന്ദഗോപരോടുകൂടി ബഹുമാനത്തോടെ ആ യാദവനെ പൂജിച്ചിട്ടു് അവൻ പറഞ്ഞ വർത്തമാനം കേട്ടു് ഗോപന്മാരോടു് രാജകല്പനയറിയിച്ചിട്ടു് അവനൊന്നിച്ചു് പല കഥകളും പറഞ്ഞുകൊണ്ടു് ആ രാത്രി കഴിച്ചുകൂട്ടി.

ചന്ദ്രാഗൃഹേ കിമുത ചന്ദ്രഭഗാഗൃഹേ നു
രാധാഗൃഹേ നു ഭവനേ കിമു മൈത്രവിന്ദേ
ധൂർത്തോ വിലംബത ഇതി പ്രമദാഭിരുച്ചൈ–
രാശങ്കിതോ നിശി മരുൽപുരനാഥ! പായാഃ ൧൦൨

അല്ലയോ ഗുരുവായൂരപ്പ! "ചന്ദ്രയുടെ വീട്ടിലോ ചന്ദ്രഭഗയുടെ ഗൃഹത്തിലോ അതെ രാധയുടെ ഗേഹത്തിലോ, അല്ലെങ്കിൽ മിത്രവിന്ദയുടെ വീട്ടിലോ മറെറാ ഈ വികൃതി താമസിയ്ക്കുന്നു" എന്നു് അന്നു് രാത്രി ഗോപസ്ത്രീകളാൽ ശങ്കിയ്ക്കപ്പെട്ട അങ്ങു് എന്നെ രക്ഷിയ്ക്കണേ! ഭക്തവാത്സല്യംകൊണ്ടു് ഭഗവാൻ എങ്ങും പോകാതിരുന്നതിനാൽ ഗോപസ്ത്രീകൾ ഇങ്ങിനെ ശങ്കിച്ചു.

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
അക്രൂരാഗമനം.

ദശകം 73.

മധുരായാത്രാ.

നിശമയ്യ തവാഥ യാനവാർത്താം
ദ്രുതമാർത്താഃ പശുപാലബാലികാസ്താഃ
കിമിദം കിമിദം കഥന്നപീതീമാഃ
സമവേതാഃ പരിദേവിതാന്യകുർവ്വൻ ൧

അനന്തരം അങ്ങയുടെ യാത്രാവർത്തമാനം കേട്ടു് ഏറെറവും വ്യസനിച്ച ആ ഗോപസ്ത്രീകൾ "ഇതെന്താണു്? ഇതെന്താണു്? എങ്ങിനെ ഇതുണ്ടായി" എന്നു് ഒന്നിച്ചുചേർന്നു് നിലവിളിച്ചു.

കരുണാനിധിരേഷ നന്ദസൂനുഃ
കഥമസ്മാൻ വിസൃജേദനന്യനാഥാഃ
ഇത നഃ കിമു ദൈവമേവമാസീ–
ദിതി താസ്ത്വൽഗതമാനസാ വിലേപുഃ ൨

കരുണാകരനായ ഈ നന്ദപുത്രൻ അനന്യശരണകളായ നമ്മളെ എങ്ങിനെ ത്യജിയ്ക്കും? കഷ്ടം! നമ്മുടെ ദൈവവിധി ഇങ്ങിനെയായോ? എന്നു് അങ്ങയെ ഓർത്തോർത്തു് അവർ നിലവിളിച്ചു.

ക്ഷരമപ്രഹരേ പ്രതിഷ്ഠമാനഃ
സഹ ചിത്രാ നിജമിത്രമണ്ഡലൈശ്ച
പരിതാപഭരം നിതംബിനീനാം
ശമയിഷ്യൻ വിമുചസ്സഖായമേകം ൧൨

അങ്ങ് അച്ഛനോടും ബന്ധുക്കളോടുംകൂടി ഒടുവിലത്തെ യാത്രയിൽ പുറപ്പെട്ടപ്പോൾ ഗോപികളുടെ വ്യസനഭാരം തീർക്കുവാൻ ഒരു സുഹൃത്തിനെ പറഞ്ഞയച്ചു.

അചിരാദുപയാമി സന്നിധിം വോ
ഭവിതാ സാധു മയൈവ സംഗമശ്രീഃ
അമൃതാംബുനിധൌ നിമജ്ജയിഷ്യേ
ധ്രുവമിത്യാശ്വസിതാ വധൂരകാർഷീഃ ൧൩

"ഞാൻ താമസിയ്ക്കാതെ നിങ്ങളുടെ അടുത്തു് വന്നുകൊള്ളാം. മൽസംഗമസുഖംതന്നെ നിങ്ങൾക്കു് നല്ലവണ്ണം ഉണ്ടാകും. അമൃതസമുദ്രത്തിൽ നിങ്ങളെ മുഴുകിച്ചെയ്യാം" എന്നു് അങ്ങ് ആ സ്ത്രീകളെ ആശ്വസിപ്പിച്ചു.

സവിഷാദഭരം സയാചഞ്ഞമുച്ചൈ-
രതിദൂരം വനിതാഭിരീക്ഷ്യമാണഃ
മൃദു തദ്ദിശി പാതയന്നപാംഗാൻ
സബലോക്രൂരരഥേന നിർഗതോഭൂഃ ൧൪

ദുഃഖഭാരത്തോടും അപേക്ഷയോടുംകൂടി വളരെ ദൂരത്താകുന്നതുവരെ ഗോപികളാൽ നോക്കപ്പെട്ടവനും അവർ നില്ക്കുന്നേടത്തേയ്ക്കു് മൃദുവാംവണ്ണം കടാക്ഷങ്ങളെ അയയ്ക്കുന്നവനുമായ അങ്ങ് ബലരാമനോടുകൂടി അക്രൂരന്റെ തേരിൽ കയറിപ്പോയി.

അനസാ ബഹുലേന വല്ലവാനാം
മനസാ ചാനുഗതോഥ വല്ലഭാനാം
വനമാർത്തമൃഗം വിഷണ്ണവൃക്ഷം
സമതീതോ യമുനാതടീമയാസീഃ ൧൫

അതിസംശ്ലേഷം ഗോപന്മാരുടെ അനേകം വണ്ടികളാലും ഗോപികളുടെ മനസ്സിനാലും അനുഗതനായ അങ്ങ് വ്യസനി

ച്ച മൃഗങ്ങളോടും വൃക്ഷങ്ങളോടും ക്രൂടിയ വനം കടന്നു് കാളിന്ദീ തീരം പ്രാപിച്ചു.

നിയമായ നിമജ്ജ്യ വാരിണി ത്വാ-
മഭിവീക്ഷ്യാഥ രഥേപി ഗാന്ദിനേയഃ
വിവശോജനികിനപിദം വിഭോസ്തേ
നനു ചിത്രംതവലോകനംസമന്താൽ ൭

നിത്യകൃത്യത്തിനുവേണ്ടി അക്രൂരൻ മുങ്ങിയപ്പോൾ വെള്ളത്തിൽ അങ്ങയെ കണ്ടു് തേരിലും പിന്നെ കണ്ടു് പരവശനായിത്തീന്നു. ഹേ ഭഗവൻ! വിശ്വവ്യാപിയായ അങ്ങയെ ചുറവുപാടും കാണുകയെന്നതു് അത്ഭുതമാണോ?

പുനരേഷ നിമജ്ജ്യ പുണ്യശാലീ
പുരുഷം ത്വാം പരമം ഭുജംഗഭോഗേ
അരികംബുഗദാംബുജൈഃസ്ഫുരന്തം
സുരസിദ്ധൗഘപരീതമാലുലോകേ ൮

പുണ്യവാനായ ഈ അക്രൂരൻ പിന്നെയും മുങ്ങിയപ്പോൾ പരപുരുഷനായ അങ്ങയെ അനന്തശായിയായി ശംഖചക്രഗദാപദ്മങ്ങളാൽ ശോഭിയ്ക്കുന്നവനും ദേവസിദ്ധസമൂഹങ്ങളാൽ പരിവ്രുതനും ആയി കണ്ടു.

സ തദാ പരമാത്മസൌഖ്യസിന്ധൌ
വിനിമഗ്നഃ പ്രണവൻ പ്രകാരഭേദൈഃ
അവിലോക്യ പുനശ്ചഹർഷസിന്ധോ-
രനവ്രുത്യാ പുളകാവ്രുതോ യയൌ ത്വാം ൯

അപ്പോൾ അവൻ പരമാത്മാനന്ദസമുദ്രത്തിൽ നല്ലവണ്ണം മുങ്ങി പലതരത്തിൽ സ്തുതിച്ചുകൊണ്ടു് വീണ്ടും അങ്ങയെ കാണാഞ്ഞിട്ടു് ഹർഷസിന്ധുമഗ്നനായി രോമാഞ്ചംകൊണ്ടു് അങ്ങയുടെ സമീപത്തെത്തി.

കിമു ശീതളിമാ മഹാൻ ജലേ യൽ
പുളകോസാവിതിചോദിതേനതേന
അതിഹർഷനിരുത്തരേണസാർദ്ധം
രഥവാസീ പവനേശ! പാഹി മാം ത്വം ൧൦

ഹേ ഗുരുവായുപുരേശ! വെള്ളത്തിൽ ഇത്ര വലിയ തണുപ്പുണ്ടോ? ഈ രോമാഞ്ചം ഉണ്ടായതെങ്ങിനെ? എന്നു് അങ്ങു് ചോദിച്ചപ്പോൾ അതിഹർഷംകൊണ്ടു് മറുപടിപറയാതെനിന്ന അക്രൂരനോട്ടക്രൂടി തേരിൽ വിളങ്ങുന്ന അങ്ങു് എന്നെ രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയസ്തോത്രേ ദശമസ്കന്ധേ
മധുരായാത്രാവർണ്ണനം.

ദശകം 74.

ഭഗവൽപുരപ്രവേശരജകനിഗ്രഹാദി വിവരണം.

സംപ്രാപ്യോ മധുരാം ദിനാദ്ധ്വിഗമേ തത്രാന്തരസ്മിൻ വസ-
ന്നാരാമേ വിഹിതാശനസ്സഖിജനൈഃ പ്രീതഃ പുരീമീക്ഷിതും
പ്രാപോ രാജപഥം ചിരശ്രുതിധൃതവ്യാലോകകൌതൂഹല-
സ്ത്രീപുംസോദ്യദഗണ്യപുണ്യനിഗളൈരാകൃഷ്യമാണോ ന കിം

പകൽ പകുതിയായപ്പോൾ മധുരാപുരം പ്രാപിച്ച അങ്ങു് അവിടെ അകത്തുള്ള പൂങ്കാവിൽ വസിച്ചുകൊണ്ടു് ഭക്ഷണം കഴിച്ചു് സ്നേഹിതന്മാരോടുക്രൂടി രാജധാനി കാണുവാൻ പുറപ്പെട്ടു. വളരെക്കാലമായി കേട്ടതുകൊണ്ടു് കാണ്മാൻ കൌതുകപ്പെട്ട സ്ത്രീപുരുഷന്മാരുടെ ഉയരുന്ന അപരിമിതസുകൃതത്താൽ ആകഷ്ടിയ്ക്കപ്പെടുന്നവനോ എന്നു് തോന്നുംവണ്ണം രാജവീഥിയെ പ്രാപിച്ചു.

തപ്തപാദ്യതിവത്സരാഗസുഭഗാസ്തപ്തൻമൂർത്തിവദ്യോഷിത-
സ്സംപ്രാപ്താവിലസൽപയോധരരുചോലോലാഭവദ്ദൃഷ്ടിവൽ
ഹാരിണ്യസ്തരുണഃസ്ഥലീവദയിതേമന്ദസ്മിതപ്രൌഢിവ-
ന്നൈർമ്മല്യോല്ലസിതാഃകചൌഘരുചിവദ്രാജൽ കലാപാശ്രിതാഃ

നിന്തിരുവടിയുടെ പാദശോഭപോലെ സരാഗകളും (ചുകപ്പു്, അനുരാഗം) സുഭഗകളും (സൌഭാഗ്യം ഉള്ളവർ) അങ്ങയുടെ ശരീരംപോലെ വിലസൽപയോധരശോഭകളായി (തിളങ്ങുന്ന മേഘത്തിന്റെ കാന്തിയുള്ളതു്, ശോഭിയ്ക്കുന്ന കുചങ്ങളുടെ കാ

ന്തിയുള്ളതു് എന്നും) അങ്ങയുടെ കണ്ണുകൾപോലെ ലോലകളായി (ചഞ്ചലങ്ങൾ, തല്പരകൾ എന്നും) അങ്ങയുടെ ഉരസ്ഥലീ (മാറിടം) എന്നപോലെ ഹാരിണികളായി (മുത്തുമാലകളുള്ളതു്, ആകഷ്ടിയുന്നവർ എന്നും) അല്ലയോ ദേവ! അങ്ങയുടെ മന്ദസ്മിതപ്രൌഢിപോലെ നൈർമ്മല്യോല്ലസിതകളായി (പരിശുദ്ധതകൊണ്ടു് ശോഭിച്ചവ) അങ്ങയുടെ തലമുടിക്കൂട്ടത്തിന്റെ ശോഭപോലെ രാജൽകലാപാശ്രിതകളായി (ശോഭിയുന്ന മയിൽപീലിയുള്ളതു്, ശോഭിയുന്ന ആഭരണങ്ങളുള്ളതു്) ശോഭിയുന്ന സ്ത്രീകൾ അങ്ങയെ കാണ്മാൻ രാജവീഥിയിലണഞ്ഞു.

താസാമാകലയന്നപാംഗവലനൈർമ്മോദം പ്രഹർഷാദ്ഭുത-
വ്യാലോലേഷു ജനേഷു തത്ര രജകം കഞ്ചിൽ പടീംപ്രാർത്ഥയൻ
കസ്തേ ദാസ്യതി രാജകീയവസനം യാഹീതി തേനോദിത-
സ്സദ്യസ്തസ്യ കരേണ ശീർഷമഹൃഥാഃസോപ്യാപ പുണ്യാം ഗതിം

കടാക്ഷവീക്ഷണങ്ങളാൽ അവർക്കു് മോദത്തെ നല്കിക്കൊണ്ടിരുന്നു. ജനങ്ങൾ സന്തോഷാതിശയത്തോടും അത്ഭുതത്തോടുംകൂടി വന്നുചേർന്നിരുന്നു. അങ്ങു് അപ്പോൾ ഒരു രജകനോടു് ഒരു വസ്ത്രം അപേക്ഷിയ്ക്കുകയുണ്ടായി. അപ്പോൾ അവൻ "രാജവസ്ത്രം നിനക്കു് ആർ തരും പോ" എന്നു് പറഞ്ഞു് ഉടൻ അവന്റെ ശിരസ്സു് അങ്ങു് ഛേദിച്ചു. അവൻ സൽഗതി നേടുകയും ചെയ്തു.

ഭൂയോ വായകമേകമായതമതിം തോഷേണ വേഷോചിതം
ദാശ്രാംസം സപദംനിനേഥ സുകൃതം കോ വേദ ജീവാത്മനാം
മാലാഭിഃ സുരഭൈഃ സ്വയൈരപി പുനർമ്മാലാകൃതാ മാനിതോ
ഭക്തിം തേന വൃതാം ദിദേഗിഥ പരാം ലക്ഷ്മീഞ്ച ലക്ഷ്മീപതേ!

പിന്നെ അങ്ങു് സന്തോഷാതിശയത്തോടുകൂടി വേഷത്തിനു് പറ്റിയ വസ്ത്രങ്ങൾ നല്കിയ ബുദ്ധിമാനായ ഒരു വസ്ത്രക്കാരനു് സപദസ്ഥാനം ദാനംചെയ്തു. ഓരോ ജീവാത്മാക്കളുടേയും സുകൃതം ആർക്കു് അറിയാം? അല്ലയോ ലക്ഷ്മീകാന്ത! അനന്തരം മാലകൾകൊണ്ടും പൂങ്കുലകൾകൊണ്ടും സ്തോത്രങ്ങൾകൊണ്ടും അങ്ങയെ

മാനിച്ച മാലാകാരനു് സപദം വരിയ്ക്കപ്പെട്ട ഭക്തിയേയും പാ
ത്രമൈശ്വര്യത്തേയും അങ്ങു് പ്രദാനം ചെയ്തു.

കുബ്ജാമബ്ജവിലോചനാം പഥിപുനർദ്ദൃഷ്ടാംഗരാഗേ തയാ
ദത്തേ സാധു കിലാംഗരാഗമദദാസ്തസ്യാ മഹാന്തം ഹൃദി
ചിത്തസ്ഥാമൃജുതാമഥ പ്രഥയിതും ഗാത്രേപി തസ്യാഃസ്ഫുടം
ഗൃഹ്ണൻ മഞ്ജുകരേണ താമുദനയത്സാവജ്രജഗൽസുന്ദരീം ൪

ഹേ ഭഗവൻ! അനന്തരം മാർഗ്ഗത്തിൽ സുന്ദരിയായ ഒരു
ക്രുനിയെ കണ്ടു് അവൾ കുറിക്കൂട്ടു് അങ്ങയ്ക്കു് നല്കി. അവളുടെ
മനസ്സിൽ വലിയ അനുരാഗത്തേയും നല്കിയല്ലോ. അവളുടെ മന
സ്സിനുള്ള വക്രത തീർത്തതുപോലെ ശരീരത്തിനുള്ളതും തീർത്തു്,
അങ്ങു് അവളെ മനോഹരകരംകൊണ്ടു് നേരെ നിർത്തി ലോ
കൈകമോഹിനിയാക്കിത്തീർത്തു.

താവന്നിശ്ചിതവൈഭവാസ്തവ വിഭോ! നാത്യന്തപാപാ ജനാ
യൽകിഞ്ചിദ്ദതേ സ്മ ശക്ത്യനുഗ്രഹണം താംബൂലമാല്യാദികം
ഗൃഹ്ണാനഃ കുസുമാദി കിഞ്ചന തദാ മാർഗ്ഗേ നിബദ്ധാഞ്ജലി–
ന്നാതിഷ്ഠം ബത ഹാ യതോദ്യ വിപുലാമാർത്തിം പ്രജാമി പ്രഭോ!

ഹേ വിഭോ! അധികം പാപികളല്ലാത്ത ആളുകൾ അ
പ്പോൾ നിന്തിരുവടിയുടെ മാഹാത്മ്യം അറിഞ്ഞു് ശക്തിയ്ക്കനു
സരിച്ചു് താംബൂലമാല്യാദികൾ അങ്ങയ്ക്കു് ദാനംചെയ്തു. ഹേ
പ്രഭോ! അപ്പോൾ പുഷ്പം മുതലായി എന്തെങ്കിലും ഒന്നു് എടു
ത്തുകൊണ്ടു് വഴിയ്ക്കു് തൊഴുതുനില്ക്കുവാൻ കഴിഞ്ഞിട്ടില്ല. അതു
കൊണ്ടു് ഞാനിന്നു് വലിയ ദുഃഖത്തെ പ്രാപിയ്ക്കുന്നു.

ഏഷ്യാമീതി വിമുക്തയാപി ഭഗവന്നാലോപദാത്യാതയാ
ദൂരാൽ കാതരയാ നിരീക്ഷിതഗതിസ്ഥം പ്രാവിശോ ഗോപുരം
ആഘോഷാനുമിതപദാഗമമഹാഹർഷോല്ലസദ്ഭോവകീ–
വക്ഷോജപ്രഗളൽപയോരസമിഷാത്തൽകീർത്തിരന്ധ്രീകൃതാ ൯

ഹേ ഭഗവൻ! "ഞാൻ വരാം" എന്നു് പറഞ്ഞു് അയയ്ക്ക
പ്പെട്ടവളാണെങ്കിലും വിയോഗഭീരുവായ അവളാൽ ദൂരെനിന്നു്

കടാക്ഷിയ്ക്കപ്പെട്ട അങ്ങ് ഗോപുരം പ്രാപിച്ചു. കോലാഹലം കൊണ്ടു് ഉൗഹിയ്ക്കപ്പെട്ട അങ്ങയുടെ വരവുകൊണ്ടു് ഏറ്റവും സന്തോഷംകൊണ്ട ദേവകിയുടെ സ്തനങ്ങളിൽനിന്നു് ചുരന്നു് പുറപ്പെട്ടന്ന പാൽ എന്ന വ്യാജേന അങ്ങയുടെ കീർത്തി പുരാന്തർഭാഗത്തിൽ എത്തി.

ആവിഷ്ടോ നഗരീം മഹോത്സവവതീം കോദണ്ഡശാലാം വ്രജൻ
മാധുര്യേണ ന തേജസാ ന പുരുഷൈർദ്ദൂരേണ ദത്താന്തരഃ
സ്രഗ്ഭിർഭൂഷിതമച്ചിതംവരധനുർമ്മാമേതിവാദാൽപുരഃ
പ്രാഗുണ്ണാസ്സമരോപയഃ കില സമാക്രാക്ഷീരഭാങ്ക്ഷീരപി വ

മഹോത്സവത്തോടുകൂടിയ നഗരിയെ പ്രാപിച്ചു് ധനുശ്ശാലയിൽ കടന്നു് അങ്ങു് നിന്നപ്പോൾ മാധുര്യംകൊണ്ടുതന്നെയോ തേജസ്സുകൊണ്ടോ പുരുഷന്മാർ അങ്ങയ്ക്കു് വഴി മാറിത്തന്നു. അങ്ങു് മാലകളാൽ അലംകൃതവും പൂജിതവുമായ ശ്രേഷ്ഠധനുസ്സിനെ അരുതു് അരുതു് എന്നു് പറയുന്നതിനു് മുമ്പെതന്നെ എടുക്കുകയും കുലയ്ക്കുകയും വലിയ്ക്കുകയും മുറിയ്ക്കുകയും കഴിഞ്ഞുവല്ലോ.

ശ്രുത്വാ കംസക്ഷപണോത്സവസ്യ പുരതഃ പ്രാരംഭതൂര്യോപമ–
ശ്ശാപഭ്രംസമഹാധ്വനിസ്തവ വിഭോ! ദേവാനരോമാഞ്ചയൽ
കംസസ്യാപിച വേപഥുസ്തദുദിതഃ കോദണ്ഡഖണ്ഡദ്വയീ
ചണ്ഡാഭ്യാഹത രക്ഷിപൂരുഷധരൈരുൽക്കുലിതോദ്ഘട്ടയാൻ

ഹേ വിഭോ! നാളെയുണ്ടാകാൻ പോകുന്ന കംസനിഗ്രഹമാകുന്ന ഉത്സവത്തിനുമുമ്പു് ചെയ്യപ്പെടേണ്ട ആരംഭമംഗളതൂര്യശബ്ദത്തിനു് തുല്യമായ വില്ലൊടിച്ച മഹാശബ്ദം ദേവന്മാരെ രോമാഞ്ചിതന്മാരാക്കി. അതുകൊണ്ടുണ്ടായ കംസന്റെ വിറയും വില്ലിന്റെ രണ്ടു് ഖണ്ഡങ്ങളും ചെന്നു് അത്യുഗ്രമാംവണ്ണം അടിയ്ക്കപ്പെട്ട രക്ഷാപുരുഷന്മാരുടെ ശബ്ദങ്ങളും നിമിത്തം അങ്ങു് ഒന്നുകൂടി വർദ്ധിപ്പിച്ചു.

ശിഷ്ടൈർദുഷ്ടജനൈശ്ച ദുഷ്ടമഹിമാ പ്രീത്യാ ച ഭീത്യാ തത-
സ്സംപശ്യൻ പുരസംപദം പ്രവിചരൻ സായം ഗതോ വാടികാം
ശ്രീദാമ്നാ സഹ രാധികാവിരഹജം ഖേദം വദൻ പ്രസ്രവ-
ന്നാനന്ദന്നവതാരകായ്യ്ഘടനാദ്വാതേശ! സംരക്ഷ മാം ൧൦

സജ്ജനങ്ങളാലും ദുർജ്ജനങ്ങളാലും പ്രീതിയോടും ഭയത്തോടുംകൂടി ദർശിയ്ക്കപ്പെട്ട മാഹാത്മ്യത്തോടുകൂടിയ അങ്ങു് പുരലക്ഷ്മിയെ നല്ലവണ്ണം നോക്കിക്കൊണ്ടു് നടന്നു് വൈകുന്നേരം പൂങ്കാവിൽ ചെന്നു് ശ്രീദാമാവിനോടു് രാധാവിയോഗംകൊണ്ടുള്ള ദുഃഖത്തെപ്പറഞ്ഞുകൊണ്ടു് തന്റെ അവതാരകായ്യം ഘടിയ്ക്കുന്നതിൽ സന്തോഷിച്ചുകൊണ്ടു് കിടന്നുരുങ്ങിയ അല്ലയോ വാതാലയേശ! അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
മധുരാപ്രവേശരജക നിഗ്രഹാദിവർണ്ണനം.

ദശകം 75.

കംസവധഃ

പ്രാതസ്സന്ത്രസ്തഭോജക്ഷിതിപതിവചസാ
പ്രസ്ഥിതേ മല്ലതൂര്യ്യേ
സംഘേ രാജ്ഞാഞ്ച മഞ്ചാനഭിയയുഷി ഗതേ
നന്ദഗോപേ ച ഹർമ്മ്യം
കംസേ സൌധാധിരൂഢേ തദനു സഹബല-
സ്സാനുഗശ്ചാരുവേഷോ
രംഗദ്വാരം ഗതോഽഭൂഃ കുപിതകുവലയാ-
പീഡനാഗാവലീഢം ൧

രാവിലെ ഭീതനായ കംസന്റെ വാക്കുകൊണ്ടു് മല്ലന്മാരുടെ മംഗളവാദ്യം മുഴക്കിയപ്പോൾ രാജസമൂഹം മഞ്ചങ്ങളിൽ പ്രാപിച്ചു. നന്ദഗോപൻ മാളികയിൽ കയറി. കംസൻ വെണ്മാടത്തിൽ കേറി. അങ്ങു് ബലഭദ്രനോടും കൂട്ടുകാരോടുംകൂടി മനോഹരവേഷനായി ക്രുദ്ധനായ കുവലയാപീഡൻ എന്ന ഗജത്താൽ തടുക്കപ്പെട്ട പ്രവേശത്തോടുകൂടിയ രംഗദ്വാരം പ്രാപിച്ചു.

പാപിഷ്ഠാപേഹി മാഗ്ഗാദ്ഗ്രുതമിതി വചസാ
നിഷ്ഠുരക്രുദ്ധബുദ്ധേ-
രംബഷ്ഠസ്യ പ്രണോദാദധികജവജുഷാ
ഹസ്തിനാ ഗൃഹ്യമാണഃ
കേളീമുക്തോഥ ഗോപീകുചകലശചിര
സ്പർദ്ധിനം കുംഭമസ്യ
വ്യാഹത്യാലീയഥാസ്ഥം ചരണഭുവി പുന-
സ്നിഗ്ദ്ധതോ വൽഗ്ഗ ഹാസീ ൫

"പാപിഷ്ഠ! വഴിയിൽനിന്ന് വേഗം പോ" എന്നിപ്രകാരമുള്ള അങ്ങയുടെ വാക്കുകൊണ്ട് ക്രൂരവും കുപിതവും ആയ ബുദ്ധിയോടുകൂടിയ പാപ്പാന്റെ പ്രേരണംകൊണ്ട് അതിവേഗത്തോടുകൂടിയ ആന അങ്ങയെ പിടിച്ചു. ലീലയായി വിട്ട അങ്ങ് ഗോപസ്ത്രീകളുടെ കുചകുംഭങ്ങളോട് വളരെക്കാലമായി മത്സരിയ്ക്കുന്ന ഇവന്റെ മസ്തകം അടിച്ച് കാലിന്നിടയിൽ ഒളിച്ച് വീണ്ടും ഭംഗിയിൽ ചിരിച്ചുകൊണ്ട് പുറത്തു് ചാടി.

ഹസ്തപ്രാപ്യോച്യുഗമ്യോ ത്വടിതി മുനിജന-
സ്യേവ ധാവൻ ഗജേന്ദ്രം
ക്രീഡന്നാപത്യ ത്രമൈ പുനരഭിപതത-
സ്തസ്യ ദന്തം സജീവം
മൂലാദുൻമൂല്യ തൻമൂലഗമഹിതമഹാ
മൌക്തികാന്യാത്മമിത്രേ
പ്രാദാസ്ഥം ഹാരമേർപ്പിളിതവിരചിതം
രാധികായൈ ദിദേവേതി ൬

മഹർഷിമാക്കെന്നപോലെ കൈകൊണ്ട് പിടിപ്പാൻ കഴിയുമെന്ന് തോന്നുമെങ്കിലും അഗമ്യനായ അങ്ങ് ഓടിച്ചെന്ന് കളിയായി ആനയെ നിലത്തു് വീഴ്ത്തി വീണ്ടും എതിർത്തു് നേരിട്ടവരുന്ന അതിന്റെ കൊമ്പു് അടിയോടെ പറിച്ചെടുത്തു് "ഇവകൊണ്ട് മനോഹരമായി കെട്ടിയുണ്ടാക്കിയ മാല രാധയ്ക്കു് കൊടുക്കുക" എന്ന് പറഞ്ഞുകൊണ്ട് ആ കൊമ്പിന്റെ കടയ്ക്കലുണ്ടായിരുന്ന വിലപിടിച്ച മുത്തുമണികളം ആത്മമിത്രങ്ങളിൽ ഏല്പിച്ചുകൊടുത്തു.

ഗുണ്ഡാനം ദന്തമംസേ യുതമഥ ഹലിനാ
രംഗമംഗാവിശന്തം

താം മംഗല്യാംഗഭംഗീരഭസഹൃതമനോ
ലോചനാ വീക്ഷ്യ ലോകാഃ

ഹംഹോ ധന്യാ ന നന്ദോ നഹി നഹി പശുപാ-
ലാംഗനാ നോയശോദാ

നോ നോ ധന്യേക്ഷണാഃ സ്മസ്ത്രിജഗതി വയമേ-
വേതി സഞ്ചുക്രുശുഃ ൫

ഹേ ഭഗവൻ! ബലരാമനൊന്നിച്ചു് കൊമ്പു് ചുമലിൽ വഹിച്ചുകൊണ്ടു് രംഗത്തിലേയ്ക്കു് വരുന്ന അങ്ങയെ കണ്ടു് മംഗലകരമായ അംഗത്തിന്റെ ഭംഗികൊണ്ടു് ബലാൽ ആകഷ്ടിയ്ക്കപ്പെട്ട മനസ്സോടും കണ്ണുകളോടുംകൂടിയ ജനങ്ങൾ "ഹാ ഹാ! നന്ദനാണു് ധന്യൻ, അല്ല ഒരിയ്ക്കലും അല്ല പശുപസ്ത്രീകളാണു് ധന്യകൾ എന്നും, ഒരിയ്ക്കലും അല്ല ത്രൈലോകൃത്തിൽവെച്ചു് ഈ നമ്മളാണു് പുണ്യംചെയ്ത കണ്ണുള്ളവർ" എന്നിങ്ങനെ അന്യോന്യം പറഞ്ഞു.

പൂർണ്ണം ബ്രഹ്മൈവ സാക്ഷാന്നിരവധിപരമാ-
നന്ദസാന്ദ്രപ്രകാശം

ഗോപേഷു ത്വം വ്യലാസീന്നവമുഷാഹജനൈ-
സ്ത്വദ്വാദാവേദിതോദ്ഭൂഃ

ദുഷ്പാഥ ത്വാം തദേദം പ്രഥമമുപഗതേ
പുണ്യകാലേ ജനൈരഹാഃ

പൂർണ്ണാനന്ദാ വിപാപാസ്സുരസമഭിജഗ്മു-
സ്ത്വത്കൃതാനി സ്മൃതാനീ ൬

അനന്തമായ പരമാനന്ദത്തോടും സാന്ദ്രമായ പ്രകാശത്തോടുംകൂടിയതായി സാക്ഷാൽ പരിപൂർണ്ണബ്രഹ്മംതന്നെയാകുന്ന അങ്ങു് ഗോപന്മാരുടെ ഇടയിൽ ശോഭിച്ചു. അനേകം പേരും അങ്ങയെ അറിയുകയുണ്ടായില്ലല്ലോ. അപ്പോൾ അതുകൊണ്ടും പുതുതായ പുണ്യകാലം പ്രാപ്തമായപ്പോൾ അങ്ങയെ ക-

ണ്ടിട്ട് പാപമില്ലാത്തവരായി പരിപൂർണ്ണാനന്ദന്മാരായി ഓമ്മി
യ്ക്കപ്പെട്ട അങ്ങയുടെ പ്രവൃത്തികളെക്കുറിച്ച് ഭംഗിയായി വർണ്ണി
ച്ചുതുടങ്ങി.

ചാണൂരോ മല്ലവീരസ്തദനു നൃപഗിരാ
മുഷ്ടികോ മുഷ്ടിശാലീ
തപാം രാമഞ്ചാഭിപേദേ ഝടഝടിതിമിഥോ
മുഷ്ടിപാതാതിരുക്ഷം
ഉല്പാതാപാതനാകൃഷ്ണവിവിധരണാ-
ന്യാസതാം തത്ര ചിത്രം
മൃത്യോഃ പ്രാഗേവ മല്ലപ്രവരഗമദയം
ഭൂരിശോ ബന്ധമോക്ഷാൻ ൯

അനന്തരം രാജാവായ കംസന്റെ വാക്കുകൊണ്ട് മല്ലവീ
രനായ ചാണൂരനും മുഷ്ടികൊണ്ട് ശോഭിയ്ക്കുന്ന മുഷ്ടികനും നി
ന്തിരുവടിയോടും ബലഭദ്രനോടും എതിരിട്ടു. ഝടഝടശബ്ദ
ത്തോടെ മുഷ്ടിപാതംകൊണ്ട് അതിഭയങ്കരമാംവണ്ണം യുദ്ധം
ചെയ്തു. മേല്പോട്ട പൊന്തിയ്ക്കുക, വീഴ്ത്തുക, വലിയ്ക്കുക മുതലായ
അനേകം യുദ്ധങ്ങൾ അവിടെ നടന്നു. ആ മല്ലപ്രവരർ മരണത്തി
നു മുമ്പുതന്നെ പല തവണയും ബന്ധമോക്ഷങ്ങളെ പ്രാപിച്ചു.
അതിലാണ് ആശ്ചര്യമുള്ളതു്.

ഹാ ധിക്കഷ്ടം! കുമാരൌ സുലളിതവപുഷൌ
മല്ലവീരൌ കഠോരൌ
ന ദ്രക്ഷ്യാമോ വ്രജാമസ്ത്വരിതമിതി ജനേ
ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും
പോഥയാമാസിഥോച്ചൈഃ
പിഷ്ടോഭ്രന്മുഷ്ടികോപി ദ്രുതമഥ ഹലിനാ
നഷ്ടശിഷ്ടൈർദ്ദധാവേ ൯

"അയ്യോ കഷ്ടം! ബാലന്മാരായ രാമകൃഷ്ണന്മാർ ഏറെറവും
മാർദ്ദവമുള്ള ശരീരത്തോടുകൂടിയവരും രണ്ടു് മല്ലവീരന്മാർ കഠോ
രന്മാരും ആകുന്നു. ഇതു് നാം കാണുകയില്ല. നമുക്കു് വേഗം
പോകാം" എന്നിപ്രകാരം അപ്പോൾ ആളുകൾ പറഞ്ഞുകൊ

ണ്ടിരിയ്ക്കുമ്പോൾ അങ്ങ് ആ ചാണൂരനെ കൈകൊംകൊണ്ട് ചുഴറ്റി പ്രാണനെ നശിപ്പിച്ച് നിലത്തു് എറിഞ്ഞു. ഉടനെ ബലരാമൻ മുഷ്ടികനെ അരച്ചുകൊന്നു. നശിച്ചു് ബാക്കിയുള്ളവർ ഓടിപ്പോയി.

കംസസ്സംവായ്യ തൂര്യം ബലമതിരവിദൻ
കായ്യമായ്യാൻ പിതൃംസ്ത-
നാഹന്തും വ്യാപ്തമൂർത്തേസ്തവ ച സമശിഷ-
ദ്ദൂരമുൽസാരണായ
രുഷ്ടോ ദുഷ്ടോക്തിഭിസ്തം ഗരുഡ ഇവ ഗിരിം
മഞ്ചമഞ്ചനാദഞ്ചൽ-
ഖഡ്ഗവ്യാവല്ഗദുസ്സംഗ്രഹമപിച ഹാൽ
പ്രാഗ്രഹീരൌഗ്രസേനിം വ

ദുർബുദ്ധിയായ കംസൻ വാദ്യത്തെ തടഞ്ഞു. കാര്യം അറിയാതെ ആയ്മ്മാരായ അങ്ങയുടെ മാതാപിതാക്കന്മാരെ കൊല്ലുവാനും സർവ്വവ്യാപിയായ അങ്ങയെ അകലെ ആട്ടിയോടിയ്ക്കുവാനും കല്പിച്ചു. നിന്തിരുവടി ആ ഖരന്റെ വാക്കുകളാൽ ദ്വേഷ്യപ്പെട്ടു. ഗരുഡൻ പർവ്വതത്തെ എന്നപോലെ മണിമാളികയെ അലങ്കരിച്ചുകൊണ്ടു് ചുഴറ്റുന്ന വാദം വീഴ്ത്തുകയാൽ പിടിയ്ക്കുവാൻ പ്രയാസമുണ്ടെങ്കിലും കംസനെ ബലാൽക്കാരേണ കടന്നുപിടിച്ചു.

സദ്യോ നിഷ്പിഷ്ടസന്ധിം ഭുവി നരപതിമാ-
പാത്യ തസ്യോപരിഷ്ടാ-
ത്തത്പയ്യാപാത്യേ തതൈവ തദുപരി പതിതാ
നാകിനാം പുഷ്പവൃഷ്ടിഃ
കിം കിം ഭ്രൂമസ്തദാനീം സതതമഹി ഭിയാ
തൽഗതാത്മാ സ ഭേജേ
സായുജ്യം തദ്വധോത്ഥാ പരമ! പരമിയം
വാസനാ കാലനേമേഃ ൻ

വേഗത്തിൽ അരഞ്ഞ സന്ധികളോടുകൂടിയ കംസനെ നിലത്തു് വീഴ്ത്തി അവന്റെ മേൽ അങ്ങ് ചാടിക്കയറിയപ്പോൾ അങ്ങയുടെ മേൽ ദേവന്മാരുടനെ പുഷ്പവർഷം ചെയ്തു. എന്തു്

നാം പറയട്ടെ. പേടികൊണ്ട് എപ്പോഴും അങ്ങയിൽ ആത്മാവിനെ പ്രാപിപ്പിച്ച അവൻ സായൂജ്യം പ്രാപിച്ചു. അല്ലയോ പരാത്മാവേ! ഇതു് അങ്ങു് കാലനേമിയെ കൊന്നതുകൊണ്ടുണ്ടായ ജന്മാന്തരവാസനയാണു്.

തൽഭ്രാതൃനഷ്ട പിഷ്ടാ ദ്ധൃതമഥ പിതരൌ
സന്നമന്നുഗ്രസേനം
കൃത്വാ രാജാനമുച്ചൈർയ്യദുകുലമഖിലം
മോദയൻ കാമദാദ്യൈഃ
ഭക്തനാമുത്തമശ്ലോകവമമരഗുരോ–
രാപ്തനീതിം സഖായം
ലബ്ധ്വാ തുഷ്ടോ നഗയ്യാം പവനപുരപതേ!
രുന്ധി മേ സർവ്വരോഗാൻ ൧൦

അല്ലയോ ഗുരുവായൂരപ്പ! അതിന്നുശേഷം നിന്തിരുവടി വേഗത്തിൽ അവന്റെ എട്ടു് അനുജന്മാരേയും കൊന്നു് മാതാപിതാക്കന്മാരെ നമസ്കരിച്ചിട്ടു് ഉഗ്രസേനനെ രാജാവാക്കീട്ടു് എല്ലാ യാദവസമൂഹത്തേയും അഭീഷ്ടദാനങ്ങൾകൊണ്ടു് സന്തോഷിപ്പിച്ചുകൊണ്ടു് ദേവാചാര്യനിൽനിന്നു് നീതിശാസ്ത്രം പഠിച്ചവനും ഭക്തശ്രേഷ്ഠനും ആയ ഉദ്ധവനെ സുഹൃത്തായി വരിച്ചുകൊണ്ടു് മധുരാപുരിയിൽ സന്തുഷ്ടനായി വാണ നിന്തിരുവടി എന്റെ സർവ്വ രോഗങ്ങളേയും തടയേണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ കംസവധവർണ്ണനം.

ദശകം 76.

ഉദ്ധവവൃത്തം.

ഗത്വാ സാന്ദീപനിമഥ ചതുഃഷഷ്ടിമാത്രൈരഹോഭി–
സ്സർവ്വജ്ഞസ്യം സഹ മുസലിനാ സർവ്വവിദ്യാം ഗൃഹീത്വാ
പുത്രം നഷ്ടം യമനിലയനാദാഹൃതം ദക്ഷിണാർത്ഥം
ദത്ത്വാ തസ്മൈ നിജപുരമഗാ നാദയൻ പാഞ്ചജന്യം ൧

എല്ലാം അറിയുന്ന അങ്ങു് ബലരാമനോടുകൂടി സാന്ദീപനിയുടെ അടുത്തു് ചെന്നു് അറുപത്തിനാലു് ദിവസംകൊണ്ടു്

എല്ലാ വിദ്യകളും ഗ്രഹിച്ചിട്ട് ഗുരുദക്ഷിണയ്ക്കുവേണ്ടി ഗുരുവിന്റെ മരിച്ചുപോയ പുത്രനെ കാലഗ്രഹത്തിൽനിന്നു് കൊണ്ടുവന്നു് കൊടുത്തു് പാഞ്ചജന്യം മുഴക്കിക്കൊണ്ടു് സപുരം പ്രാപിച്ചു.

സ്മൃത്വാ സ്മൃത്വാ പശുപസുതശഃ പ്രേമഭാരപ്രണന്നാഃ
കാരുണ്യേന ത്വമപി വിവശഃ പ്രാഹിണോരുദ്ധവന്തം
കിഞ്ചാമുഷ്മൈപരമസുഹൃദേ ഭക്തവശ്യായ താസാം
ഭക്ത്യുദ്രേകം സകലഭുവനേ ദുർല്ലഭം ദർശയിഷ്യൻ ൨

പ്രേമഭാരത്താൽ പ്രചോദിതകളായ ഗോപാംഗനാസുന്ദരിമാരെ ഭയയോടുകൂടി വീണ്ടും ഓർത്തു് അവിടുന്നു് പരവശനായി ആ ഉദ്ധവനെ പറഞ്ഞയച്ചു എന്നുമാത്രമല്ല ഉത്തമസ്നേഹിതനും ഭക്തശ്രേഷ്ഠനും ആയ ഇവനു് എല്ലാ ലോകത്തിലും വെച്ചു് ദുർല്ലഭമായ ഭക്തിപാരമ്യത്തെ കാണിച്ചുകൊടുക്കുവാനും ആഗ്രഹിച്ചു.

ത്വന്മാഹാത്മ്യപ്രഥിമപിതുനം ഗോകുലം പ്രാപ്യ സായം
ത്വദ്വാർത്താഭിർബഹു സ രമയാമാസ നന്ദം യശോദാം
പ്രാതർദ്ദൃഷ്ട്വാ മണിമയരഥം ശങ്കിതാഃ പങ്കജാക്ഷ്യഃ
ശ്രുത്വാ പ്രാപ്തം ഭവദനുചരം ത്യക്തകാര്യാസ്സമീയുഃ ൩

ആ ഉദ്ധവൻ വൈകുന്നേരം ഭവന്മാഹാത്മ്യത്തിന്റെ പ്രസിദ്ധിയെ സൂചിപ്പിയ്ക്കുന്ന ഗോകുലത്തിൽ ചെന്നു് അങ്ങയെപ്പറ്റിയുള്ള വർത്തമാനങ്ങൾകൊണ്ടു് നന്ദഗോപരേയും യശോദയേയും ഏറ്റവും സന്തോഷിപ്പിച്ചു. പിറ്റെന്നാൾ രാവിലെ ആ സുന്ദരിമാർ രത്നമയമായ തേർ കണ്ടു് സംശയിച്ചു് ഭവൽഭൃത്യൻ വന്നിട്ടുണ്ടെന്നറിഞ്ഞു് സ്വന്തകാര്യങ്ങളെല്ലാം വെടിഞ്ഞു് ഉദ്ധവന്റെ അടുത്തു് വന്നു.

ദൃഷ്ട്വാ ചൈനം ത്വദുപമലസദ്വേഷഭൃഷ്ടാഭിരാമം
സ്മൃത്വാ സ്മൃത്വാ തവ വിലസിതാന്യുച്ചകൈസ്താനി താനി
ഉദ്ധാലാപൈഃ കഥമപി പുനർഗ്ഗദ്ഗദാം വാചമൂഹു-
സ്സൈരന്ധ്രീണാം നിജപരഭിദാമപ്യലം വിസ്മരന്ത്യഃ ൪

നിന്നിരുപടിയ്ക്കുള്ളതുപോലെത്തന്നെ ശോഭിയ്ക്കുന്ന വേഷങ്കൊണ്ടും അലങ്കാരങ്ങൾകൊണ്ടും മനോഭിരാമനായിരിയ്ക്കുന്ന ഇവനെ കണ്ടു് അങ്ങയുടെ അതായതു് വിലാസങ്ങളെ ഏറ്റവും

വിചാരിച്ചു് വിചാരിച്ചു് സംസാരിപ്പാൻപോലും അശക്തകളായി സൌജന്യം മുതലായവയേയും താനെന്നും മറവുള്ളവരെന്നും ഉള്ള ഭേദത്തെ വിസ്മരിച്ചുകൊണ്ടു് ഏറ്റവും പണിപ്പെട്ടു് തൊണ്ട ഇടറുന്ന വാക്കുകളിപ്രകാരം പറഞ്ഞു.

ശ്രീമൻ! കിം തവ ചിത്തജനകൃതേ ക്ലേശിതോ നിർദ്ദയേന
കപ്രാണേശ കാന്തോ നഗരസുഭഗാം ഹ ഹരേ നാഥ! പായാഃ
ആശ്ലേഷാണാമമൃതവപുഷോ ഹന്ത തേ ചുംബനാനാ-
മുന്മാദാനാം കുഹകവചസാം വിസ്മരേൽ കാന്താ കാ വാ ൪

"അല്ലയോ ശ്രീമൻ! ആ നിർദ്ദയനാൽ മാതാപിതാക്കന്മാർക്കു വേണ്ടി അങ്ങു് അയയ്ക്കപ്പെട്ടവനാണോ? മധുരാപുരീസുന്ദരിമാരുടെ ഭർത്താവായ ഇവൻ ഇപ്പോൾ എവിടെയാണു്?" "ഹാ! ഹരേ! ഭർത്താവേ! ഞങ്ങളെ രക്ഷിയ്ക്കണേ! അമൃതമൂർത്തിയായ അങ്ങയുടെ ആലിംഗനങ്ങളേയും ചുംബനങ്ങളേയും ഉന്മാദം ഉണ്ടാക്കുന്ന കപടവാക്യങ്ങളേയും ആർക്കു് മറക്കുവാൻ കഴിയും?" എന്നു് അവർ പറഞ്ഞു.

രാസക്രീഡാലുളിതലളിതം വിസ്രസ്തൽകേശപാശം
മന്ദോൽഭിന്നശ്രമജലകണം ലോഭനീയം തവാംഗം
കാരുണ്യാബ്ധേ! സകൃദപി സമാലിംഗിതും ദർശയേതി
പ്രേമോന്മാദാൽ ഭുവനമദന! ത്വൽപ്രിയാസ്ത്വാം വിലേപുഃ ന്യ

"ഹേ ദയാംബുധേ! രാസക്രീഡയിൽ മർദ്ദിച്ചു് മനോഹരമായതും കെട്ടഴിഞ്ഞ തലമുടിയോടുകൂടിയതും അങ്ങിങ്ങു് പൊടിഞ്ഞ വിയർപ്പുതുള്ളികളണിഞ്ഞതും പ്രലോഭിയ്ക്കുന്നതുമായ ഭവദ്വിഗ്രഹത്തെ ഒരു പ്രാവശ്യമെങ്കിലും പുണരുവാൻ കാട്ടിത്തരേണമേ" എന്നിപ്രകാരം ഹേ ലോകമദന! അങ്ങയുടെ പ്രിയകൾ പ്രേമം മൂഴുത്തു് അങ്ങയെ ഉദ്ദേശിച്ചു് നിലവിളിച്ചു.

ഏവംപ്രായൈർവ്വിവശവചനൈരാകുലാ ഗോപികാസ്ത്വാ-
സ്ത്വൽസന്ദേശൈഃ പ്രകൃതിമനയത്സോഥ വിജ്ഞാനഗർഭൈഃ
ഭൂയസ്ത്വാഭിർമ്മുദിതമതിഭിസ്ത്വന്മയീഭിർ‌ഭ്യധീ-
സ്ത്വത്തഃ പ്രാത്മാസരസമനയൽ കാനിചിദ്വാസരാനി ൯

അതിനുശേഷം അവൻ ഇങ്ങിനെയുള്ള ദീനവാക്യങ്ങൾകൊണ്ടു് പരവശഹൃദയകളായ ആ ഗോപസ്ത്രീകളെ വിജ്ഞാ-

നം നിറഞ്ഞ അങ്ങയുടെ സന്ദേശവാക്യങ്ങൾകൊണ്ട് സ്വപ്രകൃതിയെ പ്രാപിപ്പിച്ചു (സമാധാനിപ്പിച്ചു). അനന്തരം ഹൃഷ്ടചിത്തകളായി ഭവത്സ്വരൂപിണികളായ ആ ഗോപസ്ത്രീകളോടുകൂടി അതായത് വർത്തമാനങ്ങൾകൊണ്ട് മനോഹരമാംവണ്ണം കുറെ ദിവസങ്ങൾ നയിച്ചു.

തൽപ്രോൽഗാനൈസ്സഹിതമനിശം സ്വൈതോഗേഹകൃത്യം
തദ്വാത്തൈവ പ്രസരതി മിഥസ്സൈവ ചോത്സവാപലാപാഃ
ചേഷ്ടാഃ പ്രായസ്തദനുകൃതയസ്തന്മയം സർവ്വമേവം
ദൃഷ്ട്വാ തത്ര വ്യമുഹദധികം വിസ്മയാദ്ധ്യോയം വൃ

എല്ലാടത്തും എല്ലായ്പോഴും അങ്ങയെപ്പറ്റിയുള്ള ഗീതങ്ങൾ പാടിക്കൊണ്ടുതന്നെ എല്ലാ ഗൃഹകൃത്യങ്ങളും അവർ ചെയ്യുപോന്നു. അങ്ങയുടെ വർത്തമാനംതന്നെ എങ്ങും വ്യാപിയ്ക്കുന്നു. അന്യോന്യസംഭാഷണവും അതുതന്നെ. ഉറക്കുപാട്ടും (സ്വപ്നത്തിൽ സംസാരിയ്ക്കുന്നതും) അതുതന്നെ. പ്രവൃത്തികൾ മിയ്ക്കതും അങ്ങയെ അനുകരിയ്ക്കുന്നവയായി. എന്തിന്നധികം പറയുന്നു. എല്ലാം ഭഗവന്മയമായി കണ്ട് ആശ്ചര്യം നിമിത്തം ഈ ഉദ്ധവൻ ഏറ്റവും വ്യാമോഹിച്ചു.

രാധായാ മേ പ്രിയതമമിദം മൽപ്രിയൈവം ബ്രുവീതി
തത്തം കിം മൌനം കലയസി സഖേ! മാനിനീ മൽപ്രിയേവ
ഇത്യാദ്യേവപ്രവദതിസഖി!തൽപ്രിയോനിർജ്ജനേമാ–
മിത്ഥം വാണൈരരമയദയം തൽപ്രിയാമുല്ലലാക്ഷീം ൯

എന്റെ രാധയ്ക്ക് ഇതുവളരെ ഇഷ്ടമാണ്. എന്റെ പ്രാണനാഥ ഇങ്ങിനെ പറഞ്ഞുവരാറുണ്ട്. അല്ലയോ സ്നേഹിത! എന്റെ മാനവതിയായ പ്രിയയെപ്പോലെ താനെന്താണ് മൌനം അവലംബിയ്ക്കുന്നതു്? എന്നിങ്ങനെ അല്ലയോ രാധികേ! നിന്റെ ഭർത്താവു് വിജനത്തിൽവെച്ചു് എന്നോടു് പറയുമാറുണ്ടു്. ഇങ്ങിനെയുള്ള വാക്യങ്ങൾകൊണ്ട് ഈ ഉദ്ധവൻ അങ്ങയുടെ പ്രിയതമയായ ആ രാധാറാണിയെ രമിപ്പിച്ചു.

ഏഷ്യാമി ദ്രാഗന്തപഗമനം കേവലം കായ്യഭാരാ-
ദിശ്ലേഷേപി സ്മരണദൃഢതാസംഭവാന്മാസ്തു ഖേദഃ
ബ്രഹ്മാനന്ദേ മിളതി ന ചിരാൽ സംഗമോ വാ വിയോഗ-
സ്തുല്യോ വഃ സ്യാദിതി തവ ഗിരാ സോകരോന്നിർവ്യഥാസ്താഃ

"ഞാൻ ഉടനെ വരാം. വരാതിരിയ്ക്കുന്നതു് കായ്യഭാരം നിമിത്തമാണു്. വിരഹമാണെങ്കിലും ഓർമ്മയ്ക്കു് ദാർഢ്യം ഉണ്ടാവുകയാൽ ഒട്ടും ഖേദിയ്ക്കണ്ട. താമസിയാതെ ബ്രഹ്മാനന്ദം വന്നു ചേരുമ്പോൾ സംഗമവും വിരഹവും നിങ്ങൾക്കു് ഒരുപോലെയാകും". ഇപ്രകാരമുള്ള അങ്ങയുടെ വാക്യങ്ങൾകൊണ്ടു് അവരെ ഈ ഉദ്ധവൻ നിർവ്യഥകളാക്കിത്തീർത്തു.

ഏവം ഭക്തിസ്സകലഭുവനേ നേക്ഷിതാ ന ശ്രുതാ വാ
കിം ശാസ്ത്രൈഃ കിമിഹ തപസാ ഗോപികാഭ്യോ നമോസ്തു
ഇത്യാനന്ദാകുലമുപഗതം ഗോകുലാദുദ്ധവം തം
ദൃഷ്ട്വാ ഹൃഷ്ടോ ഗുരുപുരപതേ! പാഹി മാമാമയൌഘാൽ ൭൭

ഇത്രമാത്രം ഈദൃശമായ ഭക്തി മുൻപു് ലോകത്തിലും കണ്ടിട്ടും കേട്ടിട്ടുമില്ല. ശാസ്ത്രങ്ങൾകൊണ്ടും തപസ്സുകൊണ്ടും എന്തു് പ്രയോജനം? ഗോപസ്ത്രീകൾക്കു് എന്റെ നമസ്കാരം ഭവിയ്ക്കട്ടെ. ഈ വിധത്തിൽ ആനന്ദപരവശനായി ഗോകുലത്തിൽ നിന്നു് തിരിച്ചുവന്ന ആ ഉദ്ധവനെ കണ്ടു് സന്തോഷിച്ച അങ്ങു് രോഗസമൂഹത്തിൽനിന്നു് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ ഉദ്ധവവൃത്തം.

ദശകം 77.

ഉപസ്തോകോല്പത്തിപ്രഭൃതിവർണ്ണനം.

സൈരന്ധ്ര്യാസ്തദനു ചിരം സ്മരാതുരായാ
യാതോഭ്യസ്സുലളിതമുദ്ധവേന സാർദ്ധം
ആവാസം തദുപഗമോത്സവം സദൈവ-
ദ്ധ്യായന്ത്യാഃ പ്രതിദിനവാസസജ്ജികായാഃ ൧

അനന്തരം അങ്ങു് ചിരകാലമായി കാമപരവശയായും അങ്ങയുടെ വരവാകുന്ന മഹോത്സവത്തെ എല്ലായ്പോഴും ധ്യാനി

ച്ചുകൊണ്ടിരിയ്ക്കുന്നവളും നാംതോറും കാത്തുകൊണ്ടിരിയ്ക്കുന്നവളും ആയ സൈരന്ധ്രിയുടെ മനോഹരമായ വാസസ്ഥലത്തിലേയ്ക്ക് ഉദ്ധവനോടുകൂടി പോയി.

ഉപഗതേ തയി പൂർണ്ണമനോരഥാം
പ്രമദസംഭ്രമകമ്പിപയോധരാം
വിവിധമാനനമാദധതീം മുദാ
രഹസി താം രമയാഞ്ചകൃഷ്ണ സുഖം ൨

നിന്തിരുവടി എത്തിയപ്പോൾ പരിപൂർണ്ണമനോരഥയും സന്തോഷംകൊണ്ടും പരിഭ്രമംകൊണ്ടും തുള്ളുന്ന കുചങ്ങളോടുകൂടിയവളും പലതരത്തിലുള്ള സല്ക്കാരങ്ങളും ചെയ്യുന്നവളും ആയ അവളെ അങ്ങ് സന്തോഷത്തോടുകൂടെ വിജനത്തിൽ വെച്ച് രമിപ്പിച്ചു.

പൃഷ്ടാ വരം പുനരസാവവൃണോദ്പരാകീ
ഭൂയസ്ത്വയാ സുരതമേവ നിശാന്തരേഷു
സായുജ്യമസ്ത്വിതി വദേൽ ബുധ ഏവ കാമം
സാമീപ്യമസ്ത്വനിശമിത്യപി നാബ്രവീൽ കിം ൩

എന്തു വരം വേണമെന്ന് ചോദിയ്ക്കപ്പെട്ടപ്പോൾ രാത്രികളിൽ അങ്ങയോടുകൂടിയുള്ള സുരതം വീണ്ടും ലഭിയ്ക്കുമാറാകണം എന്ന വരം ഈ സാധു വരിച്ചു. സായൂജ്യം വേണമെന്ന് അറിവുള്ളവരേ ചോദിയ്ക്കൂ. അതിരിയ്ക്കട്ടെ. സാമീപ്യമെങ്കിലും വേണമെന്നിവൾ എന്തുകൊണ്ടു പറഞ്ഞില്ല?

തതോ ഭവാൻ ദേവ! നിശാസു കാസുചി–
ന്മൃഗീദൃശം താം നിഭൃതം വിനോദയൻ
അദാദുപശ്ലോക ഇതി ശ്രുതം സുതം
സ നാരദാൽ സാത്വതതന്ത്രവിദ്ബഭൌ ൪

ഹേ ഈശ്വര! അതിന്നു ശേഷം അങ്ങ് ചില രാത്രികളിൽ ആ സുന്ദരിയെ ശ്രദ്ധമായി വിനോദിപ്പിച്ചുകൊണ്ടു് ഉപശ്ലോകൻ എന്ന പ്രസിദ്ധനായ പുത്രനെ ദാനം ചെയ്തു. അവൻ നാരദനിൽനിന്നു് സാത്വതതന്ത്രങ്ങളെ ഉപദേശം വാങ്ങി ശോഭിച്ചു.

അക്രൂരമന്ദിരമിതോഽഥ ബലോദ്ധവാഭ്യാ-
മഭ്യർച്ചിതോ ബഹുമതോ മുദിതേന തേന
ഏനം വിസൃജ്യ വിപിനാഗതപാണ്ഡവേയ
വൃത്തം വിവേദിഥ തഥാ ധൃതരാഷ്ട്രചേഷ്ടാം ൪

അനന്തരം അങ്ങ് ബലഭദ്രനോടും ഉദ്ധവനോടുംകൂടി അക്രൂരന്റെ ഗൃഹത്തിൽ ചെന്ന് മുദിതനായ അവനാൽ പൂജിയ്ക്കപ്പെടുകയും ഏറ്റവും സ്തുതിയ്ക്കപ്പെടുകയും ചെയ്തു. അങ്ങ് ഇവനെ തിരിച്ചയച്ച് കാട്ടിൽനിന്ന് മടങ്ങിവന്ന പാണ്ഡവന്മാരുടെ വർത്തമാനത്തേയും ധൃതരാഷ്ട്രന്റെ ചേഷ്ടിതങ്ങളേയും അറിഞ്ഞു.

വിഘാതാജ്ജാമാതുഃ പരമസുഹൃദോ ഭോജനൃപതേ-
ർജരാസന്ധേ രുന്ധത്യനവധിരുഷാന്ധേ ച മഥുരാം
രഥാദ്യൈർദ്യോല്പന്നൈഃ കതിപയബലസ്ഥം ബലയുത-
സ്ത്രയോവിംശത്യക്ഷൗഹിണി തദുപനീതം സമഹൃഥാഃ ൯

ഉറ്റ സ്നേഹിതനും മകളുടെ ഭർത്താവും ആയ കംസനെ കൊന്നതിനാൽ ഏറ്റവും രുഷാന്ധനായിത്തീർന്ന ജരാസന്ധൻ മധുരാപുരം വളഞ്ഞപ്പോൾ ഏതാനും സൈന്യം മാത്രമുള്ള അങ്ങ് ബലഭദ്രനോടുകൂടി സ്വർഗ്ഗലബ്ധങ്ങളായ രഥാദികൾ കൊണ്ട് ജരാസന്ധൻ കൊണ്ടുവന്ന ഇരുപത്തിമൂന്ന് അക്ഷൗഹിണിപ്പടകളെ സംഹരിച്ചു.

ബദ്ധം ബലാദഥബലേന ബലോത്തരം തം
ദൃഷ്ട്വാ ബലോദ്യമരസേന മുമോചിഥൈനം
നിശ്ശേഷദിഗ്ജയസമാഹൃതവിശ്വസൈന്യാൽ
കോന്യസ്തതോ ഹി ബലവൈരുഷവാംസ്തദാനീം ൧൦

അനന്തരം അങ്ങ് ബലഭദ്രനാൽ ബലാൽബദ്ധനായി ബലിഷ്ഠനായ ഇവനെ വീണ്ടും സൈന്യങ്ങളുടെ ഉത്സാഹരസം ഉണ്ടാകുമെന്നോർത്തു വിട്ടു. അന്ന് സകല ദിക്കും ജയിച്ച് സമ്പാദിച്ച അനേകസൈന്യം ഉള്ള ഇവനേക്കാൾ ശക്തിയും പ്രതാപവും ഉള്ള ആരും വേറെ ആരുണ്ടായിരുന്നു.

ഭഗസ്യ ലഗ്നാദ്ദയോപി നൂനൈഃ പ്രണാന്നോ
യുദ്ധം തയാ വ്യധിത ഷോഡശകൃത്വ ഏവം
അക്ഷൗഹിണീശ്ശിവ ശിവാസ്യ ജഘന്ഥ വിഷ്ണോ!
സംഭ്രയ സൈകനവതിത്രിശതം തദാനീം ൬൬

തോല്പിയ്ക്കപ്പെട്ട ജരാസന്ധൻ മങ്ങിയ മനസ്സോടുകൂടിയ വനായി എങ്കിലും രാജാക്കന്മാരാൽ പ്രേരിതനായിട്ട് ഇങ്ങിനെ പതിനാറു പ്രാവശ്യം അങ്ങയോടുകൂടി യുദ്ധം നടത്തി. ഹേ വിഷ്ണോ! അപ്പോൾ അങ്ങ് ഇവന്റെ മുന്നൂററിതൊണ്ണൂറെന്നു് അക്ഷൗഹിണികളേയും ഒരുമിച്ചു് കൊന്നു. എന്തൊരാശ്ചര്യം!

അഷ്ടാദശേസ്യ സമരേ സമുപേയുഷി ത്വം
ദൃഷ്ട്വാ പുരോഥ യവനം യവനത്രികോട്യാ
ത്വഷ്ടാ വിധാപ്യ പുരമാശു പയോധിമദ്ധ്യേ
തത്രാഥ യോഗബലതസ്സ്വജനാനനൈഷ്ടീഃ ൯൯

ഇവന്റെ പതിനെട്ടാമത്തെ യുദ്ധം അടുത്തപ്പോൾ മൂന്നു് കോടി യവനന്മാരോടുകൂടി എതിർക്കുവാൻ വന്ന യവനനെ കണ്ടിട്ട് സമുദ്രമദ്ധ്യത്തിൽ വിശ്വകർമ്മാവിനെക്കൊണ്ടു് വേഗം ഒരു പുരം നിർമ്മിച്ചു് യോഗശക്തികൊണ്ടു് സ്വന്തം ആളുകളെ അവിടെ കൊണ്ടുപോയി ആക്കി.

പദ്ഭ്യാം തവം പത്മമാലീ ചകിത ഇവ പുരാ-
ന്നിർഗ്ഗതോ ധാവമാനോ
ശ്ലേഷ്മേശേനായതോ വധസുകൃതവിഹീ-
നേന ശൈലേ ന്യലൈഷ്ടീഃ
സുപ്തേനാംഘ്ര്യാ ഹതേന ദ്രുതമഥ മുചുകു-
ന്ദേന ഭസ്മീകൃതേസ്മിൻ
ഭ്രുപായസ്മൈ ഗ്രഹാന്തസ്സ്വലളിതവപുഷാ
തസ്ഥിഷേ ഭക്തിഭാജേ ൧൦൦

അതിന്നുശേഷം പദ്മമാലയോടുകൂടിയ അങ്ങ് ഭീതനെന്നപോലെ പുരത്തിൽനിന്നു് പുറത്തിറങ്ങി കാൽനടയായി

ഓടിയപ്പോൾ വധമാകുന്ന പുണ്യം ലഭിയ്ക്കുവാൻ തരമാകാത്ത ആ ംലേച്ഛാധിപനാൽ അനുഗതനായ അങ്ങ് പർവ്വതത്തിൽ ഒളിച്ചു. അവിടെ ഉറങ്ങുന്നവനും യവനന്റെ ചവിട്ടുകൊണ്ട് ഉണർന്നവനും ആയ മുചുകുന്ദനാൽ അവൻ ഉടൻ ദഗ്ധനായി. അപ്പോൾ ഭക്തനായ ഈ മുചുകുന്ദരാജാവിനുവേണ്ടി മനോഹരശരീരത്തോടുകൂടി ഗുഹാന്തർഭാഗങ്ങളിൽ അങ്ങ് വസിച്ചു.

ഐക്ഷ്വാകോഹം വിരക്തോസ്മ്യഖിലനൃപസുഖേ
തത്പ്രസാദൈകകാങ്ക്ഷീ
ഹാ ദേവേതി സ്തുവന്തം വരവിതതിഭിഃ തം
നിസ്പൃഹം വീക്ഷ്യ ഹൃഷ്യൻ
മുക്തേസ്തുല്യാഞ്ച ഭക്തിം ധൃതസകലമലാം
മോക്ഷമപ്യാശു തത്വാ
കായ്യം ഹിംസാവിശുദ്ധ്യൈ തപ ഇതി ച തദാ
പ്രാത്ഥലോകപ്രതീത്യൈ ൪൫

ഹേ ഈശ്വര! അങ്ങയുടെ അനുഗ്രഹം എന്നു് ഒന്നുമാത്രം ആഗ്രഹിയ്ക്കുന്നവനും ഇക്ഷ്വാകുവംശത്തിൽ പിറന്നവനും ആയ ഞാൻ എല്ലാ രാജസുഖങ്ങളിലും വിരക്തനാണു്, എന്നിങ്ങിനെ സ്തുതിയ്ക്കുന്നവനും വരങ്ങളിൽ നിസ്പൃഹനും ആയ മുചുകുന്ദനെ കണ്ടു് സന്തോഷിച്ച അങ്ങു് മോക്ഷസദൃശവും പാപാപനോദനവും ആയ ഭക്തിയേയും മോക്ഷത്തേയും വേഗം നല്കി, ഹിംസകൊണ്ടുള്ള അശുദ്ധി നീങ്ങുവാൻ തപസ്സു് ചെയ്യണമെന്നു് ജനങ്ങളെ ബോധ്യം വരുത്തുവാനായി അങ്ങു് പറഞ്ഞു.

തദനു മഥുരാം ഗത്വാ ഹത്വാ ചമൂം യവനാഹ്വയാം
മഗധപതിനാ മാഗ്മേ സൈന്യൈഃ പുരേവ നിവാരിതഃ
ചരമവിജയം ദത്ത്വായാന്മ്യേ പ്രദായ പലായിതോ
ജലധിനഗരീം യാതോ വാതാലയേശ്വര! പാഹി മാം

അല്ലയോ ഗുരുവായൂരപ്പ! അതിനു് ശേഷം മധുരാപുരിയിൽ ചെന്നു് യവനൻ കൊണ്ടുവന്ന സൈന്യങ്ങളെ കൊന്നു്,

ആദ്യത്തെപ്പോലെ ജരാസന്ധനാൽ മാഗ്ധത്തിൽവെച്ച് സൈന്യങ്ങളെക്കൊണ്ട് അങ്ങ് തടയപ്പെട്ടപ്പോൾ യവനന് അഹങ്കാരത്തിനും വേണ്ടി ഒടുവിലത്തെ ജയം അവനു് നല്കി ഓടി മധുരാപുരിയിൽ ചെന്നു. ആ അങ്ങ് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ഉപശ്ലോകോല്പത്തിപ്രഭൃതിവർണ്ണനം.

ദശകം 78.

രുഗ്മിണീസ്വയംവരം.

ത്രിദശവർദ്ധകിവർദ്ധിതകൌശലം
ത്രിദശദത്തസമസ്തവിഭൂതിമൽ
ജലധിമദ്ധ്യഗതം തമഭൂഷയൊ
നവപുരം വപുരഞ്ചിതരോചിഷാ ൧

ദേവശില്പിയാൽ ശില്പസാമർത്ഥ്യത്തോടുകൂടി നിർമ്മിയ്ക്കപ്പെട്ടതും ദേവന്മാർ നല്കിയ എല്ലാ ഐശ്വര്യങ്ങളുള്ളതും സമുദ്രമദ്ധ്യത്തിലുള്ളതും ആയ ആ പുതിയ പുരിയെ നിജമനോഹരശരീരശോഭകൊണ്ട് അലങ്കരിച്ചു.

ദദൃശി രേവതഭൂഭൃതി രേവതീം
ഹലഭൃതേ തനയാം വിധിശാസനാൽ
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമ്മുദിതൈസ്സഹ യാദവൈഃ ൨

രേവതരാജാവു് ബ്രഹ്മാവിന്റെ നിയോഗത്താൽ പുത്രിയായ രേവതിയെ ബലഭദ്രനു് കൊടുത്തപ്പോൾ സന്തോഷിച്ചു് രസിയ്ക്കുന്ന യാദവന്മാരോടുകൂടി മഹിതമായ ഉത്സവഘോഷത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചു.

അഥ വിദർഭസുതാം ഖലു രുഗ്മിണീം
പ്രണയിനീംതയി ദേവ! സഹോദരഃ
സ്വയമദീയത ചേദിമഹീഭുജേ
സ്വതമസാ തമസാധുമുപാശ്രയൻ ൩

ഹേ ദേവ! പിന്നെ വിദർഭരാജാവിന്റെ മകളും അങ്ങയിൽ പ്രണയമുള്ളവളും ആയ രുഗ്മിണിയെ അവളുടെ സഹോദരൻ തന്റെ അജ്ഞാനം നിമിത്തം ദുർജ്ജനമായ ശിശുപാലനെ ആശ്രയിച്ചിട്ട് അവനു് കൊടുപ്പാൻ തന്നത്താൻ നിശ്ചയിച്ചു.

ചിരധൃതപ്രണയാ തവ യി ബാലികാ
സപദി കാങ്ക്ഷിതഭംഗസമാകുലാ
തവ നിവേദയിതും ദ്വിജമാദിശൽ
സകടനം കടനംഗവിനിർമ്മിതം ൫

വളരെ നാളായി അങ്ങയിൽ പ്രണയം നിബന്ധിച്ചിരിയ്ക്കുന്ന ആ ബാലിക ആശാഭംഗം നേരിട്ടുകയാൽ പരവശയായി കുസിതനായ കാമനാൽ ഉണ്ടാക്കപ്പെട്ട തന്റെ ആപത്തിനെ അങ്ങയെ ഉണർത്തിപ്പാൻ ഒരു ബ്രാഹ്മണനെ അയച്ചു.

ദ്വിജസുതോപി ച ത്വന്നുപായയൌ
തവ പുരം ഹി ദുരാശദുരാസദം
മുദമവാപ ച സാദരപൂജിതഃ
സഭവതാ ഭവതാപഹൃതാ സ്വയം ൬

ആ ബ്രാഹ്മണകുമാരനാകട്ടെ ദുഷ്ടന്മാക്കു് ദുരാപയായ അങ്ങയുടെ രാജധാനിയിലേയ്ക്കു് വേഗം കടന്നു് ചെന്നു. സംസാരസന്താപനാശകനായ അങ്ങയാൽ സാദരം പൂജിയ്ക്കപ്പെട്ട ആ ബ്രാഹ്മണൻ ഏറ്റവും സന്തോഷം പ്രാപിയ്ക്കുകയും ചെയ്തു.

സ ച ഭവന്തമവോചത കുണ്ഡിനേ
നൃപസുതാ ഖലു രാജതി രുഗ്മിണീ
തവ യി സമുൽസുകയാ നിജധീരതാ-
രഹിതയാ ഹി തയാപ്രഹിതോസ്മ്യഹം ൭

അവൻ നിന്തിരുവടിയോടു് "കുണ്ഡിനത്തിൽ രുഗ്മിണി എന്നു് പേരായി ഒരു രാജപുത്രി ശോഭിയ്ക്കുന്നുണ്ടു്. അങ്ങയിൽ ഉത്സുകയും സ്വധൈര്യം ഇല്ലാത്തവളും ആയ അവളാൽ ഞാൻ അയയ്ക്കപ്പെട്ടവനാണു്" എന്നു് പറഞ്ഞു.

തവ ഹ്യതാസ്മി പുരൈവ ഗ്രണൈരഹം
ഹരതിമാം കിലചേദിനൃപോധുനാ
അയി കൃപാലയ പാലയ മാമിതി
പ്രജഗദേ ജഗദേകപതേ! തയാ ൯

ഞാൻ അങ്ങയുടെ ഗുണങ്ങളാൽ പണ്ടുതന്നെ ആകൃഷ്ടി യ്ക്കപ്പെട്ടവളാണു്. ഇപ്പോൾ ചേദിരാജാവു് എന്നെ അപഹ രിയ്ക്കുവാൻ പോകുന്നുവത്രെ. ഹേ ദയാനിധേ! എന്നെ രക്ഷിയ്ക്ക ണേ! എന്നിപ്രകാരം ഹേ ഭുവനൈകനാഥ! അവൾ പറഞ്ഞു.

അശരണാം യദി മാം ത്വമുപേക്ഷസേ
സപദി ജീവിതമേവ ജഹാമ്യഹം
ഇതി ഗിരാ സുതനോരതനോൽ ഭൃശം
സുഹൃദയം ഹൃദയം തവ കാതരം ൧൦

"അങ്ങു് നിസ്സഹായയായ എന്നെ കൈവെടിയുന്നതാ യാൽ ഉടനെ ഞാൻ ജീവനെ കളയും നിശ്ചയം" എന്നിങ്ങിനെ യുള്ള രുഗ്മിണീവാക്യങ്ങളാൽ ഈ സുഹൃത്തു് അങ്ങയുടെ മന സ്സിനെ ഭീതമാക്കിതീർത്തു.

അകഥയസ്ത്വമഥൈനമയേ സഖേ!
തദധികാ മമ മന്മഥവേദനാ
നൃപസമക്ഷമുപേത്യ ഹരാമ്യഹം
തദയി താം ദയിതാമസിതേക്ഷണാം ൧൧

അതിനുശേഷം അങ്ങു് ബ്രാഹ്മണനോടു്, അല്ലയോ സ്നേ ഹിത! എനിയ്ക്കു് അവളേക്കാൾ കാമതാപം ഉണ്ടു്. അതുകൊ ണ്ടു് ഞാനവിടെ വന്നു് രാജാക്കന്മാർ കാൺകെ സുന്ദരിയായ എന്റെ പ്രാണപ്രേയസിയെ കൊണ്ടുപോരുന്നുണ്ടു് എന്നു് പറഞ്ഞു.

പ്രമുദിതേന ച തേന സമം തദാ
രഥഗതോ ലഘുകുണ്ഡിനമേയിവാൻ
ഗുരുമരുൽപുരനായക! മേ ഭവാൻ
വിതനുതാം തനുതാമഖിലാപദാം ൧൨

ഹേ ഗുരുമരുൽപുരാധീശ! അപ്പോൾ ഏറ്റവും സന്തോഷിച്ച് ബ്രാഹ്മണനോടുകൂടി ക്ഷണം തേരിലേറി കുണ്ഡിനത്തിൽ വന്ന അങ്ങ് എന്റെ എല്ലാ രോഗങ്ങളേയും നശിപ്പിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
രുഗ്മിണീസ്വയംവരം.

ദശകം 79.

രുഗ്മിണീസ്വയംവരം.

ബലസമേതബലാനുഗതോ ഭവാൻ
പുരമഗാഹത ഭീഷ്മകമാനിതഃ
ദ്വിജസുതം തമുപാഗമവാദിനം
ധൃതരസാ തരസാ പ്രണനാമ സാ ൧

സൈന്യങ്ങളോടുകൂടിയ ബലഭദ്രനാൽ അനുഗതനായ അങ്ങ് ഭീഷ്മകനാൽ ബഹുമാനിയ്ക്കപ്പെട്ടവനായി കുണ്ഡിനപുരം പ്രാപിച്ചു. അങ്ങയുടെ വരവിനെപ്പറ്റി പറയുന്ന ബ്രാഹ്മണകുമാരനെ രസത്തോടുകൂടി ആ രുഗ്മിണി നമസ്കരിച്ചു.

ഭുവനകാന്തമവേക്ഷ്യ ഭവദ്പുരേ-
ന്നൃപസുതസ്യ നിശമ്യ ച ചേഷ്ടിതം
വിപുലഖേദജുഷാം പുരവാസിനാം
സരുദിതൈരുദിതൈരഗമന്നിശാ ൨

ലോകൈകമനോഹരമായ അങ്ങയുടെ ശരീരത്തെ കണ്ടിട്ടും രാജകുമാരന്റെ (രുഗ്മിയുടെ) പ്രവൃത്തികളെപ്പറ്റി കേട്ടിട്ടും ഏറ്റവും ദുഃഖിതന്മാരായ പുരവാസികളുടെ നിലവിളിയോടുകൂടിയ വാക്കുകൾകൊണ്ട് രാത്രി കഴിഞ്ഞുകൂടി.

തദനു വന്ദിതുമിന്ദുമുഖീ ശിവാം
വിഹിതമംഗലഭൂഷണഭാസുരാ
നിരഗമൽ ഭവദർപ്പിതജീവിതാ
സപുരതഃ പുരതഃ സുഭടാവൃതാ ൩

അപ്പോൾ ചന്ദ്രമുഖിയായ രുഗ്മിണി മംഗലാലങ്കാരങ്ങളണിഞ്ഞു് ശോഭിയ്ക്കുന്നവളായി മുന്നിൽ നല്ല ഭടന്മാരാൽ ആവൃതയായി അങ്ങയിൽ ജീവിതം അർപ്പിച്ചവളായിട്ടു് പാർവ്വതിയെ വന്ദിപ്പാൻ സ്വഗൃഹത്തിൽനിന്നു് നിർഗ്ഗമിച്ചു.

കുലവധൂഭിരുപേത്യ കുമാരികാ
ഗിരിസുതാം പരിപൂജ്യ ച സാദരം
മുഹുരയാചത തൽപദപങ്കജേ
നിപതിതാ പതിതാം തവ കേവലം ൪

അവൾ കുലവധുക്കളോടുകൂടി ആദരവോടുകൂടി ശിവനെ പ്രാപിച്ചു് പൂജിച്ചിട്ടു് പാദപദ്മങ്ങളിൽ വീണു് അങ്ങയുടെ ഭർത്തൃഭാവത്തെത്തന്നെ വീണ്ടും യാചിച്ചു.

സമവലോകകുതൂഹലസംകുലേ
നൃപകുലേ നിഭൃതം തവയി ച സ്ഥിതേ
നൃപസുതാ നിരഗാൽ ഗിരിജാലയാൽ
സുരുചിരം രുചിരഞ്ജിതദിങ്മുഖാ ൫

രാജസമൂഹം കാണ്മാനുള്ള കൌതുകം നിറഞ്ഞു് നില്ക്കുമ്പോഴും അങ്ങു് ഇളകാതെ നില്ക്കുമ്പോഴും രാജകന്യക ശോഭകൊണ്ടു് ദിക്കുകളെ ശോഭിപ്പിച്ചുകൊണ്ടു് പാർവ്വതീനിലയത്തിൽ നിന്നു് മനോഹരമാംവണ്ണം നിർഗ്ഗമിച്ചു.

ഭുവനമോഹനരൂപരുചാ തദാ
വിവശിതാഖിലരാജകദംബയാ
തവപിദേവ! കടാക്ഷവിമോക്ഷണൈഃ
പ്രമദയാ മദയാഞ്ചകൃഷേമനാക് ൬

ഹേ നാഥ! ഭുവനമനോഹരമായ രൂപലാവണ്യത്തോടുകൂടിയവളും എല്ലാ രാജസമൂഹത്തേയും പരവശമാക്കിത്തീർത്തവളും ആയ ആ സുന്ദരി അപ്പോൾ കടാക്ഷവിക്ഷേപണങ്ങൾകൊണ്ടു് അങ്ങയെപ്പോലും ഒന്നു് മദിപ്പിച്ചു.

കഥ ഗമിഷ്യസി ചന്ദ്രമുഖീതി താം
സരസമേത്യ കരേണഹരൻക്ഷണാൽ
സമധിരോപ്യ രഥംതവമഹാഗുരോ
ഭുവിതതോ വിതതോ നിനദോഽപിഷ്ടാം ൭

ഹേ സുന്ദരി! നീ എങ്ങോട്ട് പോകുന്നു എന്നിപ്രകാരം നിന്തിരുവടി അടുത്തുചെന്നു് അവളെ വേഗത്തിൽ കൈകൊണ്ടു് പിടിച്ചു് തേരിൽ കയറ്റി കൊണ്ടുപോകയും ചെയ്തു. അനന്തരം ഭ്രമിയിൽ ശത്രുക്കളുടെ കോലാഹലം പരക്കുകയും ചെയ്തു.

കഥം ഗതഃ പശുപാല ഇതി ക്രുധാ
കുതരണാ യദുഭിശ്ച ജിതാ നൃപാഃ
ന തു ഭവാനുദചാല്യത തൈരഹോ
പിശുനകൈഃശുനകൈരിവകേസരീ വ

ഗോപാലൻ എവിടെ പോയി എന്നു് ദ്വേഷത്തോടുകൂടി യുദ്ധംചെയ്ത രാജാക്കന്മാരെ യാദവന്മാർ ജയിച്ചു. നായകളാൽ സിംഹം എന്നപോലെ അങ്ങു് ആ ദുഷ്ടന്മാരാൽ ഇളക്കപ്പെട്ടില്ല. ആശ്ചര്യം!

തദനു രുഗ്മിണമാഗതമാഹവേ
വധമുപേക്ഷ്യ നിബദ്ധ്യവിരൂപയൻ
ഹൃതമദം പരിമുച്യ ബലോക്തിഭിഃ
പുരമയാ രമയാ സഹ കാന്തയാ ൻ

അനന്തരം യുദ്ധത്തിൽ നേരിട്ടുവന്ന രുഗ്മിയെ കൊല്ലാതെ കെട്ടി വിരൂപത്വം വരുത്തി അഹങ്കാരം നശിപ്പിച്ചു് ബലരാമന്റെ വാക്കുകൊണ്ടു് വിട്ടു് പ്രേയസിയായ ലക്ഷ്മീഭഗവതിയോടുകൂടി സ്വപുരം പ്രാപിച്ചു.

നവസമാഗമലജ്ജിതമാനസാം
പ്രണയകൌതുകസംഭിതമന്മഥാം
അരമയഃ ഖലു നാഥ! യഥാസുഖം
രഹസിതാം ഹസിതാംശുലസൻമുഖീം ൧൦

പുതുതായി വന്നതുകൊണ്ടു് ലജ്ജിച്ച മനസ്സോടുകൂടിയവളും പ്രേമംകൊണ്ടും കൌതുകംകൊണ്ടും കാമപാരവശ്യമുള്ളവളും പുഞ്ചിരികൊണ്ടു് ശോഭിയ്ക്കുന്ന മുഖത്തോടുകൂടിയവളും ആയ രുഗ്മിണിയെ അല്ലയോ നാഥ! അങ്ങു് വിജനസ്ഥലത്തിൽ വെച്ചു് സുഖംപോലെ രമിപ്പിച്ചു.

വിവിധനമ്മഭിരേവമഹന്നിശം
പ്രമദമാകലയൻ പുനരേകദാ
ജ്ജുമതേഃ കിലവക്ത്രഗിരാ ഭവാൻ
വരതനോരതനോദതിലോലതാം ൫൫

ഇങ്ങിനെ പലതരത്തിലുള്ള നമ്മവാക്യങ്ങൾകൊണ്ട് രാവുപകൽ അവൾക്ക് സന്തോഷത്തെ ഉണ്ടാക്കിക്കൊണ്ട് പിന്നെ ഒരിയ്ക്കൽ കപടവാക്കുകൊണ്ട് സത്യഭാമയായ രുഗ്മിണിയ്ക്ക് അതിചാഞ്ചല്യത്തെ ഉണ്ടാക്കിപോൽ.

തദധികൈരഥ ലാളനകൌശലൈഃ
പ്രണയിനീമധികം സുഖയന്നിമാം
അയി മുകുന്ദ ഭവച്ചരിതാനി നഃ
പ്രഗദതാം ഗദതാന്തിമപാകരു ൫൬

അയ്യിമുകുന്ദ! അതിനുശേഷം അതിലും അധികമായ ലാളനാകൌശലങ്ങൾകൊണ്ട് ഈ പ്രേയസിയെ അധികം സുഖിപ്പിച്ചുകൊണ്ട് അങ്ങ് ഭവച്ചരിത്രങ്ങളെ വർണ്ണിയ്ക്കുന്ന നമ്മുടെ രോഗംകൊണ്ടുള്ള തളർച്ച തീർക്കേണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
രുഗ്മിണീസ്വയംവരം.

ദശകം 80.

സ്യമന്തകോപാഖ്യാനം.

സത്രാജിതസ്ത്വമഥ ലുബ്ധവദക്ഷലബ്ധം
ദിവ്യം സ്യമന്തകമണിം ഭഗവന്നയാചീഃ
തല്ലാരണം ബഹുവിധം മമ ഭാതിനൂനം
തസ്യാത്മജാം തപയി രതാം ചരലതോ വിവോഢും

ഹേ ഭഗവൻ! അനന്തരം ആദിത്യഭഗവാനിൽനിന്നു ലഭിച്ചതും ദിവ്യവും ആയ സത്രാജിത്തിന്റെ സ്യമന്തകരത്നത്തെ അങ്ങ് ലുബ്ധനെന്നപോലെ യാചിച്ചു. അതിനുള്ള ഹേതു പലതരത്തിലും എനിയ്ക്ക് തോന്നുന്നുണ്ട്. അങ്ങയിൽ അനുരക്തയായ തൽപുത്രിയെ ഗൂഢമായി വിവാഹം ചെയ്വാനായിരിയ്ക്കും നിശ്ചയം.

അദത്തം തം തുഭ്യം മണിവരമനേനാല്പമനസാ
പ്രസേന സ്തൽഭ്രാതാ ഗളഭുവി വഹൻ പ്രാപ മൃഗയാം
അഹന്നേനം സിംഹോ മണിമഹസി മാംസഭ്രമവശാൽ
കപീന്ദ്രസ്തം ഹത്വാ മണിമപി ച ബാലായ ദദിവാൻ ൫

നിസ്സാരമതിയായ ഇവനാൽ നിന്തിരുവടിയ്ക്കു് നല്കപ്പെടാത്ത ആ ദിവ്യരത്നത്തെ കഴുത്തിലണിഞ്ഞുകൊണ്ടു് അവന്റെ സഹോദരനായ പ്രസേനൻ വേട്ടയാടുവാൻ പോയി. രത്നത്തിന്റെ തേജസ്സിനാൽ മാംസമാണെന്നുള്ള ഭ്രമം നിമിത്തം സിംഹം ഇവനെ കൊന്നു. ആ സിംഹത്തേയും കൊന്നു് ജാംബവാൻ ആതു് തന്റെ കുട്ടിയ്ക്കു കൊടുത്തു.

ശശംസുഃസത്രാജിൽഗിരമനജനാസ്ഥാം മണിഹരം
ജനാനാം പീയൂഷം ഭവതി ഗുണിനാം ദോഷകണികാ
തതസ്സദ്ധ്വേഷ്ടാപി സ്വജനസഹിതോ മാർഗ്ഗണപരഃ
പ്രസേനം തം ദൃഷ്ട്വാ ഹരിമപി ഗതോഭൂഃ കപിഗൃഹാം ൬

സത്രാജിത്തിന്റെ വാക്കനുസരിച്ചു് ആളുകൾ നിന്തിരുവടിയെ രത്നാപഹാരിയാണെന്നു് പറഞ്ഞു. ഗുണവാന്മാരുടെ ദോഷലേശം ആളുകൾക്കു് അമൃതമാണു്. അനന്തരം എല്ലാം അറിയുന്നവനെങ്കിലും അവിടുന്നു് സ്വജനങ്ങളോടുകൂടി തിരയുവാൻ താല്പര്യമുള്ളവനായി പുറപ്പെട്ടു് ആ പ്രസേനനേയും സിംഹത്തേയും കണ്ടു് കപിശ്രേഷ്ഠന്റെ ഗുഹയിൽ ചെന്നു.

ഭവന്തമവിതക്യെന്നതിവയഃ സ്വയം ജാംബവാൻ
മുകുന്ദ ശരണം ഹി മാം ക ഇഹ രോദ്ധുമിത്യാലപൻ
വിഭോ! രഘുപതേ! ഹരേ! ജയജയേത്യലം മുഷ്ടിഭി-
ശ്ചിരം തവ സമർച്ചനം വ്യധിത ഭക്തചൂഡാമണിഃ ൭

ഏറെറവും വൃദ്ധനും ഭക്താവതംസവുമായ ജാംബവാൻ അങ്ങയെ തന്നത്താൻ തിരിച്ചറിയാതെ "വിഷ്ണുശരണനായ എന്നെ എതിർക്കുവാൻ ഇന്നിവിടെ ആർ" എന്നു് പറഞ്ഞുകൊണ്ടു് "ഹേ വിഭോ! രഘുനാഥ! ഹരേ! ജയജയ" എന്നിങ്ങിനെ അങ്ങയെത്തന്നെ സ്തുതിച്ചുകൊണ്ടു് മുഷ്ടിപ്രഹരങ്ങളാൽ അങ്ങയെ വളരെ നേരം അർച്ചനചെയ്തു.

ബുദ്ധ്വാഥ തേന ദത്താം
നവരമണീം വരമണിഞ്ച പരിഗൃഹ്യൻ
അനുഗൃഹ്യന്നമുമാഗാഃ
സപദി ച സത്രാജിതേ മണിം പ്രാദാഃ ൪

അതിനശേഷം അങ്ങയെ അറിഞ്ഞിട്ട് അവനാൽ നല്കപ്പെട്ട പുതിയ യുവതിയായ ജാംബവതിയേയും സ്യമന്തകരത്നവും സ്വീകരിച്ചുകൊണ്ട് അവനെ അനുഗ്രഹിയ്ക്കയും ചെയ്ത് അങ്ങ് തിരിച്ചുപോന്നു. പിന്നെ സത്രാജിത്തിനു് രത്നവും നല്കി.

തദനു സ ഖലു വ്രീളാലോലോ വിലോലവിലോചനാം
ദുഹിതരമഹോ ധീമാൻ ഭാമാം ഗിരൈവ പരാപ്പിതാം
അദിത മണിനാ തുഭ്യം ലഭ്യം സമേത്യ ഭവാനപി
പ്രമുദിതമനാസ്തസ്യൈ വാദാന്മണിം ഗഹനാശയഃ ൫

അനന്തരം സത്രാജിത്താകട്ടെ ലജ്ജിതനായി ധീമാനായി വാക്കുകൊണ്ടു് മാത്രം അന്യനു് നല്കപ്പെട്ടവളും സുന്ദരിയുമായ സത്യഭാമ എന്ന പുത്രിയെ സ്യമന്തകരത്നത്തോടുകൂടി അങ്ങയ്ക്ക് ദാനംചെയ്തു. അത്ഭുതം! അഗാധഹൃദയനായ നീതിരുവടി സന്തുഷ്ടനായി രത്നംകൊണ്ടു് തനിയ്ക്ക് കിട്ടേണ്ടതിനെ ലഭിച്ചു. അതു് അവനതന്നെ നല്കി.

വ്രീളാകുലാം രമയതി സ്മ സത്യഭാമാം
കൌന്തേയദാഹകഥയാഥ കുരൻ പ്രയാതേ
ഹാ ഗാന്ദിനേയകൃതവർമ്മഗിരാ നിപാത്യ
സത്രാജിതം ശതധന്വാമണിമാജഹാര ൬

ലജ്ജാപരവശയായ സത്യഭാമയെ രമിപ്പിച്ചുകൊണ്ട് അങ്ങ് അക്കാലത്തു് പാണ്ഡവന്മാർ ലാക്ഷാഗൃഹത്തിൽവെച്ചു് വെന്തു എന്ന വർത്തമാനം കേട്ട് കുരുക്ഷേത്രത്തിലേയ്ക്ക് പുറപ്പെട്ടപ്പോൾ അക്രൂരനേറയും കൃതവർമ്മാവിനേറയും വാക്കുകൊണ്ടു് ശതധന്വാവു് സത്രാജിത്തിനെ നിഗ്രഹിച്ചു് രത്നം അപഹരിച്ചു.

ശോകാൽ കുരൂനുപഗതാമവലോക്യ കാന്താം
ഹത്വാ കൃതം ശതധനും സമഹഷ്യസ്മാം
രത്നേ സശങ്ക ഇവ മൈഥിലഗേഹമേത്യ
രാമോ ഗദാം സമശിശിക്ഷത ധാർത്തരാഷ്ട്രം ൭

ദുഃഖം ഹേതുവായിട്ട് കുരുരാജ്യത്തെ പ്രാപിച്ച പ്രിയയെ കണ്ടു് വേഗത്തിൽ ശതധനപാവിനെ കൊന്നിട്ട് അങ്ങു് അവളെ രമിപ്പിച്ചു. ബലരാമനാകട്ടെ രത്നത്തിന്റെ കായ്ത്തിൽ കൃഷ്ണനെ ശങ്കിയ്ക്കുന്നവനെന്നപോലെ മിഥിലാരാജധാനിയിൽ ചെന്നു് ദുര്യോധനനെ ഗദായുദ്ധം അഭ്യസിപ്പിച്ചു.

അക്രൂര ഏഷ ഭഗവൻ! ഭവദിച്ഛയൈവ
സത്രാജിതഃ കുചരിതസ്യ യുയോജ ഹിംസാം
അക്രൂരതോ മണിമനാഹൃതവാൻ പുനസ്ത-
തസ്യൈവ ഭ്രതിമുപധാതുമിതി ബ്രുവന്തി ൯

ഹേ ഭഗവൻ! ഈ അക്രൂരൻ അങ്ങയുടെ അഭിലാഷംകൊണ്ടുതന്നെയാണു് കുസിതചരിത്രനായ സത്രാജിത്തിന്റെ ഹിംസയും നടത്തിച്ചതു്. അക്രൂരന്തന്നെ ഐശ്വര്യം ഉണ്ടാക്കുവാൻ അവന്റെ കയ്യിൽനിന്നു് രത്നം കൊണ്ടുപോന്നില്ല എന്നതെ ആളുകൾ പറഞ്ഞിരുന്നതു്.

ഭക്തസ്പയി സ്ഥിരതരസ്സ ഹി ഗാന്ദിനേയ-
സ്തസ്യൈവ കാപഥമതിഃ കഥമീശ! ജാതാ
വിജ്ഞാനവാൻ പ്രശമവാനഹമിത്യദീർണ്ണം
ഗർവ്വം ധ്രുവം ശമയിതും ഭവതാ കൃതൈവ ൧൦

ആ ഗാന്ദിനീപുത്രൻ (അക്രൂരൻ) അങ്ങയിൽ ദൃഢഭക്തിയുള്ളവനാണല്ലോ. അല്ലയോ ഈശ്വര! ഇവനു് ദുർമ്മാർഗ്ഗബുദ്ധി എങ്ങിനെ ഉണ്ടായി? ഞാൻ വിജ്ഞാനിയാണു്, പ്രശാന്തിമാനാണു് എന്നിങ്ങിനെ ഉണ്ടായ അവന്റെ ഗർവ്വം ശമിപ്പിയ്ക്കുവാൻവേണ്ടി അങ്ങു് അങ്ങിനെ ചെയ്തതാണു് നിശ്ചയം.

യാതം ഭയേന കൃതവർമ്മയുതം പുനസ്ത-
മാഹൂയ തദ്വിനിഹിതഞ്ച മണിം പ്രകാശ്യ
തത്രൈവ സുപ്രതധരേ വിനിധായ തുഷ്യൻ
ഭാമാകുചാന്തരശയഃ പവനേശ! പായാഃ ൧൧

അല്ലയോ ഗുരുവായൂരപ്പ! പേടികൊണ്ടു് കൃതവർമ്മാവുമൊരുമിച്ചുപോയ ആ അക്രൂരനെ വരുത്തി അവൻ സൂക്ഷിച്ചുവെച്ച

രത്നത്തെ പ്രകാശിപ്പിച്ചു് വിശിഷ്ടവ്രതങ്ങളും ചെയ്തുപോകുന്ന അവനിൽത്തന്നെ രത്നം നിക്ഷേപിച്ചു് സന്തുഷ്ടനായി സത്യഭാമയുടെ കുചാന്തരത്തിൽ ശയിയ്ക്കുന്ന ഭഗവൻ! അങ്ങു് എന്നെ രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
സ്യമന്തകോപാഖ്യാനം.

ദശകം 81.

സുഭദ്രാഹരണപ്രഭൃതിവർണ്ണനം.

സ്നിഗ്ധാം മുഗ്ധാം സതതമപി താം ലാളയൻ സത്യഭാമാം
യാതോ ഭ്രയസ്സഹ ഖലു തയാ യാജ്ഞസേനീവിവാഹം
പാർത്ഥപ്രീത്യൈ പുനരപി മനാഗാസ്ഥിതോ ഹസ്തിപുര്യാം
ശക്രപ്രസ്ഥം പുരമപി വിഭോ! സംവിധായാഗതോഭൂഃ ൧

സ്നിഗ്ധയും മനോഹരിയുമായ ആ ഭാമയെ എല്ലായ്പോഴും ലാളിച്ചുകൊണ്ടിരുന്ന അങ്ങു് വീണ്ടും അവളോടുകൂടിത്തന്നെ പാഞ്ചാലീവിവാഹത്തിന്നു് പോയി. പാർത്ഥന്റെ സന്തോഷത്തിന്നു് പിന്നെയും വളരെക്കാലം ഹസ്തിനപുരത്തിൽ പാർത്തു് ഹേ വിഭോ! ഇന്ദ്രപ്രസ്ഥനഗരം നിർമ്മിച്ചു് മടങ്ങിപ്പോന്നു.

ഭദ്രാം ഭദ്രാം ഭവദവരജാം കൌരവേണാർത്ഥ്യമാനാം
തദ്വാചാ താമഹൃത കൃഹനാമസ്മരീ ശക്രസൂനുഃ
തത്ര ക്രുദ്ധം ബലമനുനയൻ പ്രത്യഗാസ്ഥേന സാർദ്ധം
ശക്രപ്രസ്ഥം പ്രിയസഖമുദേ സത്യഭാമാസഹായഃ ൨

ദുര്യോധനനാൽ യാചിയ്ക്കപ്പെടുന്നവളും നിന്തിരുവടിയുടെ സഹോദരിയും മംഗലയുമായ സുഭദ്രയെ കപടസന്യാസിയായ അർജ്ജുനൻ അങ്ങയുടെ വാക്കുകൊണ്ടു് അപഹരിച്ചു. അതുകൊണ്ടു് കുപിതനായ ബലഭദ്രനെ സമാധാനിപ്പിച്ചു് ബലഭദ്രനോടും സത്യഭാമയോടുംകൂടി പ്രാണസ്നേഹിതനായ അർജ്ജുനന്റെ പ്രീതിയ്ക്കുവേണ്ടി ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു് പുറപ്പെട്ടു.

തത്ര ക്രീഡന്നപിച യമുനാകൂലദൃഷ്ടാം ഗൃഹീത്വാ
താം കാളിന്ദീം നഗരമഗമഃ ഖാണ്ഡവപ്രീണിതാഗ്നിഃ
ഭ്രാതൃഘ്നാം പ്രണയവിവശാം ദേവ! പൈതൃഷ്വസേയീം
രാജ്ഞാം മദ്ധ്യേ സപദി ജഹൃഷേ മിത്രവിന്ദാമവന്തീം ൯

അവിടെ വിഹരിച്ചുകൊണ്ടു് ഖാണ്ഡവദാഹംകൊണ്ടു് അഗ്നിയെ തൃപ്തിപ്പെടുത്തി അങ്ങു് യമുനാതീരത്തിൽവെച്ചു് കാണപ്പെട്ട കാളിന്ദീദേവിയെ പരിഗ്രഹിച്ചു് സപുരത്തിലേയ്ക്കു് തിരിച്ചു. ഹേ ദേവ! അങ്ങയുടെ പിതൃസോദരിയുടെ പുത്രിയും പ്രേമാകുലയും സ്വസഹോദരന്മാരിൽനിന്നു് ഭീതയും അവന്തിരാജാവിന്റെ മകളും ആയ മിത്രവിന്ദയെ രാജാക്കന്മാർ കാണ്കെ അങ്ങു് പെട്ടെന്നു് അപഹരിച്ചു.

സത്യാം ഗത്വാ പുനരുവഹോ നഗ്നജിന്നന്ദനാംതാം
ബദ്ധ്വാ സപ്താപിച വൃഷവരാൻ സപ്തമൂർത്തിർന്നിമേഷാൽ
ഭദ്രാം നാമ പ്രദദുരഥ തേ ദേവ! സന്തർദ്ദനാദ്യാ–
സ്ത്വൽസോദര്യാം വരദ! ഭവതസ്സാപി പൈതൃഷ്വസേയീ ൰

അനന്തരം അങ്ങു് അയോദ്ധ്യാനഗരത്തിൽ ചെന്നു് ഏഴു് ശ്രുപങ്ങളോടുകൂടിയവനായി ഏഴു് കാളകളേയും കെട്ടിയിട്ടു് നഗ്നജിത്തിന്റെ മകളായ സത്യയെ വിവാഹം ചെയ്തുവല്ലോ? ഹേ ദേവ! സന്തർദ്ദനൻ മുതലായവർ നിജസഹോദരിയായ ഭദ്രയെ അങ്ങയ്ക്കു് നല്കി. അല്ലയോ വരപ്രദ! അവളും അങ്ങയുടെ പിതൃസോദരിയുടെ മകളാകുന്നു.

പാത്ഥാദ്യൈരപ്യകൃതലവനം തോയമാത്രാഭിലക്ഷ്യം
ലക്ഷ്യം ഭിത്വാ ശരഥരമവ്യൂഢാ ലക്ഷണാംമദ്രകന്യാം
അഷ്ടാവേവം തവ സമഭവൻ വല്ലഭാസ്തത്ര മദ്ധ്യേ
ശ്രുശ്രൂഷാഢ്യം സുരപതിഗിരാ ഭൌമദുശ്ചേഷ്ടിതാനി ൱

പാത്ഥപ്രഭൃതികളാൽ മുറിയ്ക്കപ്പെടുവാൻ കഴിയാത്തതും ജലത്തിൽ മാത്രം കാണ്മാൻ കഴിയുന്നതും മത്സ്യരൂപത്തിലുള്ളതുമായ ലക്ഷ്യം മുറിച്ചിട്ടു് മദ്രപുത്രിയായ ലക്ഷ്മണയെ വരിച്ചു. ഇപ്രകാരം നിന്തിരുവടിയ്ക്കു് എട്ടു് ഭാര്യമാരുണ്ടായി. അതിനിടയ്ക്കു് ഇന്ദ്രന്റെ വാക്കുകൊണ്ടു് നരകാസുരന്റെ ദുഷ്പ്രവൃത്തികളെപ്പറ്റി കേട്ടു.

സ്വതായാതം പക്ഷിപ്രവരമധിരുഢസ്ത്വമഗമോ
വഹന്നങ്കേ ഭാമാമുപവനമിവാരാതിഭവനം
വിദിത്വൻ ദുർഗ്ഗാണി തുടിതപൃതനാശോണിതരസൈഃ
പുരം താവൽ പ്രാഗ്ജ്യോതിഷമകരോഥാശ്ശോണിതപുരം ൬

അങ്ങ് ഓർത്ത ഉടൻ വന്ന ഗരുഡനിൽ കയറി ഭാര്യയെ മടിയിൽ വഹിച്ചുകൊണ്ട് പൂങ്കാവിലേയ്ക്കെന്നപോലെ ശത്രുഗൃഹത്തിലേയ്ക്ക് പോയി. ദുർഗ്ഗങ്ങളെ തകർത്തുകൊണ്ട് കൊല്ലപ്പെട്ട സൈന്യങ്ങളുടെ രക്തപ്രവാഹംകൊണ്ട് പ്രാഗ്ജ്യോതിഷപുരത്തെ ശോണിതപുരമാക്കിത്തീർത്തു.

മുരസ്ത്വാം പഞ്ചാസ്യോ ജലധിവനമദ്ധ്യാദുദപതൽ
സ ചക്രേ ചക്രേണ പ്രദലിതശിരാ മങ്കു ഭവതാ
ചതുർഭൈരേകൈകാവളപതിഭിരിന്ധാനസമരം
രഥാംഗേന ഹതവാ നരകമകരോസ്ത്വീർണ്ണനരകം ൭

അഞ്ചു മുഖമുള്ള മുരാസുരൻ ജലമദ്ധ്യത്തിൽനിന്നു പൊങ്ങി അങ്ങയുടെ നേരെ ചാടി. അങ്ങ് അവന്റെ ശിരസ്സു ചക്രംകൊണ്ടു പിളർന്നു. നാല്പെണ്ണാമ്പന്മാരായ ഗജശ്രേഷ്ഠന്മാരുമായി യുദ്ധംചെയ്യുന്ന നരകാസുരനെ ചക്രംകൊണ്ടു കൊന്നു നരകം തരണംചെയ്തവനാക്കിത്തീർത്തു.

സ്തുതോ ഭൂമ്യാ രാജ്യം സപദി ഭഗദത്തേസ്യതനയേ
ഗജഞ്ചൈകം ദത്വാ പ്രജിഘയിഥ നാഗാന്നിജപുരം
ഖലേനാബദ്ധാനാം സപദി ഗതമാനസാം ഷോഡശ പുനഃ
സഹസ്രാണി സ്ത്രീണാമപിച ധനരാശിഞ്ച വിപുലാം ൮

അതിനുശേഷം നിന്തിരുവടി ഭൂദേവിയാൽ സ്തുതനായി നരകാസുരപുത്രനായ ഭഗദത്തനിൽ രാജ്യവും ഒരു ആനയും നല്കി. മറ്റു് ആനകളേയും ബലനാൽ ബന്ധിയ്ക്കപ്പെട്ടവരും തന്നിൽ ലയിച്ച മനസ്സോടുകൂടിയവരും ആയ പതിനായിരം കന്യകമാരേയും വളരെ ധനത്തേയും നിജനഗരത്തിലേയ്ക്ക് അയച്ചു.

ഭൌമാപഹൃതകുണ്ഡലം തദദിതേർദ്ദാതും പ്രയാതോ ദിവം
ശക്രാദ്യൈർമ്മഹിതസ്സമം ദയിതയാ ദൃശ്യസ്ത്രീഷു ഭത്തഹ്രിയാ
ഹൃത്വാ കല്പതരും രുഷാഭിപതിതം ജിത്വേന്ദ്രമഭ്യാഗമ-
സ്തത്ര ശ്രീമദദോഷ ഈദൃശ ഇതി വ്യാഖ്യാതുമേവാകൃഥാഃ ൯

ദേവസ്ത്രീകൾക്കുപോലും ലജ്ജ നല്കുന്ന തന്റെ പ്രിയയോടുകൂടി നരകാസുരൻ അപഹരിച്ച കുണ്ഡലം അദിതിയ്ക്ക് നല്കുവാൻ സ്വർഗ്ഗത്തിൽ ചെന്നപ്പോൾ ഇന്ദ്രപ്രഭൃതികളാൽ പൂജിതനായി കല്പവൃക്ഷം ഹരിച്ചപ്പോൾ ക്രുദ്ധനായി എതിത്ത ഇന്ദ്രനെ ജയിച്ച് തിരിച്ചുപോന്നു. അതു് സമ്പത്തുകൊണ്ടുള്ള അഹങ്കാരത്തിന്റെ ദോഷം ഇന്ന തരത്തിലാണെന്നു് വ്യാഖ്യാനിപ്പാൻ അങ്ങ് ചെയ്തതുതന്നെയാണു്.

കല്പദ്രും സത്യഭാമാഭവനഭുവി സൃജൻ
ദ്വ്യഷ്ടസാഹസ്രയോഷാഃ
സ്വീകൃത്യ പ്രത്യഗാരം വിഹിതബഹുവപു-
ർല്ലാളയൻ കേളിഭേദൈഃ
ആശ്ചര്യ്യന്നാരദാലോകിതവിവിധഗതി
സ്തത്ര തത്രാപി ഗേഹേ
ഭൂയസ്സ്വാസു ക്വൻ ദശ ദശ തനയാൻ
പാഹി വാതാലയേശ! ൧൦

ഹേ ഗുരുവായൂരപ്പ! കല്പകവൃക്ഷം സത്യഭാമയുടെ ഭവനപ്രദേശത്തു് നട്ടു. പതിനാറായിരം സ്ത്രീകളെ വിവാഹംചെയ്തു് ഗൃഹങ്ങളിലെല്ലാം അനേകം ശരീരങ്ങളെടുത്തു് ഒരേസമയംതന്നെ ക്രീഡാഭേദങ്ങൾകൊണ്ടു് ഭാര്യമാരെ ലാളിച്ചുകൊണ്ടിരിയ്ക്കുന്നതു് ആശ്ചര്യ്യത്തോടെ നാരദമഹർഷിയാൽ കാണപ്പെട്ട വിവിധഗതിയോടുകൂടിയവനായി എല്ലാ ഭാര്യമാരിലും പതിപ്പുത്തു് പുത്രന്മാരെ വീതം നല്കിയ അങ്ങു് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
സുഭദ്രാഹരണപ്രകൃതിവർണ്ണനം.

ദശകം 82.

ബാണയുദ്ധം ഊഷമോക്ഷശ്ച.

പ്രദ്യുമ്നോ രൌക്മിണേയസ്സ ഖലു തവ കലാ
ശംബരേണാഹൃതസ്സൻ
ഹത്വാ രത്യാ സഹാപ്തോ നിജപുരമഹര–
ദ്രുക്മികന്യാഞ്ച ധന്യാം
തൽപുത്രോഥാനിരുദ്ധോ ഘ്രുണനിധിരവഹ–
ദ്രോചനാം രുക്മിപൌത്രീം
തത്രോദ്വാഹേ ഗതസ്സൻ പ്യവധി മുസലിനാ
രുഷ്യചി ദ്യൂതവൈരാൽ ൧

അങ്ങയുടെ അംശമായി രുക്മിണീപുത്രനായിരിയ്ക്കുന്ന പ്രദ്യുമ്നൻ ശംബരനാൽ അപഹരിയ്ക്കപ്പെട്ടു. അവനെ കൊന്നു് രതിയോടുകൂടി ദ്വാരകയിൽവന്നു് ധന്യയായ രുക്മിസുതയെ ഹരിച്ചു. അനന്തരം അവന്റെ പുത്രനും ഘ്രുണനിധിയുമായ അനിരുദ്ധൻ രുക്മിയുടെ പൌത്രിയായ രോചനയെ വിവാഹം ചെയ്തു. ആ വിവാഹത്തിന്നു് അങ്ങു് പോയി. രുക്മിയാവട്ടെ ചൂതുകളിയിലുണ്ടായ കലഹംകൊണ്ടു് ബലഭദ്രനാൽ നിഗ്രഹിയ്ക്കപ്പെട്ടു.

ബാണസ്യ സാ ബലിസുതസ്യ സഹസ്രബാഹോ–
ർമ്മാഹേശ്വരസ്യ മഹിതാ ദുഹിതാ കിലോഷാ
തൽപൌത്രമേനമനിരുദ്ധമദൃഷ്ടപൂർവ്വം
സ്വപ്നേനുഭൂയ ഭഗവൻ! വിരഹാതുരാ ഭൂൽ ൨

ഹേ ഭഗവൻ! മഹാബലിയുടെ മകനും ശിവഭക്തനും ആയിരം ബാഹുക്കളുള്ളവനും ആയ ബാണാസുരന്റെ മകളായ ഉഷ അങ്ങയുടെ പൌത്രനും ഇതിനുമുമ്പു് കണ്ടിട്ടില്ലാത്തവനും ആയ ആ അനിരുദ്ധനെ സ്വപ്നംകണ്ടു് വിരഹപരവശയായിത്തീർന്നു.

യോഗിന്യതീവ കുശലാ ഖലു ചിത്രലേഖാ
തസ്യാഃസഖീ വിലിഖതീ തരുണാനശേഷാൻ
തത്രാനിരുദ്ധമുഷയാ വിദിതം നിശായാ–
മാനേഷ്ട യോഗബലതോ ഭവതോ നികേതാൽ ൩

അവളുടെ തോഴിയും യോഗിനിയും ചതുരയുമായ ചിത്ര ലേഖ എല്ലാ യുവാക്കന്മാരേയും എഴുതി കാണിച്ചപ്പോൾ ഉഷ യാൽ അറിയിയ്ക്കപ്പെട്ട അനിരുദ്ധനെ ഭവൽഗ്രഹത്തിൽനിന്നു രാത്രി യോഗബലംകൊണ്ടു് വരുത്തി.

കന്യാപുരേ ദയിതയാ സുഖമാരമന്തം
ചൈനം കഥഞ്ചന ബബന്ധുഷി ശമ്പരന്ധ്രേ
ശ്രീനാരദോക്തതദുദന്തദുരന്തരോഷൈ–
സ്തപ്തം തസ്യ ശോണിതപുരം യദുഭിസ്യരുന്ധഃ ൪

കന്യാപുരത്തിൽ ഭാര്യയുമായി സുഖമായി ക്രീഡിച്ചുകൊണ്ടിരുന്ന അനിരുദ്ധനെ ശിവബന്ധുവായ ബാണൻ പണി കഴിപ്പിച്ചു് ബന്ധിച്ചപ്പോൾ ശ്രീനാരദമഹർഷി പറഞ്ഞറിഞ്ഞ ഈ വൃത്തമാനം കേട്ടു് അതിരുഷ്ടന്മാരായ യാദവന്മാരോടുകൂടി അങ്ങു് അവരുടെ ശോണിതപുരം വളഞ്ഞു.

പുരീപാലശ്ശൈലപ്രിയദുഹിതൃനാഥോസ്യ ഭഗവാൻ
സമം ഭ്രുത്വാത്തൈശ്ശിവബലമശങ്കം നിരുരുധേ
മഹാപ്രാണോ ബാണോ ദ്രുടിതി യുയുധാനേന യുയുധേ
ഗ്രഹഃ പ്രദ്യുമ്നേന തപമപി പുരഹന്ത്രാ ജ്വലടിഷേ ൫

ബാണന്റെ നഗരീരക്ഷകനും പാർവ്വതീകാന്തനുമായ പര മശിവൻ പ്രമഥഗണങ്ങളോടുകൂടി യദുസൈന്യത്തെ നിശ്ശങ്കം വളഞ്ഞു. ബലിഷ്ഠനായ ബാണൻ വേഗം സാത്യകിയോടും സുബ്രഹ്മണ്യൻ പ്രദ്യുമ്നനോടും ശിവൻ നിന്തിരുവടിയോടും എതിരിട്ടു് യുദ്ധംചെയ്തു.

നിരുദ്ധാശേഷാസ്രേ മുമുഹുഷി തവാസ്രേണ ഗിരിശേ
ദ്രുതാ ഭ്രുതാ ഭീതാഃ പ്രമഥകുലവീരാഃ പ്രമഥിതാഃ
പരാസ്കന്ദൽ സ്കന്ദഃ കുസുമശരബാണൈശ്ച സചിവ–
സ്സ കുംഭാണ്ഡോ ഭാണ്ഡം നവമിവ ബലേനാശു ബിഭിദേ

പരമേശ്വരന്റെ അസ്ത്രങ്ങളെയെല്ലാം അങ്ങു് തടുത്തപ്പോൾ മോഹാസ്ത്രംകൊണ്ടു് മോഹാലസ്യപ്പെടുത്തി. ഭ്രുതഗണങ്ങളെ പേടിച്ചോടി പാഷ്ണ്ഡമുഖ്യന്മാരെ മഥനംചെയ്തു. സുബ്ര

വമണ്യൻ കുസുമാസ്ത്രബാണങ്ങളേറ്റ് പരാങ്മുഖനായി. മന്ത്രി യായ കുംഭാണ്ഡനെ പൂതിയ കുടംപോലെ ബലഭദ്രൻ വേഗ ത്തിൽ തകർത്തു.

ചാപാനാം പഞ്ചശത്യാ പ്രസഭമുപഗതേ
ഛന്നചാപേഥ ബാണേ
വ്യർത്ഥേ യാതേ സമേതോ ജ്വരപതിരശനൈ-
രജ്വരി ത്വജ്വരേണ
ജ്ഞാനീ സ്തുത്വാഥ തത്വാ തവ ചരിതജുഷാം
വിജ്വരം സ ജ്വരോഗാൽ
പ്രായോന്തർജ്ഞാനവന്തോപിച ബഹുതമസാ
രൗദ്രചേഷ്ടാ ഹി രൗദ്രാഃ ൭

അനന്തരം ബാണാസുരൻ അഞ്ചൂറ് വില്ലുകളോട്ടംക്രുടി എതിർത്തു് വന്നു് വില്ലു് മുറിഞ്ഞു് നിശ്ചലനായിപ്പോയപ്പോൾ വേഗത്തിൽ പാരമേശ്വരജ്വരം എതിർത്തതിനെ വൈഷ്ണവജ്വരം മർദ്ദിച്ചു. അനന്തരം ജ്ഞാനം ഉദിച്ച ആ ശിവശക്തി അങ്ങയെ സ്തുതിച്ച ഭഗവൽസ്തോത്രപാരായണം ചെയ്യുന്നവർക്കു് ജ്വരാദി വതൊ നല്കി തിരിച്ചുപോയി. രുദ്രസംബന്ധികൾ ഉള്ളിൽ ജ്ഞാനം ഉദിച്ചവരാണെങ്കിലും തമോബാഹുല്യംകൊണ്ടു് ഭയങ്ക രചേഷ്ടന്മാരാണല്ലൊ.

ബാണം നാനായുധൌഘം പുനരഭിപതിതം
ദർപ്പദോഷാദചിന്തയൻ
നിർല്ലുനാശേഷദോഷം സപദി ബുബുധുഷാ
ശങ്കരേണോപഗീതഃ
തദ്വാചാ ശിഷ്ടബാഹുദ്വിതയമുഭയതോ
നിർഭയം തൽപ്രിയം തം
മുക്ത്വാ തദ്ഭക്തമാനോ നിജപുരമഗമ-
സ്സാനിരുദ്ധസ്സഹോഷഃ ൮

ഗർവ്വദോഷംകൊണ്ടു് വീണ്ടും എതിർത്തവനും വിവിധങ്ങ ളായ അസ്ത്രങ്ങൾകൊണ്ടു് ഉഗ്രനും ആയ ബാണന്റെ എല്ലാ കൈകളും അരിയുമ്പോൾ വേഗം അതറിഞ്ഞ ശിവനാൽ അങ്ങു് സ്തുതിയ്ക്കപ്പെട്ട. ശിവന്റെ വാക്കുകൊണ്ടു് ശേഷിച്ച രണ്ടു് കൈ

കം ഉള്ള ശിവഭക്തനായ അവനെ നിഷ്പ്രയാസം ജയിച്ചു. അവനാൽ മാനിയ്ക്കപ്പെട്ട അങ്ങ് അനിരുദ്ധനോടും ഉഷയോടുംകൂടി നിജപുരം പ്രാപിച്ചു.

മുഹുസ്താവച്ചക്രം വരുണമജയോ നന്ദഹരണേ
യമം ബാലാനീതൌ ദവദഹനപാനേനിലസഖം
വിധിം വത്സസ്തേയേ ഗിരിശമിഹ ബാണസ്യ സമരേ
വിഭോ! വിശ്വാൽക്കൃഷ്ടീ തദയമവതാരോ ജയതി തേ ൯

അങ്ങ് ദേവേന്ദ്രനെ പല തവണയും നന്ദോപഹരണത്തിൽ വരുണനേയും ഗുരുപുത്രനെ കൊണ്ടുവന്നപ്പോൾ അന്തകനേയും കാട്ടതീ ഗ്രസിച്ചപ്പോൾ അഗ്നിഭഗവാനേയും പശുക്കുട്ടികളെ അപഹരിച്ചപ്പോൾ ബ്രഹ്മാവിനേയും ഇവിടെ ബാണയുദ്ധത്തിൽ ശിവനേയും ജയിച്ചു. ഹേ വിഭോ! അങ്ങയുടെ ഈ അവതാരം ലോകാതിശയിയായി വിജയിയ്ക്കുന്നു.

ദ്വിജരുഷാ കൃകലാസവപുർധരം
നൃഗനൃപം ത്രിദിവാലയമാപയൻ
നിജജനേ ദ്വിജഭക്തിമനുത്തമാ–
മുപദിശൻ പവനേശ്വര! പാഹി മാം ൧൦

അല്ലയോ ഗുരുവായുപുരേശ! ബ്രാഹ്മണകോപംകൊണ്ട് ഓന്തായിത്തീർന്ന നൃഗമഹാരാജാവിനെ സ്വർഗ്ഗത്തെ പ്രാപിപ്പിച്ചുകൊണ്ട് സ്വജനങ്ങളിൽ ബ്രാഹ്മണഭക്തിയുടെ ഔൽകൃഷ്ട്യത്തെ ഉപദേശിച്ചുകൊണ്ട് വിളങ്ങുന്ന അങ്ങ് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ബാണയുദ്ധം നൃഗമോക്ഷശ്ച.

ദശകം 83.

പൌണ്ഡ്രകവധാദിവിവരണം.

രാമേഥ ഗോകുലഗതേ പ്രമദാപ്രസക്തേ
ഹൃതാനുപേതയമുനാദമനേ മദാന്ധേ
സൈരം സമാരമതി സേവകവാദമൂഢോ
ദൂതം ന്യയുങ്ക്ത തവ പൌണ്ഡ്രകവാസുദേവഃ ൧

അതിനുശേഷം ബലഭദ്രൻ ഗോകുലത്തിൽ ചെന്നു് സുന്ദരീസകുതനായി വസിയ്ക്കുമ്പോൾ മദാന്ധനായി വിളിച്ചപ്പോൾ വരാതിരുന്ന യമുനയെ ബലാൽ ഗ്രഹിച്ചു് സൈരമായി ക്രീഡിച്ചുകൊണ്ടിരിയ്ക്കുമ്പോൾ പൌണ്ഡ്രകവാസുദേവൻ സേവകന്മാരുടെ വാക്കുകളാൽ വിമൂഢനായി ഒരു ദൂതനെ അങ്ങയുടെ അടുക്കലേയ്ക്കു് അയച്ചു.

നാരായണോഹമവതീർണ്ണ ഇഹാസ്മി ഭ്രമൌ
ധത്സേ കില ത്വമപി മാമകലക്ഷണാനി
ഉൽസൃജ്യ താനി ശരണം വ്രജ മാമിതി ത്വാം
ദൂതോ ജഗാദ സകലൈർഹസിതസ്ത്വയോയം ൫

ഞാൻ സാക്ഷാൽ നാരായണനായി ഈ ഭ്രമിയിൽ അവതരിച്ചിരിയ്ക്കുന്നു. നീ എന്റെ ചില ലക്ഷണങ്ങളും വഹിയ്ക്കുന്നുണ്ടു്. അവയെല്ലാം വെടിഞ്ഞു് എന്നെ ശരണം പ്രാപിയ്ക്കുക. എന്നിങ്ങിനെ ദൂതൻ എല്ലാവരാലും പരിഹസിയ്ക്കപ്പെട്ടവനായി സഭയിൽവെച്ചു് അങ്ങയോടു് പറഞ്ഞു.

ദൂതേഥ യാതവതി യാദവസൈനികൈസ്ത്വം
യാതോ ദദർശിഥ വപുഃ കില പൌണ്ഡ്രകീയം
താപേന വക്ഷസി കൃതാംകമനല്പമൂല്യ
ശ്രീകൌസ്തുഭം മകരകുണ്ഡലപീതചേലം ൬

അതിനുശേഷം ദൂതൻ പോയപ്പോൾ അങ്ങു് യാദവസൈന്യങ്ങളോടുക്രൂടി പോയി പൊള്ളിച്ചു് ചൂടു് ഇട്ടതുകൊണ്ടു് മാറിൽ അടയാളം വരുത്തിയവനും വളരെ വിലയുള്ള കൌസ്തുഭത്തോടുക്രൂടിയവനും മകരകുണ്ഡലവും മഞ്ഞപ്പട്ടും ധരിച്ചവനും ആയ പൌണ്ഡ്രകന്റെ ശരീരം കാണുകയുണ്ടായിപോൽ.

കാളായസം നിജസുദർശനമസ്യതോസ്യ
കാലാനലോല്ലുരകിരേണ സുദർശനേന
ശീർഷംചകർത്ഥ മമർട്ടിഥ ചാസ്യസേനാം
തന്മിത്രകാശിപശിരോപി ചകർത്ഥ കാശ്യം ൭

കാരിരിനുകൊണ്ടുള്ള തന്റെ സുദർശനചക്രം പ്രയോഗിയ്ക്കുന്ന ഇവന്റെ ശിരസ്സിനെ കാലാഗ്നിസ്ഫുലിംഗങ്ങളെ വർഷി

യ്ക്കുന്ന സുദർശനചക്രംകൊണ്ടു് അങ്ങു് മുറിയ്ക്കുകയും ഇവന്റെ സൈന്യത്തെ മട്ടിയ്ക്കുകയും ചെയ്തു. അവന്റെ ബന്ധുവായ കാശിരാജാവിന്റെ ശിരസ്സും കാശിയിൽ മുറിച്ചിട്ടു.

ജാത്യൈവ ബാലകഗിരാപി കിലാഹമേവ
ശ്രീവാസുദേവ ഇതി രൂഢമതിശ്ചിരം സഃ
സായുജ്യമേവ ഭവദൈക്യധിയാ ഗതോഽതൽ
കോ നാമ കസ്യ സുകൃതം കഥമിത്യവേയാൽ ൪

തന്റെ ജളത്വംകൊണ്ടും ബാലിശന്മാരുടെ വാക്കുകൊണ്ടും ഞാൻതന്നെയാണു് ശ്രീവാസുദേവൻ എന്നു് വളരെക്കാലം മനസ്സുറപ്പിച്ചിരുന്ന അവനു് അങ്ങയോടുള്ള ഐക്യവിചാരംകൊണ്ടു് സായുജ്യംതന്നെ ലഭിച്ചു. ആർക്കു് ആരുടെ സുകൃതം എങ്ങിനെയാണെന്നു് അറിയുവാൻ കഴിയും.

കാശീശപുത്രസ്യ തനയോഽഥ സുദക്ഷിണാഖ്യ-
ശ്ശുഭ്രം പുരൂജ്യ ഭവതേ വിഹിതാഭിചാരഃ
കൃത്യാനലം കമപി ബാണരണാതിഭീതൈർ-
ഭ്രൂതൈഃ കഥഞ്ചന വൃതൈസ്സമമഭ്യമുഞ്ചൽ ൫

അനന്തരം സുദക്ഷിണൻ എന്നു് പേരായ കാശിരാജപുത്രൻ ശിവനെ സേവിച്ചു് അങ്ങയ്ക്കു് ആഭിചാരപ്രയോഗം ചെയ്തു. അതിൽനിന്നുണ്ടായ പിശാചിനെ ബാണയുദ്ധത്തിൽ വല്ലാതെ പേടിച്ചു് ഒന്നിച്ചുചേർന്ന ഭൃതഗണങ്ങളോടുകൂടി പറഞ്ഞയച്ചു.

താലപ്രമാണചരണാമഖിലം ദഹന്തീം
കൃത്യാം വിലോക്യ ചകിതൈഃ കഥിതോപി പൌരൈഃ
ദ്യൂതോത്സവേ കിമപി നോ ചലിതോ വിഭോ! ത്വം
പാർശ്വസ്ഥമാശു വിസസർജ്ജിഥ കാലചക്രം ൬

ഹേ വിഭോ! കരിമ്പനയോളം വലിപ്പമുള്ള കാലുകളുള്ളതും എല്ലാം ദഹിപ്പിയ്ക്കുന്നതും ആയ കൃത്യയെ കണ്ടു് പേടിച്ചു് പുരവാസികൾ അങ്ങയോടു് പറഞ്ഞു എങ്കിലും ചൂതുകളിയുടെ രസത്തിൽ മുങ്ങിയിരുന്ന അങ്ങയ്ക്കു് ഒരിളക്കവും ഉണ്ടായില്ല. അടുത്തുനിന്നിരുന്ന കാലചക്രത്തെ അങ്ങു് ഉടൻ അതിനു് നേർക്കു് അയച്ചു.

അഭ്യാപതത്യമിതധാമ്നി ഭവന്മഹാസ്ത്രേ
ഹാഹേതി വിദ്രുതവതീ ഖലു ഘോരകൃത്യാ
രോഷാൽ സുദക്ഷിണമദക്ഷിണചേഷ്ടിതംതം
പൂപ്പോഷ്യ ചക്രമപി കാശിപുരീമധാക്ഷീൽ ൬൬

വലിയ തേജസ്സുള്ള അങ്ങയുടെ ദിവ്യാസ്ത്രം നേരിട്ട് എതിരുത്തു ചെന്നപ്പോൾ അയ്യോ! അയ്യോ! എന്നു പേടിച്ചു പാഞ്ഞ ഘോരപിശാചു ദേഷ്യത്തോടുകൂടി ദുഷ്ടപ്രവൃത്തി ചെയ്യുന്ന ആ സുദക്ഷിണനേയും ചക്രം കാശിരാജ്യത്തേയും ദഹിപ്പിച്ചു.

സ ഖലു വിവിദോ രക്ഷോഘാതേ കൃതോപകൃതിഃ പുരാ
തവ തു കലയാ മൃത്യും പ്രാപ്തം തദാ ഖലതാം ഗതഃ
നരകസചിവോ ദേശക്ലേശം സൃജന്നഗരാന്തികേ
തടിതി ഹലിനാ യുദ്ധ്യന്നദ്ധാപപാത തലാഹതഃ ൬൭

പണ്ടു രാക്ഷസവധത്തിൽ ഉപകാരംചെയ്ത ആ വിവിദൻ അങ്ങയുടെ അംശമായ ബലഭദ്രനിൽനിന്നു മരണം നേരിട്ടുവാൻവേണ്ടി ദുഷ്ടനായിത്തീർന്നു. നരകാസുരന്റെ മന്ത്രിയായ ഇവൻ രാജ്യത്തിന്നു ക്ലേശങ്ങളും ഉണ്ടാക്കിക്കൊണ്ടു നഗരത്തിന്നടുത്തുവെച്ചു യുദ്ധംചെയ്തുകൊണ്ടു ബലഭദ്രനാൽ കൊല്ലപ്പെട്ടു താഴെ വീണു.

സാംബം കൌരവ്യപുത്രീഹരണനിയമിതം
സാന്ത്വനാർത്ഥീ കുരൂണാം
യാതസ്തത്രോക്യരോഷോദ്ധൃതകരിനഗരോ
മോചയാമാസ രാമഃ
തേ ഘാത്യാഃ പാണ്ഡവേയൈരിതി യദുപുതനാം
നാമചസ്ഥം തദാനീം
തം ത്വാം ദുർബോധലീലം പവനപുരപതേ!
താപശാന്ത്യൈ നിഷേവേ ൬൮

കൌരവന്മാരുടെ സമാധാനത്തെ ആഗ്രഹിച്ചുകൊണ്ടു ചെന്ന ബലഭദ്രൻ അവരുടെ വാക്കുകൊണ്ടുള്ള ദോഷത്താൽ ഹസ്തിനപുരം പിടിച്ചുവലിച്ചു. ദുര്യോധനന്റെ മകളെ അപ

ഹരിച്ചതുകൊണ്ടു് കെട്ടിയിട്ട സാംബനെ വിടുവിച്ചു. അവരെ പാണ്ഡവന്മാർ നിഗ്രഹിയ്ക്കേണ്ടതാണു് എന്നു് വിചാരിച്ചു് അങ്ങു് യാദവസൈന്യത്തെ അയച്ചില്ല. അല്ലയോ ഗുരുവായൂരപ്പ! ദുർഗ്രഹമായ ലീലകളോടുകൂടിയ നിന്തിരുവടിയെ ഞാൻ ആശ്രയിയ്ക്കുന്നു.

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
പൌണ്ഡ്രകവധാദിവർണ്ണനം.

ദശകം 84.

സൂര്യഗ്രഹണയാത്രാ.

കദാചിദഥ തപനോപരാഗകാലേ
പുരി നിദധൽകൃതവാമകാമസൂനു
യദുകുലമഹിളാവൃതസ്സതീർത്ഥം
സമുപഗതോസി സമന്തപഞ്ചകാഖ്യം ൧

പിന്നെ ഒരിയ്ക്കൽ സൂര്യഗ്രഹണസമയത്തു് കൃതവർമ്മാവിനേയും അനിരുദ്ധനേയും പുരത്തിൽ നിർത്തി അങ്ങു് യാദവസൈന്യത്തോടും സ്ത്രീകളോടുംകൂടി സമന്തപഞ്ചകം എന്നു് പേരായ പുണ്യതീർത്ഥത്തിലേയ്ക്കു് പോയി.

ബഹുതരജനതാഹിതായ തത്ര
തപമപി പുനർവിനിമജ്യ തീർത്ഥതോയം
ദ്വിജഗണപരിമുക്തവിത്തരാശിഃ
സമമിളഥാഃ കുരുപാണ്ഡവാദിഭിസ്ത്വം ൨

അവിടെ അനേകം ആളുകളുടെ ഇഷ്ടത്തിന്നുവേണ്ടി അങ്ങും സ്നാനംചെയ്തു. തീർത്ഥജലം ശുദ്ധമാക്കി ബ്രാഹ്മണർക്കു് അനേക ധനം ദാനംചെയ്തു. കൌരവന്മാർ, പാണ്ഡവന്മാർ മുതലായ ബന്ധുക്കളോടു് ഒത്തുചേർന്നു.

തവ ഖലു ദയിതാജനൈഃസമേതാ
ദ്രുപദസുതാ തവയി ഗാഢഭക്തിഭാരാ
തദുദിതഭവദാഹൃതിപ്രകാരൈ–
രതിമുമുദേ സമമന്യഭാമിനീഭിഃ ൩

അങ്കയിൽ ദുഗ്ധഭക്തിയുള്ള പാഞ്ചാലി അങ്കയുടെ ഭായ്മാരോടുകൂടി ചേന്ന് അവരെ അപഹരിച്ചതും മുറയുമുള്ള വൃത്തമാനങ്ങൾ കേട്ട് മറു സ്ത്രീകളോടുകൂടി ഏറവും സന്തോഷിച്ചു.

തദനു ച ഭഗവൻ! നിരീക്ഷ്യ ഗോപാ-
നതികുതുകാദുപഗമ്യ മാനയിതാ
ചിരതരവിരഹാതുരാംഗരേഖാഃ
പശുപവധൂഃ സരസം തമനുന്നയാസുഃ ൫

ഹേ ഭഗവൻ! അനന്തരം അങ്ങ് അതികൌതുകത്തോടുകൂടി ചെന്ന് ഗോപന്മാരെക്കണ്ട് അവരെ പൂജിച്ചിട്ട് വളരെക്കാലമായിട്ടുള്ള വേർവാടുകൊണ്ട് മെലിഞ്ഞ ശരീരമുള്ള ഗോപസ്ത്രീകളെ സ്നേഹത്തോടുകൂടി അനുഗമിച്ചു.

സപദി ച ഭവദീക്ഷണോത്സവേന
പ്രമുഷിതമാനഹൃദാം നിതംബിനീനാം
അതിരസപരിമുക്തകഞ്ചുളീകേ
പരിചയഹൃദ്യതരേ കുചേ ന്യലൈഷീഃ ൬

അങ്കയെക്കണ്ടതുകൊണ്ടുള്ള സന്തോഷംകൊണ്ട് ഉടനെ അപഹരിയ്ക്കപ്പെട്ട പ്രണയകോപത്തോടുകൂടിയ ഗോപസ്ത്രീകളുടെ അതിരസംകൊണ്ട് അഴിഞ്ഞ കഞ്ചുകത്തോടുകൂടിയതും വളരെക്കാലത്തെ പരിചയംകൊണ്ട് ഏറവും മനോഹരവുമായ കുചത്തിൽ അങ്ങ് ലയിച്ചു.

രിപുജനകലഹൈഃ പുനഃ പുനർമേ
സമുപഗതൈരിയതീ വിളംബനാത്തൽ
ഇതി കൃതപരിരംഭണേ തവയി ദ്രാ-
ഗതിവിവശാ ഖലു രാധികാ നിലില്യേ ൭

വീണ്ടും വീണ്ടും നേരിട്ട ശത്രുയുദ്ധങ്ങൾകൊണ്ട് മാത്രം ഇത്രയും താമസം വന്നുഎന്ന് പറഞ്ഞിട്ട് ആലിംഗനം ചെയ്തപ്പോൾ ഉടനെ രാധ ഏറവും പരവശയായി അങ്കയിൽ ലയിച്ചു.

അപഗതവിരഹവ്യഥാസ്തദാ താ
രഹസി വിധായ ദൃഗഥ തത്പബോധം
പരമസുഖചിദാത്മകോഹമാത്മേ-
ത്യുദയതു വഃ സ്ഥിരമേവ ചേതസീതി ൮

അപ്പോൾ അങ്ങ് അവരെ വിജനത്തിൽ വിയോഗതാപമില്ലാത്തവരാക്കിത്തീർത്തു. ഞാൻ സച്ചിൽസ്വരൂപനായ ആത്മാവാണെന്നും നിങ്ങളുടെ മനസ്സിൽ വ്യക്തമായി ജ്ഞാനമുണ്ടാകട്ടെ എന്നിങ്ങിനെ തത്വജ്ഞാനം അവർക്ക് ദാനംചെയ്തു.

സുഖരസപരിമിശ്രിതോ വിയോഗഃ
കിമപി പുരാഭവദുദ്ധവോപദേശൈഃ
സമഭവദമുതഃ പരന്തു താസാം
പരമസുഖൈക്യമയീ ഭവദ്വിചിന്താ വ

പണ്ട് ഉദ്ധവരുടെ ഉപദേശങ്ങൾകൊണ്ട് വിരഹം കുറഞ്ഞാണ് സുഖരസത്തോട് കലർന്നതായിരുന്നു. ഇതിനും ശേഷമോ അവർക്ക് ഭഗവൽസ്മരണ പരമസുഖൈക്യരൂപിണിയായിത്തീർന്നു.

മുനിവരനിവഹൈസ്തവാഥ പിത്രാ
ദുരിതശമായ ശുഭാനി പൃഛ്യമാനൈഃ
തവയി സതി കിമിദം ശുഭാന്തരൈരി-
ത്യൃഷഭസുതൈരപി യാജിതസ്തദാസൌ ൯

അനന്തരം അങ്ങയുടെ പിതാവിനാൽ ദുഷ്കൃതം നീങ്ങുവാൻ ശുഭങ്ങളെപ്പറ്റി ചോദിയ്ക്കപ്പെട്ട മഹർഷിമാർ നീയുള്ളപ്പോൾ മറ്റ് ശുഭകർമ്മങ്ങളെക്കൊണ്ട് എന്തുവേണം എന്ന് ഉറക്കെ ചിരിച്ചുവെങ്കിലും അവർ പിതാവിനെക്കൊണ്ടുതന്നെ യാഗം നടത്തി.

സുമഹതി യജനേ വിതായമാനേ
പ്രമുദിതമിത്രജനേ സഹൈവ ഗോപാഃ
യദുജനമഹിതാസ്ത്വിമാസമാത്രം
ഭവദനുഷംഗരസം പുരേവ ഭേജുഃ ൧൦

സന്തോഷിച്ച ബന്ധുക്കളോടുകൂടി ആ വലിയ യാഗം നടന്നുകൊണ്ടിരുന്നപ്പോൾ ഗോപന്മാർ അവരോടൊപ്പംതന്നെ യാദവന്മാരാൽ പൂജിയ്ക്കപ്പെട്ടവരായി മൂന്നുമാസം കാലം പണ്ടത്തെപ്പോലെ ഭവൽസംസർഗ്ഗസുഖം അനുഭവിച്ചു.

വ്യപഗമസമയേ സമേത്യ രാധാം
ദ്രുഢമുപഗൂഹ്യ നിരീക്ഷ്യ വീതഖേദാം
പ്രമുദിതഹൃദയഃ പുരം പ്രയാതഃ
പവനപുരേശപര! പാഹി മാം ഗദേഭ്യഃ ൫൫

ഹേ ഗുരുവായൂർ ഭഗവൻ! അനന്തരം യാത്ര പുറപ്പെട്ട പ്പോൾ രാധയുടെ അടുത്തുചെന്നു് ഗാഢമായി ആലിംഗനം ചെയ്തു് ദുഃഖമില്ലാത്തവളായിക്കണ്ടു് ഏറ്റവും സന്തോഷിച്ച മന സ്സോടുകൂടി ദ്വാരകയിലേയ്ക്കു് മടങ്ങിവന്ന അങ്ങു് എന്നെ രോ ഗങ്ങളിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
സൂര്യഗ്രഹണയാത്രാവർണ്ണനം.

ദശകം 85.

ജരാസന്ധനിഗ്രഹം രാജസൂയവർണ്ണനം ച.

തതോ മഗധഭർത്തരാ ചിരനിരോധസംക്ലേശിതം
ശതാംഗകയുതായുതദ്വിതയമീശ! ഭൂമീഭൃതാം
അനാഥശരണായ തേ കമപി പൂരുഷം പ്രാഹിണോ-
ദയാചത സ മാഗധക്ഷപണമേവ കിം ഭൂയസാ ൧

അല്ലയോ ഈശ്വര! അനന്തരം ജരാസന്ധനാൽ നിരോധം കൊണ്ടു് ക്ലേശിയ്ക്കപ്പെട്ട ഇരുപതിനായിരത്തി എണ്ണൂറു് രാജാ ക്കന്മാർ അനാഥന്മാക്കു് ശരണമായ അങ്ങയുടെ അടുക്കലേയ്ക്കു് ഒരു ദൂതനെ അയച്ചു. എന്തിനു് വളരെ പറയുന്നു. അവൻ ജരാ സന്ധവധത്തെത്തന്നെ യാചിച്ചു.

യിയാസുരഭിമാഗധം തദനു നാരദോദീരിതാ-
ദ്യുധിഷ്ഠിരമഖോദ്യമാദുഭയകാര്യപര്യാകുലഃ
വിരുദ്ധജയിനോദ്ധരാദുഭയസിദ്ധിരിത്യുദ്ധവേ
ശശംസുഷി നിജൈസ്സമം പുരമിയേഥ യൈധിഷ്ഠിരീം ൨

മഗധരാജാവിന്റെ നേരെ യുദ്ധംചെയ്യാൻ ആഗ്രഹിച്ച പ്പോൾ ശ്രീനാരദൻ പറഞ്ഞറിഞ്ഞ ധർമ്മപുത്രരുടെ യാഗത്തി

ന്റെ ശ്രമംകൊണ്ടു് ഇരുകായ്ക്കുമം ഒരേസമയത്തു് നേരിടുകയാൽ പരവശനായി വിരോധികളെ ജയിച്ചിട്ടു് നിർവ്വഹിയ്ക്കേണ്ടതായ യാഗത്തിൽവെച്ചു് രണ്ടും സാധിയ്ക്കാമെന്നുള്ള ഉദ്ധവരുടെ വാക്കുകൊണ്ടു് ഹസ്തിനപുരം പ്രാപിച്ചു.

അശ്രേഷ്ടയിതായുതേ തപയി സമാഗതേ ധർമ്മജോ
വിജിത്യ സഹജൈർമ്മഹീം ഭവദപാംഗസംവർദ്ധിതൈഃ
ശ്രിയം നിരുപമാം വഹന്നഹഹ കേതുദാസായിതം
ഭവന്തമയി! മാഗധേ പ്രഹിതവാൻ സഭീമാർജ്ജുനം ൫

അങ്ങു് എല്ലാ ദയിതകളോടുംക്രൂടി വന്നിരിയ്ക്കുമ്പോൾ ഹേ ഈശ! നിന്തിരുവടിയുടെ കടാക്ഷംകൊണ്ടു് ഏറ്റവും വർദ്ധിച്ച ശക്തിയോടുക്രൂടിയ സഹോദരന്മാരെക്കൊണ്ടു് ലോകം ജയിച്ചിട്ടു് ധർമ്മപുത്രൻ കേതുദാസഭാവത്തെ കൈക്കൊണ്ടിരിയ്ക്കുന്ന അങ്ങയെ ഭീമാർജ്ജുനന്മാരോടുക്രൂടി ജരാസന്ധനെ ജയിയ്ക്കുവാൻ അയച്ചു.

ഗിരിവ്രജപുരം ഗതാസ്തദനു ദേവ! യൂയം ത്രയോ
യയാച സമരോത്സവം ദ്വിജമിഷേണ തം മാഗധം
അപൂർണ്ണസുകൃതംതമം പവനജേന സംഗ്രാമയൻ
നിരീക്ഷ്യ സഹ ജിഷ്ണുനാ തമപി രാജയുദ്ധാ സ്ഥിതഃ ൬

ഹേ ദേവ! അപ്പോൾ നിങ്ങൾ മൂന്നുപേരും ബ്രാഹ്മണർ എന്ന വ്യാജേന ഗിരിവ്രജപുരം പ്രാപിച്ചു. ആ മഗധരാജാവിനോടു് യുദ്ധോത്സവത്തെ യാചിച്ചു. രാജാക്കന്മാരെ യുദ്ധം ചെയ്യിയ്ക്കുന്ന അങ്ങു് സുകൃതം തികയാത്ത ജരാസന്ധനെ ഭീമനോടുക്രൂടി യുദ്ധം ചെയ്യിച്ചു. അർജ്ജുനനൊന്നിച്ചു് യുദ്ധവും നോക്കിനിന്നു.

അശാന്തസമരോദ്ധതം വിടപപാടനാസംജ്ഞയാ
നിപാത്യ ജരസസ്സുതം പവനജേന നിഷ്പാടിതം
വിമുച്യ നൃപതീൻ മുദാ സമനുഗ്രഹ്യ ഭക്തിം പരാം
ദിദേശിഥ ഗതസ്പൃഹാനപി ച ധർമ്മഗൃധ്ന്യൈ ഭുവഃ ൭

ശാന്തമല്ലാത്ത യുദ്ധത്താൽ ഗർവ്വിഷ്ഠനായ ജരാസന്ധനെ മരക്കൊമ്പു് രണ്ടായി പിളക്കുന്ന നാട്യത്തിലുള്ള മുദ്രകൊണ്ടു്

ഭീമനാൽ പിളർന്ന് വീഴ്ത്തപ്പെട്ട രാജാക്കന്മാരെ സന്തോഷത്തോടുകൂടി ബന്ധനത്തിൽനിന്ന് വിടുവിച്ച് അവരെ അനുഗ്രഹിച്ച് ഉത്തമഭക്തിയെ ദാനം ചെയ്തു. നിസ്പൃഹന്മാരെങ്കിലും ഭൂമിയുടെ ധർമ്മരക്ഷയ്ക്ക് അവരെ അയയ്ക്കുകയും ചെയ്തു.

പ്രചക്രുശ്ച യുധിഷ്ഠിരേ തദാ രാജസൂയാദ്ധ്വരം
പ്രസന്നഭൂതകീടവൽസകലരാജകവ്യാകുലം
തമപ്യയി ജഗൽപതേ! ദ്വിജപദാവനേജാദികം
ചകർത്ഥ കിമു കത്ഥ്യതേ നൃപവരസ്യ ഭാഗ്യോന്നതിഃ ൬൯

ധർമ്മപുത്രൻ സന്തുഷ്ടന്മാരും ഭൃത്യന്മാരുമായിത്തീർന്ന എല്ലാ രാജാക്കന്മാരേയുംകൊണ്ട് നിറഞ്ഞ രാജസൂയയാഗം നിർവ്വഹിയ്ക്കുമ്പോൾ ഹേ ലോകനാഥ! അങ്ങും ദ്വിജന്മാരെ കാൽകഴുകിയ്ക്കുമുതലായ പ്രവൃത്തികളും ചെയ്തു. ധർമ്മപുത്രരാജാവിന്റെ ഭാഗ്യോന്നതിയെപ്പറ്റി എന്തു പറയട്ടെ!

തതസ്സവനകർമ്മണി പ്രവരമഗ്ര്യപൂജാവിധിം
വിചാര്യ സഹദേവവാഗനുഗതസ്സ ധർമ്മാത്മജഃ
വ്യധത്ത ഭവതേ മുദാ സദസി വിശ്വഭൃദ്രാത്മനേ
തദാ സസുരമാനുഷം ഭുവനമേവ തൃപ്തിം ദധൌ ൭൦

അനന്തരം യാഗകർമ്മത്തിൽ ശ്രേഷ്ഠമായ അഗ്രാസനപൂജാവിധിയെപ്പറ്റി ആലോചിച്ചിട്ട് സഹദേവന്റെ വാക്കനുസരിച്ച് ആ ധർമ്മപുത്രൻ സകല ഭൂതസാക്ഷിയായ അങ്ങയ്ക്ക് അഗ്ര്യപൂജ നല്കി. അപ്പോൾ ദേവന്മാരും അസുരന്മാരും എന്നല്ല ലോകം മുഴുവനും തൃപ്തി പ്രാപിച്ചു.

തതസ്സുപദി ചേദിപോ മുനിനുപേക്ഷ്യ തിഗ്മൽസഭോ
സഭാജയതി കോ ജഡഃ പശുപദുർഭൃദുധ്വംവട്ടം
ഇതി ത്വയി സുദുശ്ചരോവിതതിമുദ്വമന്നാസനാ-
ദ്ദദാപത ദദായുധഃസമപതന്നമും പാണ്ഡവാഃ ൭൧

പൂജാർഹന്മാരായ മഹർഷിമാരും രാജാക്കന്മാരും നില്ക്കുമ്പോൾ ഏതൊരു മൂഢനാണ് ഗോപാലനും അധമനും വട്ടവു

മായ ഇവനെ പൂജിയ്ക്കുന്നതു്? കഷ്ടം! എന്നു് ആ ശിശുപാലൻ ഉടനെ അങ്ങയിൽ ദുഷ്ടവാക്യങ്ങളെ വമിച്ചുകൊണ്ടു് ആയുധവുമേന്തി തന്റെ അസനത്തിൽനിന്നു് ചാടി അങ്ങയുടെ നേരെ എതിർത്തു. പാണ്ഡവന്മാർ ഇവന്റെ നേരേയും എതിർത്തു.

നിവായ്യ നിജപക്ഷഗാനഭിമുഖസ്യ വിദ്വേഷിണ-
സ്ത്വമേവ ജഹൃഷേ ശിരോ ദനുജദാരിണാ സ്വാരിണാ
ജനസ്മിതയലജ്ജയാ സതതചിന്തയാ ശുദ്ധധീ-
സ്ത്വയാ സ പരമൈകതാമധൃത യോഗിനാം ദുർല്ലഭാം ൯

സ്വപക്ഷത്തിലുള്ളവരെ തടഞ്ഞു് നിന്നിരുവടിതന്നെ ഓനവന്മാരെ പിളക്കുന്ന നിജചക്രംകൊണ്ടു് നേരിട്ടു് എതിർത്തു് ശത്രുവായ ഇവന്റെ ശിരസ്സറുത്തു് മുന്നു് ജന്മംകൊണ്ടു് സിദ്ധിച്ച നിരന്തരാനുധ്യാനംകൊണ്ടു് വിശുദ്ധാത്മാവായ ചൈദ്യൻ യോഗിദുർല്ലഭമായ പരമൈക്യം ലഭിച്ചു. ഹിരണ്യാക്ഷഹിരണ്യകശിപുക്കൾ, രാവണകുംഭകർണ്ണന്മാർ, ശിശുപാലദന്തവക്ത്രന്മാർ ഇങ്ങിനെ മൂന്നു് ജന്മമാണു് ജയവിജയന്മാർക്കു് ശാപം കിട്ടിയതു്.

തതസ്സമഹിതേ തവ്യാ കൃതുവരേ നിരുദ്ധേ ജനോ
യയൌ ജയതി ധർമ്മജോ ജയതി കൃഷ്ണ ഇത്യാലപൻ
ഖലഃസതു സുയോധനോ ധൃതമനാസ്സപത്നശ്രിയാ
മയാപ്പിതസഭാമുഖേ സ്ഥലജലഭ്രമാദഭ്രമീൽ ൧൦

അനന്തരം ഏറ്റവും പൂജിതമായ ആ മഹായാഗം നിർവ്വഹിച്ചതിന്നുശേഷം ധർമ്മപുത്രരും കൃഷ്ണനും സർവ്വോല്ക്കർഷേണ വർത്തിയ്ക്കുന്ന എന്നു് ആളുകൾ പ്രശംസിച്ചുകൊണ്ടു് പോയി. ദുഷ്ടനായ ആ ദുര്യോധനൻ ശത്രുശ്രീയാൽ ചഞ്ചലിതഹൃദയനായി മയനുണ്ടാക്കിയ സഭാശാലയുടെ മുമ്പിൽ നിലവും വെള്ളവും തിരിച്ചറിയാതെ പരിഭ്രമിച്ചു.

തദാ ഹസിതമുത്ഥിതം ദ്രുപദനന്ദനാഭീമയോ-
രപാംഗകലയാ വിഭോ! കിമപി താവദുജ്ജൃംഭയൻ
ധരാഭരനിരാകൃതൌ സപദി നാമ ബീജം വപൻ
ജനാർദ്ദന മരുൽപുരീനിലയ! പാഹി മാമാമയാൽ ൧൧

ഹേ പ്രഭോ! ജനാർദ്ദനനായ ഗുരുവായൂരപ്പ! അപ്പോൾ പാഞ്ചാലിയുടെ ഭീമനാ ഉണ്ടായ ചിരിയെ കടാക്ഷവിക്ഷേപം കൊണ്ടു് കുറഞ്ഞാണു് വർദ്ധിപ്പിച്ചു് ഭൂഭാരം തീർക്കുന്നതിൽ ബീജാവാപംചെയ്ത അങ്ങു് എന്നെ രോഗത്തിൽനിന്നു് രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ജരാസന്ധനിഗ്രഹം രാജസൂയം ച.

ദശകം 86.

സാലപ്രാദിവധവർണ്ണനം ഭാരതയുദ്ധവർണ്ണനം ച.

സാലേപാ ഭൈഷ്മീവിവാഹേ യദുബലവിജിത-
ശ്വാത്മൃഡാദിമാനം
വിന്ദൻ സൌഭംസമായീത്വയി വസതി കൃശം
സ്വൽപുരീമഭ്യഭാങ്ക്ഷീൽ
പ്രദ്യുമ്നസ്തം നിരുന്ധന്നിഖിലയദുഭടൈ-
ന്യുഗ്രഹീദുഗ്രവീര്യം
തസ്യാമാത്യം ദ്യുമന്തം വ്യജനി ച സമര-
സ്സച്ചവിംശത്യഹാനേഃ ൧

സാലപൻ രുഗ്മിണീവിവാഹത്തിൽ യദുസൈന്യത്താൽ ജിതനായിട്ടു് ശിവനിൽനിന്നു് സൌഭം എന്ന വിമാനവും ലഭിച്ചുകൊണ്ടു് മായാവിയായി, അങ്ങു് കാശിപുരിയിൽ വസിയ്ക്കുമ്പോൾ ആ പുരിയെ നശിപ്പിച്ചു. പ്രദ്യുമ്നൻ എല്ലാ യാദവഭടന്മാരോടുംകൂടി അവനെ വളഞ്ഞു് തീക്ഷ്ണപരാക്രമനും അവന്റെ മന്ത്രിയുമായ ദ്യുമാനെ നിഗ്രഹിച്ചു. ആ യുദ്ധം ഇരുപത്തേഴുനാൾ നടന്നു.

താവത്തത്രം രാമശാലീ തപരിതമുപഗതഃ
ഖണ്ഡിതപ്രായസൈന്യം
സൌഭേശം തം നിരുന്ധ്യാസ്ത്ര ച കില ഗദയാ
ശാർങ്ഗമഭ്യംശയത്തേ

മായാതാതം വ്യഹിംസീദപി തവ പുരത-
സ്തത്പ്രയാപി ക്ഷണാർദ്ധം
നാജ്ഞായീത്യാഹുരേകേ തദിദമവമതം
വ്യാസ ഏവ ന്യഷേധീൽ ൭

തൽസമയം അങ്ങ് ബലരാമനൊന്നിച്ച് വേഗത്തിലെത്തി മിയ്ച്ഛരും നശിച്ച സൈന്യത്തോടുകൂടിയ സാലവനെ അങ്ങ് വളഞ്ഞു. അവൻ ഗദയാൽ അങ്ങയുടെ വില്ലിനെ വീഴ്ത്തിയത്രെ. അങ്ങയുടെ മുമ്പാകെ മായാനിർമ്മിതനായ താതനെ കൊല്ലുകയും ചെയ്തു. കുറച്ചുനേരം അങ്ങുപോലും അതറിഞ്ഞില്ലെന്ന് ചിലർ പറയുന്നു. ആ ദുഷ്ടാഭിപ്രായത്തെ വ്യാസൻ മാത്രം ഖണ്ഡിച്ചിട്ടുണ്ട്:

ക്ഷിപ്ത്വാസൌഭംഗദാചൂർണ്ണിതമുദകനിധൌ
മങ്ക്ഷുസാലേപപിചക്രേ-
നോൽകൃത്തേ ദന്തവക്ത്രഃ പ്രസഭമഭിപത-
ന്നഭ്യമുഞ്ചൽ ഗദാംതേ
കൌമോദക്യാ ഹതോസാവപി സുകൃതനിധി
ർഭൈദ്യവൽ പ്രാപദൈക്യം
സർവ്വേഷാമേഷ പൂർവ്വം തവയി ധൃതമനസാം
മോക്ഷണാതേഥാവതാരഃ ൯

സൌഭവിമാനത്തെ ഗദകൊണ്ട് പൊടിച്ച് കടലിലെറിഞ്ഞു് ചക്രംകൊണ്ട് സാലവനെ ഛേദിച്ചപ്പോൾ ദന്തവക്ത്രൻ വെലാലെത്തി എതിർത്തു് അങ്ങയുടെ നേരെ ഗദ പ്രയോഗിച്ചു. പുണ്യാകരമായ ഇവനും കൌമോദകീഗദയാൽ നിഹതനായി ഭൈദ്യനെന്നപോലെ പരമൈക്യം പ്രാപിച്ചു. ഈ അവതാരം മനുഷ്യനെ അങ്ങയിൽ മനസ്സുറപ്പിച്ചവരുടെ മോക്ഷത്തിനാണെന്നു തോന്നുന്നു.

തവ്യായാതേഥ ജാതേ കിലകുരുസദസി
ദ്യൂതകേ സംയതായാഃ
ക്രന്ദന്ത്യാ യാജ്ഞസേന്യാസ്സകരുണമകൃഥാ-
ശ്ചേലമാലാമനന്താം

അന്നാനന്തപ്രാപ്തശുച്ഛാംശജമുനിചകിത
ദൈപദീചിന്തിതോഥ
പ്രാപ്തശ്ശാകാന്നമശ്നൻ മുനിഗണമകൃഥാ
സ്തൃപ്തിമന്തം വനാന്തേ ൫

അങ്ങ് മടങ്ങിപ്പോന്നു് കൌരവസഭയിൽ നടന്ന ചൂതുകളിയിൽ വലിച്ചിഴയ്ക്കപ്പെട്ടവളും നിലവിളിയ്ക്കുന്നവളും ആയ പാഞ്ചാലിയ്ക്ക് അവസാനിയ്ക്കാത്ത തരത്തിലുള്ള വസ്ത്രസഞ്ചയം സദയം അങ്ങ് നല്കി. പിന്നെ വനാന്തരത്തിൽവെച്ച് ഭക്ഷണത്തിനുശേഷം വന്ന ദുർവ്വാസസ്സിൽനിന്നു് ഭീതയായ പാഞ്ചാലിയാൽ സ്മരിയ്ക്കപ്പെട്ട അങ്ങ് ശാകാന്നം ഭക്ഷിച്ചുകൊണ്ടു് മഹർഷിമാരേയും ദുർവ്വാസസ്സിനേയും പരമതൃപ്തരാക്കിത്തീർത്തു.

യുദ്ധോദ്യോഗേഥ മന്ത്രേ മിളതി സതി വൃതഃ
ഫൽഗ്രുനേന ത്വമേകഃ
കൌരവ്യേ ദത്തസൈന്യഃ കരിപുരമഗമോ
ദൗത്യകൃൽ പാണ്ഡവാർത്ഥം
ഭീഷ്മദ്രോണാദിമാന്യേ തവ ഖലു വചനേ
ധിക്കൃതേ കൌരവേണ
വ്യാവൃണ്വൻ വിശ്വരൂപം മുനിസദസിപുരീം
ക്ഷോഭയിത്വാഗതോഭൂഃ ൬

അനന്തരം യുദ്ധോത്സാഹരൂപമായ ആലോചന നടന്നുകൊണ്ടിരിയ്ക്കുമ്പോൾ അർജ്ജുനൻ ഏകാകിയായ അങ്ങയെ വരിച്ചു. ദുര്യോധനനു് സൈന്യങ്ങളെ നല്കി. പാണ്ഡവന്മാരുടെ ദൂത്യവും സ്വീകരിച്ചു് ഹസ്തിനപുരത്തിലേയ്ക്കു് ചെന്നു. ഭീഷ്മദ്രോണാദികൾക്കുകൂടി മാനിയ്ക്കുവാൻ ഉണ്ടായില്ല. അപ്പോൾ മഹർഷിസദസ്സിൽ അങ്ങ് വിശ്വരൂപം കാണിച്ചു് നഗരിയെ ക്ഷോഭിപ്പിച്ചു് മടങ്ങിപ്പോന്നു.

ജിഷ്ണോസ്സഖം കൃഷ്ണസൂതഃ ഖലു സമരമുഖേ
ബന്ധുഘാതോദയാലും
ഖിന്നന്തം വീക്ഷ്യവീരം കിമിദമയി സഖേ!
നിത്യ ഏകോയമാത്മാ

കോ വദ്ധ്യഃ കോത്ര ഹന്താ തദിഹ വധഭിയം
പ്രോജ്ഝ്യ മയ്യർപ്പിതാത്മാ
ധർമ്മ്യം യുദ്ധം ചരേതി പ്രകൃതിമനയഥാ
ദർശയൻ വിശ്വരൂപം ൯

ഹേ കൃഷ്ണ! അങ്ങുതന്നെ അർജ്ജുനന്റെ തേരാളിയായിട്ട് യുദ്ധം തുടങ്ങിയപ്പോൾ പരാക്രമിയായ അവനെ ബന്ധുനിഗ്രഹത്തിൽ ദയാലുവായി ഖേദിയ്ക്കുന്നതു് കണ്ടു് അല്ലയോ സഖേ! ഇതെന്തു്? ഈ ആത്മാവു് സനാതനവും ഏകവുമാണു്. ഇവിടെ വധ്യനാർ? കൊല്ലുന്നവനാർ? വധഭയം വെടിഞ്ഞു് എന്നിൽ ആത്മാർപ്പണംചെയ്തു് ധർമ്മത്തിൽനിന്നു് അനപേതമായ യുദ്ധം ചെയ്യുക എന്നു് പറഞ്ഞു് വിശ്വരൂപം പ്രദർശിപ്പിച്ചു് അർജ്ജുനനെ സ്വപ്രകൃതി പ്രാപിപ്പിച്ചു.

ഭക്തോത്തംസേഥ ഭീഷ്മേ തവ ധരണിഭരേ
ക്ഷേപകൃത്യൈകസക്തേ
നിത്യം നിത്യം വിഭിന്ദത്യവനിഭൃദയുതം
പ്രാപ്തസാദേ ച പാർത്ഥേ
നിശ്ശസ്ത്രപ്രതിജ്ഞാം വിജഹദരിവരം
ധാരയൻ ക്രോധശാലീ-
വ്യാധാവൻ പ്രാഞ്ജലിംതം നതശരിരസമഥോ
വീക്ഷ്യ മോദാദപാഗാഃ ൯

അതിനുശേഷം ഭക്തോത്തംസമായ ഭീഷ്മർ അങ്ങയുടെ ഭാരം തീർക്കുക എന്ന ഒരേ കാര്യത്തിൽ ഉല്ക്കണ്ഠിതനായി നിത്യവും പതിനായിരത്തിൽപരം ഭടന്മാരെ നശിപ്പിയ്ക്കുമ്പോൾ അർജ്ജുനൻ തളർന്ന സമയം ശസ്ത്രം എടുക്കില്ലെന്നുള്ള വാശിത്തം ലംഘിച്ചു് ക്രുദ്ധനായി സുദർശനവും ധരിച്ചുകൊണ്ടു് ഓടി തലതാഴ്ത്തി തൊഴുതുനില്ക്കുന്ന ഭീഷ്മനെ കണ്ടു് സന്തോഷത്തോടെ തിരികെ പോന്നു.

യുദ്ധേ ദ്രോണസ്യ ഹന്തുസ്ഥിരരണഭഗദ-
ത്തേരിതം വൈഷ്ണവാസ്ത്രം
വക്ഷസ്യാധത്ത ചക്രസ്ഥഗിതരവിമഹാഃ
പ്രാർത്ഥയത്സിന്ധുരാജം

നാഗാസ്ത്രേ കണ്ണമുക്തേ ക്ഷിതിമവനമയൻ
കേവലം കൃത്തമൌലിം
തത്രേ തത്രാപി പാർത്ഥം കിമിവ നഹി ഭവാൻ
പാണ്ഡവാനാമകാർഷീൽ വ

ദ്രോണയുദ്ധത്തിൽ ആനപ്പുറത്തിരുന്ന് യുദ്ധംചെയ്യുന്ന ഭഗദത്തനാൽ അയയ്ക്കപ്പെട്ട വൈഷ്ണവാസ്ത്രം അങ്ങ് മാറിൽ ധരിച്ചു. സൂര്യതേജസ്സിനെ ചക്രംകൊണ്ട് മറച്ച് ജയദ്രഥനെ നിഗ്രഹിച്ചു. കർണ്ണൻ നാഗാസ്ത്രം വിട്ടപ്പോൾ ഭൂമിയെ താഴ്ത്തി കേവലം കിരീടം മാത്രം ഛേദിപ്പിച്ചു. അതിലും പാർത്ഥനെ രക്ഷിച്ചു. അങ്ങ് പാണ്ഡവന്മാർക്ക് എന്തെല്ലാം രക്ഷചെയ്തുണ്ടായില്ല?

യുദ്ധാദൌ തീർത്ഥഗാമീ സ ഖലു ഹലധരോ
നൈമിശക്ഷേത്രമുച്ച-
ന്നപ്രത്യർത്ഥായിസൂതക്ഷ യകൃദഥ സുതം
തൽപദേ കല്പയിത്വാ
യജ്ഞാഘ്നം വല്ഗുലം പവ്വണി പരിലഭയൻ
സ്നാതതീർത്ഥോ രണാന്തേ
സംപ്രാപ്തോ ഭീമദുര്യോധനരണമശമം
വീക്ഷ്യ യാതഃ പുരീന്തേ ൻ

യുദ്ധം തുടങ്ങിയപ്പോൾ തീർത്ഥയാത്ര പുറപ്പെട്ട ആ ബലഭദ്രൻ നൈമിശക്ഷേത്രത്തിൽചെന്ന് എഴുന്നേല്ക്കാതിരുന്ന സൂതനെ നശിപ്പിച്ച് അവന്റെ പുത്രനെ ആ സ്ഥാനത്തു് നിയമിച്ചു. വാര്യതോരും യാഗം ഹനിയ്ക്കുന്ന വല്ഗുലനെ കൊന്ന് തീർത്ഥസ്നാനംചെയ്ത് യുദ്ധാവസാനത്തിൽ എത്തിച്ചേരുകയും ഭീമദുര്യോധനന്മാരുടെ യുദ്ധം ശമിപ്പിയ്ക്കുവാൻ കഴിയാതെ ദ്വാരകയിലേയ്ക്ക് മടങ്ങിപ്പോകുകയും ചെയ്തു.

സംസുപ്തദ്രൌപദേയക്ഷപണഹതധിയം
ദ്രൌണിമേത്യ തദുക്ത്യാ
തന്മുക്തം ബ്രാഹ്മമസ്ത്രംസമഹൃത വിജയോ
മൌലിരത്നഞ്ച ജഹ്രേ

ഉച്ഛിത്ത്യൈ പാണ്ഡവാനാം പുനരപിച വിശ-
ത്യുത്തരാഗർഭമസ്ത്രേ
രക്ഷന്നംഗുഷ്ഠമാത്രഃ കിലജഠരമഗാ-
ശ്ചക്രപാണീ ച്ചിരോ! തം ൫൦

ഗാഢനിദ്രയിൽപ്പെട്ട പാഞ്ചാലീപുത്രന്മാരെ കൊന്ന ദുഷ്ട ബുദ്ധിയായ അശ്വത്ഥാമാവിനെ പ്രാപിച്ചു. അവൻ വിട്ട ബ്രഹ്മാസ്ത്രം സംഹരിച്ചു. അങ്ങയുടെ വാക്കുകൊണ്ടു് ശിരോരത്നം അപഹരിച്ചു. വീണ്ടും പാണ്ഡവനാശത്തിന്നായി ബ്രഹ്മാസ്ത്രം ഉത്തരയുടെ ഗർഭത്തിലണഞ്ഞപ്പോൾ ഹേ വിഭോ! അങ്ങു് പെരുവിരലോളം മാത്രമുള്ളവനായി ചക്രവും വഹിച്ചു് ഗർഭത്തിൽ പ്രവേശിച്ചു് ഗർഭം രക്ഷിച്ചുവല്ലോ.

ധർമ്മൗഘം ധർമ്മസൂനോരഭിദധദഖിലം
ഹന്ദ മൃത്യുസ്സ ഭീഷ്മ-
സ്ത്വാം പശ്യൻ ഭക്തിഭൂമ്നൈവഹിസപദിയയൌ
നിഷ്ക്കളബ്രഹ്മഭൂയം
സംയാജ്യാഥാശ്വമേധൈസ്ത്രിഭിരതിമഹിതൈ-
ർധർമ്മജം പൂർണ്ണകാമം
സന്ത്രാപ്യോ ദ്വാരകാം തം പവനപുരപതേ!
പാഹി മാം സർവ്വരോഗാൽ ൫൧

ഇഷ്ടമൃത്യുവായ ആ ഭീഷ്മൻ ധർമ്മപുത്രനു് എല്ലാ ധർമ്മോപദേശങ്ങളും നല്കി. അങ്ങയെ കണ്ടുകൊണ്ടു് ഭക്തിമാഹാത്മ്യത്താൽ നിഷ്കളബ്രഹ്മഭാവം പൂണ്ടു. അല്ലയോ ഗുരുവായൂരപ്പ! അനന്തരം പൂർണ്ണകാമനായ ധർമ്മപുത്രനെക്കൊണ്ടു് അതിപൂജിതങ്ങളായ മൂന്നു് അശ്വമേധയാഗം ചെയ്യിച്ചു് ദ്വാരകയിലേയ്ക്കു് വന്ന അങ്ങു് എന്നെ എല്ലാ രോഗത്തിൽനിന്നും രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
സാല്വാദിവധം ഭാരതയുദ്ധവർണ്ണനം ച.

ദശകം 87.

കുചേലോപാഖ്യാനം.

കുചേലനാമാ ഭവതഃസതീർത്ഥ്യതാം
ഗതഃസ സാന്ദീപനിമന്ദിരേ ദ്വിജഃ
തപോദേകരാഗേണ ധനാദിനിസ്പൃഹോ
ദിനാനി നിന്യേ പ്രശമീ ഗൃഹാശ്രമീ ൧

സാന്ദീപനിമുനിയുടെ ഗൃഹത്തിൽവെച്ചു് അങ്ങയുടെ സ ബ്രഹ്മചാരിഭാവത്തെ പ്രാപിച്ചവനും ശാന്തനും ഗൃഹസ്ഥാശ്രമി യും ആയ കുചേലൻ എന്നു് പേരായ ഒരു ബ്രാഹ്മണനു് അങ്ങ യിലുള്ള രാഗാതിശയംകൊണ്ടു് ധനാദികളിൽ നിസ്പൃഹനായി ദിവസങ്ങൾ നയിച്ചുപോന്നു.

സമാനശീലാപി തദീയവല്ലഭാ
തഥൈവ നോ ചിന്തയതീ സമേയുഷീ
കദാചിദൂചേ ബത വൃത്തിലബ്ധയേ
രമാപതിഃ കിന്ന സഖാ നിഷേവ്യതേ ൨

തുല്യസ്വഭാവമുള്ളവളെങ്കിലും അദ്ദേഹത്തിന്റെ ഭാര്യ അ തുപോലെത്തന്നെ മനോജ്ഞയും സിദ്ധിയ്ക്കാത്തതിനാൽ കഷ്ടം! ഉപജീവനം കഴിയ്ക്കുവാൻ "സുഹൃത്തായ ലക്ഷ്മീകാന്തനെ അങ്ങ് ഭജിയ്ക്കാത്തതെന്താണു്" എന്നു് ഒരു ദിവസം ഭർത്താവി നോടു് ചോദിച്ചു.

ഇതീരിതോയം പ്രിയയാ ക്ഷുധാർത്തയാ
മുഹ്യന്നുമാനോപി ധനേ മദാവഹേ
തദാ തദാലോകനകൌതുകാദ്യയൌ
വഹൻ പടാന്തേ പൃഥുകാനുപായനം ൩

അഹങ്കാരം ഉണ്ടാക്കുന്ന ധനത്തിൽ മുഹ്യുള്ളവനാണെ ങ്കിലും ഇദ്ദേഹത്തോടു് വിശപ്പുകൊണ്ടു് ദുഃഖിതയായ ഭാര്യ ഇ ങ്ങിനെ പറഞ്ഞപ്പോൾ ഇദ്ദേഹം കാഴ്ചയായി വസ്ത്രത്തിന്റെ അറ്റത്തു് കുറെ അവിൽ കെട്ടി അങ്ങയെ കാണ്മാനുള്ള കൌതു കംകൊണ്ടു് ദ്വാരകയിലേയ്ക്കു് പോയി.

ഗതോയമാശ്ചര്യമയീം ഭവൽപുരീം
ഗൃഹേഷു ശൈബ്യാ ഭവനം സമേയിവാൻ
പ്രവിശ്യ വൈകുണ്ഠമിവാപ നിർവൃതിം
തവാതിസംഭാവനയാ തു കിം പുനഃ ൪

ഈ കുചേലൻ അത്ഭുതമയിയായ അങ്ങയുടെ രാജധാനിയെ പ്രാപിച്ചിട്ട് അനേകം ഗൃഹങ്ങളുള്ളതിൽ ശൈബ്യഗൃഹത്തിൽ കടന്നു. വൈകുണ്ഠത്തെ പ്രാപിച്ചാലുള്ളതുപോലെയുള്ള നിർവ്വാണം പ്രാപിച്ചു. പിന്നെ അങ്ങയുടെ സംഭാവനകൊണ്ടു് ലഭിച്ച നിർവൃതിയെപ്പറ്റി എന്തു് പറയാനാണു്?

പ്രപൂജിതന്തം പ്രിയയാ ച വീജിതം
കരേ ഗൃഹീത്വാകഥയഃ പുരാകൃതം
യദിന്ധനാത്മം ഗുരുദാരചോദിതൈ-
രപത്രുവഷ്ം തദമഷ്ി കാനനേ ൫

നല്ലപോലെ പൂജിയ്ക്കപ്പെട്ടവനും അങ്ങയുടെ വല്ലഭയായ രുഗ്മിണിയാൽ വീശപ്പെട്ടവനും ആയ കുചേലനെ കൈയ്ക്കു് പിടിച്ചു് ഗുരുഭാര്യയാൽ പ്രേരിതരായിട്ടു് നമ്മൾ വിറകിന്നുവേണ്ടി കാട്ടിൽ പോയപ്പോൾ അകാലവർഷം സഹിയ്ക്കയുണ്ടായതും മറവുള്ള പണ്ടു് നടന്ന ഓരോ വർത്തമാനങ്ങൾ പറഞ്ഞു.

തുപാജുഷോസ്യാൽ പൃഥുകം ബലാദഥ
പ്രഗൃഹ്യ മുഷ്ടൗ സകൃദാശിതേ ത്വയാ
കൃതം കൃതം നസ്പിയതേതി സംഭ്രമാ-
ദുമാ കിലോപേത്യ കരം രുരോധ തേ ൬

അതിന്നുശേഷം ലജ്ജാനമ്രനായ ഈ കുചേലനിൽനിന്നു് അങ്ങുതന്നെ ബലാൽക്കാരേണ അവിൽ എടുത്തു് ഒരു പ്രാവശ്യം ഭക്ഷിച്ചപ്പോൾ "മതി അത്ര മതി" എന്നു് പറഞ്ഞു് പരിഭ്രമിച്ചു് ഓടിവന്നു് ലക്ഷ്മീദേവി അങ്ങയുടെ കൈ തടഞ്ഞുപോൽ. മുഴുവൻ ഭക്ഷിച്ചാൽ ഭക്തനു് ഐശ്വര്യം നല്കുവാൻ തികയാത്തതിനാൽ ലക്ഷ്മി തടഞ്ഞു.

ഭക്തേഷു ഭക്തേന സ മാനിതസ്തയാ
പുരീം വസന്നേകനിശാം മഹാസുഖം
ബതാപരേദ്യുർദ്രവിണം വിനാ യയൌ
വിചിത്രരൂപസ്തവ ഖലപനുഗ്രഹഃ ൭

ഭക്തന്മാരുടെ ക്രൂത്തിൽ ഭക്തനായ അങ്ങയാൽ ആ കുചേലൻ മാനിതനായി ഒരു രാത്രി മുഴുവൻ വളരെ സുഖമായി ദ്വാരകയിൽ പാർത്തുകൊണ്ടു് പിറെന്നാൾ ധനം ക്രൂടാതെ മടങ്ങിപ്പോയി. അഹോ! അങ്ങയുടെ അനുഗ്രഹം അത്ഭുതരൂപത്തിലുള്ളതുതന്നെ.

യദിഹ്യയാ ചിഷ്ണ്യമദാസ്യദച്യുതോ
വദാമി ഭാഗ്യം കിമിതി വ്രജന്നസൌ
തദുക്തിലീലാസ്മിതമഗ്നധീഃ പുനഃ
ക്രമാദപശ്യൻമണിദീപ്രമാലയം ൮

ഞാൻ യാചിച്ചിരുന്നു എങ്കിൽ അച്യുതൻ തരുമായിരുന്നു. ഭാഗ്യയോട്ടു് ഞാനെന്താണു് പറയുക എന്നു് വിചാരിച്ചുകൊണ്ടു് അങ്ങയുടെ വാക്കുകളിലും ലീലാമന്ദഹാസത്തിലും മുങ്ങിയ മനസ്സോടുകൂടി പോകുന്ന ഇവൻ ക്രമത്തിൽ രത്നങ്ങളെക്കൊണ്ടു് ജ്വലിയ്ക്കുന്ന ഗൃഹം കണ്ടു.

കിം മാദൃഗ്വിധംശ ഇതി ഭ്രമൻ ക്ഷണം
ഗൃഹം പ്രവിഷ്ടഃ സ ദദർശ വല്ലഭാം
സഖീപരീതാം മണിഹേമവൃക്ഷിതാം
ബുബോധ ച ത്വൽക്കരുണാം മഹാത്ഭുതാം ൯

വഴി തെറ്റിപ്പോയോ എന്നു് അല്പനേരം പരിഭ്രമിച്ചുകൊണ്ടു് അവൻ ഗൃഹത്തെ പ്രവേശിച്ചു് സഖിമാരാൽ പരിവൃതയും രത്നമയങ്ങളും സുവർണ്ണമയങ്ങളുമായ ആഭരണങ്ങളാൽ അലംകൃതയും ആയ ഭാഗ്യയെ കാണുകയും ഇതു് പരമാത്ഭുതമായ അങ്ങയുടെ ദയാതിരേകമാണെന്നു് മനസ്സിലാക്കുകയും ചെയ്തു.

സ രത്നശാലാസു വസന്നപി സ്വയം
സമുന്നമത്ഭക്തിഭരോമൃതം യയൌ
ത്വ മേവ മാപൂരിതഭക്തവാഞ്ഛിതോ
മരുൽപുരാധീശ! ഹരസ്വ മേ ഗദാൻ ൧൦

അവൻ സ്വയം രത്നശാലകളിൽ പാർക്കുന്നവനെങ്കിലും ക്രമേണ വർദ്ധിയ്ക്കുന്ന അതിഭക്തിയോടുകൂടിയവനായിട്ട് മോക്ഷം പ്രാപിച്ചു. ഹേ ഗുരുവായൂരപ്പ! ഇപ്രകാരം ഭക്താഭീഷ്ടം സാധിപ്പിയ്ക്കുന്ന അങ്ങ് എന്റെ രോഗങ്ങളെ നശിപ്പിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
കുചേലോപാഖ്യാനം.

ദശകം 88.

സന്താനഗോപാലം.

പ്രാഗേവാചായ്പുത്രാഹൃതിനിരമനയാ
സ്വീയഷഷ്ഠംസുനവീക്ഷ്യാം
കാംക്ഷന്ത്യാ മാതൃകക്ഷ്യാ സുതലഭുവി ബലിം
പ്രാപ്യതേനാർച്ചിതസ്ത്വം
ധാതുശ്ശാപാദിരണ്യാനപിതകശിപുഭവാൻ
ശൗരിജാൻ കംസഭഗ്നാ-
നാനീയൈനാൻ പ്രദർശ്യ സപദമനയഥാഃ
പൂർവ്വപുത്രാൻ മരീചേഃ ൧

മുമ്പുതന്നെ ആചായ്പുത്രനെ കൊണ്ടുവന്ന വർത്തമാനം കേട്ടതുകൊണ്ട് തന്റെ ആറു പുത്രന്മാരേയും കാണ്മാനാഗ്രഹിയ്ക്കുന്ന അമ്മയുടെ വാക്കുകൊണ്ട് അങ്ങ് സുതലലോകത്തിൽ മഹാബലിയുടെ അടുത്തുചെന്ന് അദ്ദേഹത്താൽ പൂജിയ്ക്കപ്പെട്ടവനായി ബ്രഹ്മാവിന്റെ ശാപത്താൽ ഹിരണ്യകശിപുവിൽ നിന്ന് ജനിച്ചവരും അതിന്നുശേഷം വസുദേവപുത്രന്മാരായി പിറന്നവരും കംസൻ നശിപ്പിച്ചവരും മരീചിയുടെ പൂർവ്വപുത്രന്മാരുമായ ഇവരെ വരുത്തി കാണിച്ചുകൊടുത്തു് സപ്തർഷിലോകത്തിലേയ്ക്ക് അയച്ചു.

ശ്രുതദേവ ഇതി ശ്രുതം ദ്വിജേന്ദ്രം
ബഹുലാശ്വം നൃപതിംച ഭക്തിപൂർണ്ണം
യുഗപത്പമനുഗ്രഹീതുകാമോ
മിഥിലാം പ്രാപിഥ താപസൈഃസമേതഃ ൨

ശ്രുതദേവൻ എന്ന പ്രസിദ്ധനായ ബ്രാഹ്മണശ്രേഷ്ഠനേയും ഭക്തിനിറഞ്ഞ ബഹുലാശ്വൻ എന്നു് പേരായ രാജാവിനേയും ഒപ്പം അനുഗ്രഹിപ്പാൻ ആഗ്രഹിച്ചുകൊണ്ടു് അങ്ങു് തപസ്വികളോടുകൂടി മിഥിലയെ പ്രാപിച്ചു.

ഗച്ഛൻ ദ്വിമൂർത്തിരുഭയോരൃഗപന്നികേത-
മേകേന ഭൂരിവിഭവൈർവ്വിഹിതോപചാരഃ
അന്യേന തദ്ദിനഭുതൈശ്ച ഫലൌദനാദ്യൈ-
സ്തുല്യം പ്രസേദിഥ ദദാഥ ച മുക്തിമാഭ്യാം ൯

അങ്ങു് രണ്ടു് വിഗ്രഹങ്ങളോടുകൂടി രണ്ടുപേരുടേയും ഗൃഹത്തിൽ ഒരേ സമയം ചെന്നു് ഒരുവനാൽ ബഹുവിഭവങ്ങളും കൊണ്ടും മറവനാൽ അന്നേദിവസം ഒരുക്കിയ ഫലം അന്നം മുതലായവകൊണ്ടു് ഉപചരിയ്ക്കപ്പെട്ടവനായി ഒരേവിധം പ്രസാദിയ്ക്കുകയും ഇവർക്കു് മോക്ഷം നൽകുകയും ചെയ്തു.

ഭൂയോഥ ദ്വാരവത്യാംദ്വിജതനയമൃതിം
തൽപ്രലാപാനുതാപം
കോവാദൈവം നിരുന്ധ്യാദിതികില കഥയൻ
വിശ്വവോന്ധാപ്യസോന്ധാഃ
ജിഷ്ണോർഗ്ഗർവ്വം വിനേതും തപയി മനുജധിയാ
കുണ്ഠിതാജ്ഞാസ്യ ബുദ്ധിം
തത്പാരുഷ്യം വിധാതും പരമതമപദ
പ്രേക്ഷണേനേതി മന്യേ ൰

അനന്തരം വീണ്ടും ദ്വാരകയിലുണ്ടായ ബ്രാഹ്മണപുത്രമരണത്തേയും അവരുടെ വിലാപങ്ങളേയും സഹിച്ചുകൊണ്ടു് വിശ്വംഭരനെങ്കിലും അങ്ങു് ആർക്കു് ഈശ്വരവിധിയെ തടുപ്പാൻ കഴിയും? എന്നു് പറഞ്ഞുകൊണ്ടിരുന്ന. അതു് അർജ്ജുനന്റെ അഹങ്കാരം അടക്കുവാനും അങ്ങയിൽ മനുഷ്യബുദ്ധികൊണ്ടു് വിവേകരഹിതനായ ഇവന്റെ ബുദ്ധിയ്ക്കു് വൈകൃതം കാട്ടിക്കൊടുത്തു് യഥാർത്ഥാവസ്ഥ ഉണ്ടാകുവാനും ആണെന്നു് ഞാൻ വിചാരിയ്ക്കുന്നു.

നഷ്ടാ അഷ്ടാസ്യ പുത്രാഃ പുനരപി തവ തു-
പേക്ഷയാ കഷ്ടവാദഃ
സ്പഷ്ടോ ജാതോ ജനാനാമഥ തദവസരേ
ദ്വാരകാമാര പാർത്ഥഃ
മൈത്ര്യാ തത്രോഷിതോസൌ നവമസുതമൃതൌ
വിപ്രവയ്യപ്രരോദം
ശ്രുത്വാ ചക്രേ പ്രതിജ്ഞാമനുപദഹൃതസുത-
സ്സന്നിവേക്ഷ്യേ കൃശാനും ൫

ഈ ബ്രാഹ്മണന്റെ എട്ട് പുത്രന്മാർ മരിച്ചു. വീണ്ടും അങ്ങയുടെ ഉപേക്ഷയാൽ ആളുകളുടെ ഇടയിൽ കഷ്ടം എന്ന വാക്കുണ്ടായി. തൽക്ഷണം അർജ്ജുനൻ ദ്വാരകയിൽ വരുവാനിടയായി. സ്നേഹത്തോടുകൂടി അവിടെ പാർത്ത ഇവൻ ഒമ്പതാമത്തെ പുത്രൻ മരിച്ചപ്പോൾ ബ്രാഹ്മണശ്രേഷ്ഠന്റെ നിലവിളി കേട്ട് ഇനിയത്തെ പുത്രനെ ഞാൻ കൊണ്ടുവന്നില്ലെങ്കിൽ അഗ്നിപ്രവേശം ചെയ്തേയ്ക്കാം എന്നു് പ്രതിജ്ഞചെയ്തു.

മാനീ സ ത്വാമപൃഷ്ടാ ദ്വിജനിലയഗതോ
ബാണജാലൈർമ്മഹാസ്ത്രൈ-
രുന്ധാനഃസൂതികേഹം പുനരപി സഹസാ
ദൃഷ്ടനഷ്ടേ കുമാരേ-
യാമ്യാമൈന്ദ്രീംതഥാന്യാസ്സുരവരനഗരീർ-
വിദ്യയാസാദ്യ സദ്യോ
മോഘോദ്യോഗഃ പതിഷ്യൻ ഹുതഭുജി ഭവതാ
സസ്മിതം വാരിതോഭൂൽ ൬

മാനമുള്ള അർജ്ജുനൻ നിന്തിരുവടിയോടു് ചോദിയ്ക്കാതെ ബ്രാഹ്മണഗൃഹത്തിൽ ചെന്നു് ദിവ്യാസ്ത്രങ്ങൾകൊണ്ടും മറ്റും ബാണങ്ങൾകൊണ്ടും സൂതികാഗൃഹം തടുത്തു. വീണ്ടും ഉടനെ കുമാരൻ ഒന്നു് കണ്ടു് മറഞ്ഞപ്പോൾ യമന്റേയും ഇന്ദ്രന്റേയും മറ്റു് ദേവശ്രേഷ്ഠന്മാരുടേയും നഗരികളിൽ യോഗവിദ്യകൊണ്ടു് പാഞ്ഞെത്തി നിഷ്ഫലപ്രയത്നനായി അഗ്നിപ്രവേശം ചെയ്യാൻ പോകുമ്പോൾ അങ്ങയാൽ പുഞ്ചിരിയോടെ തടുക്കപ്പെട്ടു.

സാദ്ധ്യംതേന പ്രതീചീംദിശമതിജവിനാ-
സ്യന്ദനേനാഭിയാതോ
ലോകാലോകം വ്യതീതസ്ത്വമിരഭരമഥോ
ചക്രധാമ്നാ നിരുന്ധൻ
ചക്രാംശുക്ലിഷ്ടദുഷ്ടാം സ്ഥിതമഥ വിജയം
പശ്യ പശ്യേതി വാരാം
പാരേ തപം പ്രാദർശഃ കിമപി ഹി തമസാം
ദൂരദൂരം പദംതേ ൭

അവനോടുക്രൂടി അതിവേഗമുള്ള തേരിലൂടെ പടിഞ്ഞാറെ ദിക്കിലേയ്ക്ക് പോയി ലോകാലോകം അതിക്രമിച്ച് അവിടുത്തെ ക്രൂരിരുട്ടിനെ ചക്രതേജസ്സുകൊണ്ട് തടഞ്ഞു് ചക്രശ്രീ കണ്ണിൽ തറച്ച് ക്ലേശിച്ചുനില്ക്കുന്ന അർജ്ജുനനോട് നോക്കുക നോക്കുക എന്നിങ്ങിനെ ഇരുട്ടിനു് അവിഷയവും വെള്ളത്തിന്റെ മറുകരയിലുള്ളതും അവർണ്ണ്യവുമായ അങ്ങയുടെ സ്ഥാനത്തെ അങ്ങ് കാട്ടിക്കൊടുത്തു.

തത്രാസീനം ഭുജംഗാധിപശയനതലേ
ദിവ്യഭൂഷായുധാദ്യൈ-
രാവീതം പീതചേലം പ്രതിനവജലദ
ശ്യാമളം ശ്രീമദംഗം
മൂർത്തീനാമീശിതാരം പരമിഹ തിസൃണാ
മേകമർത്ഥം ശ്രുതീനാം
താമേവ ത്വാം പരാത്മൻ! പ്രിയസഖസഹിതോ
നേമിഥ ക്ഷേമരൂപം ൮

അവിടെ സർപ്പരാജാവായ മെത്തയിൽ എഴുന്നള്ളി ഇരിയ്ക്കുന്നവനും ദിവ്യങ്ങളായ ആഭരണങ്ങളും ആയുധങ്ങളും മുതലായവയാൽ ആവൃതനും മഞ്ഞുപുട്ടണിഞ്ഞവനും പുതിയ മേഘം പോലെ ശ്യാമളവർണ്ണനും ശ്രീമദംഗം വഹിയ്ക്കുന്നവനും ത്രിമൂർത്തികൾക്കു് ഈശ്വരനായും വേദങ്ങളുടെ ഏകാർത്ഥമായവനും പരനും മംഗലസ്വരൂപിയും ആയ അങ്ങയെത്തന്നെ അല്ലയോ പരമാത്മാവേ! അങ്ങു് അർജ്ജുനനോടുക്രൂടി നമസ്കരിച്ചു.

യുവാം മാമേവ ദമ്പാവധികവിപുതാന്തർഹിതതയാ
വിഭിന്നൌ സന്ദൃഷ്ടം സപദമഹമാഷം ദ്വിജസുതാൻ
നയേതം ദ്രാഗേതാനിതി ഖലു വിതീർണ്ണാൻ പുനരമൂൻ
ദ്വിജായാ ദായാദഃ പ്രണതമഹിമാ പാണ്ഡുജനുഷാ ൻ

ഏറെറവും വ്യക്തമായും മറഞ്ഞും രണ്ടായി പിരിഞ്ഞിരിയ്ക്കുന്ന ഞാനാകുന്ന നിങ്ങൾ രണ്ടുപേരേയും ഒന്നിച്ച് കാണ്മാൻ സപദം ബ്രാഹ്മണപുത്രന്മാരെ അപഹരിച്ചതു്. ഇവരെ വേഗം കൊണ്ടുപോകാം എന്നു് പറഞ്ഞു് ദാനംചെയ്ത ഈ കുട്ടികളെ അർജ്ജുനനാൽ സ്തുതിയ്ക്കപ്പെട്ട മാഹാത്മ്യത്തോടുകൂടിയവനായിട്ട് ബ്രാഹ്മണനു് പുത്രന്മാരെ നല്കി.

ഏവം നാനാവിഹാരൈർജ്ജഗദഭിരമയൻ
വൃഷ്ണിവംശം പ്രപുഷ്ണ-
ന്നീജാനോ യജ്ഞഭേദൈരതുലവിഭൂതിദിഃ
പ്രീണയന്നേണനേത്രാഃ
ഭൂഭാരക്ഷേപദംഭാൽ പദകമലജുഷാം
മോക്ഷണായാവതീർണ്ണഃ
പൂർണ്ണം ബ്രഹ്മൈവ സാക്ഷാദ്യദുഷു മനുജതാ
തുഷിതസ്ഥം വ്യലാസീഃ ൧൦

ഇപ്രകാരം വിവിധക്രീഡകൾകൊണ്ടു് ലോകത്തെ രമിപ്പിച്ചുകൊണ്ടും യാദവകുലത്തെ പോഷിപ്പിച്ചുകൊണ്ടും ഓരോ യാഗവിശേഷങ്ങളെ നടത്തിക്കൊണ്ടും നിസ്തുലലീലകളാൽ സുന്ദരിമാരെ സന്തോഷിപ്പിച്ചുകൊണ്ടും ഭൂമിയുടെ ഭാരം തീർക്കേ എന്ന വ്യാജത്താൽ പാദപദ്മാശ്രിതന്മാർക്കു് മോക്ഷം നല്കുവാൻ അവതരിച്ച സാക്ഷാൽ പരിപൂർണ്ണബ്രഹ്മമായ അങ്ങു് യദുകുലത്തിൽ മനുഷ്യതുല്യം വഹിച്ചു് വിളങ്ങി.

പ്രായേണ ദ്വാരവത്യാമവൃതദയി തദാ
നാരദസ്ത്വദ്രസാർദ്ര
സ്ത്വസ്മാല്ലേഭേ കദാചിൽ ഖലു സുകൃതനിധി
സ്ത്വൽപിതാ തത്പബോധം

ഭക്താനാമഗ്രയായീ സ ച ഖലു മതിമാ–
നദ്ധവസ്ഥത്ത ഏവ
പ്രാപ്തോ വിജ്ഞാനസാരം സ കില ജനഹിതാ
യാധുനാസ്തേ ബദര്യ്യാം ൫൫

ഹേ ഭഗവൻ! അന്നു് നാരദമുനി ഭഗവദ്സാർദ്ധനായി ദ്വാരകയിൽതന്നെ മിക്കനാളും വസിച്ചു് പുണ്യനിധിയായ അങ്ങയുടെ അച്ഛനു് ആ നാരദനിൽനിന്നു് തത്വജ്ഞാനോപദേശം ഒരിയ്ക്കൽ ലഭിച്ചു. ഭക്താഗ്രഗണ്യനും മേധാവിയുമായ ആ ഉദ്ധവനും അങ്ങയിൽനിന്നുതന്നെ ജ്ഞാനസാരം ലഭിച്ചു. അദ്ദേഹം ഇന്നും ലോകഹിതത്തിന്നായി ബദരിയിൽ വസിയ്ക്കുന്നു.

സോയം കൃഷ്ണാവതാരോ ജയതി തവ വിഭോ!
യത്ര സൌഹാർദ്ദഭീതി–
സ്നേഹദ്വേഷാനുരാഗപ്രഭൃതിഭിരതുലൈ–
രശ്രമൈര്യ്യോഗഭേദൈഃ
ആത്തിം തീർത്ത്വാ സമസ്താമമൃതപദമഗ–
സ്സ്വീതസ്സർവ്വലോകഃ
സതപംവിശ്വാത്തിശാന്ത്യൈ പവനപുരപതേ!
ഭക്തിപൂർത്ത്യൈ ച ഭൂയാഃ ൫൬

ഹേ വിഭോ! അങ്ങയുടെ ആ ഈ കൃഷ്ണാവതാരം വിജയിയ്ക്കുന്നു. യാതൊന്നിൽ (അവതാരത്തിൽ) എല്ലാവരും സ്നേഹം, ഭയം, മൈത്രി, ദ്വേഷം, രാഗം മുതലായ നിസ്സീമങ്ങളും അശ്രമങ്ങളുമായ യോഗഭേദങ്ങളാൽ എങ്ങും ഏതുപ്രകാരത്തിലുള്ളതും ആയ ദുഃഖത്തെ അതിക്രമിച്ചു് മോക്ഷം പ്രാപിച്ചു. അല്ലയോ ഗുരുവായൂപുരേശ! ആ അങ്ങു് സകലവിധ താപശാന്തിയ്ക്കും ഭക്തിപൂർത്തിയ്ക്കും ഇടവരുത്തിത്തരുമാറാകണേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
സന്താനഗോപാലം.

ദശകം 89.

വൃകാസുരനിഗ്രഹഃ

രമാജാനേ! ജാനേ യദിഹ തവ ഭക്തേഷു വിഭവോ
ന സദ്യസ്സംപാദ്യസ്തദിഹ മദകൃത്പാദശമിനാം
പ്രശാന്തിം കൃത്വൈവ പ്രദിശസി തതഃ കാമമഖിലം
പ്രശാന്തേഷു ക്ഷിപ്രം ന ഖലു ഭവദീയേ ച്യുതികഥാ ൧

ഹേ ലക്ഷ്മീകാന്ത! ഇവിടെ അങ്ങയുടെ ഭക്തന്മാരിൽ ക്ഷണം വൈശദ്യം ഉണ്ടായിത്തീരാതിരിയ്ക്കുന്നതു് അഹങ്കാരം ഉണ്ടാകുന്നതാകയാലാണെന്നു് ഞാനറിയുന്നു. ശമഗുണം ഇല്ലാത്തവർക്കു് പ്രശാന്തിയെ ഉണ്ടാക്കിത്തീർക്കുന്നതിനു് ശേഷമേ എല്ലാ അനുഗ്രഹങ്ങളേയും പ്രദാനംചെയ്യുന്നുള്ളൂ. പ്രശാന്തന്മാരിൽ വേഗം ദാനംചെയ്യുന്ന അങ്ങയുടെ ച്യുതി ഉണ്ടാകുന്നില്ല.

സദ്യഃ പ്രസാദരുഷിതാൻ വിധിശങ്കരാദീൻ
കേചിദ്വിഭോ! നിജഗുണാനുഗുണം ഭജന്തഃ
ഭ്രഷ്ടാ ഭവന്തി ബത കഷ്ടമദീർഘദൃഷ്ട്യാ
സ്പഷ്ടം വൃകാസുര ഉദാഹരണം കിലാത്ര ൨

ഹേ വിഭോ! ചിലർ സ്വഗുണങ്ങൾക്കനുസരിച്ചു് ക്ഷണത്തിൽ സന്തോഷിയ്ക്കുകയും ക്രോധിയ്ക്കുകയും ചെയ്യുന്ന ബ്രഹ്മാവു് ശിവൻ മുതലായവരെ ആശ്രയിച്ചുകൊണ്ടു് ദീർഘദർശനമില്ലായ്കയാൽ ഭ്രഷ്ടന്മാരായിത്തീരുന്നു. കഷ്ടം! ഇതിൽ വൃകാസുരൻ തികഞ്ഞ ദൃഷ്ടാന്തമാണുപോൽ.

ശകുനിജസ്സ തു നാരദമേകദാ
പരിതതോഷമപൃച്ഛദധീശ്വരം
സ ച ദിദേശ ഗിരീശമുപാസിതും
ന തു ഭവന്തമബന്ധുമസാധ്വസഃ ൩

വൃകനാകട്ടെ ഒരിയ്ക്കൽ നാരദനോടു് വേഗം പ്രസാദിയ്ക്കുന്ന ഈശ്വരൻ ആരാണെന്നു് ചോദിച്ചു. അദ്ദേഹം ശിവനെ ആരാധിയ്ക്കുവാനുപദേശിച്ചു. ദുഷ്ടന്മാരിൽ ബന്ധുവല്ലാത്ത അങ്ങയെ ഉപാസിയ്ക്കുവാൻ ഉപദേശിയ്ക്കുയുണ്ടായില്ല.

തപസ്തപ്ത്വാ ഘോരം സഖലു കപിതസ്സപ്തമദിനേ
ശിരശ്ഛിത്വാ സദ്യഃ പുരഹരമുപസ്ഥാപ്യ പുരതഃ
അതിക്ഷുദ്രം രൌദ്രം ശിരസി കരദാനേന നിധനം
ജഗന്നാഥാദ്വേ ഭവതി വിമുഖാനാം കഥ ശുഭധീഃ ൾ

അവൻ കഠിന തപസ്സുചെയ്തു് ഏഴാമത്തെ ദിവസം ക്രുദ്ധനായിട്ടു് ശിരസ്സു് മുറിച്ചു് ഉടനെ ശിവനെ മുന്നിൽ പ്രത്യക്ഷമാക്കീട്ടു് ശിവനിൽനിന്നു് ശിരസ്സിൽ കൈവെയ്ക്കുന്നതായാൽ മരിയ്ക്കുക എന്ന അതിക്ഷുദ്രവും ഭയങ്കരവും ആയ വരം വാങ്ങി. ഭവദ്വിമുഖന്മാക്കു് സൽബുദ്ധി എവിടെ?

മോക്താരം ബന്ധമുക്തോ ഹരിണപതിരിവ
പ്രാദ്രവൽസോഥരുദ്രം
ദൈത്യാൽ ഭീത്യാ സ്മദേവോ ദിശി ദിശി വലതേ
പൃഷ്ഠതോ ദത്തദൃഷ്ടിഃ
തൂഷ്ണീകേ സമ്പ്രലോകേ തവ പദമധിരോ–
ക്ഷ്യന്തമവീക്ഷ്യ ശമ്പം
ദൂരാദേവാഗ്രതസ്ഥം പടുവടുവപുഷാ
തസ്ഥിഷേ ദാനവായ ങി

കെട്ടി അഴിച്ചുവിട്ട സിംഹം അഴിച്ചുവിട്ട ആളെ എന്നപോലെ അവൻ ശിവന്റെ നേരെ ഓടിയെത്തിയപ്പോൾ അസുരനിൽനിന്നുള്ള ഭയംകൊണ്ടു് അദ്ദേഹം പിന്നാക്കം ഇടയ്ക്കിടയ്ക്കു് നോക്കിക്കൊണ്ടു് എല്ലാടത്തും ചുറ്റിനടന്നു. എല്ലാവരും മിണ്ടാതിരുന്നപ്പോൾ അങ്ങയുടെ സ്ഥാനത്തിൽ കേറുവാൻ ഭാവിയ്ക്കുന്ന ശിവനെ കണ്ടു് ദൂരത്തിൽനിന്നതന്നെ അങ്ങു് സമർത്ഥനായ ബ്രഹ്മചാരിയുടെ രൂപം എടുത്തു് അസുരനുവേണ്ടി സ്ഥിതിചെയ്തു.

ഭദ്രം തേ ശാകുനേയ! ഭ്രമസി കിമധുനാ
തപം പിശാചസ്യ വാചാ
സന്ദേഹശ്ചേന്മമാക്കെ തവ കിമു ന കരോ–
ഷ്യംഗ്രലീമംഗ! മൌലൌ

ഇത്ഥംതദ്വാക്യമൂഢശ്ശിരസി കൃതകര-
സ്പോപതച്ഛിന്നപാതം
ഭ്രംശോ ഹ്യേവം പരോപാസിതുരപി ച ഗതിഃ
ശൂലിനോപി തവമേവ ൯൭

ഹേ വൃകാസുര! അങ്ങയ്ക്ക് മംഗലം ഭവിയ്ക്കട്ടെ. അങ്ങ് പിശാചിന്റെ വാക്കിനാൽ എന്താണിപ്പോൾ ഓടി ചുറ്റിത്തിരിയുന്നത്. എന്റെ വാക്കിൽ സംശയം ഉണ്ടെങ്കിൽ ഹേ! അങ്ങെന്താണ് വിരൽ ശിരസ്സിൽ വെയ്ക്കാത്തത്? എന്ന് അങ്ങയുടെ വാക്കുകേട്ട് അവൻ ശിരസ്സിൽ കൈവെച്ച് നിലം പതിച്ചു. അന്യരെ ഉപാസിയ്ക്കുന്നവന്ന് ഇങ്ങിനെയാണ് ഭ്രംശം നേരിട്ടുന്നത്. ശിവനുകൂടി അങ്ങുതന്നെയാണല്ലൊ ശരണമായിട്ടുള്ളത്.

ഭൃഗും കില സരസ്വതീനികടവാസിനസ്താപസാ-
സ്ത്രിമൂർത്തിഷു സമാദിശന്നധികസത്വതാം വേദിതും
അയം പുനരനാദരാ ദുദിതരുദ്ധരോഷോ വിധൌ
ഹരേപിച ജിഹിംസിഷൌ ഗിരിജയാ ധൃതേ തവാമഗാൽ ൯൮

സരസ്വതീനദിയുടെ അടുത്ത് താമസിയ്ക്കുന്ന താപസന്മാർ ത്രിമൂർത്തികളിൽ അധികമായ സത്വഗുണം ആർക്കാണെന്ന് പരീക്ഷിയ്ക്കുവാൻ ഭൃഗുവിനെ അയച്ചു. ആ മുനി ബ്രഹ്മാവിന്റെ അടുത്ത് ചെന്നു. അദ്ദേഹത്തെ ബഹുമാനിയ്ക്കായ്കയാൽ ബ്രഹ്മാവ് ക്രുദ്ധനായി പിന്നെ ശാന്തനായി ശിവന്റെ അടുത്തെത്തിയപ്പോൾ ആദരിയ്ക്കായ്കയാൽ ശിവൻ കൊല്ലുവാൻ ഭാവിയ്ക്കയും പാർവ്വതി തടുക്കയും ചെയ്തു. പിന്നെ ഭൃഗു അങ്ങയുടെ അടുത്തേയ്ക്ക് വന്നു.

സുപ്തം രമാങ്കഭുവി പങ്കജലോചനം തവാം
വിപ്രേ വിനിഘ്നതി പദേന മുദോത്ഥിതസ്ത്വം
സ്വപ്നം ക്ഷമസ്വ മുനിവര്യ! ഭവേൽസദാ മേ
തൽപാദചിഹ്നമിഹ ഭൂഷണമിത്യവാദീഃ ൯൯

ശ്രീദേവിയുടെ മടിയിൽ കിടന്നുറങ്ങുന്ന പുണ്ഡരീകാക്ഷനായ അങ്ങയെ ബ്രാഹ്മണൻ കാൽകൊണ്ട് ചവുട്ടിയപ്പോൾ സന്തുഷ്ടനായി എഴുന്നേറ്റു നിന്തിരുവടി "അല്ലയോ മുനിശ്രേഷ്ഠ! എ

ല്ലാം ക്ഷമിച്ചാലും! അങ്ങയുടെ കാലടികൊണ്ടുള്ള അടയാളം എനിയ്ക്ക് എപ്പോഴും അലങ്കാരമായിരിയ്ക്കും" എന്നു് പറഞ്ഞു.

നിശ്ചിത്യ തേ ച സുദൃഢം തവയി ബദ്ധഭാവാ-
സ്സാരസ്വതാ മുനിവരാ ദധിരേ വിമോക്ഷം
താമേവമച്യുത! പുനശ്ച്യുതിദോഷഹീനം
സന്തോഷച്ചയൈകതനുമേവ വയം ഭജാമഃ ൯

സരസ്വതീസമീപവാസികളായ ആ മുനിവരന്മാർ അങ്ങയിൽ സുദൃഢഭക്തിഭാവം നിശ്ചയിച്ചു് മോക്ഷം ലഭിച്ചു. ഹേ അച്യുത! ഇങ്ങിനെ പുനശ്ച്യുതി (വീണ്ടും ഉള്ള നാശം) എന്ന ദോഷമില്ലാത്തവനും സന്തോഷാധിക്യമാകുന്ന ഒരേ രൂപമുള്ളവനും ആയ അങ്ങയെത്തന്നെ ഈ ഞങ്ങൾ സേവിയ്ക്കുന്നു.

ജഗൽസൃഷ്ട്യാദൌ തവാംനിഗമനിവഹൈശ്ചന്ദ്രികിരിവ
സ്തുതം വിഷ്ണോ! സച്ചിൽപരമരസനിർദ്വൈതവപുഷം
പരാത്മാനം ഭൂമൻ! പശുപവനിതാഭാഗ്യനിവഹം
പരീതാപശ്രാന്ത്യൈ പവനപുരവാസിൻ! പരിഭജേ ൧൦

ഹേ വിഷ്ണുഭഗവാനെ! ഗുരുവായൂപുരേശ! ലോകസൃഷ്ടിയുടെ ആദിയിൽ സ്തുതിപാഠകന്മാരാൽ എന്നപോലെ വേദസമൂഹങ്ങളാൽ സ്തുതിയ്ക്കപ്പെട്ടവനും സച്ചിദാനന്ദരസത്തോടു് ഐക്യം വന്ന ദിവ്യവിഗ്രഹത്തോടുകൂടിയവനും പരാത്മാവും ഗോപികാഭാഗ്യപൂരവും ആയ നിന്തിരുവടിയെ ദുഃഖശമനത്തിന്നുവേണ്ടി ഏറ്റവും ഭജിയ്ക്കുന്നു.

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
വൃകാസുരവധവർണ്ണനം.

ദശകം 90.

ആഗമാദിതാല്പര്യവിവരണം.

വൃകഭൂമുനിമോഹിന്യംബരീഷാദിവൃത്തേ-
ഷ്വപി! തവ ഹി മഹത്തമം സച്ഛാസ്ത്രമിജ്യാദിജൈത്രം
സ്ഥിതമിഹ പരമാത്മൻ! നിഷ്കളാവ്യാഗഭിന്നം
കിമപി യദവഭാതം തദ്ധി രൂപം തവൈവ ൧

ഹേ പരാത്മാവേ! വൃകൻ, ഭൃഗുമുനി, മോഹിനി, അംബരീഷൻ മുതലായവരുടെ ചരിത്രത്തിൽ അങ്ങയുടെ മഹത്വം ശിവപ്രഭൃതികളായ എല്ലാ ദേവന്മാരേയും ജയിയ്ക്കുന്ന ശീലമായിട്ടുള്ളതാണു്. എല്ലാ നിഷ്കളവും വാക്കുകൊണ്ടു് അഭിന്നവും അവർണ്ണ്യവും ആയി യാതൊന്നു് ശോഭിയ്ക്കപ്പെടുന്നുവോ അതു് അങ്ങയുടെ രൂപംതന്നെയാണല്ലോ.

മൂർത്തിത്രയേശ്വര സദാശിവപഞ്ചകം യൽ
പ്രാഹുഃ പരാത്മവപുരേവ സദാശിവോസ്മിൻ
തത്രേശ്വരസ്യ സ വികുണ്ഠപദസ്ഥമേവ
ത്രിതയം പുനർഭജസി സത്യപദേ ത്രിഭാഗേ ൫

ത്രിമൂർത്തികളും ഈശ്വരൻ സദാശിവൻ എന്നിങ്ങനെയുള്ള അഞ്ചു് പേരിൽ പരമാത്മമൂർത്തിയായ അങ്ങു് തന്നെയാണു് സദാശിവൻ എന്നു് പറയുന്നു. അവരിൽ ഈശ്വരനും വൈകുണ്ഠപദനായ അങ്ങുതന്നെയാകുന്നു. മൂന്നു് ഭാഗമായ സത്യലോകത്തിൽ ത്രിമൂർത്തികളുടെ സ്ഥിതിയെ ആശ്രയിയ്ക്കുന്നതും അങ്ങുതന്നെ.

തത്രാപി സാത്വികതനുംതവ വിഷ്ണുമാഹു-
ർധാതാ തു സത്ത്വവിരളോ രജസൈവ പൂർണ്ണഃ
സത്ത്വോൽകടത്വമപി ചാസ്തി തമോവികാര-
ചേഷ്ടാദികഞ്ച തവ ശങ്കരനാമ്നി മൂർത്തൗ ൬

ആ ത്രിമൂർത്തികളിൽവെച്ചു് അങ്ങയുടെ സത്വമായ വിഗ്രഹത്തെ വിഷ്ണു എന്നു് പറയപ്പെടുന്നു. ബ്രഹ്മാവാകട്ടെ രജോഗുണം നിറഞ്ഞവനും സത്വഗുണം കുറഞ്ഞവനും ആകുന്നു. അങ്ങയുടെ ശങ്കരൻ എന്നു് പേരായ മൂർത്തിയിൽ സത്വഗുണത്തിന്റെ വർദ്ധനയും തമോവികാരത്തിന്റെ ചേഷ്ടാദികളും ഭവിയ്ക്കുന്നു.

തഞ്ച ത്രിമൂർത്ത്യതിഗതം പരപൂരുഷം ത്വാം
ശുദ്ധാത്മനാപി ഖലു സത്ത്വമയത്വഹേതോഃ
ശംസന്ത്യുപാസനവിധൌ തദപി സ്വതസ്തു
ത്വദ്രൂപമിത്യതിദൃഢം ബഹ്വനഃ പ്രമാണം ൭

ത്രിമൂത്തികളെ അതിശയിയ്ക്കുന്ന പരപുരുഷനായ ആ അങ്ങയേയും സച്ചിത്രൂപിയാകയാൽ ശിവസച്ചിത്രൂപിയായിട്ടും ഉപാസനവിധിയിൽ പറയപ്പെട്ടുന്നു. എന്നാലും വാസ്തവത്തിൽ അതു് അങ്ങയുടെ സച്ചിത്രൂപംതന്നെ എന്നു് നമുക്കു് വളരെ ഉറപ്പുള്ള പ്രമാണങ്ങളും ഉണ്ടു്.

ശ്രീശങ്കരോപി ഭഗവാൻ സകളേഷു താവ–
ത്തപാമേവ മാനയതി യോ നഹി പക്ഷപാതീ
തപന്നിഷ്ഠമേവ സ ഹി നാമസഹസ്രകാദി
വ്യാഖ്യൽ ഭവൽസ്തുതിപരശ്ച ഗതിം ഗതോന്തേ ൪

ഭഗവാൻ ശ്രീശങ്കരാചാര്യരും സകലന്മാരിൽവെച്ചു് അങ്ങയെത്തന്നെ പൂജിയ്ക്കുന്നു. അതുകൊണ്ടു് അദ്ദേഹം പക്ഷപാതിയല്ലല്ലോ. സഹസ്രനാമം മുതലായതെല്ലാം ഭവൽസ്തോത്രപരമായിട്ടുതന്നെ അദ്ദേഹം വ്യാഖ്യാനിച്ചുവല്ലോ. അവസാനത്തിൽ അദ്ദേഹം ഭവൽസ്തോത്രപരനായിട്ടു് മോക്ഷം പ്രാപിയ്ക്കുകയും ചെയ്തു.

മൂത്തിത്രയാതിഗമുവാച ച മന്ത്രശാസ്ത്ര–
സ്യാദൌ കളായസുഷമം സകലേശപരംതപാം
ധ്യാനഞ്ച നിഷ്കളമസൌ പ്രണവേ ഖലൂക്തപാ
തപാമേവ തത്ര സകളം നിജഗാദ നാന്യം ൫

അദ്ദേഹം തന്നെ മന്ത്രശാസ്ത്രത്തിന്റെ ആരംഭത്തിൽ ത്രിമൂത്തികളെ അതിശയിയ്ക്കുന്ന സർവ്വേശ്വരനായ അങ്ങയെ കായാന്യൂവിന്റെ പരമശോഭയുള്ളവനായിട്ടു് വിവരിയ്ക്കുകയും ചെയ്തു. പ്രണവത്തിൽ നിഷ്കളധ്യാനത്തെ വിവരിച്ചിട്ടു് സകളനായിട്ടു് അങ്ങയെത്തന്നെ വർണ്ണിച്ചു. അല്ലാതെ അന്യനേയല്ല.

സമസ്തസാരേ ച പുരാണസംഗ്രഹേ
വിസംശയം തപമഹിമൈവ വർണ്ണ്യതേ
ത്രിമൂത്തിയുക്തസത്യപദത്രിഭാഗതഃ
പരം പദംതേ കഥിതംനശ്രുലിനഃ ൬

എല്ലാറ്റിന്റേയും സാരഭൂതമായ പുരാണസംഗ്രഹത്തിലും അങ്ങയുടെ മാഹാത്മ്യത്തെത്തന്നെ നിസ്സംശയം വർണ്ണിച്ചിരിയ്ക്കു

ന്നു. ത്രിമൂർത്തികളോടുകൂടിയ സത്യലോകത്തിലെ മൂന്നു് ഭാഗങ്ങളിൽ ഉൽകൃഷ്ടസ്ഥാനം അങ്ങയുടേതാണെന്നു് പറയപ്പെട്ടിരിയ്ക്കുന്നു. ശിവനേറതല്ല.

യൽ ബ്രാഹ്മകല്പ ഇഹ ഭാഗവതദ്വിതീയ-
സ്കന്ധോദിതം വപുരനാവൃതമീശ! ധാത്രേ
തസ്യൈവ നാമ ഹരിശബ്ദമുഖം ജഗാദ
ശ്രീമാധവശ്ശിവപരോപി പുരാണസാരേ വ്യ

ഹേ ഈശ്വരാ! ഇവിടെ ബ്രാഹ്മകല്പത്തിൽ ബ്രഹ്മാവിനു് വിവരിച്ചു് കാണിയ്ക്കാത്തതും ഭാഗവതം രണ്ടാംസ്കന്ധത്തിൽ പറയപ്പെട്ടതും ആയ ശരീരത്തെ ഹരിശബ്ദപ്രവൃത്തികളായ നാമങ്ങളെക്കൊണ്ടു് ശിവതല്പരനാണെങ്കിലും ശ്രീമാധവാചാര്യർ പുരാണസാരമെന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിയ്ക്കുന്നു.

യേ സപ്രകൃത്യനുഗുണാ ഗിരിശം ഭജന്തേ
തേഷാം ഫലം ഹി ദുഗ്ധയൈവ തദീയഭക്ത്യാ
വ്യാസോ ഹി തേന കൃതവാനധികാരിഹേതോഃ
സ്കാന്ദാദികേഷു തവ ഹാനിവചോർത്ഥവാദൈഃ ൯

സപ്രകൃതിയെ അനുസരിച്ച ശിവനെ സേവിയ്ക്കുന്നവർക്കു് ഉറച്ച ശിവഭക്തികൊണ്ടുതന്നെയാണല്ലൊ ഫലം സിദ്ധിയ്ക്കുന്നതു്. അതിനാൽ ആ അധികാരികൾക്കു് വ്യാസമഹർഷി സ്കാന്ദാദിഗ്രന്ഥങ്ങളിൽ അർത്ഥവാദങ്ങൾകൊണ്ടു് അങ്ങയുടെ ഹാനിവചസ്സിനെ ഉണ്ടാക്കിയല്ലോ.

ഭൂതാർത്ഥകീർത്തിരനുവാദവിരുദ്ധവാദൌ
ത്രേധാർത്ഥവാദഗതയഃ ഖലു രോചനാർത്ഥാഃ
സ്കാന്ദാദികേഷു ബഹവോത്ര വിരുദ്ധവാദാ-
സ്താമസതപരിഭൃത്യുപശിക്ഷണാദ്യാഃ ൧൦

ഭൂതാർത്ഥകീർത്തനം (സത്യവർണ്ണനം) അനുവാദം (ഗുണാരോപണം) വിരുദ്ധവാദം (അപ്രമാണാർത്ഥകല്പനം) ഇങ്ങിനെ അർത്ഥവാദത്തിനേറ ഗതി മൂന്നു് പ്രകാരമത്രേ. അവ രുചിപ്പിയ്ക്കുക എന്ന പ്രയോജനത്തോടുകൂടിയവയാകുന്നു. ഇവിടെ സ്കാന്ദാദിഗ്രന്ഥങ്ങളിൽ അങ്ങയുടെ താമസത്വം പരിഭൃതി മുതലായവയെ വിസ്തരിയ്ക്കുന്ന അനേകം വിരുദ്ധവാദങ്ങളും ഉണ്ടു്.

യൽകിഞ്ചിദപ്യവിദുഷാപി വിഭോ! മയോക്തം
തന്മന്ത്രശാസ്ത്രവചനാദ്യഭിദൃഷ്ടമേവ
വ്യാസോക്തിസാരമയ ഭാഗവതോപഗീത!
ക്ലേശാൻ വിധൂയ കുരു ഭക്തിഭരം പരാത്മൻ! ൧൧

ഹേ വിഭോ! അറിവില്ലാത്തവനെങ്കിലും എന്നാൽ എന്തൊ ചിലതെല്ലാം പറയപ്പെട്ട. അതു് മന്ത്രശാസ്ത്രവചനാദികളിൽ കാണപ്പെട്ടതുതന്നെയാകുന്നു. വ്യാസവാക്യങ്ങളിൽ വെച്ചു് ഉൽകൃഷ്ടമായ ഭാഗവതത്തിൽ ഉപഗാനം ചെയ്യപ്പെട്ട പരമാത്മരൂപിയായ ഭഗവൻ! എന്റെ ദുഃഖങ്ങളെ നശിപ്പിച്ചു് ഭക്തിഭാരത്തെ നല്കുണമേ!

ഇതി ശ്രീമന്നാരായണീയേ ദശമസ്കന്ധേ
ആഗമാദീനാം പരമതാല്പര്യവർണ്ണനം.

ഏകാദശസ്കന്ധം

ദശകം 91.

ഭക്തിസ്വരൂപകഥനം.

ശ്രീകൃഷ്ണ! തവൽപദോപാസനമഭയതമം
ബദ്ധമിത്യാർത്തദുഷ്ടേ-
മ്മർത്ത്യസ്യാർത്തസ്യ മന്യേ വ്യപസരതി ഭയം
യേന സച്ചാത്മനൈവ
യത്താവത്തവൽപ്രണീതാനിഹ ഭജനവിധീ-
നാസ്ഥിതോ മോഹമാഗ്ഗേ
ധാവന്നപ്യാവൃതാക്ഷഃ സ്ഖലതി ന കഹചി-
ദ്ദേവദേവാഖിലാത്മൻ! ൧

അല്ലയോ ശ്രീകൃഷ്ണ! മിഥ്യാർത്ഥങ്ങളിൽ ഉറവുനോക്കുന്ന വനും മർത്ത്യനും ദുഃഖിതനുമായവനു് അങ്ങയുടെ പാദസേവനം തന്നെയാണു് അഭയമായിട്ടുള്ളതു് എന്നു് ഞാൻ വിചാരിയ്ക്കുന്നു. യാതൊന്നുകൊണ്ടു് എല്ലാ ഭയവും തീരെ നശിച്ചുപോകുന്നതാണു്. അല്ലയോ വിശ്വാത്മാവായ ദേവദേവ! ഭവൽപ്രണീതങ്ങളായ സേവാവിധികളെ ആശ്രയിയ്ക്കുന്നവൻ മോഹപഥത്തിൽ കണ്ണടച്ചു് ഓടുന്നതായാലും ഒരിടത്തും കാലിടറി വീഴുന്നതല്ല.

ഭ്രമൻ! കായേന വാചാ മുഹുരപി മനസാ
തദ്ദബലപ്രേരിതാത്മാ
യദ്യൽ കുർവ്വേ സമസ്തം തദിഹ പരതരേ-
തസ്മൈസാവർപ്പയാമി
ജാത്യാപീഹ ശ്വപാകസ്ത്വയി നിഹിതമനഃ
കർമ്മവാഗിന്ദ്രിയാർത്ഥ-
പ്രാണോ വിശ്വം പുനീതേ ന തു വിമുഖമനാ-
സ്ത്വൽപദാദപ്രവയ്യഃ ൨

ഹേ ഭ്രാതാത്മാവേ! ഞാൻ ഭവച്ഛക്തിയാൽ പ്രേരിയ്ക്കപ്പെട്ട ആത്മാവോട്ടുകൂടിയവനായി ശരീരംകൊണ്ടും വാക്കുകൊണ്ടും വീണ്ടും വീണ്ടും എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം പരാൽ പരനായ നിന്തിരുവടിയിൽ സമർപ്പിയ്ക്കുന്നു. ഇവിടെ ജാതിയിൽ ചണ്ഡാലനായിരുന്നാലും മനസ്സ്, കർമ്മം, വാക്ക്, ഇന്ദ്രിയാർത്ഥങ്ങൾ, പ്രാണങ്ങൾ എന്നിവയെ അങ്ങയിൽ സമർപ്പിച്ചിരിയ്ക്കുന്നവൻ ലോകം പരിശുദ്ധമാക്കുന്നു. ഭവദ്ഭക്തന്മാരിൽ പരാങ്മുഖനായവൻ ബ്രാഹ്മണശ്രേഷ്ഠനായിരുന്നാലും ലോകത്തെ പരിശുദ്ധമാക്കുന്നില്ല. ചാതുർവ്വർണ്ണ്യം മയാസൃഷ്ടം എന്ന ഗീതാവാക്യം നോക്കുക.

ഭീതിർന്നാമ ദ്വിതീയാൽ ഭവതി ന മനഃ
കല്പിതശ്ച ദ്വിതീയം
തേനൈക്യാഭ്യാസശീലോ ഹൃദയമിഹ യഥാ
ശക്തി ബുദ്ധ്യാ നിരുന്ധ്യാം
മായാവിദ്ധേ തു തസ്മിൻ പുനരപി ന തഥാ
ഭാതി മായാധിനാഥം
തംത്വാം ഭക്ത്യാ മഹത്യാ സതതമനുഭജ-
ന്നീശ! ഭീതിം വിജഹ്യാം ൩

ഭയം ഉണ്ടാകുന്നതു് രണ്ടാമത്തേതിൽനിന്നാണല്ലോ. ആ രണ്ടാമത്തതു് മനസ്സുകൊണ്ടു് കല്പിച്ചുണ്ടാക്കുന്നതും ആണല്ലോ. അതുകൊണ്ടു് ഞാൻ ഐക്യാഭ്യാസം ശീലിച്ചുകൊണ്ടു് മനസ്സിനെ കഴിയുംവിധത്തിൽ ഭക്തികൊണ്ടു് നിരോധിച്ചേയ്ക്കാം. ആ ഹൃദയം മായകൊണ്ടു് പീഡിതമായാൽ വീണ്ടും അപ്രകാരം ശോഭിയ്ക്കുന്നതല്ല. ഹേ ഈശ്വര! മായാനാഥനായ അ അങ്ങയെ വലിയ ഭക്തിയോട്ടുകൂടി എല്ലായ്പോഴും ഭജിച്ചുകൊണ്ടു് ഭയത്തെ വെടിഞ്ഞുകൊള്ളാം.

ഭക്തേരുൽപത്തിവൃദ്ധീ തവ ചരണജുഷാം
സംഗമേനൈവ പുംസാ-
മാസാദ്യേ പുണ്യഭാജാം ശ്രിയ ഇവ ജഗതി
ശ്രീമതാം സംഗമേന

തത്സംഗോ ദേവ! ഭൂയാന്മമ ഖലു സതതം
തന്മുഖാദുന്മിഷത്തദീ-
സ്ഥന്മാഹാത്മ്യപ്രകാരൈർഭവതി ച സുദൃഢാ
ഭക്തിരുദ്ധൂതപാപാ ൪

ലോകത്തിൽ ശ്രീമാന്മാരുടെ സംസർഗ്ഗംകൊണ്ട് സമ്പത്തുണ്ടാകയും വർദ്ധിയ്ക്കുകയും ചെയ്യുന്നതുപോലെ പുണ്യവാന്മാരായ ഭവല്പാദസേവകന്മാർക്ക് ഭക്തി ഉണ്ടാവുകയും വർദ്ധിയ്ക്കുകയും ചെയ്യുന്നു. ഹേ ദേവ! എനിയ്ക്കും അതുപോലെയുള്ള സംഗമം എല്ലാ സ്തോഴം ഭവിയ്ക്കുമാറാകണേ! തന്മുഖത്തിൽനിന്ന് പുറപ്പെട്ടുന്ന നിന്തിരുവടിയുടെ മാഹാത്മ്യവിശേഷങ്ങളെക്കൊണ്ട് പാപത്തെ നശിപ്പിയ്ക്കുന്ന ദൃഢഭക്തിയുണ്ടാകയും ചെയ്യും.

ശ്രേയോമാർഗ്ഗേഷു ഭക്ത്യാവധികബഹുമതി-
ർജ്ജന്മകർമ്മാണി ഭൂയോ
ഗായൻ ക്ഷേമാണി നാമാന്യപി തദുഭയതഃ-
പ്രേരിതം പ്രേരിതാത്മാ
ഉദ്യദ്ധാസഃ കദാചിൽ കഹചിദപി രുദൻ
കുപാപി ഗർജ്ജൻ പ്രഗായ-
ന്നുന്മാദീവ പ്രനൃത്യന്നയി കുരു കരുണാം
ലോകബാഹ്യശ്ചരേയം ൫

ഞാൻ ശ്രേയോമാർഗ്ഗങ്ങളിൽവെച്ച് ഭക്തിയിൽ അധികം ബഹുമതിയോടുകൂടി മംഗളകരങ്ങളായ അങ്ങയുടെ അവതാരസുചരിതങ്ങളേയും തിരുനാമങ്ങളേയും വീണ്ടും ഗാനംചെയ്തുകൊണ്ടും രണ്ടുകൊണ്ടും ക്ഷണത്തിൽ അലിഞ്ഞ ആത്മാവോടുകൂടിയവനായി ചിലപ്പോൾ പൊട്ടിച്ചിരിച്ചും ചിലപ്പോൾ കരഞ്ഞുകൊണ്ടും വേറെ ചില സമയം ഗർജ്ജിച്ചുകൊണ്ടും ചിലപ്പോൾ ഉറക്കെ പാടിക്കൊണ്ടും ഭ്രാന്തനെപ്പോലെ നൃത്തം വെച്ചുകൊണ്ടും ലോകവിലക്ഷണനായി സഞ്ചരിച്ചുകൊള്ളാം. അതിന്ന് ഹേ ഭഗവൻ! കനിവ് നൽകേണമേ!

ഭൂതാന്യേതാനി ഭൂതാത്മകമപി സകലം
പക്ഷിമത്സ്യാൻ മൃഗാദീൻ
മർത്ത്യാൻമിത്രാണി ശത്രൂനപി യമിതമതി
സ്ഥന്മയാന്യാനമാനി

തത്സേവായാം ഹി സിദ്ധ്യേന്മമ തവകൃപയാ
ഭക്തിരാർദ്ധ്യം വിരാഗ-
സ്തത്തത്സ്യാദ്ബോധോപി ച ഭവനപതേ!
യത്നഭേദം വിനൈവ ൯

ഈ പഞ്ചഭൂതങ്ങളേയും ഭൂതമയമായ എല്ലാ പ്രപഞ്ചത്തേയും പക്ഷിമത്സ്യമൃഗാദികളേയും മനുഷ്യരേയും ബന്ധുശത്രുക്കളേയും ഭവത്സ്വരൂപങ്ങളായി വിചാരിച്ചിട്ട് മനസ്സിനെ ഒതുക്കി ഞാൻ നമസ്കരിച്ചുകൊള്ളട്ടെ. ഹേ ജഗല്പതേ! അങ്ങയെ സേവിയ്ക്കുന്നതായാൽ അങ്ങയുടെ ദയകൊണ്ട് ദൃഢഭക്തിയും വൈരാഗ്യവും ഭവത്തത്ത്വജ്ഞാനവും നിഷ്പ്രയാസം എനിയ്ക്ക് സിദ്ധിയ്ക്കുമല്ലോ!

നോ മുഹ്യൻ ക്ഷുത്തൃഡാദൈർഭവസരണിഭവൈ-
സ്ത്വന്നിലീനാശയത്വാ-
ച്ചിന്താസാതത്യശാലീ നിമിഷലവമപി
തത്പ്രദാദപ്രകമ്പഃ
ഇഷ്ടാനിഷ്ടേഷു തുഷ്ടിവ്യസനവിരഹിതോ
മായികത്വാവബോധാ-
ജ്ജോതസ്നാഭിസ്ത്വന്നഖേന്ദോരധികശിശിരിതേ-
നാത്മനാ സഞ്ചരേയം ൭

അങ്ങയിൽത്തന്നെ ലയിച്ച ഹൃദയമുള്ളവനായിത്തീർന്നാൽ ഞാൻ സംസാരപഥത്തിൽനിന്നുണ്ടാകുന്ന വിശപ്പ് ദാഹം മുതലായവയാൽ മോഹിച്ചുവനാകാതെ എപ്പോഴും ചിന്തിച്ചുകൊണ്ട് ഒരു നിമിഷംപോലും ഭവൽപദത്തിൽനിന്ന് വ്യതിചലിയ്ക്കാതെ ഇഷ്ടത്തിലും അനിഷ്ടത്തിലും മായികമാണെന്ന ബോധം ജനിയ്ക്കുകയാൽ സന്തോഷവ്യസനങ്ങളില്ലാത്തവനായി അങ്ങയുടെ നഖചന്ദ്രരശ്മികൾകൊണ്ട് ഏറ്റവും തണുത്ത ഹൃദയമുള്ളവനായി സഞ്ചരിച്ചുകൊള്ളാം.

ഭൂതേഷ്വേഷു ത്വദൈക്യസ്മൃതിസമധിഗതൌ-
നാധികാരോധ്യനാ ചേ-
ത്ത്വൽപ്രേമ ത്വൽകൃമൈത്രീ ജഡമതിഷു കൃപാ
ദീനേഷു ഭൂയാദുപേക്ഷാ

അച്ഛായാം വാ സമച്ഛാകുതുകമുരുതര
ശ്രദ്ധയാ വർദ്ധതാം മേ
തപസംസേവീ തഥാപി ദ്രുതമുപലഭതേ
ഭക്തലോകോത്തമത്വം വ്യ

ഈ ദ്രുതങ്ങളിൽ അങ്ങയുടെ ഐക്യത്തിന്റെ സ്മരണയുണ്ടാകുന്നതിൽ ഇപ്പോൾ എനിയ്ക്കുവകാശമില്ലെങ്കിൽ അങ്ങയുടെ പ്രേമവും ഭക്തമൈത്രിയും ദുഷ്ടശത്രുക്കളിൽ ഉപേക്ഷയും ഭവിയ്ക്കണമേ! അല്ലെങ്കിൽ അങ്ങയുടെ പൂജയിൽ അച്ചിയ്ക്കുവാനുള്ള അതിശ്രദ്ധയോടുകൂടിയ കൌതുകം എനിയ്ക്ക് വർദ്ധിയ്ക്കുമാറാകട്ടെ. അങ്ങിനെയെങ്കിലും അങ്ങയെ സേവിയ്ക്കുന്നവൻ ഭക്തന്മാരിൽ ശ്രേഷ്ഠതയെ വേഗം പ്രാപിച്ചുകൊള്ളുന്നു.

ആവൃത്യ തൽസത്വരൂപം ക്ഷിതിജലമരുദാ-
ദ്യാത്മനാ വിക്ഷിപന്തീ
ജീവാൻ ഭൂയിഷ്ഠകർമ്മാവലിവിവശഗതീൻ
ദുഃഖജാലേ ക്ഷിപന്തീ
തവമായാ മാമിഭൂയാന്മയി ഭുവനപതേ!
കല്പതേ തൽപ്രശാന്ത്യൈ
തൽപാദേ ഭക്തിരേവേത്യുദയതി വിഭോ!
സിദ്ധയോഗീ പ്രബുദ്ധഃ ൯

ഹേ ലോകപതേ! ഭവന്മൂർത്തിയെ മറച്ചിട്ട് ഭൂമി, വെള്ളം, വായു തുടങ്ങിയ സത്വരൂപത്തിൽ വിക്ഷേപിയ്ക്കുന്നതും അനേകകർമ്മഗണങ്ങളാൽ പരവശഗതികളായ ജീവികളെ ദുഃഖഭാരത്തിലാഴ്ത്തുന്നതും ആയ അങ്ങയുടെ മായ എന്നെ ബാധിയ്ക്കാതിരിയ്ക്കട്ടെ. ഹേ വിഭോ! ആ മായയെ നശിപ്പിയ്ക്കുവാൻ തല്പാദഭക്തിതന്നെയാണ് ശക്തമായിട്ടുള്ളതെന്ന് പ്രബുദ്ധനായ സിദ്ധയോഗി എന്നോട് പറഞ്ഞിട്ടുണ്ട്.

ദുഃഖാന്യാലോക്യ ജന്തുഷ്വലമുദിതവിവേകോഹമാചാര്യവര്യാ-
ല്ലബ്ധ്വാ തദ്ദത്തമന്ത്രം ഗുണചരിതകഥാദ്യുത്ഭവദ്ഭക്തിരുച്ചൈഃ
മായാമേനാംതരിത്വാ പരമസുഖമയേ തൽപദേ മോദിതോഹേ
തസ്യായം പൂർവ്വരംഗഃ പവനപുരപതേ! നാശയാശേഷരോഗാൻ

ജീവികളിൽ ദുഃഖം കണ്ടിട്ട് ഞാൻ ഏറ്റവും വിവേകിയായിത്തീർന്നു. ആചാര്യശ്രേഷ്ഠനിൽനിന്നു് ഭവദ്രൂപതത്വം അറിഞ്ഞു് ഗ്രന്ഥങ്ങളും ചരിതങ്ങളും കഥകളും മുതലായവകൊണ്ടു് ഭക്ത്യതിശയം ഉദിച്ചു് ഈ മായയെ അതിലംഘിച്ചു് പരമസുഖാത്മകമായ ഭവല്പദത്തിലിരുന്നു് മോദിച്ചുകൊള്ളാം. ഹേ ഗുരുവായൂർ ദേവ! ഇതു് അതിന്റെ പൂർവ്വരംഗമാകുന്നു. എന്റെ എല്ലാ രോഗങ്ങളേയും നശിപ്പിയ്ക്കേണമേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
ഭക്തിസ്വരൂപവിവരണം.

ദശകം 92.

കർമ്മമിശ്രഭക്തിസ്വരൂപവർണ്ണനം.

വൈദൈസ്ത്വാണി കർമ്മാണ്യഫലപരതയാ
വർണ്ണിതാനീതി ബുദ്ധ്വാ
താനി ത്വയ്യർപ്പിതാന്യേവ ഹി സമനുചരൻ
യാനി നൈഷ്കർമ്മ്യമീശ!
മാ ഭൂദേവൈന്നിഷിദ്ധേ കഥചിദപി മനഃ
കർമ്മവാചാം പ്രവൃത്തിർ–
ദുർജ്ജ്യേഷ്ഠാദ്വാപ്തം തദപി ഖലു ഭവ–
ത്യുപ്പയേ ചിൽപ്രകാശേ ൧

അല്ലയോ ഈശ്വര! വേദങ്ങളാൽ എല്ലാ കർമ്മങ്ങളും അഫലപരങ്ങളായി വർണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നറിഞ്ഞിട്ടു് അവയെ അങ്ങയിൽ സമർപ്പിയ്ക്കപ്പെട്ടവയായി അനുഷ്ഠിച്ചുകൊണ്ടു് നിഷ്കർമ്മതയെ പ്രാപിച്ചുകൊള്ളട്ടെ. വേദങ്ങളാൽ നിഷേധിയ്ക്കപ്പെട്ട ഏതൊന്നിലും മനസ്സും കർമ്മവും വാക്കും പ്രവർത്തിയ്ക്കാതിരിയ്ക്കുമാറാകട്ടെ. ഒഴിയ്ക്കുവാൻ പ്രയാസമായി വല്ലതും വന്നിട്ടുണ്ടെങ്കിൽ അതും ചിൽപ്രഭനായ അങ്ങയിൽ അർപ്പിച്ചുകൊള്ളുന്നു.

യസ്ത്വന്യഃ കർമ്മയോഗസ്ത്വവ ഭജനമയ
സ്തത്ര ചാഭീഷ്ടമൂർത്തിം
ഹൃദ്യാം സതൈകരൂപാം ദൃഷദി ഹൃദി മതി
കാപി വാ ഭാവയിത്വാ
പുഷ്പൈർഗ്ഗന്ധൈർന്നിവേദ്യൈരപി ച വിരചിതൈ-
ർഭക്തിതോ ഭക്തിപൂതൈ-
ർന്നിത്യം വയ്യാം സപര്യ്യാം വിദധദയി വിഭോ!
ത്വൽപ്രസാദം ഭജേയം ൭

ഭവൽഭജനാത്മകമായ മറെറാരു കർമ്മയോഗം ഉള്ളതിൽ ഹൃദയംഗമമായി സതൈകസ്വരൂപമായിരിയ്ക്കുന്ന ഇഷ്ടവിഗ്രഹത്തെ കല്ലിലോ മനസ്സിലോ മണ്ണിലോ എവിടെയെങ്കിലും ഒരിടത്തു് ഭാവനം ചെയ്തിട്ടു് ആവുംവിധം നിർമ്മിയ്ക്കപ്പെട്ടതും ഭക്തിപരിശുദ്ധവും ആയ പുഷ്പഗന്ധനിവേദ്യങ്ങൾകൊണ്ടു് പ്രതിദിനം ശ്രേഷ്ഠപൂജയെ ചെയ്തുകൊണ്ടു് ഞാൻ ഹേ വിഭോ! അങ്ങയുടെ അനുഗ്രഹത്തെ പ്രാപിച്ചുകൊള്ളാം.

സ്ത്രീശൂദ്രാസ്ത്വൽകഥാദിശ്രവണവിരഹിതാ
ആസതാന്തേ ദയാർഹാ-
സ്ത്വല്പുണ്യാദാസന്നായാതാൻ ദ്വിജകുലജനുഷോ
ഹന്ത ശോചാമ്യശാന്താൻ
വ്യർത്ഥം തേ യജ്ഞോ ബഹ്വായാസകഥിതമപി
ത്വാമനാകർണ്ണയന്തോ
ദൃപ്താ വിദ്യാഭിജാത്യൈഃ കിമുത വിദധതേ
താദൃശം മാ കൃഥാ മം ൮

സ്ത്രീകളും ശൂദ്രന്മാരും ഭവൽകഥ മുതലായതെല്ലാം കേൾക്കാത്തവരായി സ്ഥിതിചെയ്തുകൊള്ളട്ടെ. അവർ ദയയ്ക്കു് അർഹന്മാരാണു്. അങ്ങയുടെ തൃപ്പാദത്തോടു് അടുത്തവരും ശാന്തന്മാരല്ലാത്തവരും ആയ ബ്രാഹ്മണജന്മമുള്ളവരെക്കുറിച്ചു്, കഷ്ടം! ഞാൻ സഹതപിയ്ക്കുന്നു. അവർ ഉപജീവനത്തിന്നുവേണ്ടി യാഗംചെയ്തുകൊണ്ടും ബഹുപ്രകാരം വർണ്ണിതനാണെങ്കിലും അങ്ങ

യെപ്പററി കേൾക്കാത്തവരും വിദ്യകൊണ്ടും ആഭിജാത്യംകൊണ്ടും ഗർവ്വിഷ്ഠന്മാരായി എന്തെല്ലാം ചെയ്യുപോരുന്നില്ല? എന്നെ അപ്രകാരമാക്കി ചെയ്യരുതേ!

പാപോയം കൃഷ്ണരാമേത്യഭിലപതി നിജം
ഗ്രഹിതുംദുശ്ചരിത്രം
നില്ലജ്ജസ്യാസ്യ വാചാ ബഹുതരകഥനീ-
യാനി മേ വിപ്രിതാനി
ഭ്രാതാ മേ വന്ധ്യശീലോ ഭജതി കില സദാ
വിഷ്ണുമിത്ഥം ബുധാംസ്തേ
നിന്ദന്ത്യുച്ചൈർ ഹസന്തി ത്വയി നിഹിതമതീം
സ്താദൃശം മാ കൃഥാ മാം! ൪

ഈ പാപിഷ്ഠൻ തന്റെ ദുശ്ചരിത്രത്തെ മറക്കുവാൻ കൃഷ്ണ! രാമ! എന്നിങ്ങിനെ കല്പിയ്ക്കുന്നു. ലജ്ജയില്ലാത്ത ഇവന്റെ വാക്കുകൊണ്ടു് എനിയ്ക്കു് വക്രതയുണ്ടായ പല സംഗതികൾക്കും വിഘ്നം നേരിട്ടു. എന്റെ സഹോദരൻ വന്ധ്യസ്വഭാവനായിരിയ്ക്കുന്നു. എല്ലായ്പോഴും വിഷ്ണുവിനെ ഭജിയ്ക്കുയാകുന്നു. ഇപ്രകാരം അവർ അങ്ങയെ സേവിയ്ക്കുന്ന വിദ്വാന്മാരെ നിന്ദിയ്ക്കുകയും ഉറക്കെ ഹസിയ്ക്കുകയും ചെയ്യുന്നു. എന്നെ അത്തരക്കാരെപ്പോലെയാക്കരുതേ!

ശ്വേതദ്വീപേയം കൃതേ ത്വാം മുനിവരവപുഷം
പ്രീണയന്തേ തപോഭി-
സ്ത്രേതായാം സ്രുക്സ്രുവാദ്യംകിതമരുണതനും
യജ്ഞരൂപം യജന്തേ
സേവന്തേ തന്ത്രമാശ്രിത്യാവിലസദരിഗദം
ദ്വാപരേ ശ്യാമളാംഗം
നീലം സങ്കീർത്തനാദ്യൈരിഹ കലിസമയേ
മാനുഷാസ്ത്വാം ഭജന്തേ ൫

മനുഷ്യർ കൃതയുഗത്തിൽ വെളുത്ത കാന്തിയോടുകൂടിയവനായി മഹർഷിശ്രേഷ്ഠവപുസ്സായിരിയ്ക്കുന്ന അങ്ങയെ തപസ്സുകൊണ്ടു് പ്രസാദിപ്പിയ്ക്കുന്നു. ത്രേതായുഗത്തിൽ സ്രുക്സ്രുവം മുതലായവയാൽ അങ്കിതനും ചുകന്ന നിറത്തിലുള്ളവനും യാ

ഗസ്വരൂപനും ആയ അങ്ങയെ ഉദ്ദേശിച്ചു് യാഗംചെയ്യുന്നു. ദ്വാപരയുഗത്തിൽ ശ്യാമളാംഗനും ശോഭിയ്ക്കുന്ന തൃച്ചക്രത്തോടും ഗദയോടും ക്രൂടിയവനും ആയ അങ്ങയെ തന്ത്രമാർഗ്ഗങ്ങൾകൊണ്ടു് സേവിയ്ക്കുന്നു. ഈ കലികാലത്തിൽ സങ്കീർത്തനം മുതലായവ കൊണ്ടു് നീലവർണ്ണനായ അങ്ങയെ ഭജിയ്ക്കുന്നു.

സോയം കാലേയകാലോ ജയതി മുരരിപോ!
യത്ര സങ്കീർത്തനാദ്യൈ-
ർന്നിസ്സ്നൈരേവ മാദ്ഗ്രൈരഖിലദ! നചിരാൽ
ത്വൽപ്രസാദം ഭജന്തേ
ജാതാസ്തേതാകൃതാദാവപി ഹി കില കലൌ
സംഭവം കാമയന്തേ
ദൈവാത്ത്വത്തൈവ ജാതാൻവിഷയവിഷരസൈ-
ർമ്മാ വിഭോ! വഞ്ചയാസ്മാൻ ൯

ആ ഈ കലികാലം ഏറ്റവും ജയിയ്ക്കുന്നു. യാതൊരു യുഗത്തിൽ നിഷ്പ്രയാസങ്ങളായ ഭഗവന്നാമസങ്കീർത്തനാദികളായ മാർഗ്ഗങ്ങൾകൊണ്ടു് താമസിയാതെ തികച്ചും അങ്ങയുടെ പ്രസാദത്തെ ലഭിയ്ക്കുന്നു. കൃതത്രേതാദിയുഗങ്ങളിൽ ജനിച്ചവരെങ്കിലും കലിയുഗത്തിൽ ഉള്ള ജന്മത്തെ കാമിയ്ക്കുന്നു. ഹേ വിഭോ! ഭാഗ്യത്താൽ ആ കലിയിൽതന്നെ ജനിച്ച എന്നെ വിഷയമാകുന്ന വിഷരസംകൊണ്ടു് ചതിയ്ക്കരുതേ!

ഭക്താസ്ത്വാവൽ കലൌ സ്യുർദ്രമിളഭുവി തതോ
ഭ്രൂരിശസ്തത്ര ചോച്ചൈഃ
കാവേരീംതാമ്രപർണ്ണീമപി കില കൃതമാ-
ലാഞ്ച പുണ്യാം പ്രതീചീം
ഹാമാമപ്യേതദന്തർഭവമപിച വിഭോ!
കിഞ്ചിദഞ്ചദ്രസംത-
ർയ്യാശാപാശൈർന്നിബദ്ധ്യ ഭ്രമയ ന ഭഗവൻ!
പൂരയ തത്സന്നിധേവാം ൯

കലികാലത്തിൽ ഭക്തന്മാർ ഉണ്ടെങ്കിലും അധികം ദ്രമിളദേശത്തിലാണു്. അതിലും അധികം കാവേരി താമ്രപർണ്ണി കൃതമാല പ്രതീചി മുതലായ പുണ്യനദികളുടെ തീരത്തിലുമാണുണ്ടാ

യിരിയ്ക്കുക. അല്ലയോ ഭഗവാനേ! ഇതിനുള്ളിൽ ജനിച്ചവനും അങ്ങയിൽ കുറഞ്ഞൊരു ഭക്തി ഉദിച്ചവനും ആയ എന്നേയും ആശാപാശങ്ങൾകൊണ്ടു് ബന്ധിച്ചു് ഭ്രമിപ്പിയ്ക്കരുതേ! ഹേ വിഭോ! അങ്ങയുടെ ഭജനത്തെ പരിപൂർണ്ണമാക്കിത്തീർക്കണേ!

ദൃഷ്ട്വാ ധർമ്മദ്രുഹന്തം കലിമപകരുണം
പ്രാങ്മഹീക്ഷിൽപരീക്ഷി-
ദ്ധന്തും വ്യാകൃഷ്ടഖഡ്ഗോപിനവിനിഹതവാൻ
സാരവേദീ ഗുണാംശാൽ
തപ്തേസ്മാദ്യാശ്രു സിദ്ധ്യേദസദിഹ ന തഥാ
തൽപരേ ചൈദ്യ ഭീരു-
സ്ത്വത്തു പ്രാഗേവ രോഗാദിഭിരപഹരതേ
തത്ര ഹാ ശിക്ഷയൈനം വ

പണ്ടു് പരീക്ഷിത്തു് എന്ന രാജാവു് നിർദ്ദയനും ധർമ്മദ്രോഹിയുമായ ആ കലിയെ കണ്ടിട്ടു് കൊല്ലുവാൻ വാളുരിയെങ്കിലും സാരജ്ഞനായ അദ്ദേഹം കലിയുടെ ഗുണഭാഗങ്ങളോർത്തു് കൊല്ലുകയുണ്ടായില്ല. അങ്ങയുടെ സേവ മുതലായതു് വേഗത്തിൽ സിദ്ധിയ്ക്കും. ദുഷ്പ്രവൃത്തിയ്ക്കു് അതു ഫലമില്ല. ഈ കലിയുഗം അങ്ങയെ ഭജിയ്ക്കുന്നവരിൽനിന്നു് ഭീരുവാണു്. ഭജനത്തിനു് മുമ്പുതന്നെ രോഗാദികൾകൊണ്ടു് സേവാസൌകര്യത്തെ അപഹരിയ്ക്കുന്നു. അതുകൊണ്ടു് ഇവനെ ശിക്ഷിച്ചാലും.

ഗംഗാ ഗീതാ ച ഗായത്ര്യപിച തുളസികാ-
ഗോപികാചന്ദനം തൽ-
സാളഗ്രാമാഭിപൂജാ പരപുരുഷ! തഥൈ-
കാദശീ നാമവർണ്ണാഃ
ഏതാന്യഷ്ടാവയത്താന്യയി കലിസമയേ
തൽപ്രസാദപ്രസിദ്ധ്യൈ
ക്ഷിപ്രം മുക്തിപ്രദാനീത്യഭിദധദൃഷയേ-
സ്തേഷു മാം സജ്ജയേഥാഃ ൻ

അല്ലയോ പരാത്മാവേ! ഗംഗാനദിയും ഗീതയും ഗായത്രിയും തുളസിയും ഗോപികാചന്ദനവും സാളഗ്രാമപൂജയും ഏകാദശിയും നാമാക്ഷരങ്ങളും എന്നീ എട്ടു് ക്രമവും നിഷ്പ്രയാസം കലി

യുഗത്തിൽ അങ്ങയുടെ അനുഗ്രഹത്തിനും കാരണങ്ങളാണെന്നു് പ്രസിദ്ധികൊണ്ടു് വേഗത്തിൽ മോക്ഷം നല്കുന്നവയാണെന്നു് മഹർഷിമാർ ഗാനംചെയ്തിട്ടുണ്ടു്. അവയിൽ എന്നെ സകതനാക്കിത്തീർക്കേണമേ!

ദേവർഷീണാം പിതൄണാമപി നവനഗുണീ
കിംകരോ വാ സ ഭ്രമൻ!
യോസൌ സർവ്വാത്മനാ ത്വാം ശരണമുപഗത-
സ്സർവ്വകൃത്യാനി ഹിത്വാ
തസ്യാപ്യുന്നം വികമ്മാപ്യഖിലമപനുദ-
സ്യേവ ചിത്തസ്ഥിതസ്ത്വം
തന്മേ പാപോത്ഥതാപാൻ പവനപുരപതേ!
നുന്ധി ഭക്തിം പ്രണീയഃ ൫൦

ഹേ ഭഗവൻ! സർവ്വ കൃത്യങ്ങളും വെടിഞ്ഞു് എല്ലാ പ്രകാരത്തിലും അങ്ങയെ ശരണം പ്രാപിയ്ക്കുന്നവൻ ദേവർഷികൾക്കോ പിതൃക്കൾക്കോ കടപ്പെട്ടവനോ ഭൃത്യനോ ആകുന്നതല്ല. അങ്ങു് അവന്റെ ചിത്തത്തിൽ ഇരുന്നുകൊണ്ടു് അവനുണ്ടാകുന്ന എല്ലാ വികമ്മങ്ങളേയും ദൂരീകരിയ്ക്കുന്നു. അല്ലയോ പവനപുരേശ! അതുകൊണ്ടു് എന്റെ പാപംകൊണ്ടുണ്ടായ ദുഃഖങ്ങളെ നശിപ്പിയ്ക്കേണമേ! ഭക്തിയുണ്ടാക്കണമേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
കമ്മമിശ്രഭക്തിസ്വരൂപവർണ്ണനം.

ദശകം 93.

ഗുരുശിക്ഷാ.

മാസ്തു സ്നേഹം വിജഹ്യാംതവ ഹി കരുണയാ
തസ്യൈവാവേശിതാത്മാ
സർവ്വത്യക്ത്വാ ചരേയം സകലമപി ജഗ-
ദ്വീക്ഷ്യ മായാവിലാസം

നാനാത്വാൽഭ്രാന്തിജന്യാൽസതി ഖലു ഗുണദോ-
ഷാവബോധേ വിധിർവാ
വ്യാസേധോവാ കഥം തൗ തവയി നിഹിതമതേ-
ർവ്വീതവൈഷമ്യബുദ്ധേഃ ൫

നിന്തിരുവടിയുടെ ദയകൊണ്ടുതന്നെ ബന്ധുസ്നേഹത്തെ വെടിഞ്ഞുകൊള്ളാം. എല്ലാ ലോകത്തേയും മായാവിലാസമായി കണ്ടു് അങ്ങയിൽ ആത്മാവിനെ ഉപവേശിപ്പിച്ചു് ഏതും ഉപേക്ഷിച്ചു് സഞ്ചരിച്ചുകൊള്ളാം. ഭ്രാന്തിയിൽനിന്നുണ്ടാകുന്ന നാനാത്വം ഹേതുവായിട്ടു് ഗുണദോഷങ്ങളുടെ ജ്ഞാനം ഉണ്ടാകുമ്പോൾ മാത്രമേ വിധിയോ നിഷേധമോ ഉണ്ടാകുന്നുള്ളു. അങ്ങയിൽ മനസ്സിനെ വ്യാപരിപ്പിച്ചവനും നാനാത്വബുദ്ധി രഹിതനും ആയ ആൾക്കു് ആ വിധിനിഷേധങ്ങളും എങ്ങിനെ ഉണ്ടാകുന്നു.

ക്ഷുത്തൃഷ്ണാലോപമാത്രേ സതതകൃതധിയോ-
ജന്തവസ്സന്ത്യനന്താ-
സ്തേഭ്യോ വിജ്ഞാനവത്വാൽ പുരുഷ ഇഹ വര-
സ്ത്വജ്ജനിർദ്ദുർല്ലഭൈവ
തത്രാപ്യാത്മാത്മനഃസ്യാൽ സുഹൃദപിച രിപു-
ർയ്യസ്ത്വയി ന്യസ്തചേതാ-
സ്ത്വാപോച്ഛിത്തേരുപായം സ്മരതി സഹി സുഹൃൽ
സാത്മവൈരീ തതോന്യഃ ൬

വിശപ്പും ദാഹവും തീർക്കുന്നതിൽ മാത്രം എപ്പോഴും ശ്രദ്ധിയ്ക്കുന്ന ജീവികൾ അനേകമുണ്ടു്. വിജ്ഞാനവത്വം ഹേതുവായിട്ടു് അവയേക്കാൾ ശ്രേഷ്ഠനായിട്ടുള്ളതു് മനുഷ്യനാകുന്നു. അങ്ങിനെയുള്ള മനുഷ്യന്റെ ജന്മം ദുർല്ലഭവുമാകുന്നു. അവരിൽ ആത്മാവു് തനിയ്ക്കുതന്നെ ബന്ധുവായും ശത്രുവായും ഭവിയ്ക്കുന്നു. അങ്ങയിൽ മനസ്സിനെ നിക്ഷേപിച്ചവനായ ഏതൊരാൾ താപനാശത്തിനുള്ള ഉപായം സ്മരിയ്ക്കുന്നു അവനത്രേ സുഹൃത്തു്. അങ്ങിനെയല്ലാത്തവൻ ആത്മാവിനു് താൻതന്നെ ശത്രുവായിട്ടുള്ളവനും ആകുന്നു.

തപൽകാരുണ്യേ പ്രവൃത്തേ കഇവ നഹി ഗുരു-
ർല്ലോകവൃത്തേപി ഭ്രമൻ
സർവ്വാക്രാന്താപി ഭ്രമിസ്സഹി ചലതി തതഃ-
സ്സൂൽക്ഷമാം ശിക്ഷയേയം
ഗുർവ്വീയാമീശ! തത്തദ്വിഷയപരിചയേ-
പ്യപ്രസക്തിം സമീരാ-
ദ്വ്യാപ്തവ്യാത്മനോ മേ ഗഗനഗുരുവശാൽ
ഭാതു നിർല്ലേപതാ ച ൯൯

അങ്ങയുടെ ഭയ പ്രവൃത്തിയുള്ളപ്പോൾ ലോകവൃത്തത്തിൽ ആരാണ് ഗുരുവല്ലാതിരിയ്ക്കുന്നതു്. ഹേ ഭ്രമൻ! ഭ്രമി എല്ലാറ്റിനാലും ആക്രമിയ്ക്കപ്പെട്ടതെങ്കിലും അണുപോലും ചലിയ്ക്കുന്നില്ലല്ലോ. അതിൽനിന്ന് നല്ല ക്ഷമയെ ഞാൻ പഠിച്ചുകൊള്ളാം. ഹേ ഈശ്വര! അതായു് വിഷയങ്ങളുമായി പരിചയപ്പെട്ടാലും അതിൽ അത്യാസക്തിയുടെ അഭാവത്തെ വായുവിൽനിന്നും ഞാൻ ഗ്രഹിച്ചുകൊള്ളാം. ആത്മാവിന്റെ വ്യാപനശീലതയും നിർല്ലേപതയും ആകാശമാകുന്ന ഗുരുമുഖാന്തരം എനിയ്ക്കുണ്ടായിത്തീരുമാറാകട്ടെ. സമഭാവനാത്മകമായ ഈ ചരാചര കുടാഹത്തിന്റെ ഏതു് വസ്തുക്കളും ഗുരുജനങ്ങളാണെന്നും ഭഗവല്ലാതൊന്നുമുണ്ടായാൽ നമുക്കു് അവയിൽനിന്നു് തത്പപാഠങ്ങളും പഠിയ്ക്കാമെന്നും വിശദമാകുന്നു.

സചരഃ സ്യാം പാവനോഹം മധുര ഉദകവ-
ദ്വഹനിവനാസ്മ ഗുണ്ഡം
സർവ്വാന്നീനോപി ദോഷംതരുഷു തമിവ മാം
സർവ്വതേജ്ഞപവേയാം
പുഞ്ജിന്നഷ്ടിഃ കലാനാം ശശിന ഇവ തനോ-
ന്നാത്മനോസ്ഥീതി വിദ്യാം
തോയാദിവ്യസ്തമാത്താണ്ഡവദപിച തനു-
ഷ്വേകതാംതൽപ്രസാദാൽ ൯൫

ഞാൻ ഒരുള്ളം എന്നപോലെ പരിശുദ്ധനായും മധുരനായും നിർമ്മലനായും ഭവിയ്ക്കുമാറാകണേ! സർവ്വാന്നഹിതനെങ്കിലും അഗ്നി എന്നപോലെ ഞാൻ ദോഷത്തെ ഗ്രഹിയ്ക്കാതി

രിയ്ക്കട്ടെ. വൃക്ഷങ്ങളിൽ അഗ്നിയെ എന്നപോലെ എന്നെ സർവ്വഭൂതങ്ങളിലും ഉള്ളവനായി അറിഞ്ഞുകൊള്ളാം. ചന്ദ്രന്റെ കലകൾക്കു് വൃദ്ധിയും ക്ഷയവും നേരിടുന്നതുപോലെ ശരീരത്തിന്നു് വൃദ്ധിക്ഷയങ്ങൾ ഉണ്ടാകുന്നു. ആത്മാവിനല്ല എന്നു് ഞാൻ അറിഞ്ഞുകൊള്ളാം. വെള്ളം മുതലായവയിൽ വേറെ വേറെ കാണപ്പെടുന്ന ആദിത്യൻ എന്നപോലെ ശരീരങ്ങളിലും ആത്മാവിന്റെ ഐക്യത്തെ അങ്ങയുടെ അനുഗ്രഹംകൊണ്ടു് എനിയ്ക്കു് അറിയുമാറാകട്ടെ.

സ്നേഹാദ്വ്യാധസ്യപുത്രപ്രണയമൃതകപോ-
തായിതോ മാസ്മ ഭൂവം
പ്രാപ്തം പ്രാശൻ സഹേയ ക്ഷുധമപി ശയുവൽ
സിന്ധുവത്സ്യാമഗാധഃ
മാ പപ്തം യോഷിദാദൌ ശിഖിനി ശലഭവൽ
ഭൃംഗവൽസാരഭാഗീ
ഭൂയാസം കിന്തു തദ്വദ്ധനചയനവശാ-
ന്നാഹമീശ പ്രണേശം ൪

ഞാൻ സ്നേഹംകൊണ്ടു് വേടനാൽ വിദ്ധനായ പുത്രനിൽ ഉള്ള പ്രേമംകൊണ്ടു് മരിച്ച പ്രാവിനെപ്പോലെ ആയിത്തീരുന്നതേ! പെരുമ്പാമ്പിനെപ്പോലെ കിട്ടിയതു് ഭക്ഷിച്ചുകൊണ്ടു് വിശപ്പു് സഹിയ്ക്കുമാറാകണേ! സമുദ്രം എന്നപോലെ അഗാധനായി തീരേണമേ! അഗ്നിയിൽ ശലഭങ്ങൾ എന്നപോലെ വിഷയാദികളിൽ ചാടാതിരിയ്ക്കണമേ! വണ്ടെന്നപോലെ സാരസംഗ്രാഹിയായി തീരേണമേ! അതിനെപ്പോലെ ധനം സമ്പാദിയ്ക്കുകയാൽ അല്ലയോ ഈശ്വര! ഞാൻ നശിച്ചുപോകാതിരിയ്ക്കണമേ!

മാ ബദ്ധ്യാസം തരുണ്യാ ഗജ ഇവ വശയാ-
നാജ്ജയേയംധനൌഘം
ഹരന്ത്യന്യസ്മംഹി മാദ്ധ്വീ ഹര ഇവ മൃഗവ-
ന്മാ മുഹം ഗ്രാമ്യഗീതൈഃ

നാത്യാസജ്ജേയ ഭോജ്യേ ത്വഷ്ട ഇവ ബാലിശേ
പിംഗളാവന്നിരാശ-
സ്സച്യം ഭർത്തവ്യയോഗാൽ കുര ഇവ വിഭോ!
സാമിഷോന്യൈസ്സഹന്യൈ ന്യ

പിടിയാനയാൽ ആന എന്നപോലെ ഞാൻ സ്ത്രീകളാൽ ബന്ധിയ്ക്കപ്പെടാതിരിയ്ക്കണമേ! തേൻ ശേഖരിയ്ക്കുന്ന വണ്ടെന്നപോലെ ധനസമൂഹത്തെ സമ്പാദിയ്ക്കാതിരിയ്ക്കണമേ! ആ ധനം അന്യൻ അപഹരിയ്ക്കുമല്ലോ. മാൻ എന്നപോലെ ഗ്രാമ്യഗീതങ്ങൾകൊണ്ട് ഞാൻ മോഹിയ്ക്കാതിരിയ്ക്കണേ! (കാട്ടാളന്മാരുടെ പാട്ട് കേട്ട് മാനുകൾ അശ്രദ്ധയിൽ നില്ക്കുമ്പോൾ അവർ കൊല്ലുക പതിവാണ്.) മത്സ്യം ചൂണ്ടലിൽ പെടുന്നതുപോലെ ഭക്ഷണപദാർത്ഥത്തിൽ അത്യാസക്തി ഉള്ളവനായിത്തീരാതിരിയ്ക്കണമേ! വേശ്യയായിരുന്ന പിംഗള തന്റെ ദുശ്ചാരിത്ര്യം വെടിഞ്ഞു് നിരാശയായിതീർന്നതുപോലെ ഞാൻ നിരാശനായി കിടന്നു് ഉറങ്ങുമാറാകണേ! മാംസം കൊക്കിലുള്ള കുരരിപക്ഷി എന്നപോലെ മറ്റുള്ളവരാൽ ഞാൻ കൊല്ലപ്പെടാതിരിയ്ക്കണമേ!

വത്തേയ ത്യക്തമാനസ്സുഖമതിശിശുവ-
ന്നിസ്സഹായശ്ചരേയം
കന്യായാ ഏകശേഷോ വലയ ഇവ വിഭോ!
വർജ്ജിതാന്യോന്യഘോഷഃ
തച്ചിത്തോ നാവബുദ്ധ്യൈ പരമിഷുകൃതിവ-
ക്ഷ്മാഭൃദായാനഘോഷം
ഗേഹേഷ്വന്യപ്രണീതേഷ്വഹിരിവ നിവസാ-
ന്യുന്ദുരോന്മന്ദിരേഷു ഭ

ഹേ വിഭോ! ഞാൻ ഒരു ചെറിയ കുട്ടി എന്നപോലെ മാനം വെടിഞ്ഞു് സുഖമായി ജീവിയ്ക്കുമാറാകണേ! കന്യകയുടെ ശേഷിച്ച ഒരു വള എന്നപോലെ നിസ്സഹായനായി അന്യോന്യകലഹംകൂടാതെ സഞ്ചരിച്ചുകൊള്ളാം. അസ്ത്രം ഉണ്ടാക്കുന്നവൻ രാജാവിന്റെ എഴുന്നള്ളത്തിൽ ഉള്ള വലിയ കോലാഹലത്തെ അറിയാതെ ഏകാഗ്രചിത്തനായി സ്ഥിതിചെയ്യുന്നതു

പോലെ അങ്ങയിൽ മനസ്സ് ഉറപ്പിച്ചുകൊണ്ട് യാതൊന്നും അറിയാതിരിയ്ക്കുമാറാകട്ടെ! എലി പണിതുണ്ടാക്കുന്ന വീടുകളിൽ പാമ്പെന്നപോലെ മറ്റുള്ളവർ ഉണ്ടാക്കുന്ന ഗൃഹങ്ങളിൽ ഞാൻ താമസിച്ചുകൊള്ളട്ടെ.

തപ്യേവ തപൽകൃതം തപം ക്ഷപയസി ജഗദി
ത്യുണ്ണനാഭൽ പ്രതീയാം
തച്ചിന്താ തൽസ്വരൂപം കൃത ഇതിദൃഢം
ശിക്ഷയേ പേശകാരാൽ
വിഭ്രംഭസ്മാത്മാ ച ദേഹോ ഭവതി ഗുരുവരോ-
യോ വിവേകം വിരക്തിം
ധത്തേ സഞ്ചിന്ത്യമാനോ മമ തു ബഹുരുജാ
പീഡിതോയം വിശേഷാൽ വ

അങ്ങയാൽ നിർമ്മിയ്ക്കപ്പെട്ട ലോകത്തെ അങ്ങയിൽത്തന്നെ അങ്ങ് നശിപ്പിയ്ക്കുന്ന എന്നും ചിലന്തിയിൽനിന്നും ഞാൻ അറിഞ്ഞുകൊള്ളാം. അങ്ങയുടെ ധ്യാനം അങ്ങയുടെ സ്വരൂപത്തെത്തന്നെ ഉണ്ടാക്കുന്നു എന്നും വേട്ടാളനിൽനിന്നും ഞാൻ സൂദ്ധം പഠിച്ചുകൊള്ളാം. മലമായും ഭസ്മമായും ഭവിയ്ക്കുന്ന ശരീരം എന്റെ ഗുരുശ്രേഷ്ഠനാകുന്നു. യാതൊന്നും വിവേകത്തേയും വൈരാഗ്യത്തേയും ഉണ്ടാക്കിത്തീർക്കുന്നു. എന്റെ ഈ കാണുന്ന ശരീരമാകട്ടെ അനേകം രോഗങ്ങളാൽ മർദ്ദിയ്ക്കപ്പെട്ടിട്ട് പ്രത്യേകിച്ചും വിവേകവൈരാഗ്യങ്ങളെ ഉണ്ടാക്കുന്നു.

ഹീ ഹീ മേ ദേഹമോഹം ത്യജ പവനപുരാ-
ധീശ! യൽപ്രേമഹേതോ-
ർഗ്ഗേഹേ വിത്തേ കളത്രാദിഷു ച വിവശിതാ
സ്ഖൽപദം വിസ്മരന്തി
സോയം വഹ്നേഃ ശ്രുനോ വാ പരമിഹ പരത-
സ്സാന്ത്വതംചാക്ഷികർണ്ണ-
ത്വഗ്ജിഹ്വാദ്യാ വികർഷന്ത്യവശമത ഇതഃ
കോപി ന തപ്പദാബ്ജേ ൻ

അല്ലയോ ഗുരുവായൂരപ്പ! അയ്യോ കഷ്ടം! എനിയ്ക്ക് ശരീരത്തിലുള്ള മോഹത്തെ അങ്ങ് നശിപ്പിയ്ക്കേണമേ! യാതൊന്നിലുള്ള പ്രേമംകൊണ്ട് ഗൃഹത്തിലും ധനത്തിലും ഭാര്യാദികളിലും പരവശന്മാരായി അങ്ങയുടെ പാദത്തെ മറക്കുന്നു. ആ ഈ ദേഹം നശിച്ചുകഴിഞ്ഞാൽ അഗ്നിയുടേയോ ശ്വാവിന്റെയോ ആയിത്തീരും. ഇപ്പോൾതന്നെ പരവശമായ ഇതിനെ കണ്ണ്, ചെവി, തോല്, നാവ് മുതലായവ അങ്ങോട്ടും ഇങ്ങോട്ടും വല്ലാതെ പിടിച്ചുവലിയ്ക്കുന്നു. അങ്ങയുടെ തൃപ്പാദപത്മത്തിലേയ്ക്ക് ഇതിനെ പ്രാപിപ്പിയ്ക്കുവാൻ ആരുംതന്നെയില്ല.

ദുഷ്പാരോ ദേഹമോഹോ യദി പുനരധുനാ
തന്നി നിശ്ശേഷരോഗാൻ
കൃത്വാ ഭക്തിം ദൃഢിഷ്ഠാം കുരു തവ പദപ-
ങ്കേരുഹേ പങ്കജാക്ഷ!
നൂനംനാനാഭവാന്തേ! സമധിഗതമമും
മുക്തിദം വിപ്രദേഹം
ക്ഷുദ്രേ ഹാഹന്ത മാ മാ ക്ഷിപ വിഷയരസേ
പാഹി മാം മാരുതേശ! ൫൦

ഹേ പുണ്ഡരീകാക്ഷാ! ശരീരത്തിലുള്ള മോഹം ഇപ്പോൾ തടയുവാൻ പ്രയാസമായിട്ടുള്ളതാണെങ്കിൽ രോഗങ്ങളെല്ലാം നശിപ്പിച്ച് ഭവല്പാദപങ്കജത്തിൽ ഏറ്റവും ഉറച്ച ഭക്തിയെ ഉണ്ടാക്കിത്തീർക്കേണമേ! നാനാജന്മങ്ങളുടെ ഒടുവിൽ പ്രാപ്തവും മുക്തിപ്രദവും ആയ ഈ ബ്രാഹ്മണശരീരത്തെ അയ്യോ കഷ്ടം! നിസ്സാരമായ വിഷയരസത്തിൽ തള്ളരുതേ! അരുതേ! അല്ലയോ ഗുരുവായൂരപ്പാ! എന്നെ രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
ഗുരുശിക്ഷാവർണ്ണനം.

ദശകം 94.

തത്പ്രജ്ഞാനോല്പത്തിപ്രകാരഃ
ബന്ധമോക്ഷസ്വരൂപം ഭക്തിപ്രാർത്ഥനാ ച.

ശുദ്ധാ നിഷ്കാമധർമ്മൈഃ പ്രവരഗുരുഗിരാ
തത്സ്വരൂപം പരന്തേ
ശുദ്ധംദേഹേന്ദ്രിയാദിവ്യപഗതമഖില-
വ്യാപ്തമാവേദയന്തേ
നാനാത്വസ്ഥൗല്യകാർശ്യാദി തു ഗുണജവപു-
സ്സംഗതോദ്ധ്യാസിതംതേ
വഹ്നേർദ്ദാരുപ്രഭേദേഷ്വിവ മഹദണുതാ
ദീപ്തതാശാന്തതാദി ൧

നിഷ്കാമധർമ്മങ്ങളെക്കൊണ്ടു് ശുദ്ധന്മാരായവർ ശ്രേഷ്ഠഗുരുവിന്റെ വാക്കുകൊണ്ടു് ദേഹേന്ദ്രിയാദികളിൽനിന്നു് ഭിന്നമായി എങ്ങും വ്യാപ്തമായി ശുദ്ധമായി പരമായിരിയ്ക്കുന്ന നിന്തിരുവടിയുടെ ആ സ്വരൂപത്തെ അറിയുന്നു. അങ്ങയുടെ നാനാത്വം, സ്ഥൗല്യം, കാർശ്യം മുതലായവ ഗുണജമായ ശരീരത്തിനോടുള്ള ബന്ധംകൊണ്ടു് കല്പിയ്ക്കപ്പെട്ടതാകുന്നു. പലതരം വിറകിൽ തീയ്യിന്റെ മഹത്വം, അണുത്വം, ദീപ്തത്വം, ശാന്തത്വം മുതലായതുപോലെ മായാഭ്രാന്തികൊണ്ടു് നാനാത്വം കല്പിയ്ക്കാമെന്നല്ലാതെ ആത്മാവിന്നു് നാനാത്വം ഇല്ല.

ആചാര്യാഖ്യാധരസ്ഥാരണിസമനമിള-
ച്ഛിഷ്യഗുഹോത്തരാര-
ണ്യാവേധോത്ഭാസിതേന സ്ഫുടതരപരിബോ-
ധാഗ്നിനാ ദഹ്യമാനേ
കമ്മാളീവാസനാ തൽകൃതതനുഭുവന-
ഭ്രാന്തികാന്താരപൂരേ
ദാഹ്യഭാവേന വിദ്യാശിഖിനി ച വിരതേ
തത്വമയീ ഖലു വസ്ഥാ ൨

ഗുരുവാകുന്ന ചുവട്ടിലെ അരണിയോട് ഒപ്പിച്ച് ചേർത്തു വെയ്ക്കുന്ന ശിഷ്യനാകുന്ന മുകളിലെ അരണിയുംകൂട്ടി കടഞ്ഞുണ്ടാകുന്ന പ്രസ്പഷ്ടമായ ജ്ഞാനാഗ്നികൊണ്ട് കർമ്മാവലിവാസനയും തൽകൃതമായ ശരീരപ്രപഞ്ചഭ്രാന്തിയുമാകുന്നു. ദഹിയ്ക്കപ്പെടുകയും ദഹിയ്ക്കപ്പെടുവാനൊന്നുമില്ലാതായാൽ വിദ്യയാകുന്ന അഗ്നി വിരമിയ്ക്കുകയും ചെയ്യുമ്പോൾ ഉള്ള അവസ്ഥ ഭഗവന്മയമാകുന്നു. ഗുരുവിൽനിന്നും ശിഷ്യനും യഥാർത്ഥജ്ഞാനം ലഭിച്ചാൽ മായാഭ്രാന്തി നീങ്ങുകയും ഉടൻ ലോകത്തിലേയും വേദപുരുഷനായി അവനും കാണ്മാൻ കഴിയുമെന്നും വർണ്ണിച്ചിരിയ്ക്കുന്നു.

ഏവം തൽപ്രാപ്തിതോന്യോ നഹി ഖലു നിഖില
ക്ലേശഹാനേരുപായോ
നൈകാന്താത്യന്തികാസ്തേ കൃഷിവദഗദഷാഠം
ഹ്രണ്യഷഠംകർമ്മയോഗാഃ
ദുർവൈകല്യൈരകല്യാ അപി നിഗമപഥാ-
സ്തൽഫലാന്യപ്യവാപ്താ
മത്താസ്ഥാം വിസ്മരന്തഃ പ്രസജതി പതനേ
യാന്ത്യനന്താൻ വിഷാദാൻ ൩൨

എല്ലാ ക്ലേശങ്ങളും നശിയ്ക്കാനുള്ള ഉപായം ഇങ്ങിനെ അങ്ങയെ പ്രാപിയ്ക്കുക എന്നൊന്നല്ലാതെ മറെറാന്നും ഇല്ല. ഔഷധങ്ങളും ഗുണങ്ങളും ആറു കർമ്മങ്ങളും ഇവയൊന്നും തീരെ ദുഃഖത്തെ നശിപ്പിയ്ക്കുന്നവയും മേലാൽ വരാതാക്കാവുന്നതുമല്ല. അവ കൃഷിയ്ക്കു തുല്യമാകുന്നു. വേദമാർഗ്ഗങ്ങളും അനേകം ദുഃഖകരങ്ങളായ വൈകല്യങ്ങളുംകൊണ്ട് സുസാധ്യങ്ങളുമല്ല. തൽഫലങ്ങളെ പ്രാപിച്ചാലും അഹങ്കാരികളായി അങ്ങയെ മറന്നുപോകുന്നു. അധഃപതനത്തിൽ അനന്തങ്ങളായ സന്താപങ്ങളേയും പ്രാപിയ്ക്കുന്നു.

തല്ലോകാദന്യലോകഃ കുന ഭയരഹിതോ
യൽപരാർദ്ധദ്വയാന്തേ
തൽഭീതസ്സത്യലോകേപി ന സുഖവസതിഃ
പത്മഭൂഃ പത്മനാഭ!

ഏവം ഭാവേ തപ്രധർമ്മാജ്ജിതബഹുതമസാം
കാ കഥാ നാരകാണാം
തന്മേ തപം ഛിന്ധി ബന്ധം വരദ! കൃപണബ-
ന്ധോ! കൃപാപൂരസിന്ധോ! ൫

ഹേ പത്മനാഭ! നിർഭയമായ ഒരു ലോകം അങ്ങയുടേതല്ലാതെ വേറെ ഏതാണുള്ളതു്? ആ ബ്രഹ്മാവുപോലും രണ്ടു് പരാർദ്ധങ്ങളുടെ ഒടുവിൽ അങ്ങയെ പേടിച്ചു് സത്യലോകത്തിൽ പോലും സുഖവസതിയെ ചെയ്യുന്നില്ല. ഇങ്ങിനെയിരിയ്ക്കെ അധർമ്മംകൊണ്ടു് സമ്പാദിയ്ക്കപ്പെട്ട അനേകപാപമുള്ള തുച്ഛമനുഷ്യരുടെ കഥ പറയാനുണ്ടോ! അല്ലയോ ദീനബന്ധോ! വരദാതാവേ! ദയാവാരിധേ! അതുകൊണ്ടു് അങ്ങു് എന്റെ ബന്ധത്തെ ഛേദിയ്ക്കണേ!

യാഥാത്ഥ്യാതപ്രമയസ്യൈവ ഹി മമ ന വിഭോ!
വസ്തുതോബന്ധമോക്ഷൗ
മായാവിദ്യാതനുഭ്യാംതവ തു വിരചിതൌ
സപ്നബോധോപമൗ തൌ
ബദ്ധോ ജീവദ്വിമുക്തിം ഗതവതി ച ഭിദാ
താവതീ താവദേകോ
ഭുംക്തേ ദേഹദ്വമസ്ഥോ വിഷയഫലരസാ-
ന്നാപരോ നിർവ്വ്യഥാത്മാ ൬

ഹേ വിഭോ! യാഥാത്ഥ്യംനിമിത്തം ഭഗവന്മയനായ എനിയ്ക്കു് വാസ്തവത്തിൽ ബന്ധമോക്ഷങ്ങളൊന്നേ ഇല്ല. അവ രണ്ടും മായാവിദ്യാമൂർത്തികളാൽകൊണ്ടാക്കപ്പെട്ടവയും സപ്നത്തോടും ബോധത്തോടും തുല്യങ്ങളും ആകുന്നു. ബദ്ധൻ ജീവന്മുക്തിയെ പ്രാപിച്ചാൽ ഇത്രമാത്രമേ വ്യത്യാസമൊന്നുള്ളു. ഒരാൾ ശരീരമാകുന്ന മരത്തിൽ സ്ഥിതിചെയ്തുകൊണ്ടു് വിഷയമാകുന്ന ഫലങ്ങളുടെ രസം അനുഭവിയ്ക്കുന്നു. അന്യൻ (ജീവന്മുക്തൻ) ദുഃഖരഹിതാത്മാവായി അതു് അനുഭവിയ്ക്കുന്നില്ല.

ജീവന്മുക്തപദമേവംവിധമിതി വചസാ
കിം ഫലം ദൂരദൂരേ
തന്നാമശ്രുത്യനുഭ്യാമപി ലഘുമനസഃ
ശോധനം ഭക്തിതോന്യൽ

തവേ വിഷ്ണോ! കൃഷ്ണീഷ്ടാസ്ഥയി കൃതസകല
പ്രാപ്പണം ഭക്തിഭാരം
യേന സ്യാംമങ്ക്ഷു കിഞ്ചിൽ ഗുരുവചനമിള
തപൽപ്രബോധസ്തദാത്മാ ൯൫

ജീവന്മുക്തന്റെ നില ഇന്ന തരത്തിലുള്ളതാണെന്ന് പറഞ്ഞതുകൊണ്ടെന്തു് ഫലമിരിയ്ക്കുന്നു. അതുദ്ധബുദ്ധിയ്ക്കു് അതു് എത്രയോ വിദൂരഗമാണു്. ഹൃദയത്തെ ശുദ്ധിവരുത്തുവാൻ ഭക്തിയല്ലാതെ മറെറാന്നുമില്ല. അതുകൊണ്ടു് ഹേ വിഷ്ണോ! അങ്ങയിൽ സർവ്വവും അർപ്പിച്ചതായ ഭക്തിഭാരത്തെ ഉണ്ടാക്കിത്തരണേ! തന്മൂലം അല്പം ഗുരുവാക്യംകൊണ്ടു് കിട്ടിയ ജ്ഞാനമുള്ളവനായി ഭഗവന്മയനായി ഞാൻ ഭവിയ്ക്കും.

ശബ്ദബ്രഹ്മണ്യപീഹ പ്രയതിതമനസ
സ്ഥാം ന ജാനന്തി കേചിൽ
കഷ്ടം വന്ധ്യശ്രമാസ്തേ ചിരതരമിഹ ഗാം
ബിഭ്രതേ നിഷ്ഫലസൂതിം
യസ്യാം വിശ്രാദിരാമാഃസകലമലഹരാ
ദിവ്യലീലാവതാരാ-
സ്സച്ചിൽസാന്ദ്രഞ്ച രൂപംതവ ന നിഗദിതം
താന്ന വാചം ഭിയാസം ൯൬

ഇവിടെ നാദബ്രഹ്മത്തിൽപോലും മനസ്സുറപ്പിച്ചിട്ടുള്ള ചിലർ അങ്ങയെ അറിയുന്നില്ല കഷ്ടം! നിഷ്ഫലപ്രയത്നന്മാരായ അക്രുട്ടർ വളരെക്കാലമായി നിഷ്ഫലസൂതിയായ ഗോവിനെ വഹിയ്ക്കുന്നു. (വ്യർത്ഥമായി ചില വാക്കുച്ചരിയ്ക്കുന്ന പ്രസവമില്ലാത്ത പശുവിനെ എന്നും രക്ഷിയ്ക്കുന്ന എന്നും) യാതൊന്നിൽ ലോകമനോഹരങ്ങളും എല്ലാ മലങ്ങളെയും നശിപ്പിയ്ക്കുന്നതുമായ അങ്ങയുടെ ദിവ്യലീലാവതാരങ്ങളേയും ചിദാനന്ദസാന്ദ്രമായ രൂപത്തേയും അധികരിച്ചു് ഒന്നും പറയുന്നില്ലയോ ആ വാക്കിനെ ഞാൻ വഹിയ്ക്കാതിരിയ്ക്കണമേ!

യോ യാവാൻ യാദൃശോ വാ തമിതി കിമപി നൈ-
വാവഗച്ഛാമി ഭൂമ-
ന്നേവഞ്ചാനന്യഭാവസ്തദനുഭജനമേ-
വാദ്രിയേ ചൈദ്യവൈരിൻ!

തല്ലിംഗാനാംതദംഘ്രിപ്രിയജനസദസാം
ദർശനസ്പർശനാദി-
ർഭൃയാന്മേ തൽപ്രപൂജാനതിനുതിഗണക-
മ്മാനുകീർത്ത്യാദരോപി വ

ഹേ ഭ്രമൻ! നിന്തിരുവടി യാതൊരാളാണെന്നും എങ്ങിനെയുള്ള മാഹാത്മ്യമുള്ളവനാണെന്നും ഏതു് രൂപത്തിലുള്ളവനാണെന്നും ഒന്നുംതന്നെ ഞാനറിയുന്നില്ല. ഹേ ശിശുപാലശത്രോ! ഇങ്ങിനെയാണെങ്കിലും അനന്യചിന്തനായി അങ്ങയെ ഭജിയ്ക്കുന്നതിനെത്തന്നെ ഞാനാദരിയ്ക്കുന്നു. ഭവല്ലിംഗങ്ങളേയും ഭവൽഭക്തന്മാരുടെ സദസ്സുകളേയും ദർശിയ്ക്കുക സ്പർശിയ്ക്കുക മുതലായതും അങ്ങയെ പൂജിയ്ക്കുക, നമിയ്ക്കുക, സ്തുതിയ്ക്കുക, അങ്ങയുടെ ഗുണങ്ങളേയും കർമ്മങ്ങളേയും കീർത്തിയ്ക്കുക എന്നിവയിൽ ആദരവും എനിയ്ക്കുണ്ടാകുമാറാകണേ!

യദ്യല്പഭ്യേത തത്തത്തവ സമുപഹൃതം
ദേവ! ദാസോസ്മി തേഹം
തദ്ഗേഹോന്മാർജ്ജനാദ്യം ഭവതു മമ മുഹുഃ
കർമ്മ നിർമ്മായമേവ
സൂര്യാഗ്നിബ്രാഹ്മണാത്മാദിഷു ലസിതചതുർ-
ബ്യൂഹമാരാധയേ ത്വാം
തൽപ്രേമാർദ്രത്വരൂപോ മമ സതതമഭി-
ഷ്യന്ദതാം ഭക്തിയോഗഃ ൯

അല്ലയോ ഈശ്വര! ഞാൻ നിന്തിരുവടിയുടെ ദാസനാകുന്നു. കിട്ടുന്നതെല്ലാം ഞാനങ്ങയ്ക്ക് സമർപ്പിയ്ക്കുന്നു. അങ്ങയുടെ ക്ഷേത്രത്തിൽ അടിച്ചുതളി മുതലായ കർമ്മങ്ങളെ നിഷ്പാപടം ചെയ്യാൻ സാധിപ്പിയ്ക്കണേ! ശോഭിയ്ക്കുന്ന നാലു തൃക്കൈകളോടുകൂടിയ നിന്തിരുവടിയെ സൂര്യൻ അഗ്നി ബ്രാഹ്മണൻ ആത്മാവു് മുതലായവയിൽ ഞാൻ ആരാധിയ്ക്കുന്നു. അങ്ങയിൽ പ്രേമാർദ്രമായ ഭക്തിയോഗം എനിയ്ക്ക് വർദ്ധിയ്ക്കുമാറാകണേ!

ഐക്യംതേ മോക്ഷമേവാമൃതനിയമതപ-
സ്സാംഖ്യയോഗൈർദ്ദുരാപം
തത്സംഗേനൈവ ഗോപ്യഃ കില സുകൃതിതമാഃ
പ്രാപുരാനന്ദസാന്ദ്രം

ഭക്തൈരന്യൈരുപയുപരി ബഹുമന്യേ
ഭക്തിമേവ തവാമാസാം
തന്മേ തവദ്ഭക്തിമേവം ദൃഢയ ഹര ഗദാൻ
കൃഷ്ണ വാതാലയേശ! ൧൦

ദാനം, ഹോമം, വ്രതങ്ങൾ, നിയമം, തപസ്സ്, സാംഖ്യം, യോഗം ഇവയാൽ ദുരാപവും ആനന്ദസാന്ദ്രവും ആയ അങ്ങയുടെ ഐക്യത്തെ അതിസുകൃതിനികളായ ഗോപസ്ത്രീകൾ അങ്ങയുടെ സംഗമത്തോടുകൂടിത്തന്നെ പ്രാപിച്ചുപോൽ. മറ്റു് അനേകം ഭക്തന്മാരുണ്ടെങ്കിലും ഇവരുടെ ഭക്തിയെത്തന്നെ അധികം മാനിയ്ക്കുന്നു. അതുകൊണ്ടു് ഹേ കൃഷ്ണ! അങ്ങയിലുള്ള ഭക്തിയെത്തന്നെ ദൃഢമാക്കിത്തീർത്തരണേ! ഗുരുവായൂരപ്പ! രോഗങ്ങളെ മാറ്റിത്തരണേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
തത്ത്വജ്ഞാനോല്പത്തിപ്രകാരഃ
ബന്ധമോക്ഷസ്വരൂപം ഭക്തിപ്രാർത്ഥനാ ച.

ദശകം 95.

കൈവല്യസിദ്ധിപ്രകാരഃ

ആദ്യേ ഹൈരണ്യഗർഭീതനുമവികലജീ-
വാത്മികാമാസ്ഥിതസ്ത്വം
ജീവത്വം പ്രാപ്യ മായാഗുണഗണഖചിതോ
വർത്തസേ വിശ്വയോനേ!
തത്തോദ്ഭേദേന സത്വേന തു ഗുണയുഗളം
ഭക്തിഭാവം ഗതേന
ഛിത്ത്വാ സത്വഞ്ച ഹിത്വാ പുനരനുപഹിതോ
വർത്തിതാഹേ തവൈവ ൯

അല്ലയോ വിശ്വയോനിയായ ഭഗവൻ! ആദ്യത്തിൽ പരിപൂർണ്ണജീവാത്മകമായ ഹിരണ്യഗർഭശരീരത്തെ വഹിച്ചിരിയ്ക്കുന്ന അങ്ങു് ജീവത്വം പ്രാപിച്ചിട്ടു് മായാഗുണസമൂഹങ്ങളോടു്

ബന്ധിതനായി വർത്തിയ്ക്കുന്നു. അതിൽ ക്രമത്തിൽ വർദ്ധിച്ചതും ഭക്തിഭാവത്തെ പ്രാപിച്ചതും ആയ സത്വഗുണംകൊണ്ടു് രജസ്തമസ്സുകളെ നശിപ്പിച്ചിട്ടു് സത്വഗുണത്തേയും വെടിഞ്ഞു് ഞാൻ പരിപൂർണ്ണനായി അങ്ങായിട്ടതന്നെ സ്ഥിതിചെയ്യുന്നു.

സത്തോപാന്മേഷാൽ കദാചിൽ ഖലു വിഷയരസേ
ദോഷബോധേപി ഭ്രമൻ!
ഭൂയോപ്യേഷു പ്രവൃത്തിസ്തമസി രജസി
പ്രോല്ബതേ ദുർന്നിവാരാ
ചിത്തംതാവൽ ഗുണാശ്ച ഗ്രഥിതമിഹ മിഥ-
സ്താനി സർവ്വാണി രോദ്ധും
തുര്യേ തസ്യൈക ഭക്തിശ്ശരണമിതി ഭവാൻ
ഹംസരൂപീ ന്യഗാദീൽ ൨

ഹേ ഭ്രമൻ! സത്വഗുണത്തിന്റെ വർദ്ധനകൊണ്ടു് ചില സമയം വിഷയരസത്തിൽ ദോഷമാണെന്നുള്ള ജ്ഞാനം ജനിയ്ക്കുന്നുണ്ടെങ്കിലും വീണ്ടും രജസ്തമോഗുണങ്ങളുടെ പ്രാബല്യത്തിൽ ഈ പ്രവൃത്തി ദുർന്നിവാരയായിത്തീരുന്നു. ഇവിടെ മനസ്സും ഗുണങ്ങളും അന്യോന്യം ബദ്ധങ്ങളാകുന്നു. അവയെല്ലാം തടുക്കുവാൻ മൂന്നു് അവസ്ഥകളെ അതിക്രമിച്ച അങ്ങയിലുള്ള ഓരോ ഭക്തി മാത്രമേ രക്ഷയായിട്ടുള്ളൂ എന്നു് ഹംസരൂപത്തിൽ അങ്ങു് എഴുന്നെള്ളി അരുളിച്ചെയ്തയുണ്ടായി.

സന്തി ശ്രേയാംസി ഭൂയാംസ്യപി രുചിഭിദയാ
കർമ്മിണാംനിർമ്മിതാനി
ക്ഷുദ്രാനന്ദാശ്ച സാന്താ ബഹുവിധഗതയഃ
കൃഷ്ണ! തേഭ്യോ ഭവേയുഃ
തത്തച്ചാചഖ്യുരർത്ഥസഖ്യേ നനു മഹിതതമാം
ശ്രേയസാം ഭക്തിമേകാം
തത്തദ്ഭക്ത്യാനന്ദതുല്യഃ ഖലു വിഷയജുഷാം
സമ്മദഃ കേന വാ സ്യാൽ ൩

ഹേ കൃഷ്ണാ! കർമ്മികൾക്കു് രുചിഭേദം പ്രമാണിച്ചു് അനേകം ശ്രേയോമാർഗ്ഗങ്ങൾ ഉണ്ടു്. അവയിൽനിന്നു് തുച്ഛാനന്ദങ്ങളും നശിയ്ക്കുന്നവയും ആയ പല പ്രകാരത്തിലുള്ള ഗതികളും ഉണ്ടാ

കം. അവിടുന്ന് സ്നേഹിതനായ ഉദ്ധവനോട് ശ്രേയസ്സുകൾക്ക് ഏറ്റവും പൂജിതമായിട്ടുള്ളത് ഭക്തി എന്ന ഒന്നാണെന്ന് പറഞ്ഞുവല്ലോ. വിഷയലോലുപന്മാക്ക് തൽഭക്തികൊണ്ടുള്ള ആനന്ദത്തിനു സദൃശമായ സന്തോഷം എന്തുകൊണ്ടുണ്ടാകും?

തത്തദ്ഭക്ത്യാ തുഷ്ടബുദ്ധേസ്സുഖമിഹ ചരതോ
വിച്യുതാശസ്യ ചാശാ-
സ്സർവ്വാസ്യഃസൌഖ്യമയ്യസ്സലിലകൃഹരഗ-
സ്യേവ തോയൈകമയ്യഃ
സോയം ഖലപിന്ദ്രലോകം കമലജഭവനം
യോഗസിദ്ധീശ്ച ഹൃദ്യാ-
നാകാംക്ഷത്യേതദാസ്താം സ്വയമനുപതിതേ
മോക്ഷസൌഖ്യേച്യനീഹഃ ൪

നിന്തിരുവടിയുടെ ഭക്തികൊണ്ട് സന്തുഷ്ടമനസ്സും നിസ്പൃഹനും സുഖമായി സഞ്ചരിയ്ക്കുന്നവനും ആയ ഭക്തന്ന് വെള്ളത്തിന്റെ അടിയിൽ കിടക്കുന്നവന്ന് എല്ലാം ജലമയമാകുന്നതുപോലെ എല്ലാം സൌഖ്യമയങ്ങളായിത്തീരും. അത് ഈ ഭക്തനാകട്ടെ, സ്വർഗ്ഗത്തേയും ബ്രഹ്മലോകത്തേയും ഹൃദയപ്രിയങ്ങളായ യോഗസിദ്ധികളേയും ഇച്ഛിയ്ക്കുന്നില്ല. അതിരിയ്ക്കട്ടെ! സ്വയം വന്നുചേർന്ന മോക്ഷംകൊണ്ടുള്ള സുഖത്തിൽപോലും നിസ്പൃഹനാകുന്നു.

തത്തദ്ഭക്തോ ബാധ്യമാനോപിച വിഷയരസൈ-
രിന്ദ്രിയാശാന്തിഹേതോ-
ർഭക്ത്യൈവാക്രമ്യമാണൈഃ പുനരപി ഖലു തൈർ-
ദുർബ്ബലൈന്നാഭിജയ്യഃ
സപ്താച്ചിർദ്ദീപിതാച്ചിർദഹതി കില യഥാ
ഭൂരിദാരുപ്രപഞ്ചം
തദ്ദ്ഭക്ത്യാഘേ തഥൈവ പ്രദഹതി ദുരിതം
ദുർമ്മദഃ കേന്ദ്രിയാണാം ൫

അങ്ങയുടെ ഭക്തൻ ഇന്ദ്രിയങ്ങൾക്ക് ശമം സംഭവിയ്ക്കായ്കയാൽ വിഷയരസങ്ങളാൽ ബാധിയ്ക്കപ്പെടുന്നവനായി എങ്കിലും വീണ്ടും ഭക്തിയാൽ അക്രമിയ്ക്കപ്പെടുകയാൽ ദുർബ്ബലങ്ങളായ

ആ ഇന്ദ്രിയങ്ങളാൽ ജയിയ്ക്കപ്പെടുവാൻ കഴിയുന്നതല്ല. അഗ്നി യുടെ ജ്വലിയ്ക്കുന്ന തേജസ്സ് അനേകം വിറകിൻകൂട്ടത്തെ എന്ന പോലെ ഭവൽഭക്തിഭാരം ദുശ്ചിത്തത്തെ ദഹിപ്പിയ്ക്കുമ്പോൾ ഇന്ദ്രി യങ്ങൾക്കുള്ള ദുരഹങ്കാരം എവിടെ?

ചിത്താർദ്രീഭാവമപ്പൈവ്വാപ്നുതി ച പുളകം
ഹർഷബാഷ്പഞ്ച ഹിതാ
ചിത്തംശുദ്ധ്യേൽ കഥം വാ കിമു ബഹുതപസാ
വിദ്യയാ വീതഭക്തേഃ
തൽഗാഥാസ്വാദസിദ്ധാഞ്ജനസതതമരീ
മൃജ്യമാനോയമാത്മാ
ചക്ഷുസ്തത്തത്സൂക്ഷ്മം ഭജതി ന തു തഥാ-
ഭ്യസ്തയാ തർക്കകോട്യാ ൯

ഹൃദയത്തിന്നു് ആർദ്രഭാവവും ശരീരത്തിന്നു് വലിയ രോ മാഞ്ചവും സന്തോഷബാഷ്പവും ഉപേക്ഷിച്ചിട്ടു് മനസ്സു് എങ്ങി നെ ശുദ്ധീകരിയ്ക്കും, ഭക്തിയില്ലാത്തവന്നു് വലിയ തപസ്സുകൊ ണ്ടും വിദ്യകൊണ്ടും എന്തു് ഫലം. ഈ ആത്മാവു് ഭഗവൽഗാ ഥകളുടെ ആസ്വാദമാകുന്ന സിദ്ധാഞ്ജനംകൊണ്ടു് ഇടവിടാ തെ പരിശുദ്ധപ്പെടുത്തുന്നതായാൽ കണ്ണെന്നപോലെ ഭഗവ ത്തത്ത്വങ്ങളുടെ സാരം ഗ്രഹിയ്ക്കുന്നു. ഇടവിടാതെ ശീലിയ്ക്കുന്ന തർക്കകോടികൊണ്ടു് അപ്രകാരം അറിയുന്നില്ല.

ധ്യാനം തേ ശീലയേയം സമതനുസുഖദ-
ദ്ധ്യാസനോ നാസികാഗ്ര-
ന്യസ്താക്ഷഃ പൂരകാദ്യൈർജ്ജിതപവനപഥ-
ശ്ചിത്തപദ്മന്തപോഭ്യാം
ഊർദ്ധ്വാഗ്രം ഭാവയിത്വാ രവിവിധുശിഖിന-
സ്സംവിചിന്ത്യോപരിഷ്ടാ-
ത്തത്രസ്ഥം ഭാവയേ ത്വാം സജലജലധര-
ശ്യാമളം കോമളാംഗം ൭

ഞാൻ അങ്ങയുടെ ധ്യാനത്തെ ശീലിച്ചുകൊള്ളാം. ശരീര ത്തെ നേരെ നിർത്തി സുഖമായി ആസനം ഉറപ്പിച്ചു് മൂക്കിന്ന റ്റത്തു് കണ്ണുകളെ നിർത്തി പൂരകാദികളാൽ വായുമാർഗ്ഗത്തെ

ജയിച്ചു് കീഴ്പ്പോട്ടു് മുഖമായ ഹൃദയപുണ്ഡരീകത്തെ മേല്പോട്ടു് മുഖമാക്കി ധ്യാനിച്ചു് അതിനു് മുകളിൽ സൂര്യചന്ദ്രന്മാരേയും അഗ്നിയേയും നല്ലവണ്ണം ധ്യാനിച്ചിട്ടു് ഹൃദയപുണ്ഡരീകത്തിൽ സ്ഥിതിചെയ്യുന്നവനും വെള്ളം നിറഞ്ഞ മേഘംപോലെ ശ്യാമളനും മനോഹരശരീരനും ആയ അങ്ങയെ ഞാൻ ധ്യാനിയ്ക്കുന്നു.

൭൯ നീലശ്ലക്ഷ്ണകേശം ജ്വലിതമകരസൽകുണ്ഡലംമന്ദഹാസ-
സ്യന്ദാർദ്രം കൌസ്തുഭശ്രീപരിഗതവനമാലോരുഹാരാഭിരാമം
ശ്രീവത്സാങ്കം സുബാഹും മൃദുലസദുദരം കാഞ്ചനച്ഛായചേലം
ചാരുസ്നിഗ്ധോരുമംഭോരുഹലളിതപദം ഭാവയേഹം ഭവന്തം വ്യ

നീലനിറത്തിലുള്ള മിനുസമേറിയ കേശത്തോടുകൂടിയവനും ജ്വലിയ്ക്കപ്പെട്ട നല്ല മകരകുണ്ഡലങ്ങളോടുകൂടിയവനും പുഞ്ചിരിയുടെ പ്രവാഹംകൊണ്ടു് ആർദ്രനും കൌസ്തുഭത്തിന്റെ കാന്തി കലർന്ന വനമാലകളും മുത്തുമാലകളും അഭിരാമനും ശ്രീവത്സമാകുന്ന അടയാളമുള്ളവനും നല്ല തൃക്കൈകളോടുകൂടിയവനും മാർദ്ദവമുള്ള നല്ല വയറോടുകൂടിയവനും സ്വർണ്ണത്തിന്റെ ശോഭയുള്ള വസ്ത്രമുള്ളവനും മനോഹരവും സ്നിഗ്ധവും ആയ ഉരുക്കളോടുകൂടിയവനും താമരപോലെ മനോഹരങ്ങളായ കാലുകളോടുകൂടിയവനും ആയ അങ്ങയെ ഞാൻ ധ്യാനിയ്ക്കുന്നു.

സ്വാംഗേഷ്വംഗ രംഗൽകുതുകമിതി മുഹു-
ർദ്ധാരയന്നീശ! ചിത്തം
തത്രാപ്യേകത്ര യുഞ്ജൻ വദനസരസിജേ
സുന്ദരേ മന്ദഹാസേ
തത്രാലീനന്തു ചേതഃ പരമസുഖചിദ
ദ്വൈതതൃഷ്ണേ വിതന്വ-
ന്നന്യന്നോ ചിന്തയേയം മുഹുരിതി സമുപാ-
ത്തോദയോഗോ ഭവേയം ൯൯

അല്ലയോ ഈശ്വര! ഇങ്ങിനെ അവിടുത്തെ എല്ലാ അംഗങ്ങളിലും കൌതുകം വർദ്ധിയ്ക്കുംപ്രകാരം വീണ്ടും വീണ്ടും മനസ്സിനെ ധരിച്ചുകൊണ്ടു് അവയിൽവെച്ചു് അങ്ങയുടെ മുഖപദ്മത്തിലുള്ള മനോഹരമായ മന്ദസ്മിതം എന്ന ഒരേടത്തു് മന

സ്സിനെ യോജിപ്പിച്ചുകൊള്ളുന്നു. അതിൽ ലയിച്ച ഹൃദയത്തെ പരമസച്ചിദാനന്ദൈകതാത്മകമാക്കിത്തീർത്തുകൊണ്ടു് മറ്റൊന്നിനേയും ചിന്തിയ്ക്കുകയില്ല. ഇങ്ങിനെ പിന്നെയും പിന്നെയും പ്രവൃത്തിയ്ക്കുന്നതുകൊണ്ടു് ഞാൻ യോഗത്തിൽ ആരോഹണം ചെയ്തവനായി ഭവിയ്ക്കും.

ഇത്ഥം തദ്ധ്യാനയോഗേ സതി പുനരണിമാ-
ദ്യഷ്ടസംസിദ്ധയസ്താ
ദൂരശ്രുത്യാദയോപി ഹ്യഹ മഹമികയാ
സംപതേയുർമുരാരേ!
തത്സംപ്രാപ്തൌ വിളംബാവഹമഖിലമിദം
നാദ്രിയേ കാമയേഹം
താമേവാനന്ദപൂർണ്ണം പവനപുരപതേ!
പാഹി മാം സർവ്വതാപാൽ ൧൦

ഹേ മുരരിപോ! ഇങ്ങിനെ തദ്ധ്യാനയോഗം ഉണ്ടായാൽ അണിമാവു് മുതലായ എട്ടു് ഐശ്വര്യങ്ങളുടെ സിദ്ധിയും ദൂരശ്രുതി മുതലായവയും ഞാൻ മുമ്പെ ഞാൻ മുമ്പെ എന്നു് വന്നു് ചേരുമല്ലോ. അങ്ങയെ പ്രാപിയ്ക്കുന്നതിൽ ഇതെല്ലാം താമസം ഉണ്ടാക്കുന്നു എങ്കിൽ ഞാനാദരിയ്ക്കുന്നില്ല. ആനന്ദപൂർണ്ണനായ അങ്ങയെ മാത്രം ഞാനാഗ്രഹിയ്ക്കുന്നു. അല്ലയോ ഗുരുവായൂരപ്പ! എന്നെ എല്ലാ ദുഃഖത്തിൽനിന്നും രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
കൈവല്യസിദ്ധിപ്രകാരഃ

ദശകം 96.

ഭഗവദ്വിഭൂതികഥനം.

തവം ഹി ബ്രഹ്മൈവ സാക്ഷാൽ പരമുരുമഹിമ-
ന്നക്ഷരാണാമകാര-
സ്ത്വം രോ മന്ത്രേഷു രാജ്ഞാം മനസി മുനിഷു
തവം ഭൂമന്നാരദോപി

പ്രഹ്ലാദോ ദാനവാനാം പശുഷു ച സുരഭീ:
പക്ഷിണാം വൈനതേയോ
നാഗാനാമസ്യനന്തസ്സരസരിദപി ച
സ്രോതസാം വിശ്വമൂർത്തേ! ൯

ഹേ ഉരുമഹിമാവായ ഭഗവൻ! ഹേ വിശ്വമൂർത്തേ! നിന്തിരുവടി സാക്ഷാൽ ബ്രഹ്മംതന്നെയാണല്ലോ. അങ്ങ് അക്ഷരങ്ങളുടെ കൂട്ടത്തിൽ അകാരവും മന്ത്രങ്ങളിൽവെച്ച് ഓങ്കാരവും രാജാക്കന്മാരിൽ മനുവും മഹർഷിമാരുടെ ഇടയിൽ ഭൃഗുവും നാരദനും അസുരന്മാരിൽ പ്രഹ്ലാദനും പശുക്കളിൽവെച്ച് കാമധേനുവും പക്ഷികളുടെ കൂട്ടത്തിൽ ഗരുഡനും സർപ്പങ്ങളിൽവെച്ച് അനന്തനും നദികളിൽവെച്ച് ഗംഗയും ആകുന്നു.

ബ്രഹ്മണ്യാനാം ബലിസ്ത്വം ക്രതുഷു ച ജപയ-
ജ്ഞോസിവീരേഷു പാർത്ഥോ
ഭക്താനാമുദ്ധവസ്ത്വം ബലമസി ബലിനാം
ധാമ തേജസ്വിനാം ത്വം
നാസ്ത്യന്തസ്ത്വദ്വിഭൂതേർവികസദതിശയം
വസ്തു സർവ്വന്തമേവ
ത്വംജീവസ്ത്വം പ്രധാനം യദിഹ ഭവദൃതേ
തന്ന കിഞ്ചിൽ പ്രപഞ്ചേ ൧൦

അങ്ങ് ബ്രഹ്മപ്രിയന്മാരായ ഭക്തന്മാരിൽ മഹാബലിയും യാഗങ്ങളിൽ ജപയജ്ഞവും വീരന്മാരിൽ അർജ്ജുനനും ഭക്തന്മാരുടെ ഇടയിൽ ഉദ്ധവനും ആകുന്നു. ബലിഷ്ഠന്മാരുടെ ബലവും തേജസ്വികളുടെ തേജസ്സും അങ്ങുതന്നെ. അങ്ങയുടെ ഐശ്വര്യത്തിനു് അതിരില്ല. അത്ഭുതം വികസിയ്ക്കുന്ന എല്ലാ വസ്തുവും അങ്ങുതന്നെ. ജീവനും അങ്ങാണു്. പ്രകൃതിയും അങ്ങുതന്നെ. ഈ പ്രപഞ്ചത്തിൽ അങ്ങയോടുകൂടാതെ യാതൊന്നുമില്ല.

ധർമ്മം വർണ്ണാശ്രമാണാം ശ്രുതിപഥവിഹിതം
ത്വൽപരത്വേന ഭക്ത്യാ
കർവ്വന്തോനന്തവീര്യേ വികസതി ശനകൈ-
സ്സന്ത്യജന്തോ ലഭന്തേ

സത്താസ്ഫൂർത്തിപ്രിയതാത്മകമഖിലപദാ-
ർത്ഥേഷു ഭിന്നേഷ്വഭിന്നം
നിർമ്മൂലം വിശ്വമൂലം പരമമഹമിതി
തദ്വിബോധം വിശുദ്ധം നു

വേദമാർഗ്ഗങ്ങളിൽ വിധിയ്ക്കപ്പെട്ട വർണ്ണാശ്രമധർമ്മത്തെ ഭക്തിയോടുകൂടി ഭവൽപരമായി അനുഷ്ഠിയ്ക്കുന്ന എങ്കിൽ അവൻ അന്തർവ്വൈരാഗ്യം ജനിച്ച് പതുക്കെ എല്ലാം ഉപേക്ഷിച്ചുകൊണ്ട് സത്തയുടെ സ്പഷ്ടതയും പ്രിയതാവുമാകുന്ന ആത്മാവോടുകൂടിയതും ഭിന്നപദാർത്ഥങ്ങളിലെല്ലാം അഭിന്നവും നിർമ്മൂലവും സർവ്വമൂലവുമായ പരമാത്മാവ് ഞാനാണെന്നുള്ള അങ്ങയുടെ പരിശുദ്ധബോധത്തെ ലഭിയ്ക്കുന്നു.

ജ്ഞാനം കർമ്മാപി ഭക്തിസ്ത്രിതയമിഹഭവൽ
പ്രാപകം തത്ര താവ-
ന്നിർവ്വിണ്ണാനാമശേഷേ വിഷയ ഇഹ ഭവേൽ
ജ്ഞാനയോഗേഽധികാരഃ
സക്താനാം കർമ്മയോഗസ്തദയി ഹി വിനിഹിതോ
യേ തു നാത്യന്തസക്താ
നാപ്യത്യന്തം വിരക്താസ്തദയി ച ധൃതരസാ
ഭക്തിയോഗോഽത്യമീഷാം ർ

ജ്ഞാനം കർമ്മം ഭക്തി എന്നീ മൂന്ന് യോഗങ്ങളും അങ്ങയെ പ്രാപിപ്പിയ്ക്കുന്നവയാണ്. അവയിൽവെച്ച് ജ്ഞാനയോഗത്തിലുള്ള അധികാരം സർവ്വവിഷയനിർവ്വേദം വന്നവർക്കേ ഉള്ളൂ. അങ്ങയിൽ അർപ്പിയ്ക്കപ്പെട്ട കർമ്മയോഗം സക്തന്മാർക്കുള്ളതാണ്. അത്യാസക്തന്മാരും അതിവിരക്തന്മാരുമല്ലാത്തവരും അങ്ങയിൽ പ്രേമമുള്ളവരുമായ ഇവർക്ക് ഭക്തിയോഗം വിധിയ്ക്കപ്പെട്ടിട്ടുള്ളതല്ലോ.

ജ്ഞാനം തത്ഭക്തതാം വാ ലഘു സുകൃതവശാ-
ന്മർത്ത്യലോകേ ലഭന്തേ
തസ്മാദത്രൈവ ജന്മ സ്പൃഹയതിഭഗവൻ
നാകഗോ നാരകോ വാ

ആവിഷ്ടംമാന്ത്ര ദൈവാദ് ഭവജലനിധിപോ-
തായിതേ മർത്ത്യദേഹേ
ത്വം കൃത്വാ കർണ്ണധാരം ഗുരുമനുഗുണവാ-
തായിതസ്മാരയേഥാഃ ൭

മനുഷ്യലോകത്തിൽ ജ്ഞാനവും അങ്ങയിലുള്ള ഭക്തിയും സുകൃതംകൊണ്ടു് അതികഠിനമായ ഏതെങ്കിലുമൊരു ജന്മത്തിൽ ലഭിയ്ക്കാം. ഹേ ഭഗവൻ! അതുകൊണ്ടു് നരകത്തിലോ സ്വർഗ്ഗത്തിലോ സ്ഥിതി ചെയ്യുന്നവനായാലും മർത്ത്യജന്മത്തെത്തന്നെ ആഗ്രഹിയ്ക്കുന്നു. ഭാഗ്യംകൊണ്ടു് സംസാരസമുദ്രപോതമായിത്തീർന്ന മനുഷ്യദേഹത്തെ പ്രാപിച്ചിരിയ്ക്കുന്ന എന്നെ ഗുരുവിനെ നാവികനാക്കി നിന്തിരുവടി അനുകൂലവായുവായിത്തീർന്നു് അക്കരയ്ക്കു് അണയ്ക്കണമേ! ഭഗവാൻ ഗുരുപവനപുരേശനാണല്ലോ.

അവ്യക്തംമാഗ്രയന്തഃ ശ്രുതിഭിരപിനയൈഃ
കേവലജ്ഞാനലുബ്ധാഃ
ക്ലിശ്യന്തേതീവ സിദ്ധിം ബഹുതരജനുഷാ-
മന്ത ഏവാപ്നുവന്തി
ദൂരസ്ഥഃ കർമ്മയോഗോപി ച പരമഫലോ-
നന്വയം ഭക്തിയോഗ-
സ്ത്വാമൂലാദേവ ഹൃദ്യസ്ഥപരിതമയി ഭവൽ
പ്രാപകോ വർദ്ധതാംമേ ൯

കേവലജ്ഞാനത്തെ ആഗ്രഹിയ്ക്കുന്നവർ വേദങ്ങളെക്കൊണ്ടും നയങ്ങൾകൊണ്ടും അസ്പഷ്ടമായ ബ്രഹ്മത്തെ അന്വേഷിച്ചുകൊണ്ടു് ഏറ്റവും ക്ലേശിയ്ക്കുന്നു. വളരെ ജന്മങ്ങളുടെ അവസാനത്തിൽ സിദ്ധിയെ പ്രാപിയ്ക്കുന്നു. പരമഫലത്തിൽ കർമ്മയോഗം ദൂരസ്ഥിതമാണു്. അല്ലയോ ഭഗവാനേ! അടിമുതൽക്കുതന്നെ ഹൃദയംഗമവും വേഗം അങ്ങയെ പ്രാപിപ്പിയ്ക്കുന്നതുമായ ആ ഈ ഭക്തിയോഗം എനിയ്ക്കു് വർദ്ധിയ്ക്കുമാറാകണേ!

ജ്ഞാനായൈവാതിയത്നം മുനിരപവദതേ
ബ്രഹ്മതത്ത്വം ശൃണ്വൻ
ഗാഢം തൽപാദഭക്തിം ശരണമയതി യ-
സ്തസ്യ മുക്തിഃ കരാഗ്രേ

തദ്ധ്യാനേചീഹ തുല്യാ പുനരസുകരതാ
ചിത്തചാഞ്ചല്യഹേതോ-
രഭ്യാസാദ്ധ്യ ശക്യം തദപി വശയിതും
തൽകൃപാചാരുതാഭ്യാം ൭

വ്യാസമഹർഷി ജ്ഞാനത്തിനുള്ള അതിപ്രയത്നത്തെ അപവദിയ്ക്കുന്നു. ബ്രഹ്മതത്വത്തെ കേട്ടുകൊണ്ട് ഭവൽപാദഭക്തിയെ ഗാഢമായി ശരണം പ്രാപിയ്ക്കുന്നവൻ മോക്ഷം കരസ്ഥമാകുന്നു. ഇവിടെ മനശ്ചാഞ്ചല്യംനിമിത്തം അങ്ങയെ ധ്യാനിയ്ക്കുന്നതിലുള്ള അസൌകര്യം തുല്യമാണെങ്കിലും അഭ്യാസംകൊണ്ടും ഭവൽകാരുണ്യമനോഹരത്വങ്ങൾകൊണ്ടും അതിനെ വശമാക്കുവാൻ വേഗം സാധിയ്ക്കുവുന്നതാണു്.

നിശ്ചിന്നഃ കർമ്മമാർഗ്ഗേ ഖലു വിഷമതമേ
തൽകഥാദൌ ച ഗാഢം
ജാതശ്രദ്ധോപി കാമാനയി ഭുവനപതേ!
നൈവ ശകനോമി ഹാതും
തത്ത്രയോ നിശ്ചയേന തവയി നിഹിതമനാ
ദോഷബുദ്ധ്യാ ഭജംസ്താൻ
പുഷ്ണീയാം ഭക്തിമേവ തവയി ഹൃദയഗതേ
മങ്ക്ഷു നങ്ക്ഷ്യന്തി സംഗാഃ ൮

ഹേ ലോകനാഥ! അതിവിഷമമായ കർമ്മമാർഗ്ഗത്തിൽ നിർവ്വേദം പ്രാപിച്ചു് ഭവൽകഥാദികളിൽ ഗാഢമായ ശ്രദ്ധ പതിഞ്ഞു. എന്നിട്ടും ആശകളെ വെടിയുവാൻ ഞാൻ ശക്തനാകുന്നില്ല. അതുകൊണ്ടു് പിന്നെയും നിശ്ചയത്തോടുകൂടി അങ്ങയിൽ മനസ്സിനെ നിക്ഷേപിച്ചു് ദോഷബുദ്ധിയോടെ അവയെ ആശ്രയിച്ചുകൊണ്ടു് ഭക്തിയെത്തന്നെ പോഷിപ്പിച്ചുകൊള്ളാം. അങ്ങു് ഹൃദയം പ്രാപിയ്ക്കുമ്പോൾ സംഗങ്ങൾ വേഗം നശിയ്ക്കും.

കശ്ചിൽക്ലേശാജ്ജിതാത്മക്ഷയവിമലമതി-
സ്താദൃമാനോ ജനൗഘൈഃ
പ്രാഗേവം പ്രാഹ വിപ്രോ ന ഖലു മമ ജനഃ
കാലകർമ്മഗ്രഹാ വാ

ചേതോ മേ ദുഃഖഹേതുസ്ത്വദിഹ ഗുണഗണം
ഭാവയൽ സപ്തകാരീ-
ത്യുക്തപ്രാ ശാന്തോ ഗതസ്ത്വാം മമ ച കുരു വിഭോ!
താദൃശീം ചിത്തശാന്തിം ൯൯

പണ്ട് ഒരു ബ്രാഹ്മണൻ ബുദ്ധിമുട്ടി സമ്പാദിച്ച മുതൽ നശിച്ചുപോകുന്നതുകൊണ്ട് അതിൽ വൈരാഗ്യം വന്ന് വിശുദ്ധ മനസ്സായി ജനങ്ങളാൽ പ്രേരിതനായപ്പോൾ അദ്ദേഹം ഇങ്ങിനെ അവരോട് പറഞ്ഞു. എനിയ്ക്ക് ദുഃഖഹേതു ജനങ്ങളോ കാലമോ കർമ്മമോ ഗ്രഹങ്ങളോ അല്ല. എന്നാൽ മനസ്സുതന്നെയാണ്. അതു് ഇവിടെ ഗുണസമൂഹത്തെ ഭാവനംചെയ്ത് എല്ലാം ചെയ്യുന്നു. ഇങ്ങിനെ പറഞ്ഞിട്ട് അദ്ദേഹം അങ്ങയെ പ്രാപിച്ചു. ഹേ വിഭോ! അതുപോലെയുള്ള മനഃശാന്തിയെ അങ്ങ് എനിയ്ക്കും ഉണ്ടാക്കണമേ!

ഐളഃ പ്രാഗ്വ്വംശീം പ്രത്യതിവിവശമനാ-
സ്സേവമാനശ്ചിരംതാം
ഗാഢംനിർവ്വിദ്യ ത്രയോ യുവതിസുഖമിദം
ക്ഷുദ്രമേവേതി ഗായൻ
തൽഭക്തിം പ്രാപ്യ പൂർണ്ണസ്സുഖതരമചര-
ത്തദ്വദുദ്ധൂതസംഗം
ഭക്തോത്തംസം ക്രിയാ മാം പവനപുരപതേ!
ഹന്ത മേ രുന്ധി രോഗാൻ ൧൦

പണ്ട് ഇളാപുത്രനായ പുരൂരവസ്സ് ഉർവ്വശിയെ ഉദ്ദേശിച്ച് അത്യാകുലചിത്തനായി അവളെ ചിരകാലം സേവിച്ചുകൊണ്ട് വിരക്തനായി ഈ വിഷയരസം നിസ്സാരമെന്ന് കീർത്തിച്ചുകൊണ്ട് അങ്ങയിലുള്ള ഭക്തി ലഭിച്ച് പൂർണ്ണനായി സുഖമാംവണ്ണം സഞ്ചരിച്ചു. ഹേ പവനപുരേശ! അതുപോലെ എന്നെയും സംഗരഹിതനും ഭക്തശ്രേഷ്ഠനും ആക്കിത്തീർക്കേണമേ! അയ്യോ എന്റെ രോഗങ്ങളെ തടയേണമേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
ഭഗവദ്വിഭൂതികഥനം.

ദശകം 97.

ഉത്തമഭക്തിസ്വരൂപം മാർക്കണ്ഡേയോപാഖ്യാനം ച.

ത്രൈഗുണ്യാത്ഭിന്നരൂപം ഭവതി ഹി ഭുവനേ
ഹീനമദ്ധ്യോത്തമം യൽ
ജ്ഞാനം ശ്രദ്ധാ ച കർത്താ വസതിരപി സുഖം
കർമ്മ ചാഹാരഭേദാഃ
തൽക്ഷേത്രതന്നിഷേവാദി തു യദിഹ പുന-
സ്തൽപരംതത്തു സച്ചം
പ്രാഹുസ്ത്രൈഗുണ്യനിഷ്ഠംതദനുഭജനതോ
മങ്ക്ഷു സിദ്ധോഭവേയം ൧

ലോകത്തിൽ ജ്ഞാനം, ശ്രദ്ധ, കർത്താവു്, വസതി, സുഖം, കർമ്മം, ആഹാരഭേദങ്ങൾ എന്നിവയെല്ലാം ത്രിഗുണങ്ങളെ ആശ്രയിയ്ക്കുകയാൽ ഭിന്നരൂപവും നീചമദ്ധ്യമോത്തമമായതും ആകുന്നു. അങ്ങയുടെ ക്ഷേത്രത്തേയും അങ്ങയേയും സേവിയ്ക്കുകമുതലായതെല്ലാം ഭവല്പരവും അവയെല്ലാം നൈർഗ്ഗുണ്യനിഷ്ഠവുമാണെന്നു് പറയുന്നു. ഞാൻ അവയെ എല്ലായ്പോഴും ഭജിയ്ക്കുകയാൽ ഉടനെ സിദ്ധനായി ഭവിയ്ക്കുമാറാകണേ!

തവയ്യേവ ന്യസ്തചിത്തസ്സുഖമയി വിചരൻ
സർവ്വചേഷ്ടാസ്വദർത്ഥം
തവതൈക്കൈസ്സേവ്യമാനാനപി ചരിതചരാ-
നാശ്രയൻ പുണ്യദേശാൻ
ദസ്യൗ വിപ്രേമൃഗാദിഷ്വപിച സമമതി-
മ്മുച്യമാനാവമാന-
സ്പർദ്ധാസൂയാദി ദോഷസ്സതതമഖിലഭൂ-
തേഷു സംപൂജയേ ത്വാം ൨

അയി ഭഗവൻ! ഞാൻ നിന്തിരുവടിയിൽത്തന്നെ മനസ്സിനെ നിക്ഷേപിച്ചുകൊണ്ടു് സുഖമായി സഞ്ചരിയ്ക്കുന്നവനും എല്ലാ ചേഷ്ടകളേയും അങ്ങയ്ക്കു് വേണ്ടിയുള്ളതാക്കി ചെയ്കൊണ്ടു്

ഭവൽഭക്തന്മാരാൽ സേവിയ്ക്കപ്പെട്ടുന്നവയും മുമ്പ് സഞ്ചരിച്ചിട്ടുള്ളവയും ആയ പുണ്യദേശങ്ങളെ ആശ്രയിയ്ക്കുന്നവനും തസ്കര നിലും ബ്രാഹ്മണനിലും മൃഗാദികളിലും തുല്യബുദ്ധിയോട്കൂടി അപമാനം സ്വയം അസൂയ തുടങ്ങിയ ദോഷങ്ങളിൽനിന്നു് മുക്തനും ആയിട്ട് എല്ലാ ഭൂതങ്ങളിലും അങ്ങയെത്തന്നെ ഭാവനം ചെയ്തു വഴിപോലെ പൂജിച്ചുകൊള്ളുന്നുണ്ട്.

തൽഭാവോ യാവദേഷു സ്ഫുരതി ന വിശദം
താവദേവം ഹ്യുപാസ്തിം
കുർവ്വന്നൈകാത്മ്യബോധേ ദൃഢതി വികസതി
ത്വന്മയോഹംചരേയം
ത്വദ്ധർമ്മസ്യാസ്യ താവൽ കിമപി ന ഭഗവൻ!
പ്രസ്തുതസ്യ പ്രണാശ–
സ്തസ്മാൽസർവ്വാത്മനൈവ പ്രദിശ മമ വിഭോ!
ഭക്തിമാർഗ്ഗം മനോജ്ഞം ൯൨

ഇവരിൽ അങ്ങയുടെ ഭാവം സ്പഷ്ടമായി പ്രകാശിയ്ക്കുന്നില്ല എങ്കിൽ അതുവരെ ഇങ്ങിനെതന്നെ സേവയെ ചെയ്തുകൊണ്ടു് പെട്ടെന്നു് ഒരേ ആത്മാവാണെന്ന ജ്ഞാനം വികസിയ്ക്കുമ്പോൾ ഞാൻ ഭഗവന്മയനായി സഞ്ചരിയ്ക്കുമാറാകണേ! ഈ ഭഗവദ്ധർമ്മത്തിനാകട്ടെ, ഹേ ഭഗവൻ! ഒരിയ്ക്കലും നാശം നേരിടുന്നതല്ല. ഹേ വിഭോ! അതുകൊണ്ടു് അങ്ങു് സർവ്വാത്മനാ മനോഹരമായ ഭക്തിമാർഗ്ഗത്തെ എനിയ്ക്കു് നല്കുണമേ!

തന്വൈനം ഭക്തിയോഗം ദൃഢയിതുമയി മേ
സാദ്ധ്യമാരോഗ്യമായുർ–
ദിഷ്ട്യാ തത്രാപി സേവ്യം തവ ചരണമഹോ
ഭേഷജായേവ ദൃശ്യം
മാർക്കണ്ഡേയോ ഹി പൂർവ്വം ഗണകനിഗദിത–
ദ്വാദശാബ്ദായുരുച്ചൈ–
സ്സേവിതാ വത്സരംതാംതവഭടനിവഹൈർ–
ദ്രാവയാമാസ മൃത്യും ൯൩

അല്ലയോ ഈശ്വര! ആ ഈ ഭക്തിയോഗത്തെ ദൃഢീകരിയ്ക്കുവാൻ എനിയ്ക്ക് ആരോഗ്യവും ആയുസ്സും സാധിയ്ക്കേണ്ടതായി വന്നിരിയ്ക്കുന്നു. ആശ്ചര്യം! ഭാഗ്യത്താൽ അതിലും മരുന്നിനു് പാൽ എന്നപോലെ അങ്ങയുടെ പാദം സേവിയ്ക്കപ്പെടേണ്ടതായും ഇരിയ്ക്കുന്നു. പണ്ട് മാർക്കണ്ഡേയൻ ജ്യോത്സ്യൻ പറഞ്ഞ പന്ത്രണ്ട് കൊല്പം മാത്രം ആയുസ്സുള്ളവനായി അങ്ങയെ ഒരു സംവത്സരം നല്ലവണ്ണം ധ്യാനിച്ചിട്ട് അങ്ങയുടെ ഭടന്മാരെക്കൊണ്ട് മരണത്തെ ഓടിച്ചു.

മാർക്കണ്ഡേയശ്ചിരായുസ്സ ഖലു പുനരപി
തപ്തപരഃ പുഷ്പഭദ്രാ–
തീരേ നിന്യേ തപസ്യന്നതുലസുഖരതി–
ഷ്ഠം തു മന്വന്തരാണി
ദേവേന്ദ്രസ്സപ്തമസ്ഥം സുരയുവതിഭരൈ–
രന്വമന്ത്രൈർമോഹയിഷ്യൻ
യോഗോഷ്മപുഷ്യമാണൈസ്തതുപുനരകൃ–
ത്തപ്രജനംനിർജ്ജയേൽകഃ ൭

ദീർഘായുസ്സായ ആ മാർക്കണ്ഡേയൻ വീണ്ടും അങ്ങയിൽ തല്പരനായി നിരുപമസുഖപരനായി ആവു് മന്വന്തരങ്ങളോളം പുഷ്പഭദ്രാനദീതീരത്തിൽ തപസ്സുചെയ്തുകൊണ്ടു് കഴിച്ചുകൂട്ടി. ഏഴാമത്തെ ഇന്ദ്രൻ ദേവസ്ത്രീകളെ വായുകാമൻ ഇവരെക്കൊണ്ടു് ഇവനെ മോഹിപ്പിയ്ക്കുവാനിച്ഛിച്ചു. പക്ഷേ യോഗാഗ്നിയുടെ ചൂടുകൊണ്ടു് ദഗ്ധന്മാരായിട്ടു് അവർക്കു് അതിനു് സാധിച്ചില്ല. അങ്ങയുടെ ഭക്തനെ ആർക്കു് ജയിയ്ക്കാൻ കഴിയും?

പ്രീത്യാ നാരായണാഖ്യസ്തമഥ നരസഖഃ
പ്രാപ്തവാനസ്യ പാർശ്വം
തുഷ്ട്യാ തോഷ്ടുയമാനസ്സ തു വിവിധവരൈ–
ർല്ലോഭിതോ നാനുമേനേ
ദുഷ്ടംമായാംതദീയാം കില പുനരവൃണോൽ
ഭക്തിരുച്ചാന്തരാത്മാ
മായാദുഃഖാനഭിജ്ഞസ്തദപി മൃഗയതേ
നൂനമാശ്ചര്യഹേതോ! ൯

അനന്തരം നാരായണൻ എന്ന പേരിലുള്ള അങ്ങ് നരനോടുക്രൂടി സന്തോഷത്തോടുക്രൂടി ഇവന്റെ അടുത്തുചെന്നിട്ട് സ്തുതിയ്ക്കപ്പെടുന്ന ഇവനെ അനേക വരങ്ങൾകൊണ്ട് പ്രലോഭിപ്പിച്ചു എങ്കിലും അവയെ സമ്മതിച്ചില്ല. എന്നാൽ അങ്ങയുടെ മായയെ കാണുവാൻ ആഗ്രഹിച്ചുവത്രെ. ഭക്തികൊണ്ട് യുപ്താത്മാവാണെങ്കിലും മായാദുഃഖങ്ങളെ അറിയാത്തവൻ അതിനെക്രൂടി ആശ്ചര്യം നിമിത്തം നിശ്ചയമായും തിരയുന്നതായിരിയ്ക്കാം ഇതിന്നു് ഹേതു.

യാതേ തപ്യാശു വാതാകുലജലദഗള-
ത്തോയപൂർണ്ണാതിഘൂർണ്ണൽ
സപ്താബ്ധ്യാരാശിമഗ്നേ ജഗതി സ തു ജലേ
സംഭ്രമൻവർഷകോടീഃ
ദീനഃ പ്രൈക്ഷിഷ്ട ദൂരേ വടദലശയനം
കഞ്ചിദാശ്ചര്യബാലം .
തമേവ ശ്യാമളാംഗം വദനസരസിജ-
ന്യസ്തപാദാംഗ്രുലീകം ൨

അങ്ങ് മറഞ്ഞപ്പോൾ ലോകം കാറുകൊണ്ടിളകിമറിഞ്ഞ മേഘങ്ങളിൽനിന്നു് വീഴ്ന്ന വെള്ളം നിറഞ്ഞു് ഇളകുന്ന ഏഴ് സമുദ്രങ്ങളിലും ആയി മുങ്ങിയപ്പോൾ ആ മാർക്കണ്ഡേയൻ വെള്ളത്തിൽ കോടി വർഷങ്ങൾ സംഭ്രമിച്ചുകൊണ്ട് ആലിലയിൽ പള്ളികൊള്ളുന്നവനും ശ്യാമളാംഗനും മുഖാരവിന്ദത്തിൽ വയ്ക്കപ്പെട്ട കാൽവിരലോടുക്രൂടിയവനും അത്ഭുതബാലനും ആയ അങ്ങയെത്തന്നെ ദൂരത്തിൽ കണ്ടു.

ദൃഷ്ട്വാ തപ്തം ഹൃഷ്ടരോമാ തപരിതമുപഗതഃ
സംപൃഷ്ടകാമോ മുനീന്ദ്രഃ
ശ്വാസേനാന്തർന്നിവിഷ്ടഃ പുനരിഹ സകലം
ദൃഷ്ടവാൻ വിഷ്ടപൌഘം
ഭൂയോപിശ്വാസവാതൈർബ്ബഹിരനുപതിതോ
വീക്ഷിതസ്തൽകടാക്ഷൈ-
രേതാദാശ്ലേഷകാമസ്തവയി പിഹിതതനൌ
സാശ്രമേ പ്രാഗവാസീൽ ൩

അ മുനിശ്രേഷ്ഠൻ അങ്ങയെ കണ്ടിട്ട് രോമാഞ്ചിതനായി തൊട്ടുവാനാഗ്രഹിച്ചുകൊണ്ട് വേഗത്തിൽ അടുത്തുചെന്ന് ശ്വാസത്തിലൂടെ ഉള്ളിൽ കടന്ന് അവിടെ നോക്കിയപ്പോൾ ഈ ലോകമെല്ലാം കാണുകയും ശ്വാസാനിലനിലൂടെ പുറത്തുവന്ന് അങ്ങയുടെ കടാക്ഷങ്ങളാൽ വീക്ഷിതനായിട്ട് സന്തോഷത്താൽ ആലിംഗനംചെയ്യാനാഗ്രഹിച്ചപ്പോൾ അങ്ങ് മറയുകയും ഉടനെ മുനി പണ്ടത്തെപ്പോലെ ആശ്രമത്തിൽ പാർക്കുകയുംചെയ്തു.

ഗൌര്യാ സാർദ്ധംതദഗ്രേ പുരഭിദഥ ഗത-
സ്തൽപ്രിയപ്രേക്ഷണാർത്ഥീ
സിദ്ധാനേവാസ്യ ദത്വാ സപദമയമജരാ
മൃത്യുതാദീൻ ഗതോഭൂൽ
ഏവംതൽസേവയൈവ സ്മരരിപുരപിസ-
പ്രീയതേ യേന തസ്മൈ
മൂർത്തിത്രയ്യാത്മകസ്ത്വം നനു സകലനിയ-
ന്തേതി സുവ്യക്തമാസീൽ ൯൯

അതിനുശേഷം ശിവൻ പാർവ്വതിയോടുകൂടി അങ്ങയുടെ പ്രിയഭക്തനെ കാണ്മാൻ ആഗ്രഹിച്ചുകൊണ്ട് അവന്റെ മുമ്പാകെ വന്ന് പണ്ടുതന്നെ സിദ്ധിച്ചിട്ടുള്ള അജരാമരത്വം മുതലായ വരങ്ങളെത്തന്നെ സ്വയം നല്കി തിരിച്ചു. ഭക്തിസേവകൊണ്ടു തന്നെ ആ കാമരിപുവും സന്തോഷിയ്ക്കുന്നു. അതുകൊണ്ട് അങ്ങ് ത്രിമൂർത്തിസ്വരൂപനും സകലനിയന്താവാണെന്നും പ്രസ്പഷ്ടമായി ഭവിച്ചുവല്ലോ.

ത്ര്യംശേസ്മിൻ സത്യലോകേ വിധിഹരിപുരഭി-
ന്മന്ദിരാണ്യുദ്ധമുദ്ധം
തേഭ്യോപ്യുദ്ധത്യ മായാവികൃതിവിരഹിതോ
ഭാതി വൈകുണ്ഠലോകഃ
തത്ര ത്വം കാരണാംഭസ്യപി പശുപകുലേ
ശ്രുദ്ധസത്വൈകമൂർത്തീ
സച്ചിൽബ്രഹ്മാദ്വയാത്മാ പവനപുരപതേ!
പാഹി മാം സർവ്വരോഗാൽ ൧൦൦

മൂന്ന് അംശങ്ങളുള്ള ഈ സത്യലോകത്തിൽ മേല്പോട്ടുമേ
ല്പോട്ട് ക്രമത്തിൽ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ ലോകങ്ങൾ
സ്ഥിതിചെയ്യുന്നു. മായാവികാരശൂന്യമായ ആ വൈകുണ്ഠലോ
കം അവയിൽനിന്നും മേല്പോട്ട് സ്ഥിതിചെയ്ത് ശോഭിയ്ക്കുന്നു.
അച്ഛയോ ഗുരുവായൂരപ്പ! അവിടെ കാരണാംഭസ്സിലും ഗോപകുല
ത്തിലും ശുദ്ധസത്തൈകമൂർത്തിയായി സച്ചിൽബ്രഹ്മൈകരൂപി
യായി വിജയിയ്ക്കുന്ന നിന്തിരുവടി എന്നെ എല്ലാ രോഗങ്ങളിൽ
നിന്നും രക്ഷിയ്ക്കണമേ!

ഇതി ശ്രീമന്നാരായണീയേ ഏകാദശസ്കന്ധേ
ഉത്തമഭക്തിപ്രാർത്ഥനാ മാർക്കണ്ഡേയോപാഖ്യാനം ച.

ദശശ്ലോകീ

ദശകം 98.

നിഷ്കളബ്രഹ്മോപാസനാ.

യസ്മിന്നേതദ്വിഭാതം യത ഇദമഭവദ്യേന ചേദം യ ഏത-
ദ്യോസ്മാദുത്തീർണ്ണരൂപഃ ഖലു സകലമിദം ഭാസിതംയസ്യ ഭാസാ
യോ വാചാം ദൂരദൂരേ പുനരപി മനസാം യസ്യ ദേവാ മുനീന്ദ്രാ
നോ വിദ്യുസ്തത്വരൂപം കിമു പുനരപരേ കൃഷ്ണ! തസ്മൈ നമസ്തേ

യാതൊരു ഭഗവാനിൽ ഈ ലോകം സ്ഥിതിചെയ്യുന്നു. യാതൊരാളിൽനിന്നു് ഈ പ്രപഞ്ചം ഉണ്ടായി? യാതൊരാളോടു് ഈ ലോകം ഐക്യം പ്രാപിയ്ക്കുന്നു. യാതൊരാൾ ഈ ലോകത്തിൽനിന്നു് ഉത്തീർണ്ണാത്മാവാകുന്നു. യാതൊരാളുടെ തേജസ്സുകൊണ്ടു് ഈ പ്രപഞ്ചമെല്ലാം ശോഭിയ്ക്കപ്പെട്ടിരിയ്ക്കുന്നു. യാതൊരാൾ വാക്കുകൾക്കും മനസ്സുകൾക്കും ദൂരദൂരത്തിൽ സ്ഥിതിചെയ്യുന്നു. യാതൊരാളുടെ തത്വരൂപം ദേവന്മാർക്കും മഹർഷിശ്രേഷ്ഠന്മാർക്കും അറിവാൻ കഴിയില്ല എന്നിരിയ്ക്കെ മറുള്ളവരുടെ കഥ പറയാനുണ്ടോ? ഹേ കൃഷ്ണ! ആ നിന്തിരുവടിയ്ക്കു് നമസ്കാരം ഭവിയ്ക്കട്ടെ.

ജന്മാഥോ കർമ്മ നാമ സ്ഫുടമിഹ ഗുണദോ-
ഷാദികം വാ ന യസ്മിൻ
ലോകാനാമുന്നയേ യഃ സ്വയമനുഭജതേ
താനി മായാനുസാരീ
ബിഭ്രച്ഛുക്തീരരൂപോപചിത ബഹുതര-
പ്രോവഭാത്യദ്ഭുതാത്മാ
തസ്മൈ കൈവല്യധാമ്നേ പരരസപരിപൂ-
ർണ്ണായ വിഷ്ണോ! നമസ്തേ ൨

യാതൊരാളിൽ ഇവിടെ ജന്മവും അനന്തരം കർമ്മവും നാമവും ഗുണദോഷാദിയും വ്യക്തമായിട്ടില്ലയോ യാതൊരാൾ ലോകാനുഗ്രഹത്തിന്നു് മായയെ അനുസരിച്ചുകൊണ്ടു് ജന്മാദി

കളെ അനുസേവിയ്ക്കുന്നവോ ശക്തികളെ (വിദ്യാവിദ്യകളെ) വഹിച്ചുകൊണ്ട് അരൂപനെങ്കിലും അനേകരൂപിയും അദ്വൈതാത്മാവുമായി ശോഭിയ്ക്കുന്നവോ ഹേ വിഷ്ണോ! മോക്ഷതേജസ്സും ചിദ്രസപരിപൂർണ്ണനും ആയ ആ നിന്തിരുവടിയ്ക്ക് നമസ്കാരം ഭവിയ്ക്കട്ടെ.

നോ തിര്യഞ്ചന്ന മർത്ത്യം ന ച സുരമസുരം
ന സ്ത്രീയംനോ പുമാംസം
ന ദ്രവ്യം കർമ്മജാതിം ഗുണമപി സദസ-
ദ്വാപി തേ രൂപമാഹുഃ
ശിഷ്ടം യൽസ്യാംനിഷേധേ സതി നിഗമശതൈ-
ർല്ലക്ഷണാവൃത്തിദക്ഷൈൽ
കൃഷ്ണാവേദ്യമാനം പരമസുഖമയം
ഭാതി തസ്മൈ നമസ്തേ ൫

അവിടുത്തെ രൂപം പക്ഷിമൃഗാദിയോ മനുഷ്യനോ ദേവനോ അസുരനോ സ്ത്രീയോ പുരുഷനോ ദ്രവ്യമോ കർമ്മമോ ജാതിയോ ഗുണമോ സത്തായതോ അസത്തായതോ മറേറതെങ്കിലും തരത്തിലുള്ളതോ അല്ല എന്നു് പറയപ്പെടുന്നു. ഇങ്ങിനെ ഇതുമല്ലെന്നു് നിഷേധം പറയുമ്പോൾ ശേഷിയ്ക്കുന്ന യാതൊരു രൂപം അനേക വേദവചനങ്ങളാൽ ലക്ഷണാവ്യാപാരംകൊണ്ടു് വളരെ പ്രയാസമായി അറിയിയ്ക്കപ്പെടുന്നതും പരമസുഖാത്മകമായും ശോഭിയ്ക്കുന്നവോ ആ രൂപം ധരിയ്ക്കുന്ന അങ്ങയ്ക്ക് നമസ്കാരം ഭവിയ്ക്കട്ടെ.

മായായാം ബിംബിതസ്ത്വം സൃജസി മഹദഹ-
ങ്കാരതന്മാത്രഭേദൈർ-
ഭ്രുതഗ്രാമേന്ദ്രിയാദ്യൈരപി സകലജഗൽ
സമ്പന്നസങ്കല്പകല്പം
ഭ്രയസ്സംഹൃത്യ സർവ്വം കമഠ ഇവ പദാ-
ന്യാത്മനാ കാലശക്ത്യാ
ഗംഭീരേ ജായമാനേ തമസി വിതിമിരോ-
ഭാസി തസ്മൈ നമസ്തേ ൬

അങ്ങ് മായയിൽ പ്രതിഫലിച്ചുകൊണ്ട് മഹത്തത്വം അഹങ്കാരങ്ങളും തന്മാത്രഭേദങ്ങളും ഭൂതങ്ങളും ഇന്ദ്രിയാദികളും എന്നിവയാൽ സ്വപ്നസങ്കല്പസദൃശമായ എല്ലാ ലോകവും സൃഷ്ടിയ്ക്കുന്നു. ആമ തന്റെ കാലുകളെ എന്നപോലെ കാലശക്തിയാകുന്ന ആത്മാവുകൊണ്ട് എല്ലാം വീണ്ടും സംഹരിച്ചിട്ട് ഗംഭീരമായ തമസ്സ് ഉണ്ടാകുമ്പോൾ തമോരഹിതനായി ശോഭിയ്ക്കുന്ന നിന്തിരുവടിയ്ക്ക് നമസ്കാരം ഭവിയ്ക്കട്ടെ.

ശബ്ദബ്രഹ്മേതി കർമ്മേത്യണ രിതി ഭഗവൻ! കാല ഇത്യാലപന്തി
താമേകം വിശ്വഹേതും സകലമയതയാ സർവ്വഥാ കൽപ്യമാനം
വേദാന്തൈരുത്തഗീതം പുരുഷപരചിദാത്മാഭിധം തത്തുതത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൂൽകൃഷ്ണ തസ്മൈ നമസ്തേ

അങ്ങ് സർവ്വാന്തര്യാമിയായതുകൊണ്ട് എല്ലാ പ്രകാരത്തിലും കല്പിയ്ക്കപ്പെടുന്നവനും ലോകകാരണനും ഏകനും ആയ അങ്ങയെ ശബ്ദബ്രഹ്മമെന്നും കർമ്മമെന്നും അണുവെന്നും കാലമെന്നും ഹേ ഭഗവൻ! വ്യവഹരിയ്ക്കുന്നു. പുരുഷൻ പരൻ ചിത്തു് ആത്മാവു് എന്ന പേരുകളോടുകൂടി യാതൊരു തത്വമാണോ വേദാന്തങ്ങളാൽ വർണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നതു് ആ തത്വം കേവലം പ്രേക്ഷണംകൊണ്ടു് മൂലപ്രകൃതിയ്ക്കു് വികാരം ഉണ്ടാക്കുന്നു. അല്ലയോ കൃഷ്ണാ! ആ നിന്തിരുവടിയ്ക്കു് നമസ്കാരം ഭവിയ്ക്കട്ടെ (മായാമുഖേന ബ്രഹ്മം സൃഷ്ടിയെ ചെയ്യുന്നു എന്നു് മർമ്മം).

സതേപനാസത്തയാ വാ ന ച ഖലു സദസ-
ത്തേപന നിർവ്വാച്യരൂപാ
ധത്തേ യാസാവവിദ്യാ ഗ്രണഫണിമതിവ-
ദ്വിശ്വദൃശ്യാവഭാസം
വിദ്യാതത്വം സൈവ യാതാ ശ്രുതിവചനലവൈ-
സ്ത്വൽകൃപാസ്യന്ദലാഭേ
സംസാരാരണ്യസദ്യസ്തൃടനപരശ്രുതാ-
മേതി തസ്മൈ നമസ്തേ ന്യ

സൽഭാവംകൊണ്ടോ അസൽഭാവംകൊണ്ടോ സദസൽഭാവംകൊണ്ടോ യാതൊന്നു് നിർവ്വചിപ്പാൻ സാധിയ്ക്കാത്ത രൂപത്തെ വഹിയ്ക്കുന്ന അതു് അവിദ്യയാകുന്നു. അതു് രജ്ജുസർപ്പ

ഭ്രാന്തിപോലെ ലോകത്തിൽ ദൃശ്യപ്രതീതിയെ ഉണ്ടാക്കുന്നു. അതുതന്നെ ഭഗവൽകൃപാപൂരം ലഭിയ്ക്കുമ്പോൾ വേദവാക്യലേശങ്ങൾകൊണ്ടു് വിദ്യാതപം പ്രാപിച്ചിട്ടു് സംസാരമാകുന്ന പാഴ്മരണ്യത്തെ വെട്ടിത്തെളിയ്ക്കുവാനുള്ള വെണ്മഴുവായിത്തീരുന്നു.

ഭ്രഷ്ടാസു സപ്ലവാദാ ജഗതി ഘടശരാ-
വാദികേ മൃത്തികാവ-
ത്തത്തേ സഞ്ചിന്ത്യമാനേ സ്ഫുരതി തദധുനാ-
പ്യദ്വിതീയം വപുസ്തേ
സപ്നദ്രഷ്ടുഃ പ്രബോധേ തിമിരലയവിധൌ
ജീർണ്ണരജ്ജ്വാശ്ച യദ്വ-
ദ്വിദ്യാലാഭേ തഥൈവ സ്ഫുടമപി വികസേൽ
കൃഷ്ണ! തസ്മൈ നമസ്തേ ൭

തത്വം ആലോചിച്ചുനോക്കുമ്പോൾ ആഭരണങ്ങളിൽ സപ്ലവമെന്നപോലെയും കുടം ശരാവം മുതലായതിൽ മണ്ണെന്നപോലെയും ലോകത്തിൽ അദ്വിതീയമായിരിയ്ക്കുന്ന അങ്ങയുടെ വിഗ്രഹം ഇപ്പോഴും ശോഭിയ്ക്കുന്നു. സപ്നം കണ്ടവനു് ഉണർച്ചയിലും ജീർണ്ണമായ കയറിനു് ഇരുട്ടു് നീങ്ങുമ്പോഴും ഏതുവിധത്തിൽ യഥാർത്ഥജ്ഞാനം ലഭിയ്ക്കുന്നുവോ അപ്രകാരംതന്നെ ജ്ഞാനം സ്പഷ്ടമായി പ്രകാശിയ്ക്കും. ഹേ കൃഷ്ണ! ആ അങ്ങയ്ക്കു് നമസ്കാരം ഭവിയ്ക്കട്ടെ.

യൽഭീത്യാദേതി സൂര്യോ ദഹതി ച ദഹനോ-
വാതി വായുസ്ഥാന്യേ
യൽഭീതാഃ പദ്മജാദ്യാഃ പുനരുചിതബലീ-
നാഹരന്തേനകാലം
യേനൈവാ രോപിതാഃ പ്രാങ്നിജപദമപി തേ-
ച്യാവിതാരശ്ച പശ്ചാ-
ത്തസ്മൈ വിശ്വംനിയന്ത്രേ വയമപി ഭവതേ
കൃഷ്ണ! കർമ്മഃ പ്രണാമം ൮

യാതൊരാളിൽനിന്നുള്ള ഭയംകൊണ്ടു് സൂര്യൻ ഉദിയ്ക്കുകയും അഗ്നി ദഹിപ്പിയ്ക്കുകയും വായു വീശുകയും ചെയ്യുന്നുവോ അപ്രകാരം യാതൊരാളിൽനിന്നുള്ള ഭയംനിമിത്തം ബ്രഹ്മാദികളും

കാലാനുക്രമം ഉചിതപൂജകൾ ചെയ്യുന്നു. യാതൊരാളാൽ പണ്ടു് അവർ സ്വസ്വസ്ഥാനത്തെ ആരോപിപ്പിയ്ക്കപ്പെടുകയും അനന്തരം വീക്ഷിക്കപ്പെടുകയും ചെയ്തുവോ, ഹേ കൃഷ്ണ! പ്രപഞ്ചനിയന്താവായ ആ അങ്ങയ്ക്കു് നമസ്കാരം ഭവിയ്ക്കട്ടെ.

ത്രൈലോക്യം ഭാവയന്തം ത്രിഗുണമയമിദം
ത്ര്യക്ഷരസ്യൈകവാച്യം
ത്രീണാനാമൈക്യരൂപം ത്രിഭിരപി നിഗമൈ-
ർഗ്ഗീയമാനസ്വരൂപം
തിസ്രോവസ്ഥാ വിദന്തം ത്രിയുഗജനിജുഷം
ത്രിക്രമാക്രാന്തവിശ്വം
ത്രൈകാല്യേ ഭേദഹീനം ത്രിഭിരഹമനിശം
യോഗഭേദൈർഭജേ താം ൻ

ഗുണത്രയാത്മകമായ ഈ മൂന്നു് ലോകത്തെയും സൃഷ്ടിയ്ക്കുന്നവനും പ്രണവം എന്ന വർണ്ണത്രയത്തിനു് ഏകവാച്യനും ത്രിമൂർത്തികളുടെ ഐക്യരൂപിയും മൂന്നു് വേദങ്ങളാലും കീർത്തിയ്ക്കപ്പെടുന്ന രൂപത്തോടുകൂടിയവനും അവസ്ഥാത്രയജ്ഞനും യുഗത്രയങ്ങളിൽ ജന്മം എടുക്കുന്നവനും മൂന്നു് പദവിന്യാസംകൊണ്ടു് എല്ലാ ലോകത്തെയും അതിക്രമിച്ചവനും മൂന്നു് കാലത്തിലും ഭേദമില്ലാത്തവനും ആയ നിന്തിരുവടിയെ മൂന്നു് യോഗവിശേഷങ്ങൾകൊണ്ടും ഭജിയ്ക്കുന്നു.

സത്യംശുദ്ധംവിബുദ്ധംജയതിതവവപുർന്നിത്യമുക്തംനിരീഹം
നിർദ്വന്ദ്വംനിർവ്വികാരം നിഖിലഗുണഗണവ്യഞ്ജനാധാരഭൂതം
നിർമ്മൂലം നിർമ്മലന്തന്നിരവധിമഹിമോല്ലാസിനില്ലീനമന്ത-
ർന്നിസ്സംഗാനാംമുനീനാം നിരുപമപരമാനന്ദസാന്ദ്രപ്രകാശം

സത്യവും ശുദ്ധവും വിബുദ്ധവും എപ്പോഴും ബന്ധമില്ലാത്തതും നിസ്പൃഹവും അദ്വിതീയവും വികാരരഹിതവും എല്ലാ ഗുണങ്ങളുടെ ഉല്പത്തിയ്ക്കു് ആശ്രയഭൂതവും നിർമ്മൂലവും നിർമ്മലവും അനന്തമഹിമയാൽ ശോഭിയ്ക്കുന്നതും സംഗരഹിതന്മാരായ മഹർഷിവര്യന്മാരുടെ ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്നതും നിസ്തുലമായ പരമാനന്ദത്തിന്റെ സാന്ദ്രമായ പ്രകാശത്തോടുകൂടിയതും ആയ നിന്തിരുവടിയുടെ ദിവ്യവിഗ്രഹം വിജയിയ്ക്കുന്നു.

ദുഷ്പാരം ദ്വാദശാരം ത്രിശതപരിമിളൽ
ഷഷ്ടിപഞ്ചാഭിവീതം
സംഭ്രാമ്യൽക്രൂരവേഗം ക്ഷണമന ജഗദാ-
ക്രമ്യ സന്ധാവമാനം
ചക്രം തേ കാലരൂപം വ്യഥയതു ന തു മാം
തൽപദൈകാവലംബം
വിഷ്ണോ! കാരുണ്യസിന്ധോ! പവനപുരപതേ!
പാഹിസഞ്ചാമയൌഘാൽ ൭൭

പന്ത്രണ്ടു് കൂഴികളുള്ളതും മുന്നൂററിഅറുപതു് ധാരകളുള്ളതും അതിവേഗത്തിൽ ചുററിത്തിരിയുന്നതും ജഗത്തിനെ ആകൃഷ്ടിച്ചു് കുതിച്ചു് ഓടുന്നതും ആക്കും തടുപ്പാൻ കഴിയാത്തതും കാലസ്വരൂപവും ആയ അങ്ങയുടെ ചക്രം ഭവൽപാദം മാത്രം ശരണമായിരിയ്ക്കുന്ന എന്നെ പീഡിപ്പിയ്ക്കാതിരിയ്ക്കുമാറാകേണമേ! ഹേ വിഷ്ണോ! ദയാസമുദ്രമേ! ഗുരുവായൂരപ്പ! എല്ലാ രോഗങ്ങളിൽനിന്നും എന്നെ രക്ഷിയ്ക്കുണേ!

ഇതി ശ്രീമന്നാരായണീയേ ദ്വാദശസ്കന്ധേ
നിഷ്കളബ്രഹ്മോപാസനാ.

ദശകം 99.

ഭഗവന്മാഹാത്മ്യവിവരണം.

വിഷ്ണോവീര്യാണി കോ വാ കഥയതു ധരണേഃ
കശ്ച രേണൂനമിമീതേ
യസ്യൈവാംഘ്രിത്രയേണ ത്രിജഗദഭിമിതം
മോദതേ പൂർണ്ണസംപൽ
യോസൌ വിശ്വാനി ധത്തേ പ്രിയമിഹ പരമം
ധാമ തസ്യാഭിയായാം
തൽഭക്താ യത്ര മാദ്യന്ത്യമൃതരസമര-
ന്ദസ്യ യത്ര പ്രവാഹഃ ൧

വിഷ്ണുവിന്റെ വീര്യങ്ങളെ ആര്ക്ക് വർണ്ണിപ്പാൻ സാധിയ്ക്കുന്നു. ഭൂമിയുടെ പൊടികളെ എണ്ണിത്തീർക്കുവാൻ ആര്ക്ക് സാധിയ്ക്കും? യാതൊരാളുടെ മൂന്നടികൊണ്ട് ഈ മൂന്നുലോകവും അളക്കപ്പെട്ട സമ്പത്തെല്ലാം നിറഞ്ഞു സന്തോഷിയ്ക്കുന്നു. യാതൊരാൾ ലോകങ്ങളെ ധരിയ്ക്കുന്നു. ആ ഭഗവാന്റെ ഉൽകൃഷ്ടമായ സ്ഥാനത്തെ ഞാൻ പ്രാപിയ്ക്കുമാറാകണേ! അവിടെ ഭഗവൽഭക്തന്മാർ മോദിയ്ക്കുന്നു. അവിടെ മോക്ഷരസമാകുന്ന പൂന്തേൻ ഒഴുകുന്നുണ്ട്.

ആദ്യോ യാശേഷകർത്തേ പ്രതിനിമിഷനവീ-
നായ ഭർത്തേ വിഭൂതേർ-
ഭക്താത്മാ വിഷ്ണവേയഃ പ്രദിശതി ഹവിരാ-
ദീനി യജ്ഞാച്ച നാദൌ
കൃഷ്ണാദ്യം ജന്മ യോ വാ മഹദിഹ മഹതോ
വർണ്ണയേൽസോയമേവ
പ്രീതഃ പൂർണ്ണോ യശോഭിസ്തവരിതമഭിസരേൽ
പ്രാപ്യമന്തേ പദന്തേ ൭

ആദിയിൽ ജനിച്ചവനും സൃഷ്ടിച്ചവനും ഓരോ നിമിഷം തോറും പുതിയവനും വിഭൂതിയുടെ ഭർത്താവും ആയിരിയ്ക്കുന്ന വിഷ്ണുവിന്നായിക്കൊണ്ട് യാതൊരു ഭക്തനാണോ യാഗം പൂജ മുതലായവയിൽ ഹവിസ്സ് മുതലായതിനെ നല്കുന്നുവോ? യാതൊരാൾ ഇവിടെ മഹാമഹിമയുള്ള കൃഷ്ണാദ്യവതാരങ്ങളെ വർണ്ണിയ്ക്കുമോ? ആ ഈ ഭക്തൻ സന്തുഷ്ടനായി പൂർണ്ണനായി കീർത്തിമാനായി ഒടുവിൽ അങ്ങയുടെ പദത്തെ വേഗത്തിൽ പ്രാപിയ്ക്കും.

ഹേസ്തോതാരഃ കവീന്ദ്രാസ്തമിഹ ഖലു യഥാ
ചേതയധ്വേ തഥൈവ
വ്യക്തം വേദസ്യ സാരം പ്രണവത ജനനോ-
പാത്തലീലാകഥാഭിഃ
ജാനന്തശ്ചാസ്യ നാമാന്യഖിലസുഖകരാ-
ണീതി സങ്കീർത്തയധ്വം
ഹേ വിഷ്ണോ കീർത്തനാദ്യൈസ്തവ ഖലു മഹത-
സ്തത്ബോധം ഭജേയം ൮

അല്ലയോ സ്തുതിയ്ക്കുന്ന കവിശ്രേഷ്ഠന്മാരേ! നിങ്ങളും യാതൊരുപ്രകാരം അദ്ദേഹത്തെ അറിയുന്നുവോ അപ്രകാരം ജന്മോപാത്തങ്ങളായ ലീലകളെക്കൊണ്ടും കഥകളെക്കൊണ്ടും വേദത്തിൻപൊരുളായ ഭഗവാനെ സ്തുതിയ്ക്കുവിൻ! അവിടുത്തെ തിരുനാമങ്ങളും സർവ്വമംഗളപ്രദങ്ങളാണെന്നറിഞ്ഞുകൊണ്ടു് വേണ്ടപോലെ കീർത്തിയ്ക്കുവിൻ! ഹേ വിഷ്ണോ! മഹാനായ അങ്ങയുടെ കീർത്തനാദികൾകൊണ്ടു് ഞാൻ തത്വബോധത്തെ പ്രാപിച്ചുകൊള്ളാം.

വിഷ്ണോഃകർമ്മാണി സംപശ്യത മനസി സദാ-
യൈ സ്സ ധർമ്മാന ബദ്ധ്നാ-
ത്യാനീന്ദ്രസ്യൈഷ ഭൃത്യഃ പ്രിയസഖ ഇവ ച
വ്യാതനോൽക്ഷേമകാരീ
വീക്ഷന്തേ യോഗസിദ്ധാഃ പരപദമനിശം
യസ്യ സമ്യക്പ്രകാശം
വിപ്രേന്ദ്രാ ജാഗ്രതോകാഃ കൃതബഹുനുതയോ
യച്ചനിർഭാസയന്തേ ർ

യാതൊരു കർമ്മങ്ങളെക്കൊണ്ടാണോ ധർമ്മത്തെ ഭഗവാൻ ബന്ധിച്ചതു്? ദേവേന്ദ്രന്റെ ഭൃത്യനും പ്രിയമിത്രവും എന്നപോലെ ക്ഷേമത്തെ ചെയ്തുകൊണ്ടു് യാതൊരു കർമ്മങ്ങളെ ചെയ്തുവോ യോഗസിദ്ധന്മാർ യാതൊരാളുടെ നിത്യശോഭനമായ പരമപദത്തെ എപ്പോഴും കാണുന്നുവോ ബ്രാഹ്മണവര്യന്മാർ അനേകം സ്തോത്രങ്ങൾ ചെയ്തുകൊണ്ടു് യാതൊന്നിനെ ഏറെറവും പ്രകാശിപ്പിയ്ക്കുന്നുവോ ആ വിഷ്ണുവിന്റെ കർമ്മങ്ങളെ നിങ്ങൾ മനസ്സിൽ കാണുവിൻ!

നോ ജാതോ ജായമാനോപി ച സമധിഗത-
സ്ത്വന്മഹിമ്നോവസാനം
ദേവ ശ്രേയാംസി വിദ്വൻ പ്രതിമുഹുരപി തേ
നാമ ശംസാമി വിഷ്ണോ!

തത്പാദം സംസ്തൗമി നാനാ വിധനുതി വചനൈ-
രസ്യ ലോകത്രയസ്യ-
പൃഷ്ഠം വിഭ്രാജമാനേ വിരചിതവസതിം
തത്ര വൈകുണ്ഠലോകേ ൭

ജനിച്ചവനും, ജനിയ്ക്കപ്പെടുന്നവനും അങ്ങയുടെ മാഹാത്മ്യത്തിന്റെ അവസാനം കണ്ടെത്തിയിട്ടില്ല. ഹേ ദേവ! വിഷ്ണോ! ശ്രേയസ്സുകളെ പ്രാപിച്ചുകൊണ്ട് ഞാൻ വീണ്ടും അങ്ങയുടെ തിരുനാമങ്ങളെ ഉച്ചരിയ്ക്കുന്നു. ഈ മൂന്ന് ലോകത്തിന്റെയും മുകളിൽ വൈകുണ്ഠലോകത്തിൽ താമസിയ്ക്കുന്ന നിന്തിരുവടിയെ ഞാൻ വിവിധ സ്തോത്രങ്ങൾകൊണ്ട് സ്തുതിച്ചുകൊള്ളുന്നു.

ആപഃസൃഷ്ട്യാദിജന്യാഃ പ്രഥമമയി വിഭോ
ഗർഭദേശേ ദധുസ്ത്വാം
യത്ര ത്വയ്യേവ ജീവാ ജലശയന ഹരേ
സംഗതാ ഐക്യമാപുർ
തസ്യാജസ്യ പ്രഭോ! തേ വിനിഹിതമഭവൽ
പദ്മമേകം ഹി നാഭൌ
ദിക്കുപത്രം യൽ കിലാഹുഃ കനകധരണിഭൃൽ
കർണ്ണികം ലോകരൂപം ൯

ഹേ വിഭോ! സൃഷ്ട്യാദിയിൽ ജനിച്ച ജലം അങ്ങയെ ഗർഭദേശത്തിൽ ഒന്നാമതായി ധരിച്ചു. അല്ലയോ ഹരേ! വെള്ളത്തിൽ പള്ളികൊള്ളുന്ന ഭഗവൻ! ജീവികളെല്ലാം അങ്ങയിൽ തന്നെ ഏകതാപം പ്രാപിച്ചു. ഹേ പ്രഭോ! അജനായ അങ്ങയുടെ നാഭിനിഹിതമായി ഒരു താമര ഉത്ഭവിച്ചു. ദിക്കുകളാകുന്ന ഇതളുകളുള്ളതും മഹാമേരുവാകുന്ന കർണ്ണികയോടുകൂടിയതും ലോകരൂപമായിട്ടുള്ളതും ആണത്രെ ആ താമര എന്നു് പറയപ്പെടുന്നു.

ഹേ ലോകാ വിഷ്ണുരേതൽഭുവനമജനയ-
ത്തന്ന ജാനീഥ യൂയം
യുഷ്മാകം ഹ്യന്തരസ്ഥം കിമപി തദപരം
വിദ്യതേ വിഷ്ണുരൂപം

നീഹാരപ്രഖ്യമായാപരിവൃതമനസോ
മോഹിതാ നാമരൂപൈഃ
പ്രാണപ്രീത്യൈകതൃപ്താശ്ചരഥ മഖചരാ
ഹന്ത നേച്ഛാ മുകുന്ദേ ൭

അല്ലയോ ജനങ്ങളേ! വിഷ്ണുഭഗവാൻ ഈ ലോകം സൃഷ്ടിച്ചു. നിങ്ങൾ അതറിയുന്നില്ല. അതുകൂടാതെ വേറെ അവർണ്യമായ ഒരു വിഷ്ണുരൂപം നിങ്ങളുടെ അന്തർഭാഗത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. മഞ്ഞിനോട് തുല്യമായ മായയാൽ മറയ്ക്കപ്പെട്ട മനസ്സോടുകൂടിയവരായി നാമരൂപങ്ങളാൽ മോഹിതന്മാരായി പ്രാണനെ സന്തോഷിപ്പിയ്ക്കുന്നതുകൊണ്ട് മാത്രം തൃപ്തന്മാരായി യാഗതല്പരന്മാരായി നിങ്ങൾ സഞ്ചരിയ്ക്കുന്നു. നിങ്ങൾക്ക് വിഷ്ണുവിൽ ഭക്തിയില്ല.

മൂർദ്ധ്നാമുച്ചൈഃ പദാനാം വഹസി ഖലുസഹ-
സ്രാണിസമ്പൂജ്യവിശ്വം
തൽപ്രോൽക്രമ്യാപി തിഷ്ഠൻ പരിമിതവിവരേ
ഭാസി ചിത്താന്തരേപി
ഭൂതം ഭവ്യഞ്ചസർവ്വം പരപുരുഷ ഭവാൻ
കിഞ്ച ദേഹേന്ദ്രിയാദി-
ഷ്വാവിഷ്ടോപ്യുദ്ഗതതാദമൃതസുഖരസ-
ഞ്ചാനുഭുങ്ക്ഷേ തഥാപി ൮

അങ്ങ് ശിരസ്സുകളേയും കണ്ണുകളേയും കാലുകളേയും സഹസ്രങ്ങളെ തീച്ചയായും വഹിയ്ക്കുന്നുണ്ട്. വിശ്വം നിറഞ്ഞു അതിനെ അതിശയിച്ചിട്ട് സ്ഥിതി ചെയ്യുന്നവനെങ്കിലും അങ്ങ് ചെറിയ ഹൃദയാന്തരത്തിലും ശോഭിയ്ക്കുന്നു. ഹേ പരപുരുഷ! ഭൂതവും ഭാവിയും എല്ലാം അങ്ങുതന്നെ. പോര; ശരീരേന്ദ്രിയാദികളിൽ ആവേശിച്ചവനെങ്കിലും അതിൽ സംബദ്ധനല്ലായ്കയാൽ അമൃതസുഖരസത്തേയും അങ്ങുതന്നെ അനുഭവിയ്ക്കുന്നു.

യത്തേ ത്രൈലോക്യരൂപം ദധദപിച തതോ
നിർഗ്ഗതാനന്തശുദ്ധ-
ജ്ഞാനാത്മാ വർത്തസേ തത്ത്വം തവ ഖലുമഹിമാ
സോപിതാവാൻകിമന്യൽ

സ്തോകസ്തേ ഭാഗ ഏവാഖിലഭുവനതയാ
ദൃശ്യതേ ത്ര്യംശകല്പം
ത്രയിഷ്ഠം സാന്ദ്രമോദാത്മകമുപരി തതോ
ഭാതി തസ്മൈ നമസ്തേ ൻ

ത്രൈലോക്യരൂപത്തെ വഹിയ്ക്കുന്നവനെങ്കിലും അതിൽ നിന്നു് നിർഗ്ഗതനായി അനന്തവും ശുദ്ധവും ആയ ജ്ഞാനത്തിന്റെ ആത്മാവോടുകൂടിയവനായി അങ്ങു് വർത്തിയ്ക്കുന്നു. അതും അങ്ങയുടെ അത്രമാത്രം ഉള്ള മാഹാത്മ്യമല്ലാതെ മറെറന്താണു്? അങ്ങയുടെ അല്പമായ അംശംതന്നെ സർവ്വലോകാത്മകമായി കാണപ്പെടുന്നു. അതിലും മീതെയായി മൂന്നു് ഭാഗത്തിനും ആധാരമായി ത്രയിഷ്ഠമായി സാന്ദ്രാനന്ദരൂപമായി ശോഭിയ്ക്കുന്ന ആ അങ്ങയ്ക്കു് നമസ്കാരം ഭവിയ്ക്കട്ടെ.

അവ്യക്തം തേ സ്വരൂപം ദുരധിഗമതമം
തത്തു ശുദ്ധൈകസത്വം
വ്യക്തഞ്ചാപ്യേതദേവ സ്ഫുടമമൃതരസാം-
ഭോധികല്ലോലതുല്യം
സർവ്വോൽകൃഷ്ടാമഭീഷ്ടാംതദിഹ ഗുണരസേ
നൈവ ചിത്തം ഹരന്തീം
മൂർത്തിം തേ സംശ്രയേഹം പവനപുരപതേ!
പാഹി മാം കൃഷ്ണ! രോഗാൽ ഏാ

നിന്തിരുവടിയുടെ അസ്പഷ്ടരൂപം അറിവാൻ പ്രയാസമുള്ളതാകുന്നു. ശുദ്ധൈകസത്വവും വ്യക്തവുമായ ഈ രൂപംതന്നെ അല്ല അവ്യക്തരൂപംതന്നെ അമൃതരസസമുദ്രത്തിലെ തിരമാലയോടു് തുല്യമാകുന്നു. അല്ലയോ ഗുരുവായൂരപ്പ! അതുകൊണ്ടു് ഗുണരസംകൊണ്ടുതന്നെ മനസ്സിനെ ആകർഷിയ്ക്കുന്നതും സർവ്വോൽകൃഷ്ടവും അഭീഷ്ടവുമായ മൂർത്തിയെ ഞാൻ ആശ്രയിയ്ക്കുന്നു. ഹേ കൃഷ്ണ! രോഗത്തിൽനിന്നു് എന്നെ രക്ഷിയ്ക്കണേ!

ഇതി ശ്രീമന്നാരായണീയേ ദശശ്ലോകീ
ഭഗവന്മാഹാത്മ്യവിവരണം.

ദശകം 100.

കേശാദിപാദവർണ്ണനം.

അഗ്രേ പശ്യാമി തേജോ നിബിഡതരകളായാവലീലോഭനീയം
പീയൂഷപ്ലാവിതോഹംതദനു തദുദരേ ദിവ്യകൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാസ്വാദരോമാഞ്ചിതാംഗൈ–
രാവീതം നാരദാദ്യൈർവ്വിലസദുപനിഷത്സുന്ദരീമണ്ഡലൈശ്ച.

ഞാൻ ഇടതുന്ന് നില്ക്കുന്ന കായാമ്പൂക്കളുടെ സമൂഹം പോലെ മനോഹരം ആയ ഒരു തേജസ്സിനെ മുന്നിൽ കാണുന്നു. ഞാൻ അമൃതധാരാനിമഗ്നനായിട്ട് ആ തേജസ്സിനുള്ളിൽ യൌവനത്തിന്റെ ആരംഭംകൊണ്ട് മനോഹരവും പരമസുഖരസത്തെ ആസ്വദിയ്ക്കുന്നതുകൊണ്ട് രോമാഞ്ചം പൂണ്ട അംഗങ്ങളോടുകൂടിയ നാരദപ്രഭൃതികളാലും ജപലിയ്ക്കുന്ന ഉപനിഷത്തുകളാകുന്ന സുന്ദരീസമൂഹത്താലും ആവൃതവും ദിവ്യവും ആയ കൈശോരവേഷത്തെ ഇതാ കാണുന്നു.

നീലാഭം കുഞ്ചിതാഗ്രം ഘനമമലതരം
സംയതം ചാരുഭംഗ്യാ
രത്നോത്തംസാഭിരാമം വലയിതമുദയ–
ച്ചന്ദ്രകൈഃ പിഞ്ഛരാജാലൈഃ
മന്ദാരസ്രങ്നിവീതം തവ പൃഥു കബരീ–
ഭാരമാലോകയേഹം
സ്നിഗ്ധശ്വേതോർദ്ധപുണ്ഡ്രാമപിചസുലളിതാം
ഫാലബാലേന്ദുവീഥീം ച.

നീലശോഭയുള്ളതും അഗ്രഭാഗം ചുരുണ്ടതും നിബിഡവും അതിനിർമ്മലവും മനോഹരമായ ഭംഗിയോടുകൂടി കെട്ടിയതും രത്നാഭരണങ്ങൾകൊണ്ട് അഭിരാമവും ഏറ്റവും തിളങ്ങുന്ന മയിൽപീലികളാൽ പരിവൃതവും മന്ദാരമാലകളാൽ ചുറ്റപ്പെട്ടതും ആയ നിന്തിരുവടിയുടെ മുഴുപ്പുള്ള തലമുടിക്കൂട്ടത്തേയും സ്നിഗ്ധവും വെളുത്തതുമായ ഊർദ്ധ്വപുണ്ഡ്രത്തോടു് (ഗോപിക്കുറി) കൂടിയതും അതിലളിതവും ബാലചന്ദ്രനെപ്പോലെയിരിയ്ക്കുന്ന നെറ്റിത്തടത്തേയും ഞാൻ കാണുന്നു.

ഹൃദ്യം പൂർണ്ണാനുകംപാർണ്ണവമൃദുലഹരീചഞ്ചലൽഭ്രൂവിലാസൈ-
രാനീലസ്നിഗ്ധപക്ഷ്മാവലിപരിലസിതംനേത്രയുഗ്മം വിഭോ!തേ
സാന്ദ്രച്ഛായം വിശാലാരുണകമലദലാകാരമാമുഗ്ധതാരം
താരുണ്യാലോകലീലാശിശിരിതഭുവനംക്ഷിപ്യതാംമയ്യനാഥേ

ഹേ വിഭോ! പരിപൂർണ്ണദയയാകുന്ന സമുദ്രത്തിലെ നന്നുത്ത തിരമാലപോലെ ഇളകുന്ന പൂരികക്കൊടികളുടെ വിലാസങ്ങളാൽ ഹൃദ്യവും നല്ലവണ്ണം നീലവും സ്നിഗ്ധവും ആയ കണ്പോളകളുടെ രോമങ്ങൾകൊണ്ടു് ശോഭിയ്ക്കപ്പെട്ടതും സാന്ദ്രകാന്തിയോടുകൂടിയതും വലിയ ചെന്താമരപ്പൂവിന്റെ ഇതളുപോലെയുള്ളതും മനോഹരങ്ങളായ കൃഷ്ണമണികളുള്ളതും കരുണാർദ്രകടാക്ഷങ്ങളുടെ ലീലകൊണ്ടു് തണുപ്പിച്ച ലോകത്തോടുകൂടിയതും ആയ ആ നിന്തിരുവടിയുടെ രണ്ടു് കണ്ണുകളും അശരണനായ എന്നിൽ നിക്ഷേപിയ്ക്കുമാറാകണമേ!

ഉത്തുംഗോല്ലാസിനാസം ഹരിമണിമുകുര
പ്രോല്ലസൽ ഗണ്ഡപാളി
വ്യാലോലൽകർണ്ണപാശാഞ്ചിതമകരമണീ
കുണ്ഡലദ്വന്ദ്വദീപ്രം
ഉന്മീലദ്ധന്തപങ്ക്തിസ്ഫുരദരുണതര
ച്ഛായ ബിംബാധരാന്തഃ-
പ്രീതിപ്രസ്യന്ദമന്ദസ്മിതമധുരതരം
വക്ത്രമുദ്ഭാസതാം മേ ൪

ഉയർന്നു് ശോഭിയ്ക്കുന്ന നാസികയോടുകൂടിയതും ഇന്ദ്രനീലരത്നംകൊണ്ടുള്ള കണ്ണാടിപോലെ ശോഭിയ്ക്കുന്ന കവിൾത്തടങ്ങളിൽ പ്രതിബിംബിച്ചു് തിളങ്ങുന്നതും മനോഹരവുമായ മകരകുണ്ഡലങ്ങളാൽ ദീപ്രവും വികസിയ്ക്കുന്ന ചെന്താമരപങ്ക്തിയോടുകൂടിയതും ഏറ്റവും ചുകന്ന കാന്തിയുള്ള ബിംബാധരത്തിനുള്ളിലൂടെ സന്തോഷത്തോടുകൂടി കവിഞ്ഞൊഴുകുന്ന പുഞ്ചിരികൊണ്ടു് അതിമധുരവും ആയ നിന്തിരുവടിയുടെ മുഖം എനിയ്ക്കു് പ്രത്യക്ഷമായി പ്രകാശിയ്ക്കുമാറാകട്ടെ.

ബാഹൂദന്ദേന രത്നോജ്ജ്വലവലയധൃതാ
ശോണപാണിപ്രവാളേ
നോപാത്താം വേണുനാളീം പ്രസൃതനഖമയൂ-
ഖാംഗുലീസംഗശാരാം
കൃത്വാ വക്ത്രാരവിന്ദേ സുമധുരവികസ-
ദ്രാഗമുൽഭാവ്യമാനൈ-
ഗ്ഗുബ്ദ്ധ്യുഹ്മാമൃതൈസ്ത്വം ശിശിരിതഭുവനൈ-
സ്സിഞ്ച മേ കണ്ണവീഥീം ൪

രത്നങ്ങൾകൊണ്ടു് ജ്വലിയ്ക്കുന്ന വളകളണിഞ്ഞതും തളിരു പോലെ ചുകന്ന കൈത്തലങ്ങളോടുകൂടിയതും ആയ രണ്ടു് കൈകൾകൊണ്ടു് എടുക്കപ്പെട്ടതും വ്യാപിച്ച നഖരശ്മികളോടുകൂടിയ വിരലുകളുടെ ചേർച്ചയാൽ ചിത്രവർണ്ണമായിട്ടുള്ളതും ആയ ഓടക്കുഴലിനെ മുഖാരവിന്ദത്തിൽ വെച്ചിട്ടു് അതിമനോഹരമായ രാഗവിസ്താരം ചെയ്തുകൊണ്ടു് ഉത്ഭാവനം ചെയ്യപ്പെടുന്നവയും ലോകങ്ങളെ തണുപ്പിയ്ക്കുന്നതും ആയ നാദബ്രഹ്മാമൃതംകൊണ്ടു് എന്റെ കണ്ണവീഥിയെ സേചനം ചെയ്താലും.

ഉത്സപ്പൽകൌസുഭശ്രീതതിഭിരുണിതം കോമളം കണ്ഠദേശം
വക്ഷഃശ്രീവത്സരമ്യംതരളതരസമുദ്ദീപ്രഹാരപ്രതാനം
നാനാവർണ്ണപ്രസൂനാവലികിസലയിനീംവന്യമാലാംവിലോല-
ല്ലോലംബാംലംബമാനാമരസിതവതഥാഭാവയേരത്നമാലാം ന്യ

വ്യാപിയ്ക്കുന്ന കൌസുഭരത്നശോഭാസമൂഹത്താൽ ചുകന്നതും കോമളവുമായ അങ്ങയുടെ ഗളപ്രദേശത്തേയും ശ്രീവത്സംകൊണ്ടു് മനോഹരവും ഇളകിത്തിളങ്ങുന്ന മുത്തുമാലകളോടുകൂടിയതും ആയ ഉരഃസ്ഥലത്തേയും നാനാ നിറത്തിലുള്ള പൂക്കളും തളിരുകളും ഇടകലർന്നതും വണ്ടുകൾ ചുഴന്നതും ആയ വനമാലയേയും അതുപോലെ തിരുമാറിൽ തൂങ്ങിക്കിടക്കുന്ന രത്നമാലയേയും ഞാൻ ധ്യാനിയ്ക്കുന്നു.

അംഗേ പഞ്ചാംഗരാഗൈരതിശയവികസൽ
സൌരഭാകൃഷ്ടലോകം
ലീനാനേകത്രിലോകീവിതതിമപി കൃശാം
ബിഭ്രതം മദ്ധ്യവല്ലീം

ശക്രാശ്മന്യസ്തതപ്തോജ്ജ്വലകനകനിഭം
പീതചേലംദധാനം
ധ്യായാമോ ദീപ്തരശ്മിസ്ഫുടമണിരശനാ
കിംകിണീമണ്ഡിതംതത്പാം ൭

ശരീരത്തിൽ അഞ്ചുതരം കുറിക്കൂട്ടുകൾകൊണ്ട് ഏറ്റവും പുറത്തു് പരക്കുന്ന പരിമളംകൊണ്ടു് ലോകത്തെ ആകർഷിയ്ക്കുന്നവനും അനേകം മൂന്നു് ലോകങ്ങൾ ഉള്ളിൽ ലയിച്ചുകിടക്കുന്നതാണെങ്കിലും കൃശമായ മദ്ധ്യപ്രദേശത്തെ വഹിയ്ക്കുന്നവനും ഇന്ദ്രനീലരത്നത്തിൽ ന്യസിച്ചിരിയ്ക്കുന്നതും കാച്ചിവിളക്കിയ സ്വർണ്ണംപോലെ ശോഭിയ്ക്കുന്ന മഞ്ഞപ്പട്ടുടുത്തവനും ശോഭയുള്ള രശ്മികൊണ്ടു് വ്യക്തമായി മിന്നിത്തിളങ്ങുന്ന രത്നമയങ്ങളായ അരഞ്ഞാൺ കിങ്ങിണി എന്നിവയാൽ അലംകൃതനും ആയ അങ്ങയെ ഞാൻ ധ്യാനിയ്ക്കുന്നു.

ഊരൂ ചാരൂ തവോരൂ ഘനമസൃണരുചൌ
ചിത്തചോരൌ രമായാ
വിശ്വക്ഷോഭം വിശങ്ക്യ ധ്രുവമനിശമുഭൌ
പീതചേലാവൃതാംഗൌ
ആനമ്രാണാംപുരസ്താന്ന്യസനധൃതസമ-
സ്താത്മപാളീസമൂൽഗ-
ച്ഛായം ജാനുദ്വയഞ്ച ക്രമപൃഥുലമനോ-
ജ്ഞൌ ച ജംഘേ നിഷേവേ ൮

മനോഹരങ്ങളും ഇടതൂന്നവയും സ്നിഗ്ധശോഭയോടുകൂടിയവയും ലക്ഷ്മിയുടെ മനസ്സിനെ കവരുന്നവയും ലോകക്ഷോഭത്തെ സംശയിച്ചിട്ടോ എന്നു് തോന്നുമാറു് എപ്പോഴും മഞ്ഞപ്പട്ടുകൊണ്ടു് മറയ്ക്കപ്പെട്ടവയും ആയ നിന്തിരുവടിയുടെ ഇരുതുടകളേയും നമസ്കരിയ്ക്കുന്നവർക്കു് മുന്നിൽവെച്ചിരിയ്ക്കുന്ന സകല പുരുഷാർത്ഥങ്ങളുടെയും ഇരുചെപ്പുകളുടെ കാന്തിയുള്ള രണ്ടു് മുട്ടുകളേയും ക്രമത്തിൽ തടിച്ചു് മനോജ്ഞങ്ങളായ കണങ്കാലുകളേയും ഞാൻ സേവിയ്ക്കുന്നു.

മഞ്ജീരം മഞ്ജുനാദൈരിവ പദഭജനം ശ്രേയ ഇത്യാലപന്തം
പാദാഗ്രം ഭ്രാന്തിമജ്ജൽപ്രണതജനമനോമന്ദരോദ്ധാരകൂർമ്മം
ഉത്തുംഗാതാമ്രരാജന്നഖരഹിമകരജ്യോത്സ്നയാ ചാശ്രിതാനാം
സന്താപധ്വാന്തഹന്ത്രീം തതിമനുകലയേ മംഗലാമംഗുലീനാം

അങ്ങയുടെ തൃപ്പാദഭജനംതന്നെയാണു് ശ്രേയസ്സുരമായിട്ടുള്ളതു് എന്നു് മഞ്ജുസ്വരങ്ങൾകൊണ്ടു് പറയുകയോ എന്നു് തോന്നുംവണ്ണം ശോഭിയ്ക്കുന്ന കാൽച്ചിലമ്പിനേയും വെറും ഭ്രാന്തിയിൽ മുങ്ങുന്ന ശരണാഗതന്മാരുടെ മനസ്സാകുന്ന മന്ദരപർവ്വതം പൊക്കുന്നതിൽ ആമയായിത്തീർന്നിരിയ്ക്കുന്ന പാദാഗ്രത്തേയും (പുറംഅടി) ഉയർന്നവയും ചുകന്നു് ശോഭിയ്ക്കുന്നവയും ആയ നഖചന്ദ്രന്മാരുടെ നിലാവുകൊണ്ടു് ആശ്രിതന്മാരുടെ സന്താപമാകുന്ന ഇരുളിനെ നശിപ്പിയ്ക്കുന്നതും മംഗലകരങ്ങളുമായ വിരലുകളുടെ സമൂഹത്തേയും ഞാൻ ധ്യാനിയ്ക്കുന്നു.

യോഗീന്ദ്രാണാം തപദംഗേഷ്വധികസുമധുരം
മുക്തിഭാജാം നിവാസോ
ഭക്തനാം കാമവർഷ്യുതരുകിസലയം
നാഥ തേ പാദമൂലം
നിത്യം ചിത്തസ്ഥിതം മേ പവനപുരപതേ
കൃഷ്ണ കാരുണ്യസിന്ധോ!
ഹ്രതപാ നിശ്ശേഷതാപാൻ പ്രദിശതു പരമാ–
നന്ദസന്ദോഹലക്ഷ്മീം ൧൦

ഹേ നാഥ! കൃപാസമുദ്രമേ! അല്ലയോ കൃഷ്ണ! എന്റെ ഗുരുവായൂരപ്പ! യോഗിശ്രേഷ്ഠന്മാർക്കു് അവിടുത്തെ അവയവങ്ങളിൽവെച്ചു് ശ്രേഷ്ഠവും മനോഹരവും മുക്തന്മാരുടെ വാസസ്ഥാനവും ഭക്തന്മാർക്കു് ആഗ്രഹങ്ങളെ വർഷിയ്ക്കുന്നതിൽ കല്പകവൃക്ഷത്തിന്റെ തളിരായിട്ടുള്ളതും ആയ നിന്തിരുവടിയുടെ പാദമൂലം എന്നും എന്റെ മനസ്സിൽ സ്ഥിതിചെയ്തുകൊണ്ടു് സകല സന്താപങ്ങളേയും നശിപ്പിച്ചിട്ടു് പരമാനന്ദസന്ദോഹശോഭയെ ദാനംചെയ്യേണമേ.

അജ്ഞാതപ്രായതേ മഹതപം യദിഹ നിഗദിതം
വിശ്വനാഥ ക്ഷമേഥാഃ
സ്തോത്രഞ്ചൈതൽ സഹസ്രോത്തരമധികതരം
തത്പ്രസാദായ ഭൂയാൽ
ഭേധാ നാരായണീയം ശ്രുതിഷു ച ജനഷാ
സ്തുത്യതാവർണ്ണനേന
സ്ഫീതം ലീലാവതാരൈരിദമിഹ കരുതാ-
മായുരാരോഗ്യസൌഖ്യം ൧൦൫

അല്ലയോ ഭുവനനാഥ! നിന്തിരുവടിയുടെ മാഹാത്മ്യം അറിയാതെ ഇവിടെ ഞാനെന്തെല്ലാം പറഞ്ഞുവോ അതെല്ലാം ക്ഷമിയ്ക്കേണമേ. ആയിരത്തിലധികം പദ്യങ്ങളുള്ള എന്റെ ഈ സ്തോത്രം അവിടുത്തെ അത്യധികം അനുഗ്രഹത്തിന്നായി ഭവിയ്ക്കേണമേ! വേദങ്ങളിലുള്ള ജനനംകൊണ്ടും സ്തുത്യതയെ വർണ്ണിച്ചതുകൊണ്ടും രണ്ടു പ്രകാരത്തിലും നാരായണീയമായും ലീലാവതാരങ്ങൾകൊണ്ടു പരിപുഷ്ടവും ആയ ഈ സ്തോത്രം ഇവിടെ ആയുരാരോഗ്യസൌഖ്യത്തെ ഉണ്ടാക്കുമാറാകട്ടെ. വേദത്തെ സംബന്ധിച്ചതെന്നും വിഷ്ണുവിനെപ്പറ്റിയുള്ളതെന്നും നാരായണൻ എന്ന ആളാൽ ഉണ്ടാക്കപ്പെട്ടതെന്നും നാരായണീയം എന്ന പദത്തിന്നു അർത്ഥം ഉണ്ടു്. "ആയുരാരോഗ്യസൌഖ്യം" എന്ന പദം ഈ സ്തോത്രം എഴുതിത്തീർന്ന കലിദിനത്തെ കാണിയ്ക്കുന്നു. ഫ്രെഫ്രഫ്ര എന്ന കലിദിനംകൊണ്ടു നൈകൊല്ലവർഷം വൃശ്ചികം ൨൨-ാംന- രവിവാരമാണെന്നു കണക്കാക്കപ്പെട്ടിരിയ്ക്കുന്നു.

ഇതി ശ്രീമന്നാരായണീയേ ദ്വാദശസ്കന്ധേ
കേശാദിപാദവർണ്ണനം.

Printed at the A. R. P. Press, Kunnamkulam.



Indic Digital Archive Foundation
gpura.org